# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 12, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1464/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം , എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 32
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 32
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 109

**II. അടിയന്തരപ്രമേയം**

തീരദേശ പരിപാലന പദ്ധതി - 472
-ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ**

(1) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ
സമഗ്ര വികസനം
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ - 489
(2) കായിക വിദ്യാഭ്യാസ പരിഷ്കരണം
- ശ്രീ. പി. അബ്ദുൽ ഹമീദ് - 496

**IV. സബ്മിഷൻ**

(1) ശബരിമല സ്ത്രീപ്രവേശനം-പൗരത്വ ഭേദഗതി
പ്രക്ഷോഭങ്ങളിലെ കേസുകൾ
-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) - 502
(2) റാന്നിയിലെ കൈവശഭൂമിക്ക് പട്ടയം
- ശ്രീ. പ്രമോദ് നാരായൺ - 503
(3) WCS പട്ടയഭൂമിയിലെ പ്രശ്നങ്ങൾ
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ - 507
(4) കേരള ഗ്രാമീൺ ബാങ്കിന്റെ ഓഹരി മൂലധനം
- ശ്രീ. ടി. പി. രാമകൃഷ്ണൻ - 510

(5) എക്സൽ ഗ്ലാസ്  ഫാക്ടറിയുടെ പ്രവർത്തനം - 511

-ശ്രീ. പി. പി. ചിത്തരഞ്ജൻ

(6) കോലഞ്ചേരി ബൈപാസ് നിർമ്മാണം

-ശ്രീ. പി. വി. ശ്രീനിജിൻ - 513

(7) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം

-ശ്രീ. സി. ആർ മഹേഷ് - 514

(8) വൈക്കം താലൂക്കാശുപത്രിയുടെ പ്രവർത്തനം

-ശ്രീമതി സി. കെ. ആശ - 516

(9) കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

-ശ്രീ. എം. വിജിൻ - 521

(10) പെരിന്തൽമണ്ണ  താലൂക്കാശുപത്രിയുടെ പ്രവർത്തനം

-ശ്രീ. നജീബ് കാന്തപുരം - 525

**V. ക്രമപ്രശ്നം**

വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

-ശ്രീ. ടി. സിദ്ദിഖ്

**VI. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021- ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ - 618

(ii) 2021- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ - 692

(iii) 2021- ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി)ബിൽ - 723

(iv) 2021- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ - 806

**അനുബന്ധം I & II** - 840

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 12, ചൊവ്വ*

| വാല്യം 186] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 7 |
|---|---|---|

നിയമസഭ 2021 ഒക്ടോബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. * 181

**വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം**

1 (* 181) ശ്രീ. സജീവ് ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പണം നൽകിയില്ലെങ്കിൽ ഭൂമിയിൽ കൊടികുത്തുമെന്ന് കൊല്ലം ചവറയിൽ ഒരു രാഷ്ട്രീയ നേതാവ് പ്രവാസി നിക്ഷേപകനെ ഭീഷണിപ്പെടുത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ചില സർക്കാർ ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, രാഷ്ട്രീയ പാർട്ടികളെ പരോക്ഷമായിപ്പോലും പരാമർശിക്കുന്ന ചോദ്യങ്ങൾ പാടില്ലെന്ന അഭിപ്രായങ്ങൾ ഉയർന്നഘട്ടത്തിലും ഇങ്ങനെയൊരു ചോദ്യം അനുവദിച്ചതിന് അങ്ങയോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എല്ലാ ചോദ്യങ്ങളും സഭയിൽ വരുന്നതുതന്നെയായിരിക്കും നല്ലത്.

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനിവാര്യമായ ഘട്ടങ്ങളിൽ ഇതിനുവേണ്ടി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുമുണ്ട്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയവയാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി പൂർത്തീകരിച്ച് ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ നിലവിൽ പരിശോധനകൾ നടന്നുവരുന്നു. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ മികച്ച

സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കു**ന്ന**തിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിന് വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നല്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരികയുമാണ്. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ ഈ പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു; മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ചുമതല കൊടുത്തിട്ടുണ്ട്. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ

സംഘടനകളുമായും (KSSIA, FICCI, CII) അവയുടെ പ്രതിനിധികളുമായും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. വ്യവസായ സംഘടനകൾ സർക്കാർ നടപ്പിലാക്കി വരുന്ന ദിശാബോധമുള്ള പരിഷ്കരണ നടപടികളെ സ്വാഗതം ചെയ്തിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി 'മീറ്റ് ദി ഇൻവെസ്റ്റർ' എന്ന പരിപാടിയും നിശ്ചിത ഇടവേളകളിൽ നടത്തി വരുന്നു. സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. ആ പദ്ധതികളെ സംബന്ധിച്ച വിശദവിവരം മേശപ്പുറത്ത് വയ്ക്കുന്നു*.

(ബി-ഡി) ഇത് സംബന്ധിച്ച ചില പരാതികൾ വ്യവസായ വകുപ്പിൽ ലഭിച്ചിരുന്നു. ആയതിന്മേൽ വ്യവസായ വകുപ്പ് ഡയറക്ടർ മുഖേന നടത്തിയ അന്വേഷണത്തിൽ പ്രസ്തുത വ്യവസായ സംരംഭത്തിന് ബിൽഡിംഗ് പെർമിറ്റ് നിയമാനുസൃതം ലഭിച്ചിട്ടുള്ളതായും പഞ്ചായത്ത്, റവന്യൂ ഉൾപ്പെടെ ഒരു വകുപ്പും നിർമ്മാണത്തിന് രേഖാമൂലമോ അല്ലാതെയോ തടസ്സവാദം ഉന്നയിച്ചിട്ടില്ലെന്നും ഇപ്പോഴത്തെ അവസ്ഥയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപരമായോ, സാങ്കേതികമായോ ബുദ്ധിമുട്ടുകളില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതികളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പ്രവൃത്തിയെകുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരമുള്ള തർക്ക പരിഹാരകമ്മിറ്റി രൂപീകരിച്ചു കഴിയുമ്പോൾ ഉദ്യോഗസ്ഥ തലത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നതിനും പരിഹാരങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും കഴിയുന്നതാണ്. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിൽ പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: കഴിഞ്ഞതവണയും ഇന്നും ചോദ്യം എഡിറ്റ് ചെയ്ത് രാഷ്ട്രീയ പാർട്ടികളുടെ പേരുണ്ടായിരുന്നത് ഒഴിവാക്കിയാണ് അനുവദിച്ചിട്ടുള്ളത്. ചോദ്യം തയ്യാറാക്കുമ്പോൾ പാലിക്കേണ്ട ചിലകാര്യങ്ങളെക്കുറിച്ച് ഇരുപക്ഷത്തുമുള്ള അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അത് ഈ സഭയിൽ ഇതിനുമുമ്പ് പലതവണ പറഞ്ഞിട്ടുള്ളതാണ്. ഇരുപക്ഷത്തുനിന്നും അത്തരം ചോദ്യങ്ങൾ വരാറുണ്ട്. ഇന്ന് ലഭിച്ച ചോദ്യത്തിലും അത്തരം പരമാർശങ്ങളുണ്ടായിരുന്നു. അത് എഡിറ്റ് ചെയ്തിരുന്നു. കഴിഞ്ഞ ദിവസം ചോദിച്ച ചോദ്യത്തിലും അങ്ങനെയുണ്ടായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരുകാര്യം ഞാൻ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. സാധാരണയായി ചോദ്യങ്ങൾ ചോദിക്കുന്നതുമായി ബന്ധപ്പെട്ട് റൂൾസ് ഓഫ് പ്രൊസീജ്യുവറിൽ കൃത്യമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ലംഘിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ നമ്മൾ കൊടുത്തുകഴിഞ്ഞാൽ ലെജിസ്ലേച്ചർ സെക്രട്ടേറിയേറ്റിൽനിന്ന് റൂൾസ് ഓഫ് പ്രൊസീജ്യുവറിലെ പ്രൊവിഷൻ ചൂണ്ടിക്കാണിച്ച് ചോദ്യങ്ങൾ അനുവദിക്കാനുള്ള ബുദ്ധിമുട്ട് അറിയിക്കാറുണ്ട്. അങ്ങനെ അറിയിച്ചാൽ മതി. കാരണം എല്ലാചോദ്യങ്ങളും റൂൾസ് ഓഫ് പ്രൊസീജ്യുവറിൽ കൃത്യമായ നിബന്ധനകൾ പാലിക്കുന്നതല്ല. ചോദ്യങ്ങളിൽ ഒരു സ്ക്രൂട്ടിനി ലെജിസ്ലേച്ചർ സെക്രട്ടേറിയേറ്റിൽ നടക്കുന്നുണ്ട്. സ്ക്രൂട്ടിനി നടത്തി ഇങ്ങനെയുള്ള ഭാഗം ഒഴിവാക്കിയാണ് ചോദ്യം കൊടുത്തിരിക്കുന്നതെന്ന് അറിയിച്ചാൽ മതി. ചോദ്യങ്ങൾ പല രീതിയിൽ ചോദിക്കും. റൂൾസ് ഓഫ് പ്രൊസീജ്യുവറിന്റെ ഫ്രെയിമിൽ വരുത്തി ഹൗസിൽ വരുത്തുകയെന്നത് സെക്രട്ടറിയേറ്റിന്റെ ജോലിയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. റൂൾസ് ഓഫ് പ്രൊസീജ്യുവർ അനുസരിച്ചല്ലാത്ത ചോദ്യങ്ങൾ അനുവദിക്കാൻ പാടില്ലെന്നും ഇന്ന കാരണംകൊണ്ടാണ് അനുവദിക്കാതിരിക്കുന്നതെന്ന് ബന്ധപ്പെട്ട അംഗത്തെ അറിയിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാകണമെന്നുള്ള നമ്മുടെ എല്ലാവരുടെയും ആഗ്രഹം നിഷേധിക്കപ്പെടുന്ന സമീപനം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് ഈ ചോദ്യം ഉന്നയിക്കപ്പെട്ടത്. കൊല്ലം ചവറയിൽ ഒരു പ്രവാസിയെ പാർട്ടി ഫണ്ട് ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയ സംഭവം നമ്മുടെ സംസ്ഥാനത്തിനുതന്നെ അപമാനകരമാണ്.*****”

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

മി. സ്പീക്കർ: ഇപ്പോൾ പറഞ്ഞതും കഴിഞ്ഞ ദിവസം റൂളിംഗ് നല്കിയതും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനും വിരുദ്ധമായാണ് അങ്ങ് സംസാരിക്കുന്നത്. ഈ സഭയിൽ പൊതുവിൽ അംഗീകരിച്ചിട്ടുള്ള ഒരു ധാരണ ലംഘിച്ചുകൊണ്ട് തൊട്ടുപിന്നാലെ ചോദ്യമുന്നയിക്കുകയാണ്. ഇത് രേഖയിലുണ്ടാകില്ല.

ശ്രീ. സജീവ് ജോസഫ്: സർ, പേര് പരാമർശിക്കുന്നില്ല. സത്യമായൊരു കാര്യമാണ് സഭയുടെ മുന്നിൽക്കൊണ്ടുവന്നത്. പാർട്ടിഫണ്ട് കൊടുക്കാത്തതിന് ഭീഷണിമുഴക്കി പണം നല്കിയില്ലെങ്കിൽ സ്ഥാപനത്തിനുമുന്നിൽ കൊടി നാട്ടുമെന്ന് പറഞ്ഞു. അതുപോലെ തഹസിൽദാരെയും കൃഷി ഓഫീസറെയും വില്ലേജ് ഓഫീസറെയുമൊക്കെയായി അവിടെ വരുമെന്ന് ഭീഷണിമുഴക്കിയ നടപടി ഒറ്റപ്പെട്ടൊരു സംഭവമല്ല. നമ്മുടെ സംസ്ഥാനത്ത് തുടർച്ചയായി ഇത്തരത്തിലുള്ള സംഭവങ്ങൾ നടക്കുന്നതിലൂടെ നിക്ഷേപകരും പ്രവാസി മലയാളികളുമെല്ലാം മുതൽ മുടക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ്. അതിൽ പാർട്ടി നടപടി എടുത്തെന്ന് കണ്ടു. അതിനെതിരെ നിയമപരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിലുണ്ടാകുന്ന ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ പർവ്വതീകരിക്കുന്ന രീതി ചിലർ സ്വീകരിക്കുന്നു എന്ന കാര്യം ഇത്തരം പ്രവണതകളോട് ശക്തമായ നിലപാട് സ്വീകരിച്ചിരുന്ന വ്യവസായിതന്നെ പരസ്യമായി പരാമർശിച്ചത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഇന്നത്തെ ഹിന്ദു പത്രം നോക്കിയാൽ തമിഴ്നാട്ടിൽ ഒരു കശുവണ്ടി ഫാക്ടറിയിൽ ഒരു തൊഴിലാളിയെ കൊന്നു എന്നാണ് വാർത്ത വന്നിട്ടുള്ളത്. മറ്റ് പല സംസ്ഥാനങ്ങളിലെയും സാഹചര്യങ്ങൾ ഞാൻ സൂചിപ്പിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്ത് പൊതുവെ നല്ല അന്തരീക്ഷമാണ് നിലനില്ക്കുന്നത്. ഒരുതരത്തിലുമുള്ള തർക്കങ്ങളോ പ്രശ്നങ്ങളോ കേരളത്തിൽ ഇല്ലെന്നുമാത്രമല്ല തൊഴിലാളി സംഘടനകളും സംരംഭകരും സംവിധാനങ്ങളുമെല്ലാം യോജിച്ച് നിക്ഷേപം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇവിടെ പരാമർശിച്ച പ്രശ്നത്തിന് ഞാൻ നേരത്തെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടോ ഈ സ്ഥാപനം നടത്തുന്നതുമായി ബന്ധപ്പെട്ടോ ഒരു തർക്കവും നിലനില്ക്കുന്നില്ല. ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത്, റവന്യൂ തുടങ്ങിയവ ഉൾപ്പെടെ ഒരു വകുപ്പും നിർമ്മാണത്തിന് രേഖാമൂലം തടസ്സവാദം ഉന്നയിച്ചിരുന്നില്ല. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടല്ല കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനങ്ങളെങ്കിൽപ്പോലും ഇത് ശ്രദ്ധയിൽപ്പെടുകയും പരാതികൾ ലഭിച്ചതിനെത്തുടർന്ന് ഉടൻതന്നെ വ്യവസായ ഡയറക്ടറോട് അന്വേഷിക്കാൻ ആവശ്യപ്പെടുകയും ജനറൽ മാനേജർ അതിനെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തു. എന്നാൽ ഇതിനോട് ചേർന്ന് ഡാറ്റ ബാങ്കിലുള്ളതും

അതുപോലെ തരം മാറ്റേണ്ടതുമായ സ്ഥലമുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ഞങ്ങൾക്ക് കിട്ടിയ പരാതി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. മറ്റ് പരാമർശങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതുമല്ല.

ശ്രീ. സജീവ് ജോസഫ്: സർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നമ്മുടെ സംസ്ഥാനം റാങ്ക് പട്ടികയിൽ പുറകോട്ടുപോയതായി മനസ്സിലാക്കുന്നു. അത് ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് മറികടക്കാൻ എന്തുനടപടികളാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നടത്തിയിട്ടുള്ള 'മീറ്റ് ദി മിനിസ്റ്റർ' മീറ്റിംഗ് വളരെ നല്ല ഒരു നടപടിയാണ്. പക്ഷേ ഇതിൽ കുറേക്കൂടി ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.രാജീവ്: സർ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നമ്മുടെ സ്ഥാനം പിറകോട്ടുപോയത് സംബന്ധിച്ച് സഭയിൽ ഞാൻ നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ നമ്മൾ 28-ാം സ്ഥാനത്താണ്. നമുക്ക് പിന്നിൽ 6 സംസ്ഥാനങ്ങളാണുള്ളത്. അതിൽ ഒരു സംസ്ഥാനം നമ്മളെക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ച വച്ചതാണ്. പക്ഷേ അതെല്ലാം സബ്ജക്ടീവായിട്ടാണ് വിലയിരുത്തിയതെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. 15-ാം സ്ഥാനത്തുള്ളത് ഒരു കേന്ദ്ര ഭരണപ്രദേശമാണ്. ഇതേവരെ ഒരു വ്യവസായം ആരംഭിച്ചതായി കണ്ടിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മുന്നോട്ടുവച്ച ലോകബാങ്കുതന്നെ ഇത് സബ്ജക്ടീവായി പോകുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സെപ്റ്റംബറിൽ ഇത് അവസാനിപ്പിക്കാനായി തീരുമാനിച്ചിട്ടുണ്ടെന്ന കാര്യവും ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എങ്ങനെയാണെന്നുള്ളത് ഇനിയും വ്യക്തമാക്കാനിരിക്കുന്നതേയുള്ളൂ. ഇവിടെ നേരത്തേ പറഞ്ഞതുപോലെ പരമാവധി സംരംഭകർക്ക് അനുകൂല സാഹചര്യമുണ്ടാക്കാനുള്ള ശ്രമങ്ങളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും സംഭാവന നൽകുന്നുണ്ട്. ഞാൻ പങ്കെടുത്ത ജില്ലകളിലെല്ലാം എം.എൽ.എ.മാരെല്ലാവരും കക്ഷിരാഷ്ട്രീയത്തിനതീതമായി നല്ലരീതിയിലാണ് ഇത്തരം കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ യഥാർത്ഥത്തിൽ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യേണ്ടതാണ്. നമ്മുടെ സംവിധാനത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ചില പോരായ്മകൾ കാരണം മന്ത്രിതലത്തിൽ നേരിട്ട് ഇടപെടേണ്ട ഒരു സാഹചര്യം വന്നിരിക്കുന്നു. അത് മറികടക്കുന്നതിനുള്ള ഓർഡിനൻസാണ് ഇപ്പോൾ വന്നിട്ടുള്ളത്. 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിലാണെങ്കിലും ഒരു ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ പ്രത്യേകമായ ശിക്ഷാനടപടികളൊന്നും

അവിടെ പ്രഖ്യാപിക്കാൻ കഴിയില്ല. ഒരു തീരുമാനമെടുത്ത് അത് നടപ്പിലാക്കുന്നില്ലെങ്കിൽ വീഴ്ച വരുത്തുന്ന ഓരോ ദിവസത്തിനും 250 രൂപ മുതൽ പതിനായിരം രൂപ വരെ പിഴ ഈടാക്കാനും ഡിപ്പാർട്ടുമെന്റുതല നടപടിക്ക് ശിപാർശ ചെയ്യുന്നതിനുമുള്ള അധികാരവും ഈ സമിതിക്ക് നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി നല്ല രീതിയിൽ സംരംഭങ്ങൾ ആകർഷിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, ഇന്നത്തെ കാലത്ത് പ്രത്യേകിച്ച് യുവസംരംഭകരും ചെറുകിട സംരംഭകരുമൊക്കെ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം ഒരു സംരംഭം ആരംഭിക്കുന്നതിനാവശ്യമായിട്ടുള്ള സ്ഥലത്തിന്റെ ലഭ്യതയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് വില്ലേജുകളൊക്കെ പ്രവർത്തിക്കുന്നുണ്ട്. അതൊക്കെ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ഇന്ന് ആഗോളതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റാൻ ചെറുകിട സംരംഭങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥലം ലഭ്യമാകുന്നിടങ്ങളിൽ നിയോജമണ്ഡലാടിസ്ഥാനത്തിൽ ചെറിയ സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ സ്റ്റാർട്ട് അപ് സംവിധാനങ്ങൾ ക്യാമ്പസുകൾക്കകത്തുള്ള ഇൻക്യുബേറ്ററുകൾ അതിന്റെ തുടർച്ചയായ ആക്സിലറേറ്ററുകൾ ഇതെല്ലാം ഇന്നത്തെ കാലഘട്ടത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിന് സ്ഥലത്തിന്റെ ലഭ്യത പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളത്തിന്റെ പരിമിതി സ്ഥല ലഭ്യതക്കുറവാണ്. ഒപ്പംതന്നെ ജനസാന്ദ്രത കൂടുതലുമാണ്. അതിന്റേതായ പരിമിതി നമുക്കുണ്ട്. ഇപ്പോൾ കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ വഴിയുള്ള എസ്റ്റേറ്റുകളാണുള്ളത്. അപൂർവ്വം ചിലയിടങ്ങളൊഴികെ സ്ഥലമെല്ലാം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പരിമിതി മറികടക്കുന്നതിനുവേണ്ടി സ്വകാര്യ വ്യവസായ പാർക്കുകൾ എന്ന നയം കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ചിരുന്നു. എന്നാൽ സ്ഥലത്തിന്റെ ലഭ്യത ഗ്രാമങ്ങളിൽ 25 ഏക്കർ വരെയെങ്കിലും വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. നഗരത്തിൽ 15 ഏക്കർ എങ്കിലും വേണം. പക്ഷേ 15 ഏക്കറിനുമുകളിൽ വേണമെങ്കിൽ പ്രത്യേക എക്സംപ്ഷനുകൾ നിയമപ്രകാരം ആവശ്യമാണ്. ഇത് ചില പരിമിതികൾ സൃഷ്ടിക്കുന്നുവെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അതിലൊരു മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. പ്രായോഗികമായ രൂപത്തിൽ സ്ഥലപരിമിതി നിശ്ചയിച്ച് എല്ലാ മണ്ഡലങ്ങളിലും വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാം. അതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാർ കൂടി മുൻകയ്യെടുക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ മണ്ഡലമായ തൃക്കാക്കരയിലെ കിൻഫ്രാ പാർക്കിൽ ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്; സ്വകാര്യ മേഖലയ്ക്ക് അവിടെ സാധ്യതയുണ്ടോ? തൃക്കാക്കരയിൽ ഒരു സെന്റ് ഭൂമിക്ക് 15 ലക്ഷം രൂപയും അതിൽക്കൂടുതലും വിലയാണുള്ളത്. അങ്ങനെയുള്ള സാഹചര്യത്തിൽ അവിടെയൊരു സെൻട്രൽ സ്കൂൾ അനുവദിച്ചു. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. നാല് ഏക്കർ സ്ഥലം സൗജന്യമായി കൊടുക്കുന്നതിന് ബുദ്ധിമുട്ടാണ്. കിൻഫ്ര പാർക്കിലുള്ള ഏതെങ്കിലുമൊരു സൗകര്യം ഇതിനായി ഏർപ്പെടുത്തുന്ന കാര്യംകൂടി പരിശോധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം വ്യവസായങ്ങൾക്കുതന്നെ വിനിയോഗിക്കണമെന്നുള്ളതാണ് പൊതുവെയുള്ള സമീപനം. ബഹുമാനപ്പെട്ട റോജി എം. ജോൺ ചോദിച്ച ചോദ്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചു. നമുക്ക് ഭൂമിയുടെ വലിയ പരിമിതിയുണ്ട്. എങ്കിൽപോലും ചില അത്യാവശ്യഘട്ടങ്ങളിൽ മാത്രമാണ് മറ്റ് തീരുമാനമെടുക്കാറുള്ളത്. കാക്കനാട് എസ്റ്റേറ്റിനെ സംബന്ധിച്ച് വളരെ അഭിമാനകരമായി പറയാനുള്ളത്, T.C.S. (Tata consultancy service) 36 ഏക്കർ നമ്മൾ അവർക്ക് കൊടുത്തു. അതോടുകൂടി ആ മേഖലയിലുള്ള ഭൂമി പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. എല്ലാം സ്വകാര്യ കമ്പനികൾതന്നെയാണ് ചെയ്യുന്നത്. സ്വന്തമായി കിൻഫ്രയുടെ എസ്റ്റേറ്റിൽ ഗവൺമെന്റ് ഒന്നും ആരംഭിക്കുന്നില്ല. അതോടൊപ്പം കൊടുത്ത സ്ഥാപനങ്ങൾതന്നെ കൂടുതൽ സ്ഥലം ആവശ്യപ്പെടുന്നുണ്ട്. നമുക്കത് അവിടെ കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അങ്ങയുടെ മണ്ഡലത്തിൽതന്നെ ഒരു ട്രേഡ് സെന്റർ കൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവിടെ വേറെ സ്ഥലമൊന്നും നിലവിൽ ലഭ്യമല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ സബ്ജക്ടിവിറ്റിയെക്കുറിച്ച് പറഞ്ഞു. നമുക്ക് അനുകൂലമായ കണക്കുകൾ വരുമ്പോൾ അതിനെ പ്രകീർത്തിക്കുകയും പുകഴ്ത്തുകയും യാഥാർത്ഥ്യങ്ങളോട് വിരൽ ചൂണ്ടുന്ന കണക്കുകൾ വരുമ്പോൾ അതിനെ നിഷേധിക്കുകയും ചെയ്യുന്ന സമീപനം അത്ര നല്ലതാണെന്ന് എനിക്ക് തോന്നുന്നില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളത്തിന്റെ പൊസിഷൻ ഇരുപത്തിയെട്ടാമതാണ്. അതിന്റെ ഏറ്റവും വലിയ ഒരു കാഷ്വാലിറ്റി അതിന്റെ കോൺട്രാസ്റ്റിംഗായിട്ടുള്ള അടുത്ത ഫിഗറെന്നുപറയുന്നത് അൺ എംപ്ലോയ്മെന്റ് റേറ്റ് 40.5% ആണ്. ദേശീയ ശരാശരി 21 ശതമാനമാണ്. അതിന്റെ ഇരട്ടിയിലധികമാണ് തൊഴിലില്ലായ്മ. തൊഴിലില്ലായ്മയെ അഡ്രസ്സ് ചെയ്യാൻ പറ്റുന്ന

ഏറ്റവും നല്ല ടൂൾ എന്നുപറയുന്നത് ഈസ് ഓഫ് ഡൂയിംഗിൽ ബിസിനസ്സിൽ മുന്നോട്ടുവരികയെന്നുള്ളതാണ്. അങ്ങുതന്നെ ഏറ്റവും പുതുതായെടുത്ത ഇനിഷ്യേറ്റീവ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാൻ വേണ്ടിയാണ്. ഇതുവരെ നമ്മൾ ചെയ്ത കാര്യങ്ങൾ പരിശോധിച്ചാൽ, കേരളത്തിലെ ഇൻഡസ്ട്രിയൽ പാർക്കുകളിലെ പ്ലോട്ടുകൾ വേക്കന്റായി കിടക്കുകയാണ്. അതെന്തുകൊണ്ടാണ്? പോളിസി ഇഷ്യൂവാണ്. ഒരു സംരംഭകൻ വന്നാൽ ആ ലാൻഡ് ഒന്ന് പണയപ്പെടുത്തി ബിസിനസ്സ് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത വിധത്തിൽ നിരവധി നിയമക്കുരുക്കുകളിൽപ്പെടുകയാണ്. ഇൻഡസ്ട്രിയൽ ലാൻഡ്സിന്റെ ഉപയോഗം ലളിതമാക്കാൻ കഴിയുന്ന അല്ലെങ്കിൽ സാങ്കേതികമായ നിയമകുരുക്കുകൾ അഴിക്കാൻ കഴിയുന്ന എന്തെങ്കിലും നടപടികൾ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. പി. രാജീവ്: സർ, അങ്ങ് കാര്യങ്ങളെല്ലാം പഠിക്കാൻ ശ്രമിക്കുന്ന ഒരാളാണ്. ഹിന്ദു പത്രത്തിൽ ലോക ബാങ്ക് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്ക്രാപ്പ് ചെയ്യാനെടുത്ത തീരുമാനത്തിലേയ്ക്ക് നയിച്ച വസ്തുതകൾ സൂചിപ്പിച്ചിരുന്നു. ഈസ് ഓഫ് ഡൂയിംഗിന്റെ റാങ്ക് എവിടെ; ജി.ഡി.പി. ഗ്രോത്ത് റേറ്റ് എങ്ങനെ നിൽക്കുന്നു; എംപ്ലോയ്മെന്റ് ക്രിയേഷൻ റേറ്റ് എങ്ങനെയാണ് നിൽക്കുന്നത്; എന്ന് അവർ അതിൽ താരതമ്യം ചെയ്യുന്നുണ്ട്. ഞാൻ പേരൊന്നും പരാമർശിക്കുന്നില്ല. ഒരു രാജ്യം, ഈസ് ഓഫ് ഡൂയിംഗിൽ വളരെ ഉയർന്ന നിലയിലായിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണം മാറിയതോടുകൂടി നേരത്തെ ഉള്ളതിന്റെ വളരെ താഴ്ന്നനിലയിലേയ്ക്ക് പോയി. ഇത് എങ്ങനെ നിൽക്കുന്നുവെന്നുള്ളത് സി.ഡി.എസി.-ന്റെ സാമ്പത്തികശാസ്ത്രജ്ഞൻ എഴുതിയത് ഹിന്ദു പത്രം രണ്ടാഴ്ച മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. അങ്ങ് അത് വായിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കണക്കുകളെ ഞങ്ങൾ എതിർക്കുന്നില്ല. വസ്തുതയാണ്. ഡേറ്റയെ ഞങ്ങൾ എതിർക്കുന്നേയില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് റിഫോംസ് നടപ്പിലാക്കാനായി സ്പെസിഫൈ ചെയ്തുതന്നെ ആവശ്യപ്പെട്ടിരുന്നു. അത് ഒബ്ജക്ടീവായിട്ടുള്ള കാര്യങ്ങളാണ്. അങ്ങനെ ഒബ്ജക്ടീവായിട്ടുള്ള യൂണിഫോംസ് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ എട്ട് സംസ്ഥാനങ്ങൾക്ക് അവരുടെ വായ്പ വാങ്ങാനുള്ള പരിധി, ആ cap ഉയർത്തുകയുണ്ടായി. ആ എട്ട് സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഒബ്ജക്ടീവായിട്ടുള്ള കണ്ടീഷനുകൾ ഫുൾഫിൽ ചെയ്തതിന്റെ ഭാഗമായിട്ടാണ് കേരളത്തിനത് കഴിഞ്ഞത്. എന്നാൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ആകെ ഇത്തവണ നിശ്ചയിച്ചിട്ടുള്ളത് ഈ സഭയിൽ വിശദീകരിച്ചതാണ്. അതിന്റെ മറ്റുകാര്യങ്ങളിലേയ്ക്ക് വീണ്ടും പോകുന്നില്ല. അത്

ഞങ്ങൾക്കെതിരായി എന്നതുകൊണ്ടല്ല. ഞങ്ങൾ എന്തുചെയ്തു? ഇങ്ങനെ കിട്ടിയപ്പോൾ ഞങ്ങൾ സൂക്ഷ്മമായി പോയി. സർവ്വേയിലേയ്ക്ക് പോയ മുഴുവനാളുകളെയും കണ്ട് സർവ്വേ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് മനസ്സിലായി. എന്തെല്ലാം കുറവുകൾ, ഞാൻ നേരത്തെ സൂചിപ്പിച്ചു, എല്ലാം ഫോൺ വഴിയാണ്. രണ്ടുതവണ ഫോൺ വിളിച്ചിട്ട് എടുത്തില്ലെങ്കിൽ പൂജ്യം മാർക്കായി. ചിലർ അക്ഷയ വഴിയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവർക്ക് നേരിട്ട അനുഭവമെല്ലാം വിശദീകരിച്ചതാണ്. പക്ഷേ ഇത്തരം കാര്യങ്ങളൊക്കെ പഠിക്കുന്ന ഡോ. കുഴൽനാടൻ വീണ്ടും ഇതേ ചോദ്യംതന്നെ ആവർത്തിച്ചതിന്റെ ഭാഗമായി ഞാനൊന്ന് വിശദീകരിച്ചെന്നേയുള്ളൂ. അദ്ദേഹം പറഞ്ഞ സ്വകാര്യ വ്യവസായ മേഖലയിലെ പാർക്കുകൾ പോലുള്ള കാര്യങ്ങളിൽ ഏത് നയം സ്വീകരിക്കുന്നു എന്നത് സംബന്ധിച്ച് നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് വളരെ നല്ല രീതിയിൽത്തന്നെ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള സംവിധാനങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതനുസരിച്ച് സംരംഭകരും പൊതുവെ അനുകൂലമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ പാർക്കുകളെ സംബന്ധിച്ച് പറഞ്ഞപ്പോൾ അദ്ദേഹം വ്യവസായ പാർക്കുകളുടെ ഒരു പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. അതുപോലെ ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് പോളിസിയുടെ കാര്യത്തിൽ (നേരത്തെ ലാൻഡ് ലീസ് പോളിസി എന്നാണ് ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നത്), സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പല സംഘടനകളും ഉന്നയിക്കുന്നതാണത്. ലാൻഡ് അലോട്ട്മെന്റ് പോളിസിയുടെ അവസാന രൂപമായിട്ടുണ്ട്. ഒരാൾ മരണപ്പെട്ടാൽ അയാളുടെ മകനോ മകൾക്കോ കൈമാറണമെങ്കിൽത്തന്നെ അത് വളരെ സങ്കീർണ്ണമാണ്. ഒരാൾ ഒരു ആക്ടിവിറ്റി ആരംഭിച്ച് കുറേ കഴിഞ്ഞ് അത് നഷ്ടത്തിലായാൽ പുതിയ ഒരെണ്ണം ആരംഭിക്കുന്നതിന് ആക്ടിവിറ്റി ചെയിഞ്ച് ചെയ്യണമെങ്കിൽ 10-20 വർഷം കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. ഒരാൾക്ക് നഷ്ടം വന്നാൽ, അൻപത് ശതമാനത്തിൽ താഴെ ഓണർഷിപ്പ് മാറാതെ ഷെയർ ചേർക്കണമെങ്കിൽ അതും സങ്കീർണ്ണമാണ്. ഇതെല്ലാം സിംപ്ലിഫൈ ചെയ്യുന്ന ഒരു അലോട്ട്മെന്റ് പോളിസി പലതവണയായി ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. സഭാ സമ്മേളനം കഴിയുന്നതോടുകൂടിത്തന്നെ ആ അലോട്ട്മെന്റ് പോളിസി പ്രസിദ്ധീകരിക്കാമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഒരാൾ ഒരു വ്യവസായം തുടങ്ങി, അതുമായി മുന്നോട്ട് പോകാനേ പറ്റുന്നില്ല, പുറത്തേയ്ക്ക് പോകാനും പറ്റുന്നില്ല എന്ന അവസ്ഥയുണ്ട്. അതുകൊണ്ട് എക്സിറ്റ് പോളിസി ഈ നയത്തിന്റെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പംതന്നെ, ഓണർഷിപ്പ് വേണം എന്ന

ആവശ്യം വന്നിട്ടുണ്ട്. എല്ലാ വശങ്ങളും കണക്കിലെടുത്തുകൊണ്ട്, അത് എങ്ങനെ കഴിയുമെന്നുള്ള കാര്യവും ചർച്ച ചെയ്യുന്നുണ്ട്. എന്തായാലും പുതിയ ലാൻഡ് അലോട്ട്മെന്റ് പോളിസി അധികം വൈകാതെ പ്രഖ്യാപിക്കും എന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഭൂമിയുടെ ലഭ്യതക്കുറവ് ഒരു പ്രശ്നമാണെന്ന് അങ്ങ് വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് വിശദീകരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഏകദേശം നൂറ് ഏക്കർ ഭൂമി വ്യവസായ വകുപ്പിന് നേരിട്ട് അഡ്വാൻസ് പൊസഷൻ നൽകുകയും കാസർഗോഡ് ഡി.ഐ.സി. (ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രി ആൻഡ് കൊമേഴ്സ്) അത് ഏറ്റെടുത്ത് ചുറ്റുമതിലടക്കം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്. അങ്ങേയ്ക്ക് ഇതിനുമുമ്പ് നൽകിയിട്ടുള്ള ഒരു നിവേദനത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, സാങ്കേതികമായി റവന്യൂ വകുപ്പ് ഭൂമി കൈമാറ്റം ചെയ്തിട്ടില്ല. ഭൂമി അഡ്വാൻസ് പൊസഷൻ നൽകി, വ്യവസായ വകുപ്പിന്റെ കയ്യിലാണ്, വ്യവസായ വകുപ്പ് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നു, തുടർനടപടി ഇപ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് മുന്നോട്ടുപോകുകയുമാണ്. ഈ സാഹചര്യത്തിൽ അവിടെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഏറെ സാധ്യതയുള്ള, പ്രത്യേകിച്ച് നേന്ത്ര വാഴക്കൃഷിയും നാളികേര കൃഷിയുമൊക്കെ വ്യാപകമായിട്ടുള്ള സ്ഥലത്ത് ഭക്ഷ്യ സാധനങ്ങളുടെ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാനുള്ള സാധ്യത ഏറ്റവും കൂടുതലാണ്. കാസർഗോഡ് ജില്ലയുടെ പരിമിതികൾ മനസ്സിലാക്കിക്കൊണ്ട് നൂറ് ഏക്കറോളം വരുന്ന ഈ ഭൂമിയെ വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിന് ഒരു ഇൻവെസ്റ്റേഴ്സ് മീറ്റ് ഉൾപ്പെടെ സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കാഞ്ഞങ്ങാട് ഈ പാർക്കിനുള്ള സ്ഥലം റവന്യൂ വകുപ്പ് അനുവദിച്ചുനൽകിയത്. എന്നാൽ ആ ഉത്തരവിന്റെ അവസാന ഭാഗത്ത് ഇതിന്റെ നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിക്കുമെന്ന് പറഞ്ഞിരുന്നു. ആ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അങ്ങയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഞാനും തമ്മിൽ ഒരുതവണ ആശയവിനിമയം നടത്തിയിട്ടുണ്ട്. ആ പ്രക്രിയ അതിവേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ്

സ്വീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചിട്ടുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പംതന്നെ, അങ്ങയെപ്പോലുള്ളവർ കത്ത് നൽകുന്നതിനുമുൻപുതന്നെ വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് മറ്റ് കാര്യങ്ങൾ ആരംഭിച്ചു. മീറ്റ് ദി ഇൻവെസ്റ്റർ എന്നത് വേണമെങ്കിൽ എല്ലാ ദിവസവും നടത്താൻ തയ്യാറാണ്. മറ്റെല്ലാ ഉദ്യോഗസ്ഥരും ഇന്ന് ഓൺലൈനിലാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെയും നടത്താം. ഇതെല്ലാം റെക്കോർഡ് ചെയ്യുന്നുണ്ട്, എല്ലാം സുതാര്യമാണ്. വളരെ നല്ല രീതിയിൽ നിക്ഷേപങ്ങൾ വന്നാൽ അതിന് പ്രത്യകം മീറ്റ് ആവശ്യമാണെങ്കിൽ നടത്താം. അല്ലെങ്കിൽ ഇപ്പോഴും അതിനുള്ള സൗകര്യങ്ങളുണ്ട്. വ്യവസായ പാർക്കുകൾ തുടങ്ങുമ്പോൾ വേണ്ടത്ര പഠനം നടത്തുന്നില്ല എന്നത് ഒരു പരിമിതിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് മുൻകയ്യെടുത്ത് ഒരു പുതിയ പാർക്കിലേയ്ക്ക് പോകുമ്പോൾ ഫീസിബിലിറ്റി സ്റ്റഡികൂടി ആവശ്യമാണെന്നാണ് ഇപ്പോൾ വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. ഇപ്പോൾ ഉള്ളതിനല്ല, ഇനിയുള്ള സംരംഭങ്ങൾക്ക് ആ സ്റ്റഡിയുടെകൂടി അടിസ്ഥാനത്തിലായിരിക്കും സ്ഥലങ്ങൾ ഗവൺമെന്റ് നേരിട്ട് ഏറ്റെടുക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ ഇനിഷ്യേറ്റീവ് ഇല്ലാത്തതുകൊണ്ടല്ല. എല്ലാ ഗവൺമെന്റുകളുടെ കാലത്തും ഇൻവെസ്റ്റ്മെന്റിനുവേണ്ടിയുള്ള ഇനിഷ്യേറ്റീവ് ഉണ്ടാകും. GeM (Government e-Marketplace), അസന്റ് എന്നിവയൊക്കെ ഉണ്ടാകും. ധാരാളം പദ്ധതികൾ കൊണ്ടുവരാൻ കഴിയും. Todays mantra is investment, not only in India all over the world. സെൻട്രൽ ഇൻവെസ്റ്റ്മെന്റ് കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്. സെൻട്രൽ ഇൻവെസ്റ്റ്മെന്റ് ഇപ്പോൾ ഒരു സംസ്ഥാനത്തുമില്ല. അവരും പ്രൈവറ്റൈസേഷനിലേയ്ക്ക് പോകുന്ന കാലമാണ്. അസന്റിലൂടെ ഒരു ലക്ഷം കോടി രൂപയുടെ വ്യവസായം കേരളത്തിൽ വരാൻ പോകുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രഖ്യാപിച്ചു. അതിൽ നല്ലൊരു ശതമാനം അബുദാബിയിൽനിന്നാണ് കേരളത്തിൽ വരാൻ പോകുന്നത്. ഒന്നും വന്നില്ല. ഇങ്ങനെയുള്ള പ്രഖ്യാപനങ്ങളല്ലാതെ, അസന്റിലൂടെ ഒരു ലക്ഷം കോടി രൂപയുടെ വികസന പദ്ധതി പ്രഖ്യാപിച്ചിട്ട് ഒന്നും തുടങ്ങിയതായി നമ്മൾ കണ്ടില്ല. ഇവിടെ ലാൻഡിന്റെ ലഭ്യതക്കുറവുണ്ട്. അതിനാൽ വൻകിട വ്യവസായങ്ങൾ കേരളത്തിൽ സാധ്യമല്ല. അതുകൊണ്ട് അതിന് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കാനും കൂടുതൽ മൂലധന നിക്ഷേപത്തിനുംവേണ്ടിയുള്ള ഫലപ്രദമായ നടപടികൾ അങ്ങ് സ്വീകരിക്കുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നമ്മളെല്ലാവരും നടത്തുന്നുണ്ട്. ഒരു വ്യവസായം ആരംഭിക്കേണ്ടത് ആ വ്യവസായിയുടെ ആവശ്യമായിട്ടാണ് നേരത്തെ കണ്ടിരുന്നത്. ഇന്ന് സംരംഭം ആരംഭിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമായി കാണുന്നതിലേയ്ക്ക് നമ്മുടെ നാട് പതുക്കെ മാറിത്തുടങ്ങിയിട്ടുണ്ട്. അത്തരം സംരംഭങ്ങൾ നിയമാനുസൃതമാകുന്നു എന്നുള്ളത് സർക്കാർ ഉറപ്പുവരുത്തേണ്ട കാര്യമാണ്. അസെന്റിനെക്കുറിച്ച് അങ്ങ് പറഞ്ഞത് പൂർണ്ണമായും വസ്തുതകൾക്ക് നിരക്കുന്നതല്ല. എന്നാൽ പറഞ്ഞതെല്ലാം നമുക്ക് മെറ്റീരിയലൈസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതതന്നെയാണ്. അതിന്റെ സാഹചര്യങ്ങൾ നമുക്കറിയാം. ഒരു നിക്ഷേപ സംഗമം നടത്തുമ്പോൾ പല തരത്തിലാണ് നിക്ഷേപങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ വരിക എന്നുള്ളത് എന്നേക്കാൾ കൂടുതൽ ഇത്തരം കാര്യങ്ങളിൽ ഭരണനൈപുണ്യവും പരിചയവുമുള്ള അങ്ങേയ്ക്കറിയാവുന്നതാണ്. ചിലത് വാഗ്ദാനങ്ങളായിരിക്കും, ലെറ്റർ ഓഫ് ഇൻഡന്റ് ആയിരിക്കും. ചിലത് MoU (Memorandum of Understanding)-ലേയ്ക്ക് പോകും. അതിന്റെ അടുത്ത ഘട്ടങ്ങളിലേയ്ക്ക് പിന്നീടാണ് പോകുന്നത്. ലെറ്റർ ഓഫ് ഇൻഡന്റിൽത്തന്നെ താൽപര്യപത്രം പ്രകടിപ്പിച്ച ആളുകൾ ചിലപ്പോൾ പിന്നീട് പല കാരണങ്ങളാൽ പുറകോട്ടുപോകാം, ചിലർ മുന്നോട്ടുവരികയും ചെയ്യും. MoU-ൽ വന്ന കമ്പനികൾ പിന്നീട് മാറിയെന്നുവരാം. അന്ന് MoU ഉൾപ്പെടെയുള്ളത് 33,301 കോടിയാണ്. ലെറ്റർ ഓഫ് ഇൻഡന്റ് എല്ലാംകൂടി അങ്ങ് പറഞ്ഞതിനടുത്തുള്ള തുകയുടേതാണ് ആ ഘട്ടത്തിൽ വന്നിട്ടുള്ളത്. 476.26 കോടി രൂപയുടെ ഇരുപത്തിരണ്ട് പ്രോജക്ടുകൾ ഇതിനകംതന്നെ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 7216.02 കോടി രൂപയുടെ അമ്പത്തിയൊൻപത് പ്രോജക്ടുകൾ അവസാന ഘട്ടങ്ങളിലാണ്. 5397.22 കോടി രൂപയുടെ മുപ്പത്തിഒൻപത് പ്രോജക്ടുകൾ തുടങ്ങിയെങ്കിലും കോവിഡ് പ്രതിസന്ധിയിൽ അവരുടേതായ കാരണങ്ങൾ കാരണം നീട്ടിവച്ചിരിക്കുകയാണ്. 10,241.01 കോടി രൂപയുടെ മുപ്പത്തിയൊന്ന് പ്രോജക്ടുകൾ സംരംഭകർ വിവിധ തടസ്സങ്ങൾ പറഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രി തലത്തിൽ ത്തന്നെ അതുസംബന്ധിച്ച് റിവ്യൂ നടക്കുന്നുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും സമയബന്ധിതമായ റിവ്യൂ നടത്തുന്നുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറിയും തുടർച്ചയായി ഇതിന്റെ റിവ്യൂ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പരമാവധി മെറ്റീരിയലൈസ് ചെയ്യാനാണ് ഈ മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അബുദാബി ഗവൺമെന്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എൺപത് ലക്ഷം കോടി രൂപയുടെ പദ്ധതി പ്രഖ്യാപനമുണ്ടായിരുന്നല്ലോ.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് ആദ്യം പറഞ്ഞത് ഒരു ലക്ഷം കോടി രൂപയുടേത് എന്നായിരുന്നു, ഇപ്പോൾ പറയുന്നത് എൺപത് ലക്ഷം കോടി രൂപയുടേതാണെന്നാണ്. ഒരു ലക്ഷം കോടിയും എൺപത് ലക്ഷം കോടിയും വ്യത്യസ്തമാണല്ലോ. എന്താണെന്ന് അങ്ങ് പ്രത്യേകം സൂചിപ്പിക്കുകയാണെങ്കിൽ പരിശോധിച്ച് അതിന്റെ സ്റ്റാറ്റസ് അങ്ങയെ അറിയിക്കുന്നതാണ്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, കേരളത്തിൽ വ്യവസായ സൗഹൃദാന്തരീക്ഷം നിലനിർത്താൻ വ്യവസായ വകുപ്പും ഗവൺമെന്റും ഏറ്റെടുത്ത നടപടികളെ അഭിനന്ദിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനായി എത്തുന്ന സംരംഭകർക്ക് എന്തെങ്കിലും തടസ്സങ്ങൾ നേരിടുകയാണെങ്കിൽ അവ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അത് ഞാൻ നേരത്തെ സൂചിപ്പിച്ചു. മൂന്ന് തരത്തിലാണ് ഇത് നമുക്ക് ചെയ്യാൻ കഴിയുന്നത്. ഒന്ന്, നമ്മുടെ നിയമങ്ങളും ചട്ടങ്ങളും സംരംഭകർക്ക് അനുകൂലമാകുന്ന രൂപത്തിലും പാരിസ്ഥിതികമായും തൊഴിൽപരവുമായ കാര്യങ്ങൾ സംരക്ഷിക്കുന്ന രൂപത്തിലും ബാലൻസ് ചെയ്തുകൊണ്ടുവരിക എന്നുള്ളതാണ്. അതിൽ പലതും കാലഹരണപ്പെട്ടതാണ്. ഇക്കാര്യം ഞാൻ ഈ സഭയിൽത്തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അത് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചു. അടുത്ത മാസം ആ കമ്മിറ്റി റിപ്പോർട്ട് നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. സമൂഹത്തിൽനിന്നും വളരെ നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ അതിനനുസരിച്ച് ആവശ്യമായ ഭേദഗതികൾ സഭയുടെ മുന്നിൽ കൊണ്ടുവരാമെന്നാണ് കരുതുന്നത്. ചില നിയമങ്ങൾ പണ്ടേ കാലഹരണപ്പെട്ടതായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷനും അതുസംബന്ധിച്ച് പുതിയ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതുകൊണ്ട് നൂറിലധികം ബില്ലുകൾ repeal ചെയ്യുന്ന ഒരു ബിൽ മന്ത്രിസഭ അംഗീകരിക്കുകയും സർക്കുലേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കാര്യോപദേശക സമിതി ഇതിന്റെ ഗൗരവം മനസ്സിലാക്കി അംഗീകരിക്കുകയാണെങ്കിൽ, ചർച്ച ചെയ്യാവുന്നതും അല്ലാത്തതും കാണും, അതിൽ തിരുവിതാംകൂർ, കൊച്ചി തുടങ്ങി കുറേ നിയമങ്ങളുണ്ട്, repealing bill സഭയുടെ മുന്നിൽ എത്തിച്ചിട്ടുണ്ട്. അതുവന്നാൽ നമുക്ക് കാര്യങ്ങൾ സ്പീഡിലാക്കാൻ കഴിയും. നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരെ എങ്ങനെ നിയമത്തിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയും എന്നുള്ളതാണ് മറ്റൊരു കാര്യം. ഉദ്യോഗസ്ഥ സമൂഹത്തിലും നല്ല മാറ്റം വന്നിട്ടുണ്ട്. മേൽനിരയിലുള്ള ഉദ്യോഗസ്ഥരെല്ലാം സമയം നോക്കാതെതന്നെ നല്ല രീതിയിൽ ഇത്തരം കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ട്. താഴെത്തലങ്ങളിലും മാറ്റമുണ്ട്.

എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ പൊതുവെ മോശമായ പ്രതിച്ഛായ ഉണ്ടാക്കുന്നതിന് ഇടയാക്കുന്നുണ്ട്. അതുകൊണ്ടാണ് മീറ്റ് ദി മിനിസ്റ്റർ എന്ന പരിപാടി എല്ലാ ജില്ലയിലും നടത്തിയിട്ടുള്ളത്. ഇത് പത്ത് ജില്ലകളിൽ പൂർത്തീകരിച്ചു, നാല് ജില്ലകളിൽ വൈകാതെ പൂർത്തീകരിക്കും. ഇതിന്റെ തുടർച്ചയായി നേരത്തേ പറഞ്ഞ, സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ് മെക്കാനിസം വരുന്നതോടുകൂടി ശിക്ഷ നൽകാൻ അധികാരമുള്ള നിയമസംവിധാനംകൂടി വരും. അപ്പോൾ നല്ല ഒരു അന്തരീക്ഷമുണ്ടാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പ്രവാസി മലയാളികൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മറുനാടുകളിലെ സ്വദേശിവൽക്കരണം, തൊഴിൽനിയമങ്ങൾ എന്നിവയൊക്കെ അതിന്റെ പ്രത്യേകമായ കാരണങ്ങളാണ്. തിരിച്ചുവന്ന പലരും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ട്. അങ്ങനെയുള്ളവരെ ഒറ്റയ്ക്കോ കൂട്ടായോ സംരംഭങ്ങളിലേയ്ക്ക് കൊണ്ടുവരാൻവേണ്ടി മന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേകമായി ഒരു യോഗം വിളിച്ച് അനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. തിരിച്ചെത്തുന്ന പ്രവാസികളിൽ ഇവിടെ ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നവരുണ്ട്. അതിന്റെ നല്ല പ്രതിഫലനമാണ് മലപ്പുറത്ത് കാക്കഞ്ചേരിയിൽ കിൻഫ്രയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉദ്ഘാടനം ചെയ്തത്. അവിടത്തെ എം.എൽ.എ.-യും ഞാനും ഒന്നിച്ചാണ് ആ പരിപാടിയിൽ പങ്കെടുത്തത്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 2 കോടി രൂപയുടെ വായ്പാ പദ്ധതി നോർക്കയും കെ.എസ്.ഐ.ഡി.സി. (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ)യും ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ചെറിയ തൊഴിലുകൾ സ്വീകരിച്ച് വരാൻ നിർബന്ധിതരായ പ്രവാസികൾക്ക്, വീട്ടമ്മമാർക്കുൾപ്പെടെ ചെറിയ സംരംഭങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെ നൽകുന്ന സംവിധാനം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുപോലെതന്നെ 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ നൂറ് കോടിക്ക് മുകളിൽ വരുന്ന എല്ലാ സംരംഭങ്ങൾക്കും അവരെ നേരിൽ കേട്ട് ആവശ്യമായ സഹായങ്ങൾ ചെയ്യാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുന്നുണ്ട്. ചെറിയ സംരംഭങ്ങളാണെങ്കിൽ താലൂക്ക് തലത്തിൽ ഫെസിലിറ്റേറ്റർമാരെ ഇൻഡസ്ട്രിയൽ വകുപ്പ് നിയമിക്കാനുദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് വ്യവസായ പുരോഗതിയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് മലപ്പുറം ജില്ലയാണ്. നിങ്ങൾ മുൻകയ്യെടുത്താൽ ആ സാധ്യത ഒരോ മണ്ഡലത്തിലും ഉപയോഗപ്പെടുത്താനും ആ എസ്റ്റേറ്റുകൾ ഒരു എൻ.ആർ.ഐ. എസ്റ്റേറ്റായിത്തന്നെ മാറ്റാൻ കഴിയുന്നതാണെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

## തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

2 (*182) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ആഘാതത്തിന്റെ ആക്കം കുറയ്ക്കാനായി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളുടെയും കേരള ബാങ്കിന്റെയും ഇടപെടൽവഴി സൃഷ്ടിക്കാനായ തൊഴിലവസരങ്ങൾ എത്രയെന്ന് അറിയിക്കാമോ; എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവം പരിഹരിക്കാനായി ആവിഷ്കരിച്ച വിദ്യാതരംഗിണി പദ്ധതികൊണ്ടുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി(ശ്രീ. വി. എൻ. വാസവൻ): സർ,

(എ) കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 7597 തൊഴിലവസരങ്ങളും കേരള ബാങ്ക് വഴി 12552 തൊഴിലവസരങ്ങളും മറ്റ് 382 സ്ഥിരനിയമനങ്ങളും ഉൾപ്പെടെ ആകെ 20578 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവം പരിഹരിക്കാനായി ആവിഷ്കരിച്ച വിദ്യാതരംഗിണി പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിന് 10000 രൂപ വീതം സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ നൽകിയത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടു.

2. അതത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിലെ

അർഹരായ വിദ്യാർത്ഥികൾക്കാണ് വായ്പ അനുവദിച്ചതെങ്കിലും ദൂരപരിധി തടസ്സമാകുന്ന സന്ദർഭങ്ങളിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കി.

3. ടി വായ്പ ആൾ ജാമ്യ വ്യവസ്ഥയിൽ ലഭ്യമാക്കിയതുവഴി മറ്റു ജാമ്യ വ്യവസ്ഥകളും നിബന്ധനകളും ഒഴിവാക്കപ്പെട്ടു.

4. 'എ' ക്ലാസ് മെമ്പർമാർക്ക് പുറമെ സംഘത്തിലെ 'സി' ക്ലാസ് മെമ്പർമാർക്കുകൂടി വായ്പ അനുവദിച്ചത് ധാരാളം അർഹരായ അപേക്ഷകർക്ക് പ്രയോജനപ്പെട്ടു.

5. അംഗങ്ങൾ അല്ലാത്തവർക്ക് വായ്പ അപേക്ഷയോടൊപ്പം മെമ്പർഷിപ്പിനുള്ള അപേക്ഷയും സംഘങ്ങൾ പരിഗണിച്ച് വായ്പ നൽകിയതു വഴിയും ധാരാളം പേർക്ക് പ്രയോജനപ്പെട്ടു.

6. ഈ പദ്ധതി പ്രകാരം 86270 പേർക്ക് ആകെ 83,40,62,813 രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോവിഡ് മഹാമാരിമൂലം പ്രവർത്തനം നിലച്ചതോ നഷ്ടത്തിലാകുകയോ ചെയ്ത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനാവശ്യമായ എന്തെങ്കിലും പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഓരോ സംഘത്തിന്റെയും സ്ഥിതി സംബന്ധിച്ച് അവർ അപേക്ഷ നൽകുന്ന മുറയ്ക്ക് കേരള ബാങ്കുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ തുടങ്ങുന്നതായി പ്രതിപാദിച്ചിരുന്നു. ഇതിന്റെ പുരോഗതി വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, യുവജനങ്ങൾക്കായി 25 സംഘങ്ങളുടെ സ്ഥാനത്ത് 29 സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുകയും ഇന്നലെ മുതൽ അവർക്ക് മൂന്ന് ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, ഗ്രാമീണ സ്ത്രീകൾ കൊള്ളപ്പലിശക്കാരിൽനിന്നും വായ്പ എടുത്ത് കടക്കെണിയിൽ ആകാതിരിക്കാൻവേണ്ടി ലളിതമായ നടപടിക്രമങ്ങളിലൂടെ കുറഞ്ഞ പലിശയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾവഴി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന 'മുറ്റത്തെ മുല്ല' പദ്ധതി ഏറെ ശ്രദ്ധേയമായിരുന്നു. ഇതുവരെ എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി; ഇതിനായി എത്ര കോടി രൂപയാണ് നൽകിയതെന്ന് അറിയിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആദ്യം പാലക്കാട് ജില്ലയിലാണ് ഈ പദ്ധതി തുടങ്ങിയത്. 400 കോടിയിൽപ്പരം രൂപ ആദ്യഘട്ടത്തിൽതന്നെ അവിടെ കൊടുത്തിരുന്നു. ഇപ്പോൾ 12277 സംഘങ്ങൾക്കായി ഏതാണ്ട് 1316.16 കോടി രൂപ എല്ലാ ജില്ലകളിലുമായി കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, 2018-ലെ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'കെയർ ഹോം'. രണ്ടാം ഘട്ട കെയർ ഹോം പദ്ധതിയുടെ ഉദ്ഘാടനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സൂചിപ്പിച്ചതുപോലെ ഈ പദ്ധതിയുടെ വിജയം എന്നത് സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹിക പ്രതിബദ്ധതയാണ്. ഒന്നാം ഘട്ടത്തിൽ തീരുമാനിച്ച 2000 വീടുകൾ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ടാംഘട്ട കെയർ ഹോം പദ്ധതിയിൽ എത്ര വീടുകൾ നിലവിൽ പൂർത്തിയായിട്ടുണ്ട്; അതിന്റെ പ്രവർത്തനങ്ങൾ ഏത് നിലയിൽ പോകുന്നു എന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഒന്നാം ഘട്ട കെയർ ഹോം പദ്ധതിയുടെ ഫലമായി 2073 വീടുകൾ കൈമാറിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ 40 ഫ്ലാറ്റുകളുടെ പണി പൂർത്തിയായിരിക്കുകയാണ്. ആലപ്പുഴ ജില്ലയിൽ 12 വീടുകൾകൂടി പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, സഹകരണ വകുപ്പിന്റെ കീഴിൽ വനിതാ സഹകരണ സംഘങ്ങൾവഴി കോവിഡ് സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എത്രയെണ്ണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; അതിന്റെ പുരോഗതി എങ്ങനെയാണ്; സഹകരണ വകുപ്പിൽ കുടിശ്ശിക നിവാരണത്തിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര കാലാവധി വരെ നീട്ടിയിട്ടുണ്ട്; ഇനി നീട്ടാൻ സാധ്യതയുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, പന്ത്രണ്ട് വനിതാ സഹകരണ സംഘങ്ങൾ ഇതിനോടകം രൂപീകരിക്കുകയും കോവിഡ് പ്രതിരോധത്തിനാവശ്യമായ പി.പി.ഇ. കിറ്റ്, മാസ്ക്, സാനിറ്റൈസർ, ഹാന്റ് വാഷ് എന്നിവ ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി ഒരു സംഘത്തിന് അഞ്ച് ലക്ഷം രൂപവീതം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിൽ മൂന്ന് ലക്ഷം രൂപ സബ്സിഡിയും രണ്ട് ലക്ഷം രൂപ ഷെയറുമാണ്. രണ്ടാമതായി ചോദിച്ചത് കുടിശ്ശിക നിവാരണത്തെക്കുറിച്ചാണ്. അത് ഒരു മാസത്തേയ്ക്കുകൂടി നീട്ടി ഒക്ടോബർ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ട്രഷറി നിക്ഷേപങ്ങൾക്ക് ഏഴര ശതമാനം വരെ പലിശ ലഭിക്കുമ്പോൾ പ്രാഥമിക സംഘങ്ങൾ ആറര മുതൽ ഏഴേകാൽ ശതമാനം വരെ പലിശ കൊടുത്തുകൊണ്ടാണ് നിക്ഷേപങ്ങൾ സ്വീകരിക്കുന്നത്. എന്നാൽ കേരള ബാങ്കിൽ ആറര ആറേ മുക്കാൽ ശതമാനമാണ്. കേരള ബാങ്കിൽ പ്രാഥമിക സംഘങ്ങൾ ഇരുപത് ശതമാനം നിർബന്ധമായും നിക്ഷേപം നടത്തണമെന്ന് നിബന്ധനയുണ്ട്. ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്കെങ്കിലും പ്രാഥമിക സംഘങ്ങൾക്ക് ഈടാക്കാനുള്ള അനുമതി നൽകുമോ? അതല്ലെങ്കിൽ പ്രാഥമിക സംഘങ്ങൾ വളരെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാകും. ഇക്കാര്യത്തിൽ അങ്ങയുടെ നിലപാട് അറിയിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഈ പലിശ നിരക്കിന്റെ കണക്ക് ശരിയാണ്. പക്ഷെ അത് തീരുമാനിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായാണ്. പലിശ നിരക്ക് നിശ്ചയിക്കുന്ന ഒരു കമ്മിറ്റിയാണ് ഇത് കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ കേരള ബാങ്കിൽ 20 ശതമാനമല്ല നിക്ഷേപിക്കേണ്ടത്, പ്രാഥമിക സംഘങ്ങളിൽ ബാക്കിവരുന്ന surplus fund മുഴുവൻ കേരള ബാങ്കിൽ അപെക്സ് ഫണ്ട് എന്ന രൂപത്തിൽ നിക്ഷേപിക്കണമെന്നാണ് നിബന്ധന. അങ്ങനെയാണ് അത് മുന്നോട്ടുപോകേണ്ടത്. അതുകൊണ്ട് അടുത്ത പലിശ കമ്മിറ്റി കൂടുന്ന സമയത്ത് അങ്ങ് പറഞ്ഞ കാര്യം പരിശോധിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമനിർമ്മാണത്തിലൂടെയും മറ്റ് നയപരമായ തീരുമാനങ്ങളിലൂടെയുമെല്ലാം വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചെറുകിട വ്യവസായങ്ങൾക്കാണ് സാധ്യതയെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ പ്രധാനപ്പെട്ട പ്രശ്നം മൂലധനം ഇല്ലാത്ത അവസ്ഥയാണ്. വ്യവസായ വകുപ്പ് തെരഞ്ഞെടുത്ത് ഇത്തരം സംരംഭകരെ

ബാങ്കുകളിലേയ്ക്ക് വിട്ടാലും നാഷണലൈസ്ഡ് ബാങ്കുകളൊക്കെ ഇവരെ തെക്ക്-വടക്ക് നടത്തുന്ന ശൈലിയാണ് നമുക്ക് കാണാൻ കഴിയുന്നത്. അത്തരത്തിൽ അവർക്ക് വായ്പ കിട്ടാത്തതിനാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന യഥാർത്ഥ ലക്ഷ്യത്തിലേയ്ക്ക് ഈ നടപടികൾ എത്തുന്നില്ല. അതിന് സഹകരണ മേഖലയ്ക്ക് പ്രത്യേകമായി ഒരു പാക്കേജ് ഉണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. നാഷണലൈസ്ഡ് ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകളുമെല്ലാം ഇപ്പോൾ പല രംഗത്തുനിന്നും പിന്മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഏതാണ്ട് 117 എസ്.ബി.ഐ. ശാഖകളും പന്ത്രണ്ടോളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും പൂട്ടി. ഈ രംഗത്തെല്ലാം കേരള ബാങ്കും പ്രൈമറി സംഘങ്ങളുമാണ് ആ സ്പെയ്സ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി സഹകരണ മേഖലയിൽ പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. അതനുസരിച്ച് ഞങ്ങൾ നീങ്ങിയപ്പോഴാണ് നൂറ് ദിന കർമ്മ പരിപാടിയിൽ ഏതാണ്ട് 20578 പേർക്ക് പുത്തൻ തൊഴിലവസരങ്ങൾ ഉണ്ടായതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നമ്മുടെ സഹകരണ ബാങ്കുകളിൽ ഏകദേശം രണ്ട് ലക്ഷം കോടി രൂപയോളം നിക്ഷേപമുണ്ട്. ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല. പല സർവ്വീസ് സഹകരണ ബാങ്കുകളിലും സർപ്ലസ് ഫണ്ടാണ്. പല സംഘങ്ങളും നിക്ഷേപം വാങ്ങാൻവരെ മടിക്കുകയാണ്. കാരണം നിക്ഷേപം വാങ്ങിയാൽ നഷ്ടമാണ്. അതുകൊണ്ട് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ഇതുപോലെയുള്ള നല്ല പദ്ധതികൾക്ക് പണം കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനം സ്വീകരിക്കേണ്ടതല്ലേ? സഹകരണ മേഖലയിലെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടതുപോലെ മുമ്പോട്ടുപോയിട്ടില്ല എന്നൊരു അഭിപ്രായംകൂടി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്. ഫലപ്രദമായ പരിപാടികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ഏത് സംഘത്തിലായിരുന്നാലും സർപ്ലസ് ഫണ്ട് വന്നാൽ അത് non earning assets ആണ്. സ്വഭാവികമായും സർപ്ലസ് ഫണ്ട് ലാഭകരമായി വിനിയോഗിക്കാൻ വേണ്ടിയുള്ള ഭാവനാസമ്പന്നമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പാലക്കാട് പാപ്കോസ് എന്ന രൂപത്തിൽ ആരംഭിക്കുന്ന കൺസോർഷ്യം മുപ്പത്താറ് സംഘങ്ങൾ

ചേർന്നുള്ളതാണ്. അതുപോലെ കുട്ടനാട് റൈസ് മില്ലും നെല്ല് സംഭരണ സംസ്കരണ വിപണനവും കൺസോർഷ്യം രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ നിരവധി പ്രദേശങ്ങളിൽ കൺസോർഷ്യം രൂപീകരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾക്കും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുംവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അത് ഭാവിയിൽ തുടരും. ഈ ഫണ്ട് ലാഭകരമായി വിനിയോഗിക്കാനാവശ്യമായ സമീപനങ്ങൾ സ്വീകരിക്കും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പ്രളയക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോമിലൂടെ വീട് നൽകി. ഇപ്പോൾ ഡിജിറ്റൽ വിദ്യാഭ്യാസം ലഭ്യമാകാത്ത കുട്ടികൾക്ക് പലിശരഹിത വ്യവസ്ഥയിൽ മൊബൈൽ ഫോൺ വിതരണം നടത്തി. കോവിഡുകാലത്ത് പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങൾ അപേക്ഷ നൽകിയാൽ ആവശ്യമായ രൂപത്തിലുള്ള സഹായം നൽകുമെന്ന അങ്ങയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കോവിഡ്കാലത്ത് വായ്പയെടുത്ത് കോവിഡ് കാരണം മരണപ്പെട്ട സഹകാരികളുടെ വായ്പാസംഖ്യ എഴുതിത്തള്ളാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ ബാങ്കിലെ പണമെന്നുപറയുന്നത് സഹകാരികളുടെ നിക്ഷേപമാണ്. ആ നിക്ഷേപം നമുക്ക് തിരികെ കൊടുക്കാതിരിക്കാനാവില്ല. അങ്ങ് സൂചിപ്പിച്ചതനുസരിച്ച് മരണപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യം നൽകി സഹായം ചെയ്യാൻ കഴിയും. അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, സഹകരണ സംഘങ്ങളുടെ ഭരണ സമിതികളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത് 2014-ൽ യു.ഡി.എഫ്. സർക്കാരാണ്. അതിനുശേഷം ഇതുവരെ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള നിരവധി അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിലും അതിൽ നടപടികളൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ല. അത്തരമൊരു നടപടിയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത്തരത്തിൽ ആലോചിക്കുന്നുണ്ട്. സമീപകാലഭാവിയിൽ ആ കാര്യം പരിഷ്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മികച്ചനിലയിലാണ് നടക്കുന്നത്. മന്ത്രിയേയും വകുപ്പിനേയും പ്രത്യേകമായി അഭിനന്ദിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസരംഗത്ത് ഓൺലൈൻ പഠനത്തിന് സഹായിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന വിദ്യാതരംഗിണി പദ്ധതി സഹകരണവകുപ്പ്

ആവിഷ്കരിച്ചിരുന്നു. ഏറ്റവും പ്രയോജനപ്രദമായ ഒരു പദ്ധതിയായിരുന്നു അത്. തീർച്ചായും അത് നല്ലനിലയിൽ മുന്നോട്ടുപോകുന്നതിനോടൊപ്പം കേരള ബാങ്ക് വഴികൂടി വിദ്യാതരംഗിണി പദ്ധതി നടപ്പിലാക്കാനും അതുവഴി കൂടുതൽ കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ പദ്ധതി വിപുലമാക്കാനും കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്കിൽ ഇതിന് സഹായകരമായ പദ്ധതി ആവിഷ്കരിച്ച് അവർ നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പലിശരഹിത വായ്പകൊടുക്കാൻ ഷെഡ്യൂൾ ബാങ്കുകളും നഷണലൈസ്ഡ് ബാങ്കുകളുമൊന്നും തയ്യാറാകുന്നില്ല. വളരെയധികം ആളുകൾ പ്രൊഫഷണൽ എഡ്യൂക്കേഷന് അഡ്മിഷൻ ലഭിച്ചിട്ടും പഠിക്കാൻ വായ്പ ലഭിക്കാതെ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് സഹകരണ മേഖലയിൽ പ്രൊഫഷണൽ എഡ്യൂക്കേഷൻ വായ്പ വ്യാപകമായി നൽകുന്നതിന് നടപടികൾ ഉദാരമാക്കാൻ തയ്യാറാകുമോ; നൂറ് ദിവസം കൊണ്ട് 20149 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് അങ്ങ് പറഞ്ഞു. അത് ഏതെല്ലാം മേഖലയിലാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ അത് വിശദീകരിച്ചിരുന്നു. അങ്ങ് ശ്രദ്ധിക്കാതിരുന്നതാണ്. അങ്ങയുടെ ആദ്യത്തെ ചോദ്യം നാഷണലൈസ്ഡ് ബാങ്കുകളിലും കോമേഴ്സ്യൽ ബാങ്കുകളിലുമൊക്കെ ഇപ്പോൾ എഡ്യൂക്കേഷണൽ ലോൺ ലഭ്യമാക്കാത്തതുകൊണ്ടുള്ള പ്രയാസങ്ങളാണ്. സ്വാഭാവികമായും ആ രംഗത്ത് കേരള ബാങ്ക് മുൻകയ്യെടുത്ത് ഈ പോരായ്മ പരിഹരിക്കാൻ ഭാവിയിൽ ശ്രമിക്കും.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നമ്മുടെ നാട്ടിലെ കർഷകരെ സഹായിക്കുന്നതിനായി കാർഷികോല്പന്നങ്ങൾ സഹകരണ സംഘങ്ങൾ എടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി അംഗങ്ങൾക്ക് കൊടുക്കുന്ന ഡിവിഡന്റിൽ കാർഷികോല്പന്നങ്ങൾകൂടി ഉൾപ്പെടുത്തുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ ഡിവിഡന്റ് പണമായാണ് നൽകുക. ഇനിയും കർഷക സംഘങ്ങളിൽ അത്തരത്തിൽ അവരുടെ ഉല്പന്നങ്ങൾകൂടി കൊടുക്കുന്നതിന് ബൈലോ ഭേദഗതി ചെയ്താൽ കൊടുക്കാവുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, 1600-ഓളം ഒഴിവുകളുണ്ട്, നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 20578 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ആ 1600 ഒഴിവുകളിൽ കേരള ബാങ്ക് വന്നതിനുശേഷം ഒരു നിയമനവും നടന്നിട്ടില്ല. കേരള ബാങ്ക് വരുന്നതിനുമുമ്പ് ജില്ലാ

സഹകരണ ബാങ്കുകളിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് പരീക്ഷയെഴുതി പി.എസ്.സി. റാങ്ക് ലിസ്റ്റിൽവന്ന ധാരാളം ഉദ്യോഗാർത്ഥികളുണ്ട്. കേരള ബാങ്ക് വന്നതോടുകൂടി അവരുടെ തൊഴിലവസരം നഷ്ടപ്പെട്ടു. അവരുടേതല്ലാത്ത കുറ്റംകൊണ്ടാണ് അവർക്ക് തൊഴിലവസരം നഷ്ടപ്പെട്ടത്. അങ്ങനെ നേരത്തെ തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള ജില്ലാ ബാങ്കുകളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഉദ്യോഗാർത്ഥികൾക്ക് കേരള ബാങ്കിൽ എന്തെങ്കിലും സംവിധാനം ഉപയോഗപ്പെടുത്തി തൊഴിൽ നൽകാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്കിൽ നിലവിലുള്ള 1500 തൊഴിലവസരങ്ങളിൽ നിയമനം നടത്തുമോയെന്ന് അദ്ദേഹം ആദ്യം തന്നെ ഒരു ചോദ്യം ചോദിച്ചിരുന്നു. തൊഴിലവസരമുണ്ടെന്ന് പറഞ്ഞത് ശരിയാണ്. നിയമനങ്ങൾക്കുവേണ്ടി പി.എസ്.സി.-യെ ചുമതലപ്പെടുത്തുന്നതിനുമുമ്പ് അതിന്റെ റൂൾസ് ആന്റ് റഗുലേഷൻ തയ്യാറാക്കേണ്ടതുണ്ട്, പ്രൊമോഷൻ നടത്തേണ്ടതുണ്ട്. അതെല്ലാം പൂർത്തീകരിച്ച് ഏതാണ്ട് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുമെന്ന് അങ്ങയെ അറിയിക്കുകയാണ്. രണ്ടാമത്തെകാര്യം എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സഹകരണ സംഘങ്ങൾ പ്രത്യേകിച്ച് വനിതാ സംഘങ്ങളും മാർക്കറ്റിംഗ് സംഘങ്ങളും പോലുള്ള സംഘങ്ങൾ ധാരാളം ഉല്പങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ ഉല്പന്നങ്ങൾക്ക് പലപ്പോഴും വിപണി കിട്ടാതെ കെട്ടികിടക്കുകയും ബുദ്ധിമുട്ടുകയും ചെയ്യുകയാണ്. നമ്മുടെ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഇന്ന് കേരളത്തിലെ 333 സഹകരണ സംഘങ്ങൾ വൈവിധ്യങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നു. അതിന്റെ സംഭരണവും വിപണനവും ഉറപ്പാക്കാൻവേണ്ടി Co-op Mart എന്ന സംവിധാനമുണ്ടാക്കി കേരളത്തിലെ പതിനാല് ജില്ലകളിലും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ട്, സഹകരണ മേഖലയിൽമാത്രം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുണ്ട്. അതുകൂടാതെ മറ്റ് ബ്രാൻഡഡ് പ്രോഡക്ടും വിൽക്കുന്നുണ്ട്. ഈ അടുത്ത ദിവസം പത്തനംതിട്ടയിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ഞാനും പങ്കെടുത്ത് ഉദ്ഘാടനം നടത്തി. വളരെ മനോഹരമായ ആ ഷോപ്പിൽ വളരെ ഗംഭീരമായി ആളുകൾ ഓടിക്കൂടുന്നതുകണ്ടു. അത്തരത്തിൽ പതിനാല് ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇനിയും അത്തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകില്ലെന്ന് അറിയിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഈ കോവിഡ് കാലഘട്ടത്തിൽ വിദ്യാതരംഗിണി പദ്ധതി സഹകരണ വകുപ്പ് തുടങ്ങിയത് വളരെ ഗുണകരമായിരുന്നു. വിദ്യാതരംഗിണി പദ്ധതിയിൽ ബിരുദ വിദ്യാർത്ഥികൾക്കുകൂടി സഹായകരമാകുന്ന രീതിയിൽ ലാപ്ടോപ്പ് വാങ്ങുന്നതിന് 50,000 രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആ കാര്യം തീരുമാനിച്ചിട്ടില്ല. ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ സഹായിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങൾ രൂപീകരിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെൽകൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പാപ്കോസ് എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിനാവശ്യമായ സ്ഥലമെടുപ്പും റൈസ് മിൽ സ്ഥാപിക്കാനുള്ള കാര്യങ്ങളും നടന്നുവരികയാണ്. അതുപോലെ കുട്ടനാട് അപ്പർകുട്ടനാട് മേഖലയിൽ അത്തരത്തിലൊരു സംഘം ഇപ്പോൾ രജിസ്റ്റർ ചെയ്തു. ഈ രണ്ട് സംഘങ്ങളും ഭാവിയിൽ നെല്ല് സംഭരണവും സംസ്കരണവും വിപണനവും നടത്താനാണ് ലക്ഷ്യമിടുന്നത്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നമ്മുടെ സഹകരണ സംഘങ്ങൾ അത്യാവശ്യം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട കെ. ബാബു (നെന്മാറ) ചോദിച്ചതുമായി ബന്ധപ്പെട്ടുള്ള ചോദ്യമാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട കുടുംബത്തിലെ പിതാവ് നഷ്ടപ്പെട്ടുപോയെങ്കിൽ, ആരുമില്ലെങ്കിൽ, അഭയമില്ലെങ്കിൽ, അമ്മയ്ക്ക് ജോലിയില്ലെങ്കിൽ അത്തരം പാവപ്പെട്ട ആളുകളുടെയെങ്കിലും വായ്പാ ബാധ്യത എഴുതിത്തള്ളുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് മനസ്സിലാക്കേണ്ടത് ഈ സഹകരണ സംഘങ്ങളിൽ വരുന്ന പണം നിക്ഷേപകരുടേതാണ്, ഗവൺമെന്റിന്റേതല്ല. ആ നിക്ഷേപകർക്ക് പണം മടക്കിനൽകണം. അതേസമയം ഗവൺമെന്റിന് ഇക്കാര്യത്തിൽ കാലാകാലങ്ങളിൽ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ചില ഡയറക്ഷൻ കൊടുത്ത് തിരിച്ചടവിനുള്ള സാവകാശം കൊടുക്കാം,

പിഴപ്പലിശയും പലിശയും ഒഴിവാക്കാൻ പറയാം, റിസ്ക് ഫണ്ടും നൽകാം. അതാണ് ചെയ്യാൻ കഴിയുക. അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ മറ്റ് കാര്യങ്ങൾ തീരുമാനിക്കേണ്ടത് ആ ബോർഡാണ്.

ശ്രീ. ഡി. കെ. മുരളി: സർ, സംരംഭങ്ങളെന്ന നിലയിൽ ആരംഭിച്ച Co-op Mart പദ്ധതി വിശദമാക്കാൻ സാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, Co-op Mart പതിനാല് ജില്ലകളിലും പ്രവർത്തനങ്ങൾ ആരംഭിച്ചു. സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക, നല്ല ഉല്പന്നങ്ങളാണ്, അതോടൊപ്പം ബ്രാൻഡഡ് പ്രോഡക്ടുമുണ്ട്.

**ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെട്ട പദ്ധതികൾ**

3 (*183) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ :
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഇലക്ട്രോണിക്സ് വ്യവസായവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിദ്യാസമ്പന്നരായ ചെറുപ്പക്കാർ നിരവധിയുള്ള കേരളത്തെ ഒരു ഇലക്ട്രോണിക്സ് ഹബ്ബ് ആക്കി മാറ്റുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട 20 മുൻഗണനാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*. 20-ൽ 18-ഉം പൂർത്തീകരിക്കാൻ കഴിഞ്ഞു. പൂർത്തീകരിക്കാനുള്ളതിൽ ഒന്ന് ലാന്റ് അലോട്ട്മെന്റ് പോളിസിയാണ് . അതിന്റെ കരട് തയ്യാറായി. ഇപ്പോൾ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്റ്റേക്ക്ഹോൾഡേഴ്സുമായി ചർച്ച നടന്നുകൊണ്ടിരിക്കുന്നു. മറ്റൊന്ന് കുട്ടനാട് പാർക്കാണ്. അതിന്റെ ലാന്റ് അറ്റാച്ച്മെന്റ് വന്നതുകൊണ്ട് പ്രക്രിയ വൈകിയെന്നേയുള്ളൂ. അതുകൂടാതെ 23 എണ്ണം കൂടി നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രോണിക്സ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ, കാക്കനാട് 67 ഏക്കർ ഭൂമിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്ത് തന്നെ പെരുമ്പാവൂരിൽ 30 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയും വിഭാവന ചെയ്യുന്നു.

(സി) കിൻഫ്രയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ കാക്കനാട്ടും പെരുമ്പാവൂരും ആരംഭിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ എറണാകുളം ജില്ലയെ ഒരു ഇലക്ട്രോണിക്സ് ഹബ്ബായി വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതാണ്. ആമ്പല്ലൂരിൽ വ്യവസായം ആരംഭിക്കാൻ നിർദ്ദേശിച്ചിരുന്ന ഭൂമിയിൽ, ഇലക്ട്രോണിക്സ് വ്യവസായം ആരംഭിക്കുന്നതിന് പര്യാപ്തമാണോയെന്നതിനെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തുകയും പ്രസ്തുത സ്ഥലത്തിലെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുള്ളത് പരിശോധിച്ചുവരികയുമാണ്. ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി കെൽട്രോണിനെ മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി കെൽട്രോണിന് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും ഏറ്റെടുത്ത പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ അതിന്റെ ആവശ്യത്തിന് മാത്രമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോൺ വഴി ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങളുടെ നവീകരണ, വിപുലീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. വിവിധ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ ആഭ്യന്തരമായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെൽട്രോണിന്റെ യൂണിറ്റുകളിൽ നടന്നുവരികയാണ്. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരത്തുള്ള കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടരുന്നുണ്ട്. കൂടാതെ നാവിക പ്രതിരോധ മേഖലയിൽ ഉപയോഗിക്കുന്ന തന്ത്രപ്രധാന ഉപകരണങ്ങൾ നിർമ്മിച്ച് കൈമാറാൻ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണും കേന്ദ്ര പ്രതിരോധ ഗവേഷണ സ്ഥാപനമായ എൻ.പി.ഒ.എൽ.-ഉം തമ്മിൽ ധാരാണപത്രം ഒപ്പുവച്ചിട്ടുണ്ട്. കെൽട്രോണിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തന മൂലധനം

തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനുദിനം മാറികൊണ്ടിരിക്കുന്ന ഇലക്ട്രോണിക്സ് സാങ്കേതിക മേഖലയിൽ സുസ്ഥിരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ മേഖലയിൽ കൂടുതൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ട്അപ്പ് വ്യവസായങ്ങളുടെ വളർച്ചയും വികസനത്തിനും കൂടുതൽ സാധ്യത കൈവരികയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

ഡോ. എൻ. ജയരാജ്: സർ, പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ നമ്മുടെ വ്യാവസായിക രംഗത്തുള്ള total paradigm shift-ലേയ്ക്ക് മാറുന്ന ഒരു സമഗ്രമായ വീക്ഷണ വ്യതിയാനം കേരളത്തിൽ കഴിഞ്ഞ കുറേക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നൂതന സാങ്കേതികവിദ്യയുടെ ഭാഗമായ റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഉൾപ്പെടെ ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. നമ്മുടെ പഠന പാഠ്യപദ്ധതിയുടെ ഭാഗമായി ആ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ കഴിയുമോയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് പ്രോസസ്സിംഗ് യൂണിറ്റുകളേക്കാൾ ഏറെ സാധ്യതയുള്ളത് ഇലക്ട്രോണിക്സ് മേഖലപോലെയുള്ള ഇത്തരം വ്യവസായങ്ങൾക്കാണ്. കാരണം, ഭൂമിയുടെ ലഭ്യതക്കുറവ്, ക്ലൈമറ്റിന്റെ പ്രത്യേകത, അതോടൊപ്പം മാൻപവറും നന്നായി ലഭിക്കും. ഈ കാര്യത്തിൽ ഗവൺമെന്റ് കൂടുതലായെടുക്കാൻ പോകുന്ന നടപടികളെന്താണ് എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, അങ്ങയുടെ ചോദ്യം വളരെ പ്രസക്തമാണ്. ഇനിയുള്ള കാലഘട്ടത്തിൽ കേരളത്തിൽ പൊല്യൂഷൻ സൃഷ്ടിക്കുന്ന മാനുഫാക്ചറിംഗ് ഇൻഡസ്ട്രിക്കുള്ള സാധ്യതകൾ പരിമിതമാണ്. അതുകൊണ്ടാണ് ഗവൺമെന്റുതന്നെ Environmental Social Governance (ESG) എന്നുള്ളതിലേയ്ക്ക് കേന്ദ്രീകരിക്കണമെന്ന് കണ്ടെത്തിയത്. ലോകത്തിലും ആ മാറ്റം വരുന്നുണ്ട്. അതിന് ഇലക്ട്രോണിക്സിന് പ്രധാനപ്പെട്ട സംഭാവന നൽകാൻ കഴിയുമെന്നു തന്നെയാണ് ഗവൺമെന്റ് കാണുന്നത്. കിൻഫ്ര പാർക്ക് അതായത് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ ഇപ്പോൾ വന്നിട്ടുള്ളതും പ്രവർത്തനം ആരംഭിച്ചതുമുൾപ്പെടെ മൊത്തം 819.64 കോടി രൂപയുടെ നിക്ഷേപം ഇപ്പോൾതന്നെ വന്നുകഴിഞ്ഞിട്ടുണ്ടെന്ന കാര്യം ഞാൻ അറിയിക്കുകയാണ്. 11,235 തൊഴിലവസരങ്ങൾ ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. അതോടൊപ്പം ഇന്നലെ നമ്മൾ സഭയിൽ ചർച്ച ചെയ്തതുപോലെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി, കുസാറ്റ് ഇവിടെയെല്ലാം അക്കാദമി ഇൻഡസ്ട്രി ലിങ്കേജിന്റെ ഭാഗമായി ഇൻഡസ്ട്രിയിൽ വരുന്ന

മാറ്റങ്ങൾക്കനുസൃതമായിക്കൊണ്ടുതന്നെ കോഴ്സുകളുടെ റീ-സ്ട്രക്ച്ചറിംഗ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്ന കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട ഇൻകുബേറ്റേഴ്സിന് ഞങ്ങൾ കൂടുതൽ പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് കെൽട്രോണും പ്രധാന പരിഗണന നൽകുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ഇൻകുബേറ്റേഴ്സിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ വളരെ പ്രമുഖമായ ഒരു കോളേജാണ് എന്റെ നിയോജകമണ്ഡലത്തിലെ അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്. അതിന് സ്വന്തമായി ഒരു കമ്പനിതന്നെയുണ്ട്. ടെക്നോളജിക്കലി ഒരുപാട് സാധ്യതയുള്ള ഒരു കോളേജാണ്. അവിടെ ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയിട്ടുണ്ട്. ഇത്തരം കമ്പനികൾ തുടങ്ങാൻ അവർ തയ്യാറാകുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. അവർക്ക് ടെക്നോളജിയുണ്ട് പക്ഷെ ഇൻവെസ്റ്റ്മെന്റുമായി ബന്ധപ്പെട്ട് സാധ്യതകൾ വളരെ കുറവാണ്. മുന്നോട്ടുവരുന്ന ഇത്തരം സാങ്കേതിക സ്ഥാപനങ്ങളെ സഹായിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്നുള്ളതാണ് ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ഇൻകുബേറ്റേഴ്സിന്റെ കാര്യത്തിൽ വളരെ പ്രോത്സാഹനപരമായ സമീപനവും പദ്ധതികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സ്റ്റാർട്ട്അപ്പുകൾക്കും അതേ സമീപനമാണുള്ളത്. സ്റ്റാർട്ട്അപ്പുകൾ എന്ന് കേൾക്കുമ്പോൾ ഐ.ടി.-യുമായി ബന്ധപ്പെട്ട് മാത്രമാണ് സ്റ്റാർട്ട്അപ്പുകൾ എന്നാണ് നേരത്തേയുള്ള ധാരണ. എന്നാൽ ഇന്ന് ലോകത്തെ കാഴ്ചപ്പാട് അതല്ല. ഇപ്പോൾ ആലുവയിലുള്ള പച്ചചക്ക ലോകത്തിന്റെ എല്ലാ വിപണിയിലേയ്ക്കും അയയ്ക്കുന്നത് സ്റ്റാർട്ട്അപ്പായി തുടങ്ങിയതാണ്. ഇന്ന് കോടിക്കണക്കിന് രൂപയാണ് ഓരോ മാസത്തേയും വരുമാനം. അഗ്രികൾച്ചറൽ മേഖലയിലും അഗ്രോ പ്രോസസ്സിംഗിലുമെല്ലാം സ്റ്റാർട്ട്അപ്പുകളുണ്ട്. ഇലക്ട്രോണിക്സ് മേഖലയിൽ അത് കൂടുതൽ ശക്തിപ്പെട്ടുവരുന്നുണ്ട്. ക്യാമ്പസ്സുകളിൽ അതിനാവശ്യമായ സഹായങ്ങൾ സർക്കാർ ഇപ്പോൾ നൽകുന്നുണ്ട്. ഈ മേഖലയിൽ മാനുഫാക്ചറിംഗിനെ സംബന്ധിച്ച് വിശദമായ ഒരു ചർച്ച ഞങ്ങൾ കഴിഞ്ഞ ദിവസം നടത്തിയിരുന്നു. ഈ മേഖലയിൽ ഇത്തരം സംരംഭങ്ങൾ കുറേക്കൂടി ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പ്രമോദ് നാരായൺ: സർ, കേന്ദ്ര സർക്കാർ ചിതയൊരുക്കിയ HEL, HLL യൂണിറ്റുകളെപ്പോലും ഏറ്റെടുത്തുകൊണ്ട് ഇടതുപക്ഷ ഇച്ഛാശക്തിയും പൊതുമേഖലയോടുള്ള പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന ഈ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. 1972-ൽ സ്ഥാപിതമായ കെൽട്രോൺ അങ്ങ്

സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ശ്രദ്ധേയമായ ഒരു ചുവടുവയ്പ്പായിരുന്നു. കേവലം ഒരു നവീകരണമെന്നതിനപ്പുറം Electronic R&D-ക്ക് പ്രധാന്യം നൽകികൊണ്ടും വിസ്മയിപ്പിക്കുന്ന ആശയങ്ങൾ പിറവിയെടുക്കുന്ന ക്യാമ്പസ് ഇൻകുബേറ്ററുകളെ സംയോജിപ്പിച്ചുകൊണ്ടും കേരളത്തിന് അഭിമാനിക്കാവുന്ന ഒരു ആഗോള ഇലക്ട്രോണിക് ബ്രാന്റായി കെൽട്രോണിനെ മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. ഞങ്ങളുടെ മുന്നണിയുടെ മാനിഫെസ്റ്റോയിലും കെൽട്രോണിനും ഇലക്ട്രോണിക്സ് മേഖലയ്ക്കും വലിയ മുൻഗണന നൽകിയിട്ടുണ്ട്. 1973-ൽ കേരളത്തിൽ കെൽട്രോൺ ആരംഭിക്കുമ്പോൾ ഇന്ന് ലോകത്തിന്റെ ഇലക്ട്രോണിക്സ് മേഖലയിലെ പ്രധാനപ്പെട്ട രാജ്യമായി കരുതുന്ന ദക്ഷിണ കൊറിയ ആ മേഖലയിലേയ്ക്ക് ഈ രൂപത്തിൽ പ്രവേശിച്ചിട്ടേയുണ്ടായിരുന്നില്ല. നമ്മൾ ആദ്യമായി ടി.വി. കൊണ്ടുവന്നു. അതോടൊപ്പം ഡൽഹിയിൽ ആദ്യത്തെ മെട്രോ തുടങ്ങുമ്പോൾ അതിന്റെ ഗതാഗത സംവിധാനമൊരുക്കുന്നത് കെൽട്രോണായിരുന്നു. എന്നാൽ പല കാരണങ്ങളാൽ നമുക്ക് ആ മൂല്യം നഷ്ടപ്പെട്ടു. ഇപ്പോൾ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഈ മേഖലയിൽ കേന്ദ്രീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെകൂടി ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ 18 കോടി രൂപ മുടക്കി കെൽട്രോൺ സ്ഥാപിക്കുന്നുണ്ടെന്ന കാര്യം ഈ സഭയെ ഞാൻ അഭിമാനപൂർവ്വം അറിയിക്കുകയാണ്. അതോടൊപ്പം 6 കോടി രൂപ മുതൽമുടക്കി പുതിയ MPP-Rectangular capacitor-ടേയും KVAR capacitor-ടേയും ഉൽപ്പാദന കേന്ദ്രം ആരംഭിക്കുന്നുണ്ട്. സൂപ്പർ കപ്പാസിറ്റർ സാങ്കേതികവിദ്യയുടെ വികസനത്തിനായി കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനങ്ങളായ Vikram Sarabhai Space Centre (VSSC), SEMAT, Naval Materials Research Laboratory (NMRL) എന്നിവയുമായി സഹകരിച്ചുവരുന്നുണ്ട്. അതോടൊപ്പം തന്നെ ഞാൻ നേരത്തെ സൂചിപ്പിച്ച The Naval Physical and Oceanographic Laboratory (NPOL)-മായി കഴിഞ്ഞ ഓഗസ്റ്റ് 7-ന് MoU ഒപ്പുവച്ചു. അതിന്റെ ഭാഗമായി ഡിഫൻസിൽനിന്ന് 90 കോടി രൂപയുടെ ഓർഡറുകൾ കെൽട്രോണിന് കിട്ടി. 63 കോടി രൂപയുടെ പുതിയ ഓർഡറുകളും ലഭിച്ചിട്ടുണ്ട് അങ്ങനെ മൊത്തം 153 കോടി രൂപയുടെ പുതിയ ഓർഡറുകൾ ഡിഫൻസിൽനിന്നുതന്നെ കെൽട്രോണിന് ലഭിച്ചിട്ടുണ്ട്. കെൽട്രോൺ കേന്ദ്രമായി ഇലക്ട്രോണിക്സ് മേഖല ശക്തിപ്പെടുത്തണം. എന്നാൽ ഇലക്ട്രോണിക്സ് മേഖലയിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കെൽട്രോണിനെക്കൊണ്ടുമാത്രം കഴിയില്ല. അതിന് മറ്റ് സ്വകാര്യ സംരംഭങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്ന സമീപനം സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, കഴിഞ്ഞ 40 വർഷത്തിലേറെയായി ചങ്ങനാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വർഷങ്ങളായി തുക അടച്ച് പട്ടയത്തിനുവേണ്ടി കാത്തിരിക്കുകയാണ്. പട്ടയം ലഭിക്കാൻവേണ്ടുന്ന കാര്യങ്ങൾ സ്വീകരിക്കുമോ; അതുപോലെ ഇലക്ട്രോണിക്സ് സംബന്ധമായി പൂട്ടികിടക്കുന്ന സ്ഥാപനങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച പ്രത്യേക കാര്യം പരിശോധിച്ചശേഷം പറയാം. എന്തായാലും ലാന്റ് അലോട്ട്മെന്റ് സംബന്ധിച്ചുള്ള സങ്കീർണ്ണതകൾ അവസാനിപ്പിക്കുന്നതും ലളിതവൽക്കരിക്കുന്നതുമായ നടപടികൾ സംബന്ധിച്ച് ഞാൻ കഴിഞ്ഞ ചോദ്യത്തിന്റെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ഏത് സ്ഥലങ്ങളിലാണ് ഇലക്ട്രോണിക്സ് നടത്താൻ കഴിയുകയെന്നുള്ളത് ഒരു പഠനത്തിന്റെകൂടി അടിസ്ഥാനത്തിലാണ് നോക്കുക. ഓരോ മേഖല എന്തിനാണ് അനിയോജ്യമായിരിക്കുന്നതെന്ന തരത്തിൽ നമുക്ക് പല ഘടകങ്ങളുണ്ടാകും. പല ഘടങ്ങളുടെയും ഫീസിബിലിറ്റി സ്റ്റഡി അടിസ്ഥാനപ്പെടുത്തിയായിരിക്കും ഗവൺമെന്റ് ഓരോ മേഖലയും എന്തിനുവേണ്ടിയായിരിക്കുമെന്ന് നിശ്ചയിക്കുക. ഇലക്ട്രോണിക്സിന് കഴിയാവുന്ന ഇടങ്ങളിൽ പ്രാമുഖ്യം നൽകണമെന്നാണ് ഗവൺമെന്റ് കാണുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇലക്ട്രോണിക്സ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി മാത്രമായി സംസ്ഥാനത്ത് അതിന് യോജിച്ച പ്രദേശങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കാൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഓരോ പ്രദേശത്തും ഏതെല്ലാം സാധ്യതകളുണ്ടെന്നുള്ളത് അന്തർദേശീയവും ദേശീയവുമായിട്ടുള്ള ഘടകങ്ങൾ, സ്ഥലത്തിന്റെ പ്രത്യേകത എന്നിവയുടെയെല്ലാം പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ആരംഭിക്കുക. എന്നാൽ ഗവൺമെന്റിന്റെ ഫോക്കസ് ഏരിയകൾ സൂചിപ്പിച്ചിരുന്നു. ഐ.ടി. ടൂറിസം കൂടാതെ ഇലക്ട്രോണിക്സും അതോടൊപ്പം ഡിവൈസ്, ഫാർമസ്യൂട്ടിക്കൽസ്, കൺസ്യൂമബിൾസ്, അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ് എന്നിവയാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രാമുഖ്യമുള്ള മേഖലകൾ. നേരത്തെ സൂചിപ്പിച്ച എസ്റ്റേറ്റുകളിൽ ഈ മേഖലകളിലുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ പ്രത്യകമായി പദ്ധതി കൊണ്ടുവരും. ESG-യെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. അതിനുള്ള നയം രൂപീകരിക്കുമ്പോൾ പ്രത്യേകമായി ഇൻസെന്റീവും ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങയുടെ മറുപടിയിൽ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനെ സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് വന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതി അംഗങ്ങൾ മുൻവിധിയോടെയാണ് പദ്ധതി പ്രദേശത്തേയ്ക്ക് ചെല്ലുന്നത്. ഈ പദ്ധതി വരരുത് എന്ന താൽപര്യത്തോടെയാണ് ചിലർ അതിനകത്ത് പ്രവർത്തിക്കുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വരുന്നു. അത് നിങ്ങളുടെ പ്രകടന പത്രികയിലുള്ള ഒരു കാര്യമാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ച് ഉചിതമായ തീരുമാനം ആവശ്യമാണ്. അതുസംബന്ധിച്ച് ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ശ്രീ. പി. രാജീവ്: സർ, ഏറ്റവും പ്രധാനപ്പെട്ട എല്ലാ ഡിപ്പാർട്ട്മെന്റിലേയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിലുള്ള ഒരു സംവിധാനമാണുള്ളത്. അവിടെയുള്ള പരിമിതിയെന്നുപറയുന്നത്, Coastal Regulation Zone (CRZ) ആണ്. അതോടൊപ്പം ramsar site എന്നത് അതീവ ജൈവ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. രേഖകൾ അടിസ്ഥാനപ്പെടുത്തിയാണ് ഈ റിപ്പോർട്ട് വന്നിട്ടുള്ളത്. ആ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് അതിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കും. അവിടെ തുടങ്ങണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രഖ്യാപനം. പക്ഷെ തുടങ്ങാൻ കഴിയുന്നതുകൂടിയായിരിക്കണം. തുടങ്ങാൻ നിയമപരമായി കഴിയുന്നെങ്കിൽ എത്രയും പെട്ടെന്നുതന്നെ ഗവൺമെന്റ് നടപടി സ്വീകരിക്കും. അല്ലെങ്കിൽ മറ്റൊരു സംവിധാനത്തിലേയ്ക്ക് പോകും.

മി. സ്പീക്കർ: ഓർഡർ, ഓർഡർ... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി. എസ്. ടി. വകുപ്പിന്റെ പുനഃസംഘടന

4 (*184) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലായതോടെ നികുതി ഭരണത്തിലുണ്ടായ മാറ്റത്തിനനുസൃതമായി ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജി.എസ്.ടി നടപ്പിലായതോടെ സംസ്ഥാനത്തെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമായി വന്നു. നികുതി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 13-8-2018-ലെ G.O.(Rt) No.593/2018/TAXES പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിച്ചു. പ്രസ്തുത സമിതി ലഭ്യമാക്കിയ പുനഃസംഘടനാ നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പരിശോധിച്ചുവരികയാണ്. ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവികൾ (Designation) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ മറ്റു സംസ്ഥാനങ്ങളുടേതിന് തുല്യമായി ഉയർത്തിയിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതോടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികമായി വന്ന 234 ഓഫീസ് അറ്റന്റന്റ് തസ്തികകളിൽ 26 എണ്ണം സംസ്ഥാന ലോട്ടറി വകുപ്പിലേയ്ക്കും, 208 എണ്ണം പഞ്ചായത്ത് വകുപ്പിലേയ്ക്കും വിന്യസിച്ചിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി 16 ഓഡിറ്റ് ടീമുകൾ രൂപീകരിക്കുന്നതിനായി വകുപ്പിൽ ലഭ്യമായ ജീവനക്കാരെയുൾപ്പെടുത്തി ട്രെയിനിംഗ് നൽകിക്കഴിഞ്ഞു.

(ബി) ഉപഭോക്താക്കളിൽനിന്നും ഉല്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേയ്ക്ക് അടയ്ക്കാതെ വ്യാപാരികൾ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാനുപയോഗിക്കുന്നത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമായിട്ടുണ്ടോ?

ഉപഭോക്താക്കളിൽനിന്നും ഉല്പന്നവിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേയ്ക്ക് അടയ്ക്കാത്ത വ്യാപാരികളുടെ റിട്ടേണുകൾ പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് മുൻഗണന പട്ടിക തയ്യാറാക്കിയ കേസുകളിൽ പരിശോധനകൾ, സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി നികുതി നിർണ്ണയത്തിന് അനിവാര്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച്, ആയത് നികുതി നിർണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശിയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലെയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിലുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി

പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതി ദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനത്തിനും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുംവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മ പരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രഡിറ്റും കണ്ടെത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്.

(സി) ചെക്ക്പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് ഏർപ്പെടുത്തിയ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവും ഇ-വേ ബിൽ സംവിധാനവും കാര്യക്ഷമമാണോ; വ്യക്തമാക്കുമോ?

1-4-2018 മുതലാണ് ഇന്ത്യയിൽ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയത്. 50,000 രൂപക്ക് മുകളിൽ മൂല്യമുള്ള ചരക്കുനീക്കത്തിനാണ് നിലവിൽ ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുള്ളത്. 15-4-2018 മുതൽ കേരളത്തിനകത്തുള്ള ചരക്കുനീക്കത്തിനും ഇ-വേ ബിൽ നിർബന്ധമാക്കി. ഈ സംവിധാനം നിലവിൽ വന്നതോടെ വ്യാപാരി നടത്തുന്ന പ്രധാനപ്പെട്ട എല്ലാ ചരക്കുനീക്കങ്ങളുടെയും വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നികുതി നിർണ്ണയ അധികാരിക്ക് ലഭ്യമാകുന്നു. അതുപ്രകാരം വ്യാപാരികൾ റിട്ടേൺ മുഖേന വെളിപ്പെടുത്തുന്ന വ്യാപാര വിവരങ്ങൾ ടി സംവിധാനത്തിൽ വെളിപ്പെടുത്തിയ വിവരങ്ങളുമായി താരതമ്യം ചെയ്യാൻ ഇ-വേ ബിൽ നികുതി നിർണ്ണയ അധികാരിക്ക് സാധ്യമാകുന്നു. ഇതുവഴി വ്യാപാരികൾ നികുതിവെട്ടിപ്പ് നടത്തുന്നുണ്ടോയെന്ന് വിലയിരുത്താനും നികുതി ചോർച്ചതടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കഴിയുന്നു. അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി പ്രധാനപ്പെട്ട പ്രദേശങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഡാറ്റാ അനലിറ്റിക്കൽ സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ 2019-20 സാമ്പത്തിക വർഷത്തിലാണ് ചരക്ക് സേവന നികുതി വകുപ്പിൽ ഡാറ്റ അനലിറ്റിക്സ് യൂണിറ്റ് സ്ഥാപിച്ചത്. ഡാറ്റ അനലിറ്റിക്സ് സംവിധാനത്തിലൂടെ കേരളത്തിലുള്ള വ്യാപാരികളെ അവരുടെ വ്യാപാര മേഖലയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിലൂടെ ഓരോ മേഖലയുടെയും വ്യാപാര വളർച്ചകളും താഴ്ചകളും നികുതി വരുമാനത്തിലെ ഏറ്റക്കുറച്ചിലുകളും താരതമ്യപഠനം നടത്തി വ്യതിയാനമുള്ളവരെ കണ്ടെത്തി വിശദ പരിശോധനയ്ക്കായി നികുതി നിർണ്ണയ അധികാരിക്ക് ലഭ്യമാക്കിവരുന്നു. നിയമപ്രകാരം അനുവദനീയമല്ലാത്ത ഇൻപുട് ക്രെഡിറ്റ് സ്വീകരിക്കാൻ സാധ്യതയുള്ള വ്യപാരികളെ കണ്ടെത്തി വിവരങ്ങൾ കൂടുതൽ പരിശോധനകൾക്കായി നികുതി നിർണ്ണയ അധികാരിയ്ക്ക് ലഭ്യമാക്കി വരുന്നു. വ്യാപാരികൾ വിവിധ സ്രോതസ്സുകളിൽ വെളിപ്പെടുത്തിയ വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച രൂപത്തിൽ നികുതിനിർണ്ണയ അധികാരിക്ക് ലഭ്യമാക്കി വരുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാപാരി സമർപ്പിക്കുന്ന നികുതി റിട്ടേണിന്റെ കൃത്യത പരിശോധിക്കാൻ നികുതി നിർണ്ണയ അധികാരിക്ക് സാധിക്കുകയും കൃത്രിമം കാട്ടുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ച് നികുതി ചോർച്ച തടയുന്നതിനും സാധിക്കുന്നു. ഓരോ വ്യാപാരിയുടെയും നികുതി റിട്ടേൺ സമർപ്പിക്കുന്നതിലെ സമയനിഷ്ഠയും, വിവരങ്ങളിലെ കൃത്യതയും തിട്ടപ്പെടുത്തി പ്രൊഫൈൽ കാർഡ് തയ്യാറാക്കി സൂക്ഷ്മനിരീക്ഷണത്തിനായി നികുതി നിർണ്ണയ അധികാരികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വ്യവസായ പരിശോധന സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

5 (*185) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭക സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വ്യവസായ പരിശോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള വ്യവസായ പരിശോധന സംവിധാനം കാര്യക്ഷമമായും സുതാര്യമായും സംരംഭക സൗഹൃദമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വ്യവസായ അനുമതിക്കായുള്ള പരിശോധനകൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയതായി രൂപീകരിക്കുന്ന പരിശോധന സംവിധാനത്തിൽ വൈദ്യുതി കണക്ഷൻ, വൈദ്യുതി സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട സർക്കാർ സംവിധാനങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി)വ്യവസായ സംരംഭക സൗഹൃദ അന്തരീക്ഷം ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള അനുമതികൾ പരിശോധന കൂടാതെ മൂന്ന് വർഷത്തേയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തൽ വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യം നിയമപിന്തുണയോടെ നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധന ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്, ഇ-മെയിൽ മുഖേന നൽകും. പരിശോധനക്ക് ശേഷം അതുസംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വ്യവസായ സുരക്ഷ നിയമങ്ങളിലും നടപടിക്രമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശിപാർശയോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. NUALS-ന്റെ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി വ്യവസായ സമൂഹവുമായും, വിവിധ വ്യവസായ അസോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിക്കുന്ന സംഭവങ്ങൾ**

6 (*186) ശ്രീമതി കെ. കെ. രമ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ചില രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പണം പിരിക്കാൻ വ്യവസായികളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇത് ഗൗരവമായി കാണുന്നുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് കരുതുന്നുണ്ടോ?

തികച്ചും ഒറ്റപ്പെട്ട സംഭവങ്ങൾ പൊതുവിൽ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ബാധിക്കുന്നതല്ല.

(സി) വ്യവസായ സൗഹൃദ അന്തരീക്ഷം തകർക്കുന്നതായി പറയപ്പെടുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ മേഖലയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിക്കാൻ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്കും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്കും അധികാരം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും ഇത്തരം സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് പാർക്ക് തലത്തിലും മേഖലാ തലത്തിലും ടി സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ തലത്തിലും പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭക തലത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുകയാണെങ്കിൽ പ്രസ്തുത പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി 'മീറ്റ് ദി മിനിസ്റ്റർ', 'മീറ്റ് ദി ഇൻവെസ്റ്റർ' എന്നീ പരിപാടികൾ നടത്തി വരുന്നുണ്ട്. നോക്കുകൂലി എന്ന പേരിൽ നടത്തുന്ന തെറ്റായ പ്രവണതയെ ഇല്ലാതാക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിച്ചിട്ടുള്ളതും ഇക്കാര്യത്തിൽ പോലീസ് കർശനമായ സമീപനം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

7 (*187) ശ്രീ. തോമസ് കെ. തോമസ് :
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജ കേരള മിഷൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 'സൗര'. സംസ്ഥാനത്തെ വൈദ്യുതോത്പാദന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ഇതുവഴി ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറ നിലയങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഇതരമാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ടുമാണ് കൂട്ടിച്ചേർക്കപ്പെടുന്നത്. സംസ്ഥാനത്ത് സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി പുരപ്പുറ സൗരോർജ്ജ പദ്ധതി വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കേരളത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി റെസ്കോ - റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സൗരവൈദ്യുത നിലയം സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇത്തരത്തിൽ അനെർട്ട് റെസ്കോയായിട്ടുള്ള പദ്ധതി പ്രകാരം തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറി, എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി എന്നിവിടങ്ങളിൽ 350 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്ലാന്റുകളിൽനിന്നും പ്രതിവർഷം 5 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി വീതം ഉത്പാദിപ്പിക്കാൻ സാധിക്കും. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ റെസ്കോ മാതൃകയിൽ പുരപ്പുറ സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന്റെ പരിഗണനയിലാണ്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) വീടുകളിൽ ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പദ്ധതികൾ സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ സബ്സിഡിയോടു കൂടി സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന പദ്ധതിയിൽ 25 മെഗാവാട്ട് ഈ വർഷം അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം അനെർട്ടിൽ ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി നൽകുന്നുണ്ട്. ഈ വർഷം ഈ പദ്ധതിയിൽ 1.5 മെഗാവാട്ട് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ സബ്സിഡി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

'സൗര' പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ സബ്സിഡി നിലവിലുള്ളത്. ഈ പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെ

ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% സബ്സിഡിയും, തുടർന്ന് 20% സബ്സിഡിയും എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നത്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2, 3 KW വിഭാഗങ്ങൾക്കായി കേരളാ മോഡൽ നിലവിലുണ്ട്.

(സി) പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ച് വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 100 MW ന്റെ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി നടപ്പാക്കുന്നതിന് സ്ഥലമെടുപ്പ് നടന്നുവരുന്നു. കാറ്റിൽ നിന്നും 74.1 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നതിൽ നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജപ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ നിന്ന് പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 320 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 51 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൻ.ആർ.ഇ. കംമ്പോണന്റ് 'എ' പ്രകാരമുള്ള Model- 1:- ഭൂവുടമയ്ക്കോ അല്ലെങ്കിൽ ഡെവലപ്പർ മുഖേനയോ 500 KW മുതൽ 2 MW വരെ സോളാർ പദ്ധതി സ്ഥാപിക്കുന്നതും, അവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ താരിഫ് ബേസ്ഡ് കോമ്പറ്റിറ്റീവ് ബിഡിംഗ് വഴിയായിരിക്കും പവർ പർച്ചേസ് നടത്തുക. കർഷകർക്ക് ഒരു യൂണിറ്റിന് 20 പൈസ നിരക്കിൽ ആനുകൂല്യം നൽകും. മുൻപ് ഒരു യൂണിറ്റിന് 10 പൈസ നിരക്ക് പ്രഖ്യാപിച്ചപ്പോൾ കർഷകർ ഈ പദ്ധതിക്കായി താത്പര്യം കാണിച്ചില്ല. അതുകൊണ്ടാണ് ഒരു യൂണിറ്റിന് 20 പൈസ നിരക്കിൽ ഇപ്പോൾ വർദ്ധിപ്പിച്ചത്.

Model- 2:- 2000 പമ്പുകളെ ഫീഡർ തലത്തിൽ സൗരോർജ്ജവത്കരിക്കാനാണ് ലക്ഷ്യമിടുന്നത്. 30% സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. കേരളത്തിൽ സൗരോർജ്ജ മേഖലയിൽ റെസ്കോ - റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരവൈദ്യുത നിലയം സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇത്തരത്തിൽ അനെർട്ട് റെസ്കോയായിട്ടുള്ള പദ്ധതി പ്രകാരം വിവിധ സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിൽ റെസ്കോ മാതൃകയിൽ സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 500 കിലോവാട്ട് സൗരോർജ്ജ പാനലുകൾ കൂടി കൂട്ടിച്ചേർത്ത് ഒരു മെഗാവാട്ട് പ്ലാന്റ് ഡിസംബർ

മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഹിൽ സ്റ്റേഷനിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിയുള്ള മൈക്രോഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. അനെർട്ട് നേരിട്ട് പത്തോളം സോളാർ അധിഷ്ഠിത ചാർജ്ജിംഗ് സ്റ്റേഷനുകൾ ഈ സാമ്പത്തിക വർഷം സ്ഥാപിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ സൗരോർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ എനർജി മാനേജ്മെന്റ് സെന്റർ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയ ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോകൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ കേരളത്തിൽ പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ/ ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-9-2021-ൽ എനർജി മാനേജ്മെന്റ് സെന്റർ (EMC) താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. പുതുആശയങ്ങൾക്ക് പ്രോത്സാഹനം നല്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതിക വിദ്യ/ആശയങ്ങൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ പരിശോധിച്ച് സംസ്ഥാനത്തിന്റെ അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു.

## സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമം

8 (*188) ശ്രീ. ടി. സിദ്ദിഖ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് നിയമം കൊണ്ടുവരാൻ നിയമവകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായത്തിന് നൽകിയ കരട് നിയമത്തിലെ വ്യവസ്ഥകളും സംസ്ഥാനത്ത് ഇത്തരത്തിലൊരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഭരണവകുപ്പ് പരിശോധിച്ചതായും നയപരമായ തീരുമാനം കൈക്കൊണ്ടതായും കാണാത്തതിനാൽ സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല.

(ബി) സംഘടിത കുറ്റവാളികളെ വിചാരണ കൂടാതെ 180 ദിവസം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കാമെന്ന കരട് നിയമത്തിലെ ശിപാർശയിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം വ്യക്തമാക്കാമോ;

(സി) പോലീസിന് നൽകുന്ന മൊഴി തെളിവായി സ്വീകരിക്കാമെന്ന കരട് നിയമത്തിലെ വ്യവസ്ഥ കേന്ദ്ര തെളിവ് നിയമത്തിന് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കരട് നിയമത്തിന്മേൽ നയപരമായ തീരുമാനം കൈക്കൊണ്ട് ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കരടിലെ വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നിയമവകുപ്പ് നടത്തിയിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

9 (*189) ശ്രീ. കെ. യു. ജനീഷ് കുമാർ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. വി. ശ്രീനിജിൻ :
ശ്രീ. കെ. വി. സുമേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന-വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയും മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി അവരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ

പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതുപോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉല്പാദനക്ഷമത, മാലിന്യ സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വാർഷിക ഉത്പാദന ശേഷി 15000 മെട്രിക് ടൺ ആണെങ്കിലും മാലിന്യ സംസ്കരണ പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകാത്തത് കൊണ്ട് ഉല്പാദന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ലെന്നതാണ് നിലവിൽ കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ യന്ത്ര സാമഗ്രികളുടെ നവീകരണം, പുതിയ സാങ്കേതിക വിദ്യ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ആവശ്യമായ മാലിന്യ സംസ്കരണ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി അടുത്ത അഞ്ച് വർഷം കൊണ്ട് പ്രതിവർഷം ഉല്പാദനം 20,000 ടണ്ണായി ഉയർത്തുന്നതിനും വിറ്റുവരവ് 350 കോടിയായി വർദ്ധിപ്പിക്കുന്നതിനായി ഏകദേശം 400 കോടി രൂപയുടെ പദ്ധതികൾ ഉൾകൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ കമ്പനി തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായുള്ള ന്യൂട്രലൈസേഷൻ പ്ലാൻറ് നിലവിൽ പ്രവർത്തിച്ചുവരുന്നു. കൊപ്പറാസ് റിക്കവറി പ്ലാൻറ് 2021 നവംബർ മാസത്തോടുകൂടി പ്രവർത്തനക്ഷമമാകുന്നതോടുകൂടി മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെട്ട നിലയിൽ എത്തിച്ചേരും. ഖരമാലിന്യത്തിൽ നിന്നുള്ള ഇന്റർലോക് ഇഷ്ടികകൾ, ഗൃഹനിർമ്മാണത്തിനുള്ള ഇഷ്ടികകൾ, തുടങ്ങിയവ നിലവിൽ ഉൽപ്പാദിപ്പിച്ചുവരുന്നു. തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി ഖരമാലിന്യത്തിൽ നിന്ന് ടെട്രാപോഡുകളും പരീക്ഷണാർത്ഥം നിർമ്മിച്ച് സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്.

(സി) കമ്പനിയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിനെ മാലിന്യ മുക്തമായ കമ്പനി ആക്കുന്നതിന്റെ ഭാഗമായി മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ബൃഹത് പദ്ധതി കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്. 235 കോടി ചെലവ് പ്രതീക്ഷിക്കുന്ന മൂന്ന് പദ്ധതികൾ സർക്കാരിന്റെയും ധനകാര്യ സ്ഥാപനങ്ങളുടേയും സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. മാലിന്യങ്ങളിൽ നിന്ന് അയൺ ഓക്സൈഡുകൾ, സോഡിയം സൾഫേറ്റ്, പ്ലാസ്റ്റർ ഓഫ് പാരീസ് തുടങ്ങിയവയും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമാണ് ടി പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത്.

## പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം

10 (*190) ശ്രീ. എ. പ്രഭാകരൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജസ്രോതസുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പുനരുപയോഗ വൈദ്യുതോല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി)സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജസ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെകൊടുക്കുന്നു:

(1) താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു:

| | |
|---|---|
| പഴശ്ശിസാഗർ 7.5 മെഗാവാട്ട് | 25.16 Mu |
| പെരുവണ്ണാമൂഴി 6 മെഗാവാട്ട് | 24.7 Mu |
| ഭൂതത്താൻകെട്ട് 24 മെഗാവാട്ട് | 83.5 Mu |
| പൊരിങ്ങൽകുത്ത് 24 മെഗാവാട്ട് | 45.02 Mu |

| | |
|---|---|
| ചാത്തൻകോട്ടുനട സ്റ്റേജ് – II -6 മെഗാവാട്ട് | 14.76 Mu |
| പള്ളിവാസൽ-II | 24 Mu |
| ചിന്നാർ സ്റ്റേജ് – I – 24 മെഗാവാട്ട് | 76.45 Mu |

(2) താഴെ പറയുന്ന പദ്ധതികളുടെ കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

| | |
|---|---|
| മരിപ്പുഴ – 6 മെഗാവാട്ട് | 14.84 Mu |
| ഒളിക്കൽ - 5 മെഗാവാട്ട് | 10.26 Mu |
| പൂവാരം തോട്– 3 മെഗാവാട്ട് | 5.88 Mu |
| ആനക്കയം – 7.5 MW | 22.83 Mu |

(3) താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു:

| | |
|---|---|
| വളാംതോട്– 7.5 മെഗാവാട്ട് | 15.29 Mu |
| ചെമ്പ്കടവ് III - 7.5 മെഗാവാട്ട് | 16.65 Mu |
| ചാത്തൻകോട്ടുനട I – 5 മെഗാവാട്ട് | 12.06 Mu |
| പശുകടവ് - 4 മെഗാവാട്ട് | 10.34 Mu |
| അപ്പർ ശെങ്കുളം -24 മെഗാവാട്ട് | 53.22 Mu |
| ലാഡ്രം - 3.5 മെഗാവാട്ട് | 12.13 Mu |
| മാർമല – 7 മെഗാവാട്ട് | 23.02 Mu |
| പിച്ചാട് – 3 മെഗാവാട്ട് | 7.74 Mu |
| വെസ്റ്റേൺ കല്ലാർ - 5 മെഗാവാട്ട് | 17.21 Mu |
| ദേവിയാർ - 24 മെഗാവാട്ട് | (സ്ഥലമെടുപ്പ് ആവശ്യമില്ല) |

സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 320 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കാസർഗോഡ് ചീമേനിയിൽ 100 Mw സോളാർ പദ്ധതിയുടെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കുവാനും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി- യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ 4-5-2021- ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ്ശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിച്ച് അനുയോജ്യമായ തരിശ്ശു നിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണത്തിനായി എം.എൻ.ആർ.ഇ-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജവത്ക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും 74.1 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സൗര പുരപ്പുറ പദ്ധതി പ്രകാരം 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറനിലയങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഇതരമാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ടും ആണ് പദ്ധതി മുഖേന കൂട്ടിച്ചേർക്കപ്പെടുന്നത്. പുനരുപയോഗ വൈദ്യുതോത്പാദനത്തിൽ പുരപ്പുറ സൗര പദ്ധതി പ്രകാരം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള ഉത്പാദന ശേഷി താഴെ പറയുന്ന പ്രകാരമാണ് സൗര ഒന്നാംഘട്ട പദ്ധതി പ്രകാരം 9.437 MW പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 299 നിലയങ്ങൾ വഴി 1250kW ശേഷി പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ ഇ.എം.സി. വഴി മുന്നോട്ട് പോകുകയാണ്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പദ്ധതികളുടെ സംരംഭകരിൽ ചിലർ സർക്കാരിലേയ്ക്കുള്ള അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുകയും ഉടനെ തന്നെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ചില സംരംഭകർ കോവിഡ് 19 മൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തിൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് വയ്ക്കുവാനും, അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കാനും കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ തിരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയ ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ കേരളത്തിൽ

പിക്കോ/മൈക്രോ ഹൈഡ്രോ/ മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതിക വിദ്യകൾ/ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-9-2021-ൽ EMC താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. പുതുആശയങ്ങൾക്ക് പ്രോത്സാഹനം നല്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതിക വിദ്യ/ആശയങ്ങൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് ഇ.എം.സി പരിശോധിച്ച് സംസ്ഥാനത്തിന്റെ അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആനക്കാംപൊയിൽ ചെറുകിട ജല വൈദ്യുത പദ്ധതി (8 MW) കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. അതോടൊപ്പം അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) COD (Commercial Date of Operation)യ്ക്ക് വേണ്ടി കാത്ത് നിൽക്കുകയാണ്. അരിപ്പാറ പദ്ധതി ഉടൻ ഉദ്ഘാടനം നടത്താൻ സാധിക്കും. 36.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് വിവിധ പദ്ധതികളിലൂടെ അനെർട്ട് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 20.3 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിതവും, 16.4 മെഗാവാട്ട് ബാറ്ററി ശേഖരണ സംവിധാനമുള്ള ഓഫ് ഗ്രിഡ് പ്ലാന്റുകളുമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്ക്, ടെക്നിക്കൽ കൺസൽട്ടൻസി എന്നീ രീതികളിൽ അനെർട്ട് ചെയ്തുവരുന്നു. കേരളത്തിൽ സൗരോർജ്ജ മേഖലയിൽ റെസ്കോ-റിന്യൂവബിൾ എനർജി സർവീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരവൈദ്യുതനിലയം സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇത്തരത്തിൽ അനെർട്ട് റെസ്കോയായിട്ടുള്ള പദ്ധതി പ്രകാരം തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറി, എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി എന്നിവിടങ്ങളിൽ 350 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്ലാന്റുകളിൽ നിന്നും പ്രതിവർഷം 5 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതിവീതം ഉല്പാദിപ്പിക്കാൻ സാധിക്കും. വിവിധ സർക്കാർ

സ്ഥാപനങ്ങളിൽ റെസ്കോ മാതൃകയിൽ സൗരവൈദ്യുതനിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന്റെ പരിഗണനയിലാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 500 കിലോവാട്ട് സൗരോർജ്ജ പാനലുകൾ കൂടി കൂട്ടിച്ചേർത്ത് ഒരു മെഗാവാട്ട് പ്ലാന്റ് ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഹിൽ സ്റ്റേഷനിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിയുള്ള മൈക്രോ ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. അനെർട്ട് നേരിട്ട് പത്തോളം സോളാർ അധിഷ്ഠിത ചാർജിങ് സ്റ്റേഷനുകൾ ഈ വർഷം സ്ഥാപിക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല അനെർട്ടിനാണ്. അനെർട്ട് നൽകിയ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി 67.85 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സൗരോർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജക

മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. പുനരുപയോഗ വൈദ്യുതോല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അനെർട്ട് ഇതുവരെ വിവിധ പദ്ധതികളിലൂടെ 36.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 20.3 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിതവും, 16.4 മെഗാവാട്ട് ബാറ്ററി ശേഖരണ സംവിധാനമുള്ള ഓഫ് ഗ്രിഡ് പ്ലാന്റുകളുമാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതല അനെർട്ടിനാണ്. അനെർട്ട് നൽകിയ സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി 67.85 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) വൈദ്യുതിയുടെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഊർജ്ജ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

**1.വിതരണമേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം:** വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി അടിമാലി, രാജക്കാട്, ഒല്ലൂർ സെക്ഷനുകളുടെയും പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങളും തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

**2. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി:** വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവ് വരെ ഒഴിവാക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക്ക്

സെക്ഷനുകളിൽ എച്ച്.വി.ഡി.എസ് പദ്ധതി നടപ്പിലാക്കി. കൂടാതെ 2018-19 -ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരൂർ 15 കെ.വി.എ.-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻസിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതിയുടെ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 40 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ് പദ്ധതിയുടെ പ്രവർത്തനങ്ങളും ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന് പരിധിയിൽ 46 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**3. ഫിലമെന്റ് രഹിത കേരളം പദ്ധതി:** കേരള സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ വിതരണം ചെയ്തു വരുന്നു. ടി പദ്ധതി കെ.എസ്.ഇ.ബി.എൽ-ന്റെ നേതൃത്വത്തിൽ ഇ.എം.സി-യുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഏകദേശം 250 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഫിലമെന്റ് ബൾബുകളിലെ മെർക്കുറി സൃഷ്ടിക്കുന്ന മലിനീകരണ സാധ്യത കുറയ്ക്കുവാനും ഹരിതഗൃഹവാതക ഉത്സർജനം കുറയ്ക്കുന്നതിനും സാധിക്കുന്നു. ഈ പദ്ധതിവഴി ഇതിനോടകം 95 ലക്ഷത്തിൽപരം LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ ആശയങ്ങൾ എന്നിവയുടെ സാധ്യതാ പഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-9-2021-ൽ EMC താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഊർജ്ജക്ഷമത ഉൾപ്പെടെയുള്ള നൂതന ആശയങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഈ സാങ്കേതിക വിദ്യകൾ/ആശയങ്ങൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് സംസ്ഥാനത്തിന്റെ അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജല വൈദ്യുത നിലയങ്ങളുടെ നവീകരണം**

11 (*191) ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജലവൈദ്യുത പദ്ധതികൾ മിക്കവയും പഴക്കം ചെന്നവയായതിനാൽ അത്തരം നിലയങ്ങളുടെ നവീകരണത്തിന് പരിപാടിയുണ്ടോ?

ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രജല കമ്മീഷന്റെ സാങ്കേതിക മേൽനോട്ടത്തിലും ലോകബാങ്കിന്റെ സാമ്പത്തിക സഹായത്താലും ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) നടപ്പാക്കി വരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പഴയ ജലവൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ വകയിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇടുക്കി ജലവൈദ്യുത പദ്ധതി 1st stage (3x130 MW) R&M

2. ഷോളയാർ ജലവൈദ്യുത പദ്ധതി (3x18xMW) R&M

3. ഷോളയാർ പെൻസ്റ്റോക്ക് നവീകരണ പദ്ധതി

4. പൊരിങ്ങൽക്കുത്ത് (4x8 MW to 4x9 MW) RMU

5. പൊരിങ്ങൽക്കുത്ത് പെൻസ്റ്റോക്ക് നവീകരണപദ്ധതി ഇവ കൂടാതെ കുറ്റ്യാടി (3x25 MW to 3x27.5 MW) പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) 2011-16 കാലയളവിൽ മുടങ്ങിക്കിടന്ന ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ സർക്കാർ പുനരാരംഭിച്ചതെന്നും അവയുടെ പൂർത്തീകരണത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങളും അറിയിക്കാമോ?

2011-16 കാലയളവിൽ നിർമ്മാണം മുടങ്ങിക്കിടന്ന തൊട്ടിയാർ ജലവൈദ്യുതി പദ്ധതി (40MW/99Mu) 6-4-2018-ലും ചെങ്കുളം ആഗ്മെന്റേഷൻ സ്കീം (85 Mu) 18-3-2019-ലും കഴിഞ്ഞ സർക്കാർ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ, ചാത്തൻ കോട്ടുനട- II (6Mw-14.76Mu) പുനരാരംഭിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പള്ളിവാസൽ വിപുലീകരണ പദ്ധതി (2x30 മെഗാവാട്ട്) മുടങ്ങിക്കിടന്ന ജോലികൾ Re-Tender-ലൂടെ പുനരാരംഭിക്കുകയും

അടുത്ത വർഷം മേയ് മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ പൊരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24MW) യുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഇപ്പോൾ പദ്ധതിയുടെ 95.94 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. 2022 ജനുവരി ആദ്യ ആഴ്ചയിൽ തന്നെ മെക്കാനിക്കൽ സ്പിന്നിംഗ് നടത്തി പദ്ധതി പൂർത്തീകരണത്തിലേയ്ക്ക് എത്തിക്കാനുള്ള തീവ്രശ്രമത്തിലാണ്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2013-14 കാലയളവിൽ മൊത്തം 110.45 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 25 വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ ഇ.എം.സി വഴി നല്കിയിരുന്നു. ഈ അലോട്ട് ചെയ്ത പദ്ധതികളിൽനിന്നും കഴിഞ്ഞ സർക്കാർ (2016-21) കാലയളവിൽ പാതംകയം (8 MW) പൂർത്തിയാക്കി ഗ്രിഡിൽ വൈദ്യുതി എത്തിക്കുകയും ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4.5 MW) എന്നീ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇനി ബൃഹദ് ജലവൈദ്യുത പദ്ധതികളുടെ സാധ്യത കുറവായതിനാൽ ചെറുകിട പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും ഇടുക്കിയിൽ രണ്ടാം വൈദ്യുത നിലയം സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു:

| | |
|---|---|
| പഴശ്ശിസാഗർ 7.5 മെഗാവാട്ട് | 25.16Mu<br>കണ്ണൂർജില്ല |
| പെരുവണ്ണാമൂഴി 6 മെഗാവാട്ട് | 24.7 Mu<br>കോഴിക്കോട് |
| ഭൂതത്താൻകെട്ട് - 23 മെഗാവാട്ട് | 83.5 Mu |
| പൊരിങ്ങൽക്കുത്ത് 24 മെഗാവാട്ട് | 45.02Mu |
| ചാത്തൻകോട്ടുനട സ്റ്റേജ് - II, 6 മെഗാവാട്ട് | 14.76 Mu |
| ചിന്നാർ സ്റ്റേജ് - I - 24 മെഗാവാട്ട് | 76.45 Mu |
| തോട്ടിയാർ - 40 മെഗാവാട്ട് | 99Mu |
| പള്ളിവാസൽ എക്സ്റ്റൻഷൻ - 60 മെഗാവാട്ട് | 153.9 Mu |
| ചെങ്കുളം ആഗ്മെന്റേഷൻ | 85 Mu |

(2) താഴെ പറയുന്ന പദ്ധതികളുടെ കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു:

| | |
|---|---|
| മരിപ്പുഴ – 6 മെഗാവാട്ട് | 14.84 Mu |
| ഒളിക്കൽ - 5 മെഗാവാട്ട് | 10.26 Mu |
| പൂവാരംതോട് – 3 മെഗാവാട്ട് | 5.88Mu |
| ആനക്കയം – 7.5 മെഗാവാട്ട് | 22.83Mu |

(3) താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയതും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.

| | |
|---|---|
| വളാംതോട് – 7.5 മെഗാവാട്ട് | 15.29Mu |
| ചെമ്പ്കടവ് III – 7.5 മെഗാവാട്ട് | 16.65Mu |
| ചാത്തൻകോട്ടുനട I- 5 മെഗാവാട്ട് | 12.06 Mu |
| പശുക്കടവ് – 4 മെഗാവാട്ട് | 10.34 Mu |
| അപ്പർശെങ്കുളം – 24 മെഗാവാട്ട് | 53.22 Mu |
| ലാഡ്രം – 3.5 മെഗാവാട്ട് | 12.13 Mu |
| മാർമല – 7 മെഗാവാട്ട് | 23.02 Mu |
| പീച്ചാട് – 3 മെഗാവാട്ട് | 7.74 Mu |
| വെസ്റ്റേൺ കല്ലാർ - 5 മെഗാവാട്ട് | 17.21 Mu |
| ദേവിയാർ - 24 മെഗാവാട്ട് | 25.94 Mu |

കൂടാതെ 13 ഓളം ചെറുകിട പദ്ധതികൾ സാധ്യതാ പഠന ഘട്ടത്തിലാണ്. ഇടുക്കിയിൽ രണ്ടാം വൈദ്യുതി നിലയം ആലോചനയിലുണ്ട്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ ഇ.എം.സി. മുഖാന്തരം മുന്നോട്ട് പോകുകയാണ്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4

മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പദ്ധതികളുടെ സംരംഭകരിൽ ചിലർ സർക്കാരിലേയ്ക്കുള്ള അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുകയും ഉടനെ തന്നെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ചില സംരംഭകർ കോവിഡ് 19 മൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തിൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് വെയ്ക്കുവാനും, അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുവാനും കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കുവാനുള്ള തുടർ നടപടികൾ ഇ.എം.സി സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയ ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ കേരളത്തിൽ പീക്കോ/ മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്റ്റുകളുടെ സാങ്കേതിക വിദ്യകൾ/ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-9-2021-ൽ EMC താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. പുതുആശയങ്ങൾക്ക് പ്രോത്സാഹനം നല്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന പ്രോജക്റ്റ് നിർദ്ദേശങ്ങൾ/ആശയങ്ങൾ ഇ.എം.സി പരിശോധിച്ച് സംസ്ഥാനത്തിന്റെ അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു.

**നികുതി കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക സ്കീം**

12 (*192) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജി.എസ്.ടി-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ പിരിക്കുന്നതിന് സംസ്ഥാനത്ത് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുകയും നികുതി തുകയിൽ ഇളവനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനെസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനെസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനെസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനെസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം 34402 അപേക്ഷകളിൽ നിന്നും 270.37 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഈ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം 2021 സെപ്തംബർ മാസം 30-ാം തീയതിവരെ 1379 അപേക്ഷകളിൽ നിന്നും 55.34 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ പ്രത്യേക സ്കീമൊന്നും പ്രഖ്യാപിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 6,40,71,324 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഇതിന്റെ കാലാവധി 31-3-2021-ൽ അവസാനിച്ചു.

(ബി) ചരക്ക് സേവന നികുതി നടപ്പാക്കിയതിലൂടെ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളും നികുതി ഘടനയിൽ എന്തെല്ലാം മാറ്റങ്ങളുമുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനങ്ങൾ ചുമത്തിയിരുന്ന വാറ്റ് തുടങ്ങിയ പരോക്ഷ നികുതികളും കേന്ദ്ര സർക്കാർ ചുമത്തിയിരുന്ന സർവീസ് ടാക്സ്, എക്സൈസ് ഡ്യൂട്ടി, സെസ്സുകൾ തുടങ്ങിയവയും ഒരുമിച്ചു ചേർത്താണ് ജി.എസ്.ടി നിയമം നടപ്പിലാക്കിയത്. മുമ്പുണ്ടായിരുന്ന നികുതി നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിതമായ നികുതിയാണ്. ഇതനുസരിച്ച് ചരക്കുകളും സേവനങ്ങളും സ്വീകരിക്കുന്ന സംസ്ഥാനങ്ങൾക്കാണ് നികുതി ലഭിക്കുന്നത്. വാറ്റ് നിയമത്തിൽ നിന്നും വ്യത്യസ്തമായി ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർസംസ്ഥാന വിതരണങ്ങൾക്കും ഇൻപുട്ട് ടാക്സ്-ന്റെ ആനുകൂല്യം ലഭിക്കും. ജി.എസ്.ടി-യിൽ ചരക്കുകൾക്കും സേവനങ്ങൾക്കും നികുതി ചുമത്തുവാനുള്ള

അധികാരം ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണ്. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അധ്യക്ഷനായുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ വകുപ്പ് മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് ചരക്കുകളിന്മേൽ സ്വതന്ത്രമായി നികുതി ചുമത്തുവാനുള്ള അധികാരം നഷ്ടമായി. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനം നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്കൽ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ ഐ.ഐ.ഐ.ടി.എം.കെ-യുമായി സഹകരിച്ചാണ് ഈ പ്രവർത്തനം നടക്കുന്നത്. ചരക്കുകളുടേയും സേവനങ്ങളുടേയും മേഖല തിരിച്ചുള്ള വിശകലനവും തെറ്റായെടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് കണ്ടുപിടിക്കുന്നതിനുള്ള നടപടികളെയും അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നതാണ്. വർഷാന്ത്യ റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്കും ആഡിറ്റിനും വിധേയമാക്കിയാലേ ഈ കാലയളവിനുള്ളിൽ നടന്നിട്ടുള്ള നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്താൻ സാധിക്കുകയുള്ളൂ. നികുതി നിർണ്ണയങ്ങൾ അനിവാര്യമായ വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണന പട്ടിക തയ്യാറാക്കിയ കേസുകളുടെ പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടുകൂടി അതിർത്തിയിൽ നിലനിന്നിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. കേരളത്തിലേയ്ക്ക് വരുന്ന സാധനങ്ങളുടെ കൃത്യമായ രേഖകൾ നൽകിയിരുന്നത് ചെക്ക് പോസ്റ്റുകൾ വഴിയായിരുന്നു. ഈ ചെക്ക് പോസ്റ്റുകളിൽ സംശയാസ്പദമായ വാഹനങ്ങൾ വിശദമായ പരിശോധനയ്ക്കും വിധേയമാക്കിയിരുന്നു. ജി.എസ്.ടി നിലവിൽ വന്നതിനുശേഷം അതിർത്തി വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുവേണ്ടിയും സംശയാസ്പദമായ വാഹനങ്ങൾ കണ്ടെത്തുന്നതിനുമായി പ്രധാന അതിർത്തി ചെക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് എ.എൻ.പി.ആർ ക്യാമറ സ്ഥാപിച്ച് പരിശോധന നടത്തിവരുന്നു. ഈ സംവിധാനം വഴി ഇ-വേ ബിൽ എടുക്കാത്ത ചരക്ക് വാഹനങ്ങൾ തിരിച്ചറിയുവാനും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡിന് അലർട്ട് നൽകുന്നതിനും സാധിക്കും. കൂടാതെ ഒരു ഇ-വേ ബിൽ ഒന്നിൽ കൂടുതൽ തവണ ചരക്ക്

നീക്കുന്നതിന് ഉപയോഗിക്കുന്നത് തടയുന്നതിനും ചരക്ക് നീക്കം നടത്തിയതിന് ശേഷം ഇ-വേ ബിൽ ക്യാൻസൽ ചെയ്യുന്നത് തടയുന്നതിനും ഇതുവഴി സാധിക്കുന്നു. നികുതി വെട്ടിപ്പ് സംശയമുള്ള വ്യാപാരികളുടെ ചരക്ക് നീക്കം കണ്ടെത്തി വിശദ പരിശോധനയ്ക്ക് സ്ക്വാഡുകളെ അലർട്ട് ചെയ്യുന്നതിനും ഈ സംവിധാനം ഉപയോഗിക്കുന്നു. ജി.എസ്.ടി-യിൽ ഫയൽ ചെയ്ത വിവരങ്ങൾ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലെയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി വകുപ്പിനെ കൂടുതൽ നവീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രം നിർത്തൽ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജി.എസ്.ടി നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രം നിർത്തൽ ചെയ്തിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 2022 ജൂണിൽ അവസാനിക്കും. ഇതുപ്രകാരം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാരത്തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു*.

## പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

13 (*193) ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. തുടർന്ന് പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന വില്പന നികുതിനിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപസാധ്യതയേയും ദുർബ്ബലപ്പെടുത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നുവോ; വിശദമാക്കുമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നു. നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ചുമത്തിയാൽ പോലും സംസ്ഥാന വിഹിതം 14% മാത്രമാണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രമല്ല എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻ വർദ്ധനവാണുണ്ടായത്. അതിനാൽ കേന്ദ്ര നികുതി കുറച്ച് വിലനിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

(സി) ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ പെട്രോളിയം ഉല്പന്നങ്ങളുടെ വില താഴ്ത്തിക്കൊണ്ടുവരുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമായിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണുണ്ടായത്. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് വിലവർദ്ധനവിന് പ്രധാന കാരണം. കേന്ദ്ര നികുതിനിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവിംഗ്സ് അക്കൗണ്ട്**

14 (*194) <u>ശ്രീ.പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വിവിധ നികുതിയിനത്തിലുള്ള പണം, വാടക വരുമാനം എന്നിവ നിലവിൽ ബാങ്കുകളിലാണോ നിക്ഷേപിക്കുന്നത്; വ്യക്തമാക്കുമോ?

പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ദേശസാൽകൃത വാണിജ്യബാങ്കുകളിലോ ട്രഷറി സേവിംഗ്സ് ബാങ്കിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്.

(ബി) ഈ തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 17-4-2020-ൽ തീരുമാനം കൈക്കൊണ്ടെങ്കിലും ലോക്ഡൗൺ കഴിഞ്ഞ് സർക്കുലർ പുറപ്പെടുവിച്ചാൽ മതിയെന്ന് 29-4-2020-ന് തീരുമാനിച്ചിരുന്നു. പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് 1-4-2022 മുതൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-9-2021-ന് 80/2021/ധന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ നീക്കത്തിലൂടെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ട്രഷറി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം. കൂടാതെ ചെലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യുന്നതാണ്. ഇത് സാമ്പത്തിക മാനേജ്മെന്റിന്റെ ഭാഗം മാത്രമാണ്. അതല്ലാതെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഉപാധിയായിട്ടല്ല ഈ തീരുമാനത്തെ വിലയിരുത്തേണ്ടത്.

(ഡി) ഈ തുക പിൻവലിക്കുന്നതിന് ട്രഷറി നിയന്ത്രണങ്ങൾ ബാധിക്കുമെന്ന ആശങ്ക ഉയർന്നിട്ടുള്ളത് പരിശോധിക്കുമോ?

പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ ടി .എസ് .ബി (TSB) അക്കൗണ്ടിന് വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ഇക്കാര്യം 18-9-2021 -ലെ 80/2021/ധന സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇങ്ങനെയൊരു ആശങ്ക അസ്ഥാനത്താണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം

15 (*195) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ധനവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 18-9-2021-ൽ 80/2021/ധന നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ചർച്ചകളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലപാട് എന്തായിരുന്നെന്ന് വിശദമാക്കാമോ?

ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ചകൾ നടത്തിയിട്ടില്ല.

(സി)പ്രസ്തുത തീരുമാനം എടുക്കാനുണ്ടായ കാരണം വിശദമാക്കാമോ?

26-5-2011-ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുൻപ് ട്രഷറിയിലോ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ ആണ് പ്രാദേശിക സർക്കാരുകൾ തനതു ഫണ്ട് നിക്ഷേപിച്ചിരുന്നത്. ചില പ്രാദേശിക സർക്കാരുകൾ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഈ ആവശ്യത്തിനായി തുറന്നിരുന്നു. ഒന്നിലധികം സഹകരണ/ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് 2011-ലെ ടി സർക്കുലർ പുറപ്പെടുവിച്ചത്. തനതു ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കരുതെന്ന നിർദ്ദേശമൊന്നും അന്ന് നൽകിയിരുന്നില്ല. കൂടാതെ 1996 -ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്. എന്നാൽ, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ വികസനഫണ്ട്, സംരക്ഷണഫണ്ട്, പൊതുആവശ്യഫണ്ട് എന്നിവ ട്രഷറി വഴിയാണ് സഞ്ചിതനിധിയിൽ നിന്നും മാറിയെടുക്കുന്നത്. അതായത്, പ്രാദേശിക സർക്കാരുകളുടെ പണമിടപാടുകളുടെ മുഖ്യ പങ്കും ഇതിനകം തന്നെ ട്രഷറി വഴിയാണ് നടത്തിവരുന്നത്. പൊതുആവശ്യഫണ്ട് തനതു ഫണ്ടിനു തുല്യമായിട്ടാണ് കണക്കാക്കുന്നത്. ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ TSB അക്കൗണ്ടിന് വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അവർക്ക് ആവശ്യാനുസരണം

ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ആയതിനാൽ അവരുടെ തനതു ഫണ്ടും സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും ഉചിതം. കൂടാതെ ചെലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യും. സംസ്ഥാനസർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഈ തീരുമാനം കൂടുതൽ അഭികാമ്യമായിരിക്കും. ഈ സാഹചര്യത്തിലാണ് പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് 1-4-2022 മുതൽ സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-9-2021-ന് 80/2021/ധന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള മാർഗ്ഗമാണ് പ്രസ്തുത നടപടിയെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള മാർഗ്ഗമാണ് പ്രസ്തുത നടപടിയെന്ന ആക്ഷേപം വസ്തുതാപരമല്ല. ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുപകരം സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നിക്ഷേപങ്ങൾക്ക് വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല.

## പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും

16 (*196) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എൻ.കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമുണ്ട്; തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം ലാഭത്തിലെത്തിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും തൊഴിലാളികളുടെ സഹകരണത്തോടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും വഴി അവയെ പുനരുദ്ധരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 30 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയും മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളുടെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചുകഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരുംവർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതുപോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

17 (*197) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന വാഗ്ദാനം പൂർണ്ണമായും പാലിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി പിൻവലിക്കുന്നത് പരിശോധിക്കാൻ നിയമിച്ച സമിതി പദ്ധതി പിൻവലിക്കുന്നതിനായി എന്തെല്ലാം ശിപാർശകളാണ് നല്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കാമെന്നും അതിന് യാതൊരു തരത്തിലുള്ള നിയമതടസ്സവും ഇല്ലെന്നും പ്രസ്തുത സമിതി ശിപാർശ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് സർക്കാരിലും സർക്കാരിന് കീഴിൽ കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതി ബാധകമായിരുന്ന വിവിധ ബോർഡ്/കോർപ്പറേഷൻ/ പൊതുമേഖലാ സ്ഥാപനങ്ങളിലും 1-4-2013 നോ അതിന് ശേഷമോ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് നടപ്പാക്കിയിരുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുകയെന്ന സർക്കാർ നയം നടപ്പാക്കുന്നതിനായി 7-11-2018-ലെ സ.ഉ.(അ) നമ്പർ172/2018/ധന.ഉത്തരവുപ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി സർക്കാർ ഒരു പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയെ നിയമിച്ചിരുന്നു. ടി സമിതി പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

## ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം

18 (*198) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

അടിക്കടി ഉയരുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനയും പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ നയങ്ങളും പരിഗണിച്ച് ഗതാഗത മേഖലയുടെ പരിഷ്കരണം ലക്ഷ്യമാക്കി ഒരു ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എ-ൽ. സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരുന്നു. കൂടാതെ, എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. പൈലറ്റ് അടിസ്ഥാനത്തിൽ 10 ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ കോഴിക്കോട് ജില്ലയിൽ നിർമ്മാണം

പൂർത്തീകരിച്ചിരിക്കുന്നു. ഇലക്ട്രിക് ഓട്ടോറിക്ഷകളും ടൂവീലറുകളും ചാർജ്ജ് ചെയ്യുന്നതിന് അനുയോജ്യമായതാണ് ഇ-ചാർജ്ജിംഗ് സ്റ്റേഷനുകൾ. ഇവയുടെ പൂർത്തീകരണത്തിന് ശേഷം കേരളമൊട്ടാകെ 1000 ഇത്തരത്തിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും ഇരുചക്രവാഹനങ്ങൾക്കുമായി നിർമ്മിക്കുന്നതായിരിക്കും. ഇതിനുപുറമേ പല പദ്ധതികളും കെ.എസ്.ഇ.ബി.എൽ-ന്റെ പരിഗണനയിലുണ്ട്. ഇതോടൊപ്പം സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ നിർവ്വഹിച്ചുവരുന്നു. ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020-21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ വിവിധ മോഡലുകളിലുള്ള 127 ഇലക്ട്രിക് കാറുകൾ 20 സർക്കാർ വകുപ്പുകളിലായി അനെർട്ട് നല്കിയിട്ടുണ്ട്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് ഇലക്ട്രിക് വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രചരണ, ബോധവല്ക്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു. സംസ്ഥാനത്തിന്റെ ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇലക്ട്രിക് മൊബിലിറ്റി ഇക്കോ സിസ്റ്റത്തിലുള്ള വ്യത്യസ്ത ഘടകങ്ങളും അവയുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ളതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ/ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. 'ഈസ് ഓഫ് ഡൂയിംഗ്' ബിസിനസ്സ് കേരള സർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിംഗ്' ബിസിനസ്സിന് ആക്കം കൂട്ടുവാനും കൂടാതെ ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുവാനുമായി പൊതുജനങ്ങൾക്ക് ഓൺലൈൻ പോർട്ടൽ മുഖാന്തരം വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. പോർട്ടൽ മുഖാന്തരം വില്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് ടൂവീലറുകൾക്ക് കേന്ദ്ര സർക്കാരിനു കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ 2 (FAME 2) സബ്സിഡി സ്കീം പ്രകാരം

സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. തെരെഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് ടൂവീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു പോർട്ടൽ മുഖാന്തരം വൈദ്യുത വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കുന്നത്.

2. ചാർജിംഗ് സ്റ്റേഷൻ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ട ത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി KSEBL -ന്റെയും ANERT -ന്റെയും നേതൃത്വത്തിൽ ഓരോ 100 കിലോമീറ്റർ കൂടുമ്പോഴും ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. സ്വകാര്യ സംരംഭകർക്ക് ഗുണമേന്മയുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകാനുദ്ദേശിക്കുന്നു.

3. സാമ്പത്തിക സഹായം നിലവിൽ വൈദ്യുതി വാഹനങ്ങൾക്ക് വൺ ടൈം ടാക്സ് മറ്റു പെട്രോൾ ഡീസൽ വാഹനങ്ങളെ അപേക്ഷിച്ച് കുറവാണ്. വാഹന വിലയുടെ 5% മാത്രമാണ് വൈദ്യുതി വാഹനങ്ങൾക്ക് വൺ ടൈം ടാക്സ് അടയ്ക്കേണ്ടത്. എന്നാൽ വൈദ്യുത വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വാഹനങ്ങളുടെ 2021-22, 2022-23 സാമ്പത്തിക വർഷത്തിലെ വൺ ടൈം ടാക്സ് (one time tax) 5% ൽ നിന്നും 2.5% ആക്കി ഇളവ് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

4. വൈദ്യുത വാഹനങ്ങൾ വാങ്ങുവാൻ ദേശസാൽക്കരിച്ച ബാങ്കുകൾ ഗ്രീൻ വായ്പാ സൗകര്യം നൽകുന്നുണ്ട്. ഗ്രീൻ ലോണുകൾക്ക് പ്രോസസ്സിംഗ് ഫീയും പലിശനിരക്കുകളും കുറവാണ്. കൂടാതെ കേരള സർക്കാർ സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) വൈദ്യുത വാഹനങ്ങൾ വാങ്ങുവാൻ വായ്പാ സൗകര്യം ലഭ്യമാക്കുന്നുണ്ട്. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ ടി ഡി എഫ് സി), കേരള ബാങ്ക് എന്നിവ മുഖാന്തരവും വായ്പാ സൗകര്യം ലഭ്യമാക്കുന്നത് വൈദ്യുത വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നതാണ്.

5. ബോധവത്ക്കരണം ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ ഇ-മൊബിലിറ്റി,

ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ 2021 ജൂൺ 5 മുതൽ തുടങ്ങുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി വർഷം മുഴുവനും എല്ലാ ആഴ്ചകളിലും ഓരോ വെബിനാർ സംഘടിപ്പിച്ചുവരുന്നു. നിലവിൽ 16 വെബിനാർ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10-ന് ഗോ ഇലക്ട്രിക്ക് ക്യാമ്പയിനിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങളുടെയും ഇലക്ട്രിക് പാചക ഉപകരണങ്ങളുടെയും നിർമ്മാതാക്കളെയുൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ ഇ.എം.സി യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും തത്സമയം പ്രചരിപ്പിക്കുകയുണ്ടായി. വെർച്വൽ എക്സിബിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എന്നിവരുടെ ആശംസാ വിഡിയോകൾ പ്രദർശിപ്പിക്കുകയുണ്ടായി.

6. ഒരുമിച്ചുള്ള വാങ്ങലും ഉയർന്ന ഡിസ്കൗണ്ടും (Bulk procurement and bulk discount). സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയൊരുമിച്ച് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ ലക്ഷ്യമിടുകയാണെങ്കിൽ കുറഞ്ഞ വിലയിൽ ഡിസ്കൗണ്ടോടുകൂടി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ സാധിക്കുന്നതാണ്. ഇതിനുള്ള സൗകര്യം ഇ.എം.സി. ഒരുക്കി നൽകുന്നതാണ്.

7. പബ്ലിക് ഇ-വെഹിക്കിൾ ഷെയറിംഗ് (Public Mobility Sharing) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 'ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 'പബ്ലിക് ബൈക്ക് ഷെയർ' സംവിധാനം പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനദാതാക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിലാണ് ഇ.എം.സി. പബ്ലിക് ബൈക്ക് സിസ്റ്റം (പി.ബി.എസ്.) സ്കീം പ്രകാരം ഒന്നിലധികം ബൈക്ക് ഷെയർ ഓപ്പറേറ്റർമാരെ ഉൾക്കൊള്ളിച്ച് പ്രവർത്തിക്കാൻ ലക്ഷ്യമിടുന്നു. ഇതിനു സജ്ജരാകുന്ന ഓപ്പറേറ്റർമാരുമായി കരാറിൽ ഏർപ്പെടുകയും തെരെഞ്ഞെടുത്ത സ്ഥലങ്ങളിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഊർജ്ജ കാര്യക്ഷമമായ നോൺ-മോട്ടറൈസ്ഡ്, ഇലക്ട്രിക് ഓപ്പറേറ്റഡ് വാഹനങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരമാകുംവിധം നൽകുന്നതാണ്. നിർദ്ദിഷ്ട പദ്ധതിയിൽ സൈക്കിളുകൾ, ഗിയർ സൈക്കിളുകൾ മുതൽ ഇ-ബൈക്കുകൾ വരെ ഉൾപ്പെടുന്നു. ഈ വാഹനങ്ങൾ സമീപത്തുള്ള റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റേഷനുകളിലും വിന്യസിക്കാൻ ഉദ്ദേശിക്കുന്നു. ഇത് ട്രെയിൻ അല്ലെങ്കിൽ

ബസുകൾ വഴി വരുന്ന യാത്രക്കാർക്ക് പരിസ്ഥിതി സൗഹാർദ്ദപരമായി അവരുടെ ലക്ഷ്യസ്ഥാനങ്ങളിലേയ്ക്ക് എത്തിച്ചേരാൻ സഹായകമാകുന്നു. പദ്ധതിയുടെ ഭാഗമായി നൽകുന്ന വാഹനങ്ങൾ വാടക ഈടാക്കി നല്കുവാനാണുദ്ദേശിക്കുന്നത്.

8. നിലവിലെ പെട്രോൾ ഡീസൽ വാഹനങ്ങൾ വൈദ്യുതവത്കരിക്കുകവഴി നിലവിൽ പെട്രോൾ ഡീസൽ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന വാഹനങ്ങളിലെ എൻജിൻ മാറ്റി ഇലക്ട്രിക് വാഹനമായി മാറ്റാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ വൈദ്യുത വാഹനങ്ങളാക്കി മാറ്റി സ്ഥാപിക്കുന്നതുമൂലം സാമ്പത്തിക ലാഭം ഉണ്ടാകുന്നതാണ്. ഉദാഹരണത്തിന് ഇലക്ട്രിക് ഫോർവീലറുകൾക്ക് അതേ പെട്രോൾ/ഡീസൽ കാറുകളെക്കാൾ വിലയാകുമെങ്കിലും പ്രവർത്തന ചെലവ് കുറവായിരിക്കും. പെട്രോൾ വാഹനങ്ങൾ ഒരു കിലോമീറ്റർ ഓടുമ്പോൾ 6 രൂപ മുതൽ 8 രൂപ വരെ ചിലവ് വരുന്ന സമയത്ത് ഇലക്ട്രിക് ഫോർവീലറുകൾ ഒരു കിലോമീറ്റർ ഓടുവാൻ ഏകദേശം 3.1 രൂപ മാത്രമേ ചെലവ് വരുന്നുള്ളൂ.

9. നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം-നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം മൂലം വൈദ്യുത വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും കൂടാതെ വൈദ്യുത ഉല്പാദന വിതരണ ശൃംഖല മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതുമാണ്. ഉദാഹരണത്തിന് 'വെഹിക്കിൾ ടു ഗ്രിഡ്' വിദ്യ ഉപയോഗിച്ച് വൈദ്യുത വാഹനങ്ങളെ വൈദ്യുത ഗ്രിഡുമായി ബന്ധിപ്പിച്ച് ഒരു ബാറ്ററിയായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. ഇതുമൂലം വൈദ്യുതി കൂടുതൽ വേണ്ടിവരുന്ന സമയത്ത് (പീക്ക് ലോഡ് ടൈം) ആവശ്യമായ വൈദ്യുതി ഉല്പാദനം കുറയ്ക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഉല്പാദനം കൂടുതലുള്ള സമയത്ത് വൈദ്യുത വാഹനങ്ങളിൽ ചാർജ് ചെയ്ത് സൂക്ഷിക്കാനും സാധിക്കുന്നതാണ്.

(ബി) വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് സ്കൂട്ടർ ലഭ്യമാക്കാൻ എനർജി മാനേജ്മെന്റ് സെന്റർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർ ജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5-ന് EMC കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ടൂവീലറുകൾ വാങ്ങാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വില്പന നടത്തുന്ന തിരഞ്ഞെടുത്ത ഇലക്ട്രിക് ടൂവീലറുകൾക്ക് കേന്ദ്ര സർക്കാറിന് കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി

ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ. 2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. പൊതുജനങ്ങൾക്ക് തെരഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് 2 വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി.

(സി) റോഡുകൾ പരിസ്ഥിതി സൗഹൃദമാക്കാൻ എനർജി മാനേജ്മെന്റ് സെന്റർ 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' നടത്തുന്നുണ്ടോ; വിശദമാക്കാമോ?

റോഡുകൾ പരിസ്ഥിതി സൗഹൃദമാക്കാൻ എനർജി മാനേജ്മെന്റ് സെൻറർ 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ നടത്തുന്നു. ഈ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉടക്കം 2021 ജൂൺ 5 ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി വർഷം മുഴുവനും എല്ലാ ആഴ്ചകളിലും ഓരോ വെബിനാർ സംഘടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 16 വെബിനാർ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10 -ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെയും ഇലക്ട്രിക് പാചക ഉപകരണങ്ങളുടെയും പ്രധാന നിർമ്മാതാക്കളെ ഉൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. ഇ.എം.സി.-യുടെ 'Go Electric' ക്യാമ്പയിനിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിട്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി.

(ഡി) സർക്കാർ ഓഫീസുകൾ, വ്യാപാര-വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ്ജ് അടിസ്ഥാനത്തിൽ ചാർജ്ജിങ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാർ ഓഫീസുകൾ, വ്യാപാര-വ്യവസായ സമുച്ചയങ്ങൾ, സാധ്യമായ മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പേ ആന്റ് ചാർജ്ജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഓരോ 100

കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം അനെർട്ട് നടപ്പിലാക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട്**

19 (*199) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിലേക്ക് മാറ്റുന്നത് അധികാര വികേന്ദ്രീകരണത്തെ ഇല്ലാതാക്കാനുള്ള നടപടികളുടെ ഭാഗമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമാഹരിക്കുന്ന പണം അവർക്ക് സ്വതന്ത്രമായി വിനിയോഗിക്കാൻ കഴിയണമെന്ന ഭരണഘടനാപരമായ അവകാശം ഇല്ലാതാക്കുന്ന തരത്തിലുള്ള പ്രസ്തുത നടപടി എടുക്കുന്നതിന് മുമ്പ് നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഇത് ധനകാര്യ മാനേജ്മെന്റിന്റെ ഒരു ഭാഗം മാത്രമാണ്. പ്രാദേശിക സർക്കാരുകളുടെ സ്വതന്ത്രാവകാശത്തെ ഹനിക്കുന്ന നടപടികളൊന്നും തന്നെ ഇതിലില്ല. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട്

നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്കിലോ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനാപരമായ അവകാശം ഇല്ലാതാക്കുന്ന തരത്തിലുള്ള നടപടികളൊന്നും എടുത്തിട്ടില്ലാത്തതിനാൽ നിയമവകുപ്പിന്റെ ഉപദേശം തേടേണ്ട ആവശ്യം വരുന്നില്ല.

(സി) ധനവകുപ്പിന്റെ ഇത് സംബന്ധിച്ച ഉത്തരവിനെതിരെ വ്യാപകമായ പരാതി ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഇത് സംബന്ധിച്ച പരാതികളൊന്നും ധന (എസ്എഫ്സി-എ) വകുപ്പിൽ ലഭിച്ചിട്ടില്ല.

**യുവ സഹകരണ സംഘങ്ങൾ**

20 (*200) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:
<u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>) സദയം മറുപടി നൽകുമോ:

(എ) യുവ സഹകരണ സംഘങ്ങളിൽ ഏതൊക്കെ നൂതന സംരംഭക ആശയങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

ഐ.ടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണവും വിതരണവും, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ നൂതന സംരംഭക ആശയങ്ങളാണ് യുവ സഹകരണ സംഘങ്ങളിലൂടെ പരിഗണിക്കപ്പെട്ടിട്ടുള്ളത്.

(ബി) യുവ സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാകുന്നതിലൂടെ വിവിധ മേഖലകളിലും സാമൂഹ്യ ജീവിതത്തിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

യുവാക്കളെ/യുവസംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിര വരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവുമാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നയങ്ങൾ

21 (*201) ശ്രീ. എം. വിജിൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയങ്ങൾ കെ.എസ്.ഇ.ബി. യുടെ പ്രവർത്തനത്തെയും സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളെയും എങ്ങനെയാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിൻെറ വൈദ്യുതിരംഗത്തെ നയംമാറ്റത്തിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ നയംമാറ്റത്തിന്റെ തുടർച്ചയായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees എന്നിവ വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിലേയ്ക്ക് നയിക്കുന്നതാണെന്ന് വിലയിരുത്തപ്പെടുന്നു. വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ

സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വർഷങ്ങൾകൊണ്ട് മാത്രം മുതൽമുടക്ക് വീണ്ടെടുക്കാൻ സാധിക്കുന്ന ശൃംഖലാ വികസനപദ്ധതികളിൽ പണം മുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറായേക്കില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. അറ്റകുറ്റപ്പണിക്കുറവ് നിമിത്തം വൈദ്യുതി വിതരണ നിലവാരം ഇടിയും. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്നും ആശങ്കപ്പെടുന്നു. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാധ്യത ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും പ്രതിഫലിക്കും. വൈദ്യുതി ഭേദഗതി ബിൽ 2021, കരട് നിർദ്ദേശത്തിൽ Universal Service Obligation Fund (USOF)നെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് തുകകൾ USOF- ലേയ്ക്ക് നിശ്ചിത കാലയളവിനുള്ളിൽ കൈമാറ്റം ചെയ്യിരിക്കണമെന്ന് കരട് നിർദ്ദേശത്തിൽ ഉറപ്പുവരുത്തുന്നില്ല. ഇത് ക്രോസ് സബ്സിഡി ഭാവിയിൽ പരിമിതപ്പെടുത്തും. 2021 ഏപ്രിൽ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് വൈദ്യുതി നയത്തിൽ താരിഫ് സബ്സിഡി സർക്കാർ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കണമെന്ന് നിർദ്ദേശിക്കുന്നു. സബ്സിഡി ഒഴിവാക്കിയ മുഴുവൻ തുകയും മുൻകൂറായി നൽകുകയെന്നത് പല ഉപഭോക്താക്കൾക്കും സാധിക്കാതെ വരുമെന്നത് വൈദ്യുതി വിച്ഛേദിക്കപ്പെടുന്ന സ്ഥിതിയിലേയ്ക്ക് നയിക്കും. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees പ്രകാരം പൊതു മേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും, തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി നൽകാനുള്ള കരാർ വ്യവസ്ഥകൾ നിർദ്ദേശിക്കുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറാവുന്നതാണെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള

റിട്ടയർമെൻറ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾ തന്നെ വഹിക്കണമെന്നും കരടുരേഖ പറയുന്നു. ഇതിനുപുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ വൈദ്യുതിവാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസികൾക്ക് കൈമാറേണ്ടി വരും. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പരിമിതപ്പെടുത്തി വൈദ്യുതി മേഖലയുടെ നയപരമായ നിയന്ത്രണം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ ഭേദഗതി നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത്.

(ഡി) സംസ്ഥാന സർക്കാരിന് വൈദ്യുതി മേഖലയെ പൊതുമേഖലയിൽ നിലനിർത്തുവാൻ കഴിയുമോയെന്നും എങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയിട്ടുള്ള വിഷയങ്ങൾ പരിഗണിച്ചശേഷം കേന്ദ്രസർക്കാർ തങ്ങളുടെ നയത്തിൽ ഉചിതമായ മാറ്റം വരുത്തുമെന്നും സംസ്ഥാനത്തെ വൈദ്യുതി മേഖല പൊതുമേഖലയിൽ തന്നെ നിലനിർത്താൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ കെ.എസ്.ഇ.ബി ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ 1/131/2020/ഊ.വ. നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ-ലൈസൻസിംഗും തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താനിടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി.എൽ-ന് വരാൻപോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും

പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 5-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. മുൻപ് 17-2-2021-ൽ കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി വിവിധ സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ഉത്പാദന-പ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18-2-2021-ൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങളുണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി. ഇതിനോടൊപ്പം ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയിൽ വൈദ്യുതി നൽകുന്നതിനോടൊപ്പം മെച്ചപ്പെട്ട സേവനം നൽകിയും വൈവിധ്യമാർന്ന സേവനങ്ങൾ നൽകിയും ജനങ്ങളെ പൊതുമേഖലയുമായി ചേർത്ത് നിർത്തുവാൻ കെ.എസ്.ഇ.ബി നടപടികൾ സ്വീകരിച്ചു. രാജ്യത്തെ വൈദ്യുതി വിതരണ കമ്പനികളെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട സ്ഥാനമാണ് കെ.എസ്.ഇ.ബിക്കു-ള്ളത് (A റാങ്കിംഗ്). ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ഉപഭോക്തൃ സേവന കേന്ദ്രം ശക്തിപ്പെടുത്തുക, HT / EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം, കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം, മെച്ചപ്പെട്ട ഓൺലൈൻ സേവനങ്ങൾ, വാതിൽപ്പടി സേവനങ്ങൾ തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. നടപടികൾ കൂടുതൽ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഫ്ലാറ്റ് സമുച്ചയങ്ങളിൽ താമസിക്കുന്നവർക്കും മറ്റും ഉടമസ്ഥാവകാശ രേഖ കിട്ടുന്നതിലെ കാലതാമസം പരിഗണിച്ച് വിൽപ്പനകരാറിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും ഉടമസ്ഥാവകാശ മാറ്റം നടത്താനും രണ്ടാമതൊരു തിരിച്ചറിയൽ രേഖ ഉടമസ്ഥാവകാശ രേഖയ്ക്ക് പകരമായി പരിഗണിക്കാനും ഉദ്ദേശിക്കുന്നു. സൗര പദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സാർവത്രികമാക്കാനും മുതൽമുടക്ക്

കൂടാതെയോ, കുറഞ്ഞ മുതൽമുടക്കിലോ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനും അവസരമൊരുക്കി. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. കൂടാതെ പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത് 2020-21- ൽ 10.32% ആയി കുറച്ചു. ഇതിൽ വിതരണ നഷ്ടം രാജ്യത്തിനുതന്നെ മാതൃകയാവുന്ന 7.72% മാത്രമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ സംസ്ഥാനത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചതിനുപുറമേ ഇടതടവില്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കടുത്ത വേനലിലും പവ്വർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ദ്യുതി പദ്ധതിയുമായി മുന്നോട്ട് പോകുന്നു. ദീർഘകാല ജനറേഷൻ ശക്തിപ്പെടുത്തിക്കൊണ്ടും ചെലവുകുറഞ്ഞ പദ്ധതികൾ കൊണ്ടുമാത്രമേ വൈദ്യുതി മേഖലയ്ക്ക് പിടിച്ചുനിൽക്കാനാവൂ. ഹൈഡ്രോ ജനറേഷൻ ശക്തിപ്പെടുത്തികൊണ്ടേ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് സോളാർ/വിൻഡ് പദ്ധതികളുടെപോലും നേട്ടം വൈദ്യുതി കമ്മി സമയത്ത് പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ മിച്ചമുള്ള നിക്ഷേപം 2022-2027-ൽ സംസ്ഥാന സർക്കാർ നൽകിക്കൊണ്ട് വൈദ്യുതി മേഖലയെ സുസ്ഥിരമായും ലാഭകരമായും നിലനിർത്താനുള്ള പ്രവർത്തനങ്ങളാണ് ശക്തിയായി നടത്തേണ്ടത്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

22 (*202) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പകുതിയും പുനരുപയോഗ സ്രോതസ്സുകളിൽ നിന്നായിരിക്കണമെന്ന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 320 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പിലാക്കുന്നത്. കാസർഗോഡ് ചീമേനിയിൽ 100MW ഗ്രൗണ്ട് മൗണ്ടട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021 ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ്ശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശ്ശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവൽക്കരണത്തിനായി എം.എൻ.ആർ.ഇ.യിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ബന്ധിത പമ്പുകളുടെ സൗരോർജ്ജവൽക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും 74.1 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. സൗരോർജ്ജം, കാറ്റ്, ജൈവ ഊർജ്ജം എന്നിവയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ള പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ. ഇതിൽ സുലഭമായി ലഭിക്കുന്ന സൗരോർജ്ജത്തെ നമ്മുടെ ഊർജ്ജ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ ഇന്ന് വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമായികൊണ്ടിരിക്കുകയാണ്. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സോളാർ പാനലുകൾ സ്ഥാപിക്കാൻ സ്ഥല സൗകര്യമുള്ള എല്ലാ കർഷകരുടേയും പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിന് ഈ ഇനത്തിൽ വേണ്ടിവരുന്ന വൈദ്യുതിയിൽ പുനരുപയോഗ സ്രോതസ്സുകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതാണ്. സൗരോർജ്ജ പ്ലാന്റ് മേഖലയിൽ റെസ്കോ-റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. റെസ്കോ മാതൃകയിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കുന്നതിലൂടെ പുനരുപയോഗ സ്രോതസ്സുകളുടെ വിനിയോഗം വർദ്ധിപ്പിക്കാവുന്നതാണ്. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(ബി) ആയിരം മെഗാവാട്ട് സൗരോർജ്ജം ലക്ഷ്യമിടുന്ന സൗര പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുത ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയായ സൗരയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ നിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മൂന്ന് മോഡലുകളാണുള്ളത്. മോഡൽ 1, 2 എന്നിവ കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിൽ (28 മെഗാവാട്ട്) ആണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽ മുടക്കുന്ന 22 മെഗാവാട്ട് പദ്ധതിയാണ്. 28 മെഗാവാട്ടിന്റെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മുതൽ മുടക്കിൽ 25.923 മെഗാവാട്ടിന് 2702 നിലയങ്ങൾക്ക് നിലവിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൺസ്യൂമർ പണം മുടക്കുന്ന 22 മെഗാവാട്ട് പദ്ധതിയിൽ 2276 കൺസ്യൂമേഴ്സിന് മോഡൽ 3-ൽ ഫൈനൽ സർവ്വേ പൂർത്തിയായെങ്കിലും 1.2 മെഗാവാട്ടിന്റെ 84 ഉപഭോക്താക്കൾ മാത്രമാണ് മുന്നോട്ട് വന്നിട്ടുള്ളത്. ഇതുപ്രകാരം ഒന്നാംഘട്ടത്തിൽ ആകെ 27.123 മെഗാവാട്ട് (25.923+1.2MW) ശേഷിയുടെ 2786 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31 ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഈ ഒന്നാംഘട്ടത്തിൽ 9.43 മെഗാവാട്ടിൽ 1264 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.204 മെഗാവാട്ട് ശേഷിക്ക് 2956 സൈറ്റുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 299 നിലയങ്ങൾ (1250 കിലോവാട്ട്) പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തേയ്ക്കുള്ള എംപാനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും 23.6 മെഗാവാട്ട്, 5220 സൈറ്റുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്കായി കൂടുതൽ കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി സെപ്റ്റംബർ മാസത്തിൽ ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്.

(സി) ജനങ്ങളുടെ അനുകൂലമായ പ്രതികരണം പരിഗണിച്ച് പുരപ്പുറ സൗരോർജ്ജപ്ലാന്റ് നിർമ്മാണത്തിൽ കൂടുതൽ കമ്പനികളെ ഉൾപ്പെടുത്തി പ്ലാന്റ് നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഗുണഭോക്താക്കൾക്കുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

രണ്ടാംഘട്ട പദ്ധതിയിൽ കൂടുതൽ ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി 2020-21 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. നിലവിലുള്ള 3 കോൺട്രാക്ടർമാർക്ക് പുറമേ ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ ജനങ്ങളുടെ അനുകൂല പ്രതികരണം പരിഗണിച്ച് സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ കൂടുതൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്കായി കൂടുതൽ കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി സെപ്റ്റംബർ മാസത്തിൽ ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. നേട്ടങ്ങൾ 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ മോഡൽ 1,2 എന്നിവ കെ.എസ്.ഇ.ബി മുതൽമുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 1ൽ സ്ഥാപിക്കുന്ന നിലയത്തിന്റെ 10 ശതമാനം ഊർജ്ജ ഉൽപ്പാദനം ഉപഭോക്താവ് തന്റെ ഉപഭോഗത്തിൽ കുറവ് ചെയ്ത് നൽകുന്നു. മോഡൽ 2ൽ ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം ഉപഭോക്താവിന് സോളാർ താരിഫിൽ ഉപയോഗിക്കാവുന്നതാണ്. അതുപോലെ സബ്സിഡി പ്രോഗ്രാമിൽ 1 മുതൽ 3 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനവും സബ്സിഡി ലഭിക്കും. അതുപോലെ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കാൻ വേണ്ടി ആകെ മുതൽ മുടക്കിന്റെ 12 ശതമാനം, 20 ശതമാനം, 25 ശതമാനം എന്നിങ്ങനെ മാത്രം മുടക്കാവുന്ന മൂന്ന് മോഡലുകളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മുന്നോട്ട് വച്ചിരിക്കുന്നത്. ഇതുവഴി ഉപഭോക്താവിന് 25 ശതമാനം മുതൽ 50 ശതമാനം വരെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിഹിതം ലഭിക്കും. സോളാർ പവർ പ്ലാന്റുകളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവ് ഗുണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്തുകിട്ടുകയും ചെയ്യും. ഗ്രിഡിലേയ്ക്ക് അധികമായി നൽകിയ വൈദ്യുതിക്ക് നിശ്ചിത നിരക്കിൽ തുക കെ.എസ്.ഇ.ബി.എൽ. -ൽ നിന്ന് ലഭിക്കുകയും ചെയ്യും.

### തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട്

23 (*203) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കുറുക്കോളി മൊയ്തീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെ ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇതുസംബന്ധിച്ച പരാതികളൊന്നും ധന(എസ്എഫ്സി-എ) വകുപ്പിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

### കെ.എസ്.ഇ.ബി.യുടെ ആധുനീകികരണം

24 (*204) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ഒ. എസ്. അംബിക:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തുന്ന ആധുനീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഐ.ടി.അധിഷ്ഠിത പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

ഉപഭോക്തൃ സേവനം ലോകോത്തരമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തുന്ന ആധുനീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഐ.റ്റി.അധിഷ്ഠിത പദ്ധതികൾ ചുവടെ ചേർക്കുന്നു.

സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട് ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്താനായി ഗ്രീൻ ചാനൽ സംവിധാനവും അതിനു വേണ്ടി അപേക്ഷിക്കാനായി വെബ് പോർട്ടലും ഏർപ്പെടുത്തുകയും ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്കും പ്രവർത്തിക്കുന്നുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജദൂത്' പദ്ധതി, വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇമെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുതി ബിൽ അടയ്ക്കുന്ന സൗകര്യത്തിന് പുറമെ വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാൻ KSEB App, നെറ്റ് ബാങ്കിങ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എം-കേരള മൊബൈൽ ആപ്പ്, പേ-ടി.എം, NACH, ഫോൺ-പേ, ഗൂഗിൾ-പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കാനുള്ള സംവിധാനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ICICI ബാങ്ക്, CSB എന്നീ ബാങ്കുകൾ മുഖേന ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി. യിലേയ്ക്ക് വരവ് വെയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നടപ്പാക്കിയ

നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവനകേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതിബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെഎസ്ഇബി' എന്ന മൊബൈൽ ആപ്ലിക്കേഷൻ. ഊർജ്ജവിതരണരംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ് മാറ്റം, ലോഡ്/താരിഫ്/ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനം വഴി ലഭ്യമാക്കാവുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പാക്കിവരുന്നു. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് വേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെൻറർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം), ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി. കർഷകർക്കുള്ള കുസും പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ.

പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ: വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്: വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടു പിടിക്കാനും കുറക്കാനും ലക്ഷ്യമിട്ടുള്ള ആർ.എ.പി.ഡി.-ആർ.പി. ഫേസ്-2 ഐ.ടി പദ്ധതി, കേന്ദ്ര ഗവണ്മെന്റ് വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി)

എന്നിവ പ്രകാരം 21 നഗരങ്ങളിൽ 2-ാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതിക വിദ്യ പദ്ധതികളും ഈ 21 നഗരങ്ങളിൽ കൂടി നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറക്കാനും ഈ പദ്ധതിവഴി കഴിയും. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇംപ്ലിമെന്റേഷൻ ഏജൻസി മുഖേന നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി. കേന്ദ്ര ഗവൺമെന്റിന്റെ, വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ.ആർ.പി. നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. തിരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി - ഡാസ് (RT-DAS) പദ്ധതി.

(ബി) വിതരണ മേഖലയുടെ നവീകരണത്തിനായി വിവര സാങ്കേതികവിദ്യാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നുണ്ടോ?

വിതരണ മേഖലയുടെ നവീകരണത്തിനായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ CFPD എന്ന ഉപകരണത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. വിതരണ മേഖലയിലെ എച്ച്.റ്റി. ലൈനുകളിൽ കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം KSEBL ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച്, നിർമ്മിച്ച്, സ്ഥാപിച്ചുവരുന്നു. ഇത് ഒരു GSM നെറ്റ്വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയാണ്. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ SMS മൂലവും തകരാർ ഉണ്ടായ സ്ഥലം GIS മാപ് വഴിയും അറിയിച്ച് പ്രശ്ന പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11 kV- 7250 + 33 kV- 150) Communicable Fault Pass Detectors സ്ഥാപിച്ചിട്ടുണ്ട്. വിതരണ മേഖലയുടെ നവീകരണത്തിനായി വിവര സാങ്കേതിക വിദ്യ അധിഷ്ഠിതമായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായ ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

2. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള സ്കാഡ പദ്ധതി നടപ്പാക്കിവരുന്നു.

<u>പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ</u>: വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്:

1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടുപിടിക്കാനും കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ആർ.എ.പി.ഡി. ആർ.പി. ഫേസ്-2 ഐ.ടി പദ്ധതി, കേന്ദ്ര ഗവൺമെൻറ് വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ. പി. ഡി. എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി എന്നിവ പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി പദ്ധതി നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതിക വിദ്യ പദ്ധതികളും 21 നഗരങ്ങളിൽ കൂടി നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറക്കാനും ഈ പദ്ധതിവഴി കഴിയും. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇംപ്ലിമെന്റേഷൻ ഏജൻസി മുഖേന നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു.

2. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി-ഡാസ് (RT-DAS) പദ്ധതി.

<u>GIS മാപ്പിംഗ്</u>: ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് വിതരണ മേഖലയിൽ നടപ്പാക്കിവരുന്ന ബൃഹത്പദ്ധതിയാണ് ദ്യുതി 2021. മൂന്നു വർഷകാലംകൊണ്ട് ആഗോള നിലവാരത്തിലുള്ളതും

തടസ്സരഹിതമായതും ഗുണമേന്മയേറിയതും ചെലവ് കുറഞ്ഞതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിട്ടത്. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കേണ്ടതുണ്ടായിരുന്നു. 62,000 കിലോമീറ്ററിൽപരം ഹൈ ടെൻഷൻ ലൈനിന്റെ ഭൂപടം സാമ്പ്രദായിക മാർഗ്ഗങ്ങളിലൂടെ തയ്യാറാക്കുന്നതിന് വർഷങ്ങൾ വേണ്ടിവരുന്നതും ഏറെ ചെലവ് വരുന്നതുമാണ്. ഇതിനുബദലായി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, ഉദ്യോഗസ്ഥർ, തങ്ങളുടെ സ്വന്തം സ്മാർട്ട് ഫോണുകളുപയോഗിച്ച് മാപ്പിംഗ് നടത്തുക എന്ന രീതി അവലംബിച്ചുകൊണ്ട് ആറായിരത്തിൽപരം ജീവനക്കാർ, സ്വമേധയാ, ലാഭേച്ഛകൂടാതെ, കേവലം 15 ദിവസം കൊണ്ട് പതിമൂന്ന് ലക്ഷത്തിൽപരം വൈദ്യുതി പോസ്റ്റുകൾ, അതിന്റെ എല്ലാ അനുബന്ധ വിവരങ്ങളടക്കം രേഖപ്പെടുത്തി 2018-ൽ HT ലൈൻ IS മാപ്പിംഗ് പൂർത്തിയാക്കിയിരുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഘടനയിൽ പങ്കാളിത്ത മാപ്പിംഗ് സാധ്യതകൾ പ്രയോജനപ്പെടുത്തി, KSEBL-ന് യാതൊരു മുടക്കുമുതലും ഇല്ലാതെയാണ് മാപ്പിംഗ് പൂർത്തീകരിച്ചത്. ഇതിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ GIS മാപ്പിംഗിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ പദ്ധതിയുടെ ഭാഗമായി 43 നഗരങ്ങളിലെ സമഗ്ര സാങ്കേതിക വാണിജ്യ നഷ്ടം കണ്ടെത്താനുള്ള സംവിധാനം നടപ്പിലാക്കി. ഇതിനായി കെ.എസ്.ഇ.ബി.എൽ. ന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കുക, വിവരശേഖരം സുരക്ഷിതമായും കേന്ദ്രീകൃതമായും സൂക്ഷിക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, 43 നഗരങ്ങളിലെ എനർജി ഓഡിറ്റിംഗും ജി.ഐ.എസ്. അടിസ്ഥാനത്തിൽ വിതരണശൃംഖലയുടെ മാപ്പിംഗ് തയ്യാറാക്കുക എന്നിവ നടപ്പിലാക്കി. ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ ജി.ഐ.എസ്. അടിസ്ഥാനത്തിൽ വിതരണശൃംഖലയുടെ മാപ്പിംഗ് തയ്യാറാക്കൽ ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതി നടപ്പിലാക്കിവരുന്നു. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)ൽ കെ.എസ്.ഇ.ബി.എൽ.ന്റെ വിതരണശൃംഖലയുടെ പൂർണ്ണമായ ജി.ഐ.എസ്.അടിസ്ഥാനത്തിലുള്ള മാപ്പിംഗ് തയ്യാറാക്കാൻ വിഭാവനം ചെയ്യുന്നു. നിലവിൽ ഐ.റ്റി/സോഫ്റ്റ്‌വെയർ സങ്കേതങ്ങളുടെ പോരായ്മകൾ RDSS പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി പരിഹരിക്കുന്നതാണ്.

(സി) ഉപഭോക്തൃ സേവനം ലോകോത്തരമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉപഭോക്തൃ സേവനം ലോകോത്തരമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തുന്ന ആധുനീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഐ.റ്റി.അധിഷ്ഠിത പദ്ധതികൾ ചുവടെ ചേർക്കുന്നു. സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട് ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്താനായി ഗ്രീൻചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കാനായി വെബ്പോർട്ടലും ഏർപ്പെടുത്തുകയും ഇതുസംബന്ധിച്ച സംശയ നിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്കും പ്രവർത്തിക്കുന്നുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജദൂത്' പദ്ധതി, വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇമെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിലെത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഏതു സെക്ഷൻ ഓഫീസുകളിലും വൈദ്യുതി ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാൻ KSEB App നെറ്റ് ബാങ്കിങ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എം-കേരള മൊബൈൽ ആപ്പ്, പേ-ടി.എം, NACH, ഫോൺ-പേ, ഗൂഗിൾ-പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെൻററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ICICI ബാങ്ക്, CSB എന്നീ ബാങ്കുകൾ മുഖേന ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം. വൈദ്യുതി ബിൽ തുക

ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക്വഴി നടപ്പിലാക്കി. അപ്ലാ സി.എസ്.സി എന്ന ദേശീയ പൊതു സേവനകേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രംവഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതിബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെഎസ്ഇബി' എന്ന മൊബൈൽ ആപ്ലിക്കേഷൻ. ഊർജ്ജവിതരണരംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ്പ് മാറ്റം, ലോഡ്/താരിഫ്/ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനം വഴി ലഭ്യമാക്കാവുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള സ്കാഡ പദ്ധതിയും നടപ്പാക്കിവരുന്നു. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം), ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി. കർഷകർക്കുള്ള കുസും പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ.

<u>പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ:</u> വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്:

വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടു പിടിക്കാനും കുറക്കുന്നതിനും ലക്ഷ്യമിട്ടുള്ള ആർ.എ.പി.ഡി.-ആർ.പി. ഫേസ്-2 ഐ.ടി പദ്ധതി, കേന്ദ്ര ഗവൺമെന്റ് വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി) എന്നിവ പ്രകാരം 21 നഗരങ്ങളിൽ 2-ാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതികവിദ്യ പദ്ധതികളും ഈ 21 നഗരങ്ങളിൽ കൂടി നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറക്കാനും ഈ പദ്ധതിവഴി കഴിയും. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇംപ്ലിമെന്റേഷൻ ഏജൻസി മുഖേന നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി. കേന്ദ്ര ഗവൺമെന്റിന്റെ, വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ.ആർ.പി. നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി.ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി-ഡാസ് (RT-DAS) പദ്ധതി.

(ഡി) സേവനം വാതിൽപ്പടിയിൽ എന്ന പദ്ധതി സംസ്ഥാന വ്യാപകമായി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള 39 സെക്ഷൻ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 1-10-2020-ന് ആരംഭിച്ചിരുന്നു. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻഓഫീസിൽ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു, പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഹരിച്ച്, മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുക്കുകയും എല്ലാ സെക്ഷൻ ഓഫീസുകളിലും 'സേവനം വാതിൽപ്പടിയിൽ' പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുകയും ചെയ്തു വരുന്നു.

## വ്യവസായ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് നടപടി

25 (*205) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ . കെ. ഡി. പ്രസേനൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സ്ഥാനത്തെ വ്യവസായാന്തരീക്ഷം കലുഷിതമാണെന്ന് വരുത്തിത്തീർക്കാൻ ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും പരിപാടിയുണ്ടോ?

ഒറ്റപ്പെട്ട ചില സംഭവങ്ങൾ ബോധപൂർവ്വം പെരുപ്പിച്ച് കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം നിലവിൽ സംരംഭകർക്ക് അനുകൂലമാണ്. നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും വിവിധ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സംരംഭകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസമൊഴിവാക്കാനും ബുദ്ധിമുട്ട് ലഘൂകരിക്കാനും

കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കാനും ഏകോപിപ്പിക്കാനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ നിലവിൽ പരിശോധനകൾ നടന്നുവരുന്നു. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേല്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുസെക്രട്ടറിമാർ, വിവിധ വകുപ്പുമേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടി ഇതിനകം 10 ജില്ലകളിൽ നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു.

(ബി) വൻകിട വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാശാവഹമായ പ്രതികരണം ആരംഭത്തിൽത്തന്നെ ലഭ്യമായിട്ടുണ്ടോ?

നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടി നടത്തിവരുന്നു. പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം

തേടുകയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെ സർക്കാരിന് പിന്തുണ നൽകിവരികയുമാണ്. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഇതുവരെ 2350 കോടി രൂപയുടെ നിക്ഷേപ പദ്ധതികളിൽ ധാരണയായിട്ടുണ്ട്. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു.വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്. വ്യവസായ സംഘടനകൾ സർക്കാരിന്റെ വിവിധ പരിഷ്കരണ പദ്ധതികളെ പൂർണ്ണമായി പിന്തുണച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം തേടുകയും സർക്കാരിന്റെ പിന്തുണ വ്യക്തമാക്കുകയും ലക്ഷ്യമാക്കുന്നുണ്ടോ?

നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടി നടത്തിവരുന്നു. പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം തേടുകയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെ സർക്കാരിന് പിന്തുണ നൽകിവരികയുമാണ്. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഇതുവരെ 2350 കോടി രൂപയുടെ നിക്ഷേപ പദ്ധതികളിൽ ധാരണയായിട്ടുണ്ട്. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്. വ്യവസായ സംഘടനകൾ സർക്കാരിന്റെ വിവിധ പരിഷ്കരണ പദ്ധതികളെ പൂർണ്ണമായി പിന്തുണച്ചിട്ടുണ്ട്.

(ഡി) കാലഹരണപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു.

**ഖാദി മേഖലയിലെ പ്രതിസന്ധി**

26 (*206) ശ്രീ. മാണി സി. കാപ്പൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ റിബേറ്റ് നൽകാത്തതിനാൽ ഖാദി ബോർഡ് പ്രതിസന്ധിയിലായതും ഖാദി ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതുമായ സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. റിബേറ്റിനത്തിൽ തുക കുടിശ്ശികയുണ്ടെങ്കിലും അതുമൂലം ഖാദി ഉൾപ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

(ബി) ഖാദി സംഘങ്ങൾക്ക് റിബേറ്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകാത്തത് കാരണം സംഘങ്ങൾ പ്രതിസന്ധിയിലായത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

2011 മുതൽ റിബേറ്റ് ഇനത്തിൽ വന്നിട്ടുള്ള കുടിശ്ശിക തുക നൽകുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും ബാക്കി 4 കോടി രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത തുക ഖാദി ബോർഡ് പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം റിബേറ്റിനത്തിൽ ബാക്കിയുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

(സി) കോവിഡ് കാലത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്പെഷ്യൽ പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുകളൊന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ ഖാദി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് 1000 രൂപ വീതം 2 വർഷം പ്രത്യേക ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിതരായ ഖാദി ബോർഡിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും 2000 രൂപ വച്ച് ധനസഹായവും നൽകിയിട്ടുണ്ട്.

## അതിവേഗ വ്യവസായവൽക്കരണം

27 (*207) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് അതിവേഗ വ്യവസായവൽക്കരണത്തിന് പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിപാടിയിലെ പ്രധാന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

നിക്ഷേപ സൗഹൃദ അന്തരീക്ഷം ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ലോകത്താകമാനം പ്രസിദ്ധിയാർജ്ജിച്ചുവരുന്ന ESG നിക്ഷേപത്തിന്റെ ഒന്നാം ലക്ഷ്യ സ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നയരൂപീകരണവും സർക്കാരിന്റെ പരിഗണനയിലാണ്. പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും പരിസ്ഥിതി, സാമൂഹികം, ഭരണനിർവ്വഹണം എന്നിവ മുൻനിർത്തിയുമാണ് ഉത്തരവാദിത്ത നിക്ഷേപ കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുന്നത്. പ്രകൃതി സൗഹൃദ വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനം, ഏകീകൃത പരിശോധനാ സംവിധാനം എന്നിവ ഇത്തരത്തിൽ ഉത്തരവാദിത്ത നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നതാണ്. സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമനിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധയാകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി പൂർത്തീകരിച്ച് ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ്

നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതയുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുസെക്രട്ടറിമാർ, വിവിധ വകുപ്പുമേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി

ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്. വ്യവസായ മേഖലയിൽ സർക്കാർ സ്വീകരിച്ചുവരുന്ന നൂതന ആശയങ്ങളും പരിഷ്കരണ നടപടികളും മേൽ സംഘടനകൾ ഹൃദയപൂർവ്വം സ്വാഗതം ചെയ്തിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയും നടത്തിവരുന്നു.

(ബി)ഏറെ സാദ്ധ്യതയുള്ള ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് ചുവടുവച്ചിട്ടുള്ള കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് വലിയ വാഹനങ്ങളുടെയും ഇരുചക്ര വാഹനങ്ങളുടെയും നിർമ്മാണം സാദ്ധ്യമാക്കുന്നതിനുള്ള പരിമിതി മറികടക്കാൻ വേണ്ട പിന്തുണ നൽകിവരുന്നുണ്ടോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇന്ത്യയിൽ ആദ്യത്തെ 'E-Auto' നിർമ്മിച്ച പൊതുമേഖലാ സ്ഥാപനമാണ്. ഇതിന്റെ തുടർച്ചയെന്നോണം പുതിയ പ്രോഡക്ട് ആയി Two Wheeler വാഹന നിർമ്മാണത്തിലേയ്ക്ക് ചുവട് വയ്ക്കാൻ തീരുമാനിച്ചു. കമ്പനിക്ക് തനതായ സാങ്കേതിക വിദ്യയില്ലാത്തതിനാൽ ഇത്തരം സാങ്കേതിക വിദ്യയുള്ള കമ്പനികളെ E-Tender മുഖേന കണ്ടെത്താൻ നടപടികൾ പൂർത്തീകരിച്ചു. ഇലക്ട്രിക് Two Wheeler രംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ള കമ്പനിയുമായി ചേർന്ന് ഇലക്ട്രിക് Two Wheeler നിർമ്മിക്കാൻ നടപടിക്രമങ്ങൾ നടത്തിവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വളരെ വേഗത്തിൽ സംയുക്ത സംരംഭത്തിലൂടെ ഇലക്ട്രിക് Two Wheeler നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വലിയ വാഹനങ്ങൾ നിർമ്മിക്കാൻ കമ്പനി ആലോചിച്ച് തുടങ്ങുന്നതിന്റെ ഭാഗമായി തുടക്കത്തിൽ ഡീസൽ ബസുകൾ, ഇലക്ട്രിക് ബസുകളാക്കി മാറ്റാൻ retrofitment നടപടികൾ ഉടൻ തന്നെ ആരംഭിക്കാൻ പദ്ധതിയിടുന്നു. ഇത് കൂടാതെ വരും കാലങ്ങളിൽ വിവിധയിനം ഇലക്ട്രിക് വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഇത്തരം വാഹന നിർമ്മാണത്തിന്റെ Research & Development നടത്തുന്നതിനുവേണ്ടി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി MOU തയ്യാറാക്കുന്നതിനും പദ്ധതിയുണ്ട്. വിവിധ ഇലക്ട്രിക്ക് വാഹനങ്ങളുടെ Research & Development നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യയിൽ പ്ലാന്റ് നവീകരണത്തിനുവേണ്ടി ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ 2 കോടി 2021-22 ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. E-vehicle-ന്റെ ഭാഗമായി ഇലക്ട്രിക്ക് വാഹന വിപണനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വിവിധങ്ങളായ സ്കീമുകൾ സർക്കാർ

രൂപീകരിച്ചിട്ടുണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള തടസ്സങ്ങൾ നീക്കി പ്രശ്നങ്ങൾ പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി ഉത്പാദനശേഷി വർദ്ധിപ്പിച്ച് കൂടുതൽ വാഹന ശ്രേണികൾ ഉൾപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുന്ന പദ്ധതികളാണ് മാസ്റ്റർ പ്ലാൻവഴി ലക്ഷ്യമിടുന്നത്.

(സി) കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലിനെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും അറിയിക്കുമോ?

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം പ്രോൽസാഹിപ്പിക്കുന്നതിനായി വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലുകൾ നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനതല ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളിലെ സംസ്ഥാനതല ഉദ്യോഗസ്ഥർ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലിന്റെ അംഗങ്ങളാണ്. ജില്ലാതല ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലിന്റെ ചെയർമാൻ ജില്ലാ കളക്ടറും വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളുമാണ്.

**പെട്രോ കെമിക്കൽ പാർക്ക്**

28 (*208) ശ്രീ. ആന്റണി ജോൺ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കൊച്ചി എഫ്.എ.സി.റ്റി.-ൽനിന്നും സംസ്ഥാനം വില നൽകി വാങ്ങിയ ഭൂമിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; നിർദ്ദിഷ്ട പാർക്കിൽ ബി.പി.സി.എൽ.-ന് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യിൽനിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോ കെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. പ്രസ്തുത പാർക്കിന്റെ രൂപരേഖ കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 33% ഭൂമി ഹരിത ബെൽറ്റ് സ്ഥാപിക്കുന്നതിനായി നിലനിർത്തുന്നതും പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ഇത് സഹായകരമാകുന്നതുമാണ്. നിലവിൽ 170 ഏക്കർ ഭൂമി ബി.പി.സി.എൽ.-ന്റെ വികസനത്തിനായി പാട്ട വ്യവസ്ഥയിൽ അനുവദിച്ചുകഴിഞ്ഞു. ബി.പി.സി.എൽ. ആണ് പെട്രോകെമിക്കൽ പാർക്കിലെ ആങ്കർ ഇൻവെസ്റ്റർ. 229 ഏക്കർ ഭൂമിയാണ് വ്യവസായ സംരംഭങ്ങൾക്കായി അലോട്ട് ചെയ്യുന്നതിന് പെട്രോകെമിക്കൽ പാർക്കിൽ ലഭിക്കുന്നത്. ഇതിൽ 61.2 ഏക്കർ ഭൂമി 28 സംരംഭകർക്കായി ഇതിനോടകം അലോട്ട് ചെയ്തുകഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 300 കോടി രൂപയുടെ പദ്ധതിയാണ് കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികളും അവസാന ഘട്ടത്തിലാണ്.

(ബി) ഇത്തരം വ്യവസായങ്ങളുടെ ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾക്കായി ആശ്രയിക്കുന്നത് ബി.പി.സി.എൽ.നെ ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണം വ്യവസായ ക്ലസ്റ്ററിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പെട്രോകെമിക്കൽ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർ അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്കായി ആശ്രയിക്കുന്നത് ബി.പി.സി.എൽ.-നെയാണ്. ഇത്തരത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കിൻഫ്രയും ബി.പി.സി.എൽ-ഉം തമ്മിൽ 24-9-2021-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി പെട്രോകെമിക്കൽ പാർക്കിലെ സംരംഭകർക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യത തടസമില്ലാതെ ഉറപ്പാക്കാനാകും.

(സി) മഹാരത്ന കമ്പനിയായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കുന്നതിൽനിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.-എൽ കൊച്ചിൻ റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

**ക്ഷേമ പെൻഷനുകൾക്കുള്ള കേന്ദ്ര, സംസ്ഥാന വിഹിതം**

29 (*209) ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾക്കുള്ള സംസ്ഥാന വിഹിതം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റ് വിഹിതം (തുക കോടി രൂപയിൽ) |
|---|---|
| 2016-17 | 5128.63 |
| 2017-18 | 5666.21 |
| 2018-19 | 3578 |

2018-19 സാമ്പത്തിക വർഷത്തിൽ, 2018 ആഗസ്റ്റ് മുതൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് വിതരണം ചെയ്യുന്നത്.

| വർഷം | ബഡ്ജറ്റ് വിഹിതം (തുക കോടി രൂപയിൽ) |
|---|---|
| 2019-20 | 3354 |
| 2020-21 | 12950.07 |

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-21) 34,504.19 കോടി രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ക്ഷേമ പെൻഷനുകളുടെ കാര്യത്തിൽ മതിയായ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷൻ ഇനങ്ങൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നത്. സംസ്ഥാനത്ത് 5107991 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുള്ളതിൽ 688329 ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ 710585 ആണ്. ഇതിന് യാതൊരുവിധ കേന്ദ്രസഹായവും ലഭിക്കുന്നില്ല. നിലവിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ സർക്കാരിന്റെ സാമൂഹിക ഉത്തരവാദിത്തമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ സർക്കാരിന്റെ സാമൂഹിക ഉത്തരവാദിത്തമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-4-2020 മുതൽ 1300 രൂപയായും, 1-9-2020 മുതൽ 1400 രൂപയായും 1-1-2021 മുതൽ 1500 രൂപയായും 1-4-2021 മുതൽ 1600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം അനുവദിച്ച് വിതരണം ചെയ്തുവരുന്നു. 2021 സെപ്റ്റംബർ വരെയുള്ള പെൻഷൻ ഇതിനകം അനുവദിച്ച് വിതരണം ചെയ്തുവരുന്നു.

(ഡി) ഗാർഹിക തൊഴിലാളി പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല.

**സഹകരണ ബാങ്കുകളിലെ ആഡിറ്റ്**

30 (*210) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം

അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്നുകാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥയുമുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത

അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കുമനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ ബാങ്കുകളിലെ ആഡിറ്റ് കൃത്യമായി നടക്കുന്നുണ്ടോ; ആഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് എന്ത് നിർദ്ദേശമാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കംപ്യൂട്ടർ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പാസ്സ്‌വേർഡ് മാറ്റുക.

2. സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനുള്ളിൽ വരവ് ചെലവ് കണക്കുകൾ, ആസ്തി, ബാദ്ധ്യത സ്റ്റേറ്റ്മെന്റുകൾ എന്നിവ ഭരണസമിതിയുടെ അംഗീകാരത്തോടെ ആഡിറ്റിന് സമർപ്പിക്കുക.

3. സോഫ്റ്റ്‌വെയറുകളുടെ സുരക്ഷ മാനദണ്ഡങ്ങൾ ഭരണസമിതി ഉറപ്പുവരുത്തി സുരക്ഷ ഓഡിറ്റ് അംഗീകൃത ഏജൻസി മുഖേന പൂർത്തിയാക്കുക.

4. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലുള്ള സംഘങ്ങളിൽ ടി ഉദ്യോഗസ്ഥർ ബ്രാഞ്ചുകളിലുൾപ്പെടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം പരിശോധന നടത്തി ഭരണസമിതിക്ക് എല്ലാ മാസവും റിപ്പോർട്ട് സമർപ്പിക്കുക. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലില്ലാത്ത സംഘങ്ങളിൽ ടി പരിശോധന സംഘം സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്.

5. വിവിധ കാരണങ്ങളാൽ കോടതിയിലോ പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചത്കൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ്‌വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ് 5 ഒഴികെ മറ്റു ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകളിൽ ബോർഡംഗങ്ങൾക്കുള്ള ഉത്തരവാദിത്തം ഏതുരീതിയിലാണെന്ന് വ്യക്തമാക്കാമോ?

ഒരു സഹകരണ ബാങ്കിന്റെ ഭരണ സമിതിയുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സംഘം നിയമാവലിയിൽ പ്രതിപാദിച്ചിരിക്കും. സംഘം ജീവനക്കാർ ഭരണ സമിതിയുടെ ആജ്ഞാനുവർത്തികൾ മാത്രമാണ്. സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം നിയമാവലിക്കും വിരുദ്ധമായി ഭരണ സമിതി അംഗങ്ങൾ തീരുമാനമെടുക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ആയതിന് ഭരണസമിതി അംഗങ്ങൾ മാത്രമായിരിക്കും ഉത്തരവാദികളാകുന്നത്. സംഘം ആസ്തികൾ, റിക്കോർഡുകൾ, നീക്കിയിരുപ്പ് തുക തുടങ്ങിയവ സൂക്ഷിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുമെന്ന് സഹകരണ നിയമത്തിലെ ചട്ടം 47(ഡി)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു സഹകരണ സംഘത്തിലെ എല്ലാത്തരത്തിലുമുള്ള പ്രവർത്തനങ്ങളും സഹകരണ നിയമത്തിനും ചട്ടത്തിനും നിയമാവലിക്കും വിധേയമായിട്ടാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും ഭരണസമിതിയുടെ ഉത്തരവാദിത്തമാണ്. ഒരു സഹകരണ സംഘത്തിലെ സാധാരണ അംഗത്തിന് ക്ലിപ്ത ബാധ്യതയാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും ഭരണസമിതി അംഗത്തിന്റെ ബാധ്യതയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്.

(ഡി) സഹകരണസംഘം ചിട്ടിയിലും സ്വർണ്ണപണയത്തിലും ബോർഡിന്റെ ഉത്തരവാദിത്തം എന്താണെന്ന് വ്യക്തമാക്കുമോ?

സ്വർണ്ണപ്പണയ വായ്പകൾ അനുവദിക്കുന്നതിനും സ്വർണ്ണപ്പണയ പണ്ടങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 22/2016, 13/2018 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കുലർ പ്രകാരം സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽനിന്നും ഒരു പ്രതിനിധി, ഒരു ഭരണ സമിതി അംഗം ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ പണയ സ്വർണ്ണങ്ങളുടെയും ആധികാരികത ടി കമ്മിറ്റി ഭൗതിക പരിശോധന നടത്തി വിലയിരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യ പത്രം ഓരോ മൂന്ന് മാസത്തിലൊരിക്കലും സമർപ്പിക്കേണ്ടതും ആഡിറ്ററെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിൽ സാക്ഷ്യപെടുത്തിയ സംഘങ്ങളിലെ സ്വർണ്ണപ്പണയ പണ്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് പിന്നീട്

കണ്ടെത്തുകയാണെങ്കിൽ ആയതിലേയ്ക്കുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട കമ്മിറ്റിക്കും ഭരണസമിതിക്കുമായിരിക്കുന്നതാണ്. സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം നിയമാവലിക്കും വിധേയമായി സംഘം ഭരണസമിതിക്ക് വായ്പ നിക്ഷേപ ഇടപാടുകളിൽ നിഷ്കർഷിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാംതന്നെ ചിട്ടി/എം.ഡി.എസ്-ന്റെ കാര്യത്തിലും ഭരണസമിതിക്കുണ്ടായിരിക്കുന്നതാണ്.

## ii. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡ് മരണങ്ങൾക്കുള്ള നഷ്ടപരിഹാരം

1 (2298) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മരണങ്ങൾക്കുള്ള നഷ്ടപരിഹാരം സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്ന് നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് പര്യാപ്തമായ തുക നിധിയിൽ നിലവിൽ ലഭ്യമാണോ; അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി കൂടുതൽ തുക പ്രസ്തുത നിധിയിലേയ്ക്ക് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

സർക്കാർ നയപരമായ തീരുമാനമെടുക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

### വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

2 (2299) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ വിലക്കയറ്റ നിരക്ക് വർദ്ധിച്ചുവരികയും ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും വിലക്കയറ്റ നിരക്കിൽ വലിയ അന്തരമുണ്ടാകുകയും ചെയ്തുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമാകാത്തതിന് കാരണമെന്താണ്; വ്യക്തമാക്കുമോ?

ഏത് സാധനങ്ങളുടെ വിലയുടെ കാര്യമാണ് ചോദ്യത്തിൽ പ്രസ്താവിക്കുന്നതെന്നതിൽ വ്യക്തതയില്ല. അതുകൊണ്ടുതന്നെ സ്പഷ്ടമായ മറുപടി ഇക്കാര്യത്തിൽ പറയുന്നതിന് സാധിക്കുന്നില്ല. സംസ്ഥാനത്തിന്റെ ഏതെങ്കിലും ചില പ്രദേശങ്ങളിൽ വിലക്കയറ്റം വളരെ കൂടുതലാണെന്നുള്ള തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. വിപണിയിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ സർക്കാർ നടത്തുന്നുണ്ട്. അതിന് ഫലവും കണ്ടിട്ടുണ്ട്.

(ബി) ജില്ല അടിസ്ഥാനത്തിൽ വിലക്കയറ്റം പരിശോധിച്ചാൽ മലപ്പുറംപോലുള്ള ജില്ലകളിൽ മറ്റ് പല ജില്ലകളെ അപേക്ഷിച്ച് വിലക്കയറ്റം കൂടുതലാണെന്നതിന് കാരണമെന്താണ്; വിലക്കയറ്റം കൂടിയ ഇത്തരം ജില്ലകളിൽ വിലനിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഗതാഗത സൗകര്യങ്ങളിലെ വ്യത്യാസവും ദൂരത്തിലുള്ള വ്യത്യാസവും നിമിത്തം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ സാധനങ്ങളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികമാണ്. എന്നാൽ വളരെ വലിയ അളവിലുള്ള വ്യത്യാസം ഒരു പ്രദേശത്തുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലപ്പുറത്ത് അങ്ങനെ പ്രത്യേക രീതിയിലുള്ള വിലക്കയറ്റമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്നതിന് നടപടി

3 (2300) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ സമർപ്പിച്ചിരുന്നത്; വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ സംസ്ഥാനം ജി.എസ്.ടി കൗൺസിലിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രധാനമായും സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ജി.എസ്.ടി കൗൺസിലിൽ വാദിച്ചിട്ടുള്ളത്. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിലും മാറ്റം വരുത്തുന്നതിലും സംസ്ഥാന താല്പര്യം മുൻനിർത്തിയുള്ള നിലപാടുകളാണ് ജി.എസ്.ടി കൗൺസിലിൽ സ്വീകരിച്ചിട്ടുള്ളത്. നികുതി നിരക്കുകൾ പുനഃസംഘടിപ്പിക്കുന്നതിലൂടെയും നികുതി വെട്ടിപ്പ് തടയുന്നതിലൂടെയും ലഭിക്കുന്ന നികുതി പണം പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ വിനിയോഗിക്കാൻ സാധിക്കും. ജീവൻരക്ഷാ മരുന്നുകൾ, കോക്ലിയർ ഇംപ്ലാന്റ് തുടങ്ങിയവയുടെ നികുതിനിരക്ക് കുറയ്ക്കുന്നതിനും സംസ്ഥാനം മുൻകയ്യെടുത്തിട്ടുണ്ട്. വെളിച്ചെണ്ണയുടെ നികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം മാറ്റിവെപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പെട്രോളിയം ഉല്പന്നങ്ങളുടെ വില ചില സംസ്ഥാനങ്ങൾ പകുതിയോളം കുറച്ച് ജനങ്ങൾക്ക് വിതരണം നടത്തുന്നത് സംസ്ഥാനം മാതൃകയാക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതി കുറച്ച് പെട്രോൾ, ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. 6-5-2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവുവരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

(സി) പെട്രോളിയം ഉല്പന്നങ്ങളിൽ ഉപഭോക്താക്കളിൽ ചുമത്തുന്ന നികുതിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റ് വിഹിതം പരിപൂർണ്ണമായി ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത്

യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്രനികുതി കുറച്ച് പെട്രോൾ, ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. 6-5-2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവുവരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

## ക്രിപ്റ്റോ കറൻസി നിക്ഷേപം

4 (2301) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് 4-ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ vs ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഇന്ത്യ റിട്ട് പെറ്റീഷൻ നമ്പർ 528/2018 കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ക്രിപ്റ്റോ കറൻസിയെ നിക്ഷേപങ്ങളുടെ ഗണത്തിലുൾപ്പെടുത്തുകയും റിസർവ് ബാങ്കിന് ക്രിപ്റ്റോ കറൻസി ഇടപാടുകൾ തടയാൻ അധികാരമില്ലെന്ന് അന്തിമവിധി പുറപ്പെടുവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

6-4-2018-ലെ സർക്കുലറിലൂടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് വെർച്വൽ കറൻസികളിൽ വിനിമയം നടത്തുന്നതിനും ആയതുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾ നൽകുന്നതിനും വിലക്കേർപ്പെടുത്തിയിരുന്നു. ടി സർക്കുലർ WP(Civil) No.528/2018-ലെ വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദാക്കിയിരുന്നു. രാജ്യത്ത് വെർച്വൽ കറൻസി നിരോധിച്ചിട്ടില്ലെന്ന കാരണമാണ് പ്രധാനമായും ടി വിധിന്യായത്തിനടിസ്ഥാനം. കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താത്തതും വിധിന്യായത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ തുടർനടപടികളും തീരുമാനങ്ങളും നിർണ്ണായകമാണ്.

(ബി) കേന്ദ്രസർക്കാർ ക്രിപ്റ്റോ കറൻസി നിക്ഷേപങ്ങളിന്മേൽ ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് ചുമത്താനും സ്വന്തമായി ഡിജിറ്റൽ കറൻസിയിറക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ സംസ്ഥാനം ഈ വിഷയത്തിന്മേൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനം ഈ വിഷയത്തിൽ പഠനമൊന്നും നടത്തിയിട്ടില്ല.

(സി) സർക്കാർ ഉദ്യോഗസ്ഥർ ഓഹരി നിക്ഷേപം പ്രോപ്പർട്ടി റിട്ടേൺസിൽ ഉൾപ്പെടുത്തുന്നതുപോലെ ക്രിപ്റ്റോ കറൻസി നിക്ഷേപവും പ്രോപ്പർട്ടി റിട്ടേൺസിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ?

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 37-39 വരെയാണ് പ്രോപ്പർട്ടി റിട്ടേൺസ് ഫയൽ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയത് ഫയൽ ചെയ്യേണ്ടത് സംബന്ധിച്ച പ്രൊഫോർമ 14-12-2010-ലെ സ.ഉ.(പി) നമ്പർ 39/2010/ഉഭപവ. നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊഫോർമയിലെ പാർട്ട് III (Movable Properties) ക്രിപ്റ്റോ കറൻസിയെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല.

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മേൽനോട്ടം

5 (2302) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുധനവിനിയോഗ സമ്പ്രദായം വഴി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മേൽനോട്ടം കേന്ദ്രസർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രം തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) പി.എഫ്.എം.എസ്.-ന്റെ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിച്ചാൽ മാത്രമേ കേന്ദ്ര പദ്ധതികളുടെ ആനുകൂല്യങ്ങളും മറ്റും സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂവെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിന് PFMS സംവിധാനം സംസ്ഥാനത്തിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനവും കേന്ദ്ര സർക്കാരിന്റെ ഈ സംവിധാനം ട്രഷറി വകുപ്പുമായി സംയോജിച്ച് നടപ്പിലാക്കിവരികയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, റിലീസ് വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലും PFMS പോർട്ടൽ മുഖേനയും നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ പരിഷ്കരിച്ച സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൃത്യമായ നിരീക്ഷണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നടത്താവുന്നതാണ്. Single Nodal Account, മറ്റ് നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകൾ എന്നിവയിലെ നീക്കിയിരിപ്പ്, ചെലവഴിക്കൽ ശതമാനം തുടങ്ങിയവ വിലയിരുത്തി മാത്രമേ തുടർ റിലീസുകൾ നൽകുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം, റിലീസുകളുടെ കൃത്യമായ ചെലവഴിക്കൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തി തുടർ റിലീസുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ പി.എഫ്.എം.എസ് പോർട്ടലായ ഇ- ഗ്രാമസ്വരാജ് മുഖേന പൂർത്തിയാക്കാൻ കേന്ദ്ര ധനമന്ത്രാലയം മുന്നറിയിപ്പ് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ?

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗമാണ് ഇ-ഗ്രാമസ്വരാജ് മുഖേന നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇത് നടപ്പിലാക്കുമോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിലൂടെ സംസ്ഥാന സർക്കാരുകൾക്ക് പദ്ധതികളുടെ നടത്തിപ്പിലുണ്ടായിരുന്ന അധികാരം നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ Single Nodal Account സംവിധാനത്തിലേയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളെ മാറ്റുന്ന പ്രക്രിയ തുടർന്നുവരുന്നു. ഈ പരിഷ്കരണം സംസ്ഥാന സർക്കാരുകൾക്ക് പദ്ധതി നടത്തിപ്പിൽ ഉണ്ടായിരുന്ന അധികാരങ്ങൾക്ക് യാതൊരു നഷ്ടവും ഉണ്ടാക്കുന്നില്ല മറിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ സുതാര്യവും സുഗമവുമായി മാറ്റുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

**കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടമായ കുട്ടികൾ**

6 (2303) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്ക് ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

20-6-2021-ലെ സ.ഉ (കൈ)നമ്പർ18/2021/സാ.നീ.വ പ്രകാരം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ ധനസഹായം ലഭ്യമായിത്തുടങ്ങുക; എങ്കിൽ എത്ര രൂപയാണ് ഇതിനായി ധനകാര്യവകുപ്പ് വകയിരുത്തിയിട്ടുള്ളത്?

8-8-2021-ലെ സ.ഉ.(സാധാ)നമ്പർ 5578/2021/ധന പ്രകാരം ധനകാര്യ വകുപ്പ് 3,19,99,000 രൂപ (മൂന്ന് കോടി പത്തൊൻപത് ലക്ഷത്തിതൊണ്ണൂറ്റി ഒൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന ഡയറക്ടർ 15-9-2021-ലെ ICPS 4(A)/1602/21 പ്രകാരം ആദ്യഘട്ടമായി 54 കുട്ടികൾക്കുള്ള അടിയന്തര ധനസഹായം ജില്ലകൾക്ക് കൈമാറിയിട്ടുമുണ്ട്.

(സി) ഏത് വകുപ്പുവഴിയാണ് ഈ തുക കുട്ടികൾക്ക് കൈമാറുന്നത്; ഇതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ എന്തെങ്കിലും പുറപ്പെടുവിക്കുകയുണ്ടായോ; ആർക്കൊക്കെയാണ് ഇതിന്റെ ഗുണം ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ; മാർഗ്ഗരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

വനിതാ ശിശുവികസന വകുപ്പ് മുഖേനയാണ് കുട്ടികൾക്ക് ധനസഹായം കൈമാറുന്നത്. 17-8-2021-ലെ സ.ഉ.(കൈ) നമ്പർ 1/2021/WCDD പ്രകാരം ആയതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*). പ്രസ്തുത മാർഗ്ഗരേഖകൾ പ്രകാരം ചുവടെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ധനസഹായത്തിന് അർഹതയുണ്ട്.

1. കോവിഡുമൂലം മാതാവും പിതാവും നഷ്ടപ്പെട്ട കുട്ടികൾ.

2. കോവിഡ് നെഗറ്റീവായി മാറിക്കഴിഞ്ഞ് മൂന്നു മാസത്തിനകം ശാരീരിക പ്രശ്നങ്ങളാൽ മരണപ്പെട്ട മാതാപിതാക്കളുടെ കുട്ടികൾ.

3. പിതാവോ മാതാവോ മുൻപ് മരണപ്പെട്ടതും കോവിഡുമൂലം നിലവിലുള്ള ഏക രക്ഷിതാവ് മരണപ്പെടുകയും ചെയ്ത കുട്ടികൾ.

4. മാതാവോ പിതാവോ നേരത്തെ ഉപേക്ഷിച്ച് ഇപ്പോൾ ഏക രക്ഷിതാവ് കോവിഡുമൂലം മരിക്കുകയും ചെയ്ത കുട്ടികൾ.

5. മാതാപിതാക്കൾ മരണപ്പെടുകയോ ഉപേക്ഷിക്കുകയോ ചെയ്ത് ബന്ധുക്കളുടെ സംരക്ഷണയിൽ കഴിയുകയും നിലവിൽ സംരക്ഷിക്കുന്ന രക്ഷിതാക്കൾ കോവിഡുമൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾ.

## സംസ്ഥാനത്തിന്റെ വരുമാനം

7 (2304) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിലെ എക്കലും മണലും വാരിമാറ്റി വിറ്റഴിക്കുന്നതിലൂടെ സംസ്ഥാനത്തിന് ലഭിക്കാവുന്ന വരുമാനം ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണക്കാക്കിയിട്ടില്ല.

(ബി) സാധാരണ ജനങ്ങളെ നേരിട്ടുബാധിക്കാതെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മറ്റേതെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാണ് പദ്ധതികൾ രൂപകല്പന ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആസൂത്രണ സാമ്പത്തിക കാര്യ(സിപിഎംയു) വകുപ്പിന്റെ 25-10-2019-ലെ സ.ഉ.(കൈ)നമ്പർ457/2019/പി&ഇഎ ഉത്തരവുപ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും വിഭവ സമാഹരണം മെച്ചപ്പെടുത്താനും ധനകാര്യ-നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിവിധ വകുപ്പുകളിൽനിന്നും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ആരായുകയും, വകുപ്പുകളിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അവലോകനം നടത്തി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പെട്രോളിയം ഉല്പന്നങ്ങളുടെയും പാചകവാതകത്തിന്റെയും വില വർദ്ധനവ് പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്നതല്ല.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധന**

8 (2305) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കുറുക്കോളി മൊയ്തീൻ :
ശ്രീ. എ. കെ. എം. അഷ്റഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ & ബി) സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി 7-11-2018-ലെ സ.ഉ. (അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിരുന്നു. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## കിഫ്ബി വഴി നടപ്പാക്കുന്ന വൻകിട പദ്ധതികൾ

9 (2306) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി മുൻസർക്കാർ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന വൻകിട പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കിഫ്ബി വഴി മുൻസർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച് കിഫ്ബി അംഗീകാരം നൽകിയ 100 കോടി രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള വൻകിട പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത വൻകിട പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) കെ-ഫോൺ, ഫർമാ പാർക്ക്, ലൈഫ് സയൻസ് പാർക്ക് എന്നീ പദ്ധതികൾ ഏതുവർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

1,061.73 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയ കെ-ഫോൺ പദ്ധതി 2022 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി പെട്രോ കെമിക്കൽ & ഫാർമാ പാർക്ക്, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക് പദ്ധതികൾക്കായി സ്ഥലമേറ്റെടുപ്പിനുള്ള അനുമതി മാത്രമാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ 977.46 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയ പെട്രോ കെമിക്കൽ & ഫാർമാ പാർക്ക് പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുള്ളതും 301.17 കോടി രൂപയ്ക്ക് അംഗീകാരം നൽകിയ ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് അന്തിമ ഘട്ടത്തിലുമാണ്. പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാനൂർ ഐ.ബി. നവീകരണത്തിന് തുക**

10 (2308) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാനൂരിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കാത്തതുകാരണം ഇവിടെ എത്തിച്ചേരുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥ മേധാവികളും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നവീകരണത്തിന് യഥാവിധി തുക അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാനൂരിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്ന പ്രവൃത്തിക്കായി ' 4059-01-051-86' ശീർഷകത്തിനുകീഴിൽ ചെലവ് വകയിരുത്തി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ധനകാര്യവകുപ്പ് അംഗീകാരം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 16-3-2020-ലെ സ.ഉ.(സാധാ)നമ്പർ 314/2020/പൊ.മ.വ. പ്രകാരം പൊതുമരാമത്തു (ഇ) വകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

**ഒന്നാം കോവിഡ് പാക്കേജ്**

11 (2310) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നാം കോവിഡ് പാക്കേജിൽ ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി എത്ര രൂപയാണ് നീക്കിവച്ചതെന്നും അതിൽ എത്ര രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

ഒന്നാം കോവിഡ് പാക്കേജിനായി ആകെ 26361.726 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**തലശ്ശേരി കേന്ദ്രീയവിദ്യാലയത്തിന് ഭൂമി**

12 (2312) <u>ശ്രീ. എ. എൻ.ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെ നൂറുദിന കർമ്മപരിപാടിയിലുൾപ്പെട്ട പദ്ധതിയായ തലശ്ശേരി കേന്ദ്രീയ വിദ്യാലയവും അനുബന്ധ കെട്ടിടങ്ങളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിനുള്ള അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള (ഫയൽ നമ്പർ - 1852403) ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി കേന്ദ്രീയ വിദ്യാലയവും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച ഭരണ വകുപ്പിന്റെ 1852403 നമ്പർ ഫയൽ ധന വകുപ്പ് A2/18/2016/Fin നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. ഭരണ വകുപ്പ് സമർപ്പിച്ചിരുന്ന ഭരണാനുമതി ഉത്തരവിൽ നിലവിൽ ഏത് ശീർഷകത്തിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മാത്രവുമല്ല നിലവിലെ ഭരണാനുമതി 2016-ൽ പുറപ്പെടുവിച്ചതാണ്. അതിനാൽ ഇപ്പോൾ ആവശ്യമായിട്ടുള്ള തുകയെത്ര, ഏതു ശീർഷകത്തിലാണ് ആവശ്യമായിട്ടുള്ളത്, ടി ശീർഷകത്തിലെ നടപ്പുസാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പെത്ര, ധന പുനർവിനിയോഗത്തിന്റെ സാധ്യത (ഉണ്ടെങ്കിൽ നിശ്ചിത പ്രൊഫോർമയിൽ) എന്നീ വിശദാംശങ്ങൾ സഹിതം പ്രൊപ്പോസൽ ലഭ്യമാക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടുകൊണ്ട് 6-10-2021-ൽ 1852403 നമ്പർ ഫയൽ ഭരണ വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്.

(ബി) തലശ്ശേരി കേന്ദ്രീയ വിദ്യാലയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മേൽ വിവരങ്ങൾ ലഭ്യമായാലുടനെ തന്നെ തലശ്ശേരി കേന്ദ്രീയ വിദ്യാലയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

13 (2313) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഇതിനെ തുടർന്ന് 1-1-2019-ലും 15-10-2020-ലും ടെൻഡർ

ക്ഷണിച്ചിരുന്നെങ്കിലും ടെൻഡറിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റുമായി ബന്ധപ്പെട്ട Request For Proposal-ലെ നിർദ്ദിഷ്ട നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലും ഇവരുടെ പ്രാതിനിധ്യം ടെൻഡറിൽനിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക കാരണങ്ങളാലും പദ്ധതി നടപ്പിലായിരുന്നില്ല. പിന്നീട് സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്തു പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ പ്രത്യേക നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും (Special Clause) ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിച്ച് റീടെൻഡർ നടപടി ആരംഭിച്ചിരുന്നു. ടി നിബന്ധനയ്ക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് തള്ളിക്കളഞ്ഞുകൊണ്ട് 29-3-2021-ൽ വിധിവരികയും എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 8-4-2021-ൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയുമുണ്ടായി. ടി അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണെങ്കിലും പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് നിയമതടസ്സമില്ലെന്ന നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കോവിഡ് സാഹചര്യത്തിൽ നൽകിയ ധനസഹായം**

14 (2314) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്തതും ക്ഷേമനിധി ബോർഡുകളിൽ അംഗമല്ലാത്തതുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോവിഡ് സാഹചര്യത്തിൽ രണ്ട് ഘട്ടങ്ങളിലായി ആയിരം രൂപ വീതം ധനസഹായം നൽകിയ പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുത്തത്?

സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങൾ സംബന്ധിച്ച ഡേറ്റാ ബേസും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഡേറ്റാബേസും താരതമ്യം ചെയ്ത്, ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന അംഗങ്ങളുള്ള ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങളെ ഒഴിവാക്കിക്കൊണ്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ പട്ടിക പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

(ബി) ഏത് വകുപ്പ് മുഖേനയാണ് അപേക്ഷ സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങൾ സംബന്ധിച്ച ഡേറ്റാ ബേസും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഡേറ്റാബേസും താരതമ്യം ചെയ്ത്, ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന അംഗങ്ങളുള്ള ബി.പി.എൽ - അന്ത്യോദയ കുടുംബങ്ങളെ ഒഴിവാക്കിക്കൊണ്ട് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ പട്ടിക പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

(സി) അർഹതയുണ്ടായിട്ടും പ്രസ്തുത ആനുകൂല്യം ലഭിക്കാതിരുന്നവർക്ക് ഇനി അപേക്ഷിക്കാനുള്ള സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്ന് വിശദമാക്കാമോ?

സൂക്ഷ്മ പരിശോധനയിൽ കൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ധനസഹായം ലഭിച്ചില്ലെന്നുള്ള പരാതികളിന്മേൽ സിവിൽ സപ്ലൈസ് ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുടെ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടുണ്ട്.

**ലോകബാങ്ക് വായ്പ**

15(2315) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണപദ്ധതിയുടെ രണ്ടാം ഘട്ടത്തിന് വായ്പ ലഭിക്കാൻ ലോകബാങ്ക് നിബന്ധനകൾ വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലോകബാങ്ക് സമർപ്പിച്ചിരിക്കുന്ന നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എത്ര കോടി രൂപയുടെ വായ്പയെടുക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ വായ്പകൾ എങ്ങനെ പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) കേരള പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടം, പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Program for Results-PforR) മാതൃകയിൽ നടപ്പാക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. നയപരവും സ്ഥാപനപരവുമായ പരിഷ്കരണങ്ങളെയും നവീന സാങ്കേതിക സഹായ പദ്ധതികളിലൂടെ കൈവരിച്ച ശേഷികളെയും കൂടുതൽ വിപുലമാക്കുകയും ഉറപ്പിക്കുകയും ചെയ്തുകൊണ്ട്,

മഹാമാരികളെയും പ്രകൃതിദുരന്തങ്ങളെയും കാലാവസ്ഥമാറ്റത്തെയും നേരിടുന്നതിനും അതിലൂടെ സംസ്ഥാനത്തിന്റെ ദീർഘകാല അതിജീവനക്ഷമത കൈവരിക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അതാത് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതും പദ്ധതിയുടെ ഭാഗമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ സൂചകങ്ങൾ താഴെപ്പറയുന്നു:

DLI 1 : രോഗവ്യാപനവും പ്രകൃതിദുരന്തങ്ങളും നേരിടാൻ തക്കവണ്ണം സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുക.

DLI 2 : ദുരന്തങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ യോജ്യ സംവിധാനം (അഡാപ്റ്റീവ് സേഫ്റ്റി നെറ്റ് സിസ്റ്റം) ശക്തിപ്പെടുത്തുക.

DLI 3 : ദുർബ്ബല കുടുംബങ്ങൾക്കുള്ള ദുരന്തസാധ്യതാ ധനസഹായവും ഇൻഷ്വറൻസ് ശേഷിയും മെച്ചപ്പെടുത്തുക.

DLI 4 : നഗര തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദുരന്തസാദ്ധ്യത പരിഗണിച്ചുള്ള മാസ്റ്റർ പ്ലാനുകളും മുൻഗണനാ പ്രവർത്തന പദ്ധതികളും വികസിപ്പിക്കുക.

DLI 5 : കാലാവസ്ഥാ അപകടസാധ്യതാ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്തസാധ്യതാ ലഘൂകരണ പ്ലാനുകളുമായി സംയോജിപ്പിക്കുക.

DLI 6 : മനുഷ്യനെ ബാധിക്കുന്ന തരത്തിലുള്ള ജന്തുജന്യ രോഗങ്ങൾ സമയബന്ധിതമായി കണ്ടെത്താനും അവയോട് പ്രതികരിക്കാനുമുള്ള ശേഷി ആർജ്ജിക്കുക.

DLI 7 : പമ്പാ നദീതടത്തിനായുള്ള സംയോജിത നദീതട പരിപാലന പദ്ധതി വികസിപ്പിച്ച് നടപ്പിലാക്കുക.

DLI 8 : കർഷക ഉത്പാദക സംഘടനകൾക്ക് പുതിയതരത്തിലുള്ളതും സുസംഘടിതവുമായ വിപണികൾ ലഭ്യമാക്കുക.

DLI 9 : അതിജീവനക്ഷമതയുൾക്കൊണ്ടുള്ള സേവന മാനദണ്ഡങ്ങൾ പാലിക്കുന്ന തരത്തിൽ പമ്പാ നദീതടത്തിൽ കോർ റോഡ് ശൃംഖല പുനസ്ഥാപിക്കുകയും/പരിപാലിക്കുകയും ചെയ്യുക.

ഈ പദ്ധതിക്കായി ലോകബാങ്കിൽനിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി (AIIB)-ൽ നിന്നും കോ-ഫിനാൻസിംഗ് (50:50 അനുപാതത്തിൽ) അടിസ്ഥാനത്തിൽ 250 ദശലക്ഷം ഡോളറിന്റെ വായ്പ സംബന്ധിച്ച് കരാറായിട്ടുണ്ട്. കൂടാതെ, 350 ദശലക്ഷം ഡോളറിന്റെ പ്രസ്തുത പദ്ധതിക്ക്, 100 ദശലക്ഷം യൂറോയുടെ വായ്പ ഫ്രഞ്ച് ബാങ്കായ AFD-യിൽനിന്നും

സ്വീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രകൃതിദുരന്തങ്ങളുടെ ഫലമായുണ്ടാകുന്ന ഭൗതികവും സാമ്പത്തികവുമായ ദുർബ്ബലാവസ്ഥ കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി പൊതു, സ്വകാര്യ ആസ്തികളുടെ അതിജീവനക്ഷമത ഉറപ്പിക്കുന്ന തരത്തിൽ "കൂടുതൽ മികവുള്ള പുനർനിർമ്മാണ"ത്തിനുള്ള സാമ്പത്തിക പിന്തുണ ഫലപ്രാപ്തി അധിഷ്ഠിത പരിപാടിയിലും തുടരും.

### കടപ്പത്രം ഇറക്കാനുള്ള തീരുമാനം

16 (2316) ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ :
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആയിരത്തി അഞ്ഞൂറ് കോടി രൂപയുടെ കടപ്പത്രം ഇറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പൊതു വിപണിയിൽനിന്നും 29-9-2021- ൽ 1500 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെകാലത്ത് സാമ്പത്തിക അച്ചടക്കം പാലിക്കാതിരുന്നതും നികുതി പിരിവിലുണ്ടായ വീഴ്ചയും ജി.എസ്.ടി. വരുമാനത്തിലുണ്ടായ ഇടിവും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഇല്ല. അതേസമയം, പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണോ ചുരുങ്ങിയ കാലയളവിൽ ഇത്രയും കോടി രൂപയുടെ കടപ്പത്രം ഇറക്കാൻ തയ്യാറാകുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്.

(ഡി) ചെലവ് ചുരുക്കാൻ മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിജയപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

അതെ. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമപ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത് മുൻസർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്.

**സർക്കാർ കടമെടുത്ത തുക**

17 (2317) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ വിവിധ ആവശ്യങ്ങൾക്കായി ബഡ്ജറ്റിനുപുറത്ത് വിവിധ ഏജൻസികൾവഴി സർക്കാർ കടമെടുത്ത തുകയുടെ വിശദാംശങ്ങൾ നൽകുമോ; ഓരോ വായ്പയുടെയും പലിശ എത്രയാണെന്നും തിരിച്ചടവെന്നാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

2016 മുതൽ 2021 സെപ്റ്റംബർ വരെ സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിന് പുറത്ത് കിഫ്ബിവഴി വായ്പകൾ സ്വീകരിച്ചിട്ടുണ്ട്. വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് ആശ്വാസ നടപടികൾ**

18 (2318) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> :
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാത്തവർക്ക് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മോറട്ടോറിയം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്കിനോടും അവശ്യപ്പെടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 - Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽനിന്നുമെടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറ് മാസത്തേക്ക് വഹിക്കുന്നതാണെന്നും കെ.എഫ്.സി-യിൽ നിന്നും വായ്പയെടുത്ത് 2020 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 30-7-2021-ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കോവിഡ് കാലത്ത് വായ്പാ തിരിച്ചടവ് മുടങ്ങിയ മുഴുവൻപേർക്കും സിബിൽ സ്കോറിൽ വലിയ ഇടിവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് 2020-ൽ അനുവദിക്കപ്പെട്ട മൊറട്ടോറിയംമൂലം ഉപഭോക്താക്കളുടെ വായ്പ്പകളിൻമേൽ ബാങ്കുകൾ വരുത്തുന്ന മാറ്റങ്ങൾ, ഉപഭോക്താക്കളുടെ ക്രെഡിറ്റ് ഹിസ്റ്ററിയെ ബാധിക്കാതിരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-ലെ കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് റിസർവ് ബാങ്ക് പുറത്തിറക്കിയ Resolution Framework - 2 ൽ ബാങ്കുകൾ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുന്ന ഉപഭോക്താളുടെ ക്രെഡിറ്റ് ഹിസ്റ്ററിയിൽ "restructured due to COVID-19" എന്നതന്നെ രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കോവിഡ് കാലത്തെ വായ്പാ തിരിച്ചടവ് മുടങ്ങിയതുകാരണം ജപ്തി നടപടികൾ വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ് കാലത്തെ വായ്പാ തിരിച്ചടവ് മുടങ്ങിയതുകാരണം റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ**

19 (2319) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ രൂപപ്പെട്ട സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നിയന്ത്രണങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കലടക്കമുള്ള വിവിധയിനം ചെലവുകൾക്ക് കാലാകാലങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 5-11-2020-ലെ സ.ഉ..(അ) നമ്പർ 152/2020/ധന.-പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

### ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

20 (2320) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സർക്കാരിന്റെ കീഴിലുള്ള സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ദീർഘനാളായി കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ പദ്ധതി മുഖേന തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

1). കെ.എഫ്.സി.- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12-8-2021-ൽ കൂടിയ കെ.എഫ്.സി ബോർഡ് യോഗത്തിൽ "കോവിഡ് സ്പെഷ്യൽ ലോൺ സെറ്റിൽമെന്റ് അദാലത്ത് 2021 " ഒക്ടോബർ 2021 ആദ്യവാരം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

2). കെ.എസ്.എഫ്.ഇ -സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ യിൽ ആശ്വാസ് 2020 എന്ന പേരിലുള്ള ഒറ്റത്തവണ പദ്ധതി മുഖേന, ദീർഘനാളായി കുടിശ്ശികയായിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതുമായ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് 1-7-2020 മുതൽ കുടിശ്ശികക്കാർക്ക് കുടിശ്ശിക തീയതിയെ അടിസ്ഥാനപ്പെടുത്തി 50% മുതൽ 90% വരെ പലിശ ഇളവ് നൽകിക്കൊണ്ടുള്ള പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ കാലാവധി 23-10-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ ശാഖകളിൽ കുടിശ്ശികയായികിടക്കുന്ന വായ്പകൾക്കും പൂർണ്ണമായും പിഴപ്പലിശ ഒഴിവാക്കി ക്കൊണ്ട് 1-10-2020 മുതൽ 23-10-2021 വരെ നിലനിൽക്കുന്ന പദ്ധതിയുമുണ്ട്. അതിനുപുറമെ, കോവിഡ് കാലത്തെ സ്പെഷ്യൽ പാക്കേജ് എന്ന നിലയ്ക്ക് 16-3-2020 മുതൽ 20-1-2021 വരെയും 21-1-2021 മുതൽ 23-10-2021 വരെയും വായ്പാകുടിശ്ശിക തീർപ്പാക്കുന്നതിന് സമയം അനുവദിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി

21 (2321) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ മേഖലകളിലാണ് ഇപ്രകാരം വായ്പ അനുവദിച്ചത് വിശദാംശങ്ങൾ നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ഗ്രീൻ ബോണ്ട് പണസമാഹരണം**

22 (2322) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം വികസന പദ്ധതികൾക്കായി ഗ്രീൻ ബോണ്ടുവഴി പണം സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇപ്രകാരം സമാഹരിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ?

ഗ്രീൻ ബോണ്ടുവഴി കിഫ്ബി നാളിതുവരെ തുകയൊന്നും സമാഹരിച്ചിട്ടില്ല.

**സംസ്ഥാനത്തിന്റെ ഗ്യാരണ്ടി പരിധി**

23 (2323) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരുകൾക്ക് ഗ്യാരണ്ടി നൽകാവുന്ന തുകയുടെ പരിധി നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം 1-4-2018 മുതൽ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ അഞ്ച് ശതമാനമാണ് നിലവിലെ ഗ്യാരണ്ടി പരിധി.

(ബി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് നൽകാമായിരുന്ന ഗ്യാരണ്ടി പരിധി എത്രയായിരുന്നെന്നും ഓരോ സാമ്പത്തിക വർഷവും എത്ര ഗ്യാരണ്ടി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് സർക്കാർ നൽകിയ ഗ്യാരണ്ടി അനുബന്ധമായി ചേർക്കുന്നു*.

**വയനാട് ജില്ലയിൽ വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിന് ധനസഹായം**

24 (2324) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിന് പ്രഖ്യാപിച്ച ധനസഹായത്തിന് നാളിതുവരെ വയനാട് ജില്ലയിൽ എത്രപേർ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപ വയനാട് ജില്ലയിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഈ പദ്ധതിയുടെ കീഴിൽ ഇതുവരെ 21035 അപേക്ഷകർക്ക് ആകെ 208.39 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

## പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പദ്ധതി

25 (2325) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

*അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം പൊതുമരാമത്ത് വകുപ്പിന് കീഴിലെ Improvements to Perambra - Cheruvannur - Vatakara road between Km 0/000 to 9/800 in Kozhikode District എന്ന പദ്ധതിയും (ക്രമ നമ്പർ 1) Payyoli Perambra road between Km 0/000 & 18/105 in Kozhikode District എന്ന പദ്ധതിയും (ക്രമ നമ്പർ 2) പൂർത്തിയാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി മസാല ബോണ്ട്

26 (2326) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിന്റെ പ്രൈമറി സെല്ലിംഗിൽ ഏതൊക്കെ കമ്പനികൾക്ക്, വ്യക്തികൾക്ക് ബോണ്ടുകൾ നൽകിയെന്ന് വ്യക്തമാക്കാമോ?

കിഫ്ബി മസാല ബോണ്ട് കൃത്യമായ പ്രൈസ് ഡിസ്കവറി പ്രക്രിയയിലൂടെ നടന്ന ഒരു അന്താരാഷ്ട്ര ധന ഇടപാട് ആയിരുന്നു. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക്ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്ന ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരാണ്. അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽനിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ ആദ്യഘട്ടത്തിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ലോകത്തെവിടെയുമുള്ള പബ്ലിക് ഇഷ്യൂവിലും വൻകിട നിക്ഷേപകർ ആഗ്രഹിക്കുന്നത് അവരുടെ പേരോ നിക്ഷേപത്തുകയോ പൊതുമധ്യത്തിൽ തുറന്നുകാട്ടപ്പെടരുതെന്നാണ്. അത്തരത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തപ്പെടുന്നത് ബോണ്ടുകളുടെ ട്രേഡിംഗിന് ഗുണകരമാവുകയുമില്ല. മാത്രമല്ല ബോണ്ടിന്റെ സെക്കണ്ടറി മാർക്കറ്റിനെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്തേക്കും എന്നതിനാലാണിത്. ഈ സാഹചര്യത്തിൽ പ്രൈമറി സെല്ലിംഗിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്തുന്നത് ഉചിതമല്ല. കിഫ്ബിയുടെ മസാലാബോണ്ടിൽ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയുമായിരുന്നുള്ളൂ. അത് വ്യക്തികൾക്ക് ലഭ്യമായിരുന്നില്ല.

(ബി) കിഫ്ബി മസാല ബോണ്ടിന്റെ വില്പനയിൽ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും ആശങ്ക പ്രകടിപ്പിച്ചിരുന്നോ; പ്രസ്തുത യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ആശങ്ക പ്രകടിപ്പിച്ചിരുന്നെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത അഭിപ്രായം അവഗണിച്ച് 9.723 ശതമാനം പലിശയ്ക്ക് മസാല ബോണ്ട് വില്പന നടത്തിയതെന്ന് അറിയിക്കുമോ?

(ബി&സി) മസാല ബോണ്ട് സംബന്ധിച്ച് വളരെ വിശദവും ക്രിയാത്മകവുമായ ചർച്ച കിഫ്ബിയുടെ ബോർഡ് മീറ്റിംഗിൽ നടക്കുകയുണ്ടായി. അതിൽ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും അവരവരുടെ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. ആഭ്യന്തര ബോണ്ട് വിപണിയെക്കാൾ കൂടുതൽ പലിശ നിരക്കാണ് മസാല ബോണ്ടിനാകുക എങ്കിൽ അത് വേണമോ എന്നതായിരുന്നു ധനകാര്യ സെക്രട്ടറിയുടെ ആശങ്ക. അക്കാലത്ത് ആന്ധ്രാപ്രദേശ് ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് അതോറിട്ടി മസാല ബോണ്ടിന് ശ്രമിച്ചപ്പോൾ 10.72% പലിശക്കാണ് ലഭിച്ചത് എന്നുള്ളതും കിഫ്ബിതന്നെ ആഭ്യന്തര ബോണ്ട് വിപണിയെ സമീപിച്ചപ്പോൾ 10.15% ആയിരുന്നു പലിശ നിരക്ക് എന്ന വസ്തുതയും ബോർഡിൽ ചർച്ച ചെയ്യപ്പെട്ടു. അതുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ ലഭിക്കാൻ സാധ്യതയുള്ള നിരക്ക് മികച്ചതാണെന്ന അഭിപ്രായമാണ് ചർച്ചയിലുണ്ടായത്. എക്സ്ചേഞ്ച് റേറ്റ് താരതമ്യേന കുറഞ്ഞു നിൽക്കുമ്പോൾ 250-275 bps എന്നത് അധികമാണോ എന്നതായിരുന്നു ചീഫ് സെക്രട്ടറിയുടെ ആശങ്ക. ഇതിനു എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വകാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അനുമാനത്തിൽ എത്തിച്ചേരാൻ സാധിക്കില്ലേയെന്നും അദ്ദേഹം ആരാഞ്ഞു. എന്നാൽ ബോർഡിലെ ധനകാര്യ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടത് വ്യത്യസ്തമായാണ്. ഉയർന്ന AAA റേറ്റിംഗുള്ള സ്ഥാപനങ്ങൾക്കുപോലും ഇതിലും മെച്ചപ്പെട്ട സ്പ്രെഡ് (അടിസ്ഥാന സൂചികയിൽനിന്ന് നിക്ഷേപകൻ അധികമായി ആവശ്യപ്പെടുന്ന നിരക്ക്) ലഭ്യമാക്കാൻ സാധിക്കുന്നില്ലെന്നത് കണക്കിലെടുത്താൽ നിലവിലേത് അംഗീകരിക്കാവുന്ന പലിശയാണെന്ന ഭൂരിപക്ഷ അഭിപ്രായമാണുണ്ടായത്. കൂടാതെ പലിശ നിരക്കും സ്പ്രെഡ്ഡും കണ്ടെത്താൻ എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വകാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം റിസ്ക് ഇവാല്യുവേഷൻ നടത്തുന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള രീതിയല്ലെന്നും അതിന് ശാസ്ത്രീയമായ അടിത്തറയില്ലെന്നും അഭിപ്രായമുണ്ടായി. വിപണിയിൽ ഫണ്ടുള്ളപ്പോൾ ആ അവസരം യുക്തിപൂർവ്വം ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും, കിഫ്ബിക്ക് അതിന്റെ സ്രോതസ്സുകൾ വൈവിദ്ധ്യവൽകരിക്കേണ്ട സമയമായെന്നും നിരീക്ഷണങ്ങളുണ്ടായി. ആഭ്യന്തരവിപണിയിൽ ആ കാലത്ത് ഫണ്ട് കണ്ടെത്തുന്നതിനായി കടുത്ത മത്സരം നിലനിന്നിരുന്നതിനാലും ആയതിനാൽ പലിശ നിരക്ക് പൊതുവെ ഉയർന്നു നിന്നിരുന്നു എന്നത് കണക്കിലെടുത്താൽ അന്താരാഷ്ട്ര വിപണിയുടെ സാധ്യത ഉപയോഗിക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. റിസർവ് ബാങ്കിന്റെ പുതിയ ECB മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ ഉടൻതന്നെ അന്താരഷ്ട്ര വിപണിയിലും മത്സരങ്ങൾ വർദ്ധിക്കുമെന്നും അതിനു മുൻപ് ഈ മികച്ച അവസരത്തിൽ ഉചിതമായ ധനസമാഹരണമാണ് വേണ്ടതെന്നും വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. നിലവിലെ പദ്ധതികളുടെ വ്യാപ്തി കണക്കിലെടുത്താൽ കിഫ്ബി എത്രയും

പെട്ടെന്ന് മസാല ബോണ്ട് ഇടപാട് പൂർത്തിയാക്കി മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും, ഇത്തരത്തിൽ മുൻകൂട്ടി ധനം ഉറപ്പുവരുത്താതെ ഫണ്ട് ആവശ്യമാകുന്ന സമയത്ത് ധനസമാഹരണത്തിന് പോകുന്നപക്ഷം അന്ന് വിപണിയിൽ ലഭ്യമായ കൂടിയ പലിശയിൽ കടമെടുക്കാൻ കിഫ്ബി നിർബന്ധിതമാകുമെന്നും അഭിപ്രായങ്ങളുണ്ടായി. ഇതെല്ലാം കണക്കിലെടുത്താണ് 250-275 വരെയുള്ള സ്പ്രെഡ് അംഗീകരിക്കാവുന്നതാണെന്നും അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ മസാലാ ബോണ്ട് പുറപ്പെടുവിക്കാമെന്നും കിഫ്ബോർഡ് തീരുമാനിച്ചത്. പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു*. ഇതിന്റെ ശേഷം നടന്ന ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷനും മസാല ബോണ്ടിന്റെ പലിശ നിരക്ക് മികച്ചതാണെന്ന് വിലയിരുത്തിയിരുന്നു. അന്താരാഷ്ട്ര വിപണിയിൽ മസാലാ ബോണ്ട് പുറപ്പെടുവിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാന സർക്കാർ സ്ഥാപനമായി കിഫ്ബി മാറി. ഇതുവഴി കിഫ്ബിക്ക് ആഭ്യന്തര-അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടാൻകഴിഞ്ഞു. ഇതിന്റെയെല്ലാം ഭാഗമായി ഇന്ന് ധാരാളം നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. 64000 കോടിയോളം അടങ്കൽ വരുന്ന പദ്ധതികൾക്ക് ധനം സമാഹരിക്കുന്നതിൽ 2019-ലെ കിഫ്ബിയുടെ മസാലാബോണ്ട് ഒരു നിർണ്ണായക വഴിത്തിരിവാണെന്നതിൽ സംശയമില്ല.

(ഡി) മസാല ബോണ്ട് ഇറക്കുന്നതിനുമുൻപ് ആഭ്യന്തര മാർക്കറ്റിലെ പലിശ നിരക്കുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മസാല ബോണ്ടിനുള്ള ശ്രമങ്ങൾക്ക് വളരെ മുന്നേ തന്നെ ആഭ്യന്തര വിപണിയിലെ വായ്പകളും ബോണ്ടുകളുംവഴിയുള്ള ധനസമാഹാരണശ്രമങ്ങൾ കിഫ്ബി ആരംഭിച്ചിരുന്നു. അന്ന് വായ്പകൾ ലഭ്യമായത് 9.3% വരെയുള്ള പലിശ നിരക്കിലായിരുന്നു. ആഭ്യന്തര വിപണിയിൽ കിഫ്ബി അതിനോടകംതന്നെ രണ്ടു തവണ ബോണ്ടുകൾ വഴിയുള്ള ധനസമാഹാരങ്ങൾക്ക് ശ്രമം നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. കിഫ്ബിക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് ക്യാപ്പിറ്റൽ റീജിയണൽ ഡെവലപ്മെന്റ് അതോറിറ്റി (APCRDA)-ക്ക് അക്കാലത്ത് ബോണ്ടുകൾവഴി പണം കണ്ടെത്തിയത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) എന്ന നിരക്കിലായിരുന്നു. ആദ്യമായി അന്താരാഷ്ട്ര ധനകാര്യ വിപണിയിൽ പ്രവേശിക്കുന്ന കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് കിട്ടാവുന്ന മികച്ച നിരക്കിലാണ് 2019-ൽ മസാല ബോണ്ട് പുറപ്പെടുവിച്ചത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത ചടങ്ങിൽ ആരൊക്കെ പങ്കെടുത്തെന്ന് വ്യക്തമാക്കാമോ?

മസാല ബോണ്ടുമായി ബന്ധപ്പെട്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 2019-ൽ നടന്ന ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രി, ധനമന്ത്രി, ചീഫ് സെക്രട്ടറി, കിഫ്ബിയുടെ സി.ഇ.ഒ ഉൾപ്പെടെ ഏഴ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തി ആരംഭിച്ച വൻകിട പദ്ധതികൾ**

27 (2327) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന പശ്ചാത്തല വികസനത്തിൽ കിഫ്ബി പദ്ധതികൾ വഹിച്ച പങ്ക് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി പ്രധാന നിർമ്മാണ മേഖലകളായ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ റോഡുകൾ, പാലങ്ങൾ, ഫ്ലൈഓവറുകൾ, അണ്ടർപാസ്സുകൾ, ഫിഷിംഗ് ഹാർബറുകൾ, സുവോളജിക്കൽ പാർക്കുകൾ, സ്കൂളുകൾ, ഹൈ-ടെക് ക്ലാസ്റൂമുകൾ, ലാബുകൾ, കോളേജുകൾ, തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജലവിതരണത്തിനും ജലസേചനത്തിനുമുള്ള പദ്ധതികൾ, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിവിധ ആശുപത്രി വികസന പദ്ധതികൾ, ട്രാൻസ് ഗ്രിഡ് പദ്ധതി, കൊച്ചിൻ ഇന്നോവേഷൻ സോൺ, ടെക്നോസിറ്റി തുടങ്ങിയ ഐ. ടി പാർക്കുകളുടെ അടിസ്ഥാന സൗകര്യവികസനം, ആലപ്പുഴ കനാൽ ജലഗതാഗത നവീകരണം, സ്റ്റേഡിയങ്ങൾ, മൊബിലിറ്റി ഹബ്ബുകൾ, സംസ്കാരിക സമുച്ചയങ്ങൾ, തീയേറ്റർ കോംപ്ലക്സുകൾ, ടൂറിസം പദ്ധതികൾ, വ്യവസായ പാർക്കുകൾ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള സ്ഥലമേറ്റെടുക്കൽ, നാഷണൽ ഹൈവേ വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ, കാർഷിക വാണിജ്യവത്കരണം ലക്ഷ്യമിടുന്ന അഗ്രോ പാർക്കുകൾ, കൊച്ചി-നഗര പുനരുജ്ജീവനത്തിനായുള്ള സംയോജിത ജലഗതാഗത പദ്ധതി, അതിവേഗ ഇന്റർനെറ്റ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക്

നെറ്റ്‌വർക്ക് തുടങ്ങിയവ ഉൾപ്പെടുന്നു. ഗതാഗത മേഖലയിലുള്ള അടിസ്ഥാനസൗകര്യ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്നു. ചരക്കുനീക്കത്തിനും യാത്രാ സൗകര്യത്തിനും വഴിയൊരുക്കുന്ന റോഡുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അനുദിനം വർദ്ധിക്കുന്ന റോഡ് ഗതാഗതത്തിനു പരിഹാരം കണ്ടെത്തുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ റോഡുകളും പാലങ്ങളും ബൈപ്പാസുകളും കിഫ്ബിയിലൂടെ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ- തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾവഴി നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരിക പുരോഗതിക്ക് വഴിയൊരുക്കുന്നു. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്വമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. ഒരു ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ പൊതുജനാരോഗ്യത്തിന്റെ പങ്ക് വളരെ വലുതാണ്. ജനങ്ങളുടെ ആയുരാരോഗ്യ സൗഖ്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെയും പുരോഗതിയുടെയും പ്രമുഖ അളവുകോലിൽ ഒന്ന്. പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണത്തിനുമുള്ള പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പിലാകുന്നുണ്ട്. ഇതുവഴി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ സാമൂഹിക - സാമ്പത്തിക പുരോഗതിയിൽ വ്യാവസായങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. ഏറ്റവും വലിയ തൊഴിൽ മേഖലകളിലൊന്നെന്നനിലയിൽ ദാരിദ്ര്യ നിർമാർജ്ജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വ്യവസായങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തെ ഒരു മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന ദീർഘവീക്ഷണത്തിലാണ് വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത്. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിനായി നാം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യനിലയങ്ങൾ ഉൾപ്പെടെയുള്ള സ്രോതസുകളെ ആശ്രയിക്കുന്നുണ്ട്. രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് എന്ന വൈദ്യുത പ്രസരണ ബൃഹത് പദ്ധതി സംസ്ഥാനത്തെ വൈദ്യുത പ്രസരണ സംവിധാനങ്ങളുടെ ഒരു സംയോജിത പ്രവർത്തനം സാധ്യമാക്കും. സംസ്ഥാനത്തിന്റെ വികസനത്തിൽ വിവരസാങ്കേതികവിദ്യാ മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും ഇതുവഴി ജനങ്ങൾക്ക് തൊഴിലും, വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു ഡിജിറ്റൽ സൂപ്പർ ഹൈവേ നിർമ്മിച്ചെടുക്കുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്സ് നെറ്റ്-വർക്ക് പദ്ധതി കിഫ്ബി നടപ്പിലാക്കുന്നു. സംസ്ഥാനത്തിന്റെ നെറ്റ്-വർക്കായി പ്രവർത്തിക്കുകയും ഡിജിറ്റൽ രംഗത്ത് പുതിയ

വികസന - കമ്പോള സാദ്ധ്യതകൾ പ്രദാനം ചെയ്യാനും ഈ പദ്ധതിക്ക് സാധിക്കും. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾവഴി വരുമാനവർദ്ധനവിനും വിദേശ വിനിമയത്തിനും വഴിയൊരുക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും സാംസ്കാരികവും ആരോഗ്യ, വിദ്യാഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാദ്ധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുകവഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാനസൗകര്യ വികസനം സാദ്ധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

(ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടക്കുന്ന വൻകിടപദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ; പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന 100 കോടി രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള വൻകിട പദ്ധതികളുടെ പ്രവർത്തനപുരോഗതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു*. പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സമയക്രമം പാലിക്കപ്പെടുന്നുണ്ടെങ്കിലും സ്ഥലമേറ്റെടുക്കുന്നതിലും പാരിസ്ഥിതികാനുമതിയുൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭ്യമാകുന്നതിലും നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികളുമായി ചേർന്ന് കാലതാമസങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികളുടെ പ്രവർത്തന പുരോഗതി ഉറപ്പുവരുത്തുന്നതിനുമായി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിലുൾപ്പെടുത്തി ആരംഭിച്ച വൻകിട പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പ്രതീക്ഷിത ചെലവ് എത്രയാണെന്നും വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച വൻകിട പദ്ധതികളുടെ അനുമതി നൽകിയ തുകയുൾപ്പെടെയുള്ള വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കിഫ്ബി പദ്ധതികളുടെ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. സുതാര്യത ഉറപ്പുവരുത്തുന്നതിനായി പ്രൊജക്റ്റ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം (PFMS) എന്ന സോഫ്റ്റ്‌വെയർ വഴിയാണ് ഡി. പി. ആർ. മുതൽ ബിൽ പാസാക്കുന്നതുവരെയുള്ള എല്ലാവിധ പ്രവൃത്തികളും കിഫ്ബിയിൽ നടക്കുന്നത്. എസ്.പി.വി.കൾക്കും കരാറുകാർക്കും ഫയൽ ട്രാക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കിഫ്ബി ആക്ട് മുതൽ ഓഡിറ്റ് റിപ്പോർട്ട് വരെയുള്ള എല്ലാവിധ രേഖകളും കിഫ്ബി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു പരാതി പരിഹാര സെല്ലും കിഫ്ബിയിൽ പ്രവർത്തിക്കുന്നുണ്ട്.

### നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

28 (2328) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇവയിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

നാദാപുരം മണ്ഡലത്തിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) ഇവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കുന്ദമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

29 (2329) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലവുമായി ബന്ധപ്പെട്ട് ഏതെല്ലാം കിഫ്ബി പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുന്ദമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ കിഫ്ബി അംഗീകരിച്ചവ, ഡി.പി.ആർ. തയ്യാറാക്കിയവ, ടെണ്ടർ ചെയ്തവ, പ്രവൃത്തി ആരംഭിച്ചവ, പൂർത്തിയാക്കിയവ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

കുന്ദമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ, ടെണ്ടർ ചെയ്ത പ്രവൃത്തികൾ, പ്രവൃത്തി ആരംഭിച്ചവ, പ്രവൃത്തി പൂർത്തിയാക്കിയവ, ഡി.പി.ആർ സമർപ്പിച്ചവ എന്നിവ ഉൾപ്പെടുന്ന വിവരം അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

30 (2330) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നാദാപുരം മണ്ഡലത്തിലെ ഗവൺമെന്റ് യു.പി.എസ്, നാദാപുരം, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, വെള്ളിയോട് എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി എപ്പോഴാണ് ധനകാര്യ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാദാപുരം മണ്ഡലത്തിലെ ഗവൺമെന്റ് യു.പി.എസ്, നാദാപുരം, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ വെള്ളിയോട്, എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15-2-2021-ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മറ്റി ധനാനുമതി നൽകി.

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേന നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 783/2021/പൊ.വി.വ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കിലയെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) നിശ്ചയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയാണ്. പദ്ധതി സാങ്കേതികാനുമതിയുടെ ഘട്ടത്തിലാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

31 (2331) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന നീലേശ്വരം-എടത്തോട്, കിളിയളം-വരഞ്ഞൂർ റോഡുകളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ നീലേശ്വരം-എടത്തോട് റോഡ് പദ്ധതിയും കിളിയളം-വരഞ്ഞൂർ റോഡ് പദ്ധതിയും കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കിവരുന്നു. നീലേശ്വരം എടത്തോട്- പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 42.1 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭ്യമായതും 29.59 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയിലെ ഗുണനിലവാരത്തിലുള്ള പോരായ്മയും കാലതാമസവും കാരണം 17-12-2020-ന് നിർമ്മാണം താത്കാലികമായി നിർത്തിവക്കാൻ KRFB-ക്ക് കിഫ്ബി നിർദ്ദേശം നൽകി. പോരായ്മകൾ പരിഹരിച്ച റിപ്പോർട്ട് കിഫ്ബിക്ക് ലഭിച്ചിട്ടില്ല. നാളിതുവരെ 4.68 കി മീ DBM വരെയുള്ള പ്രവൃത്തികൾ

പൂർത്തീകരിച്ചു. കിളിയളം-വരഞ്ഞൂർ-പ്രവൃത്തിക്ക് 20 കോടി രൂപയുടെ ഭരണാനുമതിയും 23.18 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭ്യമായതും 25.15 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയിലെ ഗുണനിലവാരത്തിലുള്ള പോരായ്മയും കാലതാമസവും കാരണം 21-5-2021-ന് നിർമ്മാണം താത്കാലികമായി നിർത്തിവയ്ക്കാൻ KRFB-ക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. പോരായ്മകൾ പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ 12-8-2021-ന് സസ്പെൻഷൻ പിൻവലിക്കാൻ നിർദ്ദേശം നൽകി. നാളിതുവരെ ഈ പ്രവൃത്തിയുടെ 3.3 കി മീ. WMM പൂർത്തീകരിച്ചു. കൂടാതെ 95% കലുങ്കുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചു. പാർശ്വസംരക്ഷണ ഭിത്തിയുടെയും ഓടയുടെയും നിർമ്മാണം പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

1) നീലേശ്വരം-എടത്തോട് പ്രവൃത്തിയുടെ സസ്പെൻഷൻ പിൻവലിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ KRFB-ക്ക് നൽകി. പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് കിഫ്ബിയിക്ക് ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

2) കിളിയളം- വരഞ്ഞൂർ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി സസ്പെൻഷൻ പിൻവലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ KRFB-ക്ക് നല്കുകയും തൽഫലമായി KRFB-യുടെ ഉറപ്പിന്മേലും പരിഹാരപ്രവൃത്തികളുടെയും അടിസ്ഥാനത്തിലും 12-8-2021 ന് പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു.

## കിഫ്ബി പദ്ധതി പ്രകാരം സാംസ്കാരിക സമുച്ചയങ്ങൾ

32 (2332) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിപ്രകാരം ഏതെല്ലാം ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കിഫ്ബി പദ്ധതി പ്രകാരം പാലക്കാട്, കാസർഗോഡ്, കൊല്ലം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം എന്നീ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും എവിടെയൊക്കെയാണ് പ്രസ്തുത സമുച്ചയങ്ങൾ നിർമ്മിക്കുന്നതെന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

അംഗീകാരം നൽകിയിട്ടുള്ള ഓരോ സാംസ്കാരിക സമുച്ചയങ്ങളും എവിടെയൊക്കെയാണ് നിർമ്മിക്കുന്നത് എന്നതുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബിയുടെ പ്രവൃത്തികൾ

33 (2333) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവർത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ

34 (2334) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിലെ നിയോജകമണ്ഡലങ്ങളിൽ ഇതുവരെ നടപ്പിലാക്കിയ, ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ, തുക എന്നിവ ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ നിയോജകമണ്ഡലങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ തുകയുൾപ്പെടെയുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി പദ്ധതി പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കുന്ന ആശുപത്രി കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രി കെട്ടിടങ്ങളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു*.

(ഡി) കിഫ്ബി പദ്ധതി പ്രകാരം ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുന്ന ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി പദ്ധതി പ്രകാരം ധനാനുമതി നൽകിയിട്ടുള്ള ആശുപതി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികളുടെ വിവരം അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

35 (2335) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നല്കിയിട്ടുള്ളതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഇതേ കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഇനിയും സാമ്പത്തികാനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ സാമ്പത്തികാനുമതി നൽകാനുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോയെന്നും മറ്റു വ്യതിയാനങ്ങളുണ്ടോ എന്നതും അവലോകന വിഭാഗം പരിശോധിക്കുന്നു. ന്യൂനതകളുള്ള പദ്ധതി റിപ്പോർട്ടുകൾക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകി അത് പരിഹരിച്ചുനൽകാൻ എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകുന്നു. വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണഏജൻസി/വകുപ്പ് വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതിറിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ വിശദപദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്.

### കായംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

36 (2336) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിയുടെയും നിലവിലുള്ള പുരോഗതികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും അവലോകനത്തിലുള്ളതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം

37 (2337) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണത്തിനായി കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി നൽകിയിട്ടുള്ളതുമായ പ്രൊപ്പോസൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് മറുപടി കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകാനുള്ള കാലതാമസം വ്യക്തമാക്കാമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണത്തിനായി എസ്.പി.വി.- ആയ കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പരിശോധിച്ച് നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന്മേലുള്ള മറുപടി ഹൗസിംഗ് ബോർഡ് (K.S.H.B) 1-9-2021-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ഡിസൈൻ അവലോകനം നടത്തിയതിന്റെ പ്രാഥമിക റിപ്പോർട്ട് എസ്.പി.വി.-ക്ക് 27-8-2021-ൽ നൽകിയിരുന്നെങ്കിലും മറുപടി റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഡിസൈൻ/അവലോകന റിപ്പോർട്ടിന്മേൽ K.S.H.B സമർപ്പിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം കഴിഞ്ഞ അഞ്ചുവർഷമായി മാറ്റിവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

**വട്ടോളി ഗവൺമെന്റ് യു.പി.സ്കൂൾ കെട്ടിടത്തിന് സാങ്കേതിക അനുമതി**

38 (2338) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ ഒരു കോടി രൂപ വകയിരുത്തിയ വട്ടോളി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന് സാങ്കേതികാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

വട്ടോളി ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കവറേജ് ഇഷ്യൂ നിലവിലുള്ളതുകാരണം സാങ്കേതികാനുമതി കൊടുക്കാൻ സാധിച്ചിരുന്നില്ലെന്നും എന്നാൽ നിലവിലെ പഴക്കം ചെന്ന ഒരു കെട്ടിടം പൊളിച്ച് മാറ്റിയാൽ അനുവദനീയമായ കവറേജ് പരിധിയിൽ എത്തുമെന്നും ആകയാൽ മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി

പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) അറിയിച്ചിട്ടുണ്ട്.

(ബി) വട്ടോളി ഗവൺമെന്റ് യു.പി സ്കൂളിൽ ആവശ്യത്തിന് ഭൗതിക സാഹചര്യമില്ലാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കിഫ്ബിയുടെ ധനാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**ആർ.ഐ.ടി.ഇ.സ്. - കിഫ്ബി കരാർ**

39 (2339) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ടി.ഇ.സ്. (റെയിൽ ഇന്ത്യ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് സർവീസ്)-ഉം കിഫ്ബിയും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

ഉണ്ട്.

1) 10 സ്റ്റീൽ റെയിൽ മേൽപാലങ്ങളുടെ നിർമ്മാണത്തിനായി കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള ഇടപാട് ഉപദേശക സേവനങ്ങൾ നൽകുന്നതിനായി 7-5-2020-ൽ ആർ.ഐ.ടി.ഇ.സ്.-ഉം കിഫ്ബിയുമായി കരാർ നടപ്പാക്കിയിട്ടുണ്ട്.

2) തെരഞ്ഞെടുത്ത കിഫ്ബി പ്രോജക്ടുകളുടെ സ്വതന്ത്ര ഗുണനിലവാര ഓഡിറ്റ് നടത്തുന്നതിനുള്ള ഏജൻസിയായി ആർ.ഐ.ടി.ഇ.സ്.-നെ ഏർപ്പെടുത്തുന്നതിന് 21-5-2020-ൽ ആർ.ഐ.ടി.ഇ.സ്.-ഉം കിഫ്ബിയുമായി കരാർ നടപ്പാക്കിയിട്ടുണ്ട്.

3) ഡിസൈൻ സ്റ്റേജ് സേഫ്റ്റി ഓഡിറ്റ് ഉൾപ്പെടെയുള്ള ഗതാഗത ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളുടെ സാങ്കേതിക അവലോകനത്തിനായി ആർ.ഐ.ടി.ഇ.സ്.-നെ ഏർപ്പെടുത്തുന്നതിന് 28-5-2020-ൽ ആർ.ഐ.ടി.ഇ.സ്.-ഉം കിഫ്ബിയുമായി കരാർ നടപ്പാക്കിയിട്ടുണ്ട്.

4) 10 സ്റ്റീൽ റെയിൽ മേൽപാലങ്ങളുടെ ഡിസൈൻ പ്രൂഫ് പരിശോധനാ ഏജൻസിയായി ആർ.ഐ.ടി.ഇ.സ്.-നെ ഏർപ്പെടുത്തുന്നതിന് 15-2-2021-ൽ ആർ.ബി.ഡി.സി.കെ., ആർ.ഐ.ടി.ഇ.സ്, കിഫ്ബി എന്നിവരുമായി ത്രികക്ഷികരാർ നടപ്പാക്കിയിട്ടുണ്ട്.

5) ട്രാൻപോർട്ടേഷൻ പ്രവൃത്തികൾക്കുള്ള പി.എം.സി ഏജൻസിയായി ആർ.ഐ.ടി.ഇ.സ്.-നെ ഏർപ്പെടുത്തുന്നതിന് 24-2-2021- ൽ കെ.ആർ.എഫ്.ബി, ആർ.ഐ.ടി.ഇ.സ്, കിഫ്ബി എന്നിവരുമായി ത്രികക്ഷികരാർ നടപ്പാക്കിയിട്ടുണ്ട്.

6) 10 സ്റ്റീൽ റെയിൽ മേൽപാലങ്ങളുടെ നിർമ്മാണ മേൽനോട്ടത്തിനായി ആർ.ഐ.ടി.ഇ.സ്.-നെ ഏർപ്പെടുത്തുന്നതിന് 25-3-2021-ൽ കെ.ആർ.എഫ്.ബി , ആർ.ഐ.ടി.ഇ.സ്, കിഫ്ബി എന്നിവരുമായി ത്രികക്ഷികരാർ നടപ്പാക്കിയിട്ടുണ്ട്.

(ബി) ആർ.ഐ.ടി.ഇ.സ്.-ന്റെ ആസ്ഥാനം എവിടെയാണെന്നും ഈ സ്ഥാപനം ആരുടെ ഉടമസ്ഥതയിലാണെന്നും വ്യക്തമാക്കാമോ?

Guragon ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരതസർക്കാർ സ്ഥാപനമാണ് ആർ.ഐ.ടി.ഇ.എസ്.

(സി) ആർ.ഐ.ടി.ഇ.എസ്.-മായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പ്രവൃത്തികൾ പരിശോധിക്കാനുള്ള ഉത്തരവാദിത്വം അവരെ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന് അവർ ഈടാക്കുന്ന ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കാമോ?

1) എസ്.പി.വി.കളുടെ ഉത്തരവാദിത്ത്വത്തിലുള്ള സ്വതന്ത്ര ഗുണനിലവാര ഓഡിറ്റ് (IQA) നടത്തുന്നതിന് ആർ.ഐ.ടി.ഇ.സ്-നെ ഏൽപ്പിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ 1.2% ആണ് ഏജൻസി ചാർജ്ജായി ഈടാക്കുന്നത്. ഈ സംവിധാനംമൂലം കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി നടത്തിവരുന്ന ഇൻസ്പെക്ഷനുകൾ ഒന്നുംതന്നെ ഒഴിവാക്കപ്പെടുന്നില്ല.

2) കിഫ്ബിയുടെ കീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട ട്രാൻസ്പോർട്ടേഷൻ പ്രവൃത്തികൾ പരിശോധിക്കാനുള്ള ഉത്തരവാദിത്വം ആർ.ഐ.ടി.ഇ.സ്-നെ ഏൽപ്പിച്ചിട്ടുണ്ട്. പദ്ധതി ചിലവിന്റെ 80% ന്റെ 2.45% ആണ് ഏജൻസി ചാർജ്ജായി ഈടാക്കുന്നത്.

3)10 സ്റ്റീൽ റെയിൽ മേൽ പാലങ്ങളുടെ നിർമ്മാണ മേൽനോട്ടം നടത്തുന്നതിനുള്ള ഉത്തരവാദിത്വം ആർ.ഐ.ടി.ഇ.സ്.നെ ഏൽപ്പിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ 4% ആണ് ഏജൻസി ചാർജ്ജായി ഈടാക്കുന്നത്.

(ഡി) ടെണ്ടർ ക്ഷണിച്ചിട്ടാണോ ഈ പ്രവൃത്തി ആർ.ഐ.ടി.ഇ.സ്. ന് നൽകിയതെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപയ്ക്കാണ് ടെണ്ടർ നൽകിയതെന്ന് വ്യക്തമാക്കാമോ?

ഒരു കേന്ദ്ര ഗവണ്മെന്റ് സ്ഥാപനം എന്ന നിലയിൽ കിഫ് ബോർഡിന്റെ പ്രത്യേക അനുമതിയോടെ ചില പ്രവൃത്തികൾ ടെൻഡർ ഇല്ലാതെ ആർ.ഐ.ടി.ഇ.സ് നെ ഏൽപ്പിച്ചിട്ടുണ്ട്.

(ഇ) ടെണ്ടർ ക്ഷണിച്ചിട്ടില്ലെങ്കിൽ ആർ.ഐ.ടി.ഇ.സ്.-നെ മാത്രം ഈ ജോലി ഏൽപ്പിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

IQA (Independent Quality Audit) നിർവ്വഹണത്തിലും, ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് കൈകാര്യം ചെയ്യുന്നതിനുള്ള പ്രവൃത്തി പരിചയം കണക്കിലെടുത്ത് RITES എന്ന ഏജൻസിയെ മുകളിൽ പരാമർശിച്ച പ്രവൃത്തികൾക്കായി SPV കൾക്ക് നൽകുന്ന പ്രോജക്ട് സപ്പോർട്ടിന്റെ ഭാഗമായി ചുമതലപ്പെടുത്തുകയുണ്ടായി.

(എഫ്) ഇതിനകം ആർ.ഐ.ടി.ഇ.സ്. നടത്തിയ പരിശോധനകളും ഫലങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ആർ.ഐ.ടി.ഇ.സ്. നടത്തിയ സ്വതന്ത്ര ഗുണനിലവാര ഓഡിറ്റ് പരിശോധനയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു* കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കിഫ്ബി പ്രവൃത്തികളുടെ മേൽനോട്ട ചുമതല ആർ.ഐ.ടി.ഇ.സ്. -നെ ഏൽപ്പിച്ചിട്ടുണ്ട്. അതിന്റെ പരിശോധനാ ഫലങ്ങൾ കിഫ്ബി ഇൻസ്പെക്ഷൻ സമയത്താണ് പരിശോധിക്കുന്നത്.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

40 (2340) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ നാളിതുവരെ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കുമോ?

മഞ്ചേരി മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി നൽകുന്നു.*

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണത്തിനായി കിഫ്ബി മുഖേന അനുവദിച്ച എൺപത്തിരണ്ട് കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14-2-2018-ൽ പദ്ധതിക്കായി 85.61 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതിക്ക് കിഫ്ബി നിഷ്കർഷിച്ചിട്ടുള്ള RoW ലഭ്യമല്ലെന്നും ആയതിനാൽ നാളിതുവരെ പദ്ധതിക്ക് സാങ്കേതികാനുമതി നല്കിയിട്ടില്ലെന്നും എന്നാൽ പദ്ധതിയിലുൾപ്പെട്ട 13 കിലോമീറ്റർ റോഡ് നിലവിൽ PWD BM BC ചെയ്തിട്ടുള്ളതിനാൽ DLP പീരിഡിലാണെന്നും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാവിഭാഗം പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തീകരിക്കുകയും തുടർ നടപടികൾക്കായി ടോപോഗ്രാഫിക് സർവ്വേ നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) പ്രസ്തുത കിഫ്ബി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ, സൈറ്റ്സന്ദർശനം എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

## പൊന്നാനി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

41 (2341) <u>ശ്രീ. പി. നന്ദകുമാർ</u> :താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും ആയതിന് സമർപ്പിച്ചതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊന്നാനി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും അവലോകനത്തിലുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലമ്പുഴ മണ്ഡലത്തിലെ ഡിസൈൻ റിവ്യൂ നടപടികൾ

42 (2342) ശ്രീ. എ. പ്രഭാകരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഡിസൈൻ റിവ്യൂവിന് തെരഞ്ഞെടുത്തിട്ടുള്ള റെയിൽവേ കോളനി-ധോണി-മുട്ടിക്കുളങ്ങര റോഡ്, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് എന്നീ പ്രവൃത്തികളുടെ ഡിസൈൻ റിവ്യൂ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ധോണി-മുട്ടിക്കുളങ്ങര റോഡിന്റെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചിട്ടില്ല. പ്രാഥമിക നടപടികൾ പൂർത്തികരിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന്റെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചു. അനന്തര നടപടിയായി ടോപ്പോഗ്രാഫിക് സർവ്വേ ചെയ്യുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) നെ ചുമതലപ്പെടുത്തുകയും നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ധോണി-മുട്ടിക്കുളങ്ങര റോഡിന്റെ നടപടികൾ മൂന്ന് മാസവും, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന്റെ നടപടികൾ ഒന്നര മാസവും കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തികൾ

43 (2343) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാപ്കോസ് കൺസൾട്ടന്റായ, കിഫ്ബിയുടെ 30 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്ന പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ആയതിന്റെ ടെൻഡർ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടങ്ങളിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി എസ്.പി.വി. ആയ വാപ്കോസ് ലിമിറ്റഡ് സമർപ്പിച്ച് കിഫ്ബി അംഗീകാരം നൽകിയ 29.78 കോടി രൂപയുടെ

പദ്ധതിക്കായി സാങ്കേതികാനുമതി പുറപ്പെടുവിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ വാപ്കോസ് സ്വീകരിച്ചുവരുന്നു. ആയത് വേഗത്തിലാക്കാനുള്ള നടപടികൾക്കായി അവലോകന യോഗങ്ങൾ കിഫ്ബി നടത്തുന്നുണ്ട്.

(ബി) കിഫ്ബിയുടെ 52 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രോമാകെയർ യൂണിറ്റിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകാമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള 51.297 കോടി രൂപയുടെ ട്രോമാകെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ടി കെട്ടിടത്തിന്റെ ഡിസൈൻ അവലോകനം അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി പുറപ്പെടുവിച്ച് പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ വാപ്കോസ് സ്വീകരിക്കുന്നതാണ്.

## കിഫ്ബി പദ്ധതിപ്രകാരം തിയേറ്റർ സമുച്ചയങ്ങൾ ആരംഭിക്കൽ

44 (2344) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം എവിടെയൊക്കെയാണ് തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ?

കിഫ്ബി പദ്ധതി പ്രകാരം അംഗീകാരം നൽകിയിട്ടുള്ള തിയേറ്റർ സമുച്ചയങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പുതുതായി തിയേറ്റർ സമുച്ചയങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ?

ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപ അധികരിച്ച സാഹചര്യത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള തിയേറ്റർ പദ്ധതികൾക്ക് പുറമേ പുതിയ തിയേറ്റർ സമുച്ചയങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ്

45 (2345) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. .

കിഫ്ബി ധനാനുമതി നൽകിയ കെ-ഫോൺ പദ്ധതിയുടെ 40 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ. എസ്. ഐ. ടി. ഐ. എൽ) അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

പ്രസ്തുത പദ്ധതി 2022 മാർച്ചിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത് .

## കിഫ്ബി ധനസമാഹരണം

46 (2346) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ ബോണ്ട്, ലാൻഡ് ബോണ്ട് എന്നിവ പ്രകാരം കിഫ്ബി ധനസമാഹരണം നടത്തിയിട്ടുണ്ടോ; കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഇപ്രകാരം സമാഹരിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

റവന്യൂ ബോണ്ട്, ലാൻഡ് ബോണ്ട് എന്നിവയിലൂടെ കിഫ്ബി ധനസമാഹരണം നടത്തിയിട്ടില്ല.

## മൂരിക്കുംവയൽ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തിന് സംരക്ഷണഭിത്തി

47 (2347) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന മൂരിക്കുംവയൽ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തോടനുബന്ധിച്ച് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

(ബി) സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് ഏകദേശം 25 അടി ഉയരവും 35 മീറ്റർ നീളവുമുള്ള അപകടകരമായ സ്ഥിതിയിൽ ഉയർന്നുനിൽക്കുന്ന മൺതിട്ട കുട്ടികളുടെ ജീവന് ഭീഷണിയാകുമെന്നതിനാൽ കെട്ടിട നിർമ്മാണത്തോടനുബന്ധിച്ച് സംരക്ഷണഭിത്തികൂടി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഈ വിഭാഗത്തിൽ സ്കൂളുകളുടെ ധനസഹായം 5 കോടി രൂപ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തിയായി വരുന്നതായും സംരക്ഷണഭിത്തി പൂർത്തിയാക്കാൻ കിഫ്ബി ഫണ്ട് പര്യാപ്തമല്ലെന്നും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട്, പി.ടി.എ ഫണ്ട് മുതലായ ഇതര സ്രോതസ്സുകളിൽനിന്ന് ആവശ്യമായ തുക സമാഹരിച്ച് സംരക്ഷണ ഭിത്തി പൂർത്തീകരിക്കാനുള്ള ഉദ്യമത്തിന്റെ ആവശ്യകതയെക്കുറിച്ച് പദ്ധതി അവലോകന യോഗത്തിൽ ബഹുമാനപ്പെട്ട MLA -യെ അറിയിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

48 (2348) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കിഫ്ബി വഴി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ മുഴുവൻ പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി മുഖേന വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തവ, പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നവ എന്നിങ്ങനെ തരംതിരിച്ച് പട്ടികയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാമോ?

ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും പ്രവർത്തിയുടെ പുരോഗതിയും (work status) അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) ഇതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് തടസ്സം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലുൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കെല്ലാം കിഫ്ബി അംഗീകാരം നല്കിയിട്ടുള്ളതിനാലും ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതിനാലും അവ നടപ്പിലാക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

'സി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ

49 (2349) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കരാർ വ്യവസ്ഥയുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 26-2-2017-ലെ സ.ഉ.(അച്ചടി) നമ്പർ 27/2017/ധന ഉത്തരവ്, 2-7-2018-ലെ ധനകാര്യ നോഡൽ സെന്റർ-ബി വകുപ്പിന്റെ 60/2018/ധന നമ്പർ സർക്കുലർ എന്നിവയിലെ മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ പാറശ്ശാല നിയോകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പൊതുമേഖലാസ്ഥാപനമായ കെ.ഇ.എൽ-നെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഇടങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തി കരാറുകാരൻ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശങ്ങൾ അറിയിക്കാമോ; പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിവരം ശേഖരിച്ച് വരുന്നു.

(സി) ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ജെം മുഖേന മാത്രമാണോ വാങ്ങാൻ അനുവദിച്ചിട്ടുള്ളത്; ആയതിന്റെ നിയമാവലികൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

ഹൈ മാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റിലെ ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM (Government e-Marketplace) പോർട്ടൽവഴി ആയിരിക്കണമെന്ന് 2-7-2018-ലെ നമ്പർ 60/2018/ധന സർക്കുലർപ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് . (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസികൾ വഴി ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച കരാറുകാർക്ക് ബിൽ തുക മാറ്റി നൽകിയിട്ടുണ്ടോ; ഇവർക്ക് ബിൽ തുക നൽകുന്നതിൽ ഏതെങ്കിലും നിയമതടസങ്ങളുണ്ടോ; നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ ഹൈ മാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾ**

50 (2350) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2019-20, 2020-21 വർഷങ്ങളിലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഹൈ മാസ്റ്റ്/മിനി മാസ്റ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

Kerala Electrical And Allied Engineering Company (KEL), A Government of Kerala Undertaking, Post Box No.8, Kundara, Kollam - 691 501

(ബി)ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഏജൻസിക്ക് അനുവദിച്ച നിർവ്വഹണ കാലാവധി എത്രയെന്ന് വ്യക്തമാക്കാമോ?

ഒരു വർഷം.

(സി) ഏജൻസി എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ ആകെ 5 പ്രവൃത്തികളിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തിവികസനഫണ്ടുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളുടെ ഗുണനിലവാരം

51 (2351) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്ന തെരുവ് വിളക്കുകളടക്കമുള്ള ഇലക്ട്രിക്/ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്ഥാപിക്കുന്ന തെരുവ് വിളക്കുകളടക്കമുള്ള ഇലക്ട്രിക്/ഇലക്ട്രോണിക് ഉല്പന്നങ്ങൾ സർക്കാരിന്റെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സ്ഥാപിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ആയതിനായി പിൻതുടർന്നു വരുന്നത്.

(ബി) ഇതുസംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച പരാതികൾ ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന പക്ഷം ധനകാര്യ വകുപ്പിന്റെ സാങ്കേതിക വിഭാഗം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ നവീകരണ പ്രവൃത്തികൾ

52 (2352) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് സർക്കാരാശുപത്രിയുടെ ഗേറ്റ് നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

തിരൂരങ്ങാടി താലൂക്ക് സർക്കാർ ആശുപത്രിയുടെ ഗേറ്റ് നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ അനുവദിച്ച് ജില്ലാ ഭരണകൂടത്തിൽ നിന്നോ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിയോ ഭരണാനുമതി നൽകിയിട്ടില്ല.

(ബി)പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ?

ബാധകമല്ല.

**നാദാപുരം മണ്ഡലത്തിലെ എ.ഡി.എസ്. ഫണ്ട് വിനിയോഗം**

53 (2353) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2011-16 കാലഘട്ടത്തിൽ എ.ഡി.എസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സേവിംഗ്സിൽ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുന്ന തുക എത്രയെന്ന് വിശദമാക്കുമോ?

(എ&ബി) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശമായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. ഖണ്ഡിക 2-8 പ്രകാരം ടെണ്ടർസേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡലം ആസ്തിവികസനപദ്ധതി 2017-18 നുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർസേവിംഗ്സ് നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി 2018-19-നു കീഴിൽ പരിഗണിക്കാവുന്നതാണ്. ആയതിനാൽതന്നെ 2011-16 കാലയളവിലെ ടെണ്ടർസേവിംഗ്സ് 2021-22 കാലയളവിൽ വിനിയോഗിക്കാനാവില്ല.

**ആരോഗ്യ മേഖലയുടെ ശാക്തീകരണത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള തുക**

54 (2354) <u>ശ്രീ. എ. പ്രഭാകരൻ</u> :താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയുടെ ശാക്തീകരണത്തിനുമായി എം.എൽ.എ. ആസ്തി വികസന നിധിയിൽനിന്നും മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള 4 കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും മാർഗ്ഗരേഖകൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ (2021-22) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിനായി ഓരോ എം. എൽ. എ-മാർക്കും വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽനിന്നും നാലു കോടി രൂപ കോവിഡ് സംബന്ധമായ ചെലവുകൾക്കായി മാറ്റിവയ്ക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള ഒരു കോടി രൂപ നിലവിലെ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നത് പ്രകാരം ഈ സാമ്പത്തിക വർഷം (2021-22) അനുവദിക്കാവുന്നതാണെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽയിരുന്നു. കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള 4 കോടി രൂപ വിനിയോഗിക്കുന്നതിന് മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് NC-B3/54/2021-FIN (e-1763273) എന്ന ഫയലിൽ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

**ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

55 (2355) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലുണ്ടായ ടെൻഡർ സേവിംഗ്സ് എത്രയാണ്; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ?

2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആലത്തൂർ നിയോജകമണ്ഡലത്തിൽ 2017-2018 സാമ്പത്തികവർഷംമുതലുള്ള ആസ്തിവികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1- ൽ ചേർത്തിരിക്കുന്നു*.

(ബി) ടെൻഡർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ആസ്തിവികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട 4-8-2018-ലെ സ.ഉ.(അ) നമ്പർ 119/2018/ധന ഉത്തരവ് അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു*.

**സർക്കാർ നിർവ്വഹണ ഏജൻസികൾ**

56 (2356) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന-പ്രാദേശിക വികസന ഫണ്ട് പദ്ധതി പ്രകാരം സർക്കാർ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഇതര ഏജൻസികൾ, എൻ.ജി.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

എം.എൽ.എ-മാരുടെ ആസ്തി വികസന- പ്രാദേശിക വികസന ഫണ്ട് പദ്ധതി നിർവ്വഹണത്തിനായി പ്രത്യേകം ഒരു അക്രെഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടില്ല. എന്നാൽ പൊതു ഖജനാവിൽനിന്ന് പണം ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് (PWD, Irrigation, LSGD,

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Harbour)പുറമെ 4-7-2019-ലെ സ.ഉ(അച്ചടി) നമ്പർ 77/2019/ധന പ്രകാരം സർക്കാർ നിർവ്വഹണ ഏജൻസിയായി വിവിധ പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളെയും സർക്കാർ ഇതര ഏജൻസികളെയും തെരഞ്ഞെടുക്കാവുന്നതാണ്.

(ബി) ഓരോ സ്ഥാപനത്തിനും ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ള പ്രവൃത്തികളുടെ സ്വഭാവം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ വിശദീകരിക്കാമോ?

4-7-2019-ലെ സ.ഉ.(അച്ചടി) നമ്പർ 77/2019/ധന പ്രകാരം ഓരോ അക്രെഡിറ്റഡ് ഏജൻസിക്കും ഏറ്റെടുക്കാൻ കഴിയുന്ന 'Maximum value of Single Work, Maximum work in hand at a time, Area of Accreditation' എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ടി പദ്ധതികൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുവാദമുള്ള പൊതുമേഖല സ്ഥാപനങ്ങൾ/സർക്കാർ ഏജൻസികൾ/എൻ.ജി.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഹൈമാസ്റ്റ് ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് KELTRON, KEL, SILK എന്നീ ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്.

**കൊടുവള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

57 (2357) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും കൊടുവള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആസ്തിവികസന പദ്ധതിയുടെ ഗൈഡ് ലൈൻ**

58 (2358) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ആശുപത്രിയിൽ ആവശ്യമായ അടിയന്തര ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആംബുലൻസുകൾ വാങ്ങി നൽകുന്നതിനും നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ ഗൈഡ്‌ലൈൻ പ്രകാരം അനുമതി നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 4-8-2018-ലെ സ.ഉ(അച്ചടി) നമ്പർ 119/2018/ധന പ്രകാരം ആശുപത്രികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, എന്നിവയ്ക്കുള്ള കെട്ടിട നിർമ്മാണം, മൂലധന സ്വഭാവമുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുക, എന്നിവയ്ക്ക് അനുമതിയുണ്ട്. കൂടാതെ, കോവിഡ്-19 ബാധിത പ്രദേശങ്ങളിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുജനാരോഗ്യ പരിപാലന കേന്ദ്രങ്ങളിലേയ്ക്ക് സർക്കാരിന്റെ പ്രതിരോധ ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യ വകുപ്പിന്റെ ആവശ്യ പ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വെന്റിലേറ്റർ, ടെസ്റ്റിംഗ് കിറ്റുകൾ തുടങ്ങി ദീർഘകാല ഉപയോഗമില്ലാത്ത പ്രതിരോധ ചികിത്സ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും കൂടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി ഉപയോഗിക്കുന്നതിനു ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ശിപാർശ പ്രകാരം പ്രാദേശിക വികസന, ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് 7-4-2020-ലെ സ.ഉ. (സാധാ) നമ്പർ 2716/2020/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആംബുലൻസ് വാങ്ങുന്നത് അനുവദനീയമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന പ്രത്യേകാനുമതി ഇവയ്ക്ക് നൽകുന്നതുമൂലം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ആയത് സംബന്ധിച്ച് ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ ?

പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂൾ വാഹനങ്ങളുടെ മെയിന്റനൻസ് ഫണ്ട്**

59 (2359) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംഎൽഎ ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ മുഖാന്തരം സർക്കാർ സ്കൂളുകൾക്ക് വാങ്ങി നൽകിയിട്ടുള്ള സ്കൂൾ വാഹനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതി മാർഗ്ഗരേഖകൾ പ്രതിപാദിക്കുന്ന 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ ഖണ്ഡിക 2.13 പ്രകാരം ബസ് അനുവദിക്കുന്നതിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള തസ്തിക സൃഷ്ടിക്കലോ ആവർത്തന ചെലവുകളോ ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദനീയമല്ലാത്തതാണ്. ആയതിനാൽ സ്കൂൾ വാഹനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത് പരിഗണനയിലില്ലാത്തതാണ്. ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പാനൂർ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

60 (2360) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ പാനൂർ ബ്ലോക്ക് ഓഫീസ് കെട്ടിടനിർമ്മാണത്തിന് 2020-21 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് അനുവദിച്ച തുകയും പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ പാനൂർ ബ്ലോക്ക് ഓഫീസ് കെട്ടിടനിർമ്മാണത്തിന് 2020-21 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് അനുവദിച്ച തുകയും പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള വിഷയം NC-C3/49/2021-Fin (E 1864450) എന്ന ഫയലിൽ പരിശോധിച്ചു വരികയാണ്.

**എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

61 (2361) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 161/2017/ധന. ഉത്തരവിലെ ഖണ്ഡിക 5.1 പ്രകാരം പദ്ധതി പ്രകാരം നടപ്പിലാക്കിയ 10% പ്രവൃത്തികളെങ്കിലും വകുപ്പ് തലവനോ/വകുപ്പ് തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കേണ്ടതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ

കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ.-മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ഉണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കായി ഓരോ വർഷവും 1 കോടി രൂപ വീതം മൂന്ന് ഗഡുക്കളായി 4250-00-800-99 - എം.എൽ.എ.- മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ) എന്ന ശീർഷകത്തിൻ കീഴിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകാറാണുള്ളത്. ഇപ്രകാരം അനുവദിച്ചുനൽകുന്ന തുക പ്രസ്തുത ശീർഷകത്തിൽനിന്നും പിൻവലിച്ച് ജില്ലാ കളക്ടർമാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ പാർക്ക് ചെയ്യിട്ടുവാൻ പാടില്ല, ആവശ്യാനുസരണം ബില്ലുകൾക്കനുസൃതമായി മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

**കൽപ്പറ്റ മണ്ഡലത്തിൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ**

62 (2362) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് മുഖേന നടപ്പിലാക്കിവരുന്ന ഏതെങ്കിലും പദ്ധതികൾക്ക് സ്ഥലം ലഭ്യമല്ലെന്ന സാങ്കേതിക കാരണത്താൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(എ& ബി) വിവരം ശേഖരിച്ചു വരുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രാദേശിക വികസന ഫണ്ട്**

63 (2363) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2016-2021 വരെയുള്ള കാലയളവിൽ പ്രാദേശിക വികസന ഫണ്ടിൽനിന്നും അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) അനുവദിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### എം.എൽ.എ. ആസ്തി വികസന ഫണ്ട്

64 (2364) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

എം.എൽഎ.- മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി അതത് വകുപ്പ് തലവൻമാർക്ക് 39 ശീർഷകങ്ങളിലായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. Letter of Credit, Special Letter of Credit എന്നിവയിൽനിന്നും ആസ്തി വികസന പദ്ധതി പേയ്മെന്റ് ഒഴിവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിൻകീഴിൽ തുക അപര്യാപ്തമാണെന്ന് അറിയിക്കുന്നമുറയ്ക്ക് ധനകാര്യ വകുപ്പ് അധിക ധനാനുമതിയിലൂടെ തുക ഉടനടി അനുവദിച്ചു നൽകാറുണ്ട്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് ബില്ലുകൾ മാറി നൽകാറാുള്ളതാണ്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കായി ഓരോ വർഷവും ഒരു എം.എൽ.എ.-ക്ക് 1 കോടി രൂപ എന്ന നിരക്കിൽ മൂന്ന് ഗഡുക്കളായി 4250-00-800-99 - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ) എന്ന ശീർഷകത്തിൻകീഴിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകാറുണ്ട്. ഏതെങ്കിലും കളക്ടേറ്റിൽനിന്നും തുക അപര്യാപ്തമാണെന്ന് അറിയിക്കുന്ന പക്ഷം അടിയന്തരമായി തുക അനുവദിച്ചുനൽകാറുണ്ട്.

(ബി) പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### കോതമംഗലം മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

65 (2365) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

### കേന്ദ്രസർക്കാർ നിർത്തലാക്കിയ പദ്ധതി

66 (2366) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ നിർത്തലാക്കിയ പദ്ധതികളിൽ ഏതെങ്കിലും പദ്ധതി സംസ്ഥാനത്തിന്റെ താല്പര്യാർത്ഥം 50:50 അനുപാതത്തിൽ 2016-നുശേഷം പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ, കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംകുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ Assistance to States for Infrastructure Development for Exports (ASIDE), Backward Regions Grant Fund (District Component (ACA), Rajiv Gandhi Panchayat Sashastrikaran Yojana, Backward Regions Grant Fund (BRGF) (State Component), National Scheme for Modernization of Police and other forces, Scheme for setting up of 6000 Model Schools at Block level as Benchmark of Excellence എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളെയാണ് കേന്ദ്ര സഹായത്തിൽനിന്നും ഒഴിവാക്കുകയും സംസ്ഥാനത്തിന് വേണമെങ്കിൽ സ്വന്തം നിലയ്ക്ക് പണം കണ്ടെത്തിക്കൊണ്ട്

നടപ്പിലാക്കാമെന്നും കേന്ദ്രസർക്കാർ തീരുമാനിച്ചത്. മേൽ പറഞ്ഞ പദ്ധതികളിൽ National Scheme for Modernization of Police and other forces ഇപ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതിയായിത്തന്നെ നിലനിർത്തിയിട്ടുണ്ട്. Assistance to States for Infrastructure Development for Exports (ASIDE), 2015-16 മുതൽ പൂർണ്ണമായും സംസ്ഥാന സഹായത്തോടെ നടപ്പിലാക്കിവരുന്നു. Rajiv Gandhi Panchayat Sashastrikaran Yojana എന്ന പദ്ധതി 2015-16, 2016-17 വർഷങ്ങളിൽ പൂർണ്ണമായും സംസ്ഥാന സഹായത്തോടെയും 2017-18 വർഷം മുതൽ 'രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ' എന്ന പേരിൽ 60% കേന്ദ്ര സഹായത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായും നടപ്പിലാക്കി വരുന്നു. മറ്റ് പദ്ധതികൾ സംസ്ഥാനത്തിൽ നടപ്പിലാക്കുന്നില്ല.

### കേന്ദ്രനികുതി വിഹിതത്തിലെ ഇടിവ്

67 (2367) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകമ്മീഷന്റെ തെറ്റായ നിലപാട് കാരണം സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രനികുതി വിഹിതത്തിൽ വലിയ ഇടിവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കാനായി മാറ്റിവയ്ക്കുന്ന തുകയിലെ കുറവ്, വീതം വയ്ക്കലിലെ മാനദണ്ഡങ്ങളിൽ വരുന്ന മാറ്റം എന്നിവ കാരണം കാലാകാലങ്ങളിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കുന്നില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽനിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ മേഖലാധിഷ്ഠിത ഗ്രാന്റായും സംസ്ഥാനാധിഷ്ഠിത ഗ്രാന്റായും എത്ര കോടി രൂപ അനുവദിക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

മേഖലാധിഷ്ഠിത ഗ്രാന്റ്/സംസ്ഥാനാധിഷ്ഠിത ഗ്രാന്റായി 9461 കോടി രൂപ അനുവദിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശിപാർശ കേന്ദ്ര സർക്കാർ പാർലമെന്റിനുമുമ്പാകെ വച്ച Action taken report പ്രകാരം അംഗീകരിച്ചിരുന്നില്ല. പ്രസ്തുത വിഷയം 5-7-2021-ന് നടന്ന എം.പി-മാരുടെ

സമ്മേളനത്തിൽ ഉന്നയിക്കുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ/സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു.

(സി) ആയതിൻമേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ?

ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് ഇതുവരെ സംസ്ഥാനത്തിനെ അറിയിച്ചിട്ടില്ല.

(ഡി) കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് എല്ലാ വായ്പകൾക്കും 2021 ഡിസംബർ 31 വരെയെങ്കിലും മൊറട്ടോറിയം അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് മറുപടിയൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല.

(ഇ) കോവിഡ് പ്രതിസന്ധിയിൽ വായ്പ തിരിച്ചടയ്ക്കാൻ വീഴ്ച വരുത്തുന്നവരെ ഭീഷണിപ്പെടുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി ഉൾപ്പെടെ എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of

Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ് പ്രതിസന്ധിമൂലം വായ്പ തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് താൽക്കാലിക ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകളെ തരംതാഴ്ത്തുന്നതിൽനിന്നും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം നിഷ്കർഷിച്ചിട്ടുള്ളത്. കോവിഡ് പ്രതിസന്ധിയിൽ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയതിന് വായ്പക്കാരെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഭീഷണിപ്പെടുത്തിയതായി റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽ വന്നിട്ടില്ല. ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ട ബാങ്കിംഗ് എന്ന വിഷയത്തിൽ രൂപീകൃതമായ കേന്ദ്രനിയമമായ സർഫാസി ആക്ടിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കിട്ടാക്കടം ഈടാക്കുന്നതിനായി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന നിയമാനുസൃത നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് ഗ്രാന്റായി എത്ര കോടി രൂപ അനുവദിക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; ആയതിൻമേൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13-7-2021-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3-8-2021-ൽ എമർജൻസി റെസ്പോൺസ് പാക്കേജിലേയ്ക്കായി 289.82 കോടി രൂപയുടെ പ്രോപ്പോസലുകളാണ് കേന്ദ്ര സർക്കാരിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന സമർപ്പിച്ചത്. ഇതിനായി 267.35 കോടി രൂപയുടെ പദ്ധതികളാണ് 60:40 കേന്ദ്ര സംസ്ഥാന വിഹിത

അനുപാതത്തിൽ കേന്ദ്രം അംഗീകരിച്ചത് (160.41 കോടി കേന്ദ്ര വിഹിതവും 106.94 കോടി സംസ്ഥാന വിഹിതവും). ഇതിന്റെ ആദ്യ ഗഡുവായി 26.08 കോടി രൂപയും രണ്ടാം ഗഡുവായി 60.86 കോടി രൂപയും ഇതുവരെ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

**പുനലൂർ കുടുംബ കോടതിയിൽ തസ്തിക**

68 (2368) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കുടുംബ കോടതിയിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ (ഹോം (സി) വകുപ്പ് ജി.ഒ.(എം.എസ്)നം. 38/2021/ ഹോം ഉത്തരവ് ) ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട വിവിധ ഫയലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ; ഫയൽ എന്നത്തേയ്ക്ക് തീർപ്പാക്കി നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കുന്ദംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ & പറവൂർ (കൊല്ലം) എന്നിവിടങ്ങളിൽ പുതിയ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിന് 11-2-2021-ലെ G.O.(Ms)No.38/2021/Home ഉത്തരവുപ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോടതികളിൽ തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആഭ്യന്തര വകുപ്പ് സമർപ്പിച്ച No.1802407:HOME-C5/171/2018-HOME-Part(1) നമ്പർ ഫയൽ ധനവകുപ്പ് പരിശോധിക്കുകയും സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം പരമാവധി കുറയ്ക്കുന്ന രീതിയിൽ നിലവിൽ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ഫാമിലി കോടതികളുടെ അഡീഷണൽ കോടതികൾ എന്ന നിലയിൽ കണക്കാക്കിക്കൊണ്ട് പുതിയ കോടതികൾക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ മടക്കുകയും ചെയ്തിട്ടുണ്ട്. ധന വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള രീതിയിൽ ആഭ്യന്തര വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്നമുറക്ക് തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

69 (2369) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതിന് സമിതി ശിപാർശ നല്കിയിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാർ പദ്ധതി നടപ്പാക്കിയ സമയത്ത് കരാർ ഒപ്പുവച്ചതിനാൽ പദ്ധതി പിൻവലിക്കാനാകില്ലെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ പി.എഫ്.ആർ.ഡി.എ. ബിൽ കൊണ്ടുവന്നിരിക്കുന്നതിനാൽ പ്രസ്തുത ബിൽ പിൻവലിച്ചാൽ മാത്രമേ സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ സാധിക്കുകയുള്ളൂ എന്നത് വസ്തുതയാണോ; ഇത് സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

## സ്പാർക്ക് ഹെൽപ് ലൈൻ

70 (2370) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഓരോ വകുപ്പിലും സ്പാർക്ക് ഹെൽപ് ലൈൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സ്പാർക്കിലേയ്ക്ക് അയയ്ക്കുന്ന പരാതികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പാർക്കിൽ അപേക്ഷകൾ ലഭ്യമാകുന്നത് മെയിൽ, ഫോൺ, ചാറ്റ്, തപാൽ എന്നിവ വഴിയാണ്. സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണവും യുജിസി 7 -ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകളുടെയും ഫോൺ കോളുകളുടെയും എണ്ണം കൂടുതലാണ്. ഈ സാഹചര്യത്തിൽ കൂടുതൽ ജീവനക്കാരെ ടി അപേക്ഷകളിന്മേൽ അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനായി ധനകാര്യ വകുപ്പിൽനിന്ന് നിയോഗിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ**

71 (2371) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവ്വീസിലുള്ള ജീവനക്കാരിൽ എത്ര പേർക്കാണ് സ്റ്റാറ്റ്യൂട്ടറി പെൻഷനുള്ള അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പാർക്കിൽ പെൻ രജിസ്റ്റർ ചെയ്തിട്ടുള്ളത് പ്രകാരം നിലവിൽ സർവ്വീസിലുള്ള ജീവനക്കാരിൽ 3,35,080 പേർക്കാണ് സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ളത്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിക്കുന്ന ജീവനക്കാരന് എത്ര രൂപയാണ് പെൻഷൻ ലഭിക്കുന്നതെന്നും എപ്രകാരമാണ് ഇതിന്റെ പരിശോധന നടത്തുന്നതെന്നും അറിയിക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട്**

72 (2372) ശ്രീ. വി. ആർ. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതി റിപ്പോർട്ട് എപ്പോഴാണ് സമർപ്പിച്ചതെന്ന് അറിയിക്കാമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ നിയമിച്ച സമിതി 30-4-2021-ലാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്.

**സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പിഴവ് തിരുത്താൻ ബദൽ മാർഗ്ഗങ്ങൾ**

73 (2373) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പിഴവ് തിരുത്താൻ കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള മറ്റുസ്ഥലങ്ങളിൽനിന്നും ഉദ്യോഗസ്ഥർ തലസ്ഥാനത്തെത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്പാർക്ക് സൊഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങളിൽ പിഴവ് വന്നിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിന് ഉദ്യോഗസ്ഥർ തലസ്ഥാനത്ത് എത്തിച്ചേരേണ്ട സാഹചര്യം നിലവിലില്ല. സംസ്ഥാനത്തെ 7 ജില്ലാ ട്രഷറികളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം , മലപ്പുറം, കാസർഗോഡ് ) തിരുവനന്തപുരം സ്പാർക്ക് ഓഫീസിന്റെ നിയന്ത്രണത്തിൽ മാസ്റ്റർ ട്രെയിനേഴ്സിനെ നിയമിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ രണ്ടു റീജിയണൽ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള ജില്ലകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ബി) ശമ്പളം സംബന്ധിച്ച വിവരങ്ങളിലെ തിരുത്തലുകൾ വരുത്തുന്നതിന് ജില്ലാ ട്രഷറികൾ കേന്ദ്രീകരിച്ചുണ്ടായിരുന്ന സംവിധാനം പുനഃസ്ഥാപിക്കുമോ?

7 ജില്ലാ ട്രഷറികളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം , മലപ്പുറം, കാസർഗോഡ്) തിരുവനന്തപുരം സ്പാർക്ക് ഓഫീസിന്റെറെ നിയന്ത്രണത്തിൽ മാസ്റ്റർ ട്രെയിനേഴ്സിനെ നിയമിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള ജില്ലകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു.

(സി) കേരള സർവ്വകലാശാല ക്യാംപസിനുള്ളിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലെയും അത് നിയന്ത്രിക്കുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെയും ഉദ്യോഗസ്ഥർ ജീവനക്കാരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നത് ഒഴിവാക്കാനായി ഔദ്യോഗിക ഫോൺകോളുകൾ സ്വീകരിക്കാതിരിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പാർക്ക് ഓഫീസിലെ ഔദ്യോഗിക ഫോൺ നമ്പർ 0471-2579700 ആണ്. ടെലിഫോൺ മുഖേനയുള്ള അന്വേഷണങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ അവയ്ക്ക് മറുപടി നൽകുന്നതിനായി ധനകാര്യ വകുപ്പിൽനിന്ന് അധിക ജീവനക്കാരെ സ്പാർക്ക് (പി.എം.യു)-ലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്പാർക്കിൽ അടിയന്തരമായി ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കേണ്ട സാഹചര്യം നിലവിലില്ല.

**പതിനൊന്നാം ശമ്പളപരിഷ്കരണകമ്മീഷൻ ശിപാർശകൾ**

74 (2374) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളകമ്മീഷൻ നൽകിയ ശിപാർശകളിൽ സർക്കാർ ഉത്തരവായി അനുവദിക്കാതിരുന്നവ പരിശോധിക്കാൻ നിയോഗിച്ചിരുന്ന സെക്രട്ടറിതല കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തതും എന്നാൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ആരോഗ്യ ഇതര വകുപ്പുകളിൽ അനുവദിക്കാതിരുന്നതുമായ ഉയർത്തിയ ശമ്പള സ്കെയിലുകൾ, കരിയർ അഡ്വാൻസ്മെന്റ് സ്കീം തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) പതിനൊന്നാം ശമ്പള കമ്മീഷൻ നൽകിയ ശിപാർശകളിൽ ഉൾപ്പെട്ടവയിൽ ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ടവ കിട്ടാതെ പോയത് സംബന്ധിച്ച് ഏതൊക്കെ വ്യക്തികളും സംഘടനകളും നിവേദനങ്ങൾ നൽകിയിരുന്നുവെന്നതിന്റെ പട്ടിക ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ?

പതിനൊന്നാം ശമ്പള കമ്മീഷൻ നൽകിയ ശിപാർശകളിൽ വന്നിട്ടുള്ള വിവിധ അനോമലികൾ സംബന്ധിച്ച് വ്യക്തികളും സംഘടനകളും സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ 300-ഓളം നിവേദനങ്ങൾ നിലവിൽ ലഭ്യമായിട്ടുണ്ട്.

(ഡി) ലഭിച്ച നിവേദനങ്ങളിൽ സെക്രട്ടറിതല സമിതി പരിഗണിച്ചവ എത്രയെന്നും ആയതിൽ അനുവദിക്കാമെന്ന് ശിപാർശ നല്കിയതും നിരസിച്ചതും എത്രവീതമെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഇ) ലഭിച്ച നിവേദനങ്ങളിൽ സെക്രട്ടറിതല സമിതി നിരസിച്ചവയും എന്നാൽ പതിനൊന്നാം ശമ്പളകമ്മീഷൻ നൽകിയ ശിപാർശകളിൽ ഉൾപ്പെട്ടിരുന്നവയുമായ, ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, നൽകാൻ തയ്യാറാവുമോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

(ഡി&ഇ) വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും ലഭിച്ച നിവേദനങ്ങളുടെ പരിശോധന സെക്രട്ടറിതല സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടാത്തതിനാൽ ആയവ കമ്മിറ്റി പരിശോധിച്ചിട്ടില്ല. ടി നിവേദനങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അവ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനെത്തുടർന്ന് രൂപീകരിച്ച ധനകാര്യ 'അനോമലി റെക്റ്റിഫിക്കേഷൻ സെല്ലിന് ' കൈമാറിയിട്ടുണ്ട്.

**പെൻഷൻ നിർണ്ണയത്തിലെ അപാകത**

75 (2375) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവ്വീസിൽ നിന്നും 2019 ജൂലൈ മുതൽ 2020 മാർച്ച് വരെ വിരമിച്ച അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും പെൻഷൻ നിർണ്ണയത്തിലുണ്ടായിട്ടുള്ള അപാകത സംബന്ധിച്ച് ലഭിച്ച അപേക്ഷയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സർക്കാർ സർവ്വീസിൽനിന്നും 2019 ജൂലൈ മുതൽ 2020 മാർച്ച് വരെ വിരമിച്ച അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും പെൻഷൻ നിർണ്ണയത്തിൽ അപാകതയുണ്ടായിട്ടില്ല. കൂടാതെ, പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കിയതുവഴി മേൽ വിഭാഗം പെൻഷൻകാരുടെ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും പരിഷ്കരിക്കുകയുണ്ടായി. ഈ പരിഷ്കരണത്തിന്റെ ഭാഗമായി മേൽ വിഭാഗം ആൾക്കാർക്ക് വാങ്ങിക്കൊണ്ടിരുന്ന പെൻഷനിൽ യാതൊരു കുറവും വന്നിട്ടില്ല. എന്നാൽ, 30-6-2019-നുമുൻപ് വിരമിച്ചവർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി കിട്ടുന്ന പുതിയ പെൻഷനും മേൽ വിഭാഗക്കാർക്ക് കിട്ടുന്ന പുതുക്കിയ പെൻഷനും തമ്മിൽ കുറവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം പരിശോധിച്ചുവരുന്നു.

**പെൻഷൻകാരുടെ ഡി. ആർ. കുടിശ്ശിക**

76 (2376) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പെൻഷൻകാരുടെ എത്ര മാസത്തെ ഡി. ആർ കുടിശ്ശിക നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാനസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ./ഡി.ആർ. കണക്കാക്കുന്നത്. അതനുസരിച്ച് 1-7-2020 വരെയുള്ള ഡി.എ./ഡി.ആർ. അനുവദിച്ചിട്ടുണ്ട്. എന്നാൽ 1-1-2021 മുതൽ ഡി.എ./ഡി.ആർ. കണക്കാക്കിയിട്ടില്ല.

(ബി) നിലവിലുള്ള ഡി.ആർ. കുടിശ്ശിക 2021 വർഷത്തിൽ നാല് ഗഡുക്കളായി പെൻഷൻകാർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ?

8-2-2021-ലെ സ.ഉ.(പി) നമ്പർ 25/2021/ധന പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള 1-1-2019, 1-7-2019, 1-1-2020, 1-7-2020 എന്നീ കാലയളവിൽ പ്രാബല്യത്തിലുള്ള ഡി. ആർ. ഗഡുക്കളുടെ കുടിശ്ശിക 2021 വർഷത്തിൽ 4 ഗഡുക്കളായി, ഏപ്രിൽ, ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(സി) പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഇതിൽ എത്ര ഗഡു നാളിതുവരെ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പെൻഷൻകാർക്ക് നിലവിലുള്ള ഡി. ആർ. കുടിശ്ശിക സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) പെൻഷൻകാരുടെ 1-1-2019, 1-7-2019, 1-1-2020, 1-7-2020 എന്നീ കാലയളവിൽ പ്രാബല്യത്തിലുള്ള ക്ഷാമാശ്വാസ ഗഡുക്കളുടെ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പാശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യ സമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഡി. ആർ. നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

77 (2377) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ തുടരുന്നത് സംബന്ധിച്ച ആശയക്കുഴപ്പം തീർക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ചും പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ചിരുന്ന കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പളം**

78 (2378) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിന്നും ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി, എ.ജി, നിയസഭാ സെക്രട്ടേറിയറ്റ് എന്നീ സ്ഥാപനങ്ങളിലെ ഓഫീസ് അറ്റൻഡന്റുമാരെ ഒഴിവാക്കിയത് കാരണം പ്രസ്തുത വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചുകൊണ്ടിരുന്ന തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിന്നും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയെ ഒഴിവാക്കിയതിനാൽ നിലവിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നൽകുന്നതിന് പരിഗണിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പരിധിയിൽ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടുന്നില്ല.

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റുമാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയതിനുശേഷം എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മറ്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പത്താംക്ലാസ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഏതൊക്കെ തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ തസ്തികയുടെയും സ്കെയിൽ ഓഫ് പേ എത്രയെന്ന് വിശദമാക്കുമോ?

പൊതു ഭരണ സെക്രട്ടേറിയറ്റിലെ പത്താം ക്ലാസ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളുടെ വിവരം സ്കെയിൽ ഓഫ് പേ സഹിതം ചുവടെ നൽകുന്നു.

1) ഓഫീസ് അറ്റൻഡന്റ് : 23000-50200: പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം

2) സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II : 26500-60700 : പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം

3) ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II : 26500-60700 : പ്രൊമോഷൻ മുഖേന

4) അറ്റൻഡർ : 24400-55200 : പ്രൊമോഷൻ മുഖേന

5) ബൈൻഡർ ഗ്രേഡ് II : 26500-60700: പ്രൊമോഷൻ മുഖേന

6) ലിഫ്റ്റ് ഓപ്പറേറ്റർ : 25100-57900 : പ്രൊമോഷൻ മുഖേന

7) മോട്ടോർ സൈക്കിൾ ഓർഡർലി : 27900-63700 : പ്രൊമോഷൻ മുഖേന

8) ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ : 25100-57900 : പ്രൊമോഷൻ മുഖേന

9) നോട്ടം : 24400-55200 : പ്രൊമോഷൻ മുഖേന

(ഡി) പത്താംക്ലാസ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടും സബോർഡിനേറ്റ് സർവ്വീസ് ഓഫീസ് അറ്റൻഡന്റുമാരുടെ അടിസ്ഥാന ശമ്പളം ഇരുപത്തിമൂവായിരം രൂപയായി നിലനിർത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത ഉയർന്ന ശമ്പള സ്കെയിലുകളിൽ, ആരോഗ്യ വകുപ്പിന് കീഴിലുള്ള തസ്തികകൾക്ക് മാത്രമേ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഉയർന്ന ശമ്പള സ്കെയിലുകൾ അനുവദിച്ച് നൽകിയിട്ടുള്ളൂ. ആയതിനാലാണ് സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട ഓഫീസ് അറ്റൻഡന്റുമാർക്ക് പത്താം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം അനുവദിക്കപ്പെട്ട ശമ്പള സ്കെയിലിന് ആനുപാതികമായി 23000-

50200 എന്ന ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ടത്. ആരോഗ്യ ഇതര വകുപ്പുകളിൽ കമ്മീഷൻ ശിപാർശ ചെയ്ത ഉയർന്ന ശമ്പള സ്കെയിലുകൾ അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് സർക്കാർ നിയമിച്ച സെക്രട്ടറിതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശകളുടെ അപാകതകൾ പഠിക്കാൻ നിയോഗിച്ച അനോമലി കമ്മിറ്റിയുടെ കാലാവധി എത്ര നാളാണെന്ന് വ്യക്തമാക്കുമോ?

6-2-2021-ലെ സ.ഉ.(സാധാ) നമ്പർ 1049/2021/ധന പ്രകാരം രൂപീകരിച്ച മൂന്നംഗ സെക്രട്ടറിതല സമിതി ഒരു മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്.

**സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത**

79 (2379) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശിക നൽകാനുണ്ട്?

സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാനസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ./ഡി.ആർ. കണക്കാക്കുന്നത്. അതനുസരിച്ച് 1-7-2020 വരെയുള്ള ഡി.എ./ഡി.ആർ. അനുവദിച്ചിട്ടുണ്ട്. എന്നാൽ 1-1-2021 മുതൽ ഡി.എ. /ഡി.ആർ. കണക്കാക്കിയിട്ടില്ല.

(ബി)ക്ഷമാബത്തയുടെ കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതി**

80 (2380) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-5-2017 മുതൽ നടപ്പിലാക്കിയ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം അർഹതയുണ്ടെന്ന് കണ്ടെത്തിയ എത്ര അപേക്ഷകർക്കാണ് നിലവിൽ സഹായം ലഭ്യമാക്കാനുള്ളതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ 17-9-2021 വരെ സർക്കാരിൽ ലഭിച്ച യോഗ്യമായ അപേക്ഷകളിന്മേൽ സർക്കാർ സഹായമായി ആകെ 208.39 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാങ്കുതല പരിശോധന കഴിഞ്ഞ് SLBC മുഖാന്തരം സർക്കാരിൽ ലഭിക്കുന്ന യോഗ്യമായ അപേക്ഷകളിൽ തുടർന്നും സർക്കാർ സഹായം ലഭ്യമാക്കുന്നതാണ്.

**വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്**

81 (2381) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സംസ്ഥാന ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പേജ് നമ്പർ 66 ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിൽ വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നോയെന്നറിയിക്കാമോ?

2019-20 സംസ്ഥാന ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പേജ് നമ്പർ 66 ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിൽ വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്നും വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയായി വകയിരുത്തിയിട്ടുള്ളത് 10 കോടി രൂപയാണ്. എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായ 2 കോടി രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു.

(സി) ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൊത്തം അടങ്കലിന്റെ ഇരുപത് ശതമാനം തുക വകയിരുത്തുന്ന പ്രവൃത്തികൾക്ക് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നാണോ ബില്ലുകൾ തീർപ്പാക്കുന്നത് എന്നറിയിക്കാമോ?

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൊത്തം അടങ്കലിന്റെ ഇരുപത് ശതമാനം തുക വകയിരുത്തുന്ന പ്രവൃത്തികൾക്ക് ആവശ്യമായ ലംപ്സം വിഹിതം 5054-80-800-66 ശീർഷകത്തിലാണ് വകയിരുത്തുന്നതെങ്കിലും ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചിട്ടുള്ള പ്രവൃത്തികളുടെ ചെലവ് അതത് വകുപ്പുകളുടെ കീഴിൽ അനുയോജ്യമായ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്.

(ഡി) വനം വകുപ്പിന് അനുവദിച്ച ശീർഷകത്തിന്മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ തുക തൻ വർഷം നീക്കിയിരിപ്പുണ്ടോയെന്നും 20 ശതമാനം തുക നീക്കിവച്ചിട്ടും മേൽ പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണവും വിശദമാക്കാമോ;

(ഇ) മേൽ പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് വനം വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇതുസംബന്ധിച്ച ഫയലുകളുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

(ഡി & ഇ) നടപ്പുസാമ്പത്തിക വർഷം മേൽ പ്രവൃത്തി ചെലവിനം വഹിക്കുന്ന ശീർഷകത്തിൽ (2406-01-800-56-PV) 22 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് ശീർഷകത്തിൽനിന്നും ചെലവ് വഹിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള ശിപാർശകളൊന്നും ധനവകുപ്പിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മൂത്തേടം ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷൻ, കരുളായി റെയിഞ്ച്, പടുക്ക ഫോറസ്റ്റ് സ്റ്റേഷനുകീഴിലെ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഭാഗത്ത് കിഫ്ബി ഫേയ്സ് II-ൽ ഉൾപ്പെടുത്തി 3.80 കി.മീ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 12-11-2018-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നമ്പർ.46/2018/വനം. 23-1-2020-ലെ ജി.ഒ.(എം.എസ്) നമ്പർ 2/2020/വനം. എന്നിവ പ്രകാരം ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തിക്ക് 2 കോടി 25 ലക്ഷത്തിന്റെ അടങ്കൽ പാസ്സാക്കി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## പുനലൂർ എഡ്യൂക്കേഷൻ കോംപ്ലക്സ്

82 (2382) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി പുനലൂർ എഡ്യൂക്കേഷൻ കോംപ്ലക്സിന് അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. ടി പ്രവൃത്തിക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിരുന്നെങ്കിലും നിർദ്ദിഷ്ട ഹെഡ് ഓഫ് അക്കൗണ്ടിൽ പണമില്ലാത്തതിനാൽ സാങ്കേതികാനുമതി ലഭിച്ചിരുന്നില്ല. ടി ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ടി അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എ&ബി) ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതിനായുള്ള അപേക്ഷ ധനവകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട വിവിധ ഫയലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ; പ്രസ്തുത ഫയലുകൾ എന്നത്തേയ്ക്ക് തീർപ്പാക്കി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

പുനലൂർ എഡ്യൂക്കേഷൻ കോംപ്ലക്സിന് അഞ്ചു കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച് EDN-A2/162/2020-FIN (ഇ 1608386) നമ്പർ ഫയലിൽ പരിശോധിക്കുകയും ഭരണ വകുപ്പിന് മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച ഫയലുകൾ ധനവകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ മണ്ഡലത്തിലെ പദ്ധതികൾ**

83 (2386) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ തൃശ്ശൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

(എ-സി) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ തൃശ്ശൂർ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും തൃശ്ശൂർ ജില്ലാ കളക്ടറും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിനുകീഴിൽ 6441 ലക്ഷം രൂപയുടെ പദ്ധതികളും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ 3959.43 ലക്ഷം രൂപയുടെ പദ്ധതികളും, ജലസേചനവും ഭരണവും വകുപ്പിന് കീഴിൽ 100 ലക്ഷം രൂപയുടെ പദ്ധതികളും വിവിധ ഘട്ടങ്ങളിൽ നടന്നുവരികയാണ്. കൂടാതെ, തൃശ്ശൂർ കളക്ടറുടെ കാര്യാലയത്തിനു കീഴിൽ 192.60 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കുകയും ഏതാനും പദ്ധതികൾ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് (നിരത്ത്, കെട്ടിടങ്ങൾ) വകുപ്പ്, ജലസേചനവും ഭരണവും വകുപ്പ്, തൃശ്ശൂർ കളക്ടറുടെ കാര്യാലയത്തിനു കീഴിൽ നടക്കുന്ന പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി സമർപ്പിക്കുന്നു*.

## ബഡ്ജറ്റ് എസ്റ്റിമേറ്റുകളും ബഡ്ജറ്റ് ചെലവുകളും

84 (2387) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലെ കേരളത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളും ബഡ്ജറ്റ് ചെലവുകളും എത്ര വീതം ആണെന്ന് അറിയിക്കുമോ?

(തുക കോടിയിൽ)

| സാമ്പത്തികവർഷം | ബഡ്ജറ്റ് വിഹിതം | ആകെ ചെലവ് |
|---|---|---|
| 2016-17 | 122593.48 | 111577.98 |
| 2017-18 | 133897.87 | 133456.98 |
| 2018-19 | 142809.87 | 143721.56 |
| 2019-20 | 160613.03 | 163815.80 |
| 2020-21 | 170431.15 | 177812.34 |

ആകെ ചെലവ് ഇനത്തിൽ കാണിച്ചിരിക്കുന്ന തുക റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും വെയ്സ് ആൻഡ് മീൻസ് അഡ്വാൻസായി എടുത്ത ഹ്രസ്വകാല വായ്പകളുടെ തിരിച്ചടവ് കൂടി ഉൾപ്പെട്ടതാണ്. (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)

(ബി) ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ ചെലവ് വർദ്ധിക്കുന്നതും മറ്റിനങ്ങളിലെ ബഡ്ജറ്റ് ചെലവുകൾ കുറഞ്ഞ് വരുന്നതുമായ സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഇനങ്ങളിലുള്ള ചെലവുകളാണ് ഓരോ വർഷം കഴിയുന്തോറും കുറവ് കാണിച്ചിട്ടുള്ളത്;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എന്തൊക്കെയാണ് ഈ ഇനങ്ങളിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളതിന് കാരണമായി വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

(ബി-ഡി) ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലും മറ്റിനങ്ങളിലും സാധാരണയായി ബഡ്ജറ്റ് ചെലവുകൾ വർദ്ധിക്കാറുണ്ട്.

**പൊതുമരാമത്ത് വകുപ്പിന് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിലെ കുറവ്**

85 (2389) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പൊതുമരാമത്ത് വകുപ്പിന് നൽകിയ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് വിശദമാക്കാമോ?

2016-17 മുതൽ ഇതുവരെ പൊതുമരാമത്ത് വകുപ്പിന് നൽകിയ ബഡ്ജറ്റ് വിഹിതം താഴെ നൽകുന്നു:

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം (SDG ഉൾപ്പെടെ) |
|---|---|
| 2016-17 | 5709.4 |
| 2017-18 | 5858.86 |
| 2018-19 | 5587.51 |
| 2019-20 | 7272.01 |
| 2020-21 | 6587.72 |
| 2021-22 | 6532.15 |

(ബി) പൊതുമരാമത്ത് വകുപ്പിന് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ടോ; ഇപ്രകാരം കുറവുണ്ടാകുന്നത് കിഫ്ബി മുഖേന പ്രവൃത്തികൾ ചെയ്യുന്നതിനാലാണോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് നൽകുന്ന വിഹിതത്തിൽ കുറവുണ്ടാകുന്നില്ല.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

86 (2390) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തുകയും ആയതിന്റെ ഉത്തരവ് ഭരണ വകുപ്പ് നൽകിയതിന്റെയും അടിസ്ഥാനത്തിൽ ബാക്കി എൺപതുശതമാനം തുകയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റും പ്രൊപ്പോസലും പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖേന സർക്കാരിൽ എത്തിയത് ധനകാര്യ വകുപ്പിന്റെ റിമാർക്സിനായി ലഭിച്ചിട്ടുണ്ടോ; എന്നാണ് ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് ലഭിച്ചത്; ധനകാര്യ വകുപ്പിലെ പ്രസ്തുത ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉണ്ട് ഇതുസംബന്ധിച്ച ഭരണ വകുപ്പ് ഫയൽ 14-2-2021-നാണ് ധനകാര്യ(ഹെൽത്ത്-എ) വകുപ്പിൽ ലഭിച്ചിട്ടുള്ളത്. Major Construction works under DHS എന്ന പദ്ധതിയുമായി ബന്ധപ്പെട്ട 1631629/A1/163/20 നമ്പർ main ഫയലിലാണ് ഈ വിഷയം പരിശോധിച്ചിരുന്നത്. ഇതുകൂടാതെ ടി വിഷയം സംബന്ധിച്ച ഒരു part file (No. 1858815/HLT-A1/163/2020-Fin) കൂടിയുണ്ട്. പ്രധാന ഫയലിലെ ടി വിഷയവുമായി ബന്ധപ്പെട്ട കുറിപ്പുകളുടെ പ്രസക്ത പേജുകളും Part file-ന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു*.

(ബി) ബഡ്ജറ്റിൽ ഇരുപതുശതമാനം തുക നീക്കി വയ്ക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ധനകാര്യ വകുപ്പിന്റെ ഏതെല്ലാം വിഭാഗങ്ങളാണ് പരിശോധിക്കുന്നതെന്ന് അറിയിക്കുമോ?

ബഡ്ജറ്റിൽ ഇരുപതുശതമാനം തുക നീക്കിവയ്ക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അതത് ഭരണവകുപ്പുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പിലെ സെക്ഷനുകളും ധനകാര്യ (ബഡ്ജറ്റ്-K) വകുപ്പുമാണ് പരിശോധിക്കുന്നത്.

(സി) ധനകാര്യ വകുപ്പിലെ ആരോഗ്യവിഭാഗത്തിന്റെ A1/163/20 നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പിന് നൽകാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4210-01-110-74-01-PV- Construction Works under DHS എന്ന ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത പ്രവൃത്തി വകുപ്പുതല Working Group- ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാവുന്നതാണെന്ന വിവരം ഭരണവകുപ്പിനെ ഇതിനകംതന്നെ അറിയിച്ചിട്ടുണ്ട്. (ഭരണവകുപ്പ് ഫയൽ നമ്പർ 1700736/Health-P3/29/2021/Health)

**ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ**

87 (2392) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്താൻ സാധിക്കാത്തതിനാൽ പെൻഷൻ മുടങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് മുടങ്ങിയിട്ടുള്ളതെന്നും ഓരോന്നിലും എത്ര ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ആയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 3,42,985 പേരും വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 107541 പേരും മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതും തുടർന്ന് നൽകിയ അവസരങ്ങളിൽ മസ്റ്ററിംഗ് പൂർത്തിയായത് പ്രകാരം കുടിശ്ശിക ലഭിക്കാൻ അർഹതയുള്ള 1,41,852 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും 43053 ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കളുമാണുള്ളത്. മറ്റുള്ളവർ മസ്റ്ററിംഗ് പൂർത്തിയാക്കിയാൽ മാത്രമേ കുടിശ്ശികയുടെ വിഷയം ഉദിക്കുന്നുള്ളൂ.

**ഷീ വർക്ക് സ്പേസ് പ്രോജക്ടിനെ ലീപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

88 (2393) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കറോളം വരുന്ന സ്ഥലത്ത് ആയിരത്തോളം വനിതകൾക്ക് തൊഴിലും വർക്ക് സ്പേസും, വുമൺ സ്റ്റാർട്ട് അപ് സ്പേസും വിഭാവനം ചെയ്തുകൊണ്ട് സമർപ്പിച്ചിട്ടുള്ള ഷീ വർക് സ്പേസ് പ്രോജക്ടിനെ ലീപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പ്ലാനിംഗ് ബോർഡിന്റെ ഇൻസെന്റീവ് ഗ്രാന്റ് പ്രസ്തുത പ്രോജക്ടിനായി അനുവദിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രോജക്ട് തദ്ദേശസ്വയംഭരണ വകുപ്പിലും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലും ലഭിച്ചിട്ടുണ്ടെന്നും വിശദമായ പരിശോധനയ്ക്കുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡും അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ വന്നിട്ടില്ല.

## ലോട്ടറി, മദ്യ വില്പനകളിലൂടെയുള്ള വരുമാനം

89(2394) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ലോട്ടറിയിൽനിന്ന് ലഭിച്ച ആകെ വരുമാനവും ലാഭവിഹിതവും എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാന ലോട്ടറിയിൽനിന്ന് 2017 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച ആകെ വരുമാനത്തിന്റെയും ലാഭവിഹിതത്തിന്റെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും മദ്യവില്പനയിൽനിന്ന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും മദ്യവില്പനയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## വാഹനങ്ങളുടെ സഞ്ചാരം അമരവിള ചെക്ക്പോസ്റ്റ് വഴിയാക്കുന്നതിന് നടപടി

90 (2396) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിള ചെക്ക്പോസ്റ്റ് വഴി സഞ്ചരിക്കേണ്ട ഹെവി വാഹനങ്ങൾ ചരക്കുമായി ചെറിയ ചെക്ക്പോസ്റ്റ് വഴി പോകുന്നത് ജി.എസ്.ടി. വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹെവി വാഹനങ്ങൾ ചരക്കുമായി ചെറിയ ചെക്ക്പോസ്റ്റുവഴി പോകുന്നത് സ്ഥിരമായി റോഡുകൾ തകരുന്നതിന് കാരണമാകുന്നതിനാൽ ആയത് തടയാൻ ജി.എസ്.ടി. വിഭാഗത്തിന് നിർദ്ദേശം നൽകുമോ;

(സി) ഹെവി വാഹനങ്ങളുടെ സഞ്ചാരം അമരവിള ചെക്ക്പോസ്റ്റുവഴി മാത്രമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ഉണ്ട്. സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിനുകീഴിൽ നിലവിൽ ചെക്ക്പോസ്റ്റുകളൊന്നും പ്രവർത്തിക്കുന്നില്ല.

**പ്രളയസെസ്സ് പിരിച്ചതും വിനിയോഗിച്ചതും**

91 (2397) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയസെസ്സ് പിരിക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഏത് കാലയളവിലേയ്ക്ക് പിരിക്കുന്നതിനാണ് അനുമതിയുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ ലഭിച്ച വരുമാനം ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചെന്നും 2021 സെപ്തംബർ 30 വരെ എത്ര രൂപ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് പ്രളയസെസ്സ് പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി കൗൺസിലിന്റെ പ്രത്യേകാനുമതി ലഭിച്ചിരുന്നു. രണ്ട് വർഷക്കാലയളവിലേയ്ക്ക് പിരിക്കുന്നതിനാണ് അനുമതിയുണ്ടായിരുന്നത്. ഇതിൻപ്രകാരം 2019 ആഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെ പ്രളയ സെസ്സ് ഏർപ്പെടുത്തിയിരുന്നു.

**സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ**

92 (2398) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിച്ച് സ്വർണ്ണാഭരണങ്ങൾ കടത്തുന്നത് തടയാൻ ജി.എസ്.ടി. വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡുകളുടെ നിതാന്ത വാഹന പരിശോധന, ജ്വല്ലറികൾ, ഹാൾ മാർക്കിംഗ് സ്ഥാപനങ്ങൾ, സ്വർണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ എന്നിവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം, നിയമ പ്രകാരമുള്ള കട പരിശോധന എന്നിവയിലൂടെ ഈ മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിനും വരുമാനം

സംരക്ഷിക്കുന്നതിനും വകുപ്പിന് സാധ്യമായിട്ടുണ്ട്. സ്വർണ്ണം ഉൾപ്പെടെയുള്ള ചരക്കിന്റെ നികുതി വെട്ടിപ്പ് സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവർക്ക് പ്രോത്സാഹനം എന്ന നിലയിൽ ഇനാമും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 129 പ്രകാരം ശരിയായ രേഖകൾ ഇല്ലെങ്കിലോ ഏതെങ്കിലും വകുപ്പിന്റെ ലംഘനം ഉണ്ടെങ്കിലോ നികുതിയും തത്തുല്യമായ തുക പെനാൽറ്റിയും ഈടാക്കുന്നു. നികുതി വെട്ടിപ്പിനാണ് ശ്രമമെന്ന് ബോധ്യപ്പെട്ടാൽ പ്രത്യേകിച്ച് രേഖകൾ ഇല്ലാത്ത സ്വർണ്ണമാണെങ്കിൽ വകുപ്പ് 130 പ്രകാരം ടി സ്വർണ്ണം കണ്ടുകെട്ടുകയും ചെയ്തുവരുന്നു. സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ വെച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ അനധികൃതമായി കടത്തിയ എത്ര കിലോ സ്വർണ്ണം പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; രേഖകളില്ലാതെ കടത്തിയ സ്വർണ്ണം പിടിച്ച സംഭവങ്ങളിൽ ജി.എസ്.ടി. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ 551.31 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 3793.17 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

### പെട്രോൾ, ഡീസൽ വില വർദ്ധനവ്

93 (2399) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ, ഡീസൽ വിലയിലുണ്ടായിട്ടുള്ള രൂക്ഷമായ വർദ്ധനവ് സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെ എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പെട്രോൾ, ഡീസൽ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് ജനങ്ങളുടെ ക്രയവിക്രയ ശേഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത ചെലവ് കൂടുമെന്നതിനാൽ വിലക്കയറ്റത്തിനും കാരണമായിട്ടുണ്ട്. തൻമൂലം പണപ്പെരുപ്പം വർദ്ധിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത**

94 (2400) ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്ന് കരുതുന്നുണ്ടോ?

കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. 15-ാം ധനകാര്യ കമ്മീഷനെടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വമല്ലാത്ത ജി.എസ്.ടി. നിരക്കിലുള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കംകൂട്ടി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും ഈ പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) ഓരോ വർഷവും കടമെടുപ്പ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനം കടക്കെണിയിലേയ്ക്ക് നീങ്ങുകയാണെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. കോവിഡിന്റെ പ്രതികൂല സാഹചര്യം, പ്രതിരോധ വാക്സിനേഷനിലെ പുരോഗതി പരിഗണിക്കുമ്പോൾ, താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ് വ്യവസ്ഥ ചലനാത്മകമാകുമെന്നും ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന നയവും കൂടിയാകുമ്പോൾ നിലവിലുള്ള കടത്തിന്റെ പരിപാലനം പ്രയാസകരമാവില്ല.

(സി) ഉയരുന്ന കടബാധ്യത ഫലപ്രദമായി നിയന്ത്രിച്ച് സംസ്ഥാന വികസനം കാര്യക്ഷമമാക്കുന്നതിനുള്ള ആശയങ്ങൾ സർക്കാർ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപയും കോവിഡും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി. ടി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തത്ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടു പോകുന്നതിന് സാധിച്ചിട്ടുണ്ട്.

**ജി.എസ്.ടി. നഷ്ടപരിഹാരം**

95 (2401) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി കൂടുതൽ മോശമാകാൻ സാധ്യതയുണ്ടോ; ഈ പ്രതിസന്ധി ഏതുരീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ 2022 ജൂൺ വരെയാണ് ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാകുന്നത്. രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് ഓഡിറ്റ് ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് എന്നീ വിഭാഗങ്ങൾ മുഖേന ഓഡിറ്റ്, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, റിട്ടേൺ സ്ക്രൂട്ടിണി മുതലായ നടപടികൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു നടപ്പിലാക്കി വരുന്നു. 2021 സെപ്റ്റംബറിൽ കൂടിയ 45-ാമത് ജി.എസ്.ടി. കൗൺസിൽ യോഗം, 2022 ജൂലൈക്കുശേഷം ജി.എസ്.ടി. നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ രീതിയിൽ ജി.എസ്.ടി. നിയമം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്.

**മൊറട്ടോറിയം പ്രഖ്യാപിച്ച ബാങ്ക് വായ്പകളുടെ പലിശ**

96 (2402) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള ബാങ്ക് വായ്പകളുടെ പലിശ ഒഴിവാക്കി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) അതുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(എ&ബി) കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 - Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനവകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽനിന്നുമെടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേയ്ക്ക് വഹിക്കുന്നതാണെന്നും കെ.എഫ്.സി.-യിൽനിന്നും വായ്പയെടുത്ത് 2020 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 30-7-2021-ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സഹകരണ ബാങ്കുകളുടെ കാര്യത്തിൽ എന്ത് നിർദ്ദേശമാണ് ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡ്-19 രോഗബാധ ഉണ്ടായതിനെ തുടർന്ന് എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-8-2020 വരെ സഹകരണ സംഘം രജിസ്ട്രാറുടെ 28/2020, 47/2020 സർക്കുലറുകൾ പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ടി മൊറട്ടോറിയം സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും ബാധകമാണ്. കൂടാതെ മൊറട്ടോറിയം കാലാവധിയിൽ പിഴ പലിശ ഈടാക്കാൻ പാടില്ലാത്തതുമാണ്. ടി കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് മൊറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവുചെയ്ത് കൊടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

### വഞ്ചിയൂർ സബ്ട്രഷറി തട്ടിപ്പുകേസ്

97 (2403) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വഞ്ചിയൂർ സബ്ട്രഷറി തട്ടിപ്പുകേസിൽ ട്രഷറിയിൽ നിന്നും നഷ്ടപ്പെട്ട പണം ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കേസ് നിലവിൽ പോലീസ് അന്വേഷണത്തിലാണ്. ടി കേസിൽ നഷ്ടപ്പെട്ട പണം കോടതിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ഉത്തരവാദികളിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### അംഗീകൃത നിർവ്വഹണ ഏജൻസികളായി നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ

98 (2404) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തുക വകയിരുത്തിയിട്ടുള്ള വിവിധ വകുപ്പുകൾക്ക് കീഴിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അംഗീകൃത നിർവ്വഹണ ഏജൻസികളായി നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

27-7-2016-ലെ G.O.(P)No. 107/2016/Fin, 29-12-2016-ലെ G.O.(P)No. 191/2016/Fin, 9-2-2017-ലെ G.O.(P)No.18/2017/Fin. എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഏജൻസിയായി അക്രെഡിറ്റഡ് ഏജൻസികളെ സർക്കാർ നിയമിക്കുന്നത്.

(ബി) നിലവിൽ ഏതെല്ലാം ഏജൻസികൾക്കാണ് ഇപ്രകാരം അംഗീകാരമുള്ളതെന്നും ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

4-7-2019-ലെ G.O.(P)No.77/2019/Fin. പ്രകാരം 39 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾക്കും, 6 സർക്കാർ ഇതര സ്ഥാപനങ്ങൾക്കും സർക്കാർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അക്രെഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*).

(സി) അംഗീകാരം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്ക് അക്രെഡിറ്റഡ് ഏജൻസികളായി പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

(സി & ഡി) സർക്കാരിന്റെ കീഴിലെ വിവിധ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരിൽനിന്ന് 27-7-2016 -ലെ G.O.(P)No. 107/2016/Fin. അനക്സ്ച്ചർ II പ്രകാരമുള്ള നിശ്ചിത പ്രൊഫോർമയിൽ സർക്കാർ നോട്ടിഫിക്കേഷൻ മുഖേനെ അപേക്ഷകൾ ക്ഷണിക്കുകയും, ഇങ്ങനെ ലഭിച്ച അപേക്ഷകൾ 27-7-2016-ലെ G.O.(P)No. 107/2016/Fin., 29-12-2016-ലെ G.O(P)No.191/2016/Fin., 9-2-2017 ലെ G.O(P)No.18/2017/Fin എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അക്രെഡിറ്റേഷൻ ശിപാർശകൾ പരിശോധിക്കാൻ രൂപീകൃതമായിട്ടുള്ള Selection Committee പരിശോധിക്കുകയും, ശേഷം ടി കമ്മിറ്റിയുടെ Evaluation Report-ന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഏജൻസിയായി അക്രെഡിറ്റഡ് ഏജൻസികളെ സർക്കാർ നിയമിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി &എ. ജി. ഓഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ

99 (2405) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.സി. നിയമത്തിലെ വകുപ്പ് 14 (1) പ്രകാരം ഒരു സ്ഥാപനത്തിൽ സി&എ.ജി. ഓഡിറ്റ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

DPC Act സെക്ഷൻ 14 (1) താഴെ പറയും പ്രകാരമാണ്. Section 14 1)Where any body or authority is substantially financed by grants or loans from the Consolidated Fund of India or of any State or of any Union territory having a Legislative Assembly, the Comptroller and Auditor-General shall, subject to the provisions of any law for the time being in, force applicable to the body or authority, as the case may be, audit all receipts and expenditure of that body or authority and to report on the receipts and expenditure audited by him. Explanation: Where the grant or loan to a body or authority from the Consolidated Fund of India or of any State or of any Union territory having a Legislative Assembly in a financial year is not less than rupees twenty-five lakhs and the amount of such grant or loan is not less than seventy-five percent of the total expenditure of that body or authority, such body or authority shall be deemed, for the purposes of this sub-section, to be substantially financed by such grants or loans as the case may be. ഇതിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം കിഫ്ബി പോലെയുള്ള ഒരു സംവിധാനത്തിന് ലഭിക്കുന്ന സർക്കാർ ഗ്രാന്റുകളും സർക്കാരിതര ഫണ്ടുകളുമുൾപ്പെടെ എന്തും സമഗ്രമായ ഓഡിറ്റിന് വിധേയമാണ്. സെക്ഷൻ 14(1) സംബന്ധിച്ച് സി&എജി നൽകിയിട്ടുള്ള ഔദ്യോഗിക വ്യാഖ്യാനത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

The essential ingredients for any institution to attract audit under Section 14(I) are:-

i. The grant or loan must be to a body or authority.

ii. The grant or loan must have been paid out of the Consolidated Fund.

iii. The autonomous body must be "substantially financed" by grant or loan in accordance with the explanation of that term given in the Section.

iv. The audit will be of all receipts and expenditure of the body or authority. “ The fourth condition for audit under Section 14 is that audit is not intended to confine itself to the grant or loan and utilisation thereof, but has to cover all receipts and expenditure of the body or authority from whatever source they are derived.” വകുപ്പ് 14-ൽ പറഞ്ഞിട്ടുള്ളത് Substantially Financed by Grants or Loans എന്നാണ്. ഇത്തരം സ്ഥാപനങ്ങളിൽ ആ സ്ഥാപനത്തിന്റെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റിനുപുറമെ, സി.&എ.ജി.-ക്ക് സ്ഥാപനത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച ഓഡിറ്റ് നടത്താൻ വ്യവസ്ഥയുണ്ട്. Substantially Financed എന്നതിന്റെ അർത്ഥം ഒരു സാമ്പത്തിക വർഷത്തിൽ 25 ലക്ഷത്തിൽ കുറയാതെ ഗ്രാന്റോ ലോണോ ലഭിക്കുകയും ഗ്രാന്റിന്റേയോ ലോണിന്റേയോ തുക സ്ഥാപനത്തിന്റെ മൊത്തം ചെലവിന്റെ 75 ശതമാനത്തിൽ കുറയാത്തതും എന്നതാണ്. കിഫ്ബി ഇത്തരത്തിൽ ഒരു സ്ഥാപനമാണ്. ആയതിനാൽ കിഫ്ബിയുടെ എല്ലാ വരവും ചെലവും സി&എ.ജി യുടെ ഓഡിറ്റിന് പൂർണ്ണമായും വിധേയമാണ്. വകുപ്പ് 14 പ്രകാരമുള്ള ഓഡിറ്റ് കേവലം ഗ്രാന്റ്/വായ്പ എന്നിവയിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല.

(ബി) ഒരു വർഷം കിഫ്ബി ചെലവഴിക്കുന്ന പണത്തിന്റെ 75 ശതമാനത്തിലധികം സർക്കാർ സഞ്ചിത നിധിയിൽനിന്നും നൽകാത്ത പക്ഷം ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പ്രകാരമുള്ള ഓഡിറ്റ് നടത്താൻ കഴിയുകയില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പരിധിയിലാണ്. ഇതിൻപ്രകാരം കിഫ്ബിയിൽ 2020 ജൂൺ 30 വരെയുള്ള ഓഡിറ്റ് സി.&എ.ജി. പൂർത്തിയാക്കിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കിഫ്ബിയിലെ സി.എ.ജി. ഓഡിറ്റ് DPC ആക്ടിലെ സെക്ഷൻ 14 (1) ന്റെ പരിധിക്കു പുറത്തുപോകുന്ന പക്ഷം DPC സെക്ഷൻ 14 (2) പ്രകാരമുള്ള സമ്പൂർണ്ണ ഓഡിറ്റിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇത് സി.&എ.ജി.-യെയും ബഹുമാനപ്പെട്ട നിയമസഭയെയും സർക്കാർ ഇതിനോടകം അറിയിച്ചിട്ടുള്ളതാണ്.

**ഇടക്കോലി-ഉഴവൂർ-കോട്ടയം മെഡിക്കൽ കോളേജ് റോഡ്**

100 (2406) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കോലി-ഉഴവൂർ-കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇടക്കോലി – ഉഴവൂർ - കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) ഈ പദ്ധതിക്ക് 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകളിൽ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിൽ ലാൻഡ് അക്വിസിഷനും സാധിക്കുമോയെന്നറിയിക്കാമോ?

ഇടക്കോലി – ഉഴവൂർ - കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിക്ക് 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിൽ ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ എസ്.പി.വി. യോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രോജക്ട് ഡയറക്ടർ അംഗീകാരം നൽകിയ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള സ്ഥിതിയനുസരിച്ച് ഭരണാനുമതി നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുമോ?

ബി പിരിവിൽ പരാമർശിച്ചിരിക്കുന്ന റിപ്പോർട്ട് എസ്.പി.വി ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നത് സംബന്ധിച്ച് തീരുമാനം കിഫ്ബി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി നടപടിയെടുക്കുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോവുന്ന ഹിൽ ഹൈവേ**

101 (2407) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഹിൽ ഹൈവേയുടെ പടിക്കൽ വയൽ മുതൽ തലയാട് വരെയുള്ള 7.5 കി.മീറ്റർ വെയിറ്റേജിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രൊപ്പോസൽ കിഫ്ബിയിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ തലയാട് മുതൽ മലപ്പുറം കോടഞ്ചേരി വരെ 18 km-ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്നുള്ള പരിശോധനയിൽ മലയോര ഹൈവേയ്ക്ക് നിർണ്ണയിക്കപ്പെട്ട നിശ്ചിത വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ, നിലവിൽ തലയാട് (പടിക്കൽ വയൽ) മുതൽ 21/6 മൈൽ വരെ 9.99 km-ന് 12-2-2020-ൽ കിഫ്ബി 48.75 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കക്കയം ഡാം സൈറ്റിലേയ്ക്ക് പോവുന്ന പ്രധാന റോഡിന്റെ ഭാഗമായ പ്രസ്തുത ഹിൽ ഹൈവേയുടെ 7.5 കി. മീറ്റർ ഭാഗം അടിയന്തര പരിഗണന നൽകി അനുമതി നൽകാൻ തയ്യാറാകുമോ?

മലയോര ഹൈവേയുടെ ഭാഗമായി രണ്ട് പ്രൊജക്ടുകളാണ് നിലവിൽ ഈ ഭാഗത്തുള്ളത്. ഒന്ന് തലയാട് മുതൽ മലപ്പുറം കോടഞ്ചേരി വരെ 18 km-ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്നുള്ള പരിശോധനയിൽ മലയോര ഹൈവേയ്ക്ക് നിർണ്ണയിക്കപ്പെട്ട നിശ്ചിത വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ, നിലവിൽ തലയാട് (പടിക്കൽ വയൽ) മുതൽ 21/6 മൈൽ (മലപ്പുറം) വരെ 9.99 km-ന് 12-2-2020-ലാണ് 48.75 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളത്. മറ്റൊരു പദ്ധതി തൊട്ടിൽപ്പാലം മുതൽ തലയാട് വരെ ആണ് (28th മൈൽ to തലയാട്). ടി പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് (DPR) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും, ടി വിശദ പഠന റിപ്പോർട്ട് പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് 24-9-2021-ൽ പ്രസ്തുത SPV-ക്ക് നല്കിയിട്ടുള്ളതുമാകുന്നു. ടി സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ DPR, SPV സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

**ആംനസ്റ്റി സ്കീം പ്രകാരം നികുതികുടിശ്ശിക**

102 (2409) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ആംനസ്റ്റി സ്കീം പ്രകാരം എത്ര രൂപയുടെ നികുതികുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; എത്ര തുകയുടെ നികുതി കുടിശ്ശികയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശം നൽകുമോ?

2019-20 വർഷ കാലയളവിലെ ആംനസ്റ്റി സ്കീം പ്രകാരം 164.14 കോടി രൂപയും 2020-21 വർഷ കാലയളവിലെ ആംനസ്റ്റി സ്കീം പ്രകാരം 270.37 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 214 പ്രകാരം മൊത്ത നികുതി കുടിശ്ശിക 13000 കോടി രൂപയാണ്. 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 258 പ്രകാരം ഏകദേശം 9957 കോടി രൂപയുടെ നികുതി കുടിശ്ശികയിന്മേൽ 3000 കോടി രൂപ റവന്യൂ റിക്കവറി നടപടികൾ സാധ്യമല്ലായെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും മൊത്തം കുടിശ്ശികയുടെ 30% വിവിധതരം പിഴകളും പലിശയും ചേർന്നുള്ളതുമാണ്. പിഴയും പലിശയും ഒഴിവാക്കി ബാക്കി തുകയുടെ ഏറ്റവും കുറഞ്ഞത് 40% (തവണകളായി അടച്ചാൽ 50%, ഒറ്റത്തവണ അടച്ചാൽ 40%) ആണ് ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്നത്.

**പ്ലാസ്റ്റിക്കിന് ജി.എസ്.ടി.**

103 (2410) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉല്പന്നമായിരിക്കുമ്പോൾ ഒരിക്കൽ ജി.എസ്.ടി. ചുമത്തിയ പ്ലാസ്റ്റിക്കിന് അവ ഉപയോഗശൂന്യമാകുമ്പോൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് ഒരു നികുതി എന്ന മാനദണ്ഡത്തിന് അതീതമായി വീണ്ടും നികുതി ഏർപ്പെടുത്തി വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കോവിഡ് സാഹചര്യത്തിൽ ടി പ്ലാസ്റ്റിക്കിന് വർദ്ധിപ്പിച്ച ജി.എസ്.ടി. കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് പുതിയ പ്ലാസ്റ്റിക് ഉത്പന്നമുണ്ടാക്കുന്നതിനുള്ള ഇൻപുട്ട് ആയിട്ടാണ് ഉപയോഗിക്കുന്നത്. ആയതിനാൽ ഇൻപുട്ട് ടാക്സ് ചെയിൻ നിലനിർത്തുന്നതിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് നികുതി ആവശ്യമാണ്. രജിസ്ട്രേഷനുള്ള വ്യാപാരികൾ തമ്മിലുള്ള ഇത്തരം കൈമാറ്റങ്ങൾക്ക് വാങ്ങുന്നയാളിന് വില്പനക്കാരന് കൊടുത്ത നികുതി ഇൻപുട്ട് ടാക്സ് ആയി ലഭിക്കും. ജി.എസ്.ടി-യുടെ തുടക്കത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് 18% ആയിരുന്നു നികുതി നിരക്ക്. 2017 നവംബറിൽ ഇത് 5% ആയി കുറയ്ക്കുകയുണ്ടായി. എന്നാൽ ഇതുമൂലം പുതിയ പ്ലാസ്റ്റിക് ഉത്പന്നങ്ങളും സ്ക്രാപ്പ് എന്ന രീതിയിൽ കുറഞ്ഞ നികുതി നിരക്കിൽ വ്യാപാരം നടത്തുന്നതായി കാണപ്പെട്ടതിനെത്തുടർന്ന് ഫിറ്റ്മെന്റ് കമ്മിറ്റി നിർദ്ദേശിച്ചതുപ്രകാരമാണ് നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെയും പ്ലാസ്റ്റിക് സ്ക്രാപ്പ്-ന്റെയും നികുതി നിരക്ക് ഏകീകരിച്ച് 18 ശതമാനത്തിലേയ്ക്ക് ആക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്.

**ജി.എസ്.ടി. ചോർച്ച തടയാൻ നടപടി**

104 (2411) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണത്തിന് വളരെ കുറഞ്ഞനിരക്കിൽ മാത്രം നികുതി ചുമത്തിയിട്ടും പ്രസ്തുത വ്യാപാരമേഖലയിൽ നികുതി വെട്ടിപ്പ് വളരെ വ്യാപകമായത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി. എസ്. ടി. കൗൺസിലിൽ മുന്നോട്ട് വച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി. എസ്. ടി. കൗൺസിൽ ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. കൂടാതെ ഇ-ഇൻവോയ്സ്, ഇ-ഡെലിവറി ചലാൻ എന്നിവയും നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നുണ്ട്. ഇതിലൂടെ വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ കഴിയുമെന്ന് കരുതുന്നു. നികുതി വെട്ടിച്ചുള്ള സ്വർണക്കടത്തു തടയുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) തുച്ഛലാഭത്തിന്റെ പേരിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ വ്യാപക പ്രചരണം നടത്തുമോ; വ്യക്തമാക്കുമോ?

ജി.എസ്.ടി.യിൽ ബില്ല് വാങ്ങുന്നതിന്റെ ആവശ്യകതയെകുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നിരവധി പരിപാടികൾ സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടത്തിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ലഭിക്കുന്ന നികുതി വെട്ടിച്ചുള്ള ബില്ലുകൾ വകുപ്പിനെ അറിയിക്കുന്നതിനുള്ള സൗകര്യവും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) അമ്പതിനായിരം രൂപയിൽ കൂടുതലുള്ള എല്ലാ ചരക്കുകൾക്കും ഇ-വേ ബിൽ വേണമെന്നിരിക്കെ സ്വർണ്ണത്തിന് അത് ബാധകമാക്കാത്തത് നികുതിവെട്ടിച്ചുള്ള സ്വർണ്ണക്കടത്തിന് ഇടയാക്കുന്നതിനാൽ സ്വർണ്ണത്തിന് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിലും കേന്ദ്രസർക്കാരിനോടും ആവശ്യം ഉന്നയിക്കുമോ?

സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിൽ മുന്നോട്ട് വെച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ഡി) ജി.എസ്.ടി. ചോർച്ച തടയാൻ പൊതുവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ

അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതി ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ച് പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. റിട്ടേൺ സ്കൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ്പേയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കിവരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹനപരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ.ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക്പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി. എസ്. ടി. പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ വാഹന പരിശോധന ഫാറങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ രണ്ടുവ്യക്തികളെ സംസ്ഥാന ചരക്കുസേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.

## ട്രഷറി പേമെന്റ്

105 (2413) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചട്ടങ്ങളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് ട്രഷറികളിൽ പേമെന്റുകൾ നടക്കുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ ലംഘനം ചില ഘട്ടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആരോപണത്തിന്മേൽ വകുപ്പുതല അന്വേഷണമോ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണമോ നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ?

വകുപ്പുകളും സ്ഥാപനങ്ങളും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് സഞ്ചിതനിധിയിൽ നിന്നും/ട്രഷറി അക്കൗണ്ടുകളിൽനിന്നും അന്തിമ ഗുണഭോക്താവിനുതന്നെ ഫണ്ട് കൈമാറുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ട്രഷറികളിലും വകുപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിഭാഗവും ജില്ലാ പരിശോധനാ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഇതുസംബന്ധിച്ച പരിശോധനാ വിഭാഗത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ആരോപണത്തെ ശരിവയ്ക്കുംവിധം ഏതെങ്കിലും ട്രഷറികൾ പ്രവർത്തിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ചട്ട വിരുദ്ധമായി നടത്തിയ പേമെന്റുകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) നിർദ്ദേശങ്ങളും ചട്ടങ്ങളും മറികടന്നുകൊണ്ട് നടത്തിയ പേമെന്റുകളിൽ ധനകാര്യ വകുപ്പ്/പരിശോധനാ വിഭാഗം നൽകിയ നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട ട്രഷറികൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

(സി &ഡി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുവല്ല സബ് ട്രഷറി നിർമ്മാണത്തിന് ഭൂമി

106 (2414) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല സബ് ട്രഷറി നിർമ്മിക്കുന്നതിന് തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ചുള്ള കരാർ അംഗീകരിക്കുന്നതിനായി ട്രഷറി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

(എ&ബി)ഉണ്ട്. തിരുവല്ല സബ് ട്രഷറി നിർമ്മിക്കുന്നതിന് തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ചുള്ള പാട്ടക്കരാറിന്റെ കരട് ട്രഷറി വകുപ്പ് അംഗീകരിച്ച് തിരുവല്ല നഗരസഭാ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ കാഞ്ഞാണിയിൽ സബ് ട്രഷറി ഓഫീസിന് കെട്ടിടം

107 (2415) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണിയിൽ പ്രവർത്തിക്കുന്ന സബ് ട്രഷറി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കാരമുക്ക് വില്ലേജ് ഓഫീസിന് പിൻവശത്തുള്ള റവന്യൂ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

മണലൂർ സബ് ട്രഷറിയുടെ അസൗകര്യം കണക്കിലെടുത്ത് ട്രഷറി നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ട്രഷറിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാമെന്ന് മണലൂർ പഞ്ചായത്തിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറി വകുപ്പിന് മണലൂർ പഞ്ചായത്ത് കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് 2-7-2021-ൽ അർത്ഥന പത്രം സമർപ്പിച്ചിട്ടുണ്ട്.

## ശമ്പള കുടിശ്ശികയും ഇൻക്രിമെൻറും ലഭിക്കുന്നില്ലെന്ന പരാതി

108 (2416) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപിക സെമീറ കെ. എന്നയാളുടെ ശമ്പള കുടിശ്ശികയും ഇൻക്രിമെന്റും ലഭിക്കുന്നില്ലെന്ന പരാതിയിന്മേൽ എടുത്ത നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപിക സെമീറ കെ. എന്നയാളുടെ ശമ്പള കുടിശ്ശികയും ഇൻക്രിമെന്റും ലഭിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. 3-8-2021, 3-9-2021, 13-9-2021 എന്നീ തീയതികളിലായി നൽകിയ കത്തുകൾ പരിശോധിച്ച് തുടർനടപടികൾക്കായി 20-9-2021-ന് ട്രഷറി ഡയറക്ടർക്ക് ഒരു കത്തും പൊതുവിദ്യാഭ്യാസ വകുപ്പിന് 14-9-2021-ന് ഒരു അനൗദ്യോഗിക കുറിപ്പും നൽകിയിട്ടുണ്ട്.

(ബി) സെമീറ കെ. യുടെ വിഷയത്തിന് സമാനമായ ആവശ്യങ്ങളുള്ള അദ്ധ്യാപകരുടെ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ നിന്നും ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലിന്മേൽ നൽകിയ നിർദ്ദേശത്തിൽ അദ്ധ്യാപകരുടെ പേരിനൊപ്പം തുക കാണിച്ചിട്ടില്ലെന്ന കാരണം പറഞ്ഞ് ട്രഷറി ആഫീസർമാർ ബിൽ മടക്കിയ കാര്യം പരിശോധിക്കുമോ?

സെമീറ കെ.യുടെ വിഷയത്തിന് സമാനമായ ആവശ്യങ്ങളുള്ള അദ്ധ്യാപകരുടെ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 4-5-2021-ലെ H2/10365/2018/ഡി.ജി.ഇ. കത്തുപ്രകാരം ടി അദ്ധ്യാപകരുടെ ശമ്പളകുടിശ്ശിക പി.എഫ്.ൽ ലയിപ്പിക്കുന്നതിനുവേണ്ടി NON SPARK ബിൽ ആയി സ്വീകരിക്കാൻ നിർദേശിച്ചുകൊണ്ട് 30-6-2021-ലെ EDN-A3/171/2020 (1501036) നമ്പർ കത്ത് ധനകാര്യ ITSF വകുപ്പിൽ നിന്നും ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തും പട്ടികയും തുടർ നടപടി സ്വീകരിക്കുന്നതിനായി എല്ലാ ട്രഷറി ഓഫീസർമാർക്കും ട്രഷറി ഡയറക്ടറേറ്റിൽ നിന്നും 9-7-2021-ന് എൻഡോർസ് ചെയ്ത് നൽകിയിട്ടുണ്ട്. അതത് DDO-മാർ പ്രസ്തുത പട്ടികയിലുൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ ക്ലെയിമുകൾ മാറുന്നതിനുള്ള ബിൽ തയ്യാറാക്കി ട്രഷറികളിൽ സമർപ്പിക്കുന്നമുറയ്ക്ക് ക്രമപ്രകാരമുള്ള ബില്ലുകൾ പാസ്സാക്കി നൽകുന്നുണ്ട്.

(സി) സെമീറ കെ. യുടെ അപേക്ഷയിന്മേൽ ട്രഷറി ഡയറക്ടർ, മലപ്പുറം ജില്ലാ ട്രഷറി അധികൃതർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) സെമീറ കെ.യുടെ അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) മലപ്പുറം ജില്ലയിലെ വലിയാട് യു.എ.എച്ച്.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായ ശ്രീമതി സമീറ കെ.യുടെ ശമ്പളകുടിശ്ശിക മാറുന്നതിനുള്ള മാനുവൽ ബിൽ 30-9-2021-ന് ട്രഷറിയിൽ സമർപ്പിക്കുകയും 8-10-2021-ന് പ്രസ്തുത ബിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും പാസാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം ട്രഷറിയിൽ നിക്ഷേപിക്കൽ**

109 (2417) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

26-5-2011-ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുൻപ് ട്രഷറിയിലോ പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിലോ സഹകരണ ബാങ്കിലോ ദേശസാൽക്കൃത ബാങ്കിലോ ആണ് പ്രാദേശിക സർക്കാരുകൾ തനതു ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. ചില പ്രാദേശിക സർക്കാരുകൾ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഈ ആവശ്യത്തിനായി തുറന്നിരുന്നു. ഒന്നിലധികം സഹകരണ/ദേശസാൽക്കൃത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് 2011 -ലെ ടി സർക്കുലർ പുറപ്പെടുവിച്ചത്. തനതു ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കരുത് എന്ന നിർദ്ദേശമൊന്നും അന്ന് നൽകിയിരുന്നില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാൽക്കൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ

പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലോ ആണ് അവരുടെ തനത് ഫണ്ട് സൂക്ഷിക്കുന്നത്. എന്നാൽ, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ വികസനഫണ്ട്, സംരക്ഷണഫണ്ട്, പൊതുആവശ്യ ഫണ്ട് എന്നിവ ട്രഷറി വഴിയാണ് സഞ്ചിതനിധിയിൽനിന്നും മാറിയെടുക്കുന്നത്. അതായത്, പ്രാദേശിക സർക്കാരുകളുടെ പണമിടപാടുകളുടെ മുഖ്യ പങ്കും ഇതിനകം തന്നെ ട്രഷറി വഴിയാണ് നടത്തിവരുന്നത്. പൊതു ആവശ്യഫണ്ട് തനതു ഫണ്ടിന് തുല്യമായിട്ടാണ് കണക്കാക്കുന്നത്. ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രാദേശിക സർക്കാരുകളുടെ ടി.എസ്.ബി. അക്കൗണ്ടുകൾക്ക് വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ല. അതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകൾക്ക് അവരുടെ ആവശ്യാനുസരണം ടി അക്കൗണ്ടുകളിൽനിന്നും ഫണ്ടുകൾ പിൻവലിക്കാൻ കഴിയും. ഇതേ മാതൃകയിൽ തന്നെയാണ് തനതു ഫണ്ടുകളും ട്രഷറിയിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് പകരം സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നിക്ഷേപങ്ങൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ആയതിനാൽ അവരുടെ തനതു ഫണ്ടും സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും ഉചിതം. കൂടാതെ ചെലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഈ തീരുമാനം കൂടുതൽ അഭികാമ്യമായിരിക്കും. ഈ സാഹചര്യത്തിലാണ് പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് 1-4-2022 മുതൽ സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-9-2021-ന് 80/2021/ധന സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ നടപടി പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം കവർന്നെടുക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

(സി) ഇപ്രകാരം നിക്ഷേപിക്കുന്ന തുക ട്രഷറികളിൽനിന്നും പിൻവലിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രാദേശിക സർക്കാരുകളുടെ ടി.എസ്.ബി. അക്കൗണ്ടുകൾക്ക് വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ ബാധകമല്ലെന്ന് 18-9-2021-ന് പുറപ്പെടുവിച്ച 80/2021/ധന സർക്കുലറിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശിക സർക്കാരുകൾക്ക് അവരുടെ ആവശ്യാനുസരണം ടി അക്കൗണ്ടുകളിൽ നിന്നും ഫണ്ടുകൾ പിൻവലിക്കാൻ കഴിയുന്നതാണ് .

**ട്രഷറിയിലെ സ്ഥിര നിക്ഷേപം**

110 (2418) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ, ട്രഷറിയിലെ സ്ഥിര നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ തീരുമാനം എടുത്തതിനുശേഷം ട്രഷറിയിൽ സ്ഥിര നിക്ഷേപത്തിന് കുറവ് വന്നിട്ടുണ്ടോ?

സർക്കാരിന്റെ 10-9-2021-ലെ സ.ഉ.(പി) 125/2021/ധന നമ്പർ ഉത്തരവ് പ്രകാരം, ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ ഭാഗികമായ പിൻവലിക്കലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു സ്ഥിര നിക്ഷേപത്തിൽനിന്ന് ഭാഗികമായ പിൻവലിക്കലുകളുടെ എണ്ണം പരമാവധി രണ്ടെണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. രണ്ടു പിൻവലിക്കലുകൾക്കുശേഷവും അക്കൗണ്ടിൽ അൻപതിനായിരം രൂപയുടെ നീക്കിയിരിപ്പ് ഉണ്ടാകണമെന്നും, ഭാഗികമായ പിൻവലിക്കലുകൾ അൻപതിനായിരം രൂപയ്ക്കുമുകളിലുള്ള നിക്ഷേപങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. സ്ഥിരനിക്ഷേപത്തിൽനിന്നും പല തവണ ഭാഗികമായി പിൻവലിക്കലുകൾ നടത്തുമ്പോൾ പലിശ ക്രമീകരിക്കുന്നതിന് സാങ്കേതിക തടസ്സം നേരിട്ടതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്. ഭാഗികമായിട്ടുള്ള പിൻവലിക്കലുകൾക്ക് ഇപ്രകാരം ഒരു നിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷവും ട്രഷറി സ്ഥിരനിക്ഷേപത്തിൽ കുറവ് വന്നിട്ടില്ല.

(ബി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ട്രഷറിയിലേയ്ക്ക് സ്ഥിര നിക്ഷേപം ആകർഷിക്കുന്നതിനായി മുൻപ് ഉണ്ടായിരുന്ന 8.5 ശതമാനം പലിശ പുനസ്ഥാപിക്കുമോ; വിശദാംശം നൽകാമോ?

ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ട്രഷറിയിൽ സ്ഥിര നിക്ഷേപത്തിന് 24 മാസത്തേയ്ക്ക് 7.5 ശതമാനം പലിശ നിരക്ക് ഏർപ്പെടുത്തിയതിനുശേഷം സ്ഥിര നിക്ഷേപത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

ട്രഷറിയിൽ 24 മാസത്തിനുമുകളിലുള്ള നിക്ഷേപങ്ങൾക്കു ഗണ്യമായ കുറവ് വന്നിട്ടില്ല.

**ട്രഷറികളിൽ എ.ടി.എം. സൗകര്യം**

111 (2419) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**പാലക്കാട് ജില്ലയിലെ ലോട്ടറി ഏജൻസികൾ/തൊഴിലാളികൾ**

112 (2420) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലോട്ടറി വിതരണത്തിനായി ആകെ എത്ര ഏജൻസികളുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ നിലവിൽ 1376 രജിസ്റ്റേർഡ് ഏജൻസികൾ ഉണ്ട്.

(ബി) ലോട്ടറി വിതരണത്തിനായി പ്രസ്തുത ജില്ലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധിയിൽ അംഗങ്ങളായ 5394 തൊഴിലാളികൾ ജോലി ചെയ്യുന്നു.

(സി) കോവിഡ് കാലത്ത് ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനായി പാലക്കാട് ജില്ലയിൽ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

1. കോവിഡ് കാലത്ത് സാനിറ്റൈസർ, മാസ്ക് എന്നിവ വിതരണം ചെയ്തു.

2. സമർപ്പിക്കേണ്ട അപേക്ഷകൾക്ക് സമയ പരിധിയിൽ ഇളവ് നൽകി.

3. അംശദായത്തിന് പിഴപ്പലിശ ഒഴിവാക്കി.

4. ലോട്ടറി ടിക്കറ്റുകൾ എടുക്കുന്നതിലേയ്ക്ക് 1,74,68,500 രൂപയുടെ കൂപ്പണുകൾ വിതരണം ചെയ്തു.

5. 1,42,36,000 രൂപയുടെ കോവിഡ് ധന സഹായം അനുവദിച്ചു.

### കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറിയിൽ നിന്നുള്ള ലാഭം

113 (2421) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറി എന്നിവയിൽ നിന്നും മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ എത്ര തുകയാണ് ലാഭമായി ലഭിച്ചിട്ടുള്ളതെന്നും അതിൽ നിന്നും എത്ര തുക കാരുണ്യ ചികിത്സാ ചെലവിനത്തിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നും ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കാരുണ്യ ചികിത്സാ ചെലവിലേയ്ക്കായി 1117.37 കോടി രൂപ നൽകിയിട്ടുണ്ട്.

### മാവേലിക്കര മണ്ഡലത്തിൽ ഭാഗ്യക്കുറി വകുപ്പിന്റെ താലൂക്ക് ആഫീസ്

114 (2422) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ താലൂക്ക് ആഫീസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ ഭാഗ്യക്കുറി താലൂക്ക് ഓഫീസ് അനുവദിക്കുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

### നെന്മാറ നിയോജകമണ്ഡലത്തിലെ കെ. എസ്.എഫ്.ഇ. ലാപ്ടോപ്പ് വിതരണ പദ്ധതി

115 (2423) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയിൽ നെന്മാറ നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയായ കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയിൽ നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും 429 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര പേർക്കാണ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

മേൽ അപേക്ഷകരിൽ 94 പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി**

116 (2424) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി കുടുംബശ്രീ മുഖേന 2020-ൽ പ്രഖ്യാപിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതിയിൽ എത്രപേർ പണമടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതിയിൽ ഇതുവരെ 95297 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ലാപ്ടോപ്പിനായി ആവശ്യപ്പെട്ടവർ 68498 പേരാണ്. 29-7-2021 വരെ കൃത്യമായി മൂന്ന് തവണകൾ അടച്ച 61981 പേർക്ക് ലാപ്ടോപ്പിനായി പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ പങ്കാളികളായ കമ്പനികൾ ഏതെല്ലാമായിരുന്നു?

ഈ പദ്ധതിയിൽ HP, LENOVO, ACER, COCONICS എന്നീ കമ്പനികളാണ് പങ്കാളികളായിട്ടുള്ളത്.

(സി) ഈ കമ്പനികൾ ലാപ്ടോപ് വിതരണം ചെയ്യാതിരുന്നതിന്റെ കാരണങ്ങൾ തേടിയിട്ടുണ്ടോ?

ഉണ്ട്. കോവിഡ് 19 മഹാമാരിമൂലം ലാപ്ടോപ്പ് ഘടകങ്ങൾ ലഭ്യമാകാതിരുന്നതിനാലാണ് ലാപ്ടോപ്പ് വിതരണം ചെയ്യാതിരുന്നതിന്റെ കാരണമായി കമ്പനികൾ അറിയിച്ചിട്ടുള്ളത്.

(ഡി) വിതരണം ചെയ്യാത്ത കമ്പനികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ ഡോക്യുമെന്റ്, കരാർ പ്രകാരം സമയബന്ധിതമായി ലാപ്ടോപ്പ് സപ്ലൈ ചെയ്യാൻ സാധിക്കാതിരുന്ന കമ്പനികൾക്കെതിരെ കത്ത് നൽകുകയും പെനാൽറ്റി ഈടാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ പദ്ധതി പിന്നീട് പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയ സാഹചര്യത്തിൽ, 10-8-2021-ലെ സ.ഉ. (കൈ) നമ്പർ 44/2021/നിവ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പദ്ധതിയിൽ ഒരു പുനഃക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള ലാപ്ടോപ്പ്/ടാബ്‌ലറ്റ് പൊതുവിപണിയിൽനിന്നും വാങ്ങുന്നതിനുള്ള പ്രൊഫോർമ ഇൻവോയ്സ് അല്ലെങ്കിൽ വാങ്ങിയതിന്റെ ബില്ല് ബന്ധപ്പെട്ട ശാഖയിൽ ഹാജരാക്കിയാൽ 20,000 രൂപ വരെയുള്ള തുക വായ്പയായി നൽകുന്നതാണ്. മാത്രമല്ല ലാപ്ടോപ്പ് ലഭിക്കുന്നത് വരെ കാത്തിരിക്കാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് ആയതു സപ്ലൈ ചെയ്യുന്ന മുറയ്ക്ക് വാങ്ങാവുന്നതുമാണ്. കൂടാതെ ലാപ്ടോപ്പ് ആവശ്യമില്ലാതെ അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് തിരിച്ചു നൽകുന്നതുമാണ്.

(എഫ്) പദ്ധതിയിൽ ചേർന്ന മുഴുവൻ പേർക്കും ലാപ്ടോപ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

പദ്ധതിയിൽ ചേർന്നിട്ടുള്ള മുഴുവൻ പേർക്കും ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. ലാപ്ടോപ്പ് സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയതിനാലാണ് മുഴുവൻ പേർക്കും വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്.

(ജി) പദ്ധതിയിൽ ചേർന്നവർ കുടുംബശ്രീ മുഖേന ആയതുകൊണ്ട് പ്രത്യേക സാഹചര്യത്തിൽ കുടുംബശ്രീ ഫണ്ടുപയോഗിച്ച് ഇവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കുടുംബശ്രീ ഫണ്ടുപയോഗിച്ച് സഹായം നൽകുന്നതിലേയ്ക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല.

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

117 (2425) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ട് നാളിതുവരെ എത്ര രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ട് 7-10-2021-വരെ വരിക്കാരിൽനിന്ന് 387,99,39,082 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ടായിട്ടുണ്ട്. ഈ തുകയും ചിട്ടി സെക്യൂരിറ്റി നിക്ഷേപവും മറ്റ് നീക്കിയിരിപ്പുമുൾപ്പെടെ 509.35 കോടി രൂപ കിഫ്ബി ബോണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്; നിലവിൽ ചിട്ടിയിൽ ചേർന്നിട്ടുള്ള വിദേശത്ത്

താമസിക്കുന്ന പ്രവാസി മലയാളികളുടെയും ഇന്ത്യയിൽ കേരളത്തിന് പുറത്ത് താമസിക്കുന്ന പ്രവാസി മലയാളികളുടെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ?

ആകെ 115891 പേർ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതിൽ വിദേശത്ത് താമസിക്കുന്ന 105374 പ്രവാസി മലയാളികളും ഇന്ത്യയിൽ കേരളത്തിന് പുറത്തുതാമസിക്കുന്ന 10517 പ്രവാസി മലയാളികളുമുൾപ്പെടുന്നു.

**പരണിയത്ത് കെ.എസ്.എഫ്.ഇ. ബ്രാഞ്ച്**

118 (2426) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര തിരുപുറം പഞ്ചായത്തിലെ പരണിയത്ത് കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിന് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പരണിയത്ത് പ്രസ്തുത ബ്രാഞ്ച് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര തിരുപുറം പഞ്ചായത്തിലെ പരണിയത്ത് കെ.എസ്.എഫ്.ഇ. യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള ബിസിനസ്സ് പ്രായോഗികത വിലയിരുത്താൻ തിരുവനന്തപുരം മേഖലാ ഓഫീസിനെ ചുമതലപ്പെടുത്തിയിരുന്നതിൽ ഇപ്പോൾ അനുയോജ്യമല്ലെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്.

**മാവേലിക്കര -തഴക്കര പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്**

119 (2427) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള ബിസിനസ്സ് പ്രായോഗികത വിലയിരുത്തിയപ്പോൾ ഇപ്പോൾ അനുയോജ്യമല്ലെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. എങ്കിലും റീജിയണൽ തലത്തിൽ ഈ ശാഖയുടെ ബിസിനസ്സ് പ്രായോഗികത വിലയിരുത്തുന്നതിനും റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

120 (2428) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിന്റെ വാടക ഇനത്തിൽ എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ?

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ഓഫീസ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ആയതിന്റെ വാടക ഇനത്തിൽ 2,71,927 രൂപ പ്രതിമാസം ചെലവ് വരുന്നുണ്ട്.

(ബി) പ്രസ്തുത ശാഖകളിലെ പ്രവാസി ചിട്ടിയും മറ്റ് ഇടപാടുകളും പൂർണ്ണമായും ഓൺലൈനായി സജ്ജീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രതിദിനം ഏകദേശം എത്ര കസ്റ്റമേഴ്സ് വിവിധ ഇടപാടുകൾക്കായി ഇവിടം സന്ദർശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉണ്ട്. പൂർണ്ണമായും ഓൺലൈനായി പ്രവർത്തിക്കുന്നതിനാൽ ഇടപാടുകാർക്ക് ശാഖകളിൽ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല.

(സി) പ്രവാസി ചിട്ടിയുടെ കെ.എസ്.എഫ്.ഇ. ശാഖ മോടിപിടിപ്പിക്കുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; അലങ്കാരച്ചെടികൾക്കും ഇന്റീരിയർ പ്രവൃത്തികൾക്കുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

പ്രവാസി ചിട്ടിയുടെ കെ.എസ്.എഫ്.ഇ. ഓഫീസ് പ്രത്യേകമായി മോടിപിടിപ്പിച്ചിട്ടില്ല. അലങ്കാര ചെടികൾക്ക് 2,01,170 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) നിലവിൽ എത്ര പ്രവാസികളാണ് ചിട്ടികളിൽ ചേർന്നിട്ടുള്ളത്; കിഫ്ബിയിൽ ഇതിൽ നിന്നുള്ള നിക്ഷേപമെത്രയാണ്; ഈ കാലയളവിൽ പ്രതീക്ഷിച്ച നിക്ഷേപമെത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

48608 കസ്റ്റമേഴ്സ് ചിട്ടിയിൽ ചേർന്നിട്ടുണ്ട്. 509.35 കോടി രൂപ 7-10-2021 വരെ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രത്യേക നിക്ഷേപ ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടില്ല.

## സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ്

121 (2429) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പ്രായാധിക്യം കാരണം അവകാശികൾക്ക് മാറ്റിനൽകുന്നതിനുള്ള വ്യവസ്ഥ എന്താണ്?

പ്രായാധിക്യം കാരണം ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ വെണ്ടർ ലൈസൻസ് അവരുടെ അവകാശികൾക്ക് കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥയില്ല.

(ബി) സ്റ്റാമ്പ് വെണ്ടർ മരണപ്പെട്ടുപോയാൽ അവകാശിക്ക് ലൈസൻസ് മാറ്റി നൽകാറുണ്ടോ; അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താത്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു സ്ഥിരം സ്റ്റാമ്പ് വെണ്ടർ മരണപ്പെടുമ്പോൾ കേരള മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും നിയമം, 1960 ചട്ടം 51 പ്രകാരം അവകാശിക്കോ തീറുകാരനോ വെണ്ടറുടെ കൈവശം അവശേഷിക്കുന്ന മുദ്രയും മുദ്രപ്പത്രങ്ങളും വിൽപ്പന നടത്തുന്നതിന് ആറുമാസത്തേയ്ക്ക് സ്പെഷ്യൽ വെണ്ടർ ലൈസൻസ് അനുവദിച്ചു നൽകുന്നുണ്ട് ഒരു ലക്ഷം രൂപ വരെയുള്ള മുദ്രപ്പത്രങ്ങൾക്ക് കൂടി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതുവരെ, നിലവിലുള്ള സ്പെഷ്യൽ വെണ്ടർ ലൈസൻസുകളുടെ കാലാവധി ആറുമാസം വീതം പുതുക്കി നൽകുന്നുണ്ട്.

## മുദ്രപത്രത്തിന് പകരമായി ഇ-സ്റ്റാമ്പ്

122 (2430) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രത്തിന് പകരമായി സംസ്ഥാനത്ത് ഇ-സ്റ്റാമ്പ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. 7-4-2017-ലെ 690-ാം നമ്പർ ഗസറ്റിൽ S.R.O.No.182/2017 നമ്പരായി പ്രസിദ്ധീകരിച്ച 7-4-2017-ലെ G.O.(P) No.23/2017/TD പ്രകാരം, 1960-ലെ കേരള മുദ്രപത്ര ചട്ടങ്ങളിൽ 16(എ) എന്ന പുതിയ ചട്ടങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടാണ് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയത്. പ്രസ്തുത ഭേദഗതി ഉത്തരവുപ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയും ഒരു ലക്ഷം രൂപയ്ക്ക്

താഴെ മുദ്രവില വരുന്ന ഇടപാടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതാണെന്നും ഉത്തരവായിരുന്നു. 29-1-2021-ലെ G.O.(Rt) No.66/2021/Taxes പ്രകാരം രജിസ്റ്റർ ചെയ്യുന്നതും രജിസ്റ്റർ ചെയ്യാത്തതുമായ എല്ലാ വിലയുള്ള മുദ്രപ്പത്രങ്ങൾക്കും 1-2-2021 തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 29-1-2021-ലെ ഉത്തരവിലൂടെ നടപ്പിലാക്കിയ സൗകര്യം ഇനി ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നടപ്പിലാക്കേണ്ടതില്ലെന്ന് 13-2-2021-ലെ G.O.(Rt) No.120/2021/Taxes പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ, നിലവിൽ ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങളുടെ രജിസ്ട്രേഷനു മാത്രമാണ് ഇ-സ്റ്റാമ്പ് സൗകര്യം നിലവിലുള്ളത്.

(ബി) മഞ്ചേശ്വരം താലൂക്ക് ആസ്ഥാനം സ്ഥിതി ചെയ്യുന്ന ഉപ്പളയിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നില്ല.

## പെട്രോളിയം ഉല്പന്നങ്ങൾക്ക് ചുമത്തുന്ന നികുതികളും സെസ്സും സർചാർജ്ജും

123 (2431) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഇന്ധനവിലയിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതികളും സെസും സർചാർജ്ജും എത്രയാണെന്ന് വിശദമാക്കാമോ ?

പെട്രോൾ, ഡീസൽ ഇന്ധന വിൽപനവിലയിൽ കേന്ദ്ര നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ സംസ്ഥാന നികുതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(സി) പെട്രോളിയം ഉല്പന്നങ്ങളുടെ വിലകുറയ്ക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവുമായിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറയ്ക്കുകയാണുണ്ടായത്. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസ്സും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് വിലവർദ്ധനവിന് പ്രധാന കാരണം.

**അമരവിള ടോൾ ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റ്**

124 (2432) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിള ടോൾ ജംഗ്ഷനിൽ ടാക്സസ് വിഭാഗം സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് പ്രകാശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2017 ജൂലൈയിൽ ജി.എസ്.ടി. നിലവിൽ വന്നതു മുതൽ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനാൽ ടി ചെക്ക് പോസ്റ്റിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് പ്രകാശിപ്പിക്കേണ്ട ആവശ്യമില്ല.

(ബി) ഏത് വർഷമാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ; ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ടാക്സസ് വിഭാഗം ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

2010-ലാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 8,22,853 രൂപയാണ് ചെലവഴിച്ചത്.

**ജി.എസ്.ടി. - സംസ്ഥാന വിഹിതം**

125 (2433) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര രൂപയാണ് ജി.എസ്.ടി. ഇനത്തിൽ പിരിച്ചെടുക്കാനായത്; വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനം പിരിച്ചെടുത്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

2020-21 സാമ്പത്തിക വർഷം ജി.എസ്.ടി. പിരിച്ചത് (കോടി )

| | |
|---|---|
| എസ്. ജി.എസ്.ടി. | 8337.67 |
| സി . ജി.എസ്.ടി. | 5727.81 |
| ഐ. ജി.എസ്.ടി. | 3204.14 |
| സെസ്സ് | 78.69 |
| ആകെ തുക | 17348.31 |

**കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട ജി.എസ്.ടി.**

**നഷ്ടപരിഹാര തുക**

126 (2434) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുക എത്രയെന്നും നാളിതുവരെ ലഭ്യമായ തുക എത്രയെന്നും ഇനി ലഭ്യമാകേണ്ട തുക എത്രയെന്നും ആയത് സംസ്ഥാനത്തിന് ലഭ്യമാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

2017-18, 2018-19, 2019-20, 2020-21 & 2021-22 (സെപ്റ്റംബർ 21 വരെ) സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെയും നാളിതുവരെ ലഭ്യമായ തുകയുടെയും ബാക്കി

ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു*. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക യഥാസമയം ലഭ്യമായില്ല. 2019 ഡിസംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാര തുക 4-6-2020-നും 2020 മാർച്ചിലെ നഷ്ടപരിഹാര തുക 23-7-2020-നുമാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭിച്ചില്ല. 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചു. എന്നാൽ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽനിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇപ്രകാരം കടമെടുത്ത തുകയിൽനിന്ന് കേരളത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിമൂലം ജി.എസ്.ടി. സെസ്സ് ഫണ്ടിലുണ്ടായ കുറവ് എത്രയെന്നും ഇതുസംബന്ധിച്ച് ജി.എസ്.ടി. (സെസ്സ്) നഷ്ടപരിഹാരമായി സംസ്ഥാനത്തിനു ലഭ്യമാകേണ്ട തുക എത്രയെന്നും ലഭിച്ചത് എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ; ആയതു സംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിമൂലം ജി.എസ്.ടി. സെസ്സ് ഫണ്ടിലുണ്ടായ കുറവ് എത്രയെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. 2020-21 സാമ്പത്തിക വർഷം കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,144.85 കോടി രൂപയാണ്. കോമ്പൻസേഷൻ സെസ്സിൽ നിന്നുമാണ് ഈ തുക നൽകാനുള്ളത്. എന്നാൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സ് വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 41-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം കേന്ദ്രം പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5,766.00 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെസ്സ് ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം 4905.51 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സെപ്റ്റംബർ 21 വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 8032.06 കോടി രൂപയാണ്. ഇതിൽ Special Window Loan Fund-ൽ നിന്നും 4122.27 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും നഷ്ടപരിഹാര തുക ലഭിച്ചിട്ടില്ല.

**വീടുകളുടെ ആഡംബര നികുതി ഒറ്റത്തവണയാക്കൽ**

127 (2435) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തുള്ള സമയത്ത് വലിയ വീടുകൾ നിർമ്മിച്ച് പിന്നീട് ദരിദ്രരായി മാറുന്നവരുടെയും, ധനവാനായ പിതാവിന്റെ അനന്തരാവകാശികൾ ദരിദ്രരായിമാറുന്ന അവസ്ഥയിലും വർഷം തോറും വീടുകൾക്ക് ആഡംബര നികുതി അടയ്ക്കാൻ സാധിക്കാതെ പ്രയാസപ്പെടുന്നവരുടെ പ്രശ്നം പരിഹരിക്കുന്നതിനായി വാഹനങ്ങൾക്കുള്ളതുപോലെ ആഡംബര നികുതി ഒറ്റത്തവണയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ആഡംബര നികുതി അഞ്ചോ അതിലധികമോ വർഷത്തേയ്ക്ക് ഒരുമിച്ച് അടയ്ക്കാൻ വ്യവസ്ഥയുണ്ട്. അപ്രകാരം ഒരുമിച്ച് അടയ്ക്കുകയാണെങ്കിൽ 20 ശതമാനം റിബേറ്റും ലഭിക്കുന്നതാണ്.

**ജി.എസ്.ടി. സംസ്ഥാനത്തിനുണ്ടാക്കിയ വരുമാന നഷ്ടം**

128 (2436) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമുതൽ സംസ്ഥാനത്തിനുണ്ടായ വരുമാനനഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കിയുള്ള നികുതി വരുമാന ലക്ഷ്യം (protected revenue) കൈവരിക്കാൻ സാധിച്ചിട്ടില്ല. Protected revenue-ൽ നിന്നും, 2017-18-ൽ 2159.32 കോടി രൂപയും, 2018- 19-ൽ 3557.79 കോടി രൂപയും 2019-20-ൽ 8099.60 കോടി രൂപയും 2020-21-ൽ 2144.85 കോടി രൂപയും 2021-22 ആഗസ്റ്റ് 21 വരെ 7044.11 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്.

(ബി) പ്രസ്തുത വരുമാനനഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി, ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16- ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. ജി.എസ്.ടി. നടപ്പിലാക്കിയതുവഴി ഉണ്ടാകുന്ന നഷ്ടത്തിന് നൽകുന്ന നഷ്ടപരിഹാരത്തിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിക്കും. ഈ പ്രതിസന്ധി പരിഹരിക്കാനായി നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. 2017-18, 2018-19, 2019-20, 2020-21 & 2021-22 (Aug21) സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ജി.എസ്.ടി. ഏർപ്പെടുത്തിയതുമൂലം ജനങ്ങൾക്കുണ്ടായ ഗുണഫലങ്ങൾ എന്തൊക്കെയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജി.എസ്.ടി. നടപ്പിലാകുന്നതോടുകൂടി സംസ്ഥാനാന്തര വ്യാപാരത്തിൻമേലുള്ള നിയന്ത്രണങ്ങൾ നീക്കംചെയ്യപ്പെട്ടു. കേന്ദ്രവും സംസ്ഥാനങ്ങളും ചുമത്തിയിരുന്ന വ്യത്യസ്ത നികുതികളും സെസ്സുകളും എകീകരിക്കപ്പെട്ടു. രാജ്യം ഒരു ഏകീകൃത കമ്പോളമായി. നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതായി. അതുകൊണ്ട് ഓരോ ചരക്കിന്റെയും സേവനത്തിന്റെയും മേലുള്ള നികുതിഭാരത്തിൽ ഉണ്ടായ പ്രായോഗിക കുറവും, സംസ്ഥാനങ്ങൾക്കുണ്ടായ നേട്ട, കോട്ടങ്ങളും സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

**ചലച്ചിത്ര വിതരണമേഖലയിലുള്ള ജി.എസ്.ടി. നിരക്ക്**

129 (2437) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചലച്ചിത്ര വിതരണമേഖലയിൽ ജി.എസ്.ടി. നിരക്ക് എത്രയാണ്; ഏതെങ്കിലും തരത്തിലുള്ള വർദ്ധിപ്പിച്ച നിരക്ക് ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനമെന്താണെന്ന് വിശദാംശം ലഭ്യമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി)നിലവിൽ പ്രസ്തുത മേഖലയിൽ ഒടുക്കി വന്നിരുന്ന ജി.എസ്.ടി. നിരക്കിനേക്കാൾ വർദ്ധനവ് വരുത്തിക്കൊണ്ട് ഏതെങ്കിലും തരത്തിലുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് ആരാണ്; സംസ്ഥാന സർക്കാരിന് ഇതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചലച്ചിത്ര വിതരണം എന്ന സേവനത്തിന് 1-7-2017 മുതൽ 18% നികുതി ബാധകമാണ്. ടി നികുതി നാളിതുവരെ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ഐ.ടി. സോഫ്റ്റ്‌വെയറുകൾ ഒഴികെയുള്ള ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് 12% നികുതി ബാധകമായിരുന്നു. മേൽ നികുതികളുടെ വർദ്ധിപ്പിച്ച നിരക്ക് ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. സിനിമ വിതരണ മേഖലയിലെ നികുതി നിരക്ക് ഏകീകരിക്കുന്നതിനായി ചരക്ക സേവന നികുതി കൗൺസിലിന്റെ 45-ാമത് യോഗത്തിലെ ശിപാർശപ്രകാരം ഐ.പി. റൈറ്റുകളുടെ താൽക്കാലികമോ സ്ഥിരമോ ആയ കൈമാറ്റങ്ങൾക്ക് സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 727/2021 പ്രകാരം നികുതി നിരക്ക് 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ചരക്ക സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച് 31-8-2019-ലെ G.O.(Ms)No.112/2019/LSGD, 18-9-2020-ലെ G.O.(Ms)No.140/2020/LSGD നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം 100 രൂപ വരെയുള്ള ടിക്കറ്റുകൾക്ക് 5%-ഉം 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5%-ഉം വിനോദനികുതി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) കോവിഡുമൂലം കനത്ത പ്രതിസന്ധി നേരിടുന്ന സിനിമാമേഖലയ്ക്ക് ഇത്തരത്തിലുള്ള നിരക്കുവർദ്ധനവ് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ചലച്ചിത്ര വിതരണത്തിന് 18% നികുതി ബാധകമാണ്. വിതരണ മേഖലയിലേക്ക് ലഭ്യമാകുന്ന സേവനത്തിന് (ഇൻപുട്ട് സർവ്വീസ്) നികുതി വർദ്ധിക്കുന്ന സാഹചര്യത്തിലും ടി നികുതിക്ക് ഇൻപുട്ട് ലഭ്യമാകുന്നതിനാൽ ഫലത്തിൽ വിതരണമേഖലയിലെ സേവന നികുതികളുടെ ഏകീകരണം സിനിമ മേഖലയെ പ്രതികൂലമായി ബാധിക്കുന്നില്ല.

## മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട്

130 (2438) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന കമ്മീഷൻ ആണോയെന്ന് വ്യക്തമാക്കാമോ; മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനത്തിനായി വർഷംതോറും എത്ര തുകയാണ് ഗ്രാന്റായി നൽകുന്നത് അറിയിക്കുമോ?

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. അതത് വർഷം ഗ്രാന്റ്-ഇൻ-എയ്ഡ് തുക ബഡ്ജറ്റിൽ വകയിരുത്തിയാണ് കമ്മീഷന് അനുവദിക്കുന്നത്. 2021-2022 സാമ്പത്തിക വർഷത്തെ വിനിയോഗത്തിനായി 6,46,38,000 (ആറ് കോടി നാൽപ്പത്തിയാറു ലക്ഷത്തി മുപ്പത്തിയെട്ടായിരം) രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാറുണ്ടോ; എത്ര വർഷത്തെ റിപ്പോർട്ടാണ് സമർപ്പിക്കാനുള്ളത്; അവസാനമായി റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അഞ്ചുവർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കാനുണ്ട്. 2015-16-ലെ റിപ്പോർട്ട് 3-9-2021 -ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

## സർക്കാർ കേസ്സുകൾക്ക് പ്രത്യേക അഭിഭാഷകരെ നിയമിക്കുന്നത്

131 (2439) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനുവേണ്ടി കേസുകളുടെ നടത്തിപ്പിനായി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മുതൽപേർ നിയമിതരായിട്ടും പുറമെനിന്ന് പ്രത്യേക അഭിഭാഷകരെ നിയമിക്കുന്നത് സംസ്ഥാനത്തെ നിയമിതരായ അഭിഭാഷകരെ വിശ്വാസത്തിലെടുക്കാൻ സാധിക്കാത്തതുകൊണ്ടാണോ എന്ന് വിശദമാക്കുമോ?

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മജിസ്ട്രേറ്റ് കോടതികളിലാണ് കേസ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിൽ ഹാജരാവുന്നതിന് പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടില്ല. കേസുകളുടെ പ്രാധാന്യവും വിഷയത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ച് ഹൈക്കോടതിയിൽ പ്രത്യേക അഭിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്ന് സർക്കാരിന് ബോധ്യമാകുന്ന കേസ്സുകളിലാണ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരെ കേസ് നടത്തിപ്പിനായി നിയമിക്കുന്നത്.

(ബി) ഇത്തരം കേസ്സുകളിൽ സർക്കാർ അഭിഭാഷകരിൽനിന്നും പ്രത്യേക അഭിഭാഷകർക്കുള്ള ചെലവ് ഈടാക്കുന്നതിന് സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ?

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മജിസ്ട്രേറ്റ് കോടതികളിലാണ് കേസ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിൽ ഹാജരാവുന്നതിന് പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടില്ല. കേസ്സുകളുടെ പ്രാധാന്യവും വിഷയത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ച് ഹൈക്കോടതിയിൽ പ്രത്യേക അഭിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്ന് സർക്കാരിന് ബോധ്യമാകുന്ന കേസ്സുകളിലാണ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരെ കേസ് നടത്തിപ്പിനായി നിയമിക്കുന്നത്.

## സംസ്ഥാനത്തെ നോട്ടറി നിയമനങ്ങളിൽ സുതാര്യത ഇല്ല എന്ന ആക്ഷേപം

132 (2440) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോട്ടറി നിയമനങ്ങളിൽ സുതാര്യതയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. 1952-ലെ നോട്ടറീസ് ആക്റ്റിലും 1956-ലെ നോട്ടറീസ് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) നോട്ടറി നിയമനവുമായി ബന്ധപ്പെട്ട് നിയമവകുപ്പിൽ എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ?

166 അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളത്. 5 ഒഴിവുകൾ നിലവിൽ ഉണ്ട്.

(സി) നോട്ടറി നിയമനം സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

1952-ലെ നോട്ടറീസ് ആക്ടിന്റെയും (1952-ലെ 53-ാം കേന്ദ്ര ആക്ട്) 1956-ലെ നോട്ടറീസ് ചട്ടത്തിന്റെയും വ്യവസ്ഥകൾക്കനുസൃതമായാണ് നോട്ടറി നിയമനങ്ങൾ നടത്തിവരുന്നത്. ഇത് പൂർണ്ണമായും നിയമാനുസൃതമാണ്.

## പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

133 (2441) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകളിലടക്കം വിചാരണ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വീഴ്ചയുണ്ടാകുന്നതിൽ ഹൈക്കോടതി ഉൽകണ്ഠ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോക്സോ അടക്കമുള്ള പ്രോസിക്യൂട്ടർമാരുടെ നിയമനം സംബന്ധിച്ച് 2016 ജൂൺ മാസത്തിൽ കീഴ്ക്കോടതി വിധി പറഞ്ഞ പോക്സോ കേസ് പരാമർശിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി 23-9-2021-ലെ ഉത്തരവ് പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കോടതിയെ അറിയിക്കുന്നതിനായി സ്വമേധയാ ഒരു കേസെടുത്തിട്ടുണ്ട്. ഈ സർക്കാരിന്റെയോ മുൻ സർക്കാരിന്റെയോ കാലഘട്ടത്തിൽ നിയമിച്ച പോക്സോ പ്രോസിക്യൂട്ടറല്ല ആ കേസിൽ ഹാജരായിരുന്നത്.

(ബി) നിലവിൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുമ്പോൾ കഴിവിന് പകരം രാഷ്ട്രീയ താല്പര്യത്തിന് മുൻതൂക്കം നൽകുന്നതായി കോടതി പരാമർശം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) യഥാർഥ പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ രീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ കഴിവും പ്രാപ്തിയുമുള്ളവരെ പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി)ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും മറ്റ് കീഴ്ക്കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 9-8-2019-ലെ സ.ഉ.(കൈ) 68/2019/നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ്

കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്റ്റ് ഓഫ് കേസ്സസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the Post of Director of Prosecution (Administration), Deputy Director of Prosecution and Senior Assistant Public Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്.

**തോട്ടങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന നടപടി**

134 (2442) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടമുടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങൾ, പ്ലാന്റേഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സാധ്യത പരിശോധിക്കുന്നതാണ്.

**ബാംബൂ കോർപ്പറേഷന് കീഴിൽ നടക്കുന്ന അഴിമതിയും ധൂർത്തും**

135 (2443) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിൽ അഴിമതിയും ധൂർത്തും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-ൽ വന്ന ബോർഡ്, അഴിമതിക്കാരായ ചില ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ശിപാർശ ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി പത്തനംതിട്ടയിൽ 3 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ബോർഡിന്റെ അംഗീകാരത്തോടെ അവരെ സ്ഥലംമാറ്റുകയും സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരെ പിരിച്ചുവിടുകയും ഇതുമായി ബന്ധപ്പെട്ട് കേസ്സുകൾ കോടതിയുടെ പരിഗണനയിലുമാണ്.

(ബി) പ്രസ്തുത കോർപ്പറേഷനിൽ കഴിഞ്ഞ മൂന്നുവർഷത്തിനിടെ 33.59 കോടി രൂപയുടെ നഷ്ടവും അഴിമതിയും അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18, 2018-19, 2019-20 കാലഘട്ടങ്ങളിൽ കോർപ്പറേഷന് മൊത്തമായി 33.59 കോടി രൂപ നഷ്ടം അക്കൗണ്ടന്റ് ജനറൽ (പ്രൊവിഷണൽ) നിരീക്ഷിച്ച് കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് എ.ജി.ക്ക് നൽകേണ്ട വിശദീകരണം ബോർഡിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടക്കുന്നുണ്ടോയെന്നും പരിശോധന എന്ന് പൂർത്തിയാകുമെന്നും ആരെയാണ് പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**സിപ്കോയുടെ നവീകരണം**

136 (2444) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നടുവണ്ണൂർ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സിപ്കോ) നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ?

കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 23 ലക്ഷം രൂപയും 20 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇരുന്നൂറോളം സ്ത്രീകൾക്ക് ജോലി നൽകിക്കൊണ്ടിരിക്കുന്ന സിപ്കോ ടെക്സ്റ്റൈൽസിന്റെ കടബാധ്യത പരിഹരിക്കുന്നതിനും ആധുനികയന്ത്രങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട് ജില്ലാ ബാങ്കിൽ നിന്നുമെടുത്ത വായ്പ കുടിശ്ശികയുടെ തിരിച്ചടവിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുമായി സംഘത്തിന്റെ പേരിലുള്ള രണ്ട് ഏക്കർ സ്ഥലം വിൽപന നടത്തുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, പ്രസ്തുത ബാങ്ക് വായ്പയുടെ പലിശ പരമാവധി കുറച്ചുനൽകണമെന്നും കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലേയ്ക്ക് സർക്കാർ ഷെയറായി തുക അനുവദിക്കണമെന്നുമുള്ള വിഷയത്തിൽ, അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

## വ്യവസായ വകുപ്പിന് കീഴിലെ പനം ചക്കര സൊസൈറ്റികൾ

137 (2445) ശ്രീ. കെ. ബാബു (നെന്മാറ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ എത്ര പനംചക്കര സൊസൈറ്റികൾ പ്രവർത്തിച്ചിട്ടുണ്ടായിരുന്നു; വിശദമാക്കുമോ?

2 എണ്ണം. (1)എലവഞ്ചേരി പനംചക്കര ഉല്പാദക സഹകരണ സംഘം ലി.മി.നം. എഫ്.1332, എലവഞ്ചേരി (2) പല്ലശ്ശന പനംചക്കര ഉല്പാദക സഹകരണ സംഘം ലി.മി.നം.1322, പല്ലശ്ശന.

(ബി) എത്ര സെന്റ് സ്ഥലമാണ് ഓരോ സൊസൈറ്റിയുടെയും പേരിലുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ സ്ഥലം സംരക്ഷിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കണ്ടെത്തിയിട്ടുണ്ട്. (1) ചിറ്റൂർ താലൂക്ക്, എലവഞ്ചേരി വില്ലേജ് R.S.No.43A11-ൽ 31/2 സെൻറ് അതിർത്തി തിരിച്ച് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. (2) ചിറ്റൂർ താലൂക്ക്, പല്ലശ്ശന വില്ലേജിൽ ബ്ലോക്ക് 4-ൽ R.S.No.174/14-ൽ 91/2 സെന്റും R.S.No.175/15-ൽ 71/2 സെന്റും ചേർത്ത് 17 സെന്റ് അതിർത്തി തിരിച്ചുവച്ചിട്ടുണ്ട്.

## ആറാലുംമൂട് കെ.എ.എൽ.-ൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

138 (2446) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാലുംമൂട് കെ.എ.എൽ.-ൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഇന്ത്യയിൽ തന്നെ ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മിച്ച് പുറത്തിറക്കിയ ആദ്യ പൊതുമേഖലാസ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. നിലവിൽ ടി സ്ഥാപനത്തിന്റെ പ്രധാന ഉൽപ്പന്നം ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷയാണ്. ഇതിനുപുറമേ ഇലക്ട്രിക് കാർഗോ വാഹനത്തിന്റെയും ഇലക്ട്രിക് റിക്ഷയുടെയും നിർമ്മാണം ആരംഭിക്കുന്നതിനായുള്ള സർട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലുള്ള ഇ-ഓട്ടോയ്ക്ക് പുറമെ മറ്റൊരു പുതിയ മോഡൽ മുച്ചക്ര വാഹനം പുറത്തിറക്കാനും കമ്പനി ലക്ഷ്യമിടുന്നുണ്ട്. ഇലക്ട്രിക് ഓട്ടോയുടെ അസ്സംബ്ലിംഗിനായി കമ്പനിയുടെ പുതിയ ഒരു യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു ജോയിന്റ് വെൻച്വർ

കമ്പനി രൂപീകരിച്ച് ഇലക്ട്രിക് ടൂ വീലർ നിർമ്മാണം ആരംഭിക്കാനുള്ള പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഓരോ പദ്ധതിക്കും എത്ര കോടി രൂപ വീതമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിക് ഓട്ടോ, ഇ - റിക്ഷാ, ഇ - സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ നവീകരണത്തിനുമായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോയുടെ അസംബ്ലിംഗിനായി കമ്പനിയുടെ നേതൃത്വത്തിൽ ഒരു പുതിയ ഫാക്ടറി കണ്ണൂരിൽ ആരംഭിക്കാനുള്ള 350 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ പ്രവർത്തന മൂലധനത്തിനുള്ള സർക്കാർ വായ്പയായി നൽകുമെന്നും ബാക്കി തുക കമ്പനി കണ്ടെത്തണമെന്നുമുള്ള വ്യവസ്ഥയോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കൂടാതെ ഇലക്ട്രിക് ടൂ വീലർ നിർമ്മിക്കുന്നതിന് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് തനതായ സാങ്കേതിക വിദ്യ ഇല്ലാത്തതിനാൽ ഇത്തരം സാങ്കേതികവിദ്യയുള്ള കമ്പനികളുമായി ചേർന്ന് ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ച് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കാനുള്ള പദ്ധതിയും സർക്കാർ പരിഗണിച്ചു വരികയാണ്.

## കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സമഗ്ര വികസനവും വൈവിധ്യവത്കരണവും

139 (2447) <u>ശ്രീ. എം. വിജിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പിൽ സ്ഥിതി ചെയ്യുന്ന പ്രധാന പൊതുമേഖല സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനിയുടെ സമഗ്ര വികസനവും വൈവിധ്യവത്കരണവും ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ മങ്ങാട്ട്പറമ്പിൽ സ്ഥിതി ചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സ്ഥാപിതലക്ഷ്യം വെർട്ടിക്കൽ ശ്രേണിയിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയെന്നതാണ്. ഇപ്പോൾ കമ്പനിയുടെ പ്രധാന ഉല്പന്നം വിവിധ തരത്തിലുള്ള കപ്പാസിറ്ററുകളാണ്. നിലവിൽ കപ്പാസിറ്റർ നിർമ്മാണത്തിൽ ഇന്ത്യയിലെ തന്നെ മുൻനിര സ്ഥാപനമാണ് കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്. കമ്പനിയുടെ

സമഗ്ര വികസനവും വൈവിധ്യവത്ക്കരണവും ലക്ഷ്യമിട്ട് നടത്താനുദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

2021 - 2023 കാലഘട്ടത്തിൽ നടപ്പിലാക്കുന്ന SHORT - TERM PLAN

1) 18 കോടി രൂപ മുതൽ മുടക്കിൽ ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2) 6 കോടി രൂപ മുതൽമുടക്കിൽ പുതിയ MPP Rectangular Capacitor ഉൽപ്പാദനകേന്ദ്രവും പുതിയ KVAR കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

2023 - 2025 കാലഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന MID - TERM PLAN

1) 20 കോടി രൂപ മുതൽ മുടക്കി Li - ion Phosphate Battery ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്ന പ്രോജക്ട്.

2) 10 കോടി രൂപ മുതൽ മുടക്കിൽ MPP കപ്പാസിറ്ററിന്റെ പുതിയ BOPP Film Metallization Plant സ്ഥാപിക്കുന്ന പദ്ധതി.

2025 - 2030 കാലഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന LONG - TERM PLAN

1) 24 കോടി രൂപ മുതൽ മുടക്കിൽ സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ രണ്ടാം ഘട്ടം.

2) SMD കോംപ്ലക്സ് (സർഫേസ് മൗണ്ട് കംപോണന്റ്സ്) ഉൽപ്പാദനകേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതി.

3) Active Electronics Components (Diode, Thyristor, Power Ics, Active Sensors (I o T), Opto electronics components) എന്നിവയുടെ ഉൽപ്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി.

**വ്യവസായ വകുപ്പ് ഉദ്യോഗസ്ഥമേഖലാ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി**

140 (2448) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥ, അഴിമതി, മറ്റ് വീഴ്ചകൾ എന്നിവ കാലാകാലങ്ങളായി സംഭവിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ വ്യവസായികൾ, വ്യവസായം തുടങ്ങാനായി എത്തിയവർ എന്നിവരിൽ നിന്നും ഈ സർക്കാരിന് ലഭിച്ചുവെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവരുന്നെന്നും വ്യക്തമാക്കുമോ?

(എ&ബി) ഒറ്റപ്പെട്ട ചില പരാതികളൊഴികെ വ്യാപകമായ പരാതികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആലുവ താലൂക്ക് കീഴ്മാട് പഞ്ചായത്ത് എളവള്ളിയിൽ വാസുദേവൻ സമർപ്പിച്ച ഒരു പരാതി നിലവിലുണ്ട്. പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ അന്വേഷണ ഉദ്യോഗസ്ഥനായി വ്യവസായ വാണിജ്യ ഡയറക്ടർ നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അതത് ഓഫീസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ 'വ്യവസായ ജാലകം' വഴി ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികളും, CMO Portal, Meet the Minister പോലുള്ള പരാതി പരിഹാര വേദികളിൽ വരുന്ന ഇതുമായി ബന്ധപ്പെട്ട പരാതികളും പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിച്ച് സമയബന്ധിതമായി തീർപ്പുകല്പിച്ചുവരുന്നു.

(സി) വ്യവസായ മേഖലയെ തകർക്കുന്നതും സർക്കാരിന് പേരുദോഷം വരുത്തുന്നതുമായി പ്രസ്തുത ഉദ്യോഗസ്ഥമേഖലാ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സമയബന്ധിതമായി നടപ്പാക്കാനും ഈ സർക്കാർ സ്വീകരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ വീഴ്ചകൾ നിയന്ത്രിക്കാനും സർക്കാർ പെരുമാറ്റ ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കുറ്റക്കാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി ശിക്ഷാനടപടികൾ സമയബന്ധിതമായി നടപ്പാക്കാനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംരംഭകർക്ക് ഉദ്യോഗസ്ഥ തലത്തിൽ നിന്നുമുണ്ടാകുന്ന തടസ്സങ്ങളും സേവനത്തെ

പറ്റിയുള്ള പരാതികളും പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ പദ്ധതികളുടെ ആവിഷ്കരണം**

141 (2449) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രോണിക്സ് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനമല്ല. അതിനാൽ അത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

**ട്രാവൻകൂർ റയോൺസ് സ്ഥലത്ത് സ്റ്റേഡിയം**

142 (2450) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പെരുമ്പാവൂരിൽ സ്ഥിതിചെയ്യുന്ന ട്രാവൻകൂർ റയോൺസിന്റെ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ. നൽകിയ പ്രോപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പെരുമ്പാവൂരിൽ സ്ഥിതി ചെയ്യുന്ന ട്രാവൻകൂർ റയോൺസിൽ നിന്നും കിൻഫ്രയ്ക്ക് കൈമാറിയ 30 ഏക്കർ

(ഒന്നാംഘട്ടം) സ്ഥലം വ്യാവസായികാവശ്യങ്ങൾക്കായിട്ടാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ ടി സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയം പരിഗണനയിലില്ല .

**കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ കൈടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകൾ**

143 (2451) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ 2003-ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ വെട്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകളെ സംബന്ധിച്ച് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കെൽട്രോണിന്റെ സബ്സിഡിയറി കമ്പനികളായിരുന്ന കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങൾ 2005-2006 കാലയളവുമുതൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ കീഴിലുള്ള ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമാണ്. ടി കമ്പനികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും കമ്പനികളുടെ തൃശ്ശൂരിലുള്ള വസ്തുവകകൾ കെൽട്രോണിന് ലഭിക്കുന്നതിനായും 100 മെഗാവാട്ട് സോളാർ പാനൽ നിർമ്മാണത്തിനായുള്ള ഒരു പ്രോജക്ട് കെൽട്രോൺ ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയാണെങ്കിൽ ലിക്വിഡേഷനിലുള്ള കമ്പനിയുടെ വസ്തുവകകൾ റിവൈവ് ചെയ്യുകയോ അവ കെൽട്രോണിൽ ലയിപ്പിച്ച് മേൽസൂചിപ്പിച്ച പ്രോജക്ട് ടി സ്ഥലത്ത് പ്രാവർത്തികമാക്കുവാനോ സാധിക്കുന്നതാണ്.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ**

144 (2452) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപരിപാലനത്തിനാവശ്യമുള്ള വസ്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആരോഗ്യപരിപാലനത്തിന് ആവശ്യമായ വസ്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 'കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്' കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഇതുവരെ 30 ലക്ഷം ലിറ്റർ സാനിറ്റൈസറും 2020-21-ൽ 11.08 കോടി രൂപയുടെ കോവിഡ് പ്രതിരോധ മരുന്നുകളും വിതരണം ചെയ്തിട്ടുണ്ട്. കെ.എം.എസ്.സി.-എൽ. മുഖേന സർക്കാർ ആശുപത്രികളിലേയ്ക്ക് മാസ്ക്, ഗ്ലൗസ്, വ്യക്തിശുചിത്വ ഉപകരണങ്ങൾ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 23 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കോവിഡ് പരിശോധന നടത്തുന്നതിന് സ്വാബ് കളക്ഷൻ ബൂത്തും നിർമ്മിച്ചുനല്കിയിട്ടുണ്ട്. കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന കോവിഡ് അനുബന്ധ രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ആന്റിബയോട്ടിക് ഇൻജക്ഷനുകൾ ഉൾപ്പെടെ 54 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ റ്റി.റ്റി.പി.എൽ., റ്റി.സി.സി., കേരള സോപ്പ്, കെ.സി.സി.പി.എൽ., ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നീ പൊതുമേഖലാവ്യവസായ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട സാനിറ്റൈസർ, മാസ്ക്, ഹാൻഡ് വാഷ് എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് (കെ.എം.എം.എൽ)-ൽ പുതിയതായി സ്ഥാപിച്ച 70 TPD ഓക്സിജൻ പ്ലാന്റിൽനിന്നും ആരോഗ്യമേഖലയ്ക്കായി 7 TPD ലിക്വിഡ് ഓക്സിജൻ നൽകി വരുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ, ഹാൻവീവ്, ഹാൻടെക്സ് എന്നീ സ്ഥാപനങ്ങൾ മാസ്കുകൾ, ഹോസ്പിറ്റൽ ബെഡ്ഷീറ്റുകൾ മുതലായവ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. കെൽട്രോൺ UV ബാഗേജ് ഡിസ്ഇൻഫെക്ടറുകൾ, തെർമൽ പ്രോബ്, മൾട്ടി തെർമൽ സ്കാനർ, ഓട്ടോമാറ്റിക്ക് സാനിറ്റൈസർ ഡിസ്പെൻസർ എന്നിവ ഓർഡറുകളനുസരിച്ച് നിർമ്മിച്ചുനൽകുന്നുണ്ട്. കൂടാതെ 500 പൾസ് ഓക്സീമീറ്ററുകളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. മെഡിക്കൽ ഓക്സിജൻ കോൺസൺട്രേറ്റർ നിർമ്മാണം പൂർത്തിയാക്കി പരിശോധനാഘട്ടത്തിലാണ്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ഐ.സി.യു. ബെഡ്ഡുകൾ, ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവ മെഡിക്കൽ കോളേജുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായും ആരോഗ്യ വകുപ്പുമായും കൂടിയാലോചിച്ച് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കോവിഡ് പ്രതിരോധത്തിനായി കുടുംബശ്രീ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന അണുനശീകാരിയും പരിസ്ഥിതി സൗഹൃദ ഉല്പന്നവുമായ ഹൈഡ്രജൻ പെറോക്സൈഡ് കോവിഡ് പ്രതിരോധത്തിന് സഹായകരമായ ഉല്പന്നമാണ്. ഈ ഉൽപ്പന്നം കുടുംബശ്രീ വഴി വിൽപ്പന നടത്തുന്നതിന് കമ്പനി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഭെൽ-ഇ.എം.എൽ. കമ്പനിയുടെ പ്രവർത്തനം**

145 (2453) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ-ഇ.എം.എൽ. കമ്പനി പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ അവിടെ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

കേരള സർക്കാർ ഏറ്റെടുത്ത ശേഷം കമ്പനിയുടെ ഭാവി മുന്നിൽ കണ്ട് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള നടപടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1) കമ്പനിയുടെ നിലവിലുള്ള യന്ത്ര സാമഗ്രികൾ പുനരുദ്ധരിക്കുന്നതോടൊപ്പം വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾ കൂടി ഉൾപ്പെടുത്തി കമ്പനി നവീകരിക്കുക.

2) ആൾട്ടർനേറ്ററുകളുടേയും ഡീസൽ ജനറേറ്ററുകളുടേയും ഉല്പാദനത്തിന് പുറമേ ട്രാക്ഷൻ മോട്ടോർ കൺട്രോളേഴ്സ്, പ്രതിരോധ മേഖലയ്ക്കാവശ്യമായ ആൽട്ടർനേറ്റേഴ്സ് വൈദ്യുതിമേഖലയ്ക്കാവശ്യമായ സ്ട്രീറ്റ് ലൈറ്റ് കൺട്രോളേഴ്സ് തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ കൂടുതൽ വിപണി സാധ്യത കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) നിലവിൽ എത്ര തൊഴിലാളികളാണുള്ളതെന്നും പ്രസ്തുത തൊഴിലാളികൾക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

നിലവിൽ 139 ജീവനക്കാരുണ്ട്. 34 മാസത്തെ ശമ്പള കുടിശ്ശിക ബിൽ നൽകാനുണ്ടായിരുന്നു.

(സി) പ്രസ്തുത ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യത്തിൽ എന്തു തീരുമാനമാണ് എടുത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) ശമ്പള കുടിശ്ശികയായി എത്ര രൂപയാണ് കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സ്ഥാപനം കഴിഞ്ഞ ഒന്നര വർഷമായി പ്രവർത്തനരഹിതമാണ്. സംസ്ഥാന സർക്കാർ ഏറ്റെടുത്തതിന ശേഷം ശമ്പള കുടിശ്ശികയും മറ്റാനുകൂല്യങ്ങളും എത്രമാത്രം നൽകാൻ കഴിയുമെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഇ) പിരിഞ്ഞുപോയ എത്ര തൊഴിലാളികൾക്ക് എത്ര തുക കൊടുക്കാൻ ബാക്കിയുണ്ടെന്നും അവ കൊടുക്കാനുള്ള സംവിധാനം ഉണ്ടാകുമോയെന്നും വ്യക്തമാക്കാമോ?

പിരിഞ്ഞുപോയ 20 ജീവനക്കാർക്ക് നൽകുവാനുള്ള ആനുകൂല്യങ്ങൾ ബിൽ നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്ന് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(എഫ്) കമ്പനി പുതിയ രീതിയിൽ പ്രവൃത്തിക്കുമ്പോൾ നിലവിലുള്ള തൊഴിലാളികളെയെല്ലാം വീണ്ടും ഉൾക്കൊള്ളുമോ എന്ന് അറിയിക്കാമോ?

കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്ന മുറയ്ക്ക് നിലവിലുള്ള ജീവനക്കാരെ പുതിയ കമ്പനിയിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച വ്യവസ്ഥകൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലെ ശമ്പള പരിഷ്കരണ നടപടികൾ

146 (2454) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ (കെ.എസ്.ഐ.ഇ.) ശമ്പളപരിഷ്കരണം വൈകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

18-6-2020-ലെ സ.ഉ.(അച്ചടി)നമ്പർ 17/2020/വ്യ.വ. പ്രകാരം കെ.എസ്.ഐ.ഇ.-യുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുകയും തുടർന്ന് കമ്പനി സമർപ്പിച്ച ശമ്പള പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലുമാണ്.

(ബി) ശമ്പള പരിഷ്കരണനടപടികളിൽനിന്നും കെ.എസ്.ഐ.ഇ.-ക്ക് കീഴിലെ കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ സ്ഥിരം ജീവനക്കാരെ ഒഴിവാക്കാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കെ.എസ്.ഐ.ഇ.-യുടെ എല്ലാ യൂണിറ്റുകളിലെയും സ്ഥിരം ജീവനക്കാരെ കൂടി

ഉൾപ്പെടുത്തി ശമ്പളപരിഷ്കരണം നടത്തുവാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ;

(സി) കേരള സോപ്പ്, സി.ഐ.സി.എഫ്.എസ്. എന്നീ യൂണിറ്റുകളിലെ ജീവനക്കാരെ കെ.എസ്.ഐ.ഇ.-യിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പ്രമോഷൻ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഇവരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പ്രൊമോഷൻ നിഷേധിക്കുന്നതെന്ന് പരിശോധിക്കുമോ;

(ഡി) പ്രസ്തുത യൂണിറ്റുകളിലെ ജീവനക്കാർക്കും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുണ്ടാക്കി അർഹരായ എല്ലാ ജീവനക്കാരെയും അതിൽ ഉൾപ്പെടുത്തി പ്രമോഷൻ നൽകാൻ കെ.എസ്.ഐ.ഇ. അധികൃതർക്ക് സർക്കാർ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി-ഡി) കെ.എസ്.ഐ.ഇ.-യുടെ യൂണിറ്റുകളായ കേരള സോപ്പ്, കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിൽ 2013, 2014, 2015 വർഷങ്ങളിലാണ് റിയാബ് വഴി സ്ഥിര നിയമനം നടന്നത്. കെ.എസ്.ഐ.ഇ.-യുടെ മറ്റ് യൂണിറ്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ കേരള സോപ്പിലെയും കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനിലെയും ഭൂരിഭാഗം തസ്തികകളിലും സർക്കാർ നിർദ്ദേശപ്രകാരമുള്ള ശമ്പള പരിഷ്കരണം, പ്രൊമോഷൻ പോളിസി എന്നിവ സംബന്ധിച്ച പ്രൊപ്പോസലിൽ റിയാബിന്റെ ശിപാർശ ലഭ്യമാക്കുവാനാവശ്യപ്പെട്ടിരിക്കുകയാണ്.

**ഇലക്ട്രിക് ഓട്ടോയുടെ സ്പെയർപാർട്സുകൾ വാങ്ങിയതിലെ അഴിമതി**

147 (2455) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും നാളിതുവരെ എത്ര ഇലക്ട്രിക് ഓട്ടോകൾ നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

352 പാസഞ്ചർ ഇലക്ട്രിക് ഓട്ടോകൾ നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറങ്ങിയിട്ടുണ്ട്.

(ബി) ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിൽ നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണത്തിൽ നിലവിൽ സാങ്കേതികമായി യാതൊരു പ്രതിസന്ധിയും നിലനിൽക്കുന്നില്ല.

(സി) ഇലക്ട്രിക് ഓട്ടോയുടെ സ്പെയർപാർട്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കമ്പനിതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെതിരെ പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന പ്രധാന സ്പെയർ പാർട്സുകളെല്ലാം സർക്കാരിന്റെ ഇ-ടെൻഡർ സംവിധാനം വഴി ടെൻഡർ വിളിച്ച് കമ്പനിയിലെ ടെക്നിക്കൽ/പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയോടുകൂടിയാണ് വാങ്ങുന്നത്. കൂടാതെ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായി വരുന്ന വളരെ വിലകൂടിയ ഉപകരണങ്ങളും മറ്റും ബ്രഹ്മോസ് എയ്റോസ്പേസ്, എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ ഉപദേശപ്രകാരമാണ് വാങ്ങിയിട്ടുള്ളത്. പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിച്ച് റിയാബ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ നവീകരണം**

148 (2456) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ നവീകരണത്തിനായി 2016-17 മുതൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2 കോടി രൂപ വകയിരുത്തി എൽ.ഇ.ഡി. തെരുവ് വിളക്ക് നിർമ്മാണ പദ്ധതിയും 2 കോടി രൂപ വകയിരുത്തി സ്മാർട്ട് എനർജി മീറ്റർ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, 2019-20 സാമ്പത്തിക വർഷത്തിൽ 3.40 കോടി രൂപ വകയിരുത്തി സ്മാർട്ട് വാട്ടർ മീറ്റർ, സ്മാർട്ട് എനർജി മീറ്റർ പദ്ധതികളും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സ്മാർട്ട് എനർജി മീറ്റർ, സ്മാർട്ട് വാട്ടർ മീറ്റർ എന്നിവയുടെ പുതിയ ടെസ്റ്റ് ബെഞ്ചുകൾ സ്ഥാപിക്കുകയും ജീവനക്കാർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡിനും സംസ്ഥാനത്തിന് പുറത്തുള്ള വിവിധ വൈദ്യുതി ബോർഡുകൾക്കും ജലവകുപ്പിനും ആവശ്യമായ മീറ്ററുകൾ നൽകുന്നതിനും സാധ്യമായിട്ടുണ്ട്.

(ബി) നവീകരണാനന്തരം നിലവിൽ കമ്പനി ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, കമ്പനി ഏറ്റെടുക്കുന്ന മറ്റ് പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമുള്ള എൽ.ഇ.ഡി. തെരുവ് വിളക്കുകൾ, മിനി മാസ്റ്റ്, ഹൈ മാസ്റ്റ് വിളക്കുകൾ, ജലവകുപ്പിനാവശ്യമുള്ള വാട്ടർ മീറ്ററുകൾ, ഇന്ത്യയുടെ തനതു ഉപഗ്രഹ ഗതി നിർണ്ണയ സംവിധാനമായ ഇന്ത്യൻ റീജിയണൽ നാവിഗേഷൻ സാറ്റലേറ്റ് സിസ്റ്റം (IRNSS) ഉപയോഗിച്ചുള്ള വെഹിക്കിൾ ലൊക്കേഷൻ ആൻഡ് ട്രാക്കിംഗ് ഡിവൈസ് (VLTD) എന്നിവയാണ് കമ്പനിയിൽ നിലവിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ.

(സി) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് സർക്കാർ പ്രസ്തുത സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ)നമ്പർ 2330/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് ആവശ്യമായ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ ടെൻഡർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 4-7-2019-ലെ ജി.ഒ.(പി)നമ്പർ 77/2019/ധന ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സംബന്ധമായ പൊതുമരാമത്ത് ജോലികൾ ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസികളുടെ പട്ടികയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

### വ്യവസായവൽക്കരണം ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ

149 (2457) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസ്തുത മേഖലയിൽ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

നിക്ഷേപ സൗഹൃദ അന്തരീക്ഷം ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ (ESG) ഒന്നാം ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ മാറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള നയരൂപീകരണവും സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും

നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമനിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും ബുദ്ധിമുട്ട് ലഘൂകരിക്കാനും കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും

കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്. വ്യവസായ സംരംഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നൂതനമായ പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തി വരുന്നു. ടി പരിപാടിയിലൂടെ ഇതുവരെ വിവിധ സംരംഭങ്ങൾക്കായുള്ള 2350 കോടി രൂപയുടെ പദ്ധതികൾ സംബന്ധിച്ച് ധാരണയായിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി എത്ര തുകയുടെ നിക്ഷേപം ഈ സർക്കാർ കാലയളവിൽ ലഭ്യമായി എന്നും ഈ സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന സർക്കാർ നിക്ഷേപമുൾപ്പെടെ മറ്റിതര നിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ നടപ്പിലാക്കി വരുന്ന പ്രോത്സാഹന പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം MSME മേഖലയിൽ ഇതുവരെ 4299 യൂണിറ്റുകളിൽ നിന്നായി 507.83 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 16,000 MSME യൂണിറ്റുകൾ ആരംഭിക്കുക വഴി 1,600 കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്നത്. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ FACT-യിൽനിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഏകദേശം 300 കോടി രൂപയുടെ പദ്ധതികളാണ് കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് സയൻസ് പാർക്കിലെ വികസനം പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിലെ 29.05 ഏക്കർ സ്ഥലം 8 വ്യവസായ സംരംഭകർക്കായി 310 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതികൾക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. സംരംഭങ്ങളെല്ലാം വികസന പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലൂടെ സർക്കാർ ലൈഫ് സയൻസ് പാർക്ക്, മെഡ്സ്പാർക്ക് തുടങ്ങിയ പദ്ധതികൾക്കായി 24 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി)"കേരള ബ്രാൻഡ്" നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കാനുമായുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ഇതു വഴി എത്ര പേർക്കു തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(സി&ഡി) കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അതുവഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, 3-12-2018-ലെ G.O.(Rt)No.1329/2018/ID പ്രകാരം രൂപീകരിച്ച വാണിജ്യ മിഷൻ 1-9-2021-ലെ G.O.(Rt) No.935/2021/ID ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംരംഭ മേഖലയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതകളും ഇതുവഴി സൃഷ്ടിക്കാൻ കഴിയുന്നു. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ,

ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നല്കുക. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്ത് നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകൾക്ക് ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോത്സാഹനം നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി.-യുടേയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണലൈസ് എക്സ്പോർട്ടർ അവാർഡ്, റീട്ടൈൽ സംരംഭങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗം വൈദഗ്ധ്യവും സാങ്കേതിക വിദ്യയും സ്റ്റാൻഡഡൈസേഷനും അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോത്സാഹന നയരൂപീകരണം.

**വ്യവസായ സംരംഭകർക്കായി സഞ്ചിത നിധി രൂപീകരിക്കാൻ നടപടി**

150 (2458) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ സംരംഭകർക്ക് അധിക മൂലധനമോ പ്രവർത്തന മൂലധനമോ ബാങ്കുകളിൽ നിന്നും വായ്പയായി ലഭിക്കുന്നതിന് ദുഷ്കരമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ സംരംഭകർക്കായി സഞ്ചിത നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ സംരംഭകർക്കായി സഞ്ചിത നിധി രൂപീകരിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് തീരുമാനിച്ചിട്ടില്ല. എന്നാൽ

കോവിഡ് സാഹചര്യത്തിൽ വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് സർക്കാർ 'വ്യവസായ ഭദ്രത പാക്കേജ്' വഴി പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് 'കോവിഡ്-19 സമാശ്വാസ പദ്ധതി' യും നടപ്പിലാക്കി വരുന്നുണ്ട്.

### അസ്സെൻഡ് 2020-ലെ പദ്ധതി നിർദ്ദേശങ്ങളും നടപ്പിലാക്കലും

151 (2459) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനായി നടപ്പാക്കിയ അസ്സെൻഡ് 2020 വ്യവസായ സംഗമത്തിൽ വന്ന പദ്ധതി നിർദ്ദേശങ്ങളിൽ എത്ര എണ്ണം പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇനിയും പ്രാവർത്തികമാക്കാനുള്ളവയുടെ വിശദാംശങ്ങളും നൽകുമോ?

അസ്സെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണാപത്രം /താൽപര്യപത്രം ഒപ്പ് വച്ച പദ്ധതികളിൽ, 22 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 98 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. 31 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല .

(ബി) പദ്ധതി നിർദ്ദേശങ്ങളെല്ലാം പ്രാവർത്തികമാക്കാൻ സാധിക്കും എന്നു വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

അസ്സെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പ് വച്ച പദ്ധതികൾ പ്രവർത്തനക്ഷമമാകുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി പദ്ധതി നിർവ്വഹണത്തിൽ നിന്നും ചില പ്രൊമോട്ടർമാരെ പിന്തിരിപ്പിക്കാൻ കാരണമായിട്ടുണ്ട്. താൽപര്യപത്രം ഒപ്പുവച്ചിട്ടും നിലവിൽ പദ്ധതി ആരംഭിക്കാത്ത പ്രൊമോട്ടർമാരുമായി സർക്കാർ ചർച്ച നടത്തി അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### കേരള സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നടപടി

152 (2460) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമനിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ , 2019-ലെ ‘ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ‘ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)’ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്.

(ബി) ചെറുകിട വ്യവസായ രംഗത്ത് കൂടുതൽ സംരംഭക യൂണിറ്റുകൾ വാർഡുതലത്തിൽ ആരംഭിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനെ നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽനിന്നും സംരംഭകരെ കണ്ടെത്തുന്നതിൽ പഞ്ചായത്ത് മെമ്പർമാർക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. ഈയൊരു ലക്ഷ്യത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വ്യവസായ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടി നടത്തിവരുന്നു. ഇതുവഴി കണ്ടെത്തുന്ന സംരംഭകർക്ക് സംരംഭകത്വബോധവത്കരണ സെമിനാറുകൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നല്കുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ

a. Revival and rehabilitation scheme for defunct MSMEs and cashew processing units

b.The Kerala stressed MSMEs Revival & Rehabilitation Scheme

5. കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത (Scheme for Interest Subvention on Term Loan and working capital loan)

6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

7.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി.

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).

9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

(സി) സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരുന്നതിനായി ഈ മേഖല കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരുന്നതിനായി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ് വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനുമുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്)/I.T,Software/ Service ബിസിനസ് സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവൽക്കരണത്തിനോ വേണ്ടി കെ.എസ്.ഐ.ഡി.സി. ഒരു ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വന്നിരുന്നു. സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതികളിൽ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ

വരെ ധനസഹായം നൽകി വരുന്നുണ്ട്. ഇതിൽ വനിതകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി അധികമായി 10% സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന സ്ഥിര മൂലധന വായ്പയ്ക്ക് വാർഷിക പലിശയിൽ പലിശ സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. ഇതിൽ വനിതകൾക്ക് 2% അധിക സബ്സിഡി ഉൾപ്പെടെ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും വനിതകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്കാണ് പദ്ധതി വഴി സഹായം ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും സ്ത്രീകൾ ഉൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയായ PMEGP- യിൽ സ്ഥിരമൂലധനത്തിനും പ്രവർത്തന മൂലധനത്തിനും 15 % മുതൽ 35 % വരെ നഗര, ഗ്രാമ, കാറ്റഗറി അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. ടി പദ്ധതിയിൽ വനിതകളെ പ്രത്യേക കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതകൾക്ക് ഗ്രാമ പ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും ജനറൽ കാറ്റഗറിയെ അപേക്ഷിച്ച് 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ജനറൽ കാറ്റഗറിയിൽ നഗര പ്രദേശത്ത് പരമാവധി 3.75 ലക്ഷം രൂപയും ഗ്രാമപ്രദേശത്ത് പരമാവധി 6.25 ലക്ഷം രൂപയും സ്പെഷ്യൽ കാറ്റഗറിക്ക് പരമാവധി 8.75 ലക്ഷം രൂപയുമാണ് സബ്സിഡി.

**മലപ്പുറം ജില്ലയിലെ വ്യവസായ കേന്ദ്രത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി**

153 (2461) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാണക്കാട് വ്യവസായ വളർച്ചാകേന്ദ്രത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ഇതുവരെ 60 വ്യവസായ സ്ഥാപനങ്ങൾക്കും 5 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൂമി നല്കിയിട്ടുണ്ട്. നിലവിൽ 40 വ്യവസായ സ്ഥാപനങ്ങളും 3 വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ഇൻകെലിന്റെ ഉടമസ്ഥതയിലുള്ള പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഇൻകെലിന്റെ മാനദണ്ഡങ്ങൾക്കുവിധേയമായി പുതിയ പദ്ധതികൾക്ക് അനുമതി നല്കുന്നുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുണ്ടോ; എങ്കിൽ അത് മറ്റ് സംരംഭങ്ങൾക്കായോ അല്ലെങ്കിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് പുതിയ പ്രോജക്ടുകൾക്കായോ വിട്ടുനൽകാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന ഭൂമി തുടർന്നും നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ദീർഘകാല പാട്ടത്തിന് നല്കുന്നതാണ്.

## കോട്ടയം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം

154 (2462) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ 2 മേജർ വ്യവസായ എസ്റ്റേറ്റുകളും അയർകുന്നം, നാട്ടകം, പാമ്പാടി എന്നീ 3 മിനി വ്യവസായ എസ്റ്റേറ്റുകളും തിരുവാർപ്പ് വ്യവസായ പാർക്കും നിലവിലുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറിനു കീഴിൽ പൂവൻതുരുത്ത്, അതിരമ്പുഴ, വൈക്കം എന്നീ 3 വ്യവസായ വികസന പ്ലോട്ടുകളും നിലവിലുണ്ട്.

(ബി) ഇവയിൽ എത്ര വ്യവസായ യൂണിറ്റുകളാണ് പ്രവർത്തനം ഇല്ലാതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ 3 യൂണിറ്റുകൾ പ്രവർത്തനമില്ലാതെ കിടക്കുന്നു.

(സി) പ്രവർത്തിക്കാതെ കിടക്കുന്ന വ്യവസായ യൂണിറ്റുകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

നാട്ടകം മിനി വ്യവസായ എസ്റ്റേറ്റിലെ പ്രവർത്തിക്കാതെ കിടക്കുന്ന 2 യൂണിറ്റുകൾ തിരിച്ചെടുത്ത് സ്റ്റീൽ ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുന്നതിനായി മറ്റൊരു സംരംഭകന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാമ്പാടി മിനി വ്യവസായ എസ്റ്റേറ്റിലെ ഒരു യൂണിറ്റ് കോടതി അറ്റാച്ച് ചെയ്തിട്ടുള്ളതാണ്. കേസ് തീർപ്പാകുന്ന മുറയ്ക്കേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

### വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിന് പദ്ധതി

155 (2463) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിനായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിനായി നിലവിൽ ഏതൊക്കെ പ്രൊപ്പോസലുകളുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ പദ്ധതികൾ പരിഗണനയിലില്ല.

### പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

156 (2464) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക്

അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് എസ്റ്റേറ്റിലേക്കുള്ള പ്രവേശന പാതയുടെ വീതി കൂട്ടേണ്ടതുണ്ട്. ഇതിലേയ്ക്കായി, 9.73 ആർ സ്ഥലം L.A. ACT 2013 പ്രകാരം ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹിക പ്രത്യാഘാത പഠനം നടത്തി സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരികയാണ്. തുടർന്ന് പ്രസ്തുത റോഡിന്റെ വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുന്ന മുറയ്ക്ക് എസ്റ്റേറ്റിലെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### തിരുവമ്പാടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ

157 (2465) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികളെ ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ ഭൂമി ഏറ്റെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) ആരംഭിച്ചിരുന്നു. പക്ഷേ പ്രസ്തുത പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

### വനിതാ സംരംഭകത്വം

158 (2466) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ?

കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും

അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി. ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്)/I.T, Software/Service ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവത്ക്കരണത്തിനോ വേണ്ടി കെ.എസ്.ഐ.ഡി.സി. ഒരു ഹ്രസ്വകാല വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) വനിതാ സംരംഭങ്ങൾക്കായി വ്യവസായ വകുപ്പ് നൽകിവരുന്ന സഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ സഹായ പദ്ധതികളിൽ സ്ത്രീകൾക്ക് പ്രത്യേക പ്രാധാന്യം നൽകി വരുന്നുണ്ട്.

1. വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ വനിതകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി അധികമായി 10 % സബ്സിഡി നൽകി വരുന്നുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന സ്ഥിര മൂലധന വായ്പയ്ക്ക് വാർഷിക പലിശയിൽ പലിശ സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. ഇതിൽ വനിതകൾക്ക് 2% അധിക സബ്സിഡി ഉൾപ്പെടെ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും വനിതകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്കാണ് പദ്ധതി വഴി സഹായം ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും സ്ത്രീകൾ ഉൾപ്പെടുന്ന മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

4. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയായ PMEGP-യിൽ സ്ഥിര മൂലധനത്തിനും പ്രവർത്തന മൂലധനത്തിനും 15 % മുതൽ 35 % വരെ നഗര, ഗ്രാമ, കാറ്റഗറി അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. ടി പദ്ധതിയിൽ വനിതകളെ പ്രത്യേക കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതകൾക്ക് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ജനറൽ കാറ്റഗറിയെ അപേക്ഷിച്ച് 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ജനറൽ കാറ്റഗറിയിൽ നഗര പ്രദേശത്ത് പരമാവധി 3.75 ലക്ഷം രൂപയും ഗ്രാമ പ്രദേശത്ത് പരമാവധി 6.25 ലക്ഷം രൂപയും സ്പെഷ്യൽ കാറ്റഗറിക്ക് പരമാവധി 8.75 ലക്ഷം രൂപയുമാണ് സബ്സിഡി.

5. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം സെൽഫ് ഹെൽപ് ഗ്രൂപ്പ് അംഗങ്ങൾക്ക് കുടുംബശ്രീ മുഖേന 40,000 രൂപ സീഡ് ക്യാപ്പിറ്റൽ സഹായവും നൽകി വരുന്നുണ്ട്. കൂടാതെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് SEGP-എന്റെ ഗ്രാമം വായ്പാ പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിന്റെ 50% വനിതാ സംരംഭകർക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്റെ ഗ്രാമം പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് ഏതു വിഭാഗത്തിൽപ്പെട്ടവർക്കായാലും പദ്ധതി തുകയുടെ 30% വും SC/ST വിഭാഗത്തിനാണെങ്കിൽ 40%വും സബ്സിഡി നൽകുന്നുണ്ട്.

**പ്രവാസികളെ സംരംഭകരാക്കാൻ കർമ്മപദ്ധതി**

159 (2467) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെ സംരംഭകരാക്കി മാറ്റുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡുമൂലം സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്ക് തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. നിലവിൽ നടത്തി വരുന്ന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ G.O.(MS) No.103/2020/ID ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് പ്രത്യേക പരിഗണന വിഭാഗത്തിൽ പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നു. കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് മടങ്ങി വരുന്ന പ്രവാസികൾക്കായി പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതിയായ പ്രവാസി ഭദ്രതാ മെഗാ പദ്ധതിയും നിലവിലുണ്ട്. കൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി ഒരു സമ്പൂർണ്ണ വിവരശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.industry.kerala.gov.in-ൽ വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. പ്രവാസികൾക്ക് അതുവഴി നേരിട്ട് അടിസ്ഥാന വിവരങ്ങളോടൊപ്പം അവർക്ക് താല്പര്യമുള്ള മേഖലയും അതു സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്താവുന്നതാണ്. പോർട്ടലിലെ വിവരങ്ങൾ അവരുടെ ഭാവി പദ്ധതികൾക്ക് ഉപയോഗിക്കാം. സംരംഭകരാകാൻ താൽപര്യമുള്ളവർക്ക് ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ വ്യവസായ വികസന ഓഫീസർമാർവഴി സംരംഭത്തിന്റെ പദ്ധതി രൂപ രേഖ മുതൽ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി സംരംഭം തുടങ്ങുന്നതുവരെ ടി ഉദ്യോഗസ്ഥർ സഹായം നൽകിവരുന്നു. നൈപുണ്യം നേടിയ മേഖലയിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന പ്രവാസികളെ വകുപ്പിന്റെ സ്കിൽഡ് എന്റർപ്രെണർ സെന്റർ പദ്ധതി വഴിയോ മറ്റ് വ്യവസായ സംരംഭകരുമായി ബന്ധപ്പെടുത്തിയോ സഹായിക്കുന്നുണ്ട് .

(ബി) കെ.എസ്.ഐ.ഡി.സി. മുഖേന പ്രവാസി സംരംഭകർക്കായുള്ള വായ്പാ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യും നോർക്കയും മടങ്ങിവരുന്ന പ്രവാസികൾക്കായി ആരംഭിച്ച പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതിയായ പ്രവാസി ഭദ്രതാ മെഗാ പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംരംഭകർക്ക് വിവിധ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ WWW.kerala.gov.in,www.industry.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ വിവരങ്ങൾ ലഭ്യമാണ്. പുതിയതും പഴയതുമായ വ്യവസായ സംരംഭങ്ങൾക്ക് വിവിധ അനുമതി ലഭ്യമാക്കുന്നതിനായി K-SWIFT ഏകജാലക ഓൺലൈൻ സംവിധാനം എൻ.ഐ.സി. മുഖാന്തരം കേരള വ്യവസായ വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. ഈ സംവിധാനത്തിൽ അപേക്ഷ സമർപ്പിച്ച് 30 നാളുകൾക്കകം എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഏകജാലക ബോർഡിന്റെ കൽപിത അനുമതി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ 2019-ലെ കേരള സൂഷ്മ-ചെറുകിട -ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമ പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നു വർഷംവരെ ചില ലൈസൻസുകൾ എടുക്കാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യവസായം തുടങ്ങാവുന്നതാണ്. K-SWIFT ഏക ജാലക സംവിധാനം വഴി മേൽ പരാമർശിത സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് MSME Acknoweldgement Certificate ലഭ്യമാകുന്നതുമാണ്.

**കെൽട്രോൺ മുഖേന വെന്റിലേറ്റർ നിർമ്മാണം**

160 (2468) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ മുഖേന വ്യാവസായിക അടിസ്ഥാനത്തിൽ വെന്റിലേറ്റർ നിർമ്മിച്ച് വിതരണം ചെയ്യുവാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

കെൽട്രോൺ മുഖേന വ്യാവസായികാടിസ്ഥാനത്തിൽ വെന്റിലേറ്റർ നിർമ്മിച്ച് വിതരണം ചെയ്യുവാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം ലഭിക്കുന്നതിനായി കെൽട്രോണും DEBEL/DRDO ബാംഗ്ലൂർ ഓഫീസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രം പ്രകാരം DEBEL-ന്റെ സാങ്കേതിക സഹായത്തോടുകൂടി പ്രവർത്തന മാതൃകയിലുള്ള ഒരു വെന്റിലേറ്റർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അതിനാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്ന പ്രവർത്തനവും, DEBEL-ന്റെ മേൽനോട്ടത്തിൽ വെന്റിലേറ്ററിന്റെ ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ഡിസൈൻ ചെയ്യുന്ന പ്രവർത്തനവും പുരോഗമിക്കുന്നു. വെന്റിലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കിയ ശേഷം അതിന്റെ പ്രവർത്തന മോഡൽ DEBEL അംഗീകരിക്കുന്ന മുറയ്ക്ക് യഥാർത്ഥ മോഡൽ

തയ്യാറാക്കി ക്ലിനിക്കൽ ട്രയൽസിന് സമർപ്പിക്കുവാനാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്. ക്ലിനിക്കൽ ട്രയൽസ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ അംഗീകൃത ഏജൻസികളുടെ സഹായത്തോടെ വെന്റിലേറ്റർ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതായിരിക്കും. കോവിഡ് മഹാമാരി കാരണം ആഗോളവിപണിയിലുണ്ടായ ഇലക്ട്രോണിക്സ് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നത്. ഇവയെല്ലാം തരണം ചെയ്ത് ഈ സാമ്പത്തിക വർഷം തന്നെ വെന്റിലേറ്റർ വിപണിയിലെത്തിക്കുവാനാണ് കെൽട്രോൺ പരിശ്രമിക്കുന്നത്.

## നവ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ നൽകിവരുന്ന ആനുകൂല്യങ്ങൾ

161 (2469) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിൽ സെപ്റ്റംബർ മാസത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

7-9-2021-ൽ തൃശ്ശൂർ ജില്ലയിൽ നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയോടനുബന്ധിച്ച് ജില്ലയിലെ എം.എൽ.എ.-മാരുമായി ബഹു:വ്യവസായ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നു.

1. ജില്ലയിലെ എം.എൽ.എ.-മാർ വ്യവസായ പുരോഗതിക്കായി ഉന്നയിച്ച വിവിധ ആവശ്യങ്ങൾ സംയുക്ത പരിശ്രമ ഫലമായി നടപ്പിലാക്കുന്നതിന് പരിശോധിച്ചു നടപടി എടുക്കുവാൻ ശ്രമിക്കും

2. പുഴക്കലിലെ ഭൂമിയുടെ തരം മാറ്റം സംബന്ധിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ കിൻഫ്രയ്ക്ക് നിർദ്ദേശം നല്കി. ടി പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഉന്നതതല യോഗം നടത്തി പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുന്നതിന്റെ സദ്ധ്യത പരിശോധിക്കും

3. അത്താണിയിലെ സിൽക്കിന്റെ (SILK) ഭൂമി വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. ജില്ലയിൽ ഒഴിവുള്ള ഭൂമിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയശേഷം വ്യവസായ വികസനത്തിന് ഉപയോഗിക്കുന്ന വിഷയത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. 4. എം.എസ്.എം.ഇ. മേഖലയിൽ ജില്ലയിൽ പൊതുവെ നല്ല പ്രകടനമാണ് കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ കാഴ്ചവച്ചിട്ടുള്ളതെന്നും ആയതിനാൽ ജില്ലയിൽ നല്ല എം.എസ്.എം.ഇ. സാദ്ധ്യതകൾ ഉണ്ടെന്നും

സംയുക്തമായ പ്രവർത്തനത്തിലൂടെ ജില്ലയെ പുരോഗതിയിലേയ്ക്കു നയിക്കാൻ കഴിയുമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി .

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മിനി വ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ നവ സംരംഭകരെ കണ്ടെത്തുന്നതിനായി വ്യവസായ വകുപ്പ് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭങ്ങൾക്ക് വിനിയോഗിക്കുന്നതിനായി PPP മോഡൽ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും യഥാക്രമം 50:50 എന്ന matching grant basis-ൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ടി ഭൂമി വ്യാവസായിക ആവശ്യങ്ങൾക്ക് സജ്ജമാക്കുന്നതിലേയ്ക്കായി 4-3-17-ലെ G.O.(Rt)314/2017/I.D. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട് . കൂടാതെ ടി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ സ്ഥലത്തു ഒരു Standard Design Factory സ്ഥാപിക്കുന്നതിനായി 9-5-18-ലെ G.O.(Rt)530/2018/I.D. നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയ്ക്കു ഭരണാനുമതി നല്കിയിട്ടുണ്ട്.

(സി) നവ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വകുപ്പ് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

നവ സംരംഭകരിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപെടാത്ത സൂക്ഷ്മ ചെറുകിട

ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ നവസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

സംരംഭക സഹായ പദ്ധതി (ESS): വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 % മുതൽ 45 % വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി: 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു.

ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി: സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്കാണ് പദ്ധതി വഴി സഹായം ലഭ്യമാകുന്നത്. പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി: കരകൗശല മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 40-50 % വരെ സബ്സിഡി നൽകുന്ന പദ്ധതിയാണ് ASHA. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP): വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന ഒരു കേന്ദ്ര സർക്കാർ തൊഴിൽ സംരഭക സഹായ പദ്ധതിയാണ് PMEGP. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പാധിഷ്ഠിത പദ്ധതിയായ PMEGP വഴി 15% മുതൽ 35% വരെ നഗര, ഗ്രാമ, കാറ്റഗറി അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്നു.

സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി: സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി പ്രകാരം സൂക്ഷ്മ മേഖലയിലാരംഭിക്കുന്ന ഭക്ഷ്യ സംസ്കരണ പദ്ധതികൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ സഹായം നൽകുന്നു. സിഡ്കോയുടെ കീഴിലെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ യൂണിറ്റുകൾ `ആരംഭിക്കുന്നതിന് ഷെഡ് അല്ലെങ്കിൽ ഭൂമി ലഭ്യതയ്ക്ക് വിധേയമായി ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സൗജന്യ നിരക്കിൽ വ്യവസായികൾക്ക് ഭൂമി നല്കുന്നു. ഭൂരിഭാഗം എസ്റ്റേറ്റുകളും ഏകജാലക ക്ലിയറൻസ്, ബോർഡുകളും, ഇൻഡസ്ട്രിയൽ ടൗൺഷിപ്മെന്റ് ആക്ട് പ്രകാരവും വിജ്ഞാപനം ചെയ്തിട്ടുള്ളതിനാൽ ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത എസ്റ്റേറ്റുകളിലെ സംരംഭകർക്ക് ലഭ്യമാണ്. കൂടാതെ സിഡ്കോയുമായി വ്യവസായികൾ ഷെഡ്ഡ്/ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് ഏർപ്പെടുന്ന പ്രമാണങ്ങൾക്ക് (ആധാരം) G.O.(P)No.13/2003/ID dated 21-1-2003 പ്രകാരം രജിസ്ട്രേഷൻ സമയത്ത് സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതില്ല. 5-7-94-ലെ G.O.(Rt)No.591/94/ID പ്രകാരം ഭൂരിഭാഗം SIDCO എസ്റ്റേറ്റുകളിലെയും വ്യവസായ കെട്ടിട നിർമ്മാണത്തെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കെട്ടിട നിർമ്മാണ അനുമതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവയ്ക്ക് SIDCO-യിൽനിന്നുള്ള നിർമ്മാണ അനുമതി മതിയാകും. കെ.എസ്.ഐ.ഡി.സി.- യുടെ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.* കിൻഫ്ര വ്യവസായ പാർക്കുകളിൽ ലഭ്യതയ്ക്കു വിധേയമായി District Land Allotment Committee ക്ലിയറൻസിനുവിധേയമായി സംരംഭകർക്ക് ഭൂമി ഇളവുകളോടെ അനുവദിക്കുന്നുണ്ട് .

**പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

162 (2470) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കിയ വിവിധ പദ്ധതികളും ഓരോ പദ്ധതിയിലും ചെലവഴിക്കപ്പെട്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

സംരംഭക സഹായ പദ്ധതി (ESS) : 61.05 ലക്ഷം രൂപ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) : 163.41 ലക്ഷം രൂപ
നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി : 0.02 ലക്ഷം രൂപ
കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി(ASHA) : 3 ലക്ഷം രൂപ

(ബി) ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വകുപ്പുവഴി നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), സംരംഭക സഹായ പദ്ധതി (ESS),നാനോ സംരംഭങ്ങൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി (Scheme for margin money grant to nano units), കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി (ASHA), വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest subvention on term loan and working capital loan), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, സംരംഭകത്വ വികസന ക്ലബ് പദ്ധതി, സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി , PMFME പദ്ധതി, പീഡിത വ്യവസായങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി (The Kerala stressed MSMEs Revival & Rehabilitation Scheme), പ്രവർത്തന രഹിതമായ MSME കൾക്കുള്ള പുനരുദ്ധാരണ പദ്ധതി (Revival and Rehabilitation scheme for Defunct MSMEs and Cashew processing Unit) മുതലായ പദ്ധതികൾ പാറശ്ശാല നിയോജകമണ്ഡലത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്വഴി തിരുവനന്തപുരം ജില്ലയിൽ വകുപ്പിന്റെ വിവിധ പദ്ധതികളായ സംരംഭകത്വ സഹായപദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫെങ് MSME ആൻഡ് കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റ്, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി, Prime Minister's Employment Generation Programme എന്നിങ്ങനെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സംരംഭക സഹായ പദ്ധതി - 37 യൂണിറ്റുകൾക്ക് 137.77 ലക്ഷം രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്

2. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്- 5 യൂണിറ്റുകൾക്ക് 70,000 രൂപയുടെ grant നൽകിയിട്ടുണ്ട്

3. റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫെങ് MSME ആൻഡ് കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റ് -ഒരു യൂണിറ്റിന് 3 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്

4. വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി - 16 യൂണിറ്റുകൾക്ക് 2 ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

5. Prime Minister's Employment Generation Programme (PMEGP) - 29 യൂണിറ്റുകൾക്ക് 57.3 ലക്ഷം രൂപയുടെ margin money നൽകിയിട്ടുണ്ട്.

(ഡി) വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

**ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

163 (2471) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ബോധവത്കരണ പരിപാടികൾ ഉൾപ്പെടെയുള്ള സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തിയതിലൂടെ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ 152 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ മണ്ഡലത്തിൽ 7.34 കോടി രൂപയുടെ നിക്ഷേപവും 527 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി എന്നിവ വഴിയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വരുന്ന പഞ്ചായത്തുകളിൽ 19 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതി പ്രകാരം 6457951 രൂപ സബ്സിഡിയായി അനുവദിച്ചു. കൂടാതെ പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതിയിലൂടെ 23 സംരംഭകർക്ക് 3328722 രൂപയും അനുവദിച്ചിട്ടുണ്ട്.

### ടെക്നോളജി അടിസ്ഥാനമാക്കി ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ

164 (2472) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോളജി അടിസ്ഥാനമാക്കി ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏകോപനത്തിനായുള്ള നടപടികൾ വകുപ്പ് നടപ്പിലാക്കുമോ എന്ന് വിശദമാക്കാമോ?

(എ&ബി) ടെക്നോളജി അടിസ്ഥാനമാക്കി ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സ്റ്റാർട്ടപ്പ് ഇന്ത്യയുടെ രജിസ്ട്രേഷനുള്ള സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐ.ഡി. ലഭിക്കുന്നതിനും അതിലൂടെ സംസ്ഥാന സർക്കാരിന്റെ പദ്ധതികളിലൂടെയുള്ള സഹായം ലഭിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ആദ്യകാല ആശയ വാലിഡേഷൻ മുതൽ സ്കെയിലിംഗ് അപ്പ് തലം വരെയും വിപണിയുമായി ബന്ധപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നിലവിൽ ലഭ്യമാണ്.

### പി.എം.ഇ.ജി.പി., നാനോ പദ്ധതികൾ പ്രകാരം തുടങ്ങിയ സംരംഭങ്ങൾ

165 (2473) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ഇ.ജി.പി., നാനോ പദ്ധതികൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ സംരംഭങ്ങളാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കിയതിൽ PMEGP പദ്ധതി പ്രകാരം 7302 യൂണിറ്റുകളും നാനോ പദ്ധതിയിലൂടെ 373 യൂണിറ്റുകളും ഉൾപ്പെടെ ആകെ 7675 യൂണിറ്റുകളുമാണ് തുടങ്ങിയത്.

(ബി) ഇങ്ങനെ തുടങ്ങുന്ന സംരംഭങ്ങളുടെ സക്സസ് റേറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് എന്ന് വിശദമാക്കാമോ?

PMEGP പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (KVIC) ആണ്. KVIC വഴി PMEGP പദ്ധതി വഴി ധനസഹായം നേടിയ യൂണിറ്റുകളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്. യൂണിറ്റ് ആരംഭിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുകയാണ് വകുപ്പ് വഴി ചെയ്തുവരുന്നത്. മാർജിൻ മണി ഗ്രാന്റ് പദ്ധതിയുടെ മാർഗരേഖ പ്രകാരം ഗ്രാന്റ് കിട്ടിയ യൂണിറ്റുകൾ ഗ്രാന്റ് കിട്ടിയ തീയതി മുതൽ തുടർച്ചയായി 3 വർഷം പ്രവർത്തിച്ചിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. അല്ലാത്ത പക്ഷം ഗ്രാന്റ് തുക തിരികെ പിടിക്കുന്നതിന് നിബന്ധനയുണ്ട്. യൂണിറ്റ് ആരംഭിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുകയാണ് വ്യവസായ വകുപ്പ് ചെയ്തുവരുന്നത്. സക്സസ് റേറ്റ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(സി) ഇങ്ങനെ ആരംഭിക്കുന്ന പുതിയ സംരംഭങ്ങളുടെ നല്ല രീതിയിലുള്ള മുന്നോട്ട് പോക്കിന് വകുപ്പിന്റെ ഭാഗത്ത് നിന്ന് ഫോളോ അപ്പ് ഉണ്ടാകാറുണ്ടോ എന്ന് വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വികസന ഓഫീസർമാർ നിശ്ചിത കാലയളവു വരെ പ്രവർത്തനം വിലയിരുത്തൽ, ഹാൻഡ്ഹോൾഡിംഗ്/എസ്കോർട്ടിംഗ് സർവ്വീസ് എന്നിവ നൽകി വരുന്നുണ്ട്. വ്യവസായ വികസന ഓഫീസർമാർ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. പുതിയ സാങ്കേതിക അറിവുകൾ പരിചയപ്പെടുത്തുന്ന ടെക്നോളജി ക്ലിനിക്ക് പോലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ നിലവിലുള്ള സംരംഭകരേയും ഉൾപ്പെടുത്താറുണ്ട്. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യന്ത്രപ്രദർശന മേള, ഭക്ഷ്യാധിഷ്ഠിത പ്രദർശന മേള, വിവിധ പ്രദർശന മേളകൾ എന്നിവയിൽ ഇത്തരം സംരംഭകരെ പങ്കെടുപ്പിക്കാറുമുണ്ട്. കൂടാതെ വിവിധ കാരണങ്ങളാൽ നഷ്ടത്തിൽ ആവുകയും പ്രവർത്തനരഹിതമാകുകയും ചെയ്യുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ സ്ഥിരനിക്ഷേപത്തിനും പ്രവർത്തനമൂലധനത്തിനും ഉൾപ്പെടെ സാമ്പത്തിക സഹായം നൽകി പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിനായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

a). Revival and rehabilitation scheme for defunct MSMEs and cashew processing units.

b). The Kerala stressed MSMEs Revival & Rehabilitation Scheme

**കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഒഴിവുകൾ**

166 (2474) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ ജനറൽ മാനേജർ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ജനറൽ മാനേജരുടെ ചുമതല നിലവിൽ ആർക്കാണ്; എന്നുമുതലാണ് ചാർജ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരുടെ അധിക ചുമതല നിലവിൽ പ്രസ്തുത ഓഫീസിലെ മാനേജർ (ക്രഡിറ്റ്) ശ്രീ. സജിത്ത് കുമാർ. കെ ആണ് വഹിക്കുന്നത്. 12-11-2020 മുതലാണ് ടിയാൻ ജനറൽ മാനേജരുടെ അധിക ചുമതലയേറ്റിട്ടുള്ളത്.

(സി) പുതിയ ജനറൽ മാനേജരെ എപ്പോൾ നിയമിക്കുമെന്ന് വ്യക്തമാക്കുമോ?

ഡി.പി.സി. (ഹയർ) കഴിഞ്ഞ് സെലക്ട് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ഡെപ്യൂട്ടി ഡയറക്ടർ മാനേജർ തസ്തികയിലുള്ളവർക്ക് സ്ഥാനക്കയറ്റം നൽകി ജനറൽ മാനേജരായി നിയമിക്കാൻ കഴിയുകയുള്ളൂ. ഡി.പി.സി. (ഹയർ) ചേരുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ഡി) ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ ഏതൊക്കെ ഉദ്യോഗസ്ഥ ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജനറൽ മാനേജർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 3 വ്യവസായ വികസന ഓഫീസർ എന്നീ തസ്തികകളിലാണ് നിലവിൽ ഒഴിവുകളുള്ളത്. ജനറൽ മാനേജർ തസ്തികയിലെ ഒഴിവ് നികത്തുന്നതിലേയ്ക്ക് പ്രസ്തുത തസ്തികയിലെ ഡി.പി.സി. (ഹയർ) കൂടി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ് പ്രതീക്ഷിത ഒഴിവായി 28-12-2018-ൽ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വികസന ഓഫീസർ

തസ്തികയിലെ 3 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-നിയമന ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനായുള്ള ഭൂമി**

167 (2475) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര കണ്ടെത്തിയ 95.47 ഏക്കർ ഭൂമി (പരവൂർ, ചിറക്കര വില്ലേജുകൾ) വ്യവസായ പാർക്കിനായി ഉപയോഗപ്പെടുത്തുന്നതിന് കിൻഫ്ര നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്ര കൊല്ലം ജില്ലയിലെ പരവൂർ, ചിറക്കര വില്ലേജുകളിലെ 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 20-4-2010-ന് കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥനാപത്രം നൽകുകയും എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം ഇനത്തിൽ പെട്ടതായതിനാൽ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും മാറ്റിക്കിട്ടുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര 27-5-2013-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

(ബി) പ്രസ്തുത ഭൂമിയിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള 46.39 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ കിൻഫ്ര നൽകിയ അപേക്ഷ സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കാമോ?

പ്രാദേശിക നിരീക്ഷണ സമിതി ചില വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശിപാർശ 20-9-2017-ന് തിരുവനന്തപുരം കാർഷിക ഉത്പാദന കമ്മീഷണർക്ക് സമർപ്പിച്ചതായും 29-1-2018-ൽ കൂടിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി യോഗം പ്രസ്തുത ശുപാർശ സംബന്ധിച്ച് എടുത്ത തീരുമാനം ഔദ്യോഗികമായി കിൻഫ്രക്ക് ലഭ്യമാക്കിയിട്ടില്ല.

**കാക്കഞ്ചേരി കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്**

168 (2476) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ കാക്കാഞ്ചേരി ഫുഡ് പ്രോസസിംഗ് പാർക്കിൽ മൊത്തം 88 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത പാർക്കിൽ നിലവിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും തൊഴിൽ സാധ്യതയുള്ള പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

നിലവിൽ പാർക്കിൽ 1540 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. പ്രസ്തുത പാർക്കിൽ ഈയിടെ ഉദ്ഘാടനം നടത്തിയ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറിയിലെ കെട്ടിട സമുച്ചയങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2019-20 കാലയളവിൽ പ്രസ്തുത പാർക്കിൽ എത്ര രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ കാലയളവിൽ സംരംഭകർ നൽകിയ പ്രോജക്റ്റ് റിപ്പോർട്ടനുസരിച്ച് 1496 ലക്ഷം രൂപയുടെ നിക്ഷേപമാണ് വന്നിട്ടുള്ളത്.

(ഡി) വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ ഫുഡ് പ്രോസസിംഗ് പാർക്കിൽ നിലവിൽ കിൻഫ്രയ്ക്ക് പുതിയ പദ്ധതികളൊന്നുമില്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ നടപ്പ് സാമ്പത്തിക വർഷം 1080 സംരംഭങ്ങൾ MSME മേഖലയിൽ ആരംഭിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി (ESS), പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, PMFME തുടങ്ങിയ വിവിധ പദ്ധതികൾ മുഖാന്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ജില്ലയിലെ വ്യവസായ വികസന ഓഫീസർമാർ മുഖേന കൈത്താങ്ങ് സഹായങ്ങളും കൊടുക്കുന്നുണ്ട്. പുതിയ MSME യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലയിൽ കൂടുതൽ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്.

### ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ്

169 (2477) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമയായ പ്രവാസി പ്രസ്തുത സംരംഭം ഉപേക്ഷിച്ചുപോകാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) 2009-ൽ പ്രസ്തുത വ്യവസായിക്ക് അനുവദിച്ച ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) മേനംകുളത്തെ കിൻഫ്ര അപ്പാരൽ പാർക്കിൽ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2009-ൽ ഹെർബൽ എക്സ്ട്രാക്റ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ 49.5 സെന്റ് ഭൂമി അലോട്ട് ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത സംരംഭകനും കിൻഫ്രയും തമ്മിൽ 30-11-2009-ൽ ഇതുമായി ബന്ധപ്പെട്ട് ലൈസൻസ് എഗ്രിമെന്റും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 24 മാസത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കണമെന്നതാണ് വ്യവസ്ഥ. പ്രസ്തുത സംരംഭകൻ അലോട്ട് ചെയ്യപ്പെട്ട ഭൂമിയിൽ ഒരു ഭാഗം മാത്രം വിനിയോഗിച്ച് 800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി ഷെഡ് നിർമ്മിച്ച് നാമമാത്രമായ രീതിയിൽ പ്രവർത്തനം ആരംഭിക്കുകയാണ് ചെയ്തത്. എന്നാൽ പിന്നീട് പ്രസ്തുത യൂണിറ്റ് പ്രവർത്തനം നിലയ്ക്കുകയും ദീർഘകാലം പ്രവർത്തനരഹിതമായി നിലനിൽക്കുകയും ചെയ്തു. ഇതേത്തുടർന്ന് കിൻഫ്ര നിരവധി തവണ യൂണിറ്റ് പ്രവർത്തനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയെങ്കിലും എല്ലാ കത്തുകളും കൈപ്പറ്റാൻ ആളില്ലാത്ത രീതിയിൽ തിരികെ വരികയുമാണ് ചെയ്തത്. ഇതോടൊപ്പംതന്നെ പാർക്കിൽ ഭൂമിയുടെ ആവശ്യക്കാർ ധാരാളമായി വരുകയും ചെയ്തു. ഇത്തരത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന യൂണിറ്റുകളുടെ സംരംഭകരിൽ നിന്ന് ഭൂമി തിരികെ എടുത്ത് വ്യവസായം നടത്താൻ താല്പര്യമുള്ളവർക്ക് വീണ്ടും അലോട്ട് ചെയ്യുന്ന നിയമം അനുശാസിക്കുന്ന നടപടിയാണ് കിൻഫ്ര ചെയ്യുന്നത്. ഈ സംരംഭകന്റെ കാര്യത്തിലും ഇതേ മാർഗ്ഗമാണ് പിൻതുടർന്നത്. കൂടാതെ ഇ.ജി. ഹെർബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ Registrar of Companies അവരുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പൂർണ്ണമായും പ്രവർത്തനരഹിതമായ ഒരു സ്ഥാപനം ദീർഘനാൾ ഈ അവസ്ഥയിൽ നിലനിർത്തുന്നത് ചട്ടവിരുദ്ധമായതിനാലാണ് കിൻഫ്രയുടെ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് ടി വ്യവസായിക്ക് അനുവദിച്ചിരുന്ന ഭൂമി തിരിച്ചെടുത്തിട്ടുള്ളത്.

**കിൻഫ്രയിലെ ഇന്നവേഷൻ പാർക്ക്**

170 (2478) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഐ.ടി. കമ്പനിയാണ് ഇത് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 36 ഏക്കർ ഭൂമി TATA Consultancy Services Ltd. (TCS) ന് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

(സി) ഇതിന്റെ മുതൽമുടക്ക് എത്രയാണെന്നും സംസ്ഥാന സർക്കാരിന്റെ ഈ സംരംഭത്തിലുള്ള പങ്ക് എന്താണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി വഴി 600 കോടിയുടെ മുതൽമുടക്കാണുദ്ദേശിക്കുന്നത്. 36 ഏക്കർ ഭൂമി പാട്ടവ്യവസ്ഥയിൽ നൽകുകയും അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, പൊതുവായ റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ക്ലസ്റ്ററിൽ കിൻഫ്ര നൽകുന്നത്.

(ഡി) ഈ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലം ഐ.ടി. കമ്പനിക്ക് അനുവദിക്കുന്ന കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

36 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്ന പദ്ധതിക്ക് 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് കിൻഫ്ര ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്. 30 വർഷം കഴിഞ്ഞ് 5000 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് അടുത്ത 30 വർഷത്തേക്ക് പാട്ടവ്യവസ്ഥ പുതുക്കാവുന്നതാണ്. ഇത് പ്രകാരം പരമാവധി 90 വർഷം വരെ പാട്ടവ്യവസ്ഥ തുടരാനാകും. അലോട്ട് ചെയ്തിട്ടുള്ള വ്യവസായ ആവശ്യങ്ങൾക്ക് മാത്രമെ ഭൂമി വിനിയോഗിക്കാൻ പാടുള്ളു.

(ഇ) ഈ കാമ്പസ് പൂർണ്ണമായും എപ്പോൾ പ്രവത്തനക്ഷമമാകുമെന്നും എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

5 വർഷക്കാലയളവിനുള്ളിൽ പദ്ധതി ഘട്ടം ഘട്ടമായി വികസിപ്പിക്കാനാണ് TATA Consultancy Services Ltd. വിഭാവനം ചെയ്തിരിക്കുന്നത്. 5 വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) കേരളത്തിലെ മറ്റു ജില്ലകളിൽ വിശിഷ്യ പിന്നോക്കം നിൽക്കുന്ന വടക്കൻ ജില്ലകളിൽ ഇത്തരം കാമ്പസ്സുകൾ സ്ഥാപിക്കാൻ സർക്കാർ മുന്നോട്ട് വരുമോ എന്ന് വ്യക്തമാക്കാമോ?

അനുയോജ്യമായ ഭൂമിയും നിക്ഷേപം നടത്താൻ സന്നദ്ധരായ സംരംഭകരേയും ലഭ്യമാകുന്ന മുറക്ക് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്.

## 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി നിക്ഷേപം ആകർഷിക്കൽ

171 (2479) <u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി എം.എസ്.എം.ഇ. മേഖലയിലും വൻകിട വ്യവസായ മേഖലയിലും നിക്ഷേപം ആകർഷിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സാധ്യമായിട്ടുണ്ട്.

(ബി) എം.എസ്.എം.ഇ. രംഗത്ത് പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായെന്ന് അറിയിക്കാമോ?

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 3132 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതിലൂടെ 13514 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുവരെയുള്ള കണക്കുപ്രകാരം ഈ മേഖലയിൽ 2021-22 സാമ്പത്തിക വർഷം 5181 MSME സംരംഭങ്ങൾ ആരംഭിക്കുകയും ഇതിലൂടെ 20689 തൊഴിലവസരങ്ങൾ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) കോവിഡ് പ്രതിസന്ധി മറികടക്കാൻ എം.എസ്.എം.ഇ. മേഖലക്ക് നൽകിയ സഹായങ്ങൾ എന്തൊക്കെയാണ്?

കോവിഡ് പ്രതിസന്ധിയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്ക് ഉണർവേകുവാൻ 2020-ൽ വ്യവസായ ഭദ്രത, 2021-ൽ കോവിഡ് സമാശ്വാസ പദ്ധതി എന്നീ പാക്കേജുകൾ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷം വ്യവസായ ഭദ്രതാ പദ്ധതിയിലൂടെ 153.8250 ലക്ഷം രൂപ പലിശ സബ്സിഡിയായി 1061 വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു നൽകി. നിലവിലെ കണക്കുപ്രകാരം 2021-22 സാമ്പത്തിക വർഷം 34.98 ലക്ഷം രൂപ 222 വ്യവസായ യൂണിറ്റുകൾക്കും ടി പദ്ധതിയിലൂടെ അനുവദിച്ചുനൽകിയിട്ടുണ്ട്.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനമായി 200 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ അനുവദിക്കുകയും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വായ്പ തിരിച്ചടവിന് കൂടുതൽ സമയം അനുവദിച്ചു നൽകുകയും പിഴപ്പലിശ ഒഴിവാക്കി നൽകുകയും വായ്പയുടെ മുതൽ തിരിച്ചടവിന് 6 മാസത്തെ മൊറോട്ടോറിയം അനുവദിക്കുകയും ചെയ്തു.

(ഡി) ടാറ്റ കൺസൾട്ടൻസി ഉൾപ്പെടെ ഏതെല്ലാം പ്രമുഖ കമ്പനികളാണ് സംസ്ഥാനത്ത് നിക്ഷേപ താൽപര്യം അറിയിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

റ്റാറ്റ കൺസൾട്ടസി സർവ്വീസസ്, റ്റാറ്റ എലക്സി, വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, സിന്തെറ്റ് ഗ്രൂപ്പ്, ആസ്റ്റോ ഗ്രൂപ്പ് മുതലായ പ്രമുഖ കമ്പനികളാണ് നിക്ഷേപ താത്പര്യം അറിയിച്ചിട്ടുള്ളത്.

### കാട്ടാക്കട മണ്ഡലത്തിലെ എം. എസ്. എം. ഇ. സംരംഭങ്ങൾ

172 (2480) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ അംഗീകൃത എം. എസ്. എം. ഇ. സംരംഭങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ വനിത സംരംഭങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ 1120 എം.എസ്.എം.ഇ. യൂണിറ്റുകളാണ് വ്യവസായ ജാലകം മുഖേന Geo Tag ചെയ്തിട്ടുള്ളത്. ഇതിൽ 112 വനിതാ സംരംഭകരാണുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

### മാർജിൻ മണി ഗ്രാൻഡ് പദ്ധതി

173 (2481) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകർക്കായുള്ള മാർജിൻ മണി ഗ്രാൻഡ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കികൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് ചെറുകിട സംരംഭകർക്കായുള്ള മാർജിൻ മണി ഗ്രാൻഡ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ വരെ പ്രോജക്ട് ചെലവ് വരുന്ന യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി, സംരംഭകർ താലൂക്ക് വ്യവസായ ആഫീസുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. താലൂക്ക് വ്യവസായ ഓഫീസർ, അപേക്ഷ ശിപാർശ ചെയ്ത് ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകുന്നു. ജനറൽ മാനേജരാണ് സംരംഭകർക്ക് ആനുകൂല്യം അനുവദിക്കുന്നത്.

(ബി) ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി വായ്പാ തുക എത്രയാണെന്ന് അറിയിക്കുമോ?

ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്. 1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ - ആകെ പ്രോജക്ട് ചെലവിന്റെ 40% 2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ 3. വ്യവസായ വകുപ്പിന്റെ മാർജിൻ മണി ഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം

(സി) പ്രസ്തുത പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി, 40 വയസ്സുവരെയുള്ള യുവസംരംഭകർക്ക് അനുവദനീയമായ മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനമായി ഉയർത്തിയും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനമായി നിജപ്പെടുത്തിയും നിശ്ചയിച്ചിട്ടുണ്ട്.

**ചെറുകിട-സൂക്ഷ്മ വ്യവസായ സംരഭകത്വ പരിശീലനം**

174 (2482) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ അതിവേഗം ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി (K-SWIFT) എന്ന ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള, സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

(ബി) സംരഭകത്വത്തിന് തയ്യാറാകുന്നവർക്കായി നൽകിവരുന്ന സഹായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ ചുവടെ വിവരിക്കുന്ന സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. (സംരംഭക സഹായപദ്ധതി) വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ

പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രവർത്തന സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോടു ചേർന്നോ നടത്തുന്ന ഉല്പാദക, ജോബ് വർക് വിഭാഗത്തിൽ ഉൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്ക് a) Revival and Rehablitaton Scheme for Defunct MSMEs and Cashew Processing Units. b) The Kerala Stressed MSMEs Revival& Rehabilitation Scheme എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വ്യവസായ ഭദ്രത-കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കാണ് ഈ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ് 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ സംരംഭകർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരിൽനിന്നും അവരെ തൊഴിൽ ദാതാക്കളാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു.

(സി) സംരംഭകത്വ പരിശീലനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാഅടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ, എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

### സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക വ്യവസായ സംരംഭം

175 (2483) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി പ്രത്യേക വ്യവസായ സംരംഭത്തിന് എന്തൊക്കെ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പുകളുടെ വളർച്ചയെ സഹായിക്കുന്നതിനും അതിനുവേണ്ടിയുള്ള ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും വേണ്ടി കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിച്ചു. സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

1. ഇന്നവേഷൻ ഗ്രാന്റ്
2. സീഡ് വായ്പ സഹായം

3. വെർച്വൽ ഇൻകുബേഷൻ പരിപാടി

4. ഭൗതിക ഇൻകുബേഷനും സ്ഥല സൗകര്യവും

5. പേറ്റന്റ് സഹായ പദ്ധതി

6. ബിസിനസ്സ് ഫോർ സ്റ്റാർട്ടപ്പ്സ്

7. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്

8. ടെക്നോളജി കൊമേഴ്സ്യലൈസേഷൻ പദ്ധതി

9. ഫണ്ട് ഓഫ് ഫണ്ട് പദ്ധതി

10. അന്താരാഷ്ട്ര വിനിമയ പദ്ധതി

കേരളത്തിലെ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും അവരെ തൊഴിലന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ സംരംഭങ്ങൾക്ക് ഇരുപത്തഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി വരുന്നത്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്ററിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് പറയാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് 2021-22 വർഷത്തിലേയ്ക്കായി Innovation Acceleration Scheme-ൽ ഉൾപ്പെടുത്തി KSIDC മുഖേന നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 1000 ഡി. എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കൽ

176 (2484) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കയർ രണ്ടാം പുനഃസംഘടനാപദ്ധതിയിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുക എന്നത് പ്രഖ്യാപിത ലക്ഷ്യമായിരുന്നു. ഇതിനായി കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ സെന്ററുകൾ, സി.പി.സി.- കൾ എന്നിവയെയാണ് ലക്ഷ്യം വച്ചിരുന്നത്. 90% സബ്സിഡിയിൽ ഇവയ്ക്ക് ഡി.എഫ്. മില്ലുകൾ നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. 1000 മില്ലുകൾ പ്രധാനമായും 8000 തൊണ്ട് പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന കപ്പാസിറ്റി ഉള്ളവയായിരുന്നു. എന്നാൽ പ്രായോഗിക തലത്തിൽ 8000 മുതൽ 1 ലക്ഷം തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകളാണ് 30-9-2021 വരെ സ്ഥാപിക്കാനായത്. ഇതുവഴി പ്രതിവർഷം ചകിരി ഉലാപാദനശേഷി 2015-16-ൽ 5000 ടണ്ണായിരുന്നത് 2021 സെപ്റ്റംബർ ആയപ്പോഴേക്കും 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉല്പാദശേഷി 480% വർദ്ധിച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞ പ്രകാരമുള്ള എത്ര ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി 8000 മുതൽ 1 ലക്ഷം തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകളാണ് 30-9-2021 വരെ സ്ഥാപിക്കാനായത്.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രവർത്തനം

177 (2485) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ;

(ബി) കേരളത്തിലെ ഏതെല്ലാം ജില്ലകളിലൂടെയാണ് പ്രസ്തുത ഇടനാഴി കടന്ന് പോകുന്നത്; ഇത് കടന്ന് പോകുന്ന ജില്ലകളിൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ?

(എ&ബി) വ്യവസായരംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിൽ, കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന ഇടനാഴി കടന്നു പോകുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്കും ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു 'നോഡാ'യി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും കണ്ടെത്തിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള

നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഒഴലപ്പതി വില്ലേജിൽ ഭൂവുടമകളുടെ എതിർപ്പിനെ തുടർന്ന് 250 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ടി സ്ഥലത്തിന് പകരമായി പാലക്കാട് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ കണ്ടെത്തിയിട്ടുള്ള 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് പരിഗണിച്ചുവരുന്നു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസ്-ലെ ചട്ടം 11(1) പ്രകാരമുള്ള വിജ്ഞാപനം 4-10-2021 ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതി നടപ്പിലാകുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെ പഠിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ കേന്ദ്ര വാണിജ്യമന്ത്രാലയത്തിനു കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഭൂമി ഏറ്റെടുത്ത് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### റബ്ബർ പാർക്ക്

178 (2486) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറധിഷ്ഠിത വ്യവസായത്തിനായി റബ്ബർ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പാർക്കിന്റെ ആസ്ഥാനം എവിടെയാണെന്നും ഗുണഫലങ്ങൾ എന്താണെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'കേരള റബ്ബർ ലിമിറ്റഡ്' എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുള്ളതും മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിലെ വെള്ളൂരിൽ സർക്കാർ ലേലത്തിൽ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനിയുടെ ഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലം ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഉയർന്ന വളർച്ച നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് 'കേരള റബ്ബർ ലിമിറ്റഡിന്റെ' പ്രവർത്തനോദ്ദേശ്യം. പ്രസ്തുത കമ്പനി വഴി റബ്ബർ അധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അത് വഴി റബ്ബർ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ.-ന് രൂപം നൽകിയിരിക്കുന്നത്.

**മാവേലിക്കര മണ്ഡലത്തിൽ അപ്പാരൽ പാർക്കിന്റെ യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി**

179 (2487) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ സ്ഥലത്ത് അപ്പാരൽ പാർക്കിന്റെ യൂണിറ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ തഴക്കരയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 60 സെന്റ് സ്ഥലം സംരംഭകർക്ക് അനുവദിക്കുവാനായി ലഭ്യമാണ്.

**കെ.എസ്.ഡി.പി.-യുടെ കീഴിൽ ഓങ്കോളജി പാർക്ക് നിർമ്മാണം**

180 (2488) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.-യുടെ കീഴിലുള്ള ഓങ്കോളജി പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. ഓങ്കോളജി പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ വർക്കിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ വർക്ക് തുടങ്ങിയതിനുശേഷം 28 മാസം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇതിനായി കിഫ്ബി മുഖേന എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ഫണ്ട് ഇതുവരെ അനുവദിച്ചിട്ടില്ല.

**പെട്രോ കെമിക്കൽ പാർക്ക്**

181 (2489) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക സാമ്പത്തിക വളർച്ചയും തൊഴിൽ സൃഷ്ടിയും ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകി വരുന്നതെന്ന് അറിയിക്കാമോ?

2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്ന് വർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽ സൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽ സൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് അടുത്തുതന്നെ പുറപ്പെടുവിച്ചിരുന്നു. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാസംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി "മീറ്റ് ദ മിനിസ്റ്റർ" പരിപാടി നടത്തി പോരുന്നുണ്ട്. കൂടാതെ ജില്ലകൾ തോറും സംഘടിപ്പിച്ച 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിക്ക് പിന്നാലെ 'മീറ്റ് ദ ഇൻവെസ്റ്റർ' ആശയ വിനിമയ പരിപാടിയും നടത്തി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ വ്യാവസായിക സാമ്പത്തിക വളർച്ചയും തൊഴിൽ സൃഷ്ടിയും

ലക്ഷ്യമിട്ട് കിൻഫ്ര താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പാലക്കാട്, എറണാകുളം. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ. സ്പൈസസ് പാർക്ക്, ഇടുക്കി. ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഇത് കൂടാതെ താഴെപ്പറയുന്ന ധനസഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.

4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ a.Revival and rehabilitation scheme for defunct MSMEs and cashew processing units b.The Kerala stressed MSMEs Revival & Rehabilitation Scheme

5.കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത Scheme for Interest Subvention on Term Loan and working capital loan

6.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

7.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി.

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).

9.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

(ബി) കൊച്ചി അമ്പലമുകളിൽ കിൻഫ്ര സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൊച്ചി അമ്പലമുകളിൽ 481.79 ഏക്കർ ഭൂമിയിലാണ് പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. ഇതിൽ 170 ഏക്കർ ഭൂമി ബി.പി.സി.എൽ.-ന്റെ വികസനത്തിനായി പാട്ടവ്യവസ്ഥയിൽ അലോട്ട് ചെയ്തു കഴിഞ്ഞു. 229 ഏക്കർ ഭൂമിയാണ് വ്യവസായ സംരംഭങ്ങൾക്കായി അലോട്ട് ചെയ്യുന്നതിന് ലഭിക്കുന്നത്. ഇതിൽ 61.2 ഏക്കർ ഭൂമി 28 സംരംഭകർക്കായി അലോട്ട് ചെയ്തുകഴിഞ്ഞു. പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

30 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

481.79 ഏക്കർ ഭൂമിയാണ് പെട്രോ കെമിക്കൽ പാർക്കിനായി ഏറ്റെടുത്തിട്ടുള്ളത്.

**ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ്**

182 (2490) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് എന്ന സ്ഥാപനത്തിൽ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിഹിതം എത്രയാണ് എന്ന് അറിയിക്കാമോ?

കെ.എസ്.ഐ.ഡി.സി.-ക്ക് 10 രൂപ മുഖവിലയുള്ള 36,70,000 ഓഹരിയുണ്ട്. ഇത് കമ്പനിയുടെ ഓഹരിയുടെ 10.84% വരും.

(ബി) ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് സ്ഥാപനത്തിന്റെ മൂലധനം, നിലവിൽ ഏറ്റെടുത്തിട്ടുള്ള സംരംഭങ്ങൾ, വ്യവസായതല വിപണി ഇടപാടുകൾ, ഈ കമ്പനിയിലെ ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ നൽകാമോ?

ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡിന്റെ നിലവിലെ മൂലധനം 33.87 കോടി രൂപയാണ്. സ്ഥാപനം നിലവിൽ Financial Leasing, Equity Financing എന്നീ ധനകാര്യ ഇടപാടുകൾ നടത്തുന്നു. നിലവിൽ കമ്പനിക്ക് 9 സ്ഥിരം ജീവനക്കാരാണുള്ളത്. ജീവനക്കാരുടെ നിയമനങ്ങൾ കമ്പനി ബോർഡ് ഓഫ് ഡയറക്ടേഴ്സ് നിർദ്ദേശാനുസരണമാണ് നടപ്പിലാക്കുന്നത്. കമ്പനി പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള NBFC ആയിട്ടാണ്. കമ്പനിക്ക് leasing ആൻഡ് Equity Financing പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ND- NBFC (Non Deposit taking NBFC) ലൈസൻസ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 2013-ൽ ലഭിച്ചു. മുഖ്യമായും വൈദ്യശാസ്ത്ര ഉപകരണങ്ങളും വ്യാവസായിക യന്ത്ര ഉപകരണങ്ങളുമാണ് ലീസടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നത്. അതിൽ നിന്നുള്ള വാടക വരുമാനമായി സ്വീകരിക്കുകയും ചെയ്യുന്നു. 25 സ്ഥാപനങ്ങൾക്കായി 45.92 കോടി രൂപയുടെ ഉപകരണങ്ങൾ ലീസടിസ്ഥാനത്തിൽ ഇതുവരെ നൽകിയതായി അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ മെച്ചപ്പെട്ട വിപണി സാധ്യതയുള്ള സ്റ്റാർട്ടപ്പുകളിൽ കുറഞ്ഞ തോതിൽ മൂലധന നിക്ഷേപം നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. RBI-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ Deposit (നിക്ഷേപങ്ങൾ) സ്വീകരിക്കാൻ അനുവാദമില്ലാത്തതിനാൽ കമ്പനിയുടെ ഷെയർ ക്യാപിറ്റലുപയോഗിച്ചാണ് വിപണി ഇടപെടലുകൾ നടത്തിയിട്ടുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വാർഷിക പരിശോധനയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് കമ്പനിയുടെ പ്രവർത്തനം തുടർന്നുവരുന്നത്.

(സി) പലിശ രഹിതമായി വ്യവസായതല വിപണി ഇടപെടലുകളും മൂലധന നിക്ഷേപങ്ങളും വായ്പ സംവിധാനങ്ങളും നടപ്പിലാക്കുവാൻ ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് എന്ന സ്ഥാപനത്തിന് ഫലപ്രദമായി കഴിഞ്ഞിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രത്യേക പഠനം നടത്തിയിട്ടില്ല.

**പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

183 (2491) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി പാലക്കാട് ജില്ലയിൽ വിവിധ പദ്ധതികളായ സംരംഭക സഹായ പദ്ധതി (ESS) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), നാനോസംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for margin money grant to nano units),വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest subvention to term loan and working capital loan) എന്നിങ്ങനെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*

## വ്യാവസായ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി

184 (2492) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികപരമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടനാട്ടിൽ ഐ.റ്റി. ഉൾപ്പെടെയുള്ള വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ആർ ബ്ലോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളുണ്ടാകും എന്ന് വ്യക്തമാക്കുമോ?

(എ&ബി) കുട്ടനാട്ടിൽ വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മറ്റു വ്യവസായ സാധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) ടൂറിസം, നെല്ല്, മത്സ്യം എന്നിവയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

നെൽകൃഷി മേഖലയുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി അപ്പർ കുട്ടനാട് മേഖലയിലെ ചെങ്ങന്നൂരിൽ ഒരു റൈസ് പാർക്ക് ആരംഭിക്കുവാൻ കിൻഫ്ര നടപടി സ്വീകരിച്ചുവരുന്നു. സംരംഭകരെ കണ്ടെത്തുന്നതിന് വ്യവസായ ബോധവത്കരണ പരിപാടികൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയ പ്രോഗ്രാമുകൾ ജില്ലാ വ്യവസായ വാണിജ്യ വകുപ്പ് തലത്തിൽ നടത്തിവരുന്നു. മേഖലയ്ക്കനുയോജ്യമായ സംരംഭകത്വത്തിന് സർക്കാർ എല്ലാ പ്രോത്സാഹനവും നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യവസായ സംരംഭകർക്ക് രാഷ്ട്രീയ പാർട്ടികളിൽനിന്നുമുള്ള ദുരനുഭവങ്ങൾ ഒഴിവാക്കാൻ നടപടി

185 (2493) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിയും ബിസിനസും ചെയ്ത് സമ്പാദിക്കുന്ന തുക സ്വന്തം നാട്ടിൽ മുടക്കുന്ന പല സംരംഭകർക്കും രാഷ്ട്രീയ പാർട്ടികളിൽനിന്നും ദുരനുഭവങ്ങൾ ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

(ബി) 2018 ഫെബ്രുവരിയിൽ കൊല്ലം തിരുമംഗലം ദേശീയപാതയോരത്ത് വർക്ക് ഷോപ്പ് ആരംഭിക്കാൻ സാധിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത സുഗതൻ എന്ന വ്യക്തിയുടെ മക്കൾ അതേസ്ഥലത്ത് വർക്ക് ഷോപ്പ് തുടങ്ങാൻ അപേക്ഷ നല്കിയിരുന്നോ;

(സി) പ്രസ്തുത സംഭവം നടന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും ആ സ്ഥലത്ത് വർക്ക് ഷോപ്പ് ആരംഭിക്കാൻ അനുവാദം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) വ്യവസായ വകുപ്പിന് അപേക്ഷ നൽകിയിട്ടില്ല എന്ന് ജില്ലാ വ്യവസായ കേന്ദ്രം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ശ്രമിച്ച അഞ്ചൂരിലെ സാജൻ അടക്കം ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യത്തിൽ സമാനമായ സംഭവങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സാജൻ വ്യവസായ വകുപ്പിന് അനുമതി അപേക്ഷ നല്കിയതായി കാണുന്നില്ല. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുകൂലമായ സാഹചര്യമാണുള്ളത്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം എന്നിവ ഈ ഉദ്ദേശ്യത്തോടെ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയവയാണ്. വകുപ്പിലെ എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ

കാലത്ത് MSME മേഖലയിൽ സംസ്ഥാനത്ത് 69,138 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6448.81 കോടി രൂപയുടെ നിക്ഷേപവും 2,45,369 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## കെ-സ്വിഫ്റ്റ്

186 (2494) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നത് ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുകയും ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുമുണ്ട് . 2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ , 2019-ലെ ‘ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയവയാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേക്ക്

നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ‘ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)’ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരി-ക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തി വരുന്നു.

(ബി) സംസ്ഥാനത്ത് കെ-സ്വിഫ്റ്റ് മുഖേന ഈ സർക്കാർ കാലയളവിൽ എത്ര വ്യവസായങ്ങൾക്ക് അപേക്ഷ ലഭിച്ചിരുന്നുവെന്നും എത്ര എണ്ണത്തിന് മുപ്പത് ദിവസത്തിനുള്ളിൽ തന്നെ പ്രവർത്തന അനുമതി ലഭ്യമാക്കിയെന്നും അറിയിക്കുമോ; അവയുടെ ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കെ-സ്വിഫ്റ്റിലൂടെ 592 അനുമതി അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽ 204 അനുമതികൾ നല്കുകയുണ്ടായി. ഇതിൽ 91 അനുമതികൾ 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കിയവയാണ്. അനുമതികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. കൂടാതെ, 2019 ഫെബ്രുവരിയിൽ കെ-സ്വിഫ്റ്റ് നിലവിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് 14,055 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് Acknowledgement Certificate നല്കുകയുണ്ടായി.

(സി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്ന വിപണനത്തിനായി സ്ഥാപിക്കുന്ന എക്സിബിഷൻ കം ട്രേഡ് സെന്ററിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഇത്തരം സെന്ററുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിന് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി&ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്ന വിപണനത്തിനായി കൊച്ചിയിൽ കാക്കനാട് അന്തർദേശീയ നിലവാരമുള്ള ഒരു എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കിൻഫ്ര തുടക്കമിട്ടിട്ടുണ്ട്. കൂടാതെ 28-2-2020-ലെ G.O. (Rt)No.185/2020/ID പ്രകാരം കണ്ണൂർ മട്ടന്നൂരിൽ ഇൻർനാഷണൽ കൺവെൻഷൻ & എക്സിബിഷൻ സെന്ററിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്.

**പ്രവാസികൾക്കായി വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

187 (2495) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്ന് മടങ്ങി വരുന്ന പ്രവാസികൾക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

വിദേശത്ത് നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിലും കോവിഡ് സാഹചര്യത്തിൽ സൂക്ഷ്മ-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിൽ നൽകി വരുന്ന 20% സബ്സിഡി 25% സബ്സിഡിയായി ഉയർത്തുകയും ടി വിഭാഗത്തിലേയ്ക്ക് പ്രവാസി സംരംഭകരുടെ യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സംരംഭക സഹായ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

(സി) കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിൽ പ്രത്യേക പ്രധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യും നോർക്കയും പ്രവാസി ഭദ്രതാ മെഗാ പദ്ധതി എന്ന പേരിൽ പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

**സിമന്റിന് മേലുള്ള കുത്തക നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി**

188 (2496) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിമന്റിനുമേലുള്ള കുത്തക നിയന്ത്രണം ഒഴിവാക്കുന്നതിനും അതുവഴി വിലക്കയറ്റം ഒഴിവാക്കുന്നതിനും വേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിലെ സിമന്റ് വിപണിയുടെ 95% വും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉൽപാദകരാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമന്റിന്റെ അളവിൽക്കൂടുതൽ സിമന്റ് ഉൽപാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റയിൽ/റോഡ് മാർഗ്ഗം എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ

സിമന്റ് ഉൽപ്പാദിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉൽപ്പാദനം ഉയർത്തുന്നതിനും ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽ ഗ്രേ സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടികൾ മേൽ കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കമ്പനി നിലവിൽ ഉല്പാദിപ്പിച്ചു വരുന്ന വെള്ള സിമന്റിന്റെ വില കഴിഞ്ഞ 3 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. പൊതുമേഖലയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡിലും നിലവിലുള്ള കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തി വരുന്നത് .

**യുവജനങ്ങൾക്കുള്ള തൊഴിൽ സംരംഭങ്ങൾ**

189 (2497) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിജ്ഞാനാധിഷ്ഠിത സാങ്കേതിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

നമ്മുടെ സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനതയ്ക്ക് തൊഴിൽ സൃഷ്ടിക്കുന്നതിന് എറണാകുളം ജില്ലയിൽ കാക്കനാട് കിൻഫ്ര പാർക്കിലെ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ടാറ്റ കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തിന് 36 ഏക്കർ ഭൂമിയും ടാറ്റ എലക്സി എന്ന സ്ഥാപനത്തിന് തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ഐ.ടി/ഐ.ടി. അധിഷ്ഠിത സാമ്പത്തിക മേഖലയിൽ 2.17 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടവും അനുവദിച്ചു നൽകിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ടെക്നോളജി ക്ലിനിക്കുകൾ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുവഴി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യ പകർന്നു നൽകാനും ഈ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും കഴിയുന്നു. ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ അംഗീകരിച്ചിട്ടുള്ള പരിശീലന മാതൃകകൾ ഉപയോഗപ്പെടുത്തി കൊണ്ട് മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിച്ചു വരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപമെന്റിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. യുവജനതയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് സംരംഭ വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. യുവസംരംഭകരുടെ സംരംഭ ആശയങ്ങൾക്കുള്ള സഹായങ്ങൾ നൽകുന്നതിന് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും മിനി ബിസിനസ് ഇൻകുബേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാരംഭ മൂലധന സഹായം (സീഡ് ഫണ്ട് സഹായം) നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് 2021-22 വർഷത്തിൽ ഇന്നവേഷൻ ആക്സിലറേഷൻ സ്കീമിൽ ഉൾപ്പെടുത്തി നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് 1100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പുതുതലമുറ തൊഴിൽദാതാക്കളെ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്ന സംരംഭകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

പുതുതലമുറ സംരംഭകരെ രൂപപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്/ജില്ലാടിസ്ഥാനത്തിൽ നിക്ഷേപക സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. പ്രാദേശിക വിഭവങ്ങളുടെ ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന 'ഒരു ജില്ല ഒരു ഉത്പന്നം' എന്ന പദ്ധതിക്ക് കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് എന്ന സ്കീമിലൂടെ സഹായം

നൽകി വരുന്നുണ്ട്. കൂടാതെ പൊതു സ്വഭാവമുള്ള വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ക്ലസ്റ്റർ അടിസ്ഥാനത്തിൽ പൊതുസേവന കേന്ദ്രങ്ങളും അടിസ്ഥാനസൗകര്യ വികസനവും സാധ്യമാക്കുന്ന എം.എസ്.ഇ.-സി.ഡി.പി. പദ്ധതി മുഖേന സഹായം നൽകി വരുന്നുണ്ട്. കെൽട്രോൺ ഐ.ടി. ബിസിനസ് ഗ്രൂപ്പിന് പുതിയ സാങ്കേതികവിദ്യകളായ Artificial Intelligence, IoT, Geographical information system എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിന് സ്റ്റാർട്ടപ്പ് കമ്പനികളെ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഈ മേഖലയിൽ പുതുതലമുറ തൊഴിൽദാതാക്കളെയും ഉൾപ്പെടുത്തി സംയോജിതമായ പദ്ധതി നിർവഹണം സാധ്യമാക്കാനാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്.

(സി) ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുള്ള സർക്കാർ നടപടികൾ വിശദമാക്കുമോ?

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിലുൾപ്പെടുത്തി ഭക്ഷ്യ കാർഷിക വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി പാലക്കാട് ജില്ലയിൽ 79 ഏക്കർ സ്ഥലത്ത് എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തി കിൻഫ്ര ഒരു മെഗാഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജന വസ്തുക്കളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമാക്കി തൊടുപുഴയിലെ മുട്ടത്ത് 15 ഏക്കർ സ്ഥലത്ത് ഒരു സ്പൈസസ് പാർക്ക് (ഒന്നാംഘട്ടം) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുവഴി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി അധിക ധനസഹായമായി ആകെ സ്ഥിരനിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉൾപ്പെടെ പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകി വരുന്നു. പ്രാദേശിക വിഭവങ്ങളുടെ ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന "ഒരു ജില്ല ഒരു ഉത്പന്നം" എന്ന പദ്ധതിക്ക് കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് എന്ന സ്കീമിലൂടെ സഹായം നൽകി വരുന്നുണ്ട്. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപമെന്റ് മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ ഇൻകുബേഷൻ സപ്പോർട്ട് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു.

## അസംഘടിത തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സഹായം

190 (2498) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, നിർമ്മാണ മേഖലകൾ ഉൾപ്പെടെയുള്ള മേഖലകളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 705 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ നൈപുണ്യ വികസന സഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിരുന്ന അംഗബലത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) തൊഴിലാളി സഹകരണ സംഘങ്ങളുടെ അംഗബലം സംബന്ധിച്ച പുതുക്കിയ മാനദണ്ഡപ്രകാരം കൂടുതൽ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ ധനസഹായം ലഭിക്കാൻ അവസരം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ഇതുമൂലം കൂടുതൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങൾ നടത്തുന്ന വ്യവസായ-വാണിജ്യ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇത്തരം സഹകരണ സംഘങ്ങൾ നടത്തുന്ന വ്യവസായ വാണിജ്യ സംരംഭങ്ങൾക്ക് പ്രോത്സാഹനവും കൈത്താങ്ങും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം വഴി ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## ത്രിതല പഞ്ചായത്തുകളിൽ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെ നിയമനം

191 (2499) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവൽക്കരണത്തെ മുൻനിർത്തി എല്ലാ ത്രിതല പഞ്ചായത്തുകളിലും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഇല്ല.

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിൽ അധിക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശത്തിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വിശദമായ പഠനം നടത്തി 24-8-2017 ൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ വിശദമായ ശിപാർശ സർക്കാർ പരിഗണിക്കുകയും നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത ശിപാർശ നിരസിക്കുകയുമുണ്ടായി.

## സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം ആകർഷിക്കൽ

192 (2500) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം ആകർഷിക്കാൻ കേരളം വൈമനസ്യം കാട്ടുന്നതായ പരാതി പരിഹരിക്കുമോ; കൂടുതൽ നിക്ഷേപം ആകർഷിക്കാൻ സർക്കാർ പ്രയത്നിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്ന ഏത് നിക്ഷേപകനെയും സംരംഭകനെയും നിലനിർത്താൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ രാഷ്ട്രീയം നിക്ഷേപത്തിന്റെ രാഷ്ട്രീയവും തൊഴിൽ സൃഷ്ടിക്കലിന്റെ രാഷ്ട്രീയവുമായി മാറാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

(എ-സി) നിക്ഷേപ സൗഹൃദ അന്തരീക്ഷം ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ (ESG) ഒന്നാം ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ മാറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള നയരൂപീകരണവും സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും ബുദ്ധിമുട്ട് ലഘൂകരിക്കാനും കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും

വേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും, വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ചു നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ

കുടിക്കാഴ്ച നടത്തി വരുന്നുണ്ട്. വ്യവസായ സംരഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നൂതനമായ പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയും നടത്തി വരുന്നു. ടി പരിപാടിയിലൂടെ ഇതുവരെ വിവിധ സംരംഭങ്ങൾക്കായുള്ള 2350 കോടി രൂപയുടെ പദ്ധതികൾ സംബന്ധിച്ച് ധാരണയായിട്ടുണ്ട്.

### ചകിരിച്ചോറിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള വിപണനം

193 (2501) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയിൽ ചകിരിച്ചോറിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള വിപണനം കാര്യക്ഷമമാക്കി കാർഷികാവശ്യങ്ങൾക്കുള്ള ജൈവ വളങ്ങൾ ഉൾപ്പെടെ നിർമ്മിക്കാനും കയർ ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ചകിരി ചോറിനെ (കയർ പിത്ത്) കുറഞ്ഞ സമയംകൊണ്ട് വളമാക്കി മാറ്റുന്നതിനുള്ള ടൈക്കോ പിത്ത് എന്ന ഉല്പന്നം നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) വികസിപ്പിച്ചിട്ടുണ്ട്. ചകിരിച്ചോറിനെ ടൈക്കോ പിത്ത് ഉപയോഗിച്ച് ജൈവവളം ആക്കുന്നതിനുവേണ്ടിയുള്ള പരിശീലനങ്ങളും എൻ.സി.ആർ.എം.ഐ നടത്തിവരുന്നു. ഗാർഹിക മാലിന്യങ്ങളെ ജൈവ വളമാക്കി മാറ്റുന്നതിനുവേണ്ടി കയർ പിത്ത് ഉപയോഗിച്ചുള്ള ഒരു ഉൽപ്പന്നം (പിത്ത് ആക്ടിവേറ്റർ) എൻ.സി.ആർ.എം.ഐ വികസിപ്പിക്കുകയും ഇത് ഉപയോഗിച്ചുള്ള ജൈവ വളം നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ കയർഫെഡിന് കൈമാറുകയും ചെയ്തു. കയർഫെഡ് ഈ സാങ്കേതിക വിദ്യ കേരളത്തിലുടനീളം അതത് മുൻസിപ്പൽ കോർപ്പറേഷനുകളുമായി സഹകരിച്ച് വ്യവസായികമായി നടപ്പിലാക്കി വരുന്നു. കയർപിത്തിൽ നിന്നും മറ്റു മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ എൻ.സി.ആർ.എം.ഐ.-യിൽ നടന്നു വരുന്നു. കൂടാതെ "ടെണ്ടർ കോക്കനട്ട്"-ന്റെ പിത്ത് ഉപയോഗിച്ചുകൊണ്ട് ചിലവ് കുറഞ്ഞ രീതിയിൽ ഒരു നടീൽ മിശ്രിതം

വികസിപ്പിക്കുവാനുള്ള ഗവേഷണവും നടന്നുവരുന്നു. ടെണ്ടർ കോക്കനട്ടിന്റെ പിത്തും ഫൈബറും ഉപയോഗിച്ച് ഭക്ഷ്യ കൂൺ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. ചകിരിനാരിന്റെ മൃദുത്വം വർദ്ധിപ്പിച്ച് സ്പിന്നെബിലിറ്റി കൂട്ടി വിവിധങ്ങളായ മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളും നടന്നു വരുന്നു.

**പൂതു പ്രവാസി നിക്ഷേപകർക്ക് ഒരു പൊതു പ്ലാറ്റ്ഫോം**

194 (2502) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരവധി സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ സന്നദ്ധരായി കോവിഡാനന്തരം തിരിച്ചെത്തുന്ന പ്രവാസികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കോവിഡാനന്തരം തിരിച്ചെത്തിയ പ്രവാസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി " NRK Data Portal" എന്ന സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഇതിലേയ്ക്ക് വിവരങ്ങൾ രേഖപ്പെടുത്താനാകും. 2821 പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തങ്ങളുടെ കൈവശമുള്ള ആസ്തികൾ, മൂലധനം, ആശയങ്ങൾ എന്നിവ മറ്റ് സംരംഭകരുമായി പങ്കുവയ്ക്കുന്നതിനുള്ള താത്പര്യവും ഇവർ പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ NORKA Business Facilitation Center എന്ന ഏകജാലക സംവിധാനവും നിലവിലുണ്ട്. പ്രവാസി വ്യവസായികൾക്ക് നിക്ഷേപ സാധ്യതകളെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുക, നിക്ഷേപം ക്ലിയറൻസുകൾ ഇവ സംബന്ധിച്ച് ഉപദേശങ്ങൾ, പ്രവാസി നിക്ഷേപ സംഗമങ്ങൾ, ട്രെയിനിംഗ് പ്രോഗ്രാം വർക്ക്ഷോപ്പ് ജി2 ബി, ബി2 ബി മീറ്റുകൾ എന്നിവ ഈ സംവിധാനം വഴി നടപ്പിലാക്കി വരുന്നു.

**നവോദയ കുന്നിൽ കിൻഫ്ര ഭൂമി ഏറ്റെടുക്കുന്ന നടപടി**

195 (2503) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം, കുന്നോത്ത്പറമ്പ് പഞ്ചായത്തിൽപ്പെട്ട നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്കിന് വേണ്ടി

ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് വില നൽകാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നവോദയ കുന്നിൽ കിൻഫ്രയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കാൻ നിഷ്കർച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) വ്യവസായ പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ട പരിഹാരം നിർണ്ണയിക്കുന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള റവന്യൂ അധികാരികളാണ്. RFCTLARR Act, 2013 വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ളത് പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നത്.

### കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

196 (2504) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ ബാംബൂ ഫാക്ടറിയിൽ ജോലി നോക്കുന്ന ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത്, ഫാക്ടറി ഡിപ്പോ തൊഴിലാളികളും ജീവനക്കാരും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി തൊഴിലാളി യൂണിയൻ പ്രസിഡന്റ് 9-8-21-ന് സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പറഞ്ഞ തീയതിയിലെ നിവേദനം സർക്കാരിൽ ലഭിച്ചിട്ടില്ല. തൊഴിലാളി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ പരിശോധന നടന്നുവരുന്നുവെങ്കിൽ പരിശോധന എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ബാധകമല്ല.

### സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയുടെ പ്രവർത്തനം

197(2505) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന് കീഴിലുള്ള ഫാക്ടറികളിൽ ഇപ്പോഴും ഈറ്റ കിട്ടാത്തതിനാൽ പ്രവർത്തനം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 17-8-2021 മുതൽ ഈറ്റ വെട്ടാൻ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈറ്റവെട്ട് ആരംഭിയ്ക്കുകയും പ്രൊഡക്ഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫാക്ടറികൾക്ക് ആവശ്യമായ ഈറ്റ ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കഴിഞ്ഞ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസം ക്ലോഷർ പിരീയഡ് ആയതിനാൽ വനം വകുപ്പിൽനിന്നും ഈറ്റ വെട്ടാൻ അനുവാദം ലഭിച്ചിരുന്നില്ല. 17-8-2021 മുതൽക്കാണ് ഈറ്റ വെട്ടാൻ ഉത്തരവ് നൽകിയത് പ്രകാരം 7500 ടൺ പത്തനംതിട്ടയിൽ നിന്നും ബാക്കി 2500 മെട്രിക് ടൺ പൂയംകുട്ടി, ഇടമലയാർ, ചാലക്കുടി എന്നിവിടങ്ങളിൽ നിന്നുമാണ് ലഭിച്ചിരിക്കുന്നത്. ഇതിൽ ചാലക്കുടി, പൂയംകുട്ടി മേഖലയിൽ പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റയാണ് ലഭിക്കുന്നത്. എന്നാൽ പത്തനംതിട്ടയിൽ നിന്നും ലഭിക്കുന്ന ഈറ്റ പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റയല്ല. ഇത് പ്രധാനമായും കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ഈറ്റയാണ്. ഇപ്പോൾ ലഭ്യമായ ഇടമലയാർ, പൂയംകുട്ടി, ചാലക്കുടി ഈറ്റ അങ്കമാലിയിലുള്ള വിവിധ നെയ്ത്ത് കേന്ദ്രങ്ങളിൽ നൽകി വരുന്നുണ്ട്. ഒക്ടോബർ മാസം അവസാനത്തോടുകൂടി എല്ലാ നെയ്ത്ത് കേന്ദ്രങ്ങളിലും ഈറ്റ എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മൂന്നാർ വനം ഡിവിഷനിൽ നിന്നും ഈറ്റ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

മൂന്നാർ വനം ഡിവിഷനിൽ നിന്നും ഈറ്റ ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

(ഡി) ചാലക്കുടി, മലയാറ്റൂർ, പത്തനംതിട്ട എന്നീ വനം ഡിവിഷനുകളിൽ നിന്നും ഈറ്റ ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പത്തനംതിട്ട മേഖലയിൽ നിന്നും 7500 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 7 ലോഡ് (35 മെട്രിക് ടൺ) ഈറ്റ വെട്ടി എടുക്കുകയും, ഇതിൽ 4 ലോഡ് (20 മെട്രിക് ടൺ) കൊട്ട, മുറം നെയ്യുന്ന തൊഴിലാളികൾക്ക് നല്കുകയും, ബാക്കി വരുന്ന 3 ലോഡ് (15 മെട്രിക് ടൺ) ഈറ്റ തിരുവനന്തപുരത്തുള്ള വെളിയന്നൂർ, നെടുമങ്ങാട് എന്നീ ഡിപ്പോകളിലും, കുട്ടറ, ചായ്ക്കുളം എന്നീ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് ക്രേന്ദ്രങ്ങളിലും തൊഴിലാളികൾക്ക് എത്തിച്ചു നൽകിയിട്ടുണ്ട്. ഇടമലയാർ മേഖലയിൽ നിന്നും 150 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികൾ ഡാമിൽ കൂടി

15 കിലോമീറ്ററുകളോളം ചങ്ങാടത്തിൽ സഞ്ചരിച്ചാണ് കാട്ടിൽ ഈറ്റ ശേഖരിക്കാൻ പോകുന്നത്. ഇതിനായ് ഇവർ 15 ദിവസത്തോളം വനത്തിൽ താമസിച്ചിട്ടാണ് ഈറ്റയുമായി തിരിച്ചുവരുന്നത്. ചാലക്കുടി മേഖലയിൽ നിന്നും 750 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചതിനുശേഷം 4 ലോഡ് ഈറ്റ തൊഴിലാളികൾ വെട്ടിവച്ചതിൽ 1 ലോഡ് (5 മെട്രിക് ടൺ) അങ്കമാലി ഭാഗത്തുള്ള നെയ്ത്ത്ശാലകളിൽ തൊഴിലാളികൾക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്.

(ഇ) ബാംബൂ കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളി കുടുംബങ്ങൾ കോവിഡ് കാലത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്നത് കണക്കിലെടുത്ത് ഈറ്റ ലഭ്യമാക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും ഈറ്റവെട്ട് തൊഴിലാളികൾക്കും ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ് വഴിയാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ് വഴി ബാംബൂ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 1000 രൂപ വച്ച് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ തൊഴിലാളികൾക്ക് അഡ്വാൻസ് ആയി 1000 രൂപ പ്രകാരം നൽകിയിരുന്നു. മുൻ കാലങ്ങളിലെ ഡി.എ. കുടിശ്ശിക ഇനത്തിൽ നല്കുവാനുണ്ടായതിൽ 15 മാസത്തെ കുടിശ്ശിക 3.96 കോടി രൂപയും ഓണത്തോടനുബന്ധിച്ച് ഇൻസെന്റീവ് ഇനത്തിൽ 1.50 കോടി രൂപയും ഈ തൊഴിലാളികൾക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. ബാക്കി നൽകുവാനുള്ള ഡി.എ. കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. ഡി.എ. ഇനത്തിൽ ഏകദേശം 50,000 രൂപ വരെ ഒരു തൊഴിലാളിക്ക് ലഭിച്ചിട്ടുണ്ട്. ആയത് ഒരു പരിധി വരെ തൊഴിലാളികൾക്ക് ഈ കോവിഡ് കാലത്ത് ഉപകാരപ്പെട്ടിട്ടുണ്ട്.

**മൈക്രോ ഫിനാൻസ് കോർപ്പറേഷൻ**

198(2506) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ മൈക്രോ ഫിനാൻസ് കോർപ്പറേഷൻ ആരംഭിക്കുമെന്നുള്ള മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന നാളിതുവരെ എത്ര സംരംഭകർക്ക് എത്ര രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ച പുനരുജ്ജീവിപ്പിക്കുന്നതിനും ലോക്ക്ഡൗണിന്റെ ആഘാതത്തിൽ നിന്നും അവയെ രക്ഷപ്പെടുത്തുന്നതിനും ഈ മേഖലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ടി " കേരള മൈക്രോ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന പേരിൽ ഒരു ബാങ്കിതര ധനകാര്യ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന്റെ സാധ്യത സർക്കാർ പരിശോധിച്ചുവരികയാണ്.

**അനധികൃത പാറഖനനം**

199 (2507) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത പാറഖനനം വ്യാപകമാകുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ എന്തെല്ലാം പരിഹാരനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് 586 പാറ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. പാറഖനനം മുഖേന ഉണ്ടാകുന്ന ശബ്ദമലിനീകരണവും പൊടി കാരണം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും നിയന്ത്രിക്കുന്നതിലേയ്ക്കായുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. അനധികൃതമായ ഖനനം നടത്തുന്നതിൽ നിന്നും Environment compensation ഈടാക്കുന്നുണ്ട്. അനധികൃത പാറഖനനം വ്യാപകമാകുന്നത് തടയാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ മൂന്ന് മിനറൽ സ്ക്വാഡുകളും ജില്ലാ ആഫീസുകളും നിരന്തര പരിശോധന നടത്തുകയും അനധികൃത ഖനനം കണ്ടെത്തിയാൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഇത്തരത്തിലുള്ള ഖനനംമൂലം പരിസരവാസികൾക്ക് അപകടങ്ങൾ സംഭവിക്കുന്നത് തടയുന്നതിനും അപകടത്തിൽപ്പെട്ടവർക്ക് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ക്വാറികളിൽ അപകടങ്ങൾ തടയുന്നതിന് മൈനിംഗ് പ്ലാൻ അനുസരിച്ച് ശാസ്ത്രീയമായി ഖനനം നടത്തുന്നതിനും, ക്വാറികൾ ഫെൻസ് ചെയ്യുന്നതിനും 2015 കെ.എം.എം.സി. ചട്ടം റൂൾ 10-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഡിസ്ട്രിക്

മിനറൽ ഫൗണ്ടേഷൻ ഫണ്ടിൽ നിന്നും ജില്ലാ കളക്ടർക്ക് ഇതിനായി തുക അനുവദിക്കാവുന്നതാണ്. ക്വാറികളിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ, ക്വാറി ഉടമതന്നെ ജില്ലാ കളക്ടറെയും, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി, ബംഗളൂരുവിനേയും അറിയിക്കേണ്ടതും, ടി അതോറിറ്റികൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ക്വാറി ഉടമ നൽകേണ്ടതുമാണെന്നും 2015-ലെ കെ.എം.എം.സി. ചട്ടം റൂൾ 10 ലും 17 ലും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി തുക കൃത്യമായി ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റോയൽറ്റി മുൻകൂറായി ഒടുക്കിയാൽ മാത്രമേ മൂവ്മെന്റ് പെർമിറ്റും പാസ്സുകളും അനുവദിക്കാറുള്ളൂ.

**സംസ്ഥാനത്തെ പാറക്വാറികളുടെ പ്രവർത്തനം**

200 (2508) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പാറക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദീകരിക്കാമോ?

കേരളത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ക്വാറികളുടെ എണ്ണം 586 ആണ്. തിരുവനന്തപുരം 57, കൊല്ലം 25, പത്തനംതിട്ട 52, ആലപ്പുഴ 5, കോട്ടയം 25, ഇടുക്കി 17, എറണാകുളം 62 ,തൃശ്ശൂർ 26, പാലക്കാട് 61, മലപ്പുറം 109, കോഴിക്കോട് 64, വയനാട് 5, കണ്ണൂർ 64, കാസർഗോഡ് 14.

(ബി) ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് അടുത്ത കാലത്തുണ്ടായ സുപ്രീം കോടതി വിധിയെ തുടർന്ന് പാരിസ്ഥിതികാനുമതി പിൻവലിയ്ക്കപ്പെട്ട ക്വാറികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദീകരിക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയെ തുടർന്ന് ക്വാറികളുടെ പാരിസ്ഥിതികാനുമതി പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പാറ ലഭ്യമല്ലെന്ന പരാതിയുടെ നിജസ്ഥിതി വിശദീകരിക്കാമോ?

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ കരിങ്കൽ ക്വാറികളുടെ ദൂരപരിധി 200 മീറ്ററാക്കി ഉയർത്തിയതിനെത്തുടർന്ന് ഒരു വർഷക്കാലയളവിൽ അനുവദിച്ച് വന്നിരുന്ന കരിങ്കല്ല് ഖനനത്തിനായുള്ള ക്വാറിയിംഗ് പെർമിറ്റുകൾ

തുടർന്നും അനുവദിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. അതുപോലെ ലാറ്ററൈറ്റ്, കരിങ്കല്ല് എന്നീ ധാതുക്കളുടെ ഖനനാനുമതിക്കായി പുതുതായി സമർപ്പിച്ചിട്ടുള്ള 436 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൃഷിയിടത്തിലെ ചെറുപാറകൾ പൊട്ടിക്കാൻ നൽകിയ അപേക്ഷ തീർപ്പാക്കാൻ നടപടി**

201 (2509) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ലിസമ്മ സെബാസ്റ്റ്യൻ എന്ന വ്യക്തി കൃഷിയിടത്തിലെ ചെറുപാറകൾ പൊട്ടിക്കാൻ നൽകിയ അപേക്ഷയുടെ (ഫയൽ നമ്പർ IND-A3/411/2020-IND) ഇപ്പോഴത്തെ അവസ്ഥയെന്താണ്; ടിയാൾ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നരവർഷത്തിലധികമായി പ്രസ്തുത ഫയലിൽ തീർപ്പ് കൽപ്പിക്കാതെയിരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രീമതി ലിസമ്മ സെബാസ്റ്റ്യൻ 12-12-2019-ൽ സമർപ്പിച്ച അപേക്ഷ, കോട്ടയം ജില്ലാ ജിയോളജിസ്റ്റിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി കെ.എം.എം.സി. 2015, ചട്ടം 104 പ്രകാരം സർക്കാർ അനുമതിക്ക് ശിപാർശ ചെയ്തുകൊണ്ട് 11-12-2020-ലെ കത്ത് മുഖേന മൈനിങ് & ജിയോളജി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. ലിസമ്മ സെബാസ്റ്റ്യന്റെ പ്രസ്തുത ആവശ്യത്തിന്മേലുള്ള അനിവാര്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് ഫയൽ തീർപ്പാക്കാൻ സാധിക്കാത്തത്.

(സി) മൈനിംഗ് & ജിയോളജി ഡയറക്ടറോട് ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് എത്രനാളായി എന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് ആവശ്യപ്പെട്ടത് 16-2-2021 -ൽ ആണ്.

(ഡി) പലയിടത്തായി കിടക്കുന്ന ചെറുപാറകൾ പൊട്ടിച്ച് കൂട്ടിയാൽ മാത്രമേ ആയതിന്റെ അളവ് കണക്കാക്കാൻ സാധിക്കു എന്ന് ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടും പ്രസ്തുത പാറയുടെ അളവ് തിട്ടപ്പെടുത്തി നൽകാൻ ആവർത്തിച്ച് ആവശ്യപ്പെടുന്നതിന്റെ യുക്തി എന്തെന്ന് വ്യക്തമാക്കാമോ?

പാറയുടെ അളവ് തിട്ടപ്പെടുത്തി നൽകാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത ഫയൽ നടപടികൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; അകാരണമായി ഫയൽ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഫയൽ നടപടികൾ റിപ്പോർട്ട് ലഭ്യമാക്കി എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങൾ**

202 (2510) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടെത്തിയ പ്രധാനപ്പെട്ട ധാതുനിക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ധാതുക്കളുടെ നിക്ഷേപം സംബന്ധിച്ച പര്യവേക്ഷണങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കണ്ടെത്തിയ പ്രധാനപ്പെട്ട ധാതുനിക്ഷേപങ്ങൾ ചീനകളിമണ്ണ്, സിലിക്കാ മണൽ, സ്വർണ്ണം, ലൈം ഷെൽ, ബോക്സൈറ്റ്, ഇരുമ്പയിര്, ഇഷ്ടികചെളി എന്നിവയാണ്. ഇപ്പോൾ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, തളിപറമ്പ് താലൂക്കുകളിലായി മൂന്നു സ്ഥലത്ത് ലാറ്ററൈറ്റ്/ അലുമിനസ് ലാറ്ററൈറ്റ്/ ബോക്സൈറ്റ്, ചൈനാക്ലേ എന്നിവയുടെ പര്യവേഷണം നടന്നുവരുന്നു. വെള്ളോറ, കുറ്റൂർ വില്ലേജുകളിൽ ഉൾപ്പെട്ട അനിക്കംപാറ, വെള്ളോറ വില്ലേജിൽ ഉൾപ്പെട്ട ബക്കളം, ചുഴലി വില്ലേജിൽ ഉൾപ്പെട്ട ഇരുവള്ളൂർ എന്നിവിടങ്ങളിലാണ് പര്യവേഷണം നടക്കുന്നത്.

(ബി) സുതാര്യവും കാര്യക്ഷമവുമായ ധാതുപരിപാലനത്തിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ക്വാറികൾക്കുള്ള മൂവ്മെന്റ് പെർമിറ്റും ട്രാൻസിറ്റ് പാസും ഓൺലൈൻ ആയി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ KOMPAS പോർട്ടലിൽ നിന്നാണ് അനുവദിക്കുന്നത്. ക്വാറിയിംഗ് പെർമിറ്റ്/ ലീസ് എന്നിവയ്ക്കായുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുവദിക്കുന്നതും പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സംസ്ഥാനത്തെ ധാതുക്കളുടെ അനധികൃത ഖനനം, കടത്ത് എന്നിവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ധാതുക്കളുടെ അനധികൃത ഖനനവും കടത്തും തടയാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ 3 സ്ക്വാഡുകളും ജില്ലാ ഓഫീസുകളും നിരന്തര പരിശോധന നടത്താറുണ്ട്. അനധികൃത ഖനനം കണ്ടെത്തിയാൽ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 108(2) പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്.

**കാഞ്ഞിരോട് കൈത്തറി ഗ്രാമം**

203(2511) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരോടിൽ സ്ഥാപിക്കുന്ന കൈത്തറി ഗ്രാമത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാൻഡ്‌ലൂം വില്ലേജ് സ്ഥാപിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന സ്ഥലം കാഞ്ഞിരോട് കൈത്തറി സംഘത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതിനാൽ സംഘത്തിന്റെ സന്നദ്ധത ആവശ്യമായിരുന്നു. ആയത് ലഭ്യമായത് 5-10-2021- ൽ ആണ്.

(സി) പ്രസ്തുത കൈത്തറി ഗ്രാമം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ അംഗീകരിയ്ക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ഗ്രാമീണ വ്യവസായ യൂണിറ്റും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടിയും**

204 (2512) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവന തൊഴിലുകളുമായി ബന്ധപ്പെടുത്തി ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്വഴി നിലവിൽ നടപ്പിലാക്കി വരുന്ന SEGP/PMEGP പദ്ധതികൾ മുഖേന ഉപജീവന തൊഴിലുകളുമായി ബന്ധപ്പെടുത്തിയുള്ള ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

(ബി) ഖാദി, ഗ്രാമീണ വ്യവസായ സംഘങ്ങളെ പുനഃസംഘടിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല. 2022-23 വർഷത്തെ പദ്ധതിയിൽ 30 സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(സി) നഷ്ടത്തിലായ സംരംഭകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബോർഡിന്റെ പാറ്റേൺ, സി.ബി.സി. പദ്ധതി പ്രകാരം കുടിശ്ശിക വരുത്തിയ വായ്പകൾക്ക് പിഴപ്പലിശയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

**ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

205 (2513) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം വെങ്ങാനൂർ തെന്നൂർകോണത്ത് ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനവും പതിനെട്ട് സെന്റ് വസ്തുവും സ്വകാര്യ വ്യക്തികൾ കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വസ്തു സഹകരണ സംഘത്തിന്റെ കീഴിലാണ്.

(ബി) മേൽപ്പറഞ്ഞ വസ്തുവിൽ നിന്ന് അഞ്ച് സെന്റ് വസ്തു സ്വകാര്യവ്യക്തിക്ക് വിലയാധാരം നൽകിയത് ഏത് തീരുമാനപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഈ നടപടിക്ക് നിയമപരമായ സാധുത ഉണ്ടോ?

നിലവിലെ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത വസ്തു വിലയാധാരം നൽകുന്നതിന് ഖാദി ബോർഡിൽ നിന്നും യാതൊരു അനുവാദവും നൽകിയതായി കാണുന്നില്ല. ആയതിനാൽ നടപടിക്ക് നിയമസാധുതയില്ല.

(സി) ഖാദി ബോർഡിന്റെ കീഴിൽ വിഴിഞ്ഞം മുക്കോല റോഡിൽ സ്ഥാപിച്ചിട്ടുള്ള നെയ്ത്ത് പരിശീലന കേന്ദ്രവും പതിമൂന്ന് സെന്റ് വസ്തുവും സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം പകുതിയോളം ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കി ഭാഗം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) മേൽപ്പറഞ്ഞ രണ്ട് സ്ഥാപനങ്ങളും സ്വകാര്യ വ്യക്തികൾ വാടകയ്ക്ക് നൽകി പണം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കോടിക്കണക്കിന് രൂപ വിലമതിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളും വസ്തുവും തിരികെ ഏറ്റെടുത്ത് രണ്ട് സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ ഉല്പാദന യൂണിറ്റും സെയിൽസ് ഔട്ട്‌ലെറ്റും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണനം**

206 (2514) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണനം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ വിപണി വികസിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്, ജല സംരക്ഷണ പദ്ധതിക്കും, റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണന ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നിർവ്വഹിക്കുന്നു. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക

ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഉൽപ്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റുള്ളത് കയർ ഭൂവസ്ത്രത്തിനാണ്. പി.പി.എസ്.എസ്. പദ്ധതി വഴി ചെറുകിട ഉല്പാദക സംഘങ്ങളിൽനിന്നും ഉത്പന്ന മേഖലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉത്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 16% ഡിസ്കൗണ്ട് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് നൽകി വരുന്നുണ്ട്. കയർ കേരളയിൽ പങ്കെടുത്ത് വ്യാപാര കരാർ ഒപ്പുവയ്ക്കുമ്പോൾ 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകിവരുന്നുണ്ട്. കയറിന്റേയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശനമേളയായ കയർ കേരള നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുകവഴിയും ആഭ്യന്തര-വിദേശ വിപണികൾ വിപുലീകരിക്കാൻ കഴിയുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 2021-22-ലെ ബജറ്റിൽ " Publicity propaganda including trade exhibition" എന്ന ശീർഷകത്തിൽ 10 കോടി രൂപ നീക്കിവച്ചിട്ടുള്ളത് കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. ഈ കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവെച്ച് സാനിമാറ്റ്, സാനിപാഡ് എന്നീ പേരുകളിൽ പ്രത്യേക കയറുല്പന്നങ്ങൾ അവതരിപ്പിച്ചത് കയറിന് പുതിയ വിപണി കണ്ടെത്തുന്നതിനാണ്.

## കയർ ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ നടപടി

207 (2515) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കയർ ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ചെയ്തു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലയിൽ കയറുല്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ചെറുകിട ഉല്പാദക സംഘങ്ങളിൽ നിന്നും

ഉല്പന്ന മേഖലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതികാർക്ക് വിറ്റഴിക്കുന്നതിന് 16% ഡിസ്കൗണ്ട് നൽകി വരുന്നു. ഉല്പാദക സഹകരണ സംഘങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ കെട്ടി കിടക്കാതെ വിറ്റഴിക്കുന്നതിനും വില സ്ഥിരത ഉറപ്പാക്കുന്നതിനും ഈ പദ്ധതി വഴി സാധ്യമായിട്ടുണ്ട്. കയർ കേരള 2019, വെർച്വൽ കയർ കേരള 2021 എന്നീ മേളകളിൽ പങ്കെടുത്ത കയറ്റുമതിക്കാർക്ക് നിലവിലുള്ള 10% ഡിസ്കൗണ്ടിനുപുറമെ അധികമായി 10% ഡിസ്കൗണ്ട് അനുവദിച്ചും, സ്പോട്ട് പേയ്മെന്റ് നടത്തുന്ന കയറ്റുമതികാർക്ക് 5% സ്പെഷ്യൽ ഡിസ്കൗണ്ടു കൂടി നൽകിയും കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. കയറിന്റേയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ 'കയർ കേരള' നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുക വഴി ആഭ്യന്തര-വിദേശ വിപണികൾ ഒരുപോലെ വിപുലീകരിക്കാൻ കഴിയുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു.

(ബി) കയർ മേഖലയുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടത്തി കയർ മേഖലയെ നവീകരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. 13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുനഃസംഘടന പ്രവർത്തനങ്ങൾ നിലവിൽ വിജയപ്രദമായി മുന്നോട്ടുപോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 23,000 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. 100 സംഘങ്ങളിൽ കൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാനസൗകര്യം വികസിപ്പിച്ച് കൊണ്ട് ഒന്നാം ഘട്ടം എന്ന നിലയിൽ ഓട്ടോമാറ്റിക് ലൂമുകൾ ആലപ്പുഴ പ്രോജക്ടിനുകീഴിലുള്ള വിവിധ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ

208 (2516) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ചെറായി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 581. 2.പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 715. 3. കുഴുപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 582. 4.ഉണ്ടു ഐലൻറ് കയർ ഉല്പന്ന സഹകരണ സംഘം ക്ലിപ്തം നമ്പർ 297.

(ബി) പ്രസ്തുത സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തൊണ്ട് സംഭരണം, ചകിരി, കയർ ഉല്പാദനം, കയർ ഉല്പന്നങ്ങളുടെ നിർമ്മാണം വിപണനം എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു .

(സി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഈ പദ്ധതികളുടെ തൽസ്ഥിതി എന്തെന്നും വിശദമാക്കാമോ?

സംഘങ്ങളിൽ യന്ത്രവല്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് സംഘങ്ങൾക്ക് 10 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വീതം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നീണ്ട കാലമായി പ്രവർത്തനരഹിതമായിരുന്ന കുഴപ്പിള്ളി സംഘത്തിന് 10 ഇലക്ട്രോണിക് റാട്ടുകൾ നല്കി സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ സംഘങ്ങൾക്ക് എം.ഡി.എ., പി.എം.ഐ., ഐ.എസ്.എസ്. തുടങ്ങിയ പദ്ധതികൾ മുഖേന ധനസഹായവും നല്കി വരുന്നു.

**കയർ വ്യവസായ സഹകരണ സംഘത്തിലെ തീപിടിത്തം**

209 (2517) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് വലിയഴിക്കലിലുള്ള കയർ വ്യവസായ സഹകരണ സംഘത്തിലുണ്ടായ (ക്ലിപ്തം നമ്പർ എ 658) തീപിടിത്തത്തെത്തുടർന്ന് എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഹരിപ്പാട് വലിയഴിക്കൽ കയർ വ്യവസായ സഹകരണ സംഘത്തിലുണ്ടായ (ക്ലിപ്തം നമ്പർ എ- 658 തീപിടിത്തത്തെ തുടർന്ന് 15,89,250 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സംഘം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തന മൂലധനത്തിനുണ്ടായ നഷ്ടം നികത്തുന്നതിനും സംഘത്തിന്റെ നിലനിൽപ്പിനും വേണ്ടി കയർഫെഡിനും കയർവികസന ഡയറക്ടറേറ്റിലും നൽകിയ നിവേദനത്തിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ?

സംഘത്തിലുണ്ടായ തീപിടിത്തത്തിൽ കയർ സ്റ്റോക്കിനുണ്ടായ നഷ്ടമായ 4,96,800 രൂപ പ്രവർത്തന മൂലധനം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് കായംകുളം കയർ പ്രോജക്ട് ഓഫീസർ ശിപാർശ ചെയ്തിരുന്നുവെങ്കിലും കയർ സഹകരണ സംഘങ്ങൾക്ക് അസംസ്കൃതവസ്തുകൾ വാങ്ങുന്നതിനും വേതനം നൽകുന്നതിനും മാത്രമേ പ്രവർത്തന മൂലധനം അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്ന് (10-8-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1161/2017/ ഐഡി) വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തീപിടുത്തംമൂലം നഷ്ടമായ തുക പ്രവർത്തന മൂലധനമായി അനുവദിക്കാൻ സാധിക്കുകയില്ല എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അടിയന്തിര ധനസഹായവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരം സാഹചര്യത്തിൽ അടിയന്തര ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ കയർ വികസന വകുപ്പിൽ നിലവില്ല. എങ്കിലും അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി ടി സംഘത്തിന് വർക്ക് ഷെഡ് നിർമ്മിക്കുന്നതിന് 9,65,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കയർ വ്യവസായ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വികസന ഫണ്ട്

210 (2518) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന വികസന ഫണ്ടായി അനുവദിച്ചിരുന്ന തുക വിനിയോഗിക്കുന്നതിൽ സംഘങ്ങൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്നും ഇത് തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാർ അംഗീകരിച്ച പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. വകുപ്പുതലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരോ ടെക്നിക്കൽ വിഭാഗമോ നിലവിലില്ലാത്തതിനാൽ കയർ സഹകരണ സംഘങ്ങൾ പ്രൈസ് സോഫ്റ്റ്‌വെയറുള്ള വകുപ്പുകളെയോ അംഗീകൃത ഏജൻസികളെയോ സമീപിച്ചാണ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത്. ഇപ്രകാരം സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത് ഇ-ടെണ്ടറിലൂടെയാണ്. ഇ-ടെണ്ടർ ചെയ്ത ശേഷം ടെക്നിക്കൽ സാങ്ഷൻ നൽകുന്നതിനോ, ചെക്ക് മെഷർമെന്റ് എടുക്കുന്നതിനോ, ബില്ലുകൾ പരിശോധിച്ച് നൽകേണ്ട തുക നിശ്ചയിക്കുന്നതിനോ, കയർ വികസന വകുപ്പിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥ വിഭാഗമില്ലാത്ത സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ 29-2-2020-ലെ സ.ഉ(സാ.ധാ)നമ്പർ 190/20/വ്യവ പ്രകാരം നോൺ പി.എം.സി ഏജൻസിയായി നിശ്ചയിച്ചിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന സർക്കാർ മാനദണ്ഡപ്രകാരം കയർ വികസന

ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള എഞ്ചിനീയർമാർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി പ്ലാനും എസ്റ്റിമേറ്റും വിലയിരുത്തുകയും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അംഗീകാരം വാങ്ങുകയും ടെക്നിക്കൽ സാങ്ഷനോടുകൂടി മുൻഗണനാ ക്രമത്തിൽ പ്രവൃത്തികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

**കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ പ്രത്യേക സെക്ഷൻ**

211 (2519) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ 119 കോടി രൂപ നീക്കിവച്ചിട്ടുള്ള കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ പ്രത്യേക സെക്ഷൻ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലിഭാരം കണക്കിലെടുത്തും കശുവണ്ടി മേഖലയുടെ ഏകോപനം ലക്ഷ്യമാക്കിയും വ്യവസായ വകുപ്പിൽ പുതിയ സെക്ഷൻ രൂപീകരിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) എങ്കിൽ പ്രസ്തുത ശിപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(ഡി) കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പുതിയ സെക്ഷൻ രൂപീകരണം പ്രത്യേക വിഷയമായി പരിഗണിക്കുമോ?

(സി&ഡി) പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള പ്രവൃത്തി പഠനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽനിന്നും കൈമാറിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ കശുവണ്ടി സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്നതിനായി വ്യവസായ വകുപ്പിൽ ഒരു സെക്ഷൻ രൂപീകരിക്കേണ്ടതാണെന്ന് പ്രവൃത്തി പഠനം നടത്തിയ സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിന്മേലുള്ള വ്യവസായ വകുപ്പിന്റെ അഭിപ്രായം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. സമിതിയുടെ ശുപാർശ പ്രകാരം വ്യവസായ വകുപ്പിൽ വിഷയങ്ങൾ പുനഃക്രമീകരിക്കുമ്പോൾ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന അമിതമായ ജോലിഭാരം സംബന്ധിച്ച വിഷയങ്ങൾ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിക്ക് കൈമാറിയിട്ടുണ്ട്. പരിഷ്കരിച്ച റിപ്പോർട്ട് പ്രകാരം ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ പൊതുഭരണ (എ.ആർ) വകുപ്പിൽ സ്വീകരിച്ചു വരുന്നു.

### കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം

212 (2520) ശ്രീ പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനും പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുവാനുമായി കഴിഞ്ഞ അഞ്ചുവർഷമായി കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇടപെടൽ നടത്തിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും പ്രസ്തുത സ്ഥാപനം മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകുകയും അവരുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾക്ക് നൽകിയുമാണ് പ്രവർത്തിച്ചു വരുന്നത്. കാഷ്യൂ ബോർഡ് രൂപീകൃതമായതിനുശേഷം 35,000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്

സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ കേരള കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചിരുന്നു. പ്രസ്തുത സ്ഥാപനം വഴി അത്യുല്പാദനശേഷിയുള്ള മേൽത്തരം ഗ്രാഫ്റ്റുകൾ, കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, മാതൃകാ കശുമാവിൻ തോട്ടം, അതിസാന്ദ്രതാ കൃഷി എന്നിവ നടപ്പിലാക്കി വരുന്നു. 2018, 2019 വർഷങ്ങളിൽ സംസ്ഥാനം അഭിമുഖീകരിച്ച കാലവർഷക്കെടുതിയിലും 2020-21 കാലയളവിൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽ ദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്രവർത്തിക്കുന്നത്.

(ബി) കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കഴിഞ്ഞിട്ടുണ്ട്. കേരളാ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം 20 സ്വകാര്യ കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലും 10 സ്വകാര്യ ഫാക്ടറികൾ കാപ്പെക്സിന്റെ കീഴിലും പ്രവർത്തിച്ചു വരുന്നു.

(സി) കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. കൂടാതെ സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള 6-2-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ഓരോ കശുവണ്ടി

യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് അനുവദിച്ച് നൽകിയിരുന്നു. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിൽ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടു പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22-9-2021-ന് ബഹുമാനപ്പെ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായികളുടെ പ്രതിനിധി, SLBC പ്രതിനിധി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവരുടെ പ്രതിനിധികളുമായി യോഗം ചേരുകയും ഒരു മാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു സമവായത്തിൽ എത്തുന്നതുവരെ കശുവണ്ടി വ്യവസായികൾക്കെതിരായ നടപടികളുമായി ബാങ്കുകൾ മുന്നോട്ടു പോകരുതെന്നും യോഗം തീരുമാനിച്ചിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച് ബാങ്കുകളും സ്വകാര്യ കശുവണ്ടി വ്യവസായികളും തമ്മിലൊരു സമയവായത്തിൽ എത്തുന്നതോടെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സ്വകാര്യ കശുവണ്ടി വ്യവസായികളുടെ വായ്പ പുനഃക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. കൂടാതെ സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള 6-2-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും

പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് അനുവദിച്ച് നൽകിയിരുന്നു. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിൽ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22-9-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായികളുടെ പ്രതിനിധി, SLBC പ്രതിനിധി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവരുടെ പ്രതിനിധികളുമായി യോഗം ചേരുകയും ഒരു മാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു സമവായത്തിൽ എത്തുന്നതുവരെ കശുവണ്ടി വ്യവസായികൾക്കെതിരായ നടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകരുതെന്നും യോഗം തീരുമാനിച്ചിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച് ബാങ്കുകളും സ്വകാര്യ കശുവണ്ടി വ്യവസായികളും തമ്മിൽ ഒരു സമവായത്തിൽ എത്തുന്നതോടെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) കശുവണ്ടി വ്യവസായത്തിന്റെ ആധുനികവത്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലുണ്ട്. പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ ദേശീയ

വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ കേരള കശുവണ്ടി വികസന കോർപ്പറേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നത് സർക്കാർ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. അതുപോലെ കാപ്പക്സിന്റെ അധീനതയിലുള്ള 10 കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത തുക കൂടി വിനിയോഗിച്ച് 2016 മുതൽ 2020 വരെ കാപ്പക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് വിവിധ കോടതികൾ വഴി അനുകൂലമായി വിധി വന്ന വകയിൽ നൽകാനുള്ള തുകയും ഉൾപ്പെടെ 9.57 കോടി രൂപ കാപ്പക്സിന് സർക്കാർ ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

(എഫ്) കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങളും പെൻഷനും ഉറപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ESI ആനുകൂല്യം ലഭിക്കുന്നതിനായി 6 മാസക്കാലയളവിൽ 78 ഹാജരാണ് വേണ്ടത്. കോവിഡിന്റെ പശ്ചാത്താലത്തിൽ ഇത് 39 ആയി ESI കോർപ്പറേഷൻ പുനഃക്രമീകരിച്ചിട്ടുള്ളതായി അറിവായിട്ടുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റെയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തി കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി അംശാദായവും, ESI കോൺട്രിബ്യൂഷൻ, EPF കോൺട്രിബ്യൂഷൻ എന്നിവയും കൃത്യമായി ഒടുക്കി വരുന്നുണ്ട്. അർഹമായ ഇ.എസ്.ഐ. ആനുകൂല്യങ്ങളും, ഇ.പി.എഫ്. ആനുകൂല്യങ്ങളും, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷനും മുടക്കം കൂടാതെ തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

## വൈദ്യുതി പോസ്റ്റുകളിൽ ചാർജിംഗ് പോയിന്റുകൾ

213 (2521) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വൈദ്യുതി പോസ്റ്റുകളിൽ ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ?

കേരളത്തിലെ നിലവിലെ സ്ഥിതിയിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രത്യേകിച്ചും ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഏറ്റവും കൂടുതലുള്ളത് കോഴിക്കോട് ജില്ലയിലാണ്. കോഴിക്കോട് സിറ്റിയിൽ മാത്രം അറുന്നൂറോളം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഓടുന്നുണ്ട്. ഇവയെല്ലാം തന്നെ വീടുകളിൽ രാത്രി ചാർജ്ജ് ചെയ്യുകയും 120-130 കി.മീ. ഓടിയതിനുശേഷം ബാറ്ററി ചാർജ്ജ് തീരുകയും ചെയ്യുന്നു. തുടർന്ന് ഓടുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ലഭ്യമല്ലാത്തതിനാൽ ഓട്ടോറിക്ഷ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കും ചാർജ്ജ് ചെയ്യാൻ ഉതകുന്ന തരത്തിൽ കോഴിക്കോട് സിറ്റിയിൽ തിരഞ്ഞെടുത്ത പത്ത് ലൊക്കേഷനുകളിലായി കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള ' പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ' സ്ഥാപിച്ചു കഴിഞ്ഞു. ഈ സ്റ്റേഷനുകൾ ഉപയോഗപ്പെടുത്തി കോഴിക്കോട് ടൗണിൽ ഓടുന്ന എല്ലാ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും മൊബൈൽ ഫോൺ വഴി പണമടച്ച് ചാർജ്ജ് ചെയ്യാൻ കഴിയും. എറ്റവും കുറഞ്ഞ പ്രീ-പെയ്ഡ് വാലറ്റ് നിരക്ക് 100 രൂപയാണ്. ഒരു തവണ ഫുൾ ചാർജ്ജ് ചെയ്യുമ്പോൾ 70 രൂപ മൊബൈൽ ഫോൺ വഴി അടയ്ക്കാം. തുടർന്ന് 120-130 കി.മീ. ഓടുവാൻ കഴിയും. ഓരോ ഓട്ടോറിക്ഷയും ചാർജ്ജ് ചെയ്യാൻ എടുക്കുന്ന സമയം, ഉപയോഗിച്ച വൈദ്യുതി, അടച്ച തുക ഇവയെല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ.-നും അതുപോലെ തന്നെ ഓട്ടോറിക്ഷ ഡ്രൈവർക്കും തൽസമയം അറിയുവാൻ കഴിയും. നിലവിലുള്ള പോസ്റ്റുകളിൽ തന്നെ ഇവ ഉറപ്പിക്കുന്നതിനാൽ അധിക ചെലവ് വരുന്നില്ല. CCTV അടക്കമുള്ള മതിയായ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇപ്രകാരം സിറ്റിയിൽ ഓടുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് കൂടുതൽ സമയം ഓടുവാനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. കോഴിക്കോട് ആസ്ഥാനമായ സ്റ്റാർട്ടപ്പ് കമ്പനിയായ Charge MOD ആണ് ഇതിനായി ചാർജ്ജിംഗ് ഉപകരണങ്ങളും സോഫ്റ്റ് വെയറും മറ്റും വികസിപ്പിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ ഈ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും 2.52 ലക്ഷം രൂപ ചെലവഴിച്ചാണ് പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കേരളം മുഴുവൻ വ്യാപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി നിലവിൽ വരുന്നതോടെ കേരളത്തിലെ വൈദ്യുതി വാഹന രംഗം വൻ കുതിപ്പിന് സാക്ഷ്യം വഹിക്കും.

## മങ്കട മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ

214 (2522) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെ; ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2021-22 ൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 5.5 കി.മീ. HT ലൈൻ വലിക്കുന്നതിനും, 3.25 കി.മീ. LT സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കുന്നതിനും, 4 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പുതിയ 8.3 കി.മീ. HT ലൈൻ വലിക്കുന്നതിനും, 1.98 കി.മീ. HT ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനും, 3.7 കി.മീ. LT ലൈൻ വലിക്കുന്നതിനും, 24.3 കി.മീ. LT ലൈൻ ശേഷി വർദ്ധിപ്പിക്കുന്നതിനും, പുതിയ 16 AB Switch സ്ഥാപിക്കുന്ന പ്രവൃത്തിയും സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി 2.750 കി.മീ. HT ലൈനിന്റെയും, 18 ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെയും നവീകരണ പ്രവൃത്തികളും, ലൈനുകൾ താഴ്ന്ന് കിടക്കുന്ന ഭാഗങ്ങളിൽ 145 പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മങ്കട നിയോജകമണ്ഡലത്തിൽ സൗര പദ്ധതിയുടെ കീഴിൽ നടന്ന പ്രവർത്തനങ്ങൾ ഇപ്രകാരമാണ്. ചട്ടിപ്പറമ്പ, പുഴക്കാട്ടിരി, അങ്ങാടിപ്പുറം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധികളിൽ ഒന്നാം ഘട്ട സൗര പദ്ധതിയിലുൾപ്പെടുത്തി 11, സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. സ്ഥാപിതശേഷി 103 KW മങ്കട മണ്ഡലത്തിൽ 66 കെ.വി. മങ്കട സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. ഒരു 12.5 MVA, 110/11 കെ.വി. ട്രാൻസ്ഫോർമർ ആണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. ചെലവ് - സബ്സ്റ്റേഷൻ - 295 ലക്ഷം ലൈൻ - 148 ലക്ഷം രണ്ടാം ഘട്ടമായി എലച്ചോല മുതൽ മലപ്പുറം സബ്സ്റ്റേഷൻ വരെയുള്ള 9.49 കി.മീ. 66 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ആക്കി ഉയർത്തുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയും 110 കെ.വി. മങ്കട സബ്സ്റ്റേഷനിൽ രണ്ടാമത്തെ 12.5 MVA, 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. എലച്ചോല മുതൽ മലപ്പുറം സബ്സ്റ്റേഷൻ വരെയുള്ള സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ആക്കി ഉയർത്തുന്ന പ്രവൃത്തിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്.

## വൈദ്യുത വാഹനങ്ങളുടെ ഉപയോഗം

215 (2523) ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കൺവർജൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 ന് ഇ.എം.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പെട്രോൾവില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽ പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ

ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തു കഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം.

2. ഓലൈ, കൊല്ലം.

3. പാലാരിവട്ടം, എറണാകുളം.

4. വിയ്യൂർ, തൃശ്ശൂർ.

5. നല്ലളം, കോഴിക്കോട്.

6. ചൊവ്വ, കണ്ണൂർ.

സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തിയാകുന്നതായിരിക്കും. പൈലറ്റ് പദ്ധതിയായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 10 വിതരണ പോളുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം വിലയിരുത്തി കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയും സ്വീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവർത്തനം തുടങ്ങിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം.

2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം.

3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം.

4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം.

5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ.

6. ഡി.ടി.പി.സി. സെന്റർ, ഇടുക്കി.

7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം.

8. കാഞ്ഞിരംപുഴ ഡാം, പാലക്കാട്.

9. ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം,

കാസർഗോഡ്. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. നിർമ്മാണഘട്ടത്തിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ

1 കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ.

2 കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ.

3 കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്.

4 മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം.

5 ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട്.

6 ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ.

പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്.

പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉല്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

## വൈദ്യുതി ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

216 (2524) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപ്പാക്കിയത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. 26-2-2021-ലെ B.O (FTD) No.171/2021 (PSI/2617/PR/2018) TVPM നമ്പർ വൈദ്യുതി ബോർഡിന്റെ ഉത്തരവ് പ്രകാരമാണ് ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്.

(ബി) പരിഷ്കരിച്ച ശമ്പളത്തിൽ നിന്ന് ഒരു മാസത്തെ വർദ്ധനയ്ക്ക് തുല്യമായ തുക ഭരണകക്ഷി യൂണിയന്റെ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈദ്യുത ബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ സാഹചര്യം വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംഘടന പ്രവർത്തന ഫണ്ട് പിരിച്ചെടുക്കുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും അറിയിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ ലിസ്റ്റ് പ്രകാരം ഓരോ ജീവനക്കാരനും പ്രസ്തുത തുക പിരിച്ചു നൽകാൻ താല്പര്യപ്പെടുന്ന പക്ഷം അത് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഓഫീസിൽ സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമാനുസൃതമല്ലാതെ ഇത്തരം ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പിന് ജീവനക്കാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.എസ്.ഇ.ബി. സേവനങ്ങൾ ഓൺലൈനിൽ**

217 (2525) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സേവനങ്ങൾ വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി എല്ലാ സെക്ഷൻ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/ മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അഥവാ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും.

(ബി) ഉപഭോക്താക്കൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ ഏതെല്ലാമാണ്; സംസ്ഥാനമൊട്ടാകെ പ്രസ്തുത സേവനം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതിയിൽ ഉപഭോക്താക്കൾക്ക് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/ മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതാണ്. ടി സേവനം ഓൺലൈനായി ലഭ്യമാകുന്നതിന് wss.kseb.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഈ സേവനങ്ങൾ ഓഫ്-ലൈനായി ലഭിക്കുന്നതിന് സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അഥവാ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ (1912) ഒരു ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. അപേക്ഷ രജിസ്റ്റർ ചെയ്ത ഉടൻ തന്നെ ഉപഭോക്താവിന്റെ വീട് സന്ദർശിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും സന്ദർശിക്കുന്ന തീയതിയും സഹിതം, പ്രസ്തുത അപേക്ഷ സ്വീകരിച്ചതായി ഒരു SMS സന്ദേശം ടോക്കൺ നമ്പർ സഹിതം ഉപഭോക്താവിന് ലഭ്യമാക്കുന്നു. അപേക്ഷ സ്വീകരിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ KSEBL ഉദ്യോഗസ്ഥൻ മൊബൈൽ ആപ്പിന്റെ സഹായത്തോടെ നിർവഹിക്കുന്നതാണ്. ഈ സേവനം എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ഇപ്പോൾ ലഭ്യമാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ

218 (2526) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആഗോള നിലവാരത്തിലുള്ളതും, തടസ്സരഹിതമായതും ഗുണമേന്മയേറിയതും, അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന " നിലാവ് " പദ്ധതി എന്നിവ നടന്നുവരുന്നു. കൂടാതെ സൗര പദ്ധതിയിൽ നോൺ സബ്സിഡി വിഭാഗത്തിൽ 8 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയതിൽ നിന്നും 3 നിലയങ്ങൾ (106 കിലോവാട്ട്) കമ്മീഷൻ ചെയ്തു. 19 കിലോവാട്ടിന്റെ 4 പ്ലാന്റുകളും (19KW) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കാസർഗോഡ് സോളാർ പാർക്കിന്റെ ഭാഗമായി 5MW പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ടെൻഡറിംഗ് നടപടികൾ പുരോഗമിക്കുന്നു. 1 നിലയം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനുപുറമെ 44 ഉപഭോക്താക്കൾക്ക് (190.6 KW) വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സൗര സബ്സിഡി സ്കീമിൽ 4 കിലോവാട്ടിന്റെ ഒരു പ്ലാന്റ് ആണ് സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

33 കെ.വി ബേളൂർ ഔട്ട് ഡോർ സബ് സ്റ്റേഷനിൽ 11 കെ.വി. ഇൻഡോർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ദ്യുതി പദ്ധതിയിൽ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എച്ച്.ടി. ലൈൻ, എൽ.ടി. ലൈൻ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികൾ, പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, ലൈൻ റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ എന്നിവയ്ക്കായി ആകെ 1277.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലുൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലാവ് പദ്ധതി പ്രകാരം മടിക്കൈ, പനത്തടി, കാഞ്ഞങ്ങാട്, അജാനൂർ എന്നീ പഞ്ചായത്തുകളിലായി 2500 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിൽ 1463 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 110 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ കോമ്പൗണ്ടിനുള്ളിൽ ഒരു ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ ജോലി പുരോഗമിക്കുന്നു.

2021 നവംബർ മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അമ്പലത്തറ 220 കെ.വി സോളാർ സബ്സ്റ്റേഷനിൽ പുതുതായി ഒരു 220/110 കെ.വി 100 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

1. ബേളൂർ 33 കെ.വി സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമറിന്റെ ശേഷി 10 എം.വി.എ. യിൽ നിന്നും 16 എം.വി.എ. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കി, ഭരണാനുമതിക്ക് വേണ്ടിയുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. 2. കാഞ്ഞങ്ങാട് 110 കെ.വി സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമറിന്റെ ശേഷി 25 എം.വി.എ.-യിൽ നിന്നും 40 എം.വി.എ. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ടി ജോലിക്കുവേണ്ടിയുള്ള ഭരണാനുമതി ഉടൻ നൽകുന്നതാണ്. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്താനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനും അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിതരണ മേഖലയിലെ യൂട്ടിലിറ്റികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള കേന്ദ്രസഹായ പദ്ധതിയായ Revamped Distribution Sector Scheme ന്റെ DPR തയ്യാറാക്കുന്ന പ്രവൃത്തികൾ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലും നടന്നുവരുന്നു. കെ.എസ്.ഇ.ബി.എൽ. മുഖേന ഡിസ്ട്രിക്ട് ആയുർവേദ ഹോസ്പിറ്റൽ, ജി.എച്ച്.എസ്.എസ്. കട്ടമത്ത് ചെറുവത്തൂർ എന്നീ സ്ഥാപനങ്ങൾ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് (ഡെപ്പോസിറ്റ് വർക്ക്) 35 kwp-യുടെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ DPR തയ്യാറാക്കി വരുന്നു.

**കെ.എസ്.ഇ.ബി. ആസ്ഥാനത്ത് ലഭിച്ച പരാതി**

219 (2527) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ആസ്ഥാനത്ത് ലഭിച്ച 7-7-2021-ലെ 2687/ സി.എം.ഡി./2021 നമ്പർ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ആസ്ഥാനത്ത് ലഭിച്ച 7-7-2021-ലെ 2687/CMD/2021 നമ്പർ പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാട്ടാക്കട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. ഫീൽഡ് ഓഫീസിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം ശ്രീ. പ്രദീഷ് എന്ന വ്യക്തി കൺസ്ട്രക്ഷൻ ആവശ്യത്തിനുള്ള

പുതിയ വൈദ്യുതി കണക്ഷനുവേണ്ടി 4-10-2019-ൽ ഉച്ചക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കിയതിനാലും എസ്റ്റിമേറ്റ് തുക ഒടുക്കിയതിനാലും 5-10-2019-ൽ 1146557017571 എന്ന കൺസ്യൂമർ നമ്പറിൽ 6F താരിഫിൽ കണക്ഷൻ നൽകുകയുണ്ടായി. കണക്ഷൻ നൽകിയതിന് ശേഷമാണ് തർക്കം നിലനിൽക്കുന്ന വസ്തുവിൽ നൽകിയ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കണമെന്ന പരാതി ശ്രീ. അഗസ്ത്യനിൽ നിന്നും ലഭിച്ചത്. കോടതി ഉത്തരവിൽ കണക്ഷൻ വിച്ഛേദിക്കാൻ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ ഇതുവരെ കണക്ഷൻ വിച്ഛേദിച്ചിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുള്ള ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ; പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പർ. ജി.ബി./കാട്ടാക്കട/959/2021-22/1033. ടി ഫയലിലെ കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**നെയ്യാറ്റിൻകര നഗരസഭയിലെ കെ.എസ്.ഇ.ബി. പദ്ധതികൾ**

220 (2528) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ഇ.ബി. സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി 66 കെ.വി. പാറശ്ശാല - നെയ്യാറ്റിൻകര ഫീഡറിന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുകയും 66 കെ.വി. നെയ്യാറ്റിൻകര സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആക്കി ഉയർത്തുകയും ചെയ്തു.

(ബി) നഗരസഭ പ്രദേശത്ത് കെ.എസ്.ഇ.ബി. പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വർദ്ധിച്ചു വരുന്ന ലോഡ് ഡിമാൻഡ് കണക്കിലെടുത്ത് നെയ്യാറ്റിൻകര 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 MVA 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ടി പ്രവൃത്തി ബോർഡിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്വകാര്യ സംരംഭകരുമായി ചേർന്ന് ചാർജ്ജിംഗ് സ്റ്റേഷനുകൾ

221 (2529) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി ഭൂമിയില്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ സംരംഭകരുമായി ചേർന്ന് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സർക്കാർ ഓഫീസുകൾ, വ്യാപാര-വ്യവസായ സമുച്ചയങ്ങൾ, സാധ്യമായ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പബ്ലിക്- പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിൽ, നിക്ഷേപകർ, ഭൂവുടമകൾ, മറ്റ് തൽപ്പര കക്ഷികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഒരു വെബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

## മലപ്പുറം മണ്ഡലത്തിൽ പുതിയ കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ്

222 (2530) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ഇ.ബി. എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്. സർക്കാർ ഓഫീസുകൾ, വ്യാപാര-വ്യവസായ സമുച്ചയങ്ങൾ, സാധ്യമായ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പബ്ലിക്ക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിൽ, നിക്ഷേപകർ, ഭൂവുടമകൾ, മറ്റ് തൽപ്പര കക്ഷികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഒരു വെബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

(ബി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിക്കണമെന്ന കാലങ്ങളായിട്ടുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം

223 (2531) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ആവിഷ്കരിച്ച് ആയതിനുള്ള ആക്ഷൻ പ്ലാൻ, തയ്യാറാക്കിയതിനുശേഷം സർക്കാർതലത്തിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സംവിധാനം മുഖേന വൈദ്യുതി പ്രസരണ നഷ്ടം എത്രകണ്ട് കുറയ്ക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ സംവിധാനം വരുന്നതോടെ നിലവിലുള്ള രീതികൾക്ക് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തുന്നതിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ഓൺലൈനായി ലഭിക്കുന്നതിനാൽ നേരിട്ടുപോയി മീറ്ററിൽ നിന്നും റീഡിംഗ് ഏടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു.

(സി) കെ.എസ്.ഇ.ബി.-ക്ക് ഇതുമൂലം എത്ര വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി

224(2532) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി, തലനാട് വില്ലേജുകളിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിലെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ പൂർത്തിയായി. സർവ്വേ സ്കെച്ചുകൾക്ക് അംഗീകാരം ലഭിച്ചു. പട്ടയ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പട്ടയരഹിത ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. LARR Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ടിജൻസി ചാർജ് ആയി 4,38,243 രൂപ 10-6-2021-ൽ കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി LARR Act പ്രകാരം ഏറ്റെടുക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

## വൈദ്യുതി വിതരണ കമ്പനികളുടെ സ്വകാര്യവൽക്കരണം

225(2533) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനായി വൈദ്യുതി വിതരണ കമ്പനികളുടെ സ്വകാര്യവൽക്കരണം നടത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിന്മേൽ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

## ഇലക്ട്രിസിറ്റി (അമന്റ്മെന്റ്) ബിൽ 2021

226 (2534) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി (അമന്റ്മെന്റ്) ബിൽ 2021 മുഖേന കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വൈദ്യുതി വിതരണ ലൈസൻസ് ആവശ്യമില്ല എന്നതാണ് പ്രധാന ഭേദഗതി നിർദ്ദേശങ്ങളിൽ ഒന്ന്. സംസ്ഥാന സർക്കാരിൽ നിന്നോ, സംസ്ഥാന റഗുലേറ്ററി കമ്മീഷനിൽ നിന്നോ യാതൊരു ലൈസൻസോ, അനുമതിയോ വാങ്ങാതെ ഏതു കമ്പനിക്കും, എവിടെയും ഉപഭോക്താവിനെ കണ്ടെത്തി പൊതുമേഖല നിർമ്മിച്ച നിലവിലുള്ള വൈദ്യുതി ശൃംഖല ഉപയോഗിച്ച് തന്നെ വൈദ്യുതി വിതരണം നടത്താൻ കഴിയും വിധമുള്ള ഒരു നിർദ്ദേശമാണിത്. ഭേദഗതി നിർദ്ദേശ പ്രകാരം ഒരു പ്രദേശത്ത് ഒന്നിൽ കൂടുതൽ വിതരണ കമ്പനികൾ ഉണ്ടാകാം. ശൃംഖലാ വികസനം ആരുടെ ചുമതലയാണെന്നും ഇതിനുള്ള പണം എങ്ങനെ കണ്ടെത്തുമെന്നതും വ്യക്തമല്ല. ഒരു പ്രദേശത്തിൽ ഒന്നിലധികം വിതരണ കമ്പനികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ Universal Service Obligation Fund (USOF) രൂപീകരിക്കണമെന്നും പ്രസ്തുത ഫണ്ട് ഒരു സർക്കാർ കമ്പനിയോ, അല്ലെങ്കിൽ ക്രമീകരണമോ കൈകാര്യം ചെയ്യണമെന്നും കരട് നിർദ്ദേശം വിഭാവനം ചെയ്യുന്നു. ഏതെങ്കിലും വിതരണ കമ്പനിയുടെ പക്കൽ ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് ഇനങ്ങളിൽ അധിക തുക ലഭ്യമാകുന്ന പക്ഷം പ്രസ്തുത അധിക തുക Universal Service Obligation Fund-ലേയ്ക്ക് മാറ്റണമെന്നും ഈ ഫണ്ടിൽനിന്നും ക്രോസ്സ സബ്സിഡി നൽകാൻ ആവശ്യമായ തുക കണ്ടെത്തണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ പ്രദേശത്തെ മറ്റ് വിവിധ വിതരണ കമ്പനികളുമായി പങ്കുവയ്ക്കേണ്ടതാണ്. ഡീ-ലൈസൻസിംഗ് ഉൾപ്പെടെയുള്ള ഭേദഗതികൾ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ മാത്രമായോ ഘട്ടംഘട്ടമായോ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് അവസരമുണ്ടാകില്ല.

(ബി) ഡീ ലൈസൻസിംഗിലൂടെ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുമെന്ന് കരുതപ്പെടുന്ന ഈ ഭേദഗതി നിർദ്ദേശത്തെ സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വൈദ്യുതി ബിൽ 2021 മുന്നോട്ടുവച്ചപ്പോൾ കെ.എസ്.ഇ.ബി. ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15-3-2021-ലെ കത്ത് പ്രകാരം (ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ

കത്ത് നമ്പർ D.O.No.A1/131/2020/PD) രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ-ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ട പ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനതത്വത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 30-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. മുമ്പ് 17-2-2021 -ൽകേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി വിവിധ സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ഉത്പാദന-പ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18-2-2021-ൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി.

(സി) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഇതുമൂലം കൈവരിക്കാനാകുന്ന നേട്ടങ്ങളും ഉണ്ടാകുന്ന നഷ്ടങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഡീ-ലൈസൻസിംഗ് ഉൾപ്പെടെയുള്ള കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നവയാണെന്ന് വിലയിരുത്തപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്ന മിഥ്യാധാരണ നൽകുന്ന നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ സേവനദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. കരട് നിർദ്ദേശത്തിൽ മുന്നോട്ട് വച്ചിട്ടുള്ള Universal Service Obligation Fund

(USOF) അപ്രായോഗികമാണെന്ന് കരുതുന്നു. ഇത് നിലവിലെ ക്രോസ് സബ്സിഡി സംവിധാനത്തെ അട്ടിമറിക്കും. ഇതുമൂലം ഭാവിയിൽ ദുർബ്ബലവിഭാഗങ്ങൾക്ക് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് താങ്ങാനാകാത്ത അധിക ബാധ്യത വരുമെന്നതിനാൽ അവർക്ക് വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് കരുതുന്നു. വർഷങ്ങൾ കൊണ്ടുമാത്രം മുതൽ മുടക്ക് വീണ്ടെടുക്കാൻ സാധിക്കുന്ന ശൃംഖല വികസന പദ്ധതികളിൽ പണം മുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇതു ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാകും. വോൾട്ടേജ് ഇല്ലായ്മ, അടിക്കടി ഉണ്ടാകുന്ന വൈദ്യുതി മുടക്കം ശൃംഖലയുടെ ശേഷി കുറവുമൂലമുണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥ ആകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്ന് ഭയപ്പെടുന്നു. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി-യ്ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്ക ഉളവാക്കുന്നു.

**പദ്ധതികൾ വിലയിരുത്താൻ ജില്ലാതല സമിതികൾ**

227 (2535) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിലെ പദ്ധതികൾ വിലയിരുത്താൻ ജില്ലാതല സമിതികൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ഉൾപ്പെടെയുള്ള കേന്ദ്ര വൈദ്യുത പദ്ധതികൾ നിരീക്ഷിക്കുന്നതിനും പ്രസ്തുത പദ്ധതികളിലൂടെ സാധാരണ പൗരന്മാർക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുന്നതിനുമായി DEC (District Electricity Committee) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ വിലയിരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വൈദ്യുതി മേഖലയിലെ പദ്ധതികൾ വിലയിരുത്താൻ ജില്ലാതല സമിതികളുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻകാല പദ്ധതികളായ DDUGJY, IPDS എന്നിവയുടെ പുരോഗതി വിലയിരുത്തുന്നതിനായി 1-4-2015-ലെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ജില്ലാതല DEC (District Electricity Committee) രൂപീകരിച്ചിരുന്നു. എന്നാൽ 26-7-2016-ലെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും രൂപീകരണം മുതൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി DISHA എന്ന കമ്മിറ്റി രൂപീകരിക്കുന്നതിനായി നിർദ്ദേശം ലഭിച്ചു. ആയതിൻപ്രകാരം DDUGJY & IPDS എന്നീ പദ്ധതികൾ, ജില്ലയിലെ ഏറ്റവും മുതിർന്ന കേന്ദ്ര പാർലമെൻറ് അംഗം ചെയർമാനായിട്ടുള്ള DISHA വിലയിരുത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവന്നിരുന്നു. DDUGJY & IPDS പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

(സി) കേന്ദ്ര പദ്ധതികൾ നിലവിൽ ഏത് ഏജൻസിയാണ് ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ?

കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് (Implementing Agency) KSEBL ആണ്. ഓരോ കേന്ദ്ര പദ്ധതിയും നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസികളെ നിയമിക്കാറുണ്ട്. കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികളായ– ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ (eg-DDUGJY)-REC-യും, നഗര-പ്രാന്ത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ (eg- IPDS) PFC Ltd മുഖേനയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. നഗര-ഗ്രാമ പ്രദേശ ഭേദമെന്യേ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള നൂതന പദ്ധതിയായ RDSS-ന്റെ കേരളത്തിനുള്ള നോഡൽ ഏജൻസി PFC Ltd. ആണ്.

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഭവനങ്ങളുടെ സൗജന്യ റീ വയറിംഗ്**

228 (2536) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ ഭവനങ്ങൾ സൗജന്യമായി റീ വയറിംഗ് നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

24-1-2020-ലെ സ.ഉ.(സാധാ) നമ്പർ 192/2020/തസ്വഭവ ഉത്തരവ് പ്രകാരം വൈദ്യുത സുരക്ഷാ ഉറപ്പുവരുത്തുന്ന രീതിയിൽ വയറിംഗ് ചെയ്യാൻ

സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത SC, ST, BPL വിഭാഗത്തിൽപ്പെട്ട, കണക്റ്റഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന്, ശരിയായ രീതിയിൽ റീ വയറിംഗ് ചെയ്ത്, കുറഞ്ഞത് നാലുപോയിന്റെങ്കിലും ഉണ്ടാകത്തക്കരീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) അടക്കം സുരക്ഷാ ഉപകരണങ്ങളോടുകൂടി, ഒരു കുടുംബത്തിന് 12,287 രൂപ ചെലവ് വരുന്ന പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഭേദഗതി ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി**

229 (2537) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | സ്ഥാപിച്ച വിവരം |
|---|---|
| പുത്തൻചിറ പഞ്ചായത്ത് | 35 വാട്ടിന്റെ 150 LED സ്ഥാപിച്ചിട്ടുണ്ട്. |
| വേളൂക്കര പഞ്ചായത്ത് | 35 വാട്ടിന്റെ 146 LED സ്ഥാപിച്ചിട്ടുണ്ട്. |
| വെള്ളാങ്കല്ലൂർ പഞ്ചായത്ത് | 35 വാട്ടിന്റെ 100 LED സ്ഥാപിച്ചിട്ടുണ്ട്. |
| കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 35 വാട്ടിന്റെ 254 LED സ്ഥാപിച്ചിട്ടുണ്ട് . |
| പൊയ്യ ഗ്രാമ പഞ്ചായത്ത് | 18W- ന്റെ 300 എണ്ണം, 35W- ന്റെ 200 എണ്ണം LED സ്ഥാപിച്ചിട്ടുണ്ട്. |
| മാള ഗ്രാമ പഞ്ചായത്ത് | 18W- ന്റെ 567 എണ്ണം, 35W -ന്റെ 378 എണ്ണം LED സ്ഥാപിച്ചിട്ടുണ്ട് . |
| അന്നമനട ഗ്രാമ പഞ്ചായത്ത് | 18W -ന്റെ 203 എണ്ണം, 35W -ന്റെ 200 എണ്ണം LED സ്ഥാപിച്ചിട്ടുണ്ട് . |

**കുണ്ടറ മണ്ഡലത്തിലെ ദ്യുതി, നിലാവ് പദ്ധതികൾ**

230 (2538) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയുടെ കീഴിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി HT, LT, OH ലൈൻ സ്ഥാപിക്കൽ, എ.ബി.സി., ഭൂഗർഭ കേബിളുകൾ, കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിച്ചുള്ള ലൈൻ സ്ഥാപിക്കൽ, HT/ LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ്, LT ലൈൻ കൺവെർഷൻ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്റ്റേഷൻ നവീകരണം, AB സ്വിച്ചുകളുടെ സ്ഥാപനം, RMU-കളുടെ സ്ഥാപനം, DTR മീറ്റർ സ്ഥാപിക്കൽ, എന്നീ പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കി വരുന്നു.

(ബി) നിലാവ് പദ്ധതി പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുണ്ടറ, പെരിനാട്, ഇളമ്പള്ളൂർ, കൊറ്റങ്കര, പേരയം, പനയം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലാവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ**

231 (2539) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 8.9 കി.മീ. 11 കെ.വി ലൈൻ വലിക്കുകയും, 20.255 കി.മീ.ലോ ടെൻഷൻ ലൈൻ വലിക്കുകയും, 930 വൈദ്യുതി കണക്ഷൻ നൽകുകയും ആകെ 370.94 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തുകയും ചെയ്തു. നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 21 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 14.5 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും, ആകെ 606.86 ലക്ഷം രൂപയുടെ

പ്രവൃത്തികൾ നടത്തുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി PPS പദ്ധതിയിൽ ഉൾപ്പെടുത്തി 127.89 കി.മീ ലോ ടെൻഷൻ ലൈൻ വലിച്ച് 135.82 ലക്ഷം രൂപയുടെ പ്രവൃത്തികളും, മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 8.73 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും ആകെ 59.42 ലക്ഷം രൂപയുടെ പ്രവൃത്തികളും ചെയ്തു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി 2021'ൽ ഉൾപ്പെടുത്തി 18.48 കി.മീ. 11 കെ.വി ലൈൻ വലിക്കുകയും, 45.4 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും, 27 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 10490 വൈദ്യുതി കണക്ഷൻ നൽകുകയും ആകെ 497.94 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി MLA-ADS ഫണ്ടിൽ നിന്നും 16.3 ലക്ഷം രൂപയുടെ പ്രവൃത്തികളും, MLA-SDF ഫണ്ടിൽ നിന്നും 4.06 ലക്ഷം രൂപയുടെ പ്രവൃത്തികളും, പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വർക്കല നിയോജക മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണ വിഭാഗം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. വർക്കല 110 കെ.വി സബ്സ്റ്റേഷനിൽ 11 കെ.വി. പാനലുകൾ മാറ്റി പുതിയ 10 പാനൽ സെറ്റ് സ്ഥാപിച്ചു. ടി പ്രവൃത്തിക്കായി 53 ലക്ഷം രൂപ വൈദ്യുതി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. 2. 110 കെ.വി. സബ്സ്റ്റേഷനിൽ ബേ വിപുലീകരണം നടത്തി അവിടെ നിന്നും 1.83 കിലോമീറ്റർ ഓവർഹെഡ് ലൈനിലൂടെയും 3.7 കിലോമീറ്റർ ഭൂഗർഭ കേബിളിലൂടെയും വൈദ്യുതി എത്തിച്ച് ഇടവയ്ക്ക് സമീപം വിളക്കുളത്തൊരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി 1075 ലക്ഷം രൂപ വൈദ്യുതി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

**കൽപ്പറ്റ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

232 (2540) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

2016-21 കാലയളവിൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

(1) 33 കെ.വി. കൽപ്പറ്റ സബ്സ്റ്റേഷൻ : നിലവിലുള്ള 33/11 കെ.വി 5 എം.വി.എ. ട്രാൻസ്ഫോർമർ മാറ്റി 8 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൺട്രോൾ റൂം നവീകരിച്ച് ഒ.ഡി.സി. (ഔട്ട് ഡോർ ക്യൂബിക്കിൾ) പാനൽ മാറ്റി 11 കെ.വി 10 പാനൽ ഇൻഡോർ ക്യൂബിക്കിൾ സ്ഥാപിച്ചു.

(2) 220 കെ.വി സബ്സ്റ്റേഷൻ കണിയാമ്പറ്റ: 11 കെ.വി 10 പാനൽ സെറ്റ് മാറ്റി സ്ഥാപിച്ചു.

(3) 66 കെ.വി കുത്തുമുണ്ട സബ്സ്റ്റേഷൻ: ശേഷി ഉയർത്തുന്നതിന്റെ ഭാഗമായി താത്ക്കാലിക കൺട്രോൾ റൂം നിർമ്മിച്ചു. ഒ.ഡി.സി. (ഔട്ട് ഡോർ ക്യൂബിക്കിൾ) ഇൻഡോർ 10 പാനൽ സെറ്റ് ആക്കി മാറ്റി.

(4) 66 കെ.വി കണിയാമ്പറ്റ: കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ആക്കി മാറ്റി ശേഷി ഉയർത്തലും 220 കെ.വി. സബ്സ്റ്റേഷൻ കണിയാമ്പറ്റയിൽ ഒരു ബേ നിർമ്മാണവും.

(5) 220 കെ.വി. സബ്സ്റ്റേഷൻ കണിയാമ്പറ്റ: നിലവിലുള്ള 6.3 എം.വി.എ. ട്രാൻസ്ഫോർമർ 10 എം.വി.എ. ആക്കി ഉയർത്തി.

(6) 66 കെ.വി. സബ്സ്റ്റേഷൻ കുത്തുമുണ്ട: പുതിയ 110 കെ.വി. ബേ നിർമ്മിച്ചു. 2016-21 കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആകെ 21.95 കോടി രൂപക്കുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. 82.61 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 15.21 കി.മീ ഭൂഗർഭ കേബിൾ സ്ഥാപിക്കുകയും, 211.23 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 68 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 12814 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത കാലയളവിൽ സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 4545 വൈദ്യുതി കണക്ഷൻ നൽകുകയും, 90.643 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 3.37 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 3 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, ആകെ 349.169 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2021-22-ൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. 66 കെ.വി. സബ്സ്റ്റേഷൻ കുത്തുമുണ്ട, 110 കെ.വി. ആയി ഉയർത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. പടിഞ്ഞാറേത്തറ 33 കെ.വി സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മാണം, 10 പാനൽ സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ഒഴികെ, ബാക്കി എല്ലാ ജോലികളും പൂർത്തിയായി.

3. കൽപ്പറ്റയിൽ നിർമ്മിക്കുന്ന പുതിയ വൈദ്യുതിഭവനോട് ചേർന്ന് പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാനാവശ്യമായ സാങ്കേതിക പഠനം നടന്നുവരികയാണ്.

4. നിലവിലെ 220/66 കെ.വി. കണിയാമ്പറ്റ സബ്സ്റ്റേഷന്റെ ശേഷി 220/110 കെ.വി. ആയി ഉയർത്തുന്ന പദ്ധതിയുടെ ഡി.പി.ആർ-ന് ബോർഡ് അനുമതി നൽകുകയും ഭരണാനുമതിക്കായി നടപടികൾ എടുത്തുവരികയുമാണ്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2021-22 കാലയളവിൽ നടപ്പിലാക്കിയതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായി 7.75 കോടി രൂപയുടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | പ്രവൃത്തി | പൂർത്തീകരിച്ചത് | പൂർത്തിയാക്കാനുള്ളത് |
|---|---|---|---|
| 1 | 11 കെ.വി ലൈൻ വലിക്കൽ (കി.മീ ) | 15.37 | 57.5 |
| 2 | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ (എണ്ണം) | 5 | 14 |
| 3 | AB സ്വിച്ച് സ്ഥാപിക്കൽ (എണ്ണം) | 22 | 82 |
| 4 | ലൈൻ നവീകരണം (കി.മീ) | 82.2 | 121 |
| 5 | ലോ ടെൻഷൻ ലൈൻ വലിക്കൽ (കി.മീ ) | 6.15 | 13.13 |
| 6 | ലോ ടെൻഷൻ ലൈൻ കൺവെർഷൻ (കി.മീ ) | 8.055 | 13.12 |
| 7 | 11 kV ABC ലൈൻ വലിക്കൽ (കി.മീ ) | 0 | 2 |
| 8 | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ (എണ്ണം) | 80 | 0 |

## നിലാവ് പദ്ധതിയുടെ നേട്ടങ്ങൾ

233 (2541) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലാവ് പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ച് നൽകാനാണ് നിലാവ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ടുലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരങ്ങളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുമൂലം വൈദ്യുതി ബിൽ ഇനത്തിൽ പ്രതിവർഷം 80 കോടി രൂപ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ലാഭിക്കുവാൻ കഴിയുമെന്നും കൂടാതെ പ്രതിവർഷം 165 കിലോ ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയുമെന്നും കണക്കാക്കിയിട്ടുണ്ട്.

## സൗര പദ്ധതി

234 (2542) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സൗര പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ നിർമ്മിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

(ബി) എത്ര ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം സൗരനിലയങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തൊട്ടാകെ നിന്നും ലഭിച്ച Phase I നോൺ സബ്സിഡി സ്കീമിൽ 2,78,817 അപേക്ഷകളിൽ നിന്നും പുരപ്പുറം അനുയോജ്യമായ 5000 പേരെ ഫൈനൽ സർവ്വേയ്ക്ക് ശേഷം തെരഞ്ഞെടുത്തു. ഇതിൽ K.S.E.B-യുടെ

മുതൽ മുടക്കിൽ 28 MW-ൽ നിന്നും (Model I, II) 2702 പേർക്ക് 25.923 MW-ന് ഓർഡർ നൽകിയിട്ടുണ്ട്. ഉപഭോക്താവിന്റെ മുതൽ മുടക്കിൽ (Model III) രജിസ്റ്റർ ചെയ്ത 22,766 പേർക്കും K.S.E..B. ഡിമാന്റ് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ അതിൽനിന്നും 84 ഉപഭോക്താക്കൾ മാത്രമാണ് Model 3-ന് വേണ്ടി മുന്നോട്ടുവന്നിട്ടുള്ളത്. ഈ 84 പേർക്കും 1.2 MW-ന്റെ ഓർഡർ നൽകിയിട്ടുണ്ട്. അതായത് ഫേസ് I Model I, II, III പദ്ധതിയിൽ ആകെ 2,786 നിലയങ്ങൾക്ക് (27.123 MW) ഓർഡർ നൽകുകയും 1264 (9.437 MW) നിലയങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ള നിലയങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. ഫേസ് II സബ്സിഡി പ്രോഗ്രാമിൽ 21,166 പേർ രജിസ്റ്റർ ചെയ്തതിൽ 8,476 പേർക്ക് രണ്ട് ഘട്ടങ്ങളിലായി ഓർഡർ നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 299 നിലയങ്ങൾ (1250 kW) പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടം 2021 ജൂലൈ മാസത്തിലാണ് എം-പാനൽ ചെയ്തിട്ടുള്ളത് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ അധികമായി കെ.എസ്.ഇ.ബി.യ്ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

പുരപ്പുറ സൗര പദ്ധതിയിലൂടെ 135 MW ശേഷി ഗ്രിഡിലേക്ക് കൂട്ടിചേർക്കുന്നതാണ്.

(ഡി) വാമനപുരം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ സൗര പ്രോജക്ട് ഫേസ്-I992 അപേക്ഷകൾ ലഭിച്ചു. ഇതിന്റെ പ്രാരംഭഘട്ട സർവ്വേ നടത്തുകയും അതിൽ നിന്ന് അനുയോജ്യമെന്ന് കണ്ടെത്തിയ 72 സ്ഥാപനങ്ങളിൽ വിശദമായ സർവ്വേ നടത്തുകയും ചെയ്തു. ഇതിൽ 22 നിലയങ്ങൾക്ക് ഫൈനൽ ഫീസിബിലിറ്റിക്ക് ശേഷം ഓർഡർ നൽകുകയും 2 നിലയങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഡിസംബർ 31- ഓടുകൂടി പൂർത്തീകരിക്കുന്നതാണ്. എന്നാൽ ഫേസ് II സബ്സിഡി പദ്ധതിയിൽ നിലവിൽ 63 എണ്ണം രജിസ്റ്റർ ചെയ്യുകയും 15 നിലയങ്ങൾക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 2kw, 3kw നിലയങ്ങൾക്ക് ഡെവലപ്പർമാർക്കുവേണ്ടിയുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ഇ) ആയതിന് കെ.എസ്.ഇ.ബി. എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ?

സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണുള്ളത്. ഇതിൽ 1 മുതൽ 3 kw ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 3-ന് മുകളിൽ 10 kw വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 kw - ന് 40% തുടർന്ന് 20% സബ്സിഡി എന്ന നിരക്കിലാണ് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നത്.

## കെ.എസ്.ഇ.ബി.എൽ. നൽകുന്ന സേവനങ്ങൾ

235 (2543) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ. നൽകുന്ന എല്ലാ സേവനങ്ങളും വീട്ടുപടിക്കൽ എന്ന പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ നൽകുന്നതിന് ' സേവനം വാതിൽപ്പടിയിൽ' (Service at Door Step) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പരും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അഥവാ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് കെ.എസ്.ഇ.ബി.എൽ ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു.

(ബി) കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട ഊർജ്ജമേഖല പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഊർജ്ജ മേഖലയിലെ നവീകരണത്തിനായി 27-7-2021-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയാണ് Revamped Distribution Sector Scheme (RDSS). സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ പ്രദേശ ഭേദമന്യേ ഒരു പോലെ നടപ്പിലാക്കുവാനും സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ DISCOM-കളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം

മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതുമാണ് ഈ പദ്ധതി. 2025 വർഷത്തോടുകൂടി എല്ലാ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അതുവഴി വിതരണ നഷ്ടം കുറയ്ക്കുക, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും കൃത്യമായി ബിൽ തുക ഈടാക്കുക, സംസ്ഥാന സർക്കാർ വൈദ്യുത മേഖലയ്ക്കുള്ള സബ്സിഡി കൃത്യമായി/മുൻകൂറായോ നൽകുക, കൃത്യമായ ഊർജ്ജ ഓഡിറ്റ് നടപ്പാക്കുക തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള/ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളായ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കൽ, പുതിയ ലൈനുകൾ, കേബിളുകൾ, HVDS തുടങ്ങിയവയും, കൂടാതെ, ഉപ-വൈദ്യുത പ്രസരണം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ, നവീകരണ പ്രവൃത്തികൾ, ABC/ഭൂഗർഭ കേബിളുകൾ, HVDS, SCADA ഉൾപ്പെടുത്തിയ RMU, തുടങ്ങിയവ ഉൾപ്പെടുത്തി ഉപഭോക്താക്കൾക്ക് 24X7 മണിക്കൂർ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിരിക്കുന്നു.

**മാവേലിക്കര മണ്ഡലത്തിൽ യു.ജി. ലൈൻ സ്ഥാപിക്കൽ**

236 (2544) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ യു.ജി.ലൈനുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 22.511 കിലോമീറ്റർ യു. ജി. കേബിൾ മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ RDSS (Revamped Distribution Sector Scheme) പദ്ധതിയിൽ ഉൾപ്പെടുത്തിയും (നിബന്ധനകൾക്ക് വിധേയമായി) യു.ജി. കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ബി) നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര മഹാദേവർ ക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി.ലൈൻ സ്ഥാപിക്കാനാവശ്യമായ തുക വൈദ്യുതി വകുപ്പിൽ നിന്ന് അനുവദിക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ യു.ജി. ലൈൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും, ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി:- ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, പടനിലം ക്ഷേത്ര ഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട്, ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിങ്ങിനുള്ള അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി - ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കൊട്ടുത്സവത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയുടെ തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി പി.എം.യു. - പി.എം.എസ്.യു വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷ് 25-9-2020-ൽ നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻ പ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്ന വഴി, കെട്ടുകാഴ്ചയുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിനുശേഷം വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാ കളക്ടർക്ക് 1-7-2021-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് നിലവിലെ എം.എൽ.എ.-യോട് ടി തുക അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ നിലാവ് പദ്ധതി**

237 (2545) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

(സി) പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ച് നൽകുവാനാണ് നിലാവ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 668 ഗ്രാമ പഞ്ചായത്തുകളും (PRIs) 45 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 713 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും സംയുക്ത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുള്ള ആവശ്യകതയിൽ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച രണ്ടു ലക്ഷം എണ്ണം കഴിച്ച് ബാക്കി രണ്ടാം ഘട്ടത്തിലേക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകതയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25-8-2021-ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി.എൽ, ഇ.ഇ.എസ്.എൽ.-ന് ലെറ്റർ ഓഫ് ഇൻഡന്റ് (LoI) നൽകിയിട്ടുണ്ട്. ഓർഡർ സ്വീകരിച്ച് LED തെരുവുവിളക്കുകളുടെ സപ്ലൈ ഇ.ഇ.എസ്.എൽ.-എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ച് നൽകാൻ കഴിയും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി

238 (2546) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

തൃശ്ശൂർ മണ്ഡലം പൂർണ്ണമായും ഉൾക്കൊള്ളുന്ന തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വൈദ്യുതി വിതരണം നടത്തുന്നത് തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലായതിനാൽ ടി പ്രദേശം നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകാനാണ് നിലാവ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 668 ഗ്രാമ പഞ്ചായത്തുകളും (PRIs) 45 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 713 തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. സംയുക്ത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുള്ള ആവശ്യകതയിൽ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച രണ്ടു ലക്ഷം എണ്ണം കഴിച്ച് ബാക്കി രണ്ടാം ഘട്ടത്തിലേക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകതയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25-8-2021-ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി.എൽ, ഇ.ഇ.എസ്.എൽ.ന് ലെറ്റർ ഓഫ് ഇൻഡന്റ് (LoI) നൽകിയിട്ടുണ്ട്. ഓർഡർ സ്വീകരിച്ച് LED തെരുവുവിളക്കുകളുടെ സപ്ലൈ ഇ.ഇ.എസ്.എൽ. എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും. രണ്ടാം ഘട്ടത്തിൽ ലഭ്യമായ ആവശ്യകത പ്രകാരമുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് 2021 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

## ചെമ്പുകടവ് II പദ്ധതിയിൽ ഭൂമി ഏറ്റെടുക്കലിന് നഷ്ടപരിഹാരം

239 (2547) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പുകടവ് II പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് ഇനിയും നഷ്ടപരിഹാരത്തുക ലഭിക്കാത്തവരുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം അറിയിക്കുമോ?

2004-ൽ കമ്മീഷൻ ചെയ്ത ചെമ്പുകടവ് സ്റ്റേജ് II ജലവൈദ്യുത പദ്ധതിയുടെ കനാൽ അരികിലുള്ള മലയുടെ ഒരു ഭാഗം കനത്ത മഴയെത്തുടർന്ന് 15-8-2018-ൽ ഇടിഞ്ഞു വീഴുകയും അതിനെ തുടർന്ന് 15-2-2020-ലെ ബോർഡ് ഓർഡർ പ്രകാരം, പ്രസ്തുത മണ്ണിടിച്ചിൽ ബാധിച്ച പ്രദേശവാസികളായ ശ്രീ. മച്ചിങ്ങൽ ബാബു എന്നിവരടക്കം 8 പേരുടെ 80.50 സെന്റ് സ്ഥലവും, 3 വീടുകളും 22.3 ലക്ഷം (ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരം മാത്രം) രൂപയ്ക്ക് അക്വയർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് കെ.എസ്.ഇ.ബി.എൽ-ന്റെ ലാൻഡ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ചീഫ് ലാൻഡ് കോ-ഓർഡിനേറ്റർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും, സ്ഥലം കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട കക്ഷികളുടെ സമ്മതപത്രവും, സ്ഥലവുമായി ബന്ധപ്പെട്ട രേഖകളുടെ കോപ്പികളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജനറേഷൻ ഡിവിഷൻ, കോഴിക്കോട് ഓഫീസിൽ നിന്നും തിരുവനന്തപുരം ലാൻഡ് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് സമർപ്പിക്കുകയും ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ അനന്തര നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്.

## വൈദ്യുതിരംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

240 (2548) ശ്രീ. പി. ടി. എ. റഹീം:
ശ്രീ വി. ജോയി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വൈദ്യുതിരംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിതരണ മേഖലയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികൾ താഴെ ചേർക്കുന്നു. ഗ്രാമീണ/ഉപ-ഗ്രാമീണ ഭവന വൈദ്യുതീകരണം, വിതരണ-ഉപ പ്രസരണ ശൃംഖലയുടെ ശാക്തീകരണ പദ്ധതികളായ -

1. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനപദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി, മാർച്ച് 2015-ൽ പൂർത്തീകരിച്ചു II ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)- പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, സെപ്റ്റംബർ 2019-ൽ പൂർത്തീകരിച്ചു.

2. നഗര/ഉപ-നഗരങ്ങളുടെ വിതരണ-ഉപ പ്രസരണ ശൃംഖല ശാക്തീകരണ പദ്ധതികളായ - i . റിസ്ട്രക്ച്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP),- പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, - പാർട്ട് A (IT) - പദ്ധതി മാർച്ച് 2018 ൽ പൂർത്തീകരിച്ചു - പാർട്ട് A (SCADA) - സെപ്റ്റംബർ 2019 ൽ പൂർത്തീകരിച്ചു. - പാർട്ട് B - പദ്ധതി മാർച്ച് 2018 ൽ പൂർത്തീകരിച്ചു. ii. സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്)- എ ഫേസ് -1 നഗര/ഉപ-നഗരങ്ങളുടെ വിതരണ- ഉപപ്രസരണ ശൃംഖല ശാക്തീകരണം - പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, ഡിസംബർ 2019-ൽ പൂർത്തീകരിച്ചു. ബി) IT പ്രോജെക്ടസ് a) ഫേസ് -2 IT, b) ERP - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, c) RTDAS- റിയൽടൈം ഡാറ്റാ അക്വസിഷൻ സിസ്റ്റം- പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു വരുന്നു.

3. സൗഭാഗ്യ - ഈ പദ്ധതി കേരളത്തിന് 2018-ലെ പ്രളയത്തിൽ വിച്ഛേദിക്കപ്പെട്ട 300000 വീടുകളുടെ പുനഃവൈദ്യുതീകരണത്തിനുവേണ്ടി special case ആയിട്ടാണ് അനുമതി ലഭിച്ചത്. ഈ പദ്ധതി മുഖാന്തരം 319171 എണ്ണം വീടുകൾ പുനഃവൈദ്യുതീകരിച്ചു, 12 ജില്ലകളിൽ നടപ്പാക്കി (തിരുവനന്തപുരം, കാസർകോഡ് ഒഴികെ), 95.75 കോടി രൂപയുടെ പൂർത്തീകരണ റിപ്പോർട്ട് 27-2-2020-ൽ GoI-യ്ക്ക് സമർപ്പിക്കുകയും, റിപ്പോർട്ട് അംഗീകരിച്ചതായി 28-9-2020-ൽ REC അറിയിച്ചു. യോഗ്യതാ ഗ്രാന്റ് തുക മുഴുവൻ (66.34 കോടി) 13-8-2021-ടെ ലഭിച്ചു.

4. റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS)- ഊർജ്ജ മേഖലയിലെ നവീകരണത്തിനായി 27-7-2021-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയാകുന്നു. സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ പ്രദേശ ഭേദമന്യേ ഒരുപോലെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത

ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2025 വർഷത്തോടുകൂടി എല്ലാ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അതുവഴി വിതരണ നഷ്ടം കുറക്കുന്നതിനും, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും കൃത്യമായി ബിൽ തുക ഈടാക്കുക, സംസ്ഥാന സർക്കാർ വൈദ്യുതമേഖലയ്ക്കുള്ള സബ്സിഡി കൃത്യമായി/ മുൻകൂറായോ നൽകുക, കൃത്യമായ ഊർജ്ജ ഓഡിറ്റ് നടപ്പാക്കുക തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള/ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളായ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കൽ പുതിയ ലൈനുകൾ, കേബിളുകൾ, HVDS തുടങ്ങിയവയും, കൂടതെ ഉപ-വൈദ്യുത പ്രസരണം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ, നവീകരണ പ്രവൃത്തികൾ, ABC/ഭൂഗർഭ കേബിളുകൾ, HVDS, SCADA ഉൾപ്പെടുത്തിയ RMU, തുടങ്ങിയവ ഉൾപ്പെടുത്തി ഉപഭോക്താക്കൾക്ക് 24x7 മണിക്കൂർ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ അനുമതി ലഭിക്കുന്നതിനായി, വൈദ്യുതി ഉപപ്രസരണ-വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും (DPR), ചീഫ് സെക്രട്ടറി ചെയർമാനായ DRC യുടെ ശുപാർശയോട് കൂടി സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.

(ബി) ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും പദ്ധതി ചെലവിലെ കേന്ദ്ര-സംസ്ഥാന വിഹിതവും വിശദമാക്കുമോ; കേന്ദ്രം പ്രഖ്യാപിച്ച വിഹിതം ലഭിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

വിശദമാക്കിയ മറുപടി അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ അഞ്ച് വർഷം ഈ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് എത്രത്തോളം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രകൃതിക്ഷോഭം തുടങ്ങിയ വിവിധ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും സമയബന്ധിതമായി വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേന്ദ്ര -സംസ്ഥാന വൈദ്യുത പദ്ധതികൾ

241 (2549) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കേന്ദ്ര-സംസ്ഥാന വൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇനി എത്ര ആരംഭിക്കാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച്;

(ബി) ഈ പദ്ധതികൾ ഓരോ ജില്ലയിലും വൈദ്യുതി മേഖലയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിൽ നിർമ്മാണം പുരോഗമിക്കുന്നതുമായ കേന്ദ്ര-സംസ്ഥാന വൈദ്യുത പദ്ധതികൾ താഴെ പറയുന്നു.

1. ഏറനാട് ലൈൻസ് പാക്കേജ്- മാടക്കത്തറ അരീക്കോട് 400/220 കെ.വി. ലൈൻ, കീഴിശ്ശേരി-നല്ലളം 220/110 കെ.വി. ലൈൻ എന്നിവയുടെ നിർമ്മാണം.

2. NRHTLS പാക്കേജ് - കക്കയം നല്ലളം 110 കെ.വി. ലൈൻ HTLS കണ്ടക്ടർ ഉപയോഗിച്ച് ശേഷി വർദ്ധിപ്പിക്കുകയും, നല്ലളം-ചേവായൂർ-വെസ്റ്റ് ഹിൽ-കൊയിലാണ്ടി 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ, ഡബിൾ സർക്യൂട്ട് ലൈനായി ഉയർത്തുകയും ചെയ്യുന്ന പ്രവൃത്തികൾ.

3. കേരളത്തിലെ 322 സബ്സ്റ്റേഷനുകളിൽ നടപ്പാക്കുന്ന ഓട്ടോമാറ്റിക് ഡിമാന്റ് മാനേജ്മെന്റ് സിസ്റ്റം (ADMS).

4. ജനറേറ്റിംഗ് സ്റ്റേഷനോടനുബന്ധിച്ചുള്ള സ്വിച്ച് യാർഡ് ഉപകരണങ്ങളുടെ റിനോവേഷനും അപ്ഗ്രഡേഷൻ ജോലികളും.

5.സംസ്ഥാനത്തെ 110 കെ.വി. സബ്സ്റ്റേഷനുകൾ ഒപ്റ്റിക്കൽ കേബിൾ വഴി ബന്ധിപ്പിച്ചുകൊണ്ടുള്ള റിലയബിൾ കമ്മ്യൂണിക്കേഷൻ & ഡാറ്റാ അക്വിസിഷൻ സിസ്റ്റം.

6. സംസ്ഥാനത്തെ സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്ററിൽ എനർജി അക്കൌണ്ടിംഗിനുവേണ്ടിയുള്ള SAMAST (Scheduling, Accounting, Metering and Settlement of Transactions) പ്രോഗ്രാം നടപ്പാക്കുന്ന ജോലി. പ്രസരണ മേഖലയിൽ മേൽപദ്ധതികൾക്ക് പുറമേ ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് RDSS (Revamped Distribution Sector Scheme). ഇതിന്റെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തിന്റെ ആഭ്യന്തര പ്രസരണശേഷി

വർദ്ധിക്കുകയും പ്രസരണ നഷ്ടം കുറയുകയും, വൈദ്യുതി തടസ്സങ്ങൾ ഒഴിവാകുകയും ചെയ്യും. കൂടാതെ, ഒപ്റ്റിക്കൽ കേബിൾ ശൃംഖല വഴി സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുക വഴി കമ്മ്യൂണിക്കേഷൻ ശൃംഖല വിപുലമാവുകയും ഇന്റർനെറ്റ് അടക്കമുള്ള ഉപഭോക്തൃ സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാവുകയും ചെയ്യും. പുനരുപയോഗ ഊർജ്ജ മേഖലയിൽ താഴെ പറയുന്ന പദ്ധതികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. പുനരുപയോഗ മേഖലയിൽ പൂർത്തിയായിട്ടുള്ളതും ആരംഭിച്ചിട്ടുള്ളതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* മേൽപ്പറഞ്ഞ പദ്ധതികളും പ്രാദേശികമായി KSEB നൽകുന്ന വൈദ്യുതിയുടെ വോൾട്ടേജും ലഭ്യതയും വർദ്ധിപ്പിക്കുകയും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുകയും ചെയ്യുന്നു. കേരളത്തിലെ വൈദ്യുത മേഖല സ്വയം പര്യാപ്തമാവാൻ മുതൽ കൂട്ടാവുന്നതാണ് ഈ പദ്ധതികളെല്ലാം. വിതരണ മേഖലയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികൾ താഴെ ചേർക്കുന്നു.

1. ഗ്രാമീണ/ ഉപ-ഗ്രാമീണ ഭവന വൈദ്യുതീകരണം, വിതരണ -ഉപ പ്രസരണ ശൃംഖലയുടെ ശാക്തീകരണ പദ്ധതികളായ – i. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന-എല്ലാ ഗ്രാമീണ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനായി 2005 ഏപ്രിൽ 4-ന് ഇന്ത്യൻ സർക്കാർ (RGGVY) ആരംഭിച്ചു. മാർച്ച് 2015 -ൽ 14 ജില്ലകളിൽ പദ്ധതി പൂർത്തിയാക്കി. ഈ പദ്ധതി വഴി മൊത്തം service connections 125405 നൽകി, അതിൽ 113420 ബിപിഎൽ connections ആകുന്നു. i. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)- ഗ്രാമീണ ഭവന വൈദ്യുതീകരണം, ഉപ-പ്രസരണ വിതരണ ശൃഖലയുടെ ശാക്തീകരണം, തുടങ്ങിയവ ലക്ഷ്യംവച്ച് 2016-ൽ അനുമതി ലഭിച്ച പ്രസ്തുത പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. പദ്ധതി സെപ്റ്റംബർ 2019-ൽ പൂർത്തീകരിക്കുകയുംചെയ്തു. ഈ പദ്ധതി നടപ്പിലാക്കുക വഴി ഗ്രാമീണ ഭവന വൈദ്യുതീകരണവും കൂടാതെ ഉപ-പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണവും സാധിച്ചു. കൺസ്യൂമർ -ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നിവ നടപ്പിലാക്കുക വഴി ഗ്രാമ/ പ്രാന്ത പ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കുവാൻ സാധിച്ചു.

2. നഗര /ഉപ-നഗരങ്ങളുടെ വിതരണ-ഉപ പ്രസരണ ശൃംഖല ശാക്തീകരണ പദ്ധതികളായ - i. റിസ്ക്ട്രക്ച്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP),- നഗര/പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായുള്ള പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. - പാർട്ട് A (IT) - പദ്ധതി മാർച്ച് 2018 ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ചു - പാർട്ട് A (SCADA) - സെപ്റ്റംബർ 2019 ൽ പൂർത്തീകരിച്ചു. - പാർട്ട് B - പദ്ധതി മാർച്ച് 2018 ൽ പൂർത്തീകരിച്ചു. പാർട്ട് B പദ്ധതി- ഈ പദ്ധതി നടപ്പിലാക്കുക വഴി ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും, കൺസ്യൂമർ-ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നിവ നടപ്പിലാക്കുകവഴി നഗര/ പ്രാന്ത പ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കുവാനും സാധിച്ചു. പാർട്ട് A പദ്ധതി- ഈ പദ്ധതി നടപ്പിലാക്കുക വഴി IT മേഖലയിൽ നിർണായക നേട്ടം കൈവരിക്കുവാൻ സാധിച്ചു. ii. സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്)- എ) ഫേസ് -1 നഗര/ഉപ-നഗരങ്ങളുടെ വിതരണ- ഉപ പ്രസരണ ശൃംഖല ശാക്തീകരണം - പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. പദ്ധതി ഡിസംബർ 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. നഗര/ പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായുള്ള ഈ പദ്ധതി നടപ്പിലാക്കുക വഴി ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും, കൺസ്യൂമർ -ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നിവ നടപ്പിലാക്കുകവഴി നഗര/ പ്രാന്ത പ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കുവാനും സാധിച്ചു. IT പ്രോജക്ടസ് a) ഫേസ് -2 IT , b) ERP - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, c) RTDAS- റിയൽടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം - പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചുവരുന്നു.

3. സൗഭാഗ്യ - ഈ പദ്ധതി കേരളത്തിന് 2018-ലെ പ്രളയത്തിൽ വിച്ഛേദിക്കപ്പെട്ട 300000 വീടുകളുടെ പുനഃവൈദ്യുതീകരണത്തിനുവേണ്ടി special case ആയിട്ടാണ് അനുമതി ലഭിച്ചത്. ഈ പദ്ധതി മുഖാന്തരം 319171 എണ്ണം വീടുകൾ പുനഃവൈദ്യുതീകരിച്ചു, 12 ജില്ലകളിൽ നടപ്പാക്കി (തിരുവനന്തപുരം, കാസർഗോഡ് ഒഴികെ), 95.75 കോടി രൂപയുടെ പൂർത്തീകരണ റിപ്പോർട്ട് 27-2-2020-ൽ GoI-യ്ക്ക് സമർപ്പിക്കുകയും, റിപ്പോർട്ട് അംഗീകരിച്ചതായി 28-9-2020-ൽ REC അറിയിച്ചു. യോഗ്യതാ ഗ്രാന്റ് തുക മുഴുവൻ (66.34 കോടി) 13-8-2021-ഓടെ ലഭിച്ചു.

4. റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS)- ഊർജ്ജ മേഖലയിലെ നവീകരണത്തിനായി 27/7/2021-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയാകുന്നു. സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ പ്രദേശ ഭേദമന്യേ ഒരുപോലെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2025 വർഷത്തോടുകൂടി എല്ലാ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കുന്നതാണ് പദ്ധതിയുടെ

പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അതുവഴി വിതരണ നഷ്ടം കുറയ്ക്കുക, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും കൃത്യമായി ബിൽ തുക ഈടാക്കുക, സംസ്ഥാന സർക്കാർ വൈദ്യുത മേഖലയ്ക്കുള്ള സബ്സിഡി കൃത്യമായി/മുൻകൂറായോ നൽകുക, കൃത്യമായ ഊർജ്ജ ഓഡിറ്റ് നടപ്പാക്കുക തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള/ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളായ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കൽ പുതിയ ലൈനുകൾ, കേബിളുകൾ, HVDS തുടങ്ങിയവയും, കൂടാതെ ഉപ-വൈദ്യുത പ്രസരണം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ, നവീകരണ പ്രവൃത്തികൾ, ABC / ഭൂഗർഭ കേബിളുകൾ, HVDS, SCADA ഉൾപ്പെടുത്തിയ RMU, തുടങ്ങിയവ ഉൾപ്പെടുത്തി ഉപഭോക്താക്കൾക്ക് 24x7 മണിക്കൂർ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ അനുമതി ലഭിക്കുന്നതിനായി, വൈദ്യുതി ഉപപ്രസരണ-വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും (DPR), ചീഫ് സെക്രട്ടറി ചെയർമാൻ ആയ DRC യുടെ ശിപാർശയോടുകൂടി സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.

(സി) ഓരോ പദ്ധതിയുടെയും തുക എത്രയാണെന്നും കരാർ ഏറ്റെടുത്ത കമ്പനികൾ/വ്യക്തികൾ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) പദ്ധതികൾ തുടങ്ങുന്ന കാര്യത്തിലും ആരംഭിച്ച പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിലും തടസ്സങ്ങളുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ നിലവിൽ തടസ്സങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ല. റോഡ് കട്ടിംഗ്, റെയിൽവേ ലൈൻ ക്രോസിങ് തുടങ്ങിയവയുടെ അനുമതി അതത് വകുപ്പുകളിൽ നിന്നുവാങ്ങി സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നു. പ്രകൃതിക്ഷോഭം തുടങ്ങിയ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും സമയബന്ധിതമായി ദീർഘിപ്പിച്ച് നൽകിയ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയത്തിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചു. പി.എം. കുസും പദ്ധതിയെ സംബന്ധിച്ച് പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുക എന്നതായിരുന്നു നേരിടുന്ന പ്രധാന വെല്ലുവിളി. പദ്ധതിക്കായി സ്ഥലം നൽകുന്ന കർഷകർക്ക് പ്രസ്തുത സ്ഥലത്തുനിന്നും ഉത്പാദിപ്പിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അനുസൃതമായി നൽകുന്ന വാടക 10 പൈസയിൽ നിന്ന് 20 പൈസയായി വർദ്ധിപ്പിച്ചുനൽകുന്നതിലൂടെ കൂടുതൽ കർഷകരെ പദ്ധതിയിലേയ്ക്ക് ആകർഷിക്കാൻ സാധിക്കും. കാസർഗോഡ് ജില്ലയിലെ മയിലാട്ടി (1 MW) സൗരോർജ്ജ പദ്ധതി കരാറുകാരനായ M/s. Alectrona Energy Pvt Ltd. യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനാൽ, കരാർ റദ്ദ് ചെയ്തു. M/s. Alectrona Energy Pvt Ltd. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി**

242 (2550) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്ത്, ചെങ്ങളായി പഞ്ചായത്ത്, ശ്രീകണ്ഠപുരം നഗരസഭ, ഇരിക്കൂർ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയിലും സ്ഥാപിച്ചതെന്ന് വിശദമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ച സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു .*

(സി) രണ്ടാം ഘട്ടത്തിൽ ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം ഘട്ടത്തിൽ ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ**

243 (2551) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് ഓട്ടോ ഉൾപ്പെടെയുള്ള വാഹനങ്ങൾക്കായി എല്ലാ ഗ്രാമപ്രദേശങ്ങളിലും ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കുക കെ.എസ്.ഇ.ബി.എൽ-ന് പ്രായോഗികമല്ലാത്തതിനാൽ പകരം ചെയ്യാൻ ഉദ്ദേശിക്കുന്ന സംവിധാനം എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ നിലവിലെ സ്ഥിതിയിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രത്യേകിച്ചും ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഏറ്റവും കൂടുതലുള്ളത് കോഴിക്കോട് ജില്ലയിലാണ്. കോഴിക്കോട് സിറ്റിയിൽ മാത്രം അറുന്നൂറോളം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഓടുന്നുണ്ട്. ഇവയെല്ലാം തന്നെ വീടുകളിൽ രാത്രി ചാർജ്ജ് ചെയ്യുകയും 120-130 കി.മീ. ഓടിയതിനുശേഷം ബാറ്ററി ചാർജ്ജ് തീരുകയും ചെയ്യുന്നു. തുടർന്ന് ഓടുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ലഭ്യമല്ലാത്തതിനാൽ ഓട്ടോറിക്ഷ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കും ചാർജ്ജ് ചെയ്യാൻ ഉതകുന്ന തരത്തിൽ കോഴിക്കോട് സിറ്റിയിൽ തിരഞ്ഞെടുത്ത പത്ത് ലൊക്കേഷനുകളിലായി കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള 'പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ' സ്ഥാപിച്ചു കഴിഞ്ഞു. ഈ സ്റ്റേഷനുകൾ ഉപയോഗപ്പെടുത്തി കോഴിക്കോട് ടൗണിൽ ഓടുന്ന എല്ലാ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും മൊബൈൽ ഫോൺ വഴി പണമടച്ച് ചാർജ്ജ് ചെയ്യാൻ കഴിയും. എറ്റവും കുറഞ്ഞ പ്രീ-പെയ്ഡ് വാലറ്റ് നിരക്ക് 100 രൂപയാണ്. ഒരു തവണ ഫുൾ ചാർജ്ജ് ചെയ്യുമ്പോൾ 70 രൂപ മൊബൈൽ ഫോൺ വഴി അടയ്ക്കാം. തുടർന്ന് 120-130 കി.മീ. ഓടുവാൻ കഴിയും. ഓരോ ഓട്ടോറിക്ഷയും ചാർജ്ജ് ചെയ്യാൻ എടുക്കുന്ന സമയം, ഉപയോഗിച്ച വൈദ്യുതി, അടച്ച തുക ഇവയെല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ-നും അതുപോലെ തന്നെ ഓട്ടോറിക്ഷ ഡ്രൈവർക്കും തൽസമയം അറിയുവാൻ കഴിയും. നിലവിലുള്ള പോസ്റ്റുകളിൽ തന്നെ ഇവ ഉറപ്പിക്കുന്നതിനാൽ അധിക ചെലവ് വരുന്നില്ല. CCTV അടക്കമുള്ള മതിയായ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇപ്രകാരം സിറ്റിയിൽ ഓടുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് കൂടുതൽ സമയം ഓടുവാനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും

സാധിക്കും. കോഴിക്കോട് ആസ്ഥാനമായ സ്റ്റാർട്ടപ്പ് കമ്പനിയായ Charge MOD ആണ് ഇതിനായി ചാർജ്ജിംഗ് ഉപകരണങ്ങളും സോഫ്റ്റ്‍വെയറും മറ്റും വികസിപ്പിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും 2.52 ലക്ഷം രൂപ ചെലവഴിച്ചാണ് പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കേരളം മുഴുവൻ വ്യാപിപ്പിക്കാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി നിലവിൽ വരുന്നതോടെ കേരളത്തിലെ വൈദ്യുതി വാഹന രംഗം വൻ കുതിപ്പിന് സാക്ഷ്യം വഹിക്കും.

**പ്രധാനമന്ത്രി - കുസും പദ്ധതി**

244 (2552) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രധാനമന്ത്രി - കുസും പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ, പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് PM-KUSUM പദ്ധതി. PM-KUSUM പദ്ധതിയിൽ താഴെപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

Component - A: സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശ്ശോ ആയ ഭൂമിയിൽ, 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയമോ മറ്റ് പുനരുപയോഗ ഊർജ്ജാധിഷ്ഠിത നിലയങ്ങളോ സ്ഥാപിച്ച് 10000 മെഗാവാട്ട് ശേഷി കൈവരിക്കുന്ന പദ്ധതി.

Component - B: 17.50 ലക്ഷം സോളാർ അഗ്രികൾച്ചർ പമ്പുകൾ (7.5 എച്ച്.പി. വരെ ശേഷിയുള്ളവ) സ്ഥാപിക്കൽ.

Component - C: നിലവിലുള്ള 10 ലക്ഷം ഗ്രിഡ് കണക്ടഡ് അഗ്രികൾച്ചർ പമ്പുകളുടെ (7.5 എച്ച്.പി. വരെ ശേഷിയുള്ളവ) സൗരോർജ്ജവൽകരണം.

ഇതിൽ Component - A യും, C യുടെ ഒരു പാർട്ടും നടപ്പാക്കുന്ന ഏജൻസി കെ.എസ്.ഇ.ബി.എൽ. ആണ്. Component - B യും, സി-യുടെ ഒരു പാർട്ടും അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൽ Component A-യ്ക്കായി എം.എൻ.ആർ.ഇ.-യിൽ നിന്ന് 40 മെഗാവാട്ടിനാണ് കെ.എസ്.ഇ,.ബി.എൽ.-ന് അനുമതി ലഭിച്ചിട്ടുള്ളത്. കർഷകരുടെ ഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൃഷിക്കാർക്ക് അവരുടെ ഉടമസ്ഥതയിലുള്ള തരിശ്ശായതോ കൃഷി യോഗ്യമല്ലാത്തതോ ആയ ഭൂമി സൗരോർജ്ജ നിലയത്തിന് ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി അവസരമൊരുക്കുന്നു. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന സൗരോർജ്ജം കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാം. കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ടെണ്ടർ വഴി നിശ്ചയിക്കുന്ന താരിഫ് പ്രകാരം കെ..എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. ഇതിന് താൽപ്പര്യമുള്ളവർ ടെണ്ടർ പ്രക്രിയയിൽ പങ്കെടുക്കേണ്ടതാണ്. കർഷകർക്ക് സ്വന്തം നിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ അവർക്ക് ഡെവലപ്പർ വഴി പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. ഭൂമി പാട്ടത്തിന് നൽകുന്നതിനായി കർഷകനും ഡെവലപ്പറും തമ്മിൽ ഒരു ഉഭയകക്ഷി ഉടമ്പടി വയ്ക്കാൻ കഴിയും. ഡെവലപ്പർ കർഷകരുടെ ഭൂമിയിൽ 25 വർഷത്തേയ്ക്ക് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുകയും അതിൽ നിന്ന് ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പരമാവധി യൂണിറ്റിന് 20 പൈസ എന്ന നിരക്കിൽ സ്ഥല വാടക കർഷകന് നൽകുന്നതുമാണ്. പ്രതിവർഷം കുറഞ്ഞത് ഒരേക്കറിൽ നിന്ന് 50,000 രൂപ വരെ വരുമാനം ലഭിക്കാൻ ഉതകുന്നതുമാണ് ഈ പദ്ധതി. സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കൃഷി ഭൂമിയോ, കൃഷിയോഗ്യമല്ലാത്തതോ അല്ലെങ്കിൽ തരിശായതോ ആയ കർഷകരുടെ ഭൂമിയിൽ മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളൂ. കുറഞ്ഞത് 500 കിലോവാട്ട് മുതൽ പരമാവധി 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സ്ഥാപിക്കുന്നത്. ആയതിനാൽ കുറഞ്ഞത് 2 ഏക്കർ വരെ സ്ഥലം ഉണ്ടായിരിക്കണം. കർഷകർക്ക് സ്വന്തം നിലയ്ക്കോ കുറച്ചു പേർ ചേർന്നോ/ കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ ഏതെങ്കിലും നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റിൽ ഇതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി ഭൂമി പാട്ടത്തിന് നൽകാൻ താത്പര്യമുള്ളവർക്ക് വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ഇതിനായുള്ള സമ്മതപത്രവും ഭൂമിയെ സംബന്ധിച്ചുള്ള അനുബന്ധരേഖകളും ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിൾ മുഖാന്തരം നൽകാവുന്നതുമാണ്. Component - B എന്നത് വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയാണ്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും സബ്സിഡി നൽകുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിന്

കൃഷിസ്ഥലം വൈദ്യുതി എത്താത്ത സ്ഥലമായിരിക്കണം. കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂ. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം. ഇതിനു മുകളിൽ ഉള്ള പമ്പുകൾ ഉൾപ്പെടുത്താമെങ്കിലും അവയ്ക്കുള്ള സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു. Component - C യുടെ ഒരു പാർട്ടായ കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും, ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. Component സി പദ്ധതിപ്രകാരം കൃഷിയിടങ്ങളിൽ KSEBL വൈദ്യുത കണക്ഷൻ എടുത്തിട്ടുള്ളവയും, കാർഷിക പമ്പുകൾ ആ വൈദ്യുതിയിൽ പ്രവർത്തിക്കുന്നവയും ആയിരിക്കണം. കാർഷികാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന വൈദ്യുത പമ്പുകളാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം. ഇതിനു മുകളിലുള്ള പമ്പുകൾക്ക് സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു. കൃഷിയിടങ്ങൾ കാർബൺ രഹിതമാക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് പ്രധാനമന്ത്രി - കുസും പദ്ധതി വളരെയധികം സഹായകരമാണ്. കൃഷി ആവശ്യം കഴിഞ്ഞ് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്.

**ഒറ്റപ്പാലം ടൗണിലെ യു.ജി. കേബിൾ പദ്ധതി**

245 (2553) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിൽ തടസ്സരഹിതമായി വൈദ്യുതി ലഭിക്കുന്നതിന് യു.ജി. കേബിൾ പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ ചെലവ് എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) ഒറ്റപ്പാലം ടൗണിൽ തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിനായി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരട് DPR തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നു. കൂടാതെ ഒറ്റപ്പാലം സബ് കളക്ടറുടെ നിർദ്ദേശ പ്രകാരം ഒറ്റപ്പാലം പ്രദേശത്തെ മുഴുവൻ വിതരണ ലൈനുകളും (11 KV, 440 V, 230 V) ഭൂഗർഭ കേബിൾ ആക്കി മാറ്റുന്നതിനുള്ള 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് KSEBL തയ്യാറാക്കി സബ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ഇടുക്കി പദ്ധതിയുടെ രണ്ടാം ഉൽപാദന നിലയം**

246 (2554) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി രണ്ടാം ഉൽപ്പാദന നിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നൽകാൻ WAPCOS എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ സാധ്യത പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. പഠന പ്രക്രിയ പൂർത്തിയാക്കി ആവശ്യമായ എല്ലാ റിപ്പോർട്ടുകളും പ്രമാണങ്ങളും നവംബർ 2022-ന് മുമ്പായി തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പ്രസ്തുത നിലയം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

5 മുതൽ 7 വർഷങ്ങൾ വേണ്ടി വരും എന്നാണ് പ്രതീക്ഷിക്കുന്നത്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതീകരണം**

247 (2555) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വൈദ്യുതി ഇല്ലാത്ത വീടുകളുടെ ലിസ്റ്റ് തയാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി ഇല്ലാത്ത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഭൂരിഭാഗം സെക്ഷനുകളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. പുതിയതായി വരുന്ന അപേക്ഷകർക്ക് വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് സമയബന്ധിതമായി കണക്ഷൻ നൽകി വരുന്നുണ്ട്. ഇതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള അപേക്ഷകർക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടതായ പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും, കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി സൗജന്യമായി അപേക്ഷാ ഫീസ് മാത്രം വാങ്ങിക്കൊണ്ട് വൈദ്യുതി കണക്ഷൻ നല്കുന്നുണ്ട്.

**കുറ്റ്യാടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

248 (2556) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പെരുമുണ്ടച്ചേരി ഭാഗത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം, തുടർച്ചയായി വൈദ്യുതി ഇല്ലാതാകൽ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റ്യാടി മണ്ഡലത്തിലെ പെരുമുണ്ടച്ചേരി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും, 150 മീറ്റർ ലോ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തിയും, ഒരു 100KVA ട്രാൻസ്ഫോർമർ ലോഡ് സെന്ററിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആവശ്യമുള്ളപക്ഷം പുതിയതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആവശ്യമുള്ള പക്ഷം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

## കെ.എസ്.ഇ.ബി. നീക്കം ചെയ്യുന്ന മരച്ചില്ലകൾ

249 (2557) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ ലൈനുകളിൽ തടസ്സമായി നിൽക്കുന്ന മരച്ചില്ലകളും മറ്റും നീക്കം ചെയ്ത് കെ.എസ്.ഇ.ബി. പാതയോരങ്ങളിൽ ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പാതയോരങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ; ഇവയുടെ സമയബന്ധിതമായ നീക്കം ചെയ്യൽ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നറിയിക്കുമോ?

(എ&ബി)ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി വിതരണ ലൈനുകളിൽ തടസ്സമായി നിൽക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യുന്ന പ്രവൃത്തി കരാറു നൽകുമ്പോൾ തന്നെ റോഡരികിൽ ഉപേക്ഷിക്കാതെ അവ കൃത്യമായി റോഡിൽ നിന്നും മാറ്റി അതാതു ഉടമസ്ഥരുടെ പറമ്പിലോ മറ്റേതെങ്കിലും സൗകര്യപ്രദമായ സ്ഥലങ്ങളിലോ നിക്ഷേപിക്കണമെന്ന് കർശന നിർദ്ദേശം നൽകിവരുന്നു. അതോടൊപ്പം കരാറുകാർ ഇത് പാലിക്കുന്നുവെന്ന് പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പുവരുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരൂരങ്ങാടി മണ്ഡലത്തിൽ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ നടപടി

250 (2558) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിൽ റോഡ് നവീകരണത്തിന്റെ ഭാഗമായി വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ എ ടൈപ്പ് പോളുകൾ ലഭ്യമല്ലാത്ത അവസ്ഥയും ഈ പ്രവൃത്തികളിൽ വരുന്ന കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പോസ്റ്റുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിൽ റോഡ് നവീകരണത്തിന്റെ ഭാഗമായി നേരത്തെ തുക ഒടുക്കിയ പ്രവൃത്തികൾക്കുള്ള (മൂന്ന് എണ്ണം) 11 മീറ്റർ പോസ്റ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. 14-9-2021-ൽ പുതുതായി തുക അടവാക്കിയ പ്രവൃത്തിക്കുള്ള (37 എണ്ണം) 13 മീറ്റർ പോസ്റ്റുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതി വിതരണം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശം

251 (2559) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്മാർട്ട് പ്രീ പെയ്ഡ് മീറ്റർ ഉപയോഗിച്ച് മാത്രം വൈദ്യുതി വിതരണം നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

കേന്ദ്ര സർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20-7-2021-ൽ പ്രസ്തുത പദ്ധതി വിജ്ഞാപനം ചെയ്തിട്ടുള്ളതാകുന്നു. ഉപ-പ്രസരണ - വിതരണ രംഗത്ത് വിഭാവനം ചെയ്യുന്ന പരിഷ്കാര പ്രവർത്തനങ്ങൾ മൂലം ഗുണമേന്മയുള്ള 24 x 7 വൈദ്യുതിയും, ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും, മെച്ചപ്പെട്ട കാര്യക്ഷമതയും, വിശ്വാസ്യതയും, പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഫീഡർ/ ട്രാൻസ്ഫോർമർ മീറ്ററുകളും സർക്കാർ/ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങളുടെ മീറ്ററുകളും മാറ്റി സ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്. മീറ്റർ വിലയുടെ 15%, (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി " റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം" പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി ഉൽപ്പാദനം - പദ്ധതികൾ

252 (2560) ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യ്ക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതി ഉല്പാദനം, വിതരണം, പ്രസരണനഷ്ടം കുറയ്ക്കൽ എന്നിവയിൽ എത്രത്തോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി.എൽ. വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു. ഉത്പാദന മേഖല ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 314.137 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ. ബി.എൽ. നേരിട്ടും (വെള്ളത്തൂവൽ - 3.6 MW, പെരുംതേനരുവി - 6 MW, കക്കയം -3 MW), 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും (പതങ്കയം - 8 MW, കാരിക്കയം 4.5 MW, ദേവിയാർ- 0.05 MW) കൂടാതെ സൗരോർജ്ജ പദ്ധതികളിൽ നിന്നും 261.987 മെഗാവാട്ടും കാറ്റിൽ നിന്നും 27 MW ഉം ഉൾപ്പെടുന്നു. പ്രസരണ മേഖല കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പുതുതായി 70 സബ്സ്റ്റേഷനുകളും (അപ്ഗ്രേഡ് ചെയ്തവയുൾപ്പെടെ) 1674 സർക്യൂട്ട് കി.മീ പ്രസരണ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കി. പ്രസരണ വിതരണ നഷ്ടം കുറവുള്ള സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ് കേരളം. 2021- മാർച്ച് വരെയുള്ള കണക്കനുസരിച്ച് നമ്മുടെ പ്രസരണ നഷ്ടം കേവലം 3.4 ശതമാനം മാത്രമാണ്. ഇത് രാജ്യത്തുതന്നെ ഏറ്റവും കുറവാണ്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 07.8 MW-ന്റെ കുറവുണ്ടാകും. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനായി അന്തർസംസ്ഥാന പ്രസരണ ശൃംഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ശ്രമം നടത്തിയിരുന്നു. ഇതിന്റെ ഫലമായി ഇടമൺ - കൊച്ചി 400 കെ.വി പ്രസരണ ലൈനിന്റെയും പുഗലൂർ - മാടക്കത്തറ 320 കെ.വി HVDC ലൈനിന്റെയും നിർമ്മാണം പൂർത്തീകരിക്കാനായി. ഇതുവഴി ഇറക്കുമതി ശേഷിയിൽ ഏകദേശം 2000 മെഗാവാട്ടിന്റെ വർദ്ധന കൈവരിക്കാനായി. വിതരണ മേഖല ഏകദേശം 19 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 9,641 കി.മീ. എച്ച്റ്റി. ലൈൻ, 19,272 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 11,583 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 9,349 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും 90,494 കി.മീ. എൽ.റ്റി./എച്ച്.റ്റി. ലൈൻ റീ കണ്ടക്റ്ററിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 41.7 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ മാറ്റി സ്ഥാപിച്ചു. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജ നഷ്ടം ക്രമമായി കുറച്ച

കൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ലക്ഷ്യങ്ങൾ ഈ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. വിജയകരമായി കൈവരിച്ചു. ഊർജ്ജ മേഖലയിൽ വിതരണനഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ 8.7% (2019-20) കൊണ്ടു വരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. കെ.എസ്.ഇ.ബി.-യുടെ ആകെ പ്രസരണ-വിതരണ നഷ്ടം എക്കാലത്തെയും കുറവായ 12.08 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം (അഗ്രീഗേറ്റ് ടെക്നിക്കൽ & കമേഴ്സ്യൽ ലോസ്സ് AT&C) 2018-19- ൽ വെറും 10.71% ആക്കി കുറയ്ക്കാൻ ആയി. വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്ന 4036 കോടി രൂപയുടെ ദ്യുതി 2021 പദ്ധതി പുരോഗമിച്ചു വരുന്നു. പ്രസ്തുത കാലയളവിൽ 1473 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു.

(ബി) പ്രസ്തുത കാലയളവിൽ കാറ്റ്, സൂര്യപ്രകാശം, മാലിന്യം എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിൽ എത്രത്തോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 320 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി ആണ് നടപ്പാക്കുന്നത്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇത്

പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ് ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശ് നിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജവത്ക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും 74.1 MW വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 5,329 വീടുകളിലായി 16 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 2950 വീടുകളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിബാറ്ററിയിൽ ശേഖരിച്ച് ആവശ്യത്തിന് വിനിയോഗിക്കുന്ന സംവിധാനമായ ഓഫ് ഗ്രിഡ്സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 6.2 മെഗാവാട്ട്. ഇതിൽ 2379 വീടുകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 9.8 മെഗാവാട്ട്. ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവസ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവ് ഗുണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്തുകിട്ടുകയും ചെയ്യും. പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തമായുള്ള സ്ഥലത്ത് രണ്ട് മെഗാവാട്ട് ശേഷിയുള്ള സംസ്ഥാനത്തെ ആദ്യത്തെ

ശൃംഖലാബന്ധിത (IPP മോഡൽ) സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞു. അനെർട്ട് സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തി.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതോല്പാദനരംഗത്ത് ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൂർത്തീകരിച്ച വൈദ്യുത പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു*. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതി ഉത്പാദനരംഗത്ത് പുതിയ ജലവൈദ്യുത പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൂർത്തീകരിച്ച സൗരോർജ്ജപദ്ധതികളുടെയും, കാറ്റിൽ നിന്നുള്ള പദ്ധതികളുടെയും വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി പാതംകയം (8 MW), ആനക്കാംപൊയിൽ (8 MW) എന്നീ പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു. അതോടൊപ്പം തന്നെ അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) കമ്മീഷനിംഗിന് (COD) തയ്യാറായിരിക്കുകയാണ്. കൂടാതെ 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്,' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിനുശേഷം ചില പദ്ധതികളുമായി മുന്നോട്ടുപോകാൻ സാങ്കേതികമായും,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികമായും ബുദ്ധിമുട്ടുണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കി വരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ സർക്കാരിലേയ്ക്കുള്ള അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുകയും ഉടനെ തന്നെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ചില സംരംഭകർ കോവിഡ്-19 മൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തിൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് വെയ്ക്കുവാനും, അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുവാനും കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. സൗരോർജ്ജം, കാറ്റ്, ജൈവ ഊർജ്ജം എന്നിവയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ള പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ. ഇതിൽ സുലഭമായി ലഭിക്കുന്ന സൗരോർജ്ജത്തെ നമ്മുടെ ഊർജ്ജ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ ഇന്ന് വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമായി കൊണ്ടിരിക്കുകയാണ്. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷിക ആവശ്യത്തിനായി വിനിയോഗിച്ച് വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യപമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സോളാർ പാനലുകൾ സ്ഥാപിക്കാൻ സ്ഥലസൗകര്യമുള്ള എല്ലാ കർഷകരുടെയും പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നത് ഈ ഇനത്തിൽ വേണ്ടിവരുന്ന വൈദ്യുതിയിൽ പുനരുപയോഗ സ്രോതസ്സുകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതാണ്. സൗരോർജ മേഖലയിൽ റെസ്കോ - റിന്യൂവബൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുയും ചെയ്യുന്നതാണ് പദ്ധതി. റെസ്കോ മാതൃകയിൽ സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിലൂടെ പുനരുപയോഗ സ്രോതസ്സുകളുടെ വിനിയോഗം വർദ്ധിപ്പിക്കാവുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ

പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗതരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(ഡി) പുതിയ കേന്ദ്ര വൈദ്യുതി നയം നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സഹായം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ?

നിലവിലെ ദേശീയ വൈദ്യുതി നയം 2005-ൽ ആണ് പുറത്തിറക്കിയിട്ടുള്ളത്. ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കരട് നിർദ്ദേശം 2021-ൽ പുറത്തിറക്കിയിട്ടുണ്ട്. നിലവിലെ ദേശീയ വൈദ്യുതി നയത്തിലും കരട് നിർദ്ദേശങ്ങളിലും സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങൾ വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരുകളുടെ കടമെടുക്കാനുള്ള വായ്പാ പരിധി Gross State Domestic Product (GSDP)-യുടെ 0.50% വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട ചില നിർദ്ദേശങ്ങൾ 9-6-2021-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആനുകൂല്യം സംസ്ഥാന സർക്കാരിന് ലഭ്യമാകണമെങ്കിൽ ഏതാനും നിർബന്ധിത നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രകടന മികവിന് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയിൽ പങ്കാളിയാകാൻ സാധിക്കുക. പ്രസ്തുത നിർദ്ദേശങ്ങളിൽ വൈദ്യുതമേഖല സ്വകാര്യവൽക്കരിക്കണമെന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബോണസ് മാർക്കിനുള്ള മാനദണ്ഡങ്ങളായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതി വിശദമായി പരിശോധിച്ചതിൽനിന്നും പ്രസ്തുത ബോണസ് മാർക്ക് ഇല്ലാതെ തന്നെ കേരള സർക്കാർ സ്ഥാപനങ്ങളുടെയും വാട്ടർ അതോറിറ്റിയുടെയും വൈദ്യുതി കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുകയും കാർഷിക ഉപഭോക്താക്കളുടെ സബ്സിഡി ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ സ്കീമും ചെയ്യുന്നതുവഴി സ്വകാര്യവത്കരണ നിർദ്ദേശങ്ങൾ പാലിക്കാതെതന്നെ പദ്ധതിയുടെ മുഴുവൻ ആനുകൂല്യവും സംസ്ഥാന സർക്കാരിന് ലഭ്യമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 6-7-2021- ൽ പുതിയ കേന്ദ്ര പദ്ധതിയായ " നവീകരിച്ച വിതരണമേഖല പദ്ധതി" (Revamped Distribution Sector Scheme) RDSS -ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഊർജ്ജവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ്, ഫീഡർ വേർതിരിക്കൽ, സിസ്റ്റം ഇംപ്രൂവ്മെന്റ് തുടങ്ങിയവ

ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി DISCOM-ന് ധനസഹായം ലഭ്യമാകും. കെ.എസ്.ഇ.ബി.എൽ. പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

**ആദിവാസി കോളനികളുടെ വൈദ്യുതീകരണം**

253 (2561) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതീകരിക്കാത്ത അറുപത്തിനാല് ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ ഉൾപ്പെടെ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഈ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ 64 വൈദ്യുതീകരിക്കാത്ത ആദിവാസി കോളനികളിൽ 47 കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശത്തെ വൈദ്യുതീകരണത്തിന് വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടതായി വരുന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിനാവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ, പാലക്കാട് ജില്ലയിലെ പുതൂർ പഞ്ചായത്ത് സൈലന്റ് വാലി ദേശീയ ഉദ്യാനത്തിനടുത്ത് സ്ഥിതി ചെയ്യുന്ന, ആനവായിക്കടുത്തുള്ള തടുക്കിയിലെ ആദിവാസി ഊരുകളിൽ

കുന്തിപ്പുഴയിലേക്ക് വരുന്ന അരുവിയിൽ മൈക്രോ ജലവൈദ്യുത പദ്ധതി നടപ്പിലാക്കി വൈദ്യുതി എത്തിക്കാനുള്ള പ്രാഥമിക പഠന റിപ്പോർട്ട് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകുകയും, അതിനെത്തുടർന്ന് സർവേയ്ക്കുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൈലന്റ് വാലി പ്രദേശത്ത് വേണ്ട ഇൻവെസ്റ്റിഗേഷൻ/സർവ്വേ പ്രവർത്തനങ്ങൾക്കായി അനുമതി നൽകാൻ വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. സർവ്വേ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ഇ.എം.സി. തയ്യാറെടുത്തിട്ടുണ്ട്.

### കോന്നിയിൽ ഇലക്ട്രിക് പോസ്റ്റുകൾ റോഡരികിലേയ്ക്ക് മാറ്റി സ്ഥാപിക്കൽ

254 (2562) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന പൊതുമരാമത്ത് റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ റോഡരികിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

കോന്നി നിയോജകമണ്ഡലത്തിൽ ആഞ്ഞിലിക്കുന്ന കോട്ടമുക്ക് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുകയായ 3,99,863 (മൂന്ന് ലക്ഷത്തി, തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റി അറുപത്തിമൂന്ന്) രൂപ 30-9-2021- ന് PWD അസിസ്റ്റന്റ് എഞ്ചിനീയർ കുമ്പഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### വൈദ്യുതി ഉപഭോഗം

255 (2563) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനം പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ യൂണിറ്റ് കണക്ക് താഴെ ചേർക്കുന്നു:

| വർഷം | യൂണിറ്റ് (Mu) | ചെലവാക്കിയ തുക (കോടിയിൽ) |
|---|---|---|
| 2016-17 | 19734.92 | 7393.32 |
| 2017-18 | 19426.74 | 7526.03 |
| 2018-19 | 18761.47 | 7869.32 |
| 2019-20 | 21128.51 | 8680.00 |
| 2020-21 | 18262.34 | 8057.93 |

(ബി) വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജലവൈദ്യുതിക്ക് പുറമേ മറ്റ് രീതിയിൽ വൈദ്യുത ഉല്പാദനം നടത്താനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജലവൈദ്യുതിക്ക് പുറമേ പാരമ്പര്യേതര ഊർജ്ജമായ സോളാർ എനർജി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി റൂഫ് ടോപ്പ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ എന്നീ പദ്ധതികളും, കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളും സാധ്യതാപഠനം നടത്തി നടപ്പിലാക്കി വരുന്നു.

(സി) പുറമേനിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാനും അന്തർസംസ്ഥാന ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് പ്രസരണ നഷ്ടം കുറച്ച് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ 2019-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ടി ലൈൻ വന്നതോടു കൂടി 400 കെ.വി. പ്രസരണ ശൃംഖല വഴി ഇന്ത്യയിൽ എവിടെ നിന്നും സംസ്ഥാനത്ത് വൈദ്യുതി എത്തിക്കാം. 1000 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ നേരിട്ടെത്തിക്കാൻ വേണ്ടി നിർമ്മിച്ചിട്ടുള്ള പുഗലൂർ - തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈൻ 2021-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ടി ലൈനുകൾ രണ്ടും അന്തർസംസ്ഥാന ലൈനുകൾ ആണ്. അന്തർസംസ്ഥാന ലൈനുകളുടെ നിർമ്മാണം കെ.എസ്.ഇ.ബി. അല്ല നിർവ്വഹിക്കുന്നത്. എന്നാൽ അന്തർ സംസ്ഥാന ലൈനുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ പ്രത്യേക കർമ്മസേനയെ നിയോഗിക്കാറുണ്ട്. ഇപ്പോൾ നിർമ്മാണത്തിലുള്ള ഉഡുപ്പി – കാസർഗോഡ് 400 കെ.വി. ലൈനിന്റെ

നിർമ്മാണത്തിൽ സഹായിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഇപ്രകാരം നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ

256 (2564) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ ആറ്റാശ്ശേരിയിലും കുമരംപുത്തൂർ സെക്ഷന്റെ കീഴിലും വരുന്ന സ്ഥലങ്ങളിൽ 11 കെ.വി. വിതരണ ലൈനുകളുടെ ദൈർഘ്യത്താലും വിസ്തൃതിയാലും വൈദ്യുതി വിതരണത്തിൽ ഇടയ്ക്കിടെ തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പവർ ലഭ്യമല്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ പ്രദേശത്ത് ഒരു 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ സബ് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുമരംപുത്തൂർ പ്രദേശത്ത് ഒരു 33 കെ.വി സബ്സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## മലയോര ഹൈവേയുടെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

257 (2565) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി പൂക്കോട്ടുംപാടം മുതൽ കാറ്റാടിക്കടവ് പാലം വരെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട മലയോര-ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ വരുന്ന പൂക്കോട്ടുപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള (FIRST REACH) ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പ്രകാരം എത്ര പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നും എ ടൈപ്പ് പോസ്റ്റുകളുടെ ലഭ്യതക്കുറവാണോ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമെന്നും അറിയിക്കാമോ?

(ബി&സി) എ പോളിന്റെ ദൗർലഭ്യം നിമിത്തം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. കരുളായി സെക്ഷനിൽ 7.85 കിലോമീറ്റർ ദൂരത്തിനകത്ത് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിടത്ത് 5 കിലോമീറ്റർ ദൂരത്തിനകത്തുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. മറ്റ് സെക്ഷനുകളിലും (പൂക്കോട്ടുപാടം, മൂത്തേടം) പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മൂത്തേടം സെക്ഷനിൽ 147-ഉം കരുളായി സെക്ഷനിൽ 272-ഉം പൂക്കോട്ടുപാടം സെക്ഷനിൽ 83 ഉം പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവശ്യം വേണ്ട എ പോളുകൾ ലഭ്യമാക്കി വരുന്നു.

(ഡി) പൂക്കോട്ടുംപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള മലയോര ഹൈവേ നിർമ്മാണം അവസാനഘട്ടത്തിലായ സ്ഥിതിക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ എ ടൈപ്പ് പോസ്റ്റുകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവശ്യം വേണ്ട എ പോളുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ പദ്ധതി**

258 (2566) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ പ്രസരണ നഷ്ടം എത്ര ശതമാനമാണെന്നും ഇത് ദേശീയ ശരാശരിയെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രസരണ

മേഖലയിൽ 33 കെ.വി. ഒഴികെയുള്ള ശൃംഖലയുടെ പ്രസരണ നഷ്ടം 3.85 ശതമാനമായി നിശ്ചയിച്ചിരിക്കുന്നു. ഇതുമായി താരതമ്യം ചെയ്യുന്നതിന് ദേശീയ തലത്തിലുള്ള ശരാശരി കണക്കുകൾ ലഭ്യമല്ല.

(ബി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി, വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, കാലപ്പഴക്കം ചെന്നതും കാര്യക്ഷമത കുറഞ്ഞതുമായ ഉപകരണങ്ങളും യന്ത്രസാമഗ്രികളും മാറ്റി ഊർജ്ജക്ഷമത കൂടിയവ സ്ഥാപിക്കുക മുതലായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കുറയ്ക്കുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

## പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും

259 (2567) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണ്; വ്യക്തമാക്കാമോ?

2020-2021 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 68.89 ദശലക്ഷം യൂണിറ്റ് ആണ്.

(ബി) പ്രതിദിന വൈദ്യുതി ഉല്പാദനം എത്രയാണ്; വ്യക്തമാക്കാമോ?

2020-21-ലെ കണക്കുകൾ പ്രകാരം പ്രതിദിന ശരാശരി വൈദ്യുതി ഉല്പാദനം ഏകദേശം 20.90 ദശലക്ഷം യൂണിറ്റ് ആണ്.

(സി) വൈദ്യുതോല്പാദനത്തിന് ആശ്രയിക്കുന്നത് ഏതെല്ലാം സ്രോതസ്സുകളെയാണ്; വിശദമാക്കാമോ?

ആഭ്യന്തര വൈദ്യുതോല്പാദനത്തിന് പ്രധാനമായും ജലവൈദ്യുതി നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, സൗരോർജ്ജ നിലയങ്ങൾ, കോ-ജനറേഷൻ നിലയങ്ങൾ, എന്നിവയെയാണ് ആശ്രയിക്കുന്നത്.

## അമ്പലപ്പുഴ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ

260 (2568) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി. നടപ്പാക്കിയ പദ്ധതികളുടെ പേരും തുകയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി. നടപ്പാക്കിയ പദ്ധതികളുടെ പേരും തുകയും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു:

1. പുന്നപ്ര 220 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 200 MVA യിൽ നിന്നും ഒരു 200 MVA ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച 400 MVA ആയി ഉയർത്തി. ടി പ്രവൃത്തി 2018-19 കാലയളവിൽ പൂർത്തിയാക്കി. ഇതിന് 3.37 കോടി രൂപ ചെലവായി.

2. 1.79 കോടി രൂപ ചെലവഴിച്ച് പുന്നപ്ര-കളർകോട് 33 കെ.വി. ലൈൻ വലിച്ച് 3.6 കോടി രൂപ ചെലവിൽ കളർകോട് 33 കെ.വി. സബ്സ്റ്റേഷൻ 30-11-2019-ൽ സ്ഥാപിച്ചു. അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 21.8 ലക്ഷം രൂപയുടെ പ്രവൃത്തികളും, ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 356 ലക്ഷം രൂപയുടെ പ്രവൃത്തികളും, ഐ.പി.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി 205 ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി പദ്ധതി പ്രകാരം 667 ലക്ഷം രൂപയുടെ പ്രവൃത്തികൾ ലക്ഷ്യമിട്ടതിൽ 233 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന സബ് സ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

പുന്നപ്ര 220 കെ.വി സബ്സ്റ്റേഷന്റെ 11 കെ.വി. ശേഷി 20 MVA യിൽ നിന്നും ഒരു 110/11 കെ.വി. 20MVA ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് 40MVA ആയി ഉയർത്തുന്ന പ്രവൃത്തിക്കുള്ള 60 കോടി രൂപ ബോർഡിന്റെ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി ലഭ്യമായതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിൽ വൈദ്യുതി കണക്ഷന് വനം വകുപ്പിന്റെ അനുമതി

261 (2569) ശ്രീ. ടി.സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് വ്യക്തമാക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം ഒരു കുടുംബത്തിന് പോലും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതായിട്ടില്ല.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബാധകമല്ല.

## ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി കണക്ഷന് വനം വകുപ്പിന്റെ അനുമതി

262 (2570) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത എത്ര പേരാണുള്ളത്; വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ 78 ഉപഭോക്താക്കൾക്കാണ് വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തത്.

(ബി) മേൽപ്പറഞ്ഞതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനെ തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ഉപഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഇലക്ട്രിക്കൽ ഉപഭോക്തൃ സെക്ഷനുകളുടെ എണ്ണം കിഴക്കഞ്ചേരി - കിഴക്കഞ്ചേരി - 18 വണ്ടാഴി - മുടപ്പല്ലൂർ - 60.

**മലപ്പുറം ചീക്കോട് വില്ലേജിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി**

263 (2571) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചീക്കോട് വില്ലേജിൽ തടപ്പറമ്പ് പ്രദേശത്ത് സീറോ ലാൻഡ് പദ്ധതി പ്രകാരം സർക്കാർ പതിച്ചുനൽകിയ ഭൂമിയിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി എടവണ്ണപ്പാറ വൈദ്യുത സെക്ഷന് കീഴിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) അദാലത്തിൽ സമർപ്പിച്ച അപേക്ഷയെ തുടർന്ന് ഇതിനാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചുവെന്നും എത്ര രൂപ അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്താണ് തടസ്സമെന്നും വൈദ്യുതീകരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ ചീക്കോട് വില്ലേജിൽ തടപ്പറമ്പ് പ്രദേശത്ത് സീറോ ലാൻഡ് പദ്ധതി പ്രകാരം സർക്കാർ പതിച്ചു നൽകിയ ഭൂമിയിൽ, 125 കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി സ്ഥലപരിശോധന നടത്തി, 1300 മീറ്റർ ഹൈ ടെൻഷൻ ലൈനും 600 മീറ്റർ ലോ ടെൻഷൻ ലൈനും വലിച്ച്, ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 33,04,538 രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. തയ്യാറാക്കുകയും, പ്രവൃത്തിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മുണ്ടക്കുളം സെക്ഷനുകീഴിലാണ് പ്രസ്തുത പ്രദേശം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## കുട്ടനാട്ടിൽ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കാൻ നടപടി

264 (2572) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വൈദ്യുതി കണക്ഷനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

(എ & ബി) കുട്ടനാട്ടിൽ വൈദ്യുതി കണക്ഷനായി അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) കുട്ടനാട്ടിൽ തടസ്സം കൂടാതെ വൈദ്യുതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വൈദ്യുതി ഓഫീസുകളിൽ ലൈൻമാൻ, മസ്ദൂർ തുടങ്ങിയ തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുമോ?

4-6-2009-ലെ ബോർഡ് ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ തസ്തികയിലെ അംഗസംഖ്യ 12 ആയും മസ്ദൂർ തസ്തികയിലെ 6 ആയും നിശ്ചയിച്ചിരിക്കുന്നു. കുട്ടനാട് പ്രദേശത്തെ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ടി തസ്തികകളിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് കുറയ്ക്കൽ

265 (2573) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കോവിഡ് കാലത്ത് വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ വൈദ്യുതി ചാർജ്ജ് ഇളവുകൾ നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 1-6-2020-ലെ സ.ഉ(സാധാ)നമ്പർ 67/2020/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും, സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും, ബാക്കിയുള്ള തുക (75%)

പലിശ രഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിതിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്.

2. കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ്, 26-6-2020-ലെ സ.ഉ.(സാ) 80/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സബ്സിഡി അനുവദിച്ചിരുന്നു. 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനു പുറമേ ദാരിദ്ര്യരേഖക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനം സബ്സിഡിയായി നൽകിയ നിരക്കുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

3. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28-1-2021-ലെ സ.ഉ(സാധാ)നമ്പർ 14/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ, 1-6-2020-ലെ സ.ഉ(സാധാ) 67/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020-ജൂൺ മുതൽ ഡിസംബർവരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സൂചനയിലെ രണ്ട് ഗവൺമെന്റ് ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ 28-6-2021-ലെ സ.ഉ(സാധാ) 84/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മേയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശ രഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30-9-2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്. കൂടാതെ, വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയോടുകൂടി ചുവടെ പറയുന്ന ആശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. i) 29-9-1997 മുതൽ 500 വാട്ട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റുവരെ മാത്രം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നൽകിവരുന്ന പദ്ധതി "കണക്ടഡ് ലോഡ്" പരിധി വ്യത്യാസപ്പെടുത്താതെ പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകുക. ii) 1000 വാട്സ് വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റുവരെ മാത്രം ഉപഭോഗം ഉള്ളതുമായ BPL വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ യൂണിറ്റൊന്നിനു നിശ്ചയിച്ചിട്ടുള്ള 1.50 രൂപ എന്ന നിരക്ക് "കണക്ടഡ് ലോഡ് പരിധി വ്യത്യാസപ്പെടുത്താതെ പ്രതിമാസം 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി നൽകുക.

5. സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ മറ്റു പല സംസ്ഥാനങ്ങളും നാമമാത്രമായ ഇളവുകൾ മാത്രമേ അനുവദിച്ചിട്ടുള്ളുവെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

6. കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31-7-2020 വരെ) ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31-12-2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31-5-2020 വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു.

## എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

266 (2574) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സേവനം എന്ന പേരിൽ ഒരു പദ്ധതി ഇതുവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് എല്ലാ വർഷവും ദേശീയ ഊർജ്ജ സംരക്ഷണദിനമായ ഡിസംബർ 14-ന് ചുവടെ ചേർക്കുന്ന വിഭാഗങ്ങൾക്ക് ഊർജ്ജ സംരക്ഷണ അവാർഡ് നൽകിവരുന്നു. വലിയ തോതിലുള്ള ഊർജ്ജ ഉപഭോക്താക്കൾ ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ കെട്ടിടങ്ങൾ വ്യക്തികൾ സ്ഥാപനങ്ങളും സംഘടനകളും ചില്ലറ വ്യാപാരികൾ/വ്യാപാരികൾ ആർക്കിടെക്ച്ചറൽ സ്ഥാപനങ്ങളും ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസിയും.

2. ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ വ്യാവസായം, ഗാർഹികം, വിദ്യാഭ്യാസം, വാണിജ്യം, ഗതാഗതം, കാർഷികം തുടങ്ങിയ വിവിധ മേഖലകളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പരിശീലനം നൽകിവരുന്നു.

3. വനിതകളുടെ കീഴിലുള്ള MSME സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ പഠനവും, ഊർജ്ജ ഓഡിറ്റും ഇ.എം.സി.-യുടെ നേതൃത്വത്തിൽ 'സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള MSME സ്ഥാപനങ്ങൾ ഊർജ്ജ കാര്യക്ഷമതയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി വനിതകൾ ഉടമകളായുള്ള MSME-കളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും ഊർജ്ജ സംരക്ഷണ ശില്പശാലകൾ നടത്തുന്നതിനും ലക്ഷ്യമിടുന്നു.

4. സൂക്ഷ്മ ചെറുകിട ഊർജ്ജ ഉപഭോക്തൃ സംരംഭങ്ങളിലെ ഊർജ്ജ ഉത്തമീകരണം സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ ഊർജ്ജകാര്യക്ഷമത വരുത്തുന്നതിനും ഊർജ്ജ സംരക്ഷണത്തിനുള്ള അവസരങ്ങൾ മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

5. ഊർജ്ജ കാര്യക്ഷമതാവർദ്ധന പദ്ധതികളുടെ പ്രോത്സാഹനം സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് കൈകാര്യം ചെയ്യുന്ന പൊതു കെട്ടിടങ്ങളിലും മറ്റ് സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഊർജ്ജ ഓഡിറ്റിലൂടെ തിരിച്ചറിയുകയും അത്തരം ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ ഉപയുക്തമായ രീതിയിൽ നടപ്പിലാക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളിലും, സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്തുകയും, ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതാണ്. പൊതുമേഖലയിലെ HT/EHT ഉപഭോക്താക്കളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നത്. പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം ഇ.എം.സി. നടത്തിവരുന്നു. ഊർജ്ജ ഓഡിറ്റ് ഫീയുടെ 50% തുകയോ 50,000 രൂപയോ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകിവരുന്നു. ചെറുകിട വ്യവസായ മേഖലയിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി പ്രകാരം ഇ.എം.സി. എംപാനൽഡ് ഊർജ്ജ ഓഡിറ്റർമാർ മുഖേന ചെറുകിട സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നു. ഊർജ്ജ ഓഡിറ്റ് സമർപ്പിക്കുന്ന പക്ഷം ഊർജ്ജ ഓഡിറ്റർമാർക്ക് ഊർജ്ജ ഓഡിറ്റ് ഫീസ് ഇ.എം.സി. നൽകുന്നതാണ്.

6. എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്:- എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ ഊർജ്ജ വിദ്യാഭ്യാസം, ഊർജ്ജ ഓഡിറ്റ് & നൈപുണ്യ വികസന പരിപാടികൾ, സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ/പി.ജി. ഡിപ്ലോമ കോഴ്സുകൾ, ഊർജ്ജ പരിപാലനത്തിൽ ദേശീയ അന്താരാഷ്ട്ര സെമിനാറുകൾ എന്നിവ നടത്തുന്നു. വീടുകളിലെ ഊർജ്ജ കാര്യക്ഷമത, കാര്യക്ഷമത വിലയിരുത്തുന്നതിനുള്ള രീതികൾ, ഊർജ്ജ സംരക്ഷണ വിദ്യകൾ, ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ

വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടി നടത്തിവരുന്നു. കെട്ടിട നിർമ്മാണ മേഖലയിലെ പ്രൊഫഷണലുകൾക്ക് ഊർജ്ജ കാര്യക്ഷമമായ കെട്ടിടങ്ങൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിനായി രണ്ട് ഘട്ടമായുള്ള ട്രെയിനിംഗ് നടത്തിവരുന്നു.

7. ഊർജ്ജസംരക്ഷണ നിധി:- കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ ഫണ്ട് നിയമങ്ങൾ അനുസരിച്ച് ഈ ഫണ്ട് ഉപയോഗിക്കും. ഊർജ്ജകാര്യക്ഷമത പ്രോജക്റ്റുകൾ നടപ്പിലാക്കുവാനോ ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങൾ വാങ്ങുന്നതിനോ ഉപയുക്തമാക്കാം. ചുവടെ പറഞ്ഞിരിക്കുന്ന മേഖലയിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്നു.

(എ) എം.എസ്.എം.ഇ, എസ്.എം.ഇ. മേഖലകളിലെ ഊർജ്ജ കാര്യക്ഷമത പദ്ധതികൾ

(ബി) ഇലക്ട്രിക്ക് വെഹിക്കിൾ മുതലായവ പ്രചരിപ്പിക്കുക,

(സി) കാര്യക്ഷമമല്ലാത്ത കാർഷിക പമ്പുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ കാർഷിക പമ്പുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക.

8. ചെറുകിട ജലവൈദ്യുത പദ്ധതി (SHP) കേരളത്തിലെ ചെറുകിട ജല വൈദ്യുതി പദ്ധതികൾക്കായുള്ള ടെക്നിക്കൽ സെക്രട്ടേറിയേറ്റാണ് ഇ.എം.സി. കൂടുതൽ ചെറുകിട ജല വൈദ്യുതി പദ്ധതികൾ സ്ഥാപിക്കുന്നതിനും അതുവഴി കൂടുതൽ വൈദ്യുതി ആഭ്യന്തരമായി ഉത്പാദിപ്പിക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2012-ലെ ചെറുകിട ജലവൈദ്യുത നയപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സൗരോർജ്ജ പദ്ധതികൾ**

267 (2575) ശ്രീ. കെ. പി.മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന് കീഴിൽ പൊതുജനങ്ങൾക്കായുള്ള സൗരോർജ്ജ പദ്ധതികൾ എന്തെല്ലാമാണെന്നും ആയതിനുള്ള സബ്സിഡികൾ ഏതൊക്കെയെന്നും വിശദീകരിക്കാമോ?

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായുള്ള 'സൗര' പുരപ്പുറ പദ്ധതി പ്രകാരം 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറ

നിലയങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഇതര മാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ടും ആണ് പദ്ധതി മുഖേനെ കൂട്ടിച്ചേർക്കപ്പെടുന്നത്. 'സൗര' ഒന്നാംഘട്ട പദ്ധതി എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ 27.123 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 9.437 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം ഡിസംബർ 31 -ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഫേസ് II സബ്സിഡി പ്രോഗ്രാമിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് പങ്കെടുക്കാനാവുക. ഇതിൽ ആദ്യഘട്ടത്തിൽ 10.2 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 299 നിലയങ്ങൾ (1250 കിലോവാട്ട്) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ 23.6 മെഗാവാട്ടിന്റെ 5220 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്ക് കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി 2021 സെപ്റ്റംബർ മാസത്തിൽ ഒരു ടെണ്ടർ കൂടി ക്ഷണിച്ചിട്ടുണ്ട്. 'സൗര' പദ്ധതിയിൽ നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഈ പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും, 4 മുതൽ 10 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനം തുടർന്ന് 20 ശതമാനം സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നത്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2, 3 കിലോവാട്ട് വിഭാഗങ്ങൾക്കുള്ള കേരള മോഡൽ നിലവിലുണ്ട്. വൈദ്യുതി വകുപ്പിന് കീഴിൽ പൊതുജനങ്ങൾക്കായുള്ള വീടുകളിൽ ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ 25 മെഗാവാട്ട് ഈ വർഷം അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. മൂന്ന് കിലോവാട്ട് ശേഷി വരെയുള്ള പ്ലാന്റുകൾക്ക് 40 ശതമാനം സബ്സിഡിയും അഞ്ച് കിലോവാട്ട് ശേഷിക്ക് മുകളിൽ പത്ത് കിലോവാട്ട് ശേഷിവരെയുള്ള പ്ലാന്റുകൾക്ക് 20 ശതമാനവുമാണ് സബ്സിഡി. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി - കുസും (PM-KUSUM) പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും, ബാക്കി തുക അനെർട്ട് സബ്സിഡിയുമാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പൊതുജനങ്ങൾക്കായി കൂടുതൽ സബ്സിഡിയോടുകൂടി സമ്പൂർണ്ണ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 'സൗര' പദ്ധതിയുടെ കീഴിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ 6 സൈറ്റുകളിൽ (27 കിലോവാട്ട്) പ്ലാന്റിന്റെ പണി പൂർത്തിയാക്കുകയും 4 സൈറ്റുകളിൽ (167 കിലോവാട്ട്) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഗാർഹിക ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന പദ്ധതിയിലും, പ്രധാനമന്ത്രി-കുസും പദ്ധതിയിലും കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി വ്യാപകമാക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക ക്യാമ്പയിൻ പരിപാടി സംഘടിപ്പിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ

268 (2576) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനുവേണ്ടി വർക്കല ആയുർവേദ ആശുപത്രിയിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന 60 KWp സൗരോർജ്ജ പ്ലാന്റിന്റെ ഇൻസ്റ്റലേഷൻ വർക്കുകൾ അവസാനഘട്ടത്തിലാണ്. വർക്കല നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന 3 സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ഇതിനുള്ള തുക അതത് സ്ഥാപനങ്ങൾ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്താണ് പ്ലാന്റുകൾ സ്ഥാപിച്ചത്. 1. വർക്കല ബ്ലോക്ക് പഞ്ചായത്ത് - പ്ലാന്റിന്റെ ശേഷി 5 കിലോവാട്ട് (ബാറ്ററി ശേഖരണ സംവിധാനമുള്ള ഓഫ് ഗ്രിഡ് പ്ലാന്റ്) 2. മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - പ്ലാന്റിന്റെ ശേഷി 10 കിലോവാട്ട് (ഗ്രിഡ് കണക്ട്) 3. സർക്കാർ എൽ. പി. ഗേൾസ് സ്കൂൾ, വർക്കല - പ്ലാന്റിന്റെ ശേഷി 5 കിലോവാട്ട് (ഗ്രിഡ് കണക്ട്) – SSK ഫണ്ട് (വിദ്യാഭ്യാസ വകുപ്പ്) ഹരിപുരം സർക്കാർ എൽ.പി. സ്കൂളിൽ 3 കിലോവാട്ട് ശേഷിയുള്ള പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുക വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള SSK ഫണ്ടിൽ നിന്ന് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

(ബി) വർക്കല മണ്ഡലത്തിലെ വൈദ്യുത ഉപഭോഗം കൂടിയ സർക്കാർ ആശുപത്രികളിലും മറ്റ് സർക്കാർ ഓഫീസുകളിലും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ഡെപ്പോസിറ്റ് വർക്കിനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നുണ്ട്. ഇപ്രകാരം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ താല്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി-യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതുമാണ്. സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണ് അനെർട്ടിനുള്ളത്. കൂടാതെ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുരപ്പുറ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ

269 (2577) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളിൽ പുരപ്പുറ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വകുപ്പ് നൽകി വരുന്നതെന്ന് അറിയിക്കാമോ; ഈ വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും അറിയിക്കാമോ?

'സൗര' പദ്ധതി പ്രകാരം പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. ഒന്നാംഘട്ട 'സൗര' പദ്ധതിയിലെ മൂന്ന് മോഡലുകളിൽ ഒന്നും രണ്ടും അപേക്ഷിച്ച ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. മുതൽ മുടക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. മോഡൽ ഒന്നിൽ സ്ഥാപിച്ചിരിക്കുന്ന നിലയത്തിന്റെ 10 ശതമാനം ഊർജ്ജ ഉൽപ്പാദനം ഉപഭോക്താവിന് തന്റെ ഉപഭോഗത്തിൽ കുറവു ചെയ്ത് നൽകുന്നു. മോഡൽ രണ്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം ഉപഭോക്താവിന് സോളാർ താരിഫിൽ നൽകുന്നു. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബില്ലിംഗ്

നടപടി ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-എൽ. വാങ്ങുന്നതിന് ഉപഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകേണ്ടതില്ല. പദ്ധതിയുടെ കരാറിലും ബില്ലിംഗ് നടപടി ക്രമത്തിലും ഇത് ഉൾപ്പെട്ടിരിക്കുന്നു. രണ്ടാംഘട്ട 'സൗര' പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമാണുള്ളത്. ഇതിൽ 1 മുതൽ 3 വരെ കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 വരെ കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക്, ആദ്യ 3kw ന് 40 ശതമാനവും തുടർന്ന് 20 ശതമാനവും എന്ന നിരക്കിൽ കേന്ദ്ര സബ്സിഡി ലഭിക്കുന്നതായിരിക്കും. അതുപോലെ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കാൻ വേണ്ടി ആകെ മുതൽ മുടക്കിന്റെ 12%, 20%, 25% എന്നിങ്ങനെ മാത്രം മുടക്കാവുന്ന മൂന്ന് മോഡലുകളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മുന്നോട്ട് വച്ചിരിക്കുന്നത്. ഇതുവഴി ഉപഭോക്താവിന് 25% മുതൽ 50% വരെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിഹിതം ലഭിക്കും. 500 kw വരെയുള്ള നിലയങ്ങൾ സ്വന്തം ചെലവിൽ/സബ്സിഡി പദ്ധതിയിൽ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്കും ഉല്പാദിപ്പിക്കുന്ന വൈദ്യുതി മിച്ചം വന്നാൽ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. ഇതിന് പ്രത്യേക അപേക്ഷ ആവശ്യമില്ല. പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. ഗ്രിഡുമായി നിലയം സ്ഥാപിക്കുന്ന സമയത്ത് ഏർപ്പെടുത്തുന്ന എഗ്രിമെന്റിൽ (നെറ്റ് മീറ്ററിംഗ് എഗ്രിമെന്റ്) ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി പദ്ധതിയിൽ ഇപ്പോൾ 3kw-ന് മുകളിലുള്ള നിലയങ്ങൾ ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് മുഖേനയോ/ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മുഖേനയോ അപേക്ഷിക്കാവുന്നതാണ്.

**സൗര പദ്ധതിയുടെ ഭാഗമായി സോളാർ പാനലുകൾ സ്ഥാപിക്കൽ**

270 (2578) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സൗര പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് 'സൗര'. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാ താരിഫ് വിഭാഗങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് പങ്കാളികളാകാവുന്നതാണ്.

'സൗര' ഒന്നാംഘട്ടത്തിൽ 2786 നിലയങ്ങൾക്ക് 27.123 മെഗാവാട്ട് ശേഷിക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 1264 നിലയങ്ങൾ, 9.437 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സൗരഫേസ്- II സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് പങ്കെടുക്കാനാവുക. ഇതിൽ 2019-20 വർഷത്തിൽ 10.2 മെഗാവാട്ട് ശേഷിയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 299 നിലയങ്ങൾ (1250 kw) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2021 ജൂലൈ മാസത്തിൽ 7 ഡെവലപ്പർമാരെ എം-പാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകുന്നതിന് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* പ്രാഥമികമായി 278517 അപേക്ഷകൾ ലഭിച്ചുവെങ്കിലും 5000 അപേക്ഷകൾ മാത്രമാണ് പുരപ്പുറ സോളാർ പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയത്. കൂടാതെ ഗാർഹിക ഉപഭോക്താക്കൾക്കായി സബ്സിഡി പദ്ധതി നിലവിൽ വന്നതോടെ ഫേസ് I-ൽ രജിസ്റ്റർ ചെയ്തിരുന്ന ഗാർഹിക ഉപഭോക്താക്കൾ സബ്സിഡി പദ്ധതിയിലേക്ക് മാറിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

'സൗര' പദ്ധതിയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* ഫേസ് - I (നോൺ സബ്സിഡി), ഫേസ് - II (സബ്സിഡി) അപേക്ഷകളിൽ വിശദമായ സർവ്വേയ്ക്ക് ശേഷം പാറശ്ശാല-4, കുന്നത്തുകാൽ - 3, ഒറ്റശേഖരമംഗലം - 4, വെള്ളറട - 11 എന്നിങ്ങനെ വർക്ക് ഓർഡർ നൽകുകയുണ്ടായി. ഇതിൽ രണ്ടെണ്ണം പൂർത്തിയായി ശേഷിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.

(സി) സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയായോ; ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള കമ്പനികൾ ഏതൊക്കെ; വിശദാംശം നൽകുമോ?

സൗര ഫേസ്-I പദ്ധതിയിലേയ്ക്ക് 2019-ൽ ടെണ്ടർ വിളിച്ച് മൂന്ന് ഡെവലപ്പർമാരുമായി കോൺട്രാക്ട് എഗ്രിമെന്റിൽ (ആകെ 46.5 മെഗാവാട്ട്) ഏർപ്പെട്ടിട്ടുണ്ട്. 1. ഇൻകൽ ലിമിറ്റഡ്, കൊച്ചി. 2. വാരി എനർജി ലിമിറ്റഡ് മുംബൈ. 3. ടാറ്റാപവർ സോളാർ - ബാംഗ്ലൂർ. കൂടാതെ സബ്സിഡി പദ്ധതി ഒന്നാംഘട്ടം 2019-20 വർഷത്തിൽ ടെൻഡർ വിളിച്ച് മൂന്ന് കമ്പനികളെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപാനൽ ചെയ്തിട്ടുണ്ട്. 1. ഹൈവ് സോളാർ, തിരുവനന്തപുരം, 2. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ, 3. റീഫെക്സ് എനർജി ലിമിറ്റഡ് ചെന്നൈ (ആകെ 53 മെഗാവാട്ട്). സബ്സിഡി രണ്ടാംഘട്ടം 2020-21-ൽ ടെണ്ടർ വിളിച്ച് ഏഴ് കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. 1. ടാറ്റാപവർ, 2. കോണ്ടാസ് ആട്ടോമേഷൻ, 3. ബിംഗാസ് ഇലക്ട്രിക്കൽ സോളാർ സിസ്റ്റം, തൃശ്ശൂർ, 4. B.S.S. സോളാർ-കവടിയാർ, 5. പവർ വൺ മൈക്രോസിസ്റ്റം ലിമിറ്റഡ് ബാംഗ്ലൂർ, 6. ഡ്യുയിഡിക് എനർജി ലിമിറ്റഡ്, തിരുവല്ല, 7.ഇഷാൻ സോളാർ പവർ ലിമിറ്റഡ്, ടി നഗർ, തമിഴ് നാട്. (ആകെ 118 മെഗാവാട്ട്).

(ഡി) പ്രസ്തുത പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്. ഫേസ് – 1: ഈ പദ്ധതിയിൽ എല്ലാത്തരം താരിഫ്കാർക്കും അപേക്ഷിക്കാവുന്നതാണ്. ഉപഭോക്താവിന് നിഴൽ വീഴാത്ത ഫ്ലാറ്റ് റൂഫ് ഉണ്ടായിരിക്കണം. പ്രിമിസെസ്സിലേക്ക് റോഡുമാർഗ്ഗം ഉണ്ടായിരിക്കണം. ട്രാൻസ്ഫോർമർ കപ്പാസിറ്റി ലഭ്യത ഉണ്ടായിരിക്കണം. 5 വർഷ കാലയളവിൽ ഉപഭോക്താവിന്റെ പുരപ്പുറത്ത് മാറ്റങ്ങളൊന്നും വരുത്താൻ പാടില്ല. ഫേസ് – 2 ഈ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. സബ്സിഡി കഴിച്ചുള്ള തുക ഉപഭോക്താവും ഒടുക്കേണ്ടതാണ്. ഉപഭോക്താവിന് നിഴലില്ലാത്ത പുരപ്പുറം ഉണ്ടായിരിക്കണം.

(ഇ) പ്രസ്തുത പദ്ധതിയിലേയ്ക്ക് നിലവിൽ അപേക്ഷിച്ചിട്ടില്ലാത്തവർക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ടോ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; വിശദാംശം അറിയിക്കാമോ?

ഫേസ്-I പദ്ധതിയിൽ ഉപഭോക്താവ് പണം മുടക്കാൻ തയ്യാറാണെങ്കിൽ അപേക്ഷിക്കാവുന്നതാണ്. ഫേസ്- II-ൽ പദ്ധതിയിൽ 3kw-ന് മുകളിലുള്ള നിലയങ്ങൾ സ്ഥാപിക്കാൻ നിലവിൽ അപേക്ഷിക്കാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് വഴിയോ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മുഖാന്തരമോ എംപാനൽ ചെയ്ത ഡെവലപ്പർ വഴിയോ ഇതിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. 3 KW വരെയുള്ള ആവശ്യക്കാർക്ക് ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. ആയത് പ്രകാരം എം-പാനൽ ചെയ്യുന്ന മുറയ്ക്ക് രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതാണ്.

## സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ

271 (2579) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിലും തിരക്കേറിയ റോഡുകളിലും സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ദേശീയപാതകളിലും, തിരക്കേറിയ റോഡുകളിലും സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ അനെർട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) ഒരു ജില്ലയിൽ എത്ര ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര കിലോവാട്ടിന്റെ സോളാർ പാനലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 14 ജില്ലകളിലായി ഈ വർഷം 24 സോളാർ പവേർഡ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് അനെർട്ട് തീരുമാനിച്ചിരിക്കുന്നത്. 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സോളാർ പാനലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) സോളാർ പാനൽ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നും സബ്സിഡിയായി എത്ര തുക വരെ അനുവദിക്കുമെന്നും അറിയിക്കാമോ?

സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 40,000 രൂപ മുതൽ 60,000 രൂപ വരെ ചെലവ് വരും. ഒരു കിലോവാട്ടിന് 20,000 രൂപ നിരക്കിലാണ് അനെർട്ട് സബ്സിഡി അനുവദിക്കുന്നത്.

(ഡി) ഇത്തരത്തിൽ സോളാർ പാനൽ സ്ഥാപിക്കുമ്പോൾ 50 കിലോവാട്ട് ഉള്ള ചാർജിംഗ് സ്റ്റേഷനിൽ എത്ര കാറുകൾ ചാർജ് ചെയ്യുവാൻ സാധിക്കുമെന്നും

ഒരു കാർ ചാർജ് ചെയ്യാൻ എത്ര യൂണിറ്റ് വൈദ്യുതി വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

50 കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുമ്പോൾ അതിൽ നിന്ന് പ്രതിദിനം ഏകദേശം 200 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. അത് ഉപയോഗിച്ച് ഏകദേശം 8 കാറുകൾ വരെ (ഒരു കാറിന് 25 യൂണിറ്റ് എന്ന കണക്കിൽ) ചാർജ് ചെയ്യുവാൻ സാധിക്കുന്നതാണ്. ചാർജ് ചെയ്യാൻ വേണ്ടിവരുന്ന വൈദ്യുതിയുടെ അളവ് വിവിധ കാറുകളുടെ മോഡൽ അനുസരിച്ച് വ്യത്യാസം വരുന്നതാണ്. നിലവിൽ ഇലക്ട്രിക് കാറിന്റെ ബാറ്ററിയുടെ ശേഷി വിവിധ മോഡൽ അനുസരിച്ച് 25 kWh മുതൽ 44 kWh വരെയാണ്. സാധാരണയായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്ന് കാറിന്റെ ബാറ്ററി ശേഷിയുടെ 80 ശതമാനം വരെയാണ് ചാർജിംഗ് നടക്കുന്നത്. ഇതിനായി ഒരു കാറിന് ഏകദേശം 25 യൂണിറ്റ് വൈദ്യുതി വേണ്ടിവരും.

**പാരമ്പര്യേതര ഊർജ്ജോത്പാദനം**

272(2580) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. എ. രാജ:</u>
<u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജോല്പാദനത്തിനായി മുൻ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ എത്രമാത്രം വിജയകരമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് 296.830 മെഗാവാട്ട് സൗരോർജ്ജ പദ്ധതികളും, 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു. (അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 5,329 വീടുകളിലായി 16 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 2950 വീടുകളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ ശേഖരിച്ച് ആവശ്യത്തിന് വിനിയോഗിക്കുന്ന സംവിധാനമായ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 6.2 മെഗാവാട്ട്. ഇതിൽ 2379 വീടുകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 9.8 മെഗാവാട്ട്. ഗ്രിഡ് കണക്ടഡ് സോളാർ പവർ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാന്റുകളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ. ബി.എൽ. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും, അധികമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവ് ഉണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്തുകിട്ടുകയും ചെയ്യും. പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തമായുള്ള സ്ഥലത്ത് രണ്ട് മെഗാവാട്ട് ശേഷിയുള്ള സംസ്ഥാനത്തെ ആദ്യത്തെ ശൃംഖലാബന്ധിത (IPP മോഡൽ) സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും, കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞു. അനെർട്ട് സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവെർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തി. കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവിൽ പാതംകയം (8 MW) പൂർത്തിയാക്കി ഗ്രിഡിൽ വൈദ്യുതി എത്തിക്കുകയും. ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4.5 MW) എന്നീ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ എത്തുകയും ചെയ്തു. നിലവിൽ ആനക്കാംപൊയിൽ (8 MW) പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞു. മുൻ സർക്കാരിന്റെ കാലത്ത് 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്', (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിന് ശേഷം ചില പദ്ധതികളുമായി മുന്നോട്ട് പോകാൻ സാങ്കേതികമായും, സാമ്പത്തികമായും ബുദ്ധിമുട്ട് ഉണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കി വരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ സർക്കാരിലേക്കുള്ള അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുകയും ഉടനെ തന്നെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ചില സംരംഭകർ കോവിഡ്-19 മൂലമുണ്ടായ സാമ്പത്തിക

ഞെരുക്കത്തിൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് വെയ്ക്കുവാനും, അപ് ഫ്രണ്ട് പ്രീമിയം തുക അടയ്ക്കുവാനും കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജോല്പാദനത്തിന്റെ സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) നിലവിൽ പ്രസ്തുത മാർഗ്ഗത്തിലൂടെ ഊർജ്ജോല്പാദനം എത്രത്തോളം സാധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിൽ 320 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളും 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധം ആയി ചേർക്കുന്നു*. 36.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് വിവിധ പദ്ധതികളിലൂടെ അനെർട്ട് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 20.3 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിതവും, 16.4 മെഗാവാട്ട് ബാറ്ററി ശേഖരണ സംവിധാനമുള്ള ഓഫ് ഗ്രിഡ് പ്ലാന്റുകളുമാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള ചുമതല അനെർട്ടിനാണ്. അനെർട്ട് നൽകിയ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി 67.85 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇ.എം.സി.-യിലെ ചെറുകിട ജല വൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 45.6 MW ശേഷിയുള്ള വിവിധ ചെറുകിട ജല വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉത്പാദനം സാധ്യമാക്കിയിട്ടുണ്ട്.

(ഡി) പ്രകൃതിദത്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഭാവിയിൽ കൂടുതൽ ഊർജ്ജോല്പാദനമെന്ന ലക്ഷ്യത്തിനായി ആസൂത്രണം ചെയ്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. -യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കെ.എസ്.ഇ.ബി.എൽ-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-2022-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശു നിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജ വത്ക്കരണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജവത്ക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ കാറ്റിൽ നിന്നും 74.1 MW വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനായുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സൗരോർജ്ജം, കാറ്റ്, ജൈവ ഊർജ്ജം എന്നിവയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ള പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ. ഇതിൽ സുലഭമായി ലഭിക്കുന്ന സൗരോർജ്ജത്തെ നമ്മുടെ ഊർജ്ജ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ ഇന്ന് വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപകമായി

കൊണ്ടിരിക്കുകയാണ്. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സോളാർ പാനലുകൾ സ്ഥാപിക്കാൻ സ്ഥല സൗകര്യമുള്ള എല്ലാ കർഷകരുടേയും പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നത് ഈ ഇനത്തിൽ വേണ്ടിവരുന്ന വൈദ്യുതിയിൽ പുനരുപയോഗ സ്രോതസ്സുകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതാണ്. സൗരോർജ്ജ മേഖലയിൽ റെസ്കോ - റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ സൗരോർജ്ജവത്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. റെസ്കോ മാതൃകയിൽ സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിലൂടെ പുനരുപയോഗ സ്രോതസ്സുകളുടെ വിനിയോഗം വർദ്ധിപ്പിക്കാവുന്നതാണ്. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗതരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനും ഉള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി

ആരംഭിക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ ആശയങ്ങൾ എന്നിവയുടെ സാധ്യതാ പഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി 14-9-2021-ൽ EMC താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/മൈക്രോ-ഹൈഡ്രോ/മൈക്രോവിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനും ആണ് ലക്ഷ്യം. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടം ഘട്ടമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, ജോയിന്റ് വെഞ്ചർ മുതലായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. പുതു ആശയങ്ങൾക്ക് പ്രോത്സാഹനം നല്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതികവിദ്യ ലഭിക്കുന്ന മുറയ്ക്ക് ഇ.എം.സി. പരിശോധിച്ച് സംസ്ഥാനത്തിന്റെ അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു.

**വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി**

273 (2581) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകളിൽ സബ്സിഡി നിരക്കിൽ സ്വകാര്യ കമ്പനികളുമായി ചേർന്ന് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താനുള്ള കാലതാമസം ഒഴിവാക്കുമോ ?

മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ ഫേസ്-II സബ്സിഡി പദ്ധതിയുടെ ഗൈഡ് ലൈൻസ് പ്രകാരം വീടുകളിൽ കേന്ദ്രസർക്കാർ നൽകിവരുന്ന സബ്സിഡി നിരക്കിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സൗര രണ്ടാംഘട്ട പദ്ധതി. സബ്സിഡി

പദ്ധതിയിൽ 2019-20 വർഷത്തിൽ 2955 നിലയങ്ങൾക്കുവേണ്ടി 10.2 മെഗാവാട്ട് ശേഷിക്ക് മൂന്ന് ഡെവലപ്പേഴ്സിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 299 നിലയങ്ങൾ (1250 കിലോവാട്ട്) പൂർത്തീകരിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി 2020-21 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് 2021 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും 5220 നിലയങ്ങൾക്ക് 23.6 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്കായി കൂടുതൽ കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി സെപ്റ്റംബർ മാസത്തിൽ ഒരു ടെണ്ടർ കൂടി ക്ഷണിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അനെർട്ട് മുഖാന്തരം ഈ വർഷം 25 മെഗാവാട്ട് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

## വൈദ്യുതി അപകടംമൂലമുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം

274 (2582) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കേരള സർക്കാർ പ്രഖ്യാപിച്ച " ഊർജ്ജ കേരള മിഷൻ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് " ദ്യുതി 2021" എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും ടി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയുമാണ്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'കവചിത ചാലകമായ' ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന LT ഇലക്ട്രിക് ലൈനുകൾ സുരക്ഷയുടെ പ്രാധാന്യം കൂടി കണക്കിലെടുത്ത് 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി മേഖലയിലെ അപകടങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തൊക്കെ പരിഹാരങ്ങളാണ് വകുപ്പ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കുള്ള ആശ്വാസ ധനസഹായം.

(i) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ സംവിധാനത്തിന്റെ തകരാറുകൾ കാരണം പൊതുജനങ്ങൾക്ക് ജീവഹാനി സംഭവിക്കുന്ന അപകടങ്ങൾക്ക്, അനന്തരാവകാശികൾക്ക് 10,00,000 (പത്ത് ലക്ഷം രൂപയും), മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയായി പരമാവധി 10,00,000 (പത്ത് ലക്ഷം രൂപയും) അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.

(ii) പൊതുജനങ്ങളുടെ അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതക്കുറവ്, സുരക്ഷാ മുൻകരുതലുകൾ പാലിക്കുന്നതിലെ വീഴ്ച തുടങ്ങിയ പ്രവൃത്തിമൂലം കെ.എസ്. ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും യാദൃശ്ചികമായി വൈദ്യുതി ലൈനുമായുണ്ടാകുന്ന സമ്പർക്കംമൂലം സംഭവിക്കുന്ന ജീവഹാനിക്ക് കാരണമാകുന്ന അപകടങ്ങൾക്ക് 2,00,000 (രണ്ട് ലക്ഷം രൂപ)യും മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി പരമാവധി 2,00,000 രൂപയും ആശ്വാസ ധനസഹായമായി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

(iii) കൂടാതെ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കന്നുകാലികൾക്ക്, പശുവിന് 25,000 രൂപയും ആടിന് 20,000 രൂപയും അതിന്റെ ഉടമസ്ഥർക്ക് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

**പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ**

275 (2583) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിലപാട് അറിയിക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

276 (2584) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഗുണഭോക്താക്കൾ അധികമായുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കുകയോ പുനർവിഭജിക്കുകയോ ചെയ്യുന്നതിന് പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## മണലൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ

277 (2585) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി.-യുടെ വിവിധ ഓഫീസുകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ കെ.എസ്.ഇ.ബി. ഓഫീസുകൾക്കുമുള്ള വാടക നിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

(എ&ബി) മണലൂർ മണ്ഡലത്തിലുള്ള കണ്ടശ്ശാംകടവ് (110 kV സബ്സ്റ്റേഷൻ), മുല്ലശ്ശേരി (33 kV സബ്സ്റ്റേഷൻ), വാടാനപ്പള്ളി (33 kV സബ്സ്റ്റേഷൻ) എന്നിവ കെ.എസ്.ഇ.ബി.-യുടെ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകളും അവയുടെ വാടകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണസ്ഥാപനങ്ങളോ, സന്നദ്ധ സംഘടനകളോ, സ്വകാര്യ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഷൊർണ്ണൂർ കോതകുറിശ്ശി സബ്സ്റ്റേഷൻ നിർമ്മാണം**

278 (2586) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കോതകുറിശ്ശി സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഇതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) കോതകുറിശ്ശിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ടി സബ്സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി അനങ്ങാടി ഗ്രാമ പഞ്ചായത്തിൽ തരുവുക്കോണം എന്ന പ്രദേശത്ത് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഭൂമി, സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ കണ്ടെത്തുകയും, റവന്യൂ ഡിപ്പാർട്ട്മെന്റും, കെ.എസ്.ഇ.ബി.എൽ.-ഉം പഞ്ചായത്ത് അധികാരികളും ചേർന്ന് ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനെക്കുറിച്ച് മീറ്റിംഗ് നടത്തുകയും അതിനെ തുടർന്ന് അനങ്ങനടി വില്ലേജ് ഓഫീസർ ഒറ്റപ്പാലം തഹസീൽദാർക്ക് റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക പഠന റിപ്പോർട്ടും സ്ഥല ലഭ്യതയും പരിഗണിച്ച് ടി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**വാഴൂർ 110 കെ.വി സബ് സ്റ്റേഷൻ പൂർത്തിയാക്കാൻ നടപടി**

279 (2587) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

സ്ഥലമെടുപ്പ് (രജിസ്ട്രേഷൻ, പോക്കുവരവ്) 1-9-2021-ൽ പൂർത്തിയായി. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സൈറ്റ് ലെവലിങ്ങിനുവേണ്ടിയുള്ള കോണ്ടൂർ സർവ്വെ പൂർത്തിയാക്കി ലേ ഔട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിർമ്മാണം 2021 ഡിസംബറിൽ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാരംഭ നടപടികൾ നടന്നുവരുന്നു. 11.75 കോടി രൂപയ്ക്ക് 6-3-2019-ൽ അനുമതി ലഭിച്ചിരുന്നു. സ്ഥലം ലഭിക്കുന്നതിനുള്ള കാലതാമസംമൂലം നിലവിലെ ഭരണാനുമതി കാലാവധി പൂർത്തിയായതിനാൽ പുതുക്കിയ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേ ഔട്ട്, പുതുക്കിയ ലേബർ ഡേറ്റ, കോസ്റ്റ് ഡേറ്റാ എന്നിവ പ്രകാരം ഏകദേശം 15.88 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ലേ ഔട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിനുള്ള വർക്കിംഗ് എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

**വയനാട് ജില്ലയിൽ പുതിയ സബ്സ്റ്റേഷൻ**

280 (2588) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്നും നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

110 കെ.വി സബ്സ്റ്റേഷൻ അടിവാരം, 33 കെ.വി സബ്സ്റ്റേഷൻ വെള്ളമുണ്ട, 33 കെ.വി സബ്സ്റ്റേഷൻ കേണിച്ചിറ, 110 കെ.വി സബ്സ്റ്റേഷൻ കല്പ്പറ്റ. I. 110 കെ.വി സബ്സ്റ്റേഷൻ അടിവാരം ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലങ്ങളുടെ രേഖകൾ ശേഖരിച്ച് അവയുടെ പരിശോധന നടത്തി കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുന്ന നടപടി ക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടി ഭൂമി ഏറ്റെടുക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. II. 33 കെ.വി സബ്സ്റ്റേഷൻ തെറ്റമല (വെള്ളമുണ്ട) ടി സബ്സ്റ്റേഷന്റെ സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ

നടന്നുകൊണ്ടിരിക്കുന്നു. സ്ഥലലഭ്യത പരിഗണിച്ച് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. III. 33 കെ.വി സബ്സ്റ്റേഷൻ കേണിച്ചിറ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിൽ ഉണ്ട്. IV. 110 കെ.വി സബ്സ്റ്റേഷൻ കൽപ്പറ്റ ടി സബ്സ്റ്റേഷൻ ആവശ്യകത പരിഗണിച്ച് സാങ്കേതിക പഠനത്തിനുവേണ്ടി 09.08.2021-ൽ പവർ സിസ്റ്റം എഞ്ചിനീയറിംഗ് വിംഗിൽ സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ ഡീറ്റയിൽഡ് പ്രോജക്ട് തയ്യാറാക്കി തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. ട്രാൻസ്ഗ്രിഡ് 2 പദ്ധതിയുടെ ഭാഗമായി വയനാട്ടിലെ പയ്യംപിളിയിൽ പുതിയ 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ അനുബന്ധ ലൈൻ വർക്കിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചു.

## വൈദ്യുതി അപകടത്തിൽ മരണപ്പെട്ട കെ.എസ്.ഇ.ബി തൊഴിലാളികൾ

281 (2589) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി.-യിലെ കരാർ, സ്ഥിരം തൊഴിലാളികളിൽ എത്രപേർ ജോലിയിലിരിക്കെ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ബോർഡ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി.-യിലെ കരാർ, സ്ഥിരം തൊഴിലാളികളിൽ ജോലിയിലിരിക്കെ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പ്രായവും മാസവരുമാനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275 രൂപ മുതൽ 17,14,050 രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. (3-1-2020 മുതൽ)

2. കെ.എസ്.ഇ.ബി. EWF -ന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപയും) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്. കൂടാതെ ആശ്രിതർക്ക് നിയമാനുസൃതമായ അർഹതയ്ക്ക് വിധേയമായി, അപേക്ഷിക്കുന്ന പക്ഷം കുടുംബ പെൻഷനും നൽകി വരുന്നു.

5. ശവസംസ്കാര ചെലവിനായി 10,000 രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275 രൂപ മുതൽ 17,14,050 രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. (3-1-2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 10,000 രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021). അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക

ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അപകടമരണം സംഭവിച്ചിട്ടുള്ള ജീവനക്കാരൻ/കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയവരുടെ ആശ്രിതർക്ക് പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തവരുടെ വിഷയത്തിലും വിവിധ കോടതികളിൽ കേസ് ഫയൽ നിലനിൽക്കുന്നവരുടെ കാര്യത്തിലും നഷ്ടപരിഹാരം അനുവദിക്കുന്നത് രേഖകൾ ലഭ്യമാകുന്ന മുറയ്ക്കും വിധിന്യായം പുറപ്പെടുവിക്കുന്ന മുറയ്ക്കും പരിഗണിക്കുന്നതാണ്.

**വടകര താലൂക്കിലെ ചാർജ്ജിംഗ് സ്റ്റേഷൻ**

282(2590) <u>ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര താലൂക്കിൽ ഏതൊക്കെ പ്രദേശത്താണ് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്ന് പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

വടകര താലൂക്കിന്റെ പരിസര പ്രദേശത്തായി കൊയിലാണ്ടി സബ്സ്റ്റേഷനിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. 2021 ഡിസംബർ - ഓടുകൂടി നിർമ്മാണം പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. വടകര താലൂക്കിൽ ഉൾപ്പെടുന്ന വടകര കെ.ടി.ഡി.സി. അഹാർ റെസ്റ്റോറിന്റെ സ്ഥലത്ത് അനെർട്ട് മുഖേനയുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. പുതിയതായി 100 KV-യുടെ ട്രാൻസ്ഫോർമർ ആവശ്യമുള്ളതിനാൽ കെ.എസ്.ഇ.ബി.എൽ. നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക അടയ്ക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഈ ചാർജ്ജിംഗ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

283 (2591) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിയെ തുടർന്ന് ബുദ്ധിമുട്ടിലായ സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിയെ തുടർന്ന് ബുദ്ധിമുട്ടിലായ സഹകാരികൾക്ക് ആശ്വാസം പകരുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

1. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി - വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജീവിതം ദുഃസ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വസമാവുക എന്ന ലക്ഷ്യത്തോടുകൂടി " ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-കുടിശ്ശികനിവാരണം 2021" നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ചുവരുന്നു.

2. SLF (Special Liquidity Facility) വായ്പാപദ്ധതി കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കംകൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF - II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശികയില്ലാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) MSME(സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ)

യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും, ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ മാസതവണകളായി ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായോ ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്കനുവദിക്കാവുന്ന പരമാവധി വായ്പതുക 2,00,000 രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

3. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാപദ്ധതി (CM's Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽനഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ “ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’ s Helping Hand Loan Scheme-CMHLS)” പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരളബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷികവായ്പ സഹകരണസംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/ കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തികബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000, 10,000, 15,000, 20,000 എന്നിങ്ങനെ പരമാവധി 20,000 രൂപവരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശനിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാകാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

4. വിദ്യാതരംഗിണി- കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹരായ

വിദ്യാർത്ഥികൾക്ക് മൊബൈൽഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് 10,000 രൂപ വരെ പലിശ രഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 86270 പേർക്ക് ആകെ 83,40,62,813 രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

5. കലാകാരൻമാരുടെ സഹകരണസംഘം കോവിഡ് പ്രതിസന്ധിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട കലാകാരൻമാരുടെ സാമ്പത്തികവും, സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് കാലാകാരൻമാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതിന് പ്രഖ്യാപിക്കുകയും, ടി സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരികയുമാണ്.

6. തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി കേരളാ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് സഹകരണമേഖലയിൽ പ്രാഥമിക സഹകരണസംഘങ്ങൾ വഴി 7597 തൊഴിലവസരങ്ങളും കേരള ബാങ്ക് വഴി 12552 തൊഴിലവസരങ്ങളുമുൾപ്പെടെ ആകെ 20149 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി കാലയളവിൽ അപ്പെക്സ് ഫെഡറേഷനുകൾ വഴി 4 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സഹകരണ വകുപ്പുവഴി 30 സ്ഥിരനിയമനങ്ങളും കേരള ബാങ്ക് വഴി 13 സ്ഥിരനിയമനങ്ങളും പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 382 സ്ഥിരനിയമനങ്ങളും ഈ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അപ്രകാരം ആകെ 20578 തൊഴിൽ /തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക തിരിമറി**

284 (2592) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. ടി.സിദ്ദിഖ്</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് 348 കേസുകൾ നിലവിലുണ്ട്. ടി കേസുകൾ നിലനിൽക്കുന്ന

സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇതുകൂടാതെ കേരളസംസ്ഥാന സഹകരണ ബാങ്കിൽ 174 കേസുകളും കൺസ്യൂമർ ഫെഡിൽ 29 കേസുകളും കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ ഒരു കേസും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ഒരു കേസും നിലവിലുണ്ട്.

(ബി) സീതത്തോട് സഹകരണബാങ്കിൽ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിലെ പ്രതികളുടെ വിശദാംശങ്ങൾ നൽകാമോ?

സീതത്തോട് സഹകരണബാങ്കിൽ അഴിമതിയുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ പ്രതി ശ്രീ. കെ. യു. ജോസ് (മുൻ ബാങ്ക് സെക്രട്ടറി, നിലവിൽ സസ്പെൻഷനിൽ) എന്ന വ്യക്തിയാണ്.

(സി) ഇത്തരത്തിലുള്ള അഴിമതി സഹകരണമേഖലയുടെ വിശ്വാസ്യത തകർക്കാനിടയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

അടുത്തകാലത്ത് സഹകരണസംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ കേരളത്തിലെ സഹകരണമേഖല ആർജ്ജിച്ച വിശ്വാസ്യതയിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല.

(ഡി) സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

സമീപകാലത്തായി കേരളത്തിലെ ചില സഹകരണ സംഘങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ വിജിലൻസിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

## വിലക്കയറ്റം തടയാൻ നടപടി

285 (2593) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും, പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന നീതിസ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും സഹകരണസംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി വിപണികൾ നടത്താറുണ്ട്. ആട്ട, റവ, വെളിച്ചെണ്ണ, തേയില എന്നീ ഉല്പന്നങ്ങൾ ത്രിവേണി ബ്രാൻഡിൽ ആദായകരമായ നിരക്കിൽ മേൽ സൂചിപ്പിച്ച വിപണികളിലൂടെ വിൽപന നടത്തുന്നുമുണ്ട്. അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണസംഘങ്ങൾ മുഖേനയും നടത്തിവരുന്ന നീതി മെഡിക്കൽസ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞവിലയ്ക്ക് വിൽപ്പന നടത്തുന്നതും വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാണ്.

**സഹകരണ ബാങ്കുകളിലെ അഴിമതി**

286 (2594) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വർദ്ധിച്ചുവരുന്ന അഴിമതിയും മറ്റും നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് വിശദമാക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവപ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ്

രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദപരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. വിവിധ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയ പശ്ചാത്തലത്തിൽ ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദ പരിശോധനകളും നടത്തിവരുന്നു. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം ആഡിറ്റ് മാന്വൽ എന്നിവയിലാവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

287 (2595) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ മേഖലയിൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ഭവനനിർമ്മാണ മേഖലയിൽ പ്രാഥമിക ഭവനനിർമ്മാണ വായ്പാ സഹകരണസംഘങ്ങളും അപെക്സ് സ്ഥാപനമായ സഹകരണ ഹൗസിംഗ് ഫെഡറേഷനും പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുത സംഘങ്ങൾക്ക് ഓഹരി ഇനത്തിൽ സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ധനസഹായമായി സംഘങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം സംഘങ്ങൾക്ക് അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചുനൽകുന്ന കെയർഹോം പദ്ധതി പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

14 വീടുകൾ.

(സി) മണ്ഡലത്തിൽ ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത വീടുകൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

(സി&ഡി) അനുമതി ലഭിച്ച 14 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**മുറ്റത്തെ മുല്ല പദ്ധതി**

288 (2596) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മുറ്റത്തെ മുല്ല' പദ്ധതി വഴി എത്ര കുടുംബശ്രീ യൂണിറ്റുകളിലെ എത്ര പേർക്ക് എത്ര തുക വിതരണം നടത്തിയിട്ടുണ്ട് വിശദമാക്കാമോ?

'മുറ്റത്തെ മുല്ല' പദ്ധതി പ്രകാരം 30-9-2021 വരെ 12277 കുടുംബശ്രീ യൂണിറ്റുകളിലെ 382214 പേർക്ക് 1381.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുറ്റത്തെ മുല്ല പദ്ധതി**

289 (2597) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് 'മുറ്റത്തെ മുല്ല' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി. ഉദ്ദേശ്യലക്ഷ്യങ്ങൾ ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക.

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

'മുറ്റത്തെ മുല്ല' പദ്ധതി പ്രകാരം 30-9-2021 വരെ 382214 പേർക്ക് 1381.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കോതമംഗലം കെയർ ഹോം പദ്ധതി

290 (2598) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ സഹകരണ വകുപ്പിന്റെ 'കെയർ ഹോം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഫ്ലാറ്റ് സമുച്ചയത്തിനാവശ്യമായ ഭൂമി റവന്യൂവകുപ്പ് സഹകരണ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഭൂമി കൈമാറുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) തുടർനടപടികൾ ത്വരിതപ്പെടുത്തി ഫ്ലാറ്റ് സമുച്ചയം വേഗത്തിൽ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) 'കെയർഹോം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം ജില്ലയിൽ ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി

291 (2599) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കേരള ബാങ്ക് രൂപീകരണത്തിനുശേഷം ആദ്യത്തെ പൂർണ്ണസാമ്പത്തിക വർഷം (2020-21) അവസാനിച്ചപ്പോൾ നിക്ഷേപത്തിൽ 9.27 ശതമാനം വർദ്ധനവ് നേടി. 61,071 കോടി രൂപയിൽനിന്നും 66,731 കോടി രൂപയായാണ് നിക്ഷേപം വർദ്ധിച്ചത്. 2021 മാർച്ച് 31-ന് കേരള ബാങ്കിന് 1,06,396 കോടി രൂപയുടെ ആകെ ബിസിനസ്സാണുള്ളത്. ഈ വർഷത്തെ അറ്റാദായം 61.99 കോടി രൂപയാണ്. ലയനസമയത്ത് 24.34 ശതമാനമായിരുന്ന നിഷ്ക്രിയആസ്തി 14.47 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞു. 2019-20 സാമ്പത്തികവർഷം 4,315 കോടി രൂപയായിരുന്ന പുനർവായ്പ സഹായം 2020-21 സാമ്പത്തികവർഷത്തിൽ 6,058 കോടി രൂപയായി ഉയർന്നു. 40.39 ശതമാനത്തിന്റെ വർദ്ധനയാണ് ഈ ഇനത്തിൽ മാത്രമുണ്ടായത്. ബാങ്കിന്റെ സാമ്പത്തിക സുസ്ഥിരതയുടെ പ്രധാന സൂചകമായ മൂലധന സ്വയംപര്യാപ്തത ലയനസമയത്ത് 6.26 ശതമാനമായിരുന്നു.

ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേരള ബാങ്ക് രൂപീകരണത്തിന് ശേഷം മുൻഗണനാ മേഖലകൾ കൃഷി, സർവ്വീസ്, കച്ചവടം, ഗ്രാമീണ മേഖലയിലെ ചെറുകിട സംരംഭങ്ങൾ, മൈക്രോ ഫിനാൻസ്, ഗ്രാമീണ ഭവനനിർമ്മാണം തുടങ്ങിയവയാണ്. ഈ മേഖലകളിലെ ചെറുകിട വായ്പകൾക്കാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ വഴിയും നേരിട്ടും ആകെ 18,200 കോടി രൂപയാണ് വായ്പയായി വിതരണം ചെയ്തത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭമേഖലയിലുള്ള മൈക്രോ സംരംഭങ്ങൾക്കായി MSME വായ്പകൾ വ്യക്തിഗതമായി വിതരണം ചെയ്തുവരുന്നു. സ്കൂൾ കുട്ടികൾക്കായി രക്ഷിതാക്കൾക്കുകൂടി പ്രയോജനപ്രദമായ സേവിംഗ്സ് അക്കൗണ്ട് KB 'വിദ്യാനിധി' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സഹകരണമേഖല കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടാതെ റിസർവ് ബാങ്ക് അനുശാസിക്കുന്നതുപോലുള്ള ഒരു സ്ഥിര സംവിധാനമായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. ലയനത്തിന് വെല്ലുവിളിയായിരുന്ന ഐ.ടി. ഇന്റഗ്രേഷനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു.

**കേരള ബാങ്ക്**

292 (2600) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ കേരള ബാങ്ക് എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

കേരള ബാങ്ക് കോവിഡുമായി ബന്ധപ്പെട്ട് കർഷകർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖാന്തരം SLF വായ്പാ പദ്ധതിയിലൂടെ കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ KCC വായ്പാ പദ്ധതിയിലൂടെയും 50,000 രൂപവരെ നെൽകൃഷിക്ക് പലിശരഹിത വായ്പയും, ലഭ്യമാക്കിവരുന്നുണ്ട്. കർഷകർക്ക് നേരിട്ട് കേരളബാങ്ക് വഴി 'Kissan Mithra' പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾ 4% പലിശ നിരക്കിലും, മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ 8.50% നിരക്കിലും, സ്വയംസഹായ സംഘങ്ങൾ വഴി 20.00 ലക്ഷം രൂപവരെയും, കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് 60.00 ലക്ഷം രൂപ വരെയുമുള്ള വായ്പകൾ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ കേരള ബാങ്ക് കർഷകർക്ക് നൽകിയ വായ്പ തുക എത്രയെന്ന് അറിയിക്കാമോ?

കേരള ബാങ്കിൽനിന്നും 1-4-2021 മുതൽ 31-8-2021 വരെ കർഷകർക്ക് 2,844.00 കോടി രൂപ കാർഷികാവശ്യങ്ങൾക്ക് അനുവദിച്ച് നൽകിവരുന്നുണ്ട്.

(സി) പ്രസ്തുത വായ്പകളിന്മേൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ; എങ്കിൽ പലിശ നിരക്കിലുണ്ടായ ഇളവുകൾ വ്യക്തമാക്കാമോ?

കേരള ബാങ്ക് കർഷകർക്ക് നൽകിവരുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 7% പലിശയിൽനിന്നും 6 ശതമാനമായിട്ടാണ് കുറച്ചിട്ടുള്ളത്.

(ഡി) 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെ കേരള ബാങ്ക് എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തി; ആയതിൽനിന്നുള്ള ലാഭം വെളിപ്പെടുത്താമോ?

2021 ഏപ്രിൽ 1-ന് 66731.61 കോടി രൂപയായിരുന്ന നിക്ഷേപം. 31-8-2021-ൽ 662.09 കോടി രൂപ വർദ്ധിച്ച് 67393.70 കോടി രൂപയായി. പ്രസ്തുത കാലയളവിൽ വായ്പയായിരുന്ന 39664.93 കോടി രൂപ 1017.99 കോടി രൂപ വർദ്ധിച്ച് 40682.92 കോടി രൂപയായി. അങ്ങനെ ആകെ ബിസിനസ്സ് 1680.08 കോടി രൂപ വർദ്ധിച്ച് 1,08,076.62 കോടി രൂപയായി. ഇതുവഴിയുണ്ടായ അറ്റപലിശ വരുമാന ലാഭമായി കിട്ടിയത് 192 കോടി രൂപയാണ്.

(ഇ) പ്രസ്തുത കാലയളവിൽ സമാഹരിച്ച നിക്ഷേപം, പിരിച്ചെടുത്ത കിട്ടാക്കടം എന്നിവ വ്യക്തമാക്കുമോ?

2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ബാങ്ക് 675.33 കോടിരൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കിട്ടാക്കടം ഇനത്തിൽ 1673 കോടി രൂപ പിരിച്ചിട്ടുണ്ട്.

(എഫ്) കേരള ബാങ്കിന്റെ നിലവിലെ ആസ്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സൊല്യൂഷൻ**

293 (2601) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സൊല്യൂഷൻ വികസനത്തിനും സാങ്കേതികവിദ്യ നിലവാരം ഉയർത്തുന്നതിനും ദേശീയതലത്തിലുള്ള ഐ.ടി. വിദഗ്ധരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷനിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ആദിശേഷുവിനെ IT Integration Advisor-ആയി കരാർ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്കിനെ പ്രൊഫഷണൽ ആക്കുന്നതിനുവേണ്ടി പ്രമുഖ ഐ.ടി. കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. CBS & allied Services സേവന ദാതാവായി M/s Wipro Limited-നെയും, Omini Channel സേവനദാതാവായി M/s Infrasoft Technologies -നെയും തെരഞ്ഞെടുത്തിട്ടുണ്ട്.

**കേരള ബാങ്കിന് എൻ.ആർ.ഐ. നിക്ഷേപങ്ങൾ**

294 (2602) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന് എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ആർ.ബി.ഐ.-യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ബാങ്കിനാവശ്യമായ മൂലധനപര്യാപ്തത കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ 18-9-2021-ാം തീയതി എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി RBI-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. RBI-യിൽ നിന്നും അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു.

**കേരള ബാങ്കിലെ ഒഴിവുകൾ**

295 (2603) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ക്ലർക്ക് /കാഷ്യർ തസ്തികകളിൽ നിലവിലെ ഒഴിവുകൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി. മുഖാന്തരം ആണോ നികത്തുക?

(എ&ബി) കേരളബാങ്കിന്റെ സ്പെഷ്യൽ റൂൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉയർന്നതസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകിവരുന്നമുറയ്ക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഒഴിവുകൾ PSC-യാണ് നികത്തുന്നത്.

**റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേരള ബാങ്ക്**

296 (2604) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേരള ബാങ്ക് വന്നതോടെ സഹകരണ ബാങ്ക് എന്നനിലയിൽ ലഭ്യമായിരുന്ന ഏതെങ്കിലും ഇളവുകളും ആനുകൂല്യങ്ങളും നഷ്ടമായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരള ബാങ്കിന്റെ സ്പെഷ്യൽ റൂൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉയർന്ന തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകിവരുന്നമുറയ്ക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഒഴിവുകൾ PSC-യാണ് നികത്തുന്നത്.

**കേരള ബാങ്ക് ഷെയറുകൾ**

297 (2605) ശ്രീ. പി. അബ്ദുൽ ഹമീദ്.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രത്യേക ഷെയറുകളായ (സ്പെഷ്യൽ ഷെയറുകൾ) പ്രിഫറൻസ് ഷെയർ, ഓർഡിനറി ഷെയർ എന്നിവ സംസ്ഥാനത്തിലെ ഏതൊരു വ്യക്തിക്കും വിൽക്കുവാനുള്ള അധികാരം നൽകിയിട്ടുണ്ടോ?

നിലവിൽ വ്യവസ്ഥയില്ല.

(ബി) പ്രിഫറൻസ് ഷെയറുകൾക്ക് എല്ലാ വർഷവും ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഡിവിഡന്റ് കൊടുക്കുവാൻ ബാധ്യസ്ഥമാണോ;

(സി) ഇത്തരത്തിൽ ഓഹരി വിൽക്കുവാനും അതിൽതന്നെ ചില ഷെയറുകൾക്ക് മുൻഗണനാക്രമത്തിൽ ലാഭവിഹിതം നൽകുവാനും വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിന്റെ മൂലധനത്തിൽ ബഹുഭൂരിഭാഗം സംഭാവന നൽകിയിരിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എന്ത് പ്രതിഫലം കിട്ടാനാണ് സാധ്യതയെന്ന് വ്യക്തമാക്കാമോ?

(ബി&സി) സഞ്ചിത നഷ്ടം നികത്തി ലാഭത്തിലേയ്ക്ക് കടക്കുന്ന ഘട്ടത്തിൽ ഡിവിഡന്റ് പ്രഖ്യാപിക്കുന്നതാണ്.

### കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും ആർ.ബി.ഐ. ലൈസൻസ്

298 (2606) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും ബാങ്കിംഗ് നിയന്ത്രണ നിയമപ്രകാരം ആർ.ബി.ഐ. ലൈസൻസ് ലഭിച്ചിട്ടുണ്ടോ; ഏതെങ്കിലും ബാങ്കുകൾ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

13 ജില്ലാ സഹകരണബാങ്കുകളും കേരളസംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച 29-11-2019-നുശേഷം 13 മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ 749 ശാഖകൾക്ക് RBI ലൈസൻസിന് അപേക്ഷിക്കുകയും 749 ശാഖകൾക്കും RBI ലൈസൻസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേരള ബാങ്കിന്റെ എല്ലാ ശാഖകൾക്കും ബാങ്കിംഗ് നിയന്ത്രണ നിയമപ്രകാരം ആർ.ബി.ഐ. ലൈസൻസ് ലഭിച്ചിട്ടുണ്ട്. ബ്രാഞ്ച് ലൈസൻസിംഗ് സംബന്ധിച്ച് മറ്റ് നടപടിക്രമങ്ങളൊന്നും നിലവിൽ പൂർത്തീകരിക്കുവാനില്ല.

### സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ

299 (2607) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലും സംഘങ്ങളിലും വായ്പ അനുവദിക്കുന്നതിലും നിയമനങ്ങളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ചില സഹകരണബാങ്കുകളിലും സംഘങ്ങളിലും ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണബാങ്കുകളിലും സംഘങ്ങളിലും നടക്കുന്ന ക്രമക്കേടുകൾക്കെതിരെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സഹകരണ നിയമം കാലോചിതമായി പരിഷ്കരിച്ച് സഹകരണ ആഡിറ്റ് ഇൻസ്പെക്ഷൻ, വിജിലൻസ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണവകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനും

സഹകരണസംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ പരിഗണനയിലാണ്.

(സി) സംസ്ഥാന സഹകരണ വകുപ്പിന്റെ ഓഡിറ്റ് സമ്പ്രദായം ഫലപ്രദമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

**കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട നടപടി**

300 (2608) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതി പിരിച്ചുവിടാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതിയെ പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ബാങ്കിൽ ഭരണസ്തംഭനം നിലനിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ കേരള സഹകരണ നിയമം വകുപ്പ് 33(1)(b) പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയാണുണ്ടായിട്ടുള്ളത്. ബാങ്കിന്റെ വാർഷിക പൊതുയോഗം 30-9-2021-ന് നടത്തുന്നതിന് നിശ്ചയിച്ച് അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. പൊതുയോഗ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിന് ഒബ്സർവറെ നിയമിക്കണമെന്ന ബാങ്ക് പ്രസിഡന്റിന്റെയും ഭരണസമിതി അംഗങ്ങളുടെയും അപേക്ഷയുടെ അടിസ്ഥാനത്തിൽ ബാങ്കിന്റെ പൊതുയോഗത്തിൽ പങ്കെടുത്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 29(2) പ്രകാരം സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ)നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ടി ഉദ്യോഗസ്ഥൻ ബാങ്കിന്റെ പൊതുയോഗത്തിൽ പങ്കെടുത്ത് ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആകെയുള്ള 76 അംഗങ്ങളിൽ 75 അംഗങ്ങൾ പൊതുയോഗത്തിൽ പങ്കെടുത്തു. കോടതി നിർദ്ദേശം ഉണ്ടായിരുന്നതിനാൽ അജണ്ടയിലെ ഒന്നാമത്തെ ഇനമായ അവിശ്വാസപ്രമേയം പൊതുയോഗം പരിഗണിച്ചില്ല. അജണ്ടയിലെ രണ്ടാമത്തെ ഇനമായ 2020-21 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്, 2021-22 വർഷത്തെ ബഡ്ജറ്റ്, മൂന്നാമത്തെ ഇനമായ ആഡിറ്ററുടെ നിയമനം, നാലാമത്തെ ഇനമായ സഹകരണ ആഡിറ്റ് ഡയറക്ടർ

ആഡിറ്റ് ചെയ്ത കണക്കുകളുടെ അവതരണം, അഞ്ചാമത്തെ ഇനമായ ലാഭവിഭജനം, ആറാമത്തെ ഇനമായ ആഡിറ്റ് ന്യൂനതപരിഹരണം എന്നിവ പൊതുയോഗത്തിൽ പാസാക്കുന്നത് സംബന്ധിച്ച് വോട്ടെടുപ്പ് വേണമെന്ന ആവശ്യം ഉയർന്നതിനെത്തുടർന്ന് രഹസ്യബാലറ്റ് അടിസ്ഥാനത്തിൽ വോട്ടെടുപ്പ് നടത്തുന്നതാണെന്ന് യോഗാദ്ധ്യക്ഷനായ പ്രസിഡന്റ് അറിയിച്ചു. വോട്ടെടുക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് 35 പേർ യോഗം ബഹിഷ്കരിക്കുകയും പിന്നീട് നടന്ന വോട്ടെടുപ്പിൽ 40 അംഗങ്ങൾ രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ വോട്ടുചെയ്യുകയും ചെയ്തു. വോട്ടെണ്ണലിൽ ടി വോട്ടുകളെല്ലാം അജണ്ടകൾ പാസാക്കുന്നതിനെ എതിർത്തുകൊണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ടു. പൊതുയോഗത്തിലെ അജണ്ടയിലെ 2 മുതൽ 6 വരെയുള്ള ഇനങ്ങൾ പൊതുയോഗം അംഗീകരിക്കാത്ത സാഹചര്യത്തിൽ ബാങ്കിൽ ഭരണസ്തംഭനം നിലനിൽക്കുന്നതായി നിരീക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. ബാങ്ക് പ്രവർത്തനത്തിനായുള്ള വാർഷിക ബഡ്ജറ്റും വരവ് ചെലവ് കണക്കുകളും ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണസ്തംഭനം ഉണ്ടായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുന്നതായും തന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ബാങ്കിന്റെ അധികാരം ഒഴിയുന്നതായും ബാങ്ക് പ്രസിഡന്റ് ശ്രീ. സോളമൻ അലക്സ് രേഖാമൂലം അറിയിച്ചിരുന്നു. മേൽവിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 33(1) (aa) പ്രകാരമുള്ള പൂർണ്ണ ഭരണസ്തംഭനം നിലനിൽക്കുന്നുവെന്ന് ഉത്തമബോദ്ധ്യം വന്നതിനാൽ ബാങ്കിലെ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 33(1) (b) പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയാണുണ്ടായിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റർ ബാങ്കിന്റെ ഭരണച്ചുമതല 1-10-2021-ന് ഏറ്റെടുത്തെങ്കിലും WP(C)21049/21-ന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-10-2021-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കിന്റെ ഭരണച്ചുമതല 5-10-2021-ന് ഭരണസമിതിക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഈ ബാങ്കുമായി ബന്ധപ്പെട്ട പ്രാഥമിക ബാങ്കുകളിൽ ഏതിന്റെയെങ്കിലും ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ ഭരണം ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

വിവിധ കാരണങ്ങളാൽ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പേരുവിവരങ്ങൾ ചുവടെചേർക്കുന്നു.

1. വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ കെ. 951 -നെ ക്രമക്കേട് ബോധ്യപ്പെട്ടതിനാൽ അഡ്മിനിസ്ട്രേറ്ററെ ഭരണം ഏല്പിച്ചിരിക്കുന്നു.

2. മീനച്ചിൽ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ കെ.197-നെ ഭരണ സമിതിയുടെ ക്വോറം നഷ്ടപ്പെട്ടതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്ററെ ഭരണം ഏല്പിച്ചിരിക്കുന്നു.

3. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ സഹകരണ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ 4389-നെ പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർ ചേർന്ന് വായ്പ തട്ടിപ്പ് നടത്തിയെന്ന പരാതിയെത്തുടർന്ന് 31-5-2019 ൽ ഇന്ത്യൻ ശിക്ഷാനിയമം വകുപ്പ് 403, 409, 420 എന്നിവ പ്രകാരം 1529 നമ്പർ എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുള്ളതാണ്.

വായ്പാക്രമക്കേടുകൾ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധനയിൽ സംഘത്തിൽ പ്രസിഡന്റും, ഭരണസമിതിയും ചേർന്ന് വായ്പാതട്ടിപ്പ് നടത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് 26-9-2019-ൽ ഭരണസമിതിയെ സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു.

(സി) തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ ഭരണമേൽപ്പിക്കുന്ന നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ; വെളിപ്പെടുത്താമോ?

സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ കേരള സഹകരണ നിയമത്തിലും, ചട്ടങ്ങളിലും, ഉപനിബന്ധനകളിലും ചുമതലപ്പെടുത്തപ്പെട്ട കർത്തവ്യങ്ങൾ ചെയ്യുന്നതിലുള്ള നിരന്തരവീഴ്ചകളും, അവ നിറവേറ്റുന്നതിൽ അലംഭാവം കാണിക്കുകയോ, സംഘത്തിന്റെ താല്പര്യത്തിനുഹാനികരമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ; നിയമത്തിലോ, ചട്ടങ്ങളിലോ പറയും പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നിയമാനുസൃതമായ ഉത്തരവോ, നിർദ്ദേശമോ മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ പാലിക്കുന്നതിന് വീഴ്ചവരുത്തുകയോ; നിയമത്തിലെ ചട്ടങ്ങൾക്കോ, ഉപനിബന്ധനകൾക്കോ, വിരുദ്ധമായി ഏതെങ്കിലും തുക കൊടുക്കുകയോ, അല്ലെങ്കിൽ വിശ്വാസ വഞ്ചനയാലോ, മനഃപൂർവ്വമായ അലംഭാവത്തോടെ സംഘത്തിന്റെ ആസ്തികൾക്ക് ഏതെങ്കിലും നഷ്ടമോ, ഹാനിയോ ഉണ്ടാക്കുകയോ;

രേഖകൾ ദുരുപയോഗപ്പെടുത്തുകയോ, നശിപ്പിക്കുകയോ, അല്ലെങ്കിൽ അവയ്ക്ക് ഹാനിവരുത്തുകയോ, അല്ലെങ്കിൽ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചുവെയ്ക്കുന്നതിന് രേഖകൾ നശിപ്പിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നുവെന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, സംഘങ്ങളുടെയും സംഘാംഗങ്ങളുടെയും ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് അടിയന്തരഘട്ടങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണം ഏൽപ്പിക്കാറുണ്ട്.

## മലപ്പുറം ജില്ലയിലെ AR നഗർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്നുവരുന്ന ക്രമക്കേടുകൾ

301 (2609) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ചും ജീവനക്കാരോടുള്ള പ്രതികാരനടപടികൾ സംബന്ധിച്ചും എത്ര കേസുകളാണ് ഹൈക്കോടതിയിലും മറ്റ് കീഴ്ക്കോടതികളിലുമായി നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അഞ്ച് കേസുകളാണ് കോടതിയിൽ നിലവിലുള്ളത്. കേസ് വിവരം ചുവടെചേർക്കുന്നു. WP(C) No.29593/2019 WP(C) No.26081/2019 WP(C) No.4423/2020 WP(C) No.22101/2020 WP(C) No.10087/2021

(ബി) ഇത്തരം കേസുകൾ സമയബന്ധിതമായി വിചാരണയ്ക്ക് കൊണ്ടുവന്ന് തീർപ്പുകൽപ്പിക്കുന്നതിനായുള്ള സർക്കാർ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിനോ ഗവൺമെന്റ് പ്ലീഡർക്കോ നൽകിയിട്ടുണ്ടോ?

കേസ് വേഗം വിചാരണക്കെടുക്കുന്നതിനും തീർപ്പാക്കുന്നതിനും മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അഡ്വക്കേറ്റ് ജനറലിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഈ കേസുകളെല്ലാം എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്ന വിവരമാണ് സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കാമോ?

വിവരം ലഭിച്ചിട്ടില്ല.

## കോവിഡ് മഹാമാരിമൂലം മരണപ്പെട്ടയാളുടെ വായ്പയിളവ്

302 (2610) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിമൂലം വരുമാനദായകൻ മരണപ്പെട്ടതിനാൽ സഹകരണബാങ്കിൽ നിന്നും എടുത്ത വായ്പകൾക്ക് ഇളവനുവദിക്കുന്നതിന് സഹകരണവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള വായ്പക്കാരുടെ വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾ തീർപ്പാക്കുന്നതിന് പലിശയിളവ് നൽകുന്നതുസംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് സംഘം ഭരണസമിതി തീരുമാനത്തിന്റെയും ശിപാർശയുടേയും അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് പലിശയിളവ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈകൊള്ളാവുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക

303 (2611) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ലോണെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ എന്തെങ്കിലും ഇളവുകൾ നിലവിലുണ്ടോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ) ഇളവുകൾ നിലവിലുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് "നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" - 2021 ആഗസ്റ്റ് 16 മുതൽ 2021 ഒക്ടോബർ 31 വരെ നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ പലിശയിലും, അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിനും ഇളവ്

അനുവദിക്കാറുണ്ട്. കേരളബാങ്കിന് 2021 നവംബർ 30 വരെയും മലപ്പുറം ജില്ലാ സഹകരണബാങ്കിന് ഡിസംബർ 31 വരെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 നമ്പർ സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**എ. ആർ. നഗർ സർവ്വീസ് സഹകരണ ബാങ്ക്**

304 (2612) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക തട്ടിപ്പ് നടന്ന എ.ആർ. നഗർ സർവ്വീസ് സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടുന്നതിനും ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിലുണ്ടോ?

നിലവിലില്ല.

(ബി) ഉണ്ടെങ്കിൽ ഏത് കോടതിയുടെ ഉത്തരവാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ബാധകമല്ല.

**കേരളത്തിലെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ**

305 (2613) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ ആകെ നൽകുന്ന വായ്പയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ 2020-21 സാമ്പത്തികവർഷം നൽകിയ കാർഷികവായ്പ ആകെ വായ്പയുടെ 8.56% ആണ്.

(ബി) സംസ്ഥാനത്തെ കാർഷിക വായ്പാ സംഘങ്ങൾ 2020-21 വർഷം നൽകിയത് എത്ര കോടി രൂപയുടെ വായ്പയാണെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാഥമിക സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ**

306 (2614) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരളബാങ്കിന്റെ ഓഫീസുകളിൽ ഐ.ടി. സംയോജനം വഴി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി കേരള ഗവൺമെന്റ് ഐ.ടി. മിഷൻ ഇ-ടെണ്ടർ പോർട്ടൽ വഴി Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് CBS & Allied Services സേവനദാതാവായി M/s Wipro Ltd-നെയും Omni Channel സേവനദാതാവായി M/s Infrasoft Technologies Ltd.-നെയും തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് M/s Infrasoft Technologies Ltd.-ന് 2-9-2021-ലും, M/s Wipro Ltd.-ന് 6-9-2021-ലും പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. ഐ.ടി. സംയോജനം, കോർ ബാങ്കിംഗ്, HRMS, Government Business Module, Data Centre Hardware/Network, Security, Asset Liability Management (ALM), Anti Money Laundering (AML) മുതലായ സേവനങ്ങൾ 6 വർഷ കാലയളവിലേയ്ക്ക് നൽകുന്നതിനാണ് M/s Wipro Ltd.-മായി ധാരണയിലായിട്ടുള്ളത്. ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളായ Mobile Banking, Immediate Payment System(IMPS), Unified Payment Interface (UPI), Internet Banking, Financial Inclusion, Video KYC, E-KYC, e-commerce, Point of Sale (POS), Micro ATM മുതലായവ 5 വർഷ കാലയളവിലേയ്ക്ക് നൽകുന്നതിനാണ് M/s Infrasoft Technologies Ltd.-മായി ധാരണയിലായിട്ടുള്ളത്. ഐ.ടി. സംയോജന നടപടികളുമായി ബന്ധപ്പെട്ട് Project Management Office സ്ഥിരം സംവിധാനമായ Command Centre എന്നിവ എറണാകുളം CBO/CPC പ്രവർത്തിക്കുന്ന കെട്ടിടം/Proposed Training Centre എന്നിവിടങ്ങളിൽ ഉചിതമായ സ്ഥലം കണ്ടെത്തി പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ് വെയറിനെ കേരളബാങ്കിന്റെ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ് വെയറിനെ കേരള ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ട്.

(സി) കേരള ബാങ്കുമായി സഹകരിച്ച് പ്രാഥമിക സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

Reserve Bank of India, NABARD എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

**എ.ആർ. നഗർ സഹകരണബാങ്കിലെ ക്രമക്കേടുകൾ**

307 (2615) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ആർ. നഗർ സഹകരണ ബാങ്ക് ക്രമക്കേടിൽ ഭരണസമിതിക്കെതിരായോ ക്രമക്കേടുകൾ നടത്തിയ വ്യക്തികൾക്കെതിരായോ സഹകരണ ഇൻസ്പെക്ഷൻ വിങ്ങിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെതിരെ എന്ന് വ്യക്തമാക്കുമോ?

ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ സ്വീകരിക്കാതിരിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവായിരുന്നെങ്കിലും ടി ഉത്തരവിനെതിരെ ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 26081/19 പ്രകാരം കേസ് ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. വ്യാജ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ മുൻസെക്രട്ടറിയും നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായ ശ്രീ. വി. കെ. ഹരികുമാറിനെതിരെ സഹകരണ ചട്ടപ്രകാരവും IPC യിലെ വിവിധ വകുപ്പുകൾ പ്രകാരവും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ടുള്ള മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ 13-4-2021-ലെ JRMPM/1573/ 20 സി.ആർ.പി. (2) നമ്പർ ഉത്തരവിനെതിരെ ശ്രീ. വി. കെ. ഹരികുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും WP(C)10087/2021(1) പ്രകാരം സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. ടി സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

## എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേട് അന്വേഷണം

308 (2616) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ ഇൻകംടാക്സ് ആക്ട് 1961 വകുപ്പ് 133(6) പ്രകാരം സഹകരണ ഇൻസ്പെക്ഷൻ വിങ്ങിനോട് അന്വേഷണം നടത്താൻ മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ നിർദ്ദേശിച്ചിരുന്നോ; അറിയിക്കാമോ?

ഇൻകം ടാക്സ് ഡെപ്യൂട്ടി കമ്മീഷണറിൽ നിന്നും 22-7-2021-ന് ഇൻകം ടാക്സ് ആക്ട് 1961 വകുപ്പ് 133(6) പ്രകാരം ലഭിച്ച നിർദ്ദേശമനുസരിച്ച് മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

(ബി) മേൽ അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധരേഖകളും ലഭ്യമാക്കാമോ?

ലഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധരേഖകളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

## കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

309 (2617) ശ്രീ. പി. വി. അൻവർ:
ശ്രീ. എച്ച്. സലാം
ശ്രീ. പി. പി. സുമോദ്:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ മുന്നേറ്റം സൃഷ്ടിക്കാനായി സഹകരണ സംഘങ്ങൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷികമേഖലയിൽ മുന്നേറ്റം സൃഷ്ടിക്കാനായി സഹകരണ സംഘങ്ങൾ ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നഴ്സറികൾ, ജൈവവളശാലകൾ, കാർഷിക യന്ത്രവൽകൃതസൗകര്യങ്ങൾ തുടങ്ങി കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് ആകെ 80-കർഷക സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് 217 Coopmart VEGFresh ഔട്ട്-ലെറ്റുകൾ ഇതിനകം ആരംഭിച്ചുകൊണ്ട് പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു.

3. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നബാർഡിന്റേയും സർക്കാരിന്റെയും സഹായത്താൽ കാർഷികവായ്പാ സഹകരണസംഘങ്ങൾ നെൽകർഷകർക്ക് പലിശരഹിത വായ്പ അനുവദിച്ചുവരുന്നു.

4. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സഹകരണ സംഘം സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം നടത്തിവരുന്നു.

5. സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ coopkerala എന്ന ഏകീകൃത ബ്രാന്റിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ സംസ്ഥാനത്ത് 14 coopmart-കൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സഹായിക്കാനായി കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങൾ രൂപീകരിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സഹായിക്കാനായി കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങൾ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു; കാപ്കോസ്:- സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചു. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു. സംസ്ഥാനത്തെ

കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണനകേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തനപരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാനലക്ഷ്യം.

പാപ്കോസ്:- കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമെന്ന നിലയിൽ നെല്ല് സംഭരിക്കുകയും ആധുനിക റൈസ് മില്ലും ഗോഡൗണുകളും സ്ഥാപിച്ചുകൊണ്ട് സംഭരിച്ച നെല്ല് അരിയാക്കി വിപണനം നടത്തുക എന്നീ ലക്ഷ്യത്തോടെ രജിസ്റ്റർ ചെയ്ത സംഘമാണ് " പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" ക്ലിപ്തം നമ്പർ പി.1449 (PAPCOS). പാലക്കാട് ജില്ലയിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചും, സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക. ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരിമിൽ സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആവശ്യമായ സംഭരണശാലകൾ സ്ഥാപിക്കുകയും ചെയ്യുക. കൂടാതെ സർക്കാർ അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴി വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്യുക. പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുകയും ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാനലക്ഷ്യം.

(സി) ആധുനിക അരിമില്ലുകൾ സ്ഥാപിച്ച് നെല്ലിന്റെ സംഭരണവും സംസ്കരണവും വിപണനവും യാഥാർത്ഥ്യമാക്കി കർഷകതാല്പര്യം സംരക്ഷിക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

കർഷക താല്പര്യം സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കാപ്കോസ്, പാപ്കോസ് എന്നീ സംഘങ്ങളുടെ പ്രവർത്തനപുരോഗതി ചുവടെചേർക്കുന്നു:

കാപ്കോസ്:- 1. 2021 ആഗസ്റ്റ് 27-ന് രജിസ്റ്റർ ചെയ്ത കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KAPCOS) ക്ലിപ്തം നമ്പർ.4505-ന്റെ ആദ്യപൊതുയോഗം 30-9-2022-ന് കൂടുകയുണ്ടായി.

2. സംഘത്തിന്റെ ഓഫീസ് പ്രവർത്തനം താൽക്കാലികമായി കുടമാളൂർ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും, സംഘം പ്രവർത്തനം സുഗമമായി നിർവ്വഹിക്കുന്നതിനായി ബോർഡ് അംഗങ്ങളിൽ നിന്നും ഒരു ഹോണററി സെക്രട്ടറിയെ നിയമിക്കുകയും ചെയ്തു.

3. ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലം കണ്ടെത്തി, സ്ഥലം വാങ്ങുന്നതിനും, ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

പാപ്കോസ്:- 1. സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതി നടപ്പിലാക്കുന്നതിന് പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്.

2. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്.

3. പദ്ധതി പ്രദേശത്ത് ഇ-ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 500 മീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

4. റൈസ് മില്ലിന്റെയും സിലോകളുടെയും നിർമ്മാണനടത്തിപ്പിനായി 30-8-2021-ന് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

**യുവ സഹകരണസംഘങ്ങൾ**

310 (2618) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവ സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം വകുപ്പ് 7, ചട്ടം 15(12)(3)(1) പ്രകാരമാണ് യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. സഹകരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള മാതൃകാ ബൈലായുടെ പകർപ്പ് സഹകരണസംഘം രജിസ്ട്രാറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ടി മാതൃകാ ബൈലായിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരമാണ് നിയമാവലി സമർപ്പിക്കേണ്ടത്.

## സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല

311 (2619) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി സഹകരണ വകുപ്പ് " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ 14 ജില്ലകളിൽ 14 സഹകരണ ഉൽപ്പന്ന വിപണന ശാലകളായ coopmart-കൾ ആരംഭിച്ചു. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും മറ്റ് യോഗ്യതയുടെയും അടിസ്ഥാനത്തിൽ സഹകരണ സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിനായി രൂപകൽപ്പന ചെയ്ത coopkerala എന്ന ബ്രാൻഡ് മാർക്കി-നും ഔട്ട്-ലെറ്റുകളുടെ പേരായ coopmart എന്ന Trade Name -നും 1999-ലെ Trademarks Act പ്രകാരം സെൻട്രൽ ഗവൺമെന്റ് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭ്യമായിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkerala-മാർക്ക് അനുവദിക്കുന്നതിനായി ഉല്പാദക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായുള്ള ബ്രാൻഡിംഗ് നടത്തുന്നതിനും ഇ-കോമേഴ്സിനുമായി സഹകരണമേഖലയിൽ ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നോ; പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും, പദ്ധതിയുടെ ഭാഗമായി E-selling mobile application & Web application

software തയ്യാറാക്കുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ആദ്യഘട്ടമെന്ന നിലയിൽ ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള സോഫ്റ്റ്‍വെയറാണ് രൂപം നൽകുക.

**വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം**

312 (2620) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനിത സഹകരണസംഘങ്ങളുടെ എണ്ണം വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് 1225 വനിത സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

വനിതാ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ് ഇനങ്ങളിലായി സർക്കാർ ധനസഹായം അനുവദിക്കുന്നു. വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഹരി ശീർഷകത്തിൽ പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം, സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിക്കുന്നതാണ്. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് വനിതാ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടനിർമ്മാണത്തിനും ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കള്ളിക്കാട് വനിതാ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിന് സർക്കാർ ധനസഹായത്തിനായി അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ സർക്കാർ ധനസഹായം അനുവദിക്കുന്നതാണ്. വനിത സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിന് ധനസഹായം അനുവദിയ്ക്കുന്ന പദ്ധതികൾ നിലവിലില്ലാത്തതിനാൽ സംഘത്തിന് കെട്ടിടനിർമ്മാണത്തിന് ധനസഹായം അനുവദിയ്ക്കാൻ കഴിയില്ല.

(ഡി) സ്വന്തമായി സ്ഥലമുള്ള സഹകരണസംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ?

സ്വന്തമായി സ്ഥലമുള്ള വനിത സഹകരണസംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സഹകരണവകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന വിഹിതത്തിൽനിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിലില്ല.

**കാർഷിക വായ്പ സംഘങ്ങൾ**

313 (2621) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ വഴി കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച കർഷിക വായ്പകളുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷം 8674.86 കോടി രൂപ കാർഷിക വായ്പയായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഘങ്ങൾ മുഖേന 2021-22 വർഷത്തിൽ കൂടുതൽ കാർഷികവായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക് 2021-22 സാമ്പത്തിക വർഷത്തിൽ 1-4-2021 മുതൽ 30-9-2021 വരെ 2460 കോടി രൂപയുടെ ഹ്രസ്വകാല വായ്പ, കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ്-19 രണ്ടാംതരംഗത്തിന്റെ പശ്ചാത്തലത്തിൽ സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റിയായി 1720 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കാർഷികവായ്പാ സംഘങ്ങളുടെ ബോറോയിംഗ് പവറിന് വിധേയമായി കൂടുതൽ കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കർഷകസംരംഭകർക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും നിലവിൽ കാർഷികവായ്പ അനുവദിച്ചുനൽകുന്നുണ്ട്. കർഷക പ്രൊഡ്യൂസർ കമ്പനികൾക്ക് കാർഷികവായ്പ അനുവദിക്കുന്നത് പരിഗണനയിലാണ്.

**കേരള വനിത സഹകരണ ഫെഡറേഷൻ**

314 (2622) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വനിത സഹകരണ ഫെഡറേഷൻ (വനിതാഫെഡ്) നിലവിൽ എന്തൊക്കെ വായ്പാ സഹായപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വനിതകൾക്കായുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം ലഭ്യമാക്കാനാകുമോ; ഉണ്ടെങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

വനിതാഫെഡിന് സർക്കാർ നൽകുന്ന ഫണ്ട് വിനിയോഗിച്ച് വനിതാഫെഡിലെ അംഗസംഘങ്ങൾക്ക് സംഘം കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിനും നീതി മെഡിക്കൽസ് നടത്തുന്നതിനും വായ്പ നൽകിവരുന്നു. 2020-21 കാലയളവിലെ നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പേപ്പർ/തുണിബാഗ്, മാസ്ക് നിർമ്മാണം, ഗാർമെന്റ് മേക്കിംഗ്, ക്യാന്റീൻ എന്നീ പദ്ധതികൾക്ക് സംഘങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ ഓഹരിമൂലധനം, പ്രവർത്തനമൂലധന ഗ്രാന്റ് എന്നീ ഇനങ്ങളിലായി സർക്കാർ ധനസഹായം അനുവദിക്കുന്നു. സർക്കാർ ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപയും പ്രവർത്തനമൂലധന ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം, സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിക്കുന്നതാണ്. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾ വിവിധ

സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും സംഘങ്ങൾ സമർപ്പിച്ച അപേക്ഷകൾ സർക്കാർ ധനസഹായം അനുവദിക്കുന്ന റൂളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വാർഷികപദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

**സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

315 (2623) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്.:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളും സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969 -ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണനിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിലുൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനവ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിയ്ക്ക് മാറ്റംവരുത്തി സംഘത്തിന്റെ പ്രവർത്തനവ്യാപ്തിക്കനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിലാവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഈ ക്രമക്കേടുകൾ മൂടിവയ്ക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാര നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണിച്ചിട്ടുണ്ടോ?

ക്രമക്കേടുകൾ കണ്ടെത്തുമ്പോൾ തന്നെ ആയത് പരിഹരിക്കുന്നതിനുള്ള നിയമാനുസൃതനടപടികൾ ഉടനടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണസംഘങ്ങളിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച പരാതികളിന്മേലും റിപ്പോർട്ടുകളിന്മേലും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കരുവന്നൂർ എസ്.സി.ബി.-യിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാര പരിധിയിൽ പ്രത്യേക വിശദപരിശോധനകളും നടത്തിവരുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണനിയമത്തിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്തുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്തികൾ

316 (2624) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള പഞ്ചായത്തിലെ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്ന സി.ഐ.എൻ.ഡി. (ടി) 1 - രജിസ്റ്റർ നമ്പർ, പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സഹകരണസംഘത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണസംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിനുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ?

സംഘത്തിന് 9.00 ആർ സ്ഥലമുണ്ട്. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതിക്കാണ് ഉടമസ്ഥാവകാശം. എന്നാൽ നിലവിൽ തെരഞ്ഞെടുത്ത ഭരണസമിതി ഇല്ലാത്തതിനാലും സംഘം പ്രവർത്തനരഹിതമായതിനാലും ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ അധീനതയിലാണ്. സംഘത്തിന് 7-10-2021 വരെയുള്ള ബാധ്യതാ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Principal | 1,63,384 |
| Interest | 3,40,098 |
| Penal Interest | 4,92,637 |
| Stationery | 1,000 |
| Collection charge | 49,856 |
| Total | 10,46,975 |

(സി) നിലവിൽ പ്രവർത്തനരഹിതമായ ടി സംഘത്തിന്റെ ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് തീർപ്പാക്കുന്ന പക്ഷം സംഘത്തിന്റെ ഉടമസ്ഥതയിലുള്ളതും റീസർവേ 645/2 - സ്ഥിതി ചെയ്യുന്നതുമായ ഭൂമി മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിന് നിയമതടസമുണ്ടെങ്കിൽ വിശദമാക്കുമോ?

ടി വിഷയത്തിന്മേൽ സർക്കാർ തീരുമാനമായിട്ടില്ല.

**കോവിഡ്-19 പ്രതിരോധ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ.**

317 (2625) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സഹകരണ സംഘങ്ങൾ വഴി കോവിഡ് 19-ന്റെ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി സഹകരണ വകുപ്പിന്റെ കീഴിൽ വനിതാ സഹകരണ സംഘങ്ങൾ വഴി മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ. കിറ്റ് തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള 10 യൂണിറ്റുകൾ 18-8-2021-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ച 10 സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 2 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിച്ച സംഘങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ

318 (2626) ശ്രീ. പി. അബ്ദുൽ ഹമീദ് .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ തട്ടിപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

321 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ടെന്ന വിവരം നല്കാമോ?

170 എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ട്.

(സി) സമീപകാലത്ത് വ്യാപകമായി കണ്ടുവരുന്ന സഹകരണ മേഖലയിലെ ഇത്തരം ക്രമക്കേടുകൾ തടയുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/ വിശദപരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കരുവന്നൂർ എസ്.സി.ബി.-യിൽ നടന്ന സാമ്പത്തിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദപരിശോധനകളും നടത്തിവരുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

319 (2627) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള ബാങ്കിന്റെ ഹെഡ്ഡോഫീസിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച് (PACS Development Department) ടി വകുപ്പിന്റെ കീഴിൽ എല്ലാ റീജിയണിലും PACS Development & Co-operative Credit Department പ്രവർത്തിക്കുന്നു. പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 13 ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്ററുകളിലും അതത് ജില്ലകളിലെ ഭരണസമിതിയംഗം ചെയർമാനായ ഒരു 7 അംഗ പാക്സ് ഡെവലപ്മെന്റ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളബാങ്കിന്റെ ബ്രാഞ്ചുകളുടെയും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും പരിശോധനകൾക്കും ആഡിറ്റിനുമായി പ്രത്യേക വിഭാഗം ഹെഡ്ഡോഫീസിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സംഘങ്ങളുടെയും പരിശോധന കൃത്യമായി നടത്തിവരുന്നു. കൂടാതെ പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സംഘങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഏർപ്പെടുത്തുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

നിലവിൽ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളെ കേരള ബാങ്കുമായി ബന്ധിപ്പിച്ചുകൊണ്ട് കോർബാങ്കിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) കോവിഡ് പ്രതിസന്ധി മറികടക്കാൻ പ്രാഥമിക സംഘങ്ങളിലൂടെ ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിവരസാങ്കേതികവിദ്യ പഠനപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും(MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനും ആയത് സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിനുമായി Special Liquidity Facility(SLF) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000 രൂപയാണ്. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ ാസഹകരണ സംഘങ്ങൾ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**ടൂർഫെഡിന്റെ പ്രവർത്തനം**

320 (2628) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂർഫെഡ് നിലവിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

ടൂർപാക്കേജുകൾ, ഇവന്റ് മാനേജ്മെന്റ്, കേന്ദ്ര മാനവവിഭവശേഷി വകുപ്പിന് കീഴിലുള്ള സ്കിൽ ഇന്ത്യാ മിഷൻ നടത്തുന്ന സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ, ഹൈജീനിക് കോഫി ഷോപ്പ് തുടങ്ങിയവയാണ് ടൂർഫെഡ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി) ടൂർഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. കേരള സംസ്ഥാനത്തെ വൈവിധ്യം നിറഞ്ഞ പ്രദേശങ്ങളെ കോർത്തിണക്കി ഒരു ടൂറിസം ഡെഡ്സ്റ്റിനേഷനായി ഉയർത്തുന്നതിനുവേണ്ട വിശദമായ പദ്ധതി ടൂർഫെഡ് തയ്യാറാക്കിവരുന്നു. ഹരിഹരപുരം കായൽ ടൂറിസം പദ്ധതിയും ചെലവ് കുറഞ്ഞ നിരക്കിൽ ടൂർപാക്കേജുകൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുടനീളം താലൂക്ക് അടിസ്ഥാനത്തിൽ ടൂറിസം സഹകരണ സംഘങ്ങൾ സ്ഥാപിച്ച് " കേരളത്തിലുള്ളവർ കേരളം കാണട്ടെ" എന്ന പേരിലൊരു പദ്ധതിയും തയ്യാറാക്കിവരുന്നു.

## കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

321 (2629) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ആർ 678)-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?

1) ഗവൺമെന്റ് ലെപ്രസി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് താമസിക്കുന്ന അംഗങ്ങളുടെ ക്ഷേമവും മിതത്വവും, സഹകരണം, സ്വാശ്രയശീലം, സഹോദരത്വം എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകി പദ്ധതികൾ ആവിഷ്കരിച്ച് പ്രായോഗികമാക്കി തീർക്കുക.

2) സംഘം നടത്തി വരുന്ന കൃഷി, കൈതൊഴിൽ, ക്ഷീരവ്യവസായം, കോഴിവളർത്തൽ മുതലായവ അഭിവൃദ്ധിപ്പെടുത്തുക.

3) അംഗങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം നടത്തുക. ഇതിനായി പ്രൊവിഷൻസ് സ്റ്റോർ, ക്യാന്റീൻ, ഫ്രൂട്ട്സ്റ്റാൾ തുടങ്ങിയവ നടത്തുക. സംഘം പ്രവർത്തനങ്ങൾക്കായി സ്ഥലമോ കെട്ടിടമോ വാഹനങ്ങളോ വിലയ്ക്കോ കൂലിക്കോ എടുക്കുക.

4) അംഗങ്ങളുടെ ക്ഷേമത്തിനാവശ്യമായതും, ആശുപത്രിയ്ക്കകത്തോ പുറത്തോ സാധിക്കുന്നതുമായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.

5) പ്രവർത്തന പരിധിക്കുള്ളിലെ ഡയറ്റ് മെയിന്റനൻസ് തുടങ്ങിയ എല്ലാ കോൺട്രാക്റ്റുകളും എടുത്ത് നടത്തുക.

6) വളം, കീടനാശിനി മുതലായവയുടെ ഏജൻസി എടുത്ത് നടത്തുക.

7) ചിട്ടി, പണയം തുടങ്ങിയ ബാങ്കിംഗ് നടപടികൾ സ്വീകരിക്കുക.

8) സംഘത്തിനാവശ്യമായ അംഗങ്ങളുടേയും മറ്റുള്ളവരുടേയും പക്കൽനിന്ന് ദ്രവ്യം കടം വാങ്ങിക്കുക.

9) അംഗങ്ങളുടെ ഒഴിച്ചു കൂടാനാവാത്ത ആവശ്യങ്ങൾക്കുവേണ്ടിയും പ്രവർത്തനപരിധിയിലുള്ള അംഗങ്ങളുടെ ഇതര സ്ഥാപനങ്ങൾക്കുവേണ്ടിയും കമ്മിറ്റി നിശ്ചയിക്കുന്ന തോതിലും രീതിയിലും പൊതുവെ സഹായം നൽകുക.

(ബി) ഈ സംഘത്തിൽ ഏത് വർഷം വരെ നിയമാനുസൃതം പൊതുയോഗം കൂടി വരവ് ചെലവ് കണക്ക് അംഗീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

പൊതുയോഗം കൂടിയത് സംബന്ധിച്ച് രേഖകളൊന്നുംതന്നെ ലഭ്യമല്ലെന്ന് പ്രാഥമിക അന്വേഷണം നടത്തി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(സി) ഈ സംഘത്തിൽ ഏതു വർഷം വരെയുള്ള സഹകരണ വകുപ്പിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്?

2019-20 വർഷം വരെയുള്ള സഹകരണ വകുപ്പിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) നിയമാനുസൃതം വാർഷിക പൊതുയോഗം കൂടാത്തതിന് ഈ സംഘത്തിനെതിരെ സഹകരണവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഇ) ഈ സഹകരണ സംഘത്തിൽ നിയമാനുസൃതം വാർഷിക പൊതുയോഗം കൂടാത്തതും വരവ് ചെലവ് കണക്ക് അംഗീകരിക്കാത്തതും സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ഡി&ഇ) യഥാവിധി പൊതുയോഗം കൂടി കണക്കുകൾ അംഗീകരിച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമപ്രകാരമുള്ള കർശനനടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കൃത്യമായി നടത്താൻ നടപടി

322 (2630) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഓഡിറ്റ് അതത് വർഷംതന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ആഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കി ആയതനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. ആഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ തലത്തിൽ പ്രതിമാസം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ, പോലീസിലോ റെക്കോർഡുകൾ സൂക്ഷിച്ചതുകൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ് വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ് ഒഴികെ മറ്റ് ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് നടപടികൾ വേഗത്തിലാക്കാൻ പ്രസ്തുത വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുമോ?

ഈ വിഷയത്തിൽ വിശദമായ പഠനം നടത്തുന്നതാണ്.

## യുവസംരംഭകർക്കായി സഹകരണ സംഘങ്ങൾ

323 (2631) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്കും യുവസംരംഭകർക്കുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ സഹകരണവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

യുവാക്കൾക്കും യുവസംരംഭകർക്കുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും പരസ്യപ്രചാരണങ്ങൾ നടത്തുകയും ടി സംഘങ്ങളുടെ രൂപീകരണത്തിനുള്ള മോഡൽ ബൈല സഹകരണസംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുകയും ചെയ്തു. ടി സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിക്കുന്നതിനായി ജില്ലാതല നോഡൽ ആഫീസർമാരെ നിയമിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സംഘങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് പദ്ധതികളുടെ സാധ്യത വിലയിരുത്തുന്നതിന് ഒരു പ്രോജക്ട് ഇവാല്യുവേഷൻ ടീമിനെ നിയമിച്ചിരുന്നു. ടി സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് ജില്ലാതല നോഡൽ ആഫീസർമാരെ നിയമിച്ചിരുന്നു. വിവിധ ജില്ലകളിലായി 29 യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത് അംഗീകാരം ലഭിച്ച സഹകരണ സംഘങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

പുതിയതായി രൂപീകരിച്ച 29 യുവ സഹകരണ സംഘങ്ങളുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(സി) സംഘങ്ങൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേരള സഹകരണ നിയമം, വകുപ്പ് 7, ചട്ടം 15(12)(3)(1) പ്രകാരമാണ് യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നത്.

**സഹകരണ സ്ഥാപനങ്ങളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

324 (2632) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധത്തിനും പുനരധിവാസത്തിനുമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ നൽകിയിട്ടുള്ളതും, കമ്മ്യൂണിറ്റി കിച്ചണിലേക്കും, CFLTC കളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനത്തിനും ആവശ്യമായ സഹായങ്ങളും പൊതുജനങ്ങൾക്കും കോവിഡ് രോഗികൾക്കുമായി കൺസ്യൂമർ ഗുഡ്സ്, സാനിറ്റൈസർ, മാസ്ക്, ഹാൻഡ് വാഷ്, ഓക്സിമീറ്റർ, ഗ്ലൗസ്, പി.പി.ഇ. കിറ്റ്, കിടക്ക തുടങ്ങിയ പലവിധ സഹായങ്ങൾ നൽകിയിട്ടുണ്ട്. കോവിഡ്- 19 മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറന്നുപ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 1 മുതൽ 12 വരെ ക്ലാസുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി അർഹരായ വിദ്യാർത്ഥികൾക്ക് ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾ സാമ്പത്തികസഹായം നൽകുകയുണ്ടായി. ആയതുപ്രകാരം ടെലിവിഷനുകൾ മൊബൈൽ/ടാബുകൾ, ഡി.റ്റി.എച്ച്., കമ്പ്യൂട്ടറുകൾ, പ്രോജക്ടറുകൾ എന്നിവ ലഭ്യമാക്കുകയുണ്ടായി. 1 മുതൽ 12 വരെയുള്ള ക്ലാസുകളിലേയ്ക്കുള്ള ഓൺലൈൻ പഠനത്തിനായി അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിനായി, സഹകരണ സംഘങ്ങൾ മുഖേന 10,000 രൂപ വീതം പലിശരഹിത വായ്പ നൽകുന്ന പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. ഇതുപ്രകാരം 86270 പേർക്ക് 83,40,62,813 രൂപ വായ്പയായി അനുവദിക്കുകയുണ്ടായി. കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്ട്സാപ്പ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീടുകളിലെത്തിച്ചു നൽകുന്നു. ക്വാറന്റൈൻ ഇരിക്കുന്നവരുടേയും, കണ്ടയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടെയും കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും, സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര, തീരദേശ മേഖലകളിലും, കണ്ടെയ്ൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും, മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും, കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും വിപണിയിൽ എത്തിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണസമയവും അവശ്യ

സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ് കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു. കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗസംഘങ്ങൾക്ക് ക്ലോത്ത്ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ് സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകിവരുന്നു. ഈ ഇനത്തിൽ 14,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കോവിഡ് സാഹചര്യം പരിഗണിച്ച് ഹൗസിംഗ് ഫെഡറേഷൻ 2020 ഡിസംബർ മുതൽ പലിശയിനത്തിൽ ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. 1-2-2019 മുതൽ 31-3-2021 വരെ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം 2,32,11,940 രൂപ പിഴപ്പലിശയിനത്തിലും 42,22,180 രൂപ പലിശ ഇനത്തിലും ഇളവ് നൽകിയിട്ടുണ്ട്. പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്ക് ഡിമാന്റ്/കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്. കോവിഡ് - 19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-8-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ കോവിഡ് പ്രതിസന്ധിയെത്തുടർന്ന് വരുമാനം നിലച്ച് കടക്കെണിയിലായ കർഷകർക്ക് ആശ്വാസമേകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. SLF (Special Liquidity Facility) വായ്പ പദ്ധതി കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും(MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF- I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF- II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കുകളിൽ കുടിശ്ശിക ഇല്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറികൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ)

യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസ തവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000 രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

2. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme - CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിലുൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാ പദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme - CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്- 19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തികസ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000,10,000,15,000,20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. രണ്ടാം ഘട്ട കോവിഡ് വ്യാപന സമയത്ത് വിവിധ ജില്ലകളിലായി സഹകരണ ആശുപത്രികൾ സി.എഫ്.എൽ.റ്റി.സി. ആരംഭിക്കുകയും കോവിഡ് രോഗികൾക്കായി കിടക്കകൾ സജ്ജീകരിക്കുകയും, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സീമീറ്റർ, തെർമോമീറ്റർ, മാസ്ക്, സാനിറ്റൈസർ, കൈ ഉറകൾ, മരുന്നുകൾ എന്നിവ സൗജന്യമായും നൽകിയിട്ടുണ്ട്. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പോസ്റ്റ് കോവിഡ് രോഗികൾക്കായി പ്രത്യേക ക്ലിനിക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചില സഹകരണ ആശുപത്രികൾ ശസ്ത്രക്രിയ ആവശ്യമുള്ള കോവിഡ് രോഗികൾക്ക് പ്രത്യേകം ഓപ്പറേഷൻ തീയേറ്ററും കോവിഡ് ബ്ലോക്കും

സജ്ജീകരിച്ചിരുന്നു. ചില സഹകരണ ആശുപത്രികൾ വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത കാലയളവിൽ സഹകരണ സ്ഥാപനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളും സാമ്പത്തിക നഷ്ടവും കണക്കാക്കിയിട്ടുണ്ടോ?

കോവിഡ് കാലഘട്ടത്തിൽ സംഘങ്ങളിൽ വായ്പാതിരിച്ചടവ് മുടങ്ങിയതുമൂലവും സംഘങ്ങൾ നടത്തി വന്നിരുന്ന പ്രതിമാസ നിക്ഷേപപദ്ധതികളിൽ അടവുവരാത്തതുമൂലവും സംഘങ്ങളിലെ കുടിശ്ശിക വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നീതിസ്റ്റോർ നടത്തുന്ന സംഘങ്ങൾ കോവിഡ്മൂലം തുറക്കാൻ സാധിക്കാത്തതുമൂലവും ബിസിനസ്സ് കുറഞ്ഞതുമൂലവും സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്.

(സി) ശൈശവാവസ്ഥ പിന്നിടാത്തവയും നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതുമായ സഹകരണ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സംഘങ്ങൾ നഷ്ടത്തിലേയ്ക്ക് പോകാൻ സാധ്യതയുള്ളതായി കാണുന്നു.

(ഡി) ഇത്തരം സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും പ്രവർത്തനസജ്ജമാക്കുന്നതിനുമായി പ്രത്യേക പാക്കേജിന് രൂപം നൽകാൻ ആലോചിക്കുന്നുണ്ടോ?

ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്.

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

325 (2633) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്ത് അയയ്ക്കുന്നതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണപ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ

ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയം സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ട്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാന സഹകരണ നിയമത്തിന്റെ അധികാരപരിധിയിൽ വരുന്നതല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനങ്ങളിന്മേൽ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരങ്ങൾ ഇല്ലാത്തതിനാലാണ് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിരുന്നോ; ലഭിച്ചെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

**മാർക്കറ്റിംഗ് സൊസൈറ്റികൾ**

326 (2634) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് കൂടുതൽ സഹായമെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ കർഷകരുൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് സഹായം നൽകുന്നതിലേയ്ക്ക് 2021-22 വർഷത്തെ ബഡ്ജറ്റിൽ ധനസഹായത്തുക വകയിരുത്തിയിട്ടുള്ളതാണ്. ടി പദ്ധതി വിഭാവനം ചെയ്യുന്നത്, എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്ന് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കാനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ്. ടി ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രമുഖ മാർക്കറ്റിംഗ് സംഘങ്ങളുടെയും മാർക്കറ്റ്ഫെഡിന്റേയും ഏകോപനത്തിലൂടെ നിർവ്വഹിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2021-22 ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ 75 ശതമാനം പരമാവധി 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പ എന്നിങ്ങനെ 20:25:30 എന്ന അനുപാതത്തിൽ ധനസഹായം നൽകുന്നതിനും മാർക്കറ്റ്ഫെഡിന് വിപണനവുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നതിനുമായി നൽകുന്നു. ഇതിനായി 2021-22 ബജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട മാർക്കറ്റിംഗ് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഇടനിലക്കാരില്ലാതെതന്നെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സൊസൈറ്റികളെ പര്യാപ്തമാക്കുന്നതിനുതകുന്ന എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മെച്ചപ്പെട്ട മാർക്കറ്റിംഗ് സൗകര്യങ്ങളൊരുക്കിക്കൊണ്ട് ഇടനിലക്കാരില്ലാതെതന്നെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സൊസൈറ്റികളെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെചേർക്കുന്നു.

1. കേരളത്തിലെ 16-ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും കൃഷി വകുപ്പ് പുറപ്പെടുവിച്ച 26-10-2020-ലെ ജി.ഒ.(എം.എസ്)80/2020/അഗ്രി നമ്പർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായും സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി " കോപ്മാർട്ട്-വെജ്ഫ്രഷ്" (Coopmart VEGFresh) എന്ന പേരിൽ വെജിറ്റബിൾ ഔട്ട്-ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു. സംസ്ഥാനത്ത് ഇപ്രകാരം 217 Coopmart VEGFresh ഔട്ട്-ലെറ്റുകൾ ഇതിനകമാരംഭിച്ചിട്ടുണ്ട്.

2.കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 13 സഹകരണ ഉൽപ്പന്ന വിപണനശാലകളായ കോപ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്.

3. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കൽപ്പറ്റയിൽ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി നടപ്പിലാക്കിയിട്ടുണ്ട്.

4. " സുഭിക്ഷ കേരളം" പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് പ്രമുഖ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടേയും മാർക്കറ്റ് ഫെഡിന്റേയും

ഏകോപനത്തിലൂടെ വിളവെടുപ്പ് കാലയളവിൽ കർഷകരിൽനിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുക, അവ സംസ്കരിച്ച് വിപണികളിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മികച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി 2021-22 വർഷം 300 ലക്ഷം രൂപയും കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 250 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

327 (2635) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുന്ന ഈ ഘട്ടത്തിൽ സാധാരണക്കാരുടെ ആശ്രയമായ സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിന് പരിപാടിയുണ്ടോ?

സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുവേണ്ടി വകുപ്പ് പുനഃസംഘടന ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആധുനിക കാലഘട്ടത്തിലെ സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് സഹകരണ കാർഷികവായ്പാ മേഖലയിൽ ഘടനാപരമായമാറ്റം അനിവാര്യമായി വന്നതിനാലും സംസ്ഥാന സഹകരണ ബാങ്കും, 13 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് സംസ്ഥാനതലത്തിൽ ഒരു ബാങ്കിന് രൂപം കൊടുക്കാൻ സർക്കാർ നയപരമായി തീരുമാനിക്കുകയും കേരള ബാങ്ക് നിലവിൽ വരികയുംചെയ്തു. കേരള ബാങ്ക് രൂപീകരിച്ചതിലൂടെ എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും നേടാനാകുന്നു. കൂടാതെ പ്രസ്തുത സേവനങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ലഭ്യമാക്കുന്നതിന് കഴിയുന്നു. കോവിഡ് സാഹചര്യത്തിൽ അംഗങ്ങളായ ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പലിശ നിരക്ക് കുറച്ചും വായ്പാ നിബന്ധനകൾ ലഘൂകരിച്ചും സാധാരണക്കാർക്ക് ഭവന വായ്പ ലഭ്യമാക്കിയും സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികളിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ പങ്കാളിത്തം വഹിക്കുന്നുണ്ട്.

(ബി) സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ തടയാൻ ഓഡിറ്റ് സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനും വിജിലൻസ് പരിശോധന ഫലപ്രദമാക്കുന്നതിനും മിന്നൽപരിശോധന നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനവ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റംവരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്നതരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാനുവൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ

നടപ്പിലാക്കുന്ന ICDMS പ്രോജക്ടിലുൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. വിജിലൻസ് പരിശോധന ഫലപ്രദമാക്കുന്നതിനും, മിന്നൽ പരിശോധന നടത്തുന്നതിനും ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംഘങ്ങളുടെ പ്രവർത്തന നിരീക്ഷണം കാര്യക്ഷമമാക്കുന്ന തരത്തിൽ സഹകരണ വകുപ്പിന്റെ പ്രവർത്തനം പരിഷ്കരിക്കാനും വിപുലീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

സംഘങ്ങളുടെ പ്രവർത്തന നിരീക്ഷണം കാര്യക്ഷമമാക്കുന്ന തരത്തിൽ സഹകരണ വകുപ്പിന്റെ പ്രവർത്തനം പരിഷ്കരിക്കാനും വിപുലീകരിക്കുന്നതിനുമായി വകുപ്പ് പുനഃസംഘടന ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) ഇക്കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിന് സഹകരണ നിയമം ഉചിതമായി ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

### സഹകരണ സ്ഥാപനങ്ങളിലെ ഇൻഷ്വറൻസ് സേവനം

328 (2636) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലേയും മറ്റ് സഹകരണ സ്ഥാപനങ്ങളിലേയും ഉപഭോക്താക്കൾക്ക് ഇൻഷ്വറൻസ് സേവനം നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്ക്, അർബൻ ബാങ്ക് എന്നിവയിലെ നിക്ഷേപങ്ങൾ ഡിപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ (DICGC) -ൽ ഇൻഷ്വറൻസ് ചെയ്തിട്ടുണ്ട്. നിലവിലെ

ചട്ടങ്ങൾ പ്രകാരം 5 ലക്ഷം രൂപവരെ പരിരക്ഷയുണ്ട്. പ്രാഥമികമേഖലയിലെ നിക്ഷേപകരുടെ താല്പര്യം മുൻനിർത്തി ഗ്യാരന്റി ഫണ്ട് ബോർഡ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥ പ്രകാരം ലിക്വിഡേറ്റ് ചെയ്യുമ്പോൾ രണ്ട് ലക്ഷം രൂപവരെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും.

(ബി) പ്രസ്തുത ഇൻഷ്വറൻസ് സേവനം പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുടെ ഏജന്റുമാർ മുഖേന കൂടി നൽകുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിർദ്ദേശം പരിഗണനയിലില്ല.

## പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ

329 (2637) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിനായി ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി സർക്കാരിന്റെ 10-8-2020-ലെ സ.ഉ.(സാധാ) 345/2020/സഹ. നമ്പർ ഉത്തരവ്

പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിരുന്നു. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിലേയ്ക്കായി, സർക്കാരിന്റെ 13-1-2021-ലെ സ.ഉ.(സാധാ) 21/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി.) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും, സർക്കാരിന്റെ നിർദ്ദേശാനുസരണം ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 9-2-2021-ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും 31-12-2021-ന് മുൻപായി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കമ്പ്യൂട്ടറുകൾ ഇല്ലാത്ത പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധി കാരണം കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കാത്ത 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അവയുടെ ശാഖകളുൾപ്പെടെ കംപ്യൂട്ടറൈസ് ചെയ്യുന്നതിനായി കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 2020-2021 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സബ്സിഡിയിനത്തിൽ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിനാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യവികസനത്തിനും വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ചുവടെയുള്ള ധനസഹായം അനുവദിച്ചുവരുന്നു.

1. ആശുപത്രി സഹകരണ സംഘങ്ങൾക്ക് രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക/ അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായമായി

75 ലക്ഷം രൂപ പദ്ധതി ചെലവിന്റെ 70% ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു.

2. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡിയായി ആംബുലൻസ് വിലയുടെ 50% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നു.

3. ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ, ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു.

4. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കുന്നു.

(ഇ) ഐ.സി.ഡി.പി. പ്രോജക്റ്റിലുൾപ്പെടുത്തി പ്രസ്തുത പ്രാഥമിക സംഘങ്ങളിലെ അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.പി. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കെ.എസ്.സി.ബി. ശിപാർശ ചെയ്യുന്ന പ്രസ്തുത ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് സർക്കാരിന്റെയും എൻ.സി.ഡി.സി.-യുടേയും അനുമതിക്ക് വിധേയമായി ധനസഹായം അനുവദിച്ച് നൽകിവരുന്നു. ഓരോ ജില്ലകൾക്കും 31-3-2021 വരെ അനുവദിച്ചുനൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. ഐ.സി.ഡി.പി. പാലക്കാട് ജില്ല- 46,49,15,590 രൂപ, ഐ.സി.ഡി.പി. തൃശ്ശൂർ ജില്ല - 30,93,44,350 രൂപ, ഐ.സി.ഡി.പി. ഇടുക്കി ജില്ല - 43,12,85,115 രൂപ.

**യുവസഹകരണ സംഘങ്ങൾ**

330 (2638) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ യുവ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് കൂടുതൽ യുവസഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

(ബി) യുവ സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സംഘങ്ങൾക്ക് ധനസഹായം നൽകുന്ന വിഷയം സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്.

**മഞ്ചേശ്വരം താലൂക്കിലെ സഹകരണ സ്ഥാപനങ്ങൾ**

331 (2639) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത സഹകരണ സ്ഥാപനങ്ങളുടെ ഇനവും തരവും ഭരണസമിതി അംഗങ്ങളുടെ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ഇനവും തരവും ഭരണസമിതി അംഗങ്ങളുടെ വിശദവിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു.*

സി) എത് വർഷത്തിലാണ് പ്രസ്തുത സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ സ്ഥാപനങ്ങളുടെയും ആസ്തി ബാധ്യത, സ്ഥാവരജംഗമ സ്വത്തുക്കൾ, കിട്ടാക്കടം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച തീയതി, ഒരോ സ്ഥാപനങ്ങളുടെയും ആസ്തി ബാധ്യത, സ്ഥാവരജംഗമ സ്വത്തുക്കൾ, കിട്ടാക്കടം എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

**വയനാട് ജില്ലയിലെ യുവസഹകരണസംഘങ്ങൾ**

332 (2640) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണമാണെന്നും ഇവയുടെ പ്രവർത്തന പരിധി എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

(എ & ബി)വയനാട് ജില്ലയിൽ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**തൃശ്ശൂർ ടൗൺ കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി വായ്പയിന്മേലുള്ള ഇളവ്**

333 (2641) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ, കുന്നത്തങ്ങാടി, തൈക്കാട്ടിൽ വീട്ടിൽ ജീന എന്ന വ്യക്തി തൃശ്ശൂർ ടൗൺ കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയിൽനിന്നും എടുത്ത വായ്പയിന്മേലുള്ള തിരിച്ചടവിന് സാവകാശവും ഇളവും നൽകണമെന്നുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മണലൂർ എം.എൽ.എ.-യുടെ ശിപാർശയോയുകൂടിയുള്ള പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ & ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ടൗൺ സഹകരണ ബാങ്കിനും, തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളുടെ പലിശ**

334 (2642) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ പലിശ നിരക്ക് ഇപ്പോൾ നിശ്ചയിക്കുന്നത് ആരാണ്; വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ മുഴുവൻ സംഘങ്ങളുടെയും/ ബാങ്കുകളുടെയും നിക്ഷേപങ്ങളുടെയും നൽകുന്ന വായ്പകളുടെയും പലിശ നിർണയിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കാലാകാലങ്ങളിൽ പണനയം പ്രഖ്യാപിക്കുന്നതിന്റെ

ഭാഗമായി നിശ്ചയിക്കുന്ന പലിശനിരക്കിന്റെ അടിസ്ഥാനത്തിൽ ഇതര ബാങ്കുകൾ തീരുമാനിക്കുന്ന നിക്ഷേപ/വായ്പാ പലിശയുമായി താരതമ്യപഠനം നടത്തി പലിശ നിർണ്ണയസമിതി സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ്.

(ബി) സഹകരണ ബാങ്കുകളുടെ പലിശഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

റിസർവ് ബാങ്ക് കാലാകാലങ്ങളിൽ സ്വീകരിക്കുന്ന വായ്പാ നയങ്ങൾക്കനുസൃതമായി ഇതര ബാങ്കുകളുടെ നിക്ഷേപ/വായ്പാ പലിശയുമായി താരതമ്യം നടത്തി പലിശനിർണയ ഉപസമിതി സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിലവിൽ സഹകരണ മേഖലയിലെ പലിശ നിർണയിക്കുന്നത്. നിലവിലെ പലിശ ഘടനയിൽ മാറ്റംവരുത്തുന്ന കാര്യം പരിഗണനയിലില്ലാത്തതാണ്.

(സി) കേരളത്തിലുണ്ടായ രണ്ട് പ്രളയവും പിന്നീട് വന്ന കോവിഡ് മഹാമാരിയും കാരണം സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർ അത് തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്നതുകൊണ്ട് എൻ.പി.എ.-യുടെ ശതമാനത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള അടച്ചിടലും കാരണം സംസ്ഥാനത്തിന്റെ ഉല്പാദന വ്യാപാരമേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാക്കുകയും വായ്പാ കുടിശ്ശിക വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക വായ്പയ്ക്കും വായ്പയിന്മേലുള്ള പലിശയ്ക്കും കരുതൽ വയ്ക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായം**

335 (2643) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ടിലുൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

24 അപേക്ഷകൾ ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഇതിൽ അർഹതപ്പെട്ട 12 അപേക്ഷകളിലായി 12,16,419 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

336 (2644) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ സഹായമാണ് വായ്പാതിരിച്ചടവിനിടെ മരിച്ചവരുടെ ആശ്രിതർക്കായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം മരണപ്പെട്ട വായ്പക്കാർക്കുള്ള മരണാനന്തര സഹായമായും, മാരകരോഗം ബാധിച്ചവർക്കുള്ള ചികിത്സാ ധനസഹായമായും 2016 മുതൽ നാളിതുവരെ ആകെ 49566 പേർക്ക് 372.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിൽനിന്നും വായ്പ

337 (2645) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽ വായ്പയെടുത്ത് തിരിച്ചടവ് ആറുമാസത്തിൽ കൂടുതൽ മുടക്കവരുത്താത്ത അപേക്ഷകർ മരണപ്പെട്ടാൽ അനുവദിക്കുന്ന റിസ്ക് ഫണ്ട്, കുടിശ്ശിക കാലാവധി നോക്കാതെ അർഹരായ എല്ലാ അപേക്ഷകർക്കും നൽകുന്നതിന് പ്രത്യേക അനുമതി നൽകുമോ; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കോവിഡ്മൂലം മരണമടഞ്ഞ മുഴുവൻപേർക്കും റിസ്ക് ഫണ്ട് അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) റിസ്ക് ഫണ്ട് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. അർഹരായ എല്ലാപേർക്കും ആനുകൂല്യം അനുവദിക്കുന്നതാണ്.

**റിസ്ക് ഫണ്ട് പദ്ധതി**

338 (2646) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം തീർപ്പുകൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ആഫീസുകളിലായി നടപടി സ്വീകരിക്കുവാൻ ആകെ 8617 അപേക്ഷകൾ ബാക്കിനില്പുണ്ട്.

**കേന്ദ്രസഹകരണ നയം**

339 (2647) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മന്ത്രാലയം രൂപീകരിച്ചതിന് പിന്നാലെ സഹകരണ നയം പ്രഖ്യാപിക്കുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംസ്ഥാന സഹകരണമേഖലയിലെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമായി മാറുമെന്ന് വിലയിരുത്തുന്നുണ്ടോ?

പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ ഒരു നിഗമനത്തിലെത്താൻ സാധിക്കുകയുള്ളൂ.

**ശമ്പളം നിർണ്ണയിച്ചതിലെ അപാകത**

340 (2648) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ കേരളാ ബാങ്കിൽ ലയിപ്പിക്കുന്നതിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിശ്ചയിച്ചതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാർക്ക് അനധികൃതമായി സ്ഥാനകയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളാ ബാങ്കിൽ ലയിപ്പിച്ച 13 മുൻ ജില്ലാ സഹകരണ ബാങ്കുകളിലും ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി പലയിടത്തും നിയമനം നടത്തിയതായും റേഷ്യോ പാലിക്കാതെ അനധികൃതമായി സ്ഥാനക്കയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നൽകിയ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റങ്ങളും 31-3-2022-ന് മുൻപായി ക്രമീകരിക്കുന്നതിനും നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും സംസ്ഥാന സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാന സഹകരണ ബാങ്കിലെ സഹകരണ വകുപ്പ് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അധികമായി നൽകിയ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും തിരികെ ഈടാക്കുന്നതിനും അനധികൃതമായി നൽകിയ സ്ഥാനകയറ്റം പിൻവലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരളാ ബാങ്കിൽ ലയിപ്പിച്ച 13 മുൻ ജില്ലാ സഹകരണ ബാങ്കുകളിലും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി പലയിടത്തും നിയമനം നടത്തിയതായും റേഷ്യോ പാലിക്കാതെ അനധികൃതമായി സ്ഥാനക്കയറ്റങ്ങളും ശമ്പളാനുകൂല്യങ്ങളും നൽകിയതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നൽകിയ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റങ്ങളും 31-3-2022-ന് മുൻപായി ക്രമീകരിക്കുന്നതിനും നൽകിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും സംസ്ഥാന സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാന സഹകരണ ബാങ്കിലെ സഹകരണവകുപ്പ് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ ദിവസവേതനക്കാർ

341 (2649) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ വിവിധ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാർ വീതമുണ്ടെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സഹകരണ സ്ഥാപനങ്ങളിൽ ദിവസവേതനക്കാരെ നിയമിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ ഡയറക്ടർ ബോർഡ് നിയമിച്ച ജീവനക്കാർക്ക് ബാങ്കിനോട് കടപ്പാടും പ്രതിബദ്ധതയും കൂടുതലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എക്സാമിനേഷൻ ബോർഡിനെ മാറ്റി നിയമനാധികാരം ബാങ്ക് ഭരണസമിതിക്ക് തന്നെ തിരിച്ചുനൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

എക്സാമിനേഷൻ ബോർഡിൽനിന്നും നിയമനാധികാരം ബാങ്ക് ഭരണസമിതിക്ക് തന്നെ തിരിച്ചു നൽകുന്ന നിർദ്ദേശം പരിഗണനയിലില്ല.

## സഹകരണ വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട്

342 (2650) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാറിന് കീഴിലുള്ള മുത്തേടം സർവ്വീസ് സഹകരണ ബാങ്ക്, ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക്, കരുളായി സർവ്വീസ് സഹകരണ ബാങ്ക്, കാരപ്പുറം അർബൻ സഹകരണ സംഘം, നിലമ്പൂർ അർബൻ സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ എടക്കര, നിലമ്പൂർ ബ്രാഞ്ചുകൾ എന്നിവിടങ്ങളിലെ 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ സഹകരണ വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ താലൂക്കിലുള്ള മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക്, ചുങ്കത്തറ സർവീസ് സഹകരണ ബാങ്ക്, കരുളായി സർവ്വീസ് സഹകരണ ബാങ്ക്, നിലമ്പൂർ അർബൻ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ 2018-19, 2019-20 എന്നീ വർഷങ്ങളിലെ അംഗീകരിച്ച ആഡിറ്റ് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*. 2020-21 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളുടെ ആഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകം തയ്യാറാക്കുന്നില്ല.

## സഹകരണ നിയമത്തിലെ അടിസ്ഥാനപരമായ മാറ്റങ്ങൾ

343 (2651) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) എങ്കിൽ ഏന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ;

(സി) നിയമത്തിൽ മാറ്റങ്ങൾ വരുത്താനുള്ള അടിയന്തരസാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

(ബി & സി) ബാധകമല്ല.

(ഡി) സഹകരണ നിയമത്തിൽ സമഗ്രമായ പരിഷ്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സഹകരണ നിയമം, 1969 സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമപരിഷ്കാരത്തിൽ ശിപാർശ സമർപ്പിക്കുന്നതിന് മുൻ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. കെ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചിരുന്നു. ടി സമിതി നൽകിയ നിർദ്ദേശങ്ങളുൾക്കൊണ്ട് സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണരംഗത്ത്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമാകുന്ന വ്യവസ്ഥകളുൾപ്പെടുത്തി ഒരു ബിൽ തയ്യാറാക്കാൻ ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ), ശ്രീ. മദനചന്ദ്രൻ നായർ (റിട്ട. പ്രിൻസിപ്പാൾ, സഹകരണ പരിശീലന കേന്ദ്രം), ശ്രീ. എൻ. ജി. പ്രദീപ് കുമാർ (റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ) എന്നിവർ അംഗങ്ങളായും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ലാ ആഫീസർ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമഗ്രമായ ഭേദഗതി സമയബന്ധിതമായി അവതരിപ്പിച്ച് അംഗീകാരം നേടുന്നതാണ്.

**ഭൂമിയുടെ രജിസ്ട്രേഷൻ ഫീ**

344 (2652) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും രജിസ്ട്രേഷൻ ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ന്യായവിലയുടെ എത്ര ശതമാനം വീതമാണ് അടയ്ക്കേണ്ടതെന്ന് വിശദമാക്കാമോ?

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും, ഭൂമി വിലയാധാരപ്രകാരം കൈമാറ്റം ചെയ്യുന്നതിന്, ഭൂമിയുടെ ന്യായവില അല്ലെങ്കിൽ ആധാരത്തിൽ പറഞ്ഞിട്ടുള്ള പ്രതിഫലം ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 8 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 2 രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്.

(ബി) രജിസ്ട്രേഷൻ ഫീ ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഏതൊക്കെ രജിസ്ട്രേഷനുകൾക്കാണ് ഇളവുകളുള്ളതെന്ന് വ്യക്തമാക്കാമോ?

1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 9 -ന്റെ ഉപവകുപ്പ് (1)-ന്റെ ഖണ്ഡം (എ) പ്രകാരവും 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 78 -ന്റെ ഉപവകുപ്പ് (2) പ്രകാരവും പൊതു താൽപര്യാർത്ഥം സർക്കാർ ഇളവ് നൽകുന്ന ആധാരങ്ങൾക്കാണ് യഥാക്രമം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ഇളവുള്ളത്.

(സി) ചാരിറ്റി സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമി രജിസ്ട്രേഷനിൽ പ്രത്യേക ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ?

ചാരിറ്റി സ്ഥാപനങ്ങൾ വാങ്ങുന്ന ഭൂമി രജിസ്ട്രേഷനിൽ 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലോ 1908 -ലെ രജിസ്ട്രേഷൻ ആക്ടിലോ പ്രത്യേക ഇളവ് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 9 -ന്റെ ഉപവകുപ്പ് (1) ന്റെ ഖണ്ഡം (എ) പ്രകാരവും 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 78 -ന്റെ ഉപവകുപ്പ് (2) പ്രകാരവും പൊതു താൽപര്യാർത്ഥം, സർക്കാരിന് പ്രസ്തുത ഇടപാടുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്യാൻ അധികാരമുണ്ട്.

**രജിസ്ട്രേഷൻ പുതുക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസ് ഒഴിവാക്കാൻ നടപടി**

345 (2653) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധി കാരണം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്ന ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസ് ഒഴിവാക്കി ഒരു വർഷം കൂടി സാവകാശം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

1955 -ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ കാലതാമസം വരുത്തിയതിന് ഒടുക്കേണ്ട പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച് ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ, സംഘത്തിനും ഭരണസമിതിയിലെ ഓരോ അംഗത്തിനും 400 രൂപ എന്ന നിരക്കിൽ, കാലതാമസം വരുത്തുന്ന ഓരോ വർഷത്തിനും പിഴ ഒടുക്കേണ്ടതാണ്. നിലവിൽ മുടക്കം വന്ന വർഷത്തിന് 500 രൂപ മാത്രം എന്ന നിരക്കിൽ ഒടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി, 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 30-9-2021-ലെ ജി.ഒ.(പി)നമ്പർ 86/2021/ടാക്സസ് പ്രകാരം ഉത്തരവായിട്ടുണ്ട്.

## ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്യാനുള്ള പദ്ധതി

346 (2654) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ആധാരം സംസ്ഥാനത്തെ ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാമെന്നുള്ള പദ്ധതി നിലവിലുണ്ടോ?

ഇല്ല. എന്നാൽ 30-10-2020 -ലെ G.O.(P) No.146/2020/TAXES പ്രകാരം സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട വസ്തുവിനെ സംബന്ധിക്കുന്ന ആധാരം, പ്രസ്തുത വസ്തു സ്ഥിതി ചെയ്യുന്ന ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ കഴിയും. ഒരു ജില്ലയിലെ വസ്തു മറ്റൊരു ജില്ലയിൽ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്യാൻ കഴിയില്ല.

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ എത്ര ആളുകളാണ് ഈ ആനുകൂല്യം ഉപയോഗപ്പെടുത്തിയതെന്ന് സബ് രജിസ്ട്രാർ ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഭൂമിയുടെ ആധാരം സംസ്ഥാനത്തെ ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാമെന്നുള്ള പദ്ധതി നിലവിലില്ലെങ്കിലും, മലപ്പുറം ജില്ലയിൽ 30-10-2020 -ലെ G.O.(P) No.146/2020/TAXES ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ മാസം വരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

## കൊയിലാണ്ടിയിലെ ടൂറിസം സൊസൈറ്റികൾ

347 (2655) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി നിലവിൽ എത്ര ടൂറിസം സൊസൈറ്റികളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്?

കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ ടൂറിസം സൊസൈറ്റികൾ രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടൂറിസം സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തരം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

**ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

348 (2656) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; ഇവ നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രസിദ്ധീകരിച്ച ന്യായവില സംബന്ധിച്ച് സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും 1959-ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 28 -ന്റെ ഉപവകുപ്പ് 4 -ൽ വ്യവസ്ഥ ചെയ്തപ്രകാരം കളക്ടർ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിയമത്തിലെ പ്രസ്തുത വ്യവസ്ഥ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾക്ക് പരിഹാരം തേടാവുന്നതാണ്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്?

ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിലൂടെ ആധാരങ്ങൾ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നതുവഴിയുള്ള നികുതിചോർച്ച തടയാനും അതിലൂടെ നികുതിപിരിവ് കാര്യക്ഷമമാക്കുവാനും കഴിയുന്നതാണ്.

**ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി'**

349 (2657) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാരപകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' ഇപ്പോൾ നിലവിലുണ്ടോ; എല്ലാ ജില്ലകളിലും ആധാരപകർപ്പുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ; ഏതുവർഷം മുതലാണ് ഓരോ ജില്ലയിലും ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാരപകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20 -ലെ

ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി ഇപ്പോഴും നിലവിലുണ്ട്. എല്ലാ ജില്ലകളിലും ആധാരപകർപ്പുകൾ ഡിജിറ്റൈസ് ചെയ്തിട്ടില്ല. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഡിജിറ്റൈസ് ചെയ്തിട്ടില്ല. പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തിയാക്കുകയും 2005-ന് മുൻപുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

(ബി) ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്?

ആധാരപകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടുകൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതുമാണ്.

**മലപ്പുറം സബ് രജിസ്ട്രാർ ഓഫീസ്**

350 (2658) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സബ് രജിസ്ട്രാർ ഓഫീസ് ഉദ്ഘാടനം കഴിഞ്ഞ് ആറ് മാസം പിന്നിട്ടിട്ടും ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മലപ്പുറം നഗരത്തിൽ കെട്ടിടം നിർമ്മിച്ചിട്ടും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം എന്തുകൊണ്ടെന്നും ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് സംവിധാനം പൂർണ്ണമായി എന്നത്തേയ്ക്ക് മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി & സി) പുതിയകെട്ടിടത്തിൽ വൈദ്യുതീകരണ ജോലിയും, കോമ്പാക്ട് റാക്കും, കാബിൻ വർക്കുകളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ജോലികൾ എത്രയും വേഗം പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

351 (2659) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയകെട്ടിട നിർമ്മാണപ്രവർത്തനത്തിന്റെ നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ തീയതിയും ടെണ്ടർ ചെയ്ത തീയതിയും വിശദമാക്കാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 19-1-2021-ൽ 1,58,32,062 രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും 20-1-2021-ൽ ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ദർഘാസ് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി 15-2-2021-ൽ സമർപ്പിച്ചിരുന്നുവെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കോവിഡ്-19 മഹാമാരി പടർന്നതിനോടനുബന്ധിച്ച് ലോക്ക്ഡൗൺ വന്നതിനാലും കമ്മിറ്റി കൂടാൻ സാധിക്കാതെ വരുകയും, ആയതിനാൽ ദർഘാസിന്റെ ഫോം പീരീഡ് കഴിയുകയുമുണ്ടായി. ഈ സാഹചര്യത്തിൽ 23-7-2021-ൽ പുനർദർഘാസ് ക്ഷണിച്ച് അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ദർഘാസിന് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൂത്താട്ടുകുളത്ത് അനുവദിച്ച സബ് രജിസ്ട്രാർ ഓഫീസും ട്രെയിനിംഗ് സെന്ററും

352 (2660) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -16 കാലത്ത് കൂത്താട്ടുകുളത്ത് അനുവദിച്ച സബ് രജിസ്ട്രാർ ഓഫീസും ട്രെയിനിംഗ് സെന്ററും അവിടെനിന്നും മാറ്റി സ്ഥാപിക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത സെന്റർ ഏത് സ്ഥലത്താണ് മാറ്റി സ്ഥാപിച്ചത്; അതിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ?

(എ-സി) രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി 29-12-2014-ലെ G.O. (Rt.) No.1036/ 2014/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ 9-11-2016 -ലെ സ.ഉ.(സാധാ.) നമ്പർ 870/2016/നി.വ. നമ്പർ ഉത്തരവ് പ്രകാരം കുത്താട്ടുകുളത്ത് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, തിരുവനന്തപുരം ജില്ലയിലെ നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. എന്നാൽ കുത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസ് മാറ്റി സ്ഥാപിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ അനുവദിച്ചിരുന്നു. നേമം രജിസ്ട്രേഷൻ കോംപ്ലക്സിന്റെ പണി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ നാളിതുവരെയും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നേമം രജിസ്ട്രേഷൻ കോപ്ലക്സിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

353 (2661) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ?

ഉണ്ട്. കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17-9-2019-ന് ആരംഭിക്കുകയുമുണ്ടായി. എന്നാൽ ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl. 659/19 നമ്പരായി ഫയൽ ചെയ്ത ഹർജിയിന്മേൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിലേയ്ക്കായി ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗുരുവായൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണം

354 (2662) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണത്തിന് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയകെട്ടിട നിർമ്മാണം കിഫ്ബി വഴി ആരംഭിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## കുട്ടനാട്ടിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം

355 (2663) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ഭീഷണി രൂക്ഷമായ കുട്ടനാട്ടിലെ സബ് രജിസ്ട്രാർ ഓഫീസുകൾ ആധുനികരീതിയിൽ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കുട്ടനാട്ടിലെ സബ് രജിസ്ട്രാർ ഓഫീസായ പുളിങ്കുന്ന് ഓഫീസിന് ആധുനികരീതിയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) കുട്ടനാട്ടിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി ഉണ്ടാകുമോ?

കുട്ടനാടിലെ സബ് രജിസ്ട്രാർ ഓഫീസായ പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിൽ നിലവിൽ ഒഴിവുകളൊന്നുംതന്നെയില്ല. എല്ലാ തസ്തികകളിലും മതിയായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(2307, 2309, 2311, 2383, 2384, 2385, 2388, 2391, 2395, 2408, 2412 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.]

## II അടിയന്തരപ്രമേയം

തീരദേശ പരിപാലന പദ്ധതി

മി. സ്പീക്കർ: 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാത്തതുമൂലം തുരുത്തുകളിലും തീരപ്രദേശങ്ങളിലും താമസിക്കുന്നവർക്ക് അതിന്റെ പ്രയോജനം ലഭ്യമാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ കാലതാമസം വരുത്തുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് പ്രമേയാവതാരകന്റെ വിമർശനം. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് പരിസ്ഥിതി വകുപ്പാണ്. നിലവിലുള്ള നിയമപ്രകാരം തീരദേശ പരിപാലന കരട് വിജ്ഞാപനം തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം പൊതുജനങ്ങൾക്ക് മുമ്പാകെ അത് അവതരിപ്പിച്ച് അവരുടെ അഭിപ്രായം സ്വീകരിക്കേണ്ടതും ഇതിന് ഏറ്റവും ചുരുങ്ങിയത് നോട്ടീസ് നൽകി ഒരുമാസത്തെ സമയമെങ്കിലും അനുവദിക്കേണ്ടതുമുണ്ട്. അതിനുശേഷം ഓരോ ജില്ലയിലേയും പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കേണ്ടതുണ്ട്. ഇതിന് സാധാരണ നിലയിൽ രണ്ട് മാസത്തോളം സമയമെടുക്കും. ഈ അഭിപ്രായങ്ങൾ സ്വീകരിച്ച് കരട് പ്ലാനിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കണം. ആ കമ്മിറ്റി നിർദ്ദേശിക്കുന്ന ശിപാർശകൾകൂടി പരിഗണിച്ച് കരട് പ്ലാൻ ഭേദഗതി ചെയ്ത് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണം. ഇത്രയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അന്തിമ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ കഴിയുകയുള്ളൂ. ഇത്തരമൊരു നീണ്ട പ്രക്രിയയാണ് ഇതിനു പിന്നിലുള്ളതെന്നതിനാൽ അധികം സമയം ആവശ്യമായിവരുന്ന പ്രക്രിയയായി ഇത് മാറുകയാണ്. ഇപ്പോൾ വിജ്ഞാപനം ഇറക്കുന്നതിന് വൈകിയെന്ന വിമർശനം ഉന്നയിക്കുമ്പോൾ നാം ഉൾക്കൊള്ളേണ്ടത് കഴിഞ്ഞ വിജ്ഞാപനം തയ്യാറാക്കുന്നതിന് എട്ട് വർഷമെടുത്തിരുന്നു എന്നുള്ളതാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ

പ്രവർത്തനവും ജനജീവിതവും കഴിഞ്ഞ രണ്ട് വർഷമായി സുഗമമായിട്ടല്ല നടക്കുന്നത്. ഈ സാഹചര്യത്തിൽ പബ്ലിക് ഹിയറിംഗ്പോലുള്ള രീതിയിലേയ്ക്ക് കടക്കുകയെന്നത് പ്രയാസകരമാണെന്ന് എല്ലാവർക്കും അറിയാം. ഇത്തരം കാര്യങ്ങളിൽ നിന്നും നാം പ്രധാനമായും മനസ്സിലാക്കേണ്ടത് പബ്ലിക് ഹിയറിംഗാണ് കരട് വിജ്ഞാപനം പൂർത്തിയാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്നാണ്. അത് നടത്താനാവുന്ന സാഹചര്യമല്ല നിലവിലുണ്ടായിരുന്നതെന്ന് എലാവർക്കുമറിയാം. എന്നാൽ സാഹചര്യങ്ങൾ അനുകൂലമായാൽ ഉടൻതന്നെ സംസ്ഥാന സർക്കാർ ആവശ്യമായ നടപടിക്രമങ്ങളിലേയ്ക്ക് യാതൊരു കാലവിളംബവും കൂടാതെ മുന്നോട്ടുപോകും. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ഇതുസംബന്ധിച്ച മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിച്ചത് 2019 ജൂൺ മാസത്തിലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി ക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. ഇതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ്, 2021 ഏപ്രിൽ മാസത്തിൽ പ്രീ-ഡ്രാഫ്റ്റ് ലഭിച്ചപ്പോൾത്തന്നെ കരട് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായത്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, അഡ്വ. പി. ബി. സഹസ്രനാമം എന്നിവരാണ് സമിതി അംഗങ്ങൾ. ആദ്യ കരട് തീരദേശ പരിപാലന പദ്ധതി വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ഇനി പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

(1) കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളും നാഗരിക സ്വഭാവമുള്ളവയും 2011-ലെ സെൻസസ് നിർവ്വചന പ്രകാരമുള്ള നഗരങ്ങൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്യേണ്ടതാണ്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി വിജ്ഞാപനം ചെയ്തശേഷം ഇവയെ CRZ തേർഡ് കാറ്റഗറിയിൽനിന്നും CRZ സെക്കൻഡ് കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 245 തദ്ദേശഭരണ സ്ഥാപനങ്ങളെ നഗരപ്രദേശങ്ങളായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽനിന്നും 161-ഓളം തീരദേശ പഞ്ചായത്തുകൾക്ക് ഫലം ലഭിക്കുന്നതാണ്.

2. പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റരേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

3. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തൃതിയുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി ബഫർസോൺ 50 മീറ്ററായി പരിമിതപ്പെടുത്തുകയും വേണം. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏര്യ നീക്കം ചെയ്യേണ്ടതുമാണ്. സമിതിയുടെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളെ CRZ-3 കാറ്റഗറിയിൽ നിന്നും CRZ-2 കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 6-10-2021-ലെ ജി.ഒ. (എം.എസ്.) 226/2021/ത.സ്വ.ഭ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവിലെ 245 ഗ്രാമപഞ്ചായത്തുകളാണ് CRZ-ന്റെ പരിധിയിൽ വരുന്നത്. അതിൽ 161 പഞ്ചായത്തുകൾ CRZ-3-ൽ നിന്ന് CRZ-2 കാറ്റഗറിയിലേയ്ക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഗ്രമാപഞ്ചായത്തുകളിലെ ബിൽറ്റ് അപ്പ് പ്ലോട്ട് ഏര്യ കണക്കാക്കുന്നതിന് കേരള സംസ്ഥാന റിമോർട്ട് സെൻസിങ്ങ് & എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തുന്നത് സംബന്ധിച്ച് CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിന് 28-9-2021-ൽ KCZMA (Kerala Coastal Zone Management Authority) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ശിപാർശ ചെയ്തിട്ടുണ്ട്. KCZMA നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് പ്ലാനിൽ തിരുത്തലുകൾ വരുത്തുന്ന നടപടി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം നടത്തി വരുന്നു. 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായിക്കഴിഞ്ഞാൽ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് National Centre for Sustainable Coastal Management-ന്റെ സാങ്കേതിക പരിശോധനാകമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ തിരുത്തലോടെ കരട് തീരദേശ പരിപാലന പ്ലാൻ ടെക്നിക്കൽ കമ്മിറ്റി സമർപ്പിക്കുകയും ചെയ്യും. തുടർന്ന് സംസ്ഥാന സർക്കാർ പ്രസ്തുത പ്ലാൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനും സമയബന്ധിതമായി സമർപ്പിക്കുന്നതാണ്. ചുരുങ്ങിയത് 6 മാസം ഇതിനായി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ യാതൊരു കാലതാമസവും വരുത്തുന്നില്ല. ഇതോടൊപ്പം വേമ്പനാട്ട് കായലിനായുള്ള പ്രത്യേക സമഗ്ര പദ്ധതി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ മുഖാന്തരം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആദ്യ വർഷത്തെ പ്രവർത്തനങ്ങൾക്കായി 140.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കാച്ച്മെന്റ് ഏരിയ കൺസർവേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ജലത്തിന്റെ ഗുണമേന്മ, എക്കൽ അടിയുന്നത് എന്നിവ നിരന്തരം മേൽനോട്ടത്തിന് വിധേയമാക്കുന്നുണ്ട്. ഇതോടൊപ്പം സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി തണ്ണീർത്തട അതോറിറ്റിക്ക് വേണ്ടി വെസ്റ്റ്ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലുമാണ്. സംസ്ഥാനത്തെ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ട് നീക്കാനാണ് നേരത്തെ പ്രസ്താവിച്ച വിദഗ്ദ്ധസമിതിയുടെ ശിപാർശപ്രകാരം സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക രീതിയിലുള്ള ഒരു അടിയന്തര സ്വഭാവവും നിലനിൽക്കുന്നില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെപ്പറഞ്ഞ കാര്യങ്ങൾ ഭൂരിപക്ഷവും ഇതിന്റെ നടപടി ക്രമങ്ങളെക്കുറിച്ചാണ്. അതുസംബന്ധിച്ച് ആർക്കും തർക്കമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 1-7-2021-നാണ് വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചത് എന്നാണ്. അപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ എത്രത്തോളം ലാഘവ ബുദ്ധിയോടെയാണ് ഇത് കൈകാര്യം ചെയ്തത് എന്നതിന് ഏറ്റവും വലിയ തെളിവാണ്. കാരണം ഇത്രയും ഗൗരവമേറിയൊരു പ്രശ്നം കൈകര്യം ചെയ്യേണ്ട വിദഗ്ദ്ധകമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചത് 1-7-2021-നാണ്. സാധാരണഗതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് മിനിട്ടുകൊണ്ട് പറഞ്ഞു തീർക്കുന്ന കാര്യമാണ്. ഇന്ന് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഇത്രയും പറഞ്ഞിട്ടും ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കി ജനങ്ങൾക്കിതിന്റെ പ്രയോജനം ലഭിക്കുമെന്ന് പറയാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊറോണയുടെ കാര്യം പറഞ്ഞു. കൊറോണ വരുന്നതിന് മുമ്പ് വന്ന നോട്ടിഫിക്കേഷനാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നോട്ടിഫിക്കേഷൻ 2 വർഷവും 8 മാസവും 12 ദിവസവും മുമ്പ് വന്നതാണ്. പക്ഷേ ഗവൺമെന്റ് വേണ്ടത്ര ഉണർന്ന് പ്രവർത്തിച്ചില്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. അതുകൊണ്ട് ജനങ്ങൾക്ക് ധാരാളം പ്രയാസങ്ങളും, പ്രതിസന്ധികളുമുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് വീട് നൽകുന്നുണ്ട്. ഒരു വീടും നിർമ്മിക്കാൻ സാധിക്കുന്നില്ല. തീരദേശ വാസികൾ ദുരിതമനുഭവിക്കുകയാണ്. കേരളത്തിലെ 70 നിയോജക മണ്ഡലങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. ഇതിൽ ഗവൺമെന്റ് ഗുരുതരമായൊരു വീഴ്ച വരുത്തിയെന്നാണ് എന്റെ ആക്ഷേപം അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 131 ദിവസം മുമ്പ്

ഞാൻ ഈ പ്രശ്നം സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. അന്ന് അങ്ങ് പറഞ്ഞ മറുപടി സാധാരണഗതിയിൽ അതിവേഗതയിൽ തന്നെ സർക്കാർ ഇക്കാര്യങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏത് തീയതിയാണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. അതിവേഗത്തിൽ തന്നെ പൂർത്തിയാക്കാൻ ശ്രമിക്കും എന്നാണ്. ഇതിനുശേഷവും ഒച്ചിഴയും പോലെ നടപടികൾ മുന്നോട്ടുപോയതാണ് ഈ അടിയന്തിര പ്രമേയം കൊണ്ടുവരാൻ എന്നെ പ്രേരിപ്പിച്ച കാര്യം. തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ നയമനുസരിച്ച് പരിസ്ഥിതി സംരക്ഷണ നിയമത്തിലെ പരിധിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ 1991-ൽ തീരദേശമേഖല നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപനം 2011-ൽ പരിഷ്കരിച്ച് വീണ്ടും പുറപ്പെടുവിച്ചു. ഈ വിജ്ഞാപനത്തിൽ നിരവധി ന്യൂനതകളുണ്ടെന്ന് കേരളമടക്കമുള്ള തീരദേശ സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡോ. ശൈലേഷ് നായിക് അദ്ധ്യക്ഷനായിട്ടുള്ളൊരു കമ്മിറ്റിയെ വിഷയം പഠിക്കാൻ ചുമതലപ്പെടുത്തി. ഡോ. ശൈലേഷ് നായിക് 2014 ആഗസ്റ്റ് മാസം കേരളം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിനുവേണ്ടി അന്നത്തെ ഗവൺമെന്റ് വളരെ വിപുലമായ തയ്യാറെടുപ്പുകൾ നടത്തി. അതിന്റെ മിനിട്ട്സ് ഉൾപ്പെടെ എന്റെ കൈവശമുണ്ട്, സമയക്കുറവ് കാരണം വിശദീകരിക്കുന്നില്ല. തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ കേരളത്തിനുവേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ ഈ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന ഞാൻ, ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥന്മാർ, വിദഗ്ദ്ധരായ മറ്റ് ആളുകളെല്ലാമുൾപ്പെടെ യോഗത്തിൽ പങ്കെടുത്തു. കേരളത്തിന്റെ ആവശ്യങ്ങൾ ശക്തമായിതന്നെ ആ യോഗത്തിൽ ഞങ്ങൾ അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ കേരളത്തിന്റെ ആവശ്യം പലതും അംഗീകരിക്കുകയും 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം ജനുവരി 18-ന് പുറപ്പെടുവിക്കുകയുമുണ്ടായത്. യു.ഡി.എഫ്. സർക്കാർ വളരെ കാര്യമായിതന്നെ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങളും തീരദേശത്തെ മറ്റ് വികസന പ്രശ്നങ്ങളും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചു. ഇതിന്റെ ഫലമായി കേരളത്തിലെ നിരവധി ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം

ജനുവരി 18-ന് പുറപ്പെടുവിക്കുകയുണ്ടായി. 2019-ലെ തീരദേശ മേഖല നിയന്ത്രണം അനുസരിച്ച് കടൽത്തീരത്ത് വേലിയേറ്റ രേഖമുതൽ 500 മീറ്റർ വരെയും പുഴയുടേയും മറ്റ് ഉൾനാടൻ ജലാശയങ്ങളുടേയും വേലിയേറ്റ സ്വാധീനമുള്ള പ്രദേശങ്ങളിൽ പരമാവധി 50 മീറ്ററുമാണ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നത്. ഇത് 2011-ലെ വിജ്ഞാപനമനുസരിച്ച് 100 മീറ്ററായിരുന്നു. ഇതുപോലെ കേരളത്തിലെ കായൽ തുരുത്തുകൾക്ക് വേലിയേറ്റ രേഖമുതൽ കരയിലേയ്ക്ക് 50 മീറ്റർ ഭാഗത്ത് വിജ്ഞാപനത്തിലെ 2011-ലെ വ്യവസ്ഥകൾ ബാധകമായിരുന്നുവെങ്കിൽ 2019-ലെ വിജ്ഞാപനമനുസരിച്ച് 20 മീറ്ററായി ചുരുക്കിയിട്ടുണ്ട്. ഇതുകൂടാതെ ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന തീരദേശ പ്രദേശങ്ങൾ CRZ-3 ഗണത്തിൽ മാത്രം പെട്ടിരുന്നു. 2019-ലെ വിജ്ഞാപനത്തിൽ 2011-ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിന് 2161 പേരോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളെ CRZ-3A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ CRZ-3B വിഭാഗത്തിലും ഉൾപ്പെടുത്തിയിരുന്നു. CRZ-3 എ- യിൽ കടലിന്റെ വേലിയേറ്റ നിരയിൽനിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയാണ്. എന്നാൽ CRZ-3 B കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 200 മീറ്റർ വരെ വികസനരഹിത മേഖലയാണ്. ഉൾനാടൻ ജലാശയങ്ങളിലെ മേഖലയിലുള്ള CRZ-3 വിഭാഗത്തിലെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണ് കുറവ് അതും വികസനരഹിത മേഖലയാണ്. കേരളത്തിലെ കടലിനോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകളിൽ 50 ശതമാനമെങ്കിലും ജനസാന്ദ്രത കൂടുതലായതിനാൽ അവിടെ CRZ-3A ആയിരിക്കുമെന്ന് വിശ്വസിക്കുന്നു. തീരദേശ നിയന്ത്രണ മേഖലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പ്രദേശങ്ങളായി കേരളത്തിലെ വേമ്പനാട് ജലാശയം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കായലുകളിലെ തുരുത്തുകൾക്കും കടലിനോട് ചേർന്നുകിടക്കുന്ന തുരുത്തുകൾക്കും പ്രത്യേക പരിഗണന നൽകാൻ 2019-ലെ വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധർമ്മടം നിയോജകമണ്ഡലം ഉൾപ്പെടെ കേരളത്തിൽ 1826 തുരുത്തുകളുണ്ട്. തദ്ദേശ വാസികളുടെ താമസാവശ്യത്തിനായി നിർമ്മിക്കുന്ന 300 സ്ക്വയർ മീറ്റർ വിസ്തീർണ്ണം വരെയുള്ള വീടുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി നൽകാവുന്നതാണ്. ദുരന്ത നിവാരണ പദ്ധതികളും അതോടൊപ്പംതന്നെ ശരിയായ രീതിയിലുള്ള മാലിന്യസംസ്കരണ പദ്ധതികളും നടപ്പിലാക്കിയാൽ വികസനരഹിത മേഖലയിൽപ്പോലും തദ്ദേശവാസികൾക്ക് ഈ നോട്ടിഫിക്കേഷൻ അനുസരിച്ച് ആവശ്യമുള്ള പുതിയ ഭവനനിർമ്മാണം ആകാമെന്ന് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്.

2019-ലെ തീരദേശമേഖലാ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാർ തീരദേശപരിപാലന പദ്ധതി പുതുക്കി കേന്ദ്രാനുമതി വാങ്ങേണ്ടതുണ്ടെന്ന് വിജ്ഞാപനത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. അതുവരെ 2011-ലെ വിജ്ഞാപനമനുസരിച്ചുള്ള വ്യവസ്ഥകളായിരിക്കും ബാധകമായിരിക്കുക. ഇപ്പോൾ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി പ്രവർത്തിക്കുന്നത് 2011-ലെ വ്യവസ്ഥകൾക്കനുസൃതമായാണ്. 2019-ലെ വിജ്ഞാപനത്തിൽ പറയുന്നത്, ആറ് മാസത്തിനകം പുതിയ തീരദേശ പരിപാലന പദ്ധതികൾ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിക്കുമെന്നാണ്. എന്നാൽ മൂന്നുവർഷത്തോളമായിട്ടും സംസ്ഥാന സർക്കാരിന് പദ്ധതിയുടെ പൂർണ്ണരൂപമുണ്ടാക്കുന്നതിനും കേന്ദ്രത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിനും സാധിച്ചിട്ടില്ല. തീരദേശപരിപാലന പദ്ധതികളുണ്ടാക്കുന്നതിനൊപ്പം വിജ്ഞാപനത്തിൽ കായൽ തുരുത്തുകൾക്കായുള്ള സമഗ്രപരിപാലന പദ്ധതി രൂപീകരിക്കുന്നതിനുള്ള സമയവും അതിക്രമിച്ചിരിക്കുന്നു. ഓരോ തുരുത്തുകളും പ്രത്യേകം പ്രത്യേകം സമഗ്രപരിപാലന പദ്ധതിയുണ്ടാക്കി അംഗീകരിച്ചാൽ മാത്രമെ തുരുത്തുകൾക്ക് നൽകിയിരിക്കുന്ന ഇളവുകൾ നൽകാനാകുകയുള്ളൂ. തുരുത്തുകൾക്കുള്ള സമഗ്രപദ്ധതികളുടെ തുടക്കംകുറിക്കാൻ സാധിക്കാത്തതിനാൽ ഇത് ഇളവുലഭിക്കുന്നതിന് ഏറെ കാലതാമസമുണ്ടാകും. അതിനാൽ ഇത്തരം തുരുത്തുകളിൽ താമസിക്കുന്ന തദ്ദേശീയർക്ക് ഏറെ വിഷമമാണ് നേരിടേണ്ടി വരുന്നത്. വേമ്പനാട് കായലിനുവേണ്ടിയുള്ള സമഗ്രപരിപാലന പദ്ധതിയും രേഖയും ആരംഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. വേമ്പനാട് കായലിന് വേണ്ടിയുള്ള സമഗ്രപരിപാലന പദ്ധതി അംഗീകരിക്കുന്നതുവരെ ഭവന നിർമ്മാണമടക്കമുള്ള എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും 2019-ലെ വിജ്ഞാപനം നടപ്പിലാക്കിയാൽ സംസ്ഥാന അതോറിറ്റിയുടെയോ, കേന്ദ്ര അതോറിറ്റിയുടെയോ അംഗീകാരം ആവശ്യമായിവരും. സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ 300 സ്ക്വയർ മീറ്റർ വരെയുള്ള ഭവനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാമെന്ന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ വേമ്പനാടിലെ തീരപ്രദേശത്ത് നടപ്പിലാക്കാൻ ഇതുകാരണം സാധിക്കുന്നില്ല. സംസ്ഥാന തീരദേശപരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങളിലും കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. മുൻകാലങ്ങളിൽ നൽകിയിരുന്ന പല ഇളവുകളും പ്രത്യേകിച്ച് മത്സ്യത്തൊളിലാളികൾക്കും പ്രദേശവാസികൾക്കുമായി ഭവനനിർമ്മാണത്തിനു വേണ്ടി നൽകിയിരുന്ന ഇളവുകൾ മുഴുവൻ ഇപ്പോൾ തീരദേശപരിപാലന അതോറിറ്റി നിർത്തിയിരിക്കുകയാണ്. വളരെ നിഷേധാത്മകമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. അടുത്തകാലത്ത് വിവിധ കളക്ടറേറ്റുകളിൽനിന്നുമയച്ച 1600-ഓളം വീടുകളുടെ അപേക്ഷ നിരസിക്കുകയുണ്ടായി. അതിനൊരു

ഉദാഹരണം, സംസ്ഥാനത്തെ പൊക്കാളി പാടങ്ങളുടെയും കൈപ്പാടങ്ങളുടെയും ചെമ്മീൻ പാടങ്ങളുടെയും കരയിൽനിന്ന് അഞ്ച് മീറ്റർ കഴിഞ്ഞ് നൂറ് സ്ക്വയർ മീറ്റർ വരെയുള്ള സ്ഥലത്ത് ഭവനനിർമ്മാണത്തിന് തദ്ദേശവാസികൾക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് അനുവാദം നൽകിയിരുന്നു. അത് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾക്കും കർക്കശമായ നിബന്ധനകൾ പലപ്പോഴും അനുമതി നിഷേധിക്കുന്നതിന് കാരണമാകുന്നു. കേരളത്തിന്റെ തീരപ്രദേശത്ത് ആയിരക്കണക്കിന് ചെറുതും വലുതുമായ കെട്ടിടങ്ങൾ തീരദേശ അതോറിറ്റിയുടെ അനുവാദം വാങ്ങിച്ചിട്ടില്ലെന്ന ഒറ്റകാരണത്താൽ നിയമവിധേയമല്ലെന്ന് പറയുന്നു. എന്നാൽ, 2011-ലെ വിജ്ഞാപനത്തിലുണ്ടായ ഭേദഗതി അനുസരിച്ച് തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ അനുവദനീയമായ പദ്ധതിക്ക് അനുവാദം വാങ്ങിയില്ലെന്നുള്ളതുകൊണ്ട് മാത്രം അത് നിയമവിരുദ്ധമാകുന്നില്ലെന്നും ഇത്തരം കെട്ടിടങ്ങൾക്ക് വിജ്ഞാപനത്തിലെ വ്യവസ്ഥകളനുസരിച്ച് അനുവാദം നേടിയെടുക്കാനുള്ള അവസരമുണ്ടാകുയും ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. അത് അങ്ങ് ഇവിടെ പറഞ്ഞിരുന്നു. ഇത് ഏത് രീതിയിൽ ചെയ്യണമെന്ന് കൃത്യമായൊരു അറിയിപ്പ് ജനങ്ങൾക്ക് നൽകിയിട്ടില്ല. കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും മറ്റ് തദ്ദേശവാസികളുടെയും നിരവധി കെട്ടിടങ്ങൾ അനധികൃത നിർമ്മാണമായി തുടരുകയാണ്. ഈ വിഷയത്തിൽ ഇടപെട്ട് ഇത്തരം ഭവനങ്ങൾ നിയമവിധേയമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിൽ മൂന്നുതരം നിയമലംഘനമാണുള്ളത്. ഒന്ന്, എല്ലാ നിയമങ്ങളും ലംഘിച്ച മരടുപോലുള്ള നിർമ്മാണം. രണ്ടാമത്തേത്, അനുവദനീയമായിരുന്നു, പക്ഷേ അനുവാദം വാങ്ങിയില്ല. അനുവാദം വാങ്ങാൻ സാധിച്ചില്ല. അവരുടെ അജ്ഞതകൊണ്ടാകും സാധിക്കാത്തത്. മൂന്ന്, പാർഷ്യൽ വയലേഷൻ കറക്ട് ചെയ്യാൻ പറ്റുന്നത്. ഇതെല്ലാം നേരത്തെ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിൽ സാധിക്കുമായിരുന്നു. ഞാൻ അങ്ങയെ വ്യക്തിപരമായി കുറ്റപ്പെടുത്തുന്നതല്ല. പക്ഷേ, ഇത് ഗവൺമെന്റിന്റെ ഗുരുതരമായ ഒരു വീഴ്ചയാണ്. നമ്മുടെ നാട്ടിലെ എഴുപത് നിയോജകമണ്ഡലങ്ങളിലെയും ആയിരക്കണക്കിന് വരുന്ന പാവപ്പെട്ട ആളുകൾക്ക് കിട്ടേണ്ട ആനുകൂല്യം നഷ്ടപ്പെടുന്നു. ടൂറിസം പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നില്ല. തീരദേശമേഖലയിൽ യാതൊരു സംരംഭങ്ങളും ആരംഭിക്കാൻ സാധിക്കുകയില്ല. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് വരുത്തിയ വീഴ്ച അങ്ങേയറ്റം കുറ്റകരമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, സാന്ദർഭികമായാണെങ്കിലും ഇപ്പുറത്തുനിന്നും ചില ഇടപെടലുകളുണ്ടായപ്പോൾ അദ്ദേഹം പറഞ്ഞ ഒരു വാചകത്തോട് എനിക്ക് പൂർണ്ണ യോജിപ്പാണ്. കാരണം, എല്ലാവർക്കും താൽപര്യമുള്ള പ്രശ്നമാണെന്ന് പറഞ്ഞു, അതുതന്നെയാണ് വസ്തുത. പക്ഷേ ചില പഴയ കാലങ്ങൾ അദ്ദേഹത്തെ വേട്ടയാടുന്നതുകൊണ്ടാണ് ഈ സർക്കാരിനെ കുറ്റപ്പെടുത്താൻ ശ്രമിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. സർക്കാർ വളരെ ലാഘവബുദ്ധിയോടെയാണ് ഇക്കാര്യമെടുത്തതെന്നും 2021-ൽ മാത്രമാണ് വിദഗ്ദ്ധ സമിതി ഇതിനായി വന്നതെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശം ഇവിടെ മുമ്പ് പറഞ്ഞതാണ്. ഓർക്കേണ്ട കാര്യം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ലാണ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചത്. ജനുവരിയിൽ പുറപ്പെടുവിച്ച ആ വിജ്ഞാപനവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിക്കുന്നത് 2019 ജൂണിലാണ്. ആ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 2019 ആഗസ്റ്റ് 20-ന് ഉത്തരവിടുകയും അതിന്റെ ഭാഗമായി കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവർ ഒരു പഠനമാണ് നടത്തിയത്. ആ പഠനത്തിന്റെ ഭാഗമായി അവർ റിപ്പോർട്ടും നൽകി. അതിന്റെ പ്രീ-ഡ്രാഫ്റ്റ് ലഭിക്കുന്നത് 2021 ഏപ്രിൽ മാസത്തിലാണ്. അതുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തിയപ്പോൾ അതിൽ ചില അപാകതകൾ സർക്കാർ കാണുകയും അതിന്റെ ഭാഗമായി 1-7-2021-ൽ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയും ചെയ്തു. അതാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇതിൽ എവിടെയാണ് കാലതാമസത്തിന്റെ പ്രശ്നം വരുന്നത്? 2019 ജൂൺ മാസത്തിൽ മാത്രമേ യഥാർത്ഥത്തിൽ ഇതിന്റെ മാർഗ്ഗരേഖ ലഭിക്കുന്നുള്ളൂ. ആഗസ്റ്റ് മാസംതന്നെ അതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് കടന്നു. 2021 ഏപ്രിലിലാണ് പ്രീ-ഡ്രാഫ്റ്റ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ ജൂലൈ ഒന്നിനുതന്നെ വിദഗ്ദ്ധ സമിതിയെവച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ അദ്ദേഹം കുറ്റപ്പെടുത്തുന്ന രീതിയിലുള്ള ഒരു കാലതാമസവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അദ്ദേഹത്തെ കുറ്റബോധം വേട്ടയാടുന്നുവെന്ന് ഞാൻ പറഞ്ഞല്ലോ. അതിന്റെ ഭാഗമാണിത്. പഴയ യു.ഡി.എഫ്. മന്ത്രിസഭയിൽ അദ്ദേഹം മന്ത്രിയായിരുന്നുവെന്ന് പറഞ്ഞു. അദ്ദേഹത്തിന് തീരദേശ നിവാസികളോട് പ്രത്യേക താൽപര്യമുണ്ടെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. പക്ഷേ, എന്താണുണ്ടായതെന്നറിയോ? 6-1-2011-ന് കേന്ദ്ര സർക്കാർ CRZ വിജ്ഞാപനം പുറപ്പെടുവിച്ചു. അതുമായി ബന്ധപ്പെട്ട പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമായിരുന്നു. 2011 ജനുവരി ആറിന് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നില്ല. പക്ഷേ മേയ്

മാസത്തിൽ വന്നു. അന്നുമുതൽ 2016 വരെ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റാണ് അധികാരത്തിലുണ്ടായിരുന്നത്. ആ അഞ്ചു വർഷക്കാലംകൊണ്ട് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകാത്ത കുറ്റബോധം അദ്ദേഹത്തെ വേട്ടയാടുന്നുവെന്നതാണ് വസ്തുത. ആ അനുഭവം മനസ്സിലുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റും അതുപോലെയാണെന്ന് കണക്കാക്കി അദ്ദേഹം ഇത്തരത്തിലൊരു ആക്ഷേപം ഉന്നയിച്ചത്. അത് ഞങ്ങളുടെ ദേഹത്ത് പറ്റുന്നതല്ല; നിങ്ങൾതന്നെ എടുത്ത് അണിഞ്ഞോളണമെന്നാണ് ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് പറയാനുള്ളത്. 23-2-2019-ന് പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും 28-2-2019-ന് അംഗീകാരം ലഭിക്കുകയും ചെയ്തു. 2011 മുതൽ 2014 വരെ കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റായിരുന്നു. ആ സമയത്ത് അവർക്ക് കാര്യങ്ങൾ നീക്കാൻ കഴിയുമായിരുന്നു. കേന്ദ്രത്തിലും സംസ്ഥാനത്തും ഒരേ പാർട്ടി നേതൃത്വം കൊടുത്ത ഗവൺമെന്റുണ്ടായിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നല്ല രീതിയിൽ ഇടപെടാൻ കഴിയുമായിരുന്നു. എന്നാൽ ആ സമയത്ത് നിങ്ങൾക്ക് അത്തരം കാര്യങ്ങളിലല്ല ശ്രദ്ധയുണ്ടായിരുന്നത്. നിങ്ങൾക്ക് അതിൽ ശ്രദ്ധിക്കാൻ കഴിയാത്തതുകൊണ്ട് അതങ്ങനെ കിടന്നുപോയി എന്നുള്ളതാണ് വസ്തുത. നമ്മുടെ നാടിന് ഗുണകരമായ രീതിയിലുള്ള പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന് കൊടുത്ത് അംഗീകാരം വാങ്ങാൻ കഴിയുന്ന അവസ്ഥയുണ്ടായിരുന്നു. അന്നത് ചെയ്യാൻ ശ്രീ. കെ. ബാബുവും അദ്ദേഹം ഉൾക്കൊള്ളുന്ന മന്ത്രിസഭയും തയ്യാറായില്ല. ആ കാലതാമസത്തെക്കുറിച്ചാണ് കുറ്റബോധത്തോടെ അദ്ദേഹം സംസാരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്.

പ്രകൃതി സംരക്ഷണം, തീരദേശപരിപാലനം, ജനങ്ങളുടെ ജീവിതം ഇതെല്ലാം സന്തുലിതമായി മുന്നോട്ടുകൊണ്ടുപോകുന്ന വികസന നയമാണ് സർക്കാരിനുള്ളത്. കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയിൽ ഗ്രാമ-നഗര വ്യത്യാസം വളരെ ലോലമാണ്. അതുകൊണ്ട് നഗരസ്വഭാവമുള്ള പ്രദേശങ്ങളെയെല്ലാം CRZ-2-ലുൾപ്പെടുത്തി പരമാവധി തീരദേശവാസികളെയും അവരുടെ ജീവനോപാധികളെയും സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ സമീപനം. ഇതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയാണ്. അക്കാര്യത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. കേരളത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തീരദേശ പരിപാലനം അടക്കമുള്ള പാരിസ്ഥിതിക കാര്യങ്ങളും ജനജീവിത സംരക്ഷണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുന്ന നയമാണ് സർക്കാരിനുള്ളത്. അതുകൊണ്ട് പരിസ്ഥിതി സൗഹൃദ വികസന നയമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് പരിസ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്.

നീർത്തടാടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും ജനകീയ ക്യാമ്പയിനിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക ജൈവവൈവിദ്ധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുകയും അഞ്ച് വർഷംകൊണ്ട് നേടേണ്ട ജൈവവൈവിദ്ധ്യത്തിനുള്ള പ്രാദേശിക പരിപാടികൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കായലുകളും പുഴകളും മാലിന്യരഹിതമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിയും ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഇടുക്കി, വയനാട് പാക്കേജുകൾ മാതൃക സൃഷ്ടിക്കുകതന്നെ ചെയ്യും. പരിസ്ഥിതി സംരക്ഷണം ജനകീയ പങ്കാളിത്തത്തോടെ നിർവ്വഹിക്കുക എന്നതാണ് സർക്കാരിന്റെ നയം. ജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുതകുന്ന സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കും. വിപുലമായ ബോധവൽക്കരണവും ജനകീയ പങ്കാളിത്തവും ഇതിനായി കൊണ്ടുവരും. ഈ സർക്കാരാണ് പൊക്കാളി കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി ഉന്നയിച്ച് അതിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നമുക്ക് തർക്കിക്കേണ്ട കാര്യമില്ല. ശ്രീ. കെ. ബാബുവിന്റെ ഭാഗത്തുനിന്നും കുറ്റപ്പെടുത്തൽ വന്നപ്പോൾ എന്തായിരുന്നുവെന്നുള്ളത് ഞാൻ ഓർമ്മിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഇതൊരു കുറ്റപ്പെടുത്തൽ നടത്തേണ്ട ഘട്ടമല്ല. നമുക്ക് ഒന്നിച്ചുനിന്ന് നമ്മുടെ തീരദേശമേഖലയേയും നമ്മുടെ നാടിനെയും സംരക്ഷിക്കാനുതകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. ഒരു ഭാഗം കടൽ, മറുഭാഗം മലകൾ, ഇതിനിടയ്ക്കുവരുന്ന കുറച്ച് സ്ഥലമാണ് നമ്മുടെ കൊച്ചു കേരളം. ആ സ്ഥലത്ത് 44 നദികളും ഒട്ടേറെ കായലുകളും നീർത്തടങ്ങളും മറ്റ് ധാരാളം കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് നമ്മുടെ നാടിന്റെ വികസനം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനാണ് സർക്കാർ നടപടി സ്വീകരിക്കുന്നത്. അക്കാര്യത്തിൽ നമുക്ക് ഒന്നിച്ചുനീങ്ങാം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി അവസാനിപ്പിച്ചത്. ഇന്ത്യയിൽതന്നെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. ഈ ചെറിയ സംസ്ഥാനത്തിന്റെ കിഴക്കുഭാഗത്ത് കാർക്കശ്യം നിറഞ്ഞ വ്യവസ്ഥകളുള്ള വനനിയമം. ഇടയിൽ നെൽവയൽ നീർത്തട നിയമം. തീരപ്രദേശത്ത് എത്തുമ്പോൾ CRZ (Coastal Regulation Zone) ആണ്. അങ്ങനെ വളരെ സമ്മർദ്ദത്തിലാണ് കേരളത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഞങ്ങളുടെ നിലപാട്, ഞങ്ങൾ സസ്റ്റൈനബിൾ ഡെവലപ്മെന്റിന് (സന്തുലിതമായ വികസനം) വേണ്ടിയാണ് നിൽക്കുന്നത്. പരിസ്ഥിതിക്കോ തീരപ്രദേശത്തിനോ ദോഷം വരാതെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തണം. പരിസ്ഥിതി വാദത്തിൽ ഞങ്ങൾക്ക് എക്സ്ട്രീം പൊസിഷനില്ല. എന്നാൽ പരിസ്ഥിതിയെ സംരക്ഷിക്കുന്ന സന്തുലിത വികസനമെന്ന നിലപാടാണ് ഞങ്ങളുടേത്. ഈയൊരു സാഹചര്യത്തിൽ വേണം ഇതിനെ നോക്കിക്കാണാൻ. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. 1991-ലാണ് കോസ്റ്റൽ റെഗുലേഷൻ മാനേജ്മെന്റുമായി ബന്ധപ്പെട്ട ഒരു നോട്ടിഫിക്കേഷൻ കേന്ദ്രസർക്കാർ ഇറക്കുന്നത്. അതിൽ ധാരാളം അപാകതകളുണ്ടായിരുന്നു. എങ്കിലും വളരെ കർശനമായി തീരപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഇന്ത്യയിലെ കടൽ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള നിലപാടാണ് അന്ന് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. എന്നാൽ ജനസാന്ദ്രത വർദ്ധിക്കുകയും നിർമ്മാണ പ്രവർത്തനങ്ങളുടെയും വികസന പ്രവർത്തനങ്ങളുടെയും ആവശ്യങ്ങൾ വരികയും ചെയ്തപ്പോൾ 2011-ൽ പുതിയൊരു നോട്ടിഫിക്കേഷൻ ഇറക്കി. ഈ നോട്ടിഫിക്കേഷനെ സംബന്ധിച്ച് കേരളം ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും വ്യാപകമായ പരാതികൾ അന്നത്തെ കേന്ദ്രസർക്കാരിന് കൊടുത്തു. അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിതന്നെ ഇടപെട്ട് കേന്ദ്ര സർക്കാരിന് അയച്ച പരാതികളുടെ വലിയ കെട്ട് എന്റെ കയ്യിലുണ്ട്. 2011-ലെ നോട്ടിഫിക്കേഷനിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. ബാബു സൂചിപ്പിച്ച ശൈലേഷ് നായിക് കമ്മിറ്റി 2014-ലാണ് ഇവിടെവന്ന് അന്വേഷണം നടത്തിയത്. ഇത് കേരളത്തിനുമാത്രം ബാധകമായ നോട്ടിഫിക്കേഷനല്ല. അങ്ങനെയാണെങ്കിൽ സംസ്ഥാന സർക്കാരിന് ചെയ്താൽ മതിയല്ലോ; ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ നോട്ടിഫിക്കേഷനാണ്. എല്ലാ സംസ്ഥാനങ്ങളുടെയും പരാതികൾ സമാഹരിച്ചുകൊണ്ടാണ് 2019-ൽ മൂന്നാമത്തെ നോട്ടിഫിക്കേഷൻ ഇറക്കുന്നത്. 2019-ലെ നോട്ടിഫിക്കേഷനെ സംബന്ധിച്ചാണ് ഞങ്ങൾ

അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തിരിക്കുന്നത്. അതിൽ 2011-ലെ നോട്ടിഫിക്കേഷന്റെ കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല. 2011-ലെ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനാണ് 2019-ൽ ഇറക്കിയത്. ആ നോട്ടിഫിക്കേഷനിൽ തീരപ്രദേശത്ത് നമ്മൾ ആവശ്യപ്പെട്ടതടക്കമുള്ള നിരവധി ഇളവുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനം ഒരു കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സമർപ്പിച്ച് കേന്ദ്രത്തിന്റെ അംഗീകാരം നേടിയാൽ മാത്രമേ 2019-ലെ നോട്ടിഫിക്കേഷന്റെ ആനുകൂല്യങ്ങൾ കേരളത്തിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. 2011 മുതൽ 2016 വരെയുള്ള ഉമ്മൻ ചാണ്ടി സർക്കാർ എങ്ങനെയാണ് 2019-ൽ ഇറക്കിയ നോട്ടിഫിക്കേഷന് പ്ലാൻ സമർപ്പിക്കുക; 2019-ലെ നോട്ടിഫിക്കേഷനിൽ പറയുന്നതെന്താണ്? അതിന്റെ പ്രൊസീജ്യറാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ചത്. സംസ്ഥാന സർക്കാർ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന് കൊടുത്ത് അപ്രൂവൽ വാങ്ങിയാൽ 2019-ലെ നോട്ടിഫിക്കേഷനിൽ പറയുന്ന ഇളവുകൾ ഇവിടെ പ്രാബല്യത്തിലാകും. ഇത് കൊടുത്തില്ലെങ്കിൽ 2011-ലെ നോട്ടിഫിക്കേഷൻ നിലനിൽക്കും. ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത് 2011-ലെ നോട്ടിഫിക്കേഷനാണ്. സംസ്ഥാന സർക്കാർ 2019-ലെ നോട്ടിഫിക്കേഷന് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്നു. ഞങ്ങളുടെ വീടുകളിലും ഓഫീസുകളിലും ഈ ആവശ്യവുമായി ഒരു ദിവസം ശരാശരി പത്ത് പേരെങ്കിലും വരാറുണ്ട്. മൂന്നും നാലും സെന്റ് ഭൂമിയുള്ളവർ, ഫിഷറീസ് വകുപ്പിന്റെ ഹൗസിംഗ് പ്രോജക്ടിലുള്ളവർ, ലൈഫ് പദ്ധതിയിലുള്ളവർ എന്നിവർക്ക് വീട് വയ്ക്കുന്നതിനോ അല്ലെങ്കിൽ മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ CRZ-ന്റെ അനുമതി ലഭിക്കുന്നില്ല. ഇതിന് ഇളവ് കിട്ടിയെന്ന് പത്രത്തിൽ വായിച്ചല്ലോ? എന്നിട്ട് ഞങ്ങൾക്ക് അനുമതി കിട്ടാത്തതെന്താണെന്ന് ജനങ്ങൾ ചോദിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ആ പ്രോസസ് പൂർത്തിയാക്കിയിട്ടില്ലെന്നാണ് ഞങ്ങൾ അതിന് മറുപടി പറയുന്നത്.

2019 ജനുവരിയിൽ ഈ പ്രോജക്ട് വന്ന് ആറ് മാസത്തിനുള്ളിൽ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സമർപ്പിക്കണമായിരുന്നു. 2022 ജനുവരിയിൽ 3 വർഷം പൂർത്തിയാകാൻ പോകുകയാണ്. 6 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ട കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതനുസരിച്ച് ഒരു വർഷം കഴിഞ്ഞാലും പൂർത്തിയാകാൻ പോകുന്നില്ല. 6 മാസം കൊണ്ട് കൊടുക്കേണ്ട പ്ലാൻ 4 വർഷമായിട്ടും കൊടുക്കാത്ത കെടുകാര്യസ്ഥതയെ, അനാസ്ഥയെ, ശ്രദ്ധയില്ലായ്മയെയാണ് ഞങ്ങൾ ഇവിടെ ചോദ്യം ചെയ്യുന്നത്. അതാണ് ഞങ്ങളുടെ

ചോദ്യം. എന്ത് ഇളവാണ് കിട്ടിയിരുന്നത്? ഇപ്പോൾ ഉള്ളതിനേക്കാൾ 300 sq. മീറ്റർ വീടുകൾ അതായത് 3000 sq. ft. ഉള്ള വീടുകളുടെ നിർമ്മാണത്തിനുപോലും ഈ ഇളവുകൾ പ്രാബല്യത്തിൽ വന്നാൽ പഞ്ചായത്തിൽനിന്നുതന്നെ അനുമതി നൽകാം. ഇനി ഒരു പ്രദേശത്ത് ദുരന്തനിവാരണ പദ്ധതിയുണ്ട്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ പദ്ധതിയുണ്ട്. ഈ രണ്ട് പദ്ധതികളുണ്ടെങ്കിൽ ഇതിൽ പറയുന്ന ഒരു നിയന്ത്രണവും ബാധകമല്ല. അവിടെയെല്ലാം കെട്ടിടങ്ങൾ പണിയാം. അതിനുള്ള അനുമതിയാണ്. നിലവിൽ ഇതൊന്നും സാധിക്കില്ല. വലിയ രീതിയിലുള്ള ഇളവുകളാണ് കൊടുത്തിരിക്കുന്നത്. അതുപോലെ 1 sq. മീറ്ററിൽ 2161 ആളുകളോ അതിൽ കൂടുതലോ ആണ് ജനസാന്ദ്രതയെങ്കിൽ അവിടെ CRZ 3 (A)-യിലേയ്ക്ക് മാറും. കേരളത്തിലെ പകുതി പഞ്ചായത്തുകളും 2161-ൽ കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലങ്ങളാണ്. കേരളത്തിലെ 50 ശതമാനത്തിലധികം പഞ്ചായത്തുകളും CRZ 3 (A)-യിലേയ്ക്ക് മാറും. 3 (A)-യിലേയ്ക്ക് മാറിയാൽ എന്താണ് ഗുണം? തീരപ്രദേശത്ത് 50 മീറ്റർ പരിധി കഴിഞ്ഞാൽ അവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താം. 2011-ലെ നോട്ടിഫിക്കേഷനിൽ 200 മീറ്ററാണ്. 200 മീറ്റർ ഉണ്ടായിരുന്ന നിയന്ത്രണം CRZ 3 A-യിലേയ്ക്ക് മാറുമ്പോൾ 50 മീറ്ററായി കുറയും. കായൽതുരുത്തുകൾക്ക് പ്രത്യേകമായ ആനുകൂല്യം കൊടുത്തിട്ടുണ്ട്. അവിടെ 20 മീറ്ററായി ചുരുങ്ങും. ഓരോ തുരുത്തിനും ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ഓരോ തുരുത്തിന്റെയും ഐലന്റ് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പ്ലാൻ സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കണം. 20 മീറ്റർ പരിധിക്കപ്പുറത്ത് വീട് വയ്ക്കാൻ സാധിക്കും. അത് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടില്ല. എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളെ ബാധിക്കുന്ന വേമ്പനാട് കായൽ ക്രിട്ടിക്കലി വൾനറബിൾ കോസ്റ്റൽ ഏരിയയാണ്. അതിനൊരു സ്പെഷ്യൽ സ്കീമുണ്ട്. വേമ്പനാട് കായലിനുവേണ്ടി പ്രത്യേക ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കൊടുക്കണം. അതിനുവേണ്ടിയുള്ള ജോലികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. 3 വർഷമാകാൻ പോകുന്നു. 2011-ലെ നോട്ടിഫിക്കേഷന് 2018-ൽ ഒരു ഭേദഗതി വന്നു, അതാണ് ശ്രീ. കെ. ബാബു സൂചിപ്പിച്ചത്. നിയമപരമായി ശരിയാണ്, ചില നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ, CRZ-ന്റെ മുൻകൂർ അനുമതി വാങ്ങിക്കാതെ ചെയ്തുവെന്നതാണ്. അത് റെഗുലറൈസ് ചെയ്തുകൊടുക്കാമെന്ന് 2018-ൽ ഭേദഗതി വന്ന വിവരം കേരളത്തിൽ ഒരാളെയും സർക്കാർ അറിയിച്ചിട്ടില്ല. അറിയിച്ചിരുന്നുവെങ്കിൽ ആയിരക്കണക്കിന് ജനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്ത് കിട്ടുമായിരുന്നു. കേരളത്തിലെ ആയിരക്കണക്കിന് കെട്ടിടങ്ങൾക്ക് നമ്പർ നൽകാതിരിക്കുകയാണ്. അതിനുവേണ്ടിയുള്ള ഒരു നടപടിക്രമവും ഇതുവരെയും ആരംഭിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കും

പ്രദേശവാസികൾക്കും ഭവനനിർമ്മാണത്തിനുവേണ്ടി നൽകുന്ന മുൻകാലയിളവുകളെല്ലാം തീരദേശപരിപാലന അതോറിറ്റി പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. പൊക്കാളി പാടങ്ങൾ, ചെമ്മീൻപാടങ്ങൾ എന്നിവയുടെ കരയിൽനിന്നും 5 മീറ്റർ വരെ മാത്രമെ നിയന്ത്രണം ഉണ്ടായിരുന്നുള്ളൂ. അതിന് അപ്പുറത്തേയ്ക്ക് 1000 sq. ft. വരെയുള്ള വീടുകൾ നിർമ്മിക്കാൻ അനുവാദം നൽകിയിരുന്നു. ആ അനുവാദം ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. 2019-ലെ നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ, 6 മാസം വൈകി, അടുത്ത് 6 മാസവും കഴിഞ്ഞു, വീണ്ടും 6 മാസം കഴിഞ്ഞു. പാൻഡെമിക് സിറ്റുവേഷനെക്കുറിച്ചും മഹാമാരിയെക്കുറിച്ചും ഇവിടെ പറഞ്ഞു. നമ്മളെക്കാൾ രൂക്ഷമായി മഹാമാരിയുണ്ടായ മഹാരാഷ്ട്രപോലും ഈ പ്ലാൻ സബ്മിറ്റ് ചെയ്തു കഴിഞ്ഞു. പല സംസ്ഥാനങ്ങളും ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സമർപ്പിച്ചിരിക്കുകയാണ്. സർക്കാരിന്റെ ലൈഫ് സ്കീം ഉൾപ്പെടെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയായിരിക്കുകയാണ്. കേരളത്തിൽ ആകെ 550 കി.മീ. തീരപ്രദേശമുണ്ട്. കേരളം കടൽത്തീരം ഉള്ള പ്രദേശമാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെ നദികൾ, ഉൾനാടൻ ജലാശയങ്ങൾ, പൊക്കാളി പാടങ്ങൾ, കായൽ പ്രദേശങ്ങൾ, ഉൾപ്രദേശങ്ങളിൽ ഹൈറേഞ്ച് ഒഴിച്ചുള്ള ബാക്കി പ്രദേശങ്ങൾ മുഴുവൻ ഇതുപ്പോലെ CRZ-ന്റെ ഭാഗമാണ്. എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കിഴക്കുഭാഗം വരെ വേലിയേറ്റം ഉണ്ടാകുന്നു. കടൽ കരയിലേയ്ക്ക് കയറുകയാണ്. പണ്ട് നദി ചെന്ന് കടലിൽ ചേരുകയാണ്. ഇപ്പോൾ നദിയുടെ റിവർ ബെഡ് അതിന്റെ ആഴം കടലിനെക്കാൾ താഴെ ആയതുകൊണ്ട് കടലിൽനിന്നും ഉപ്പുവെള്ളം നദിയിലേയ്ക്ക് ഒഴുകുന്ന കാലമാണ്. ഉപ്പുവെള്ളം കയറുന്ന പ്രദേശം മുഴുവൻ സി.ആർ.ഇസഡ്-ന്റെ prone area ആണ്. നമ്മൾ യാഥാർത്ഥ്യം തിരിച്ചറിയണം. കേരളത്തിലെ പടിഞ്ഞാറോട്ട് ഒഴുകുന്ന എല്ലാ നദിയിലേയ്ക്കും കടലിൽനിന്ന് ഉപ്പുവെള്ളം കയറുകയാണ്. അതാണ് വേലിയേറ്റം. അതെത്തുന്ന സ്ഥലം വരെ സി. ആർ. ഇസഡ്. ബാധകമാണ്. ആലുവവരെ ആയിട്ടുണ്ട്. പണ്ട് അത്രയും ഉണ്ടായിരുന്നില്ല. ഓരോ നോട്ടിഫിക്കേഷൻ വരികയാണ്. തീരദേശ പരിപാലന അതോറിറ്റി പുതിയ പഞ്ചായത്തുകളെക്കൂടി സി.ആർ.ഇസഡിന്റെ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മൂന്നിൽ രണ്ട് ഭാഗം സി.ആർ.ഇസഡിന്റെ പരിധിയിൽ വരികയാണ്. കേന്ദ്ര സർക്കാർ 2019-ൽ ഇറക്കിയ നോട്ടിഫിക്കേഷന്റെ യാതൊരു ഗുണവും കേരളത്തിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല എന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. ഇതെല്ലാം സർക്കാരിന്റെ അനാസ്ഥയാണ്, ശ്രദ്ധയില്ലായ്മയാണ്. ഞാൻ ഒരൊറ്റ ചോദ്യം ചോദിച്ച്

അവസാനിപ്പിക്കാം. What is good Governance? എന്താണ് സദ്ഭരണം. ഇതുപോലത്തെ കാര്യങ്ങൾ കൂടുതൽ ശ്രദ്ധയോടുകൂടി സമയബന്ധിതമായി നടപ്പിലാക്കുകയും സാധാരണക്കാരെ ബാധിക്കുന്ന ഗുരുതരമായൊരു പ്രശ്നത്തിന് പരിഹാരം കാണുകയും ചെയ്യണം. പതിനായിരക്കണക്കിന് നിർമ്മാണപ്രവർത്തനങ്ങളെ ബാധിക്കുന്ന, സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉത്കണ്ഠയിലാക്കുന്ന ഈ വിഷയത്തിന് സമയബന്ധിതമായി പരിഹാരം കാണാൻ കഴിയാതെ ഇനിയും വൈകുമെന്നുപറയുന്ന സർക്കാരിന്റെ ഈ നടപടിയിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. അതിനുത്തരവാദിത്വം കഴിഞ്ഞ ഗവൺമെന്റിനാണ് എന്നുപറയുന്ന മുഖ്യമന്ത്രിയുടെ മറുപടി അടിസ്ഥാനരഹിതമാണ്. 2019-ൽ ഉണ്ടായ നോട്ടിഫിക്കേഷനിൽ 2011 മുതൽ 2016 വരെ ഉണ്ടായിരുന്ന ശ്രീ. ഉമ്മൻചാണ്ടി സർക്കാരല്ല ഉത്തരവാദി. ഈ സർക്കാരിന്റെ കഴിവുകേടും ശ്രദ്ധയില്ലായ്മയും അനാസ്ഥയുമാണ് ഗുരുതരമായ പ്രശ്നമുണ്ടാക്കിയിരിക്കുന്നത്. ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 2011 മുതൽ 2016 വരെയുള്ള നീണ്ട കാലയളവ് കേന്ദ്രഗവൺമെന്റിന്റെ നയം മാറ്റത്തിനുവേണ്ടി വലിയ പരിശ്രമം നടത്തിയിരുന്ന ഒരു സമയമാണ്. അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിസഭയിലെ അംഗങ്ങളും നിരവധിതവണ ഡൽഹിയിൽ പോയി ഇതിലൊരു നയംമാറ്റത്തിനു വേണ്ടി പ്രധാനമന്ത്രിയേയും മറ്റ് മന്ത്രിമാരെയുമൊക്കെ കണ്ടിരുന്നു. അന്ന് കേന്ദ്ര ഗവൺമെന്റിന് നയംമാറ്റം ഉണ്ടായിരുന്നില്ല. മാത്രമല്ല, പരിസ്ഥിതി പ്രശ്നവും ഈ വിഷയവും തമ്മിൽ ഒരു കൺസെൻസസിനുവേണ്ടി വലിയതോതിൽ ചർച്ച നടക്കുകയും ചെയ്തിരുന്നു. അന്ന് ഈ സഭയിൽ ഇത്തരത്തിലുള്ള ചർച്ചയല്ല ഞങ്ങൾ അഭിമുഖീകരിച്ചിരുന്നത്. അന്നത്തെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വലിയ എതിർപ്പായിരുന്നു. തീരദേശ പരിപാലന നിയമം ശാസ്ത്രീയമായി ഭേദഗതി ചെയ്ത് പ്രായോഗികമായി നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും പരിസ്ഥിതി വിഷയം പരിരക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഒരു കൺസെൻസസിലെത്താൻ ഒരുപാട് സമയമെടുത്തിരുന്നു. അതായിരുന്നു 2011 മുതൽ 2016 വരെയുള്ള കാലം. അതിനുശേഷം കേന്ദ്രസംഘം വന്ന് പരിശോധന നടത്തുകയും ചർച്ച നടത്തുകയും ചെയ്തു. പിന്നീട് കേന്ദ്രഗവൺമെന്റിൽ വന്ന നയംമാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് സമിതി വന്നതും തെളിവെടുപ്പ് നടത്തിയതും 2019-ലെ ഓർഡർ വരുന്നതും. അത് നടപ്പിലാക്കാനുണ്ടായ കാലതാമസത്തെക്കുറിച്ചാണ് ഇപ്പോൾ ഞങ്ങൾ പറയുന്നത്. ഇവിടെ മഹാരാഷ്ട്ര പോലുള്ള പല സംസ്ഥാനങ്ങളെക്കുറിച്ചും പറഞ്ഞല്ലോ;

കേരളത്തിന്റെ സമാനമായ പ്രശ്നമുള്ള ഒരു സ്ഥലമാണ് മുംബൈ. അത് എത്ര വലിയ നഗരമാണ്. അവരൊക്കെ ഇതിൽനിന്നും കുറെ മുന്നോട്ടുപോയി; ഗോവയും കുറെയേറെ മുന്നോട്ടുപോയി. 2019-ൽ വന്ന നയംമാറ്റം വളരെ പ്രധാനമാണ്. ഈ കൺസെൻസസും പ്രതിപക്ഷത്തിന്റെ അപ്രോച്ചും വളരെ പ്രധാനമാണ്. അത്രയൊക്കെ സൗകര്യം ലഭിച്ചിട്ടും മത്സ്യത്തൊഴിലാളികൾക്ക് വീടിന് നമ്പരിടാൻ കഴിയില്ല. അവർക്ക് റേഷൻ കാർഡും ബാക്കി കാര്യങ്ങളൊന്നും ലഭിക്കുന്നില്ല. യാതൊരു ആനുകൂല്യവും ലഭിക്കാതെ കൂട്ടത്തോടെ ക്ലസ്റ്ററായി ജീവിക്കുന്ന തീരദേശവാസികളുടെ ഒരു പ്രശ്നം ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ 2019-ൽ നയംമാറ്റം വന്നിട്ടും സർക്കാർ ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നത് ശരിയായ നടപടിയല്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്ത് വളരെ പ്രായോഗികമായ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാനും ഇംപ്ലിമെന്റ് ചെയ്യാനും കഴിയണം. ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ ഗവൺമെന്റ് ഇപ്പോഴും കാണുന്നില്ലെന്നതാണ് പ്രശ്നം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, 2019-ലെ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നത് ആറുമാസത്തിനകം പുതിയ തീരദേശ പരിപാലന പദ്ധതികൾ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിക്കണമെന്നാണ്. എന്നാൽ വർഷങ്ങൾ പിന്നിട്ടിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടില്ല. ഇതുമൂലം കേരളമൊട്ടാകെ ഉണ്ടായിരിക്കുന്ന ആശങ്കയാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാത്ത സർക്കാരിന്റെ കെടുകാര്യസ്ഥത കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും വീഴ്ചയുമാണ് ഇക്കാര്യത്തിൽ കാണാൻ കഴിയുന്നത്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, CRZ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിലെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് ഏറ്റവുമധികം ബാധിക്കുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെയാണ്. രണ്ടുമാസത്തിലധികമായി അപേക്ഷകൾ പെൻഡിംഗാണ്. ഇതുകാരണം വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അവിടെനിന്നും പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വളരെ ഗുരുതരമായ ഈ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു).

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി 1951-ൽ ഉദ്ഘാടനം ചെയ്ത സംസ്ഥാനത്തെ ആദ്യത്തെ മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. ഇന്ന് കേരളത്തിലെ ഏറ്റവും വലിയ മെഡിക്കൽ കോളേജാണിത്. നമ്മുടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള രോഗികൾക്കുപുറമെ മറ്റ് സംസ്ഥാനങ്ങളിലെ ജനങ്ങളും ഇവിടെ ചികിത്സ തേടി എത്തുന്നു. 3,250 കിടക്കകളുള്ള ഈ ആശുപത്രി ഒരു വർഷം എൺപതിനായിരത്തോളം രോഗികൾക്കായി കിടത്തി ചികിത്സയും എഴുപത്തിയഞ്ച് ലക്ഷത്തോളം രോഗികൾക്ക് ഒ.പി. ചികിത്സയും നൽകിവരുന്നു. ഈ ആശുപത്രിയിൽ ദിവസേന ശരാശരി 55 മേജർ ശസ്ത്രക്രിയയും 1 25 മൈനർ സർജറിയും 35 നോർമൽ ഡെലിവറിയും 15 സിസേറിയനുകളും മറ്റ് അനുബന്ധ സേവനങ്ങളും നൽകിവരികയാണ്. മെഡിക്കൽ കോളേജിനും മറ്റ് അനുബന്ധ സ്ഥാപനങ്ങൾക്കും പുറമെ, RCC, ശ്രീചിത്ര തുടങ്ങിയ സ്ഥാപനങ്ങളും ഈ ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ ചികിത്സാവശ്യങ്ങൾക്കായി ആയിരക്കണക്കിനാളുകൾ ദിവസേന ഈ ക്യാമ്പസ് സന്ദർശിക്കുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയിൽ വീർപ്പുമുട്ടുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഒന്നാം പിണറായി സർക്കാർ കിഫ്ബി

മുഖേന 16-4-2018-ലെ ജി.ഒ.നമ്പർ.1247/2018/HNFWD പ്രകാരം 717.29 കോടി രൂപയുടെ പദ്ധതികളുമായി ബന്ധപ്പെട്ട് ആദ്യമായി ഒരു മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഇൻകെൽ ലിമിറ്റഡ് കാക്കനാട്, കൊച്ചി എന്ന സ്ഥാപനത്തെയാണ് കേരള ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്ടുമെന്റ് 16-10-2018-ൽ എസ്.പി.വി. ആയി നിയമിച്ചത്. സുഗമമായ നടത്തിപ്പിനുവേണ്ടി നിയമിക്കപ്പെട്ട എസ്.പി.വി. ഈ പദ്ധതി വൈകിപ്പിക്കുന്നതിന് വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ടെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട സംഗതിയായി എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

നാല് ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഒന്നാംഘട്ടമായി 6 റോഡുകളുടെ നവീകരണവും ഒരു മേൽപ്പാലവും രണ്ട് മൾട്ടിലെവൽ കാർപാർക്കിംഗിനുമായി 58.37 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. അതിൽതന്നെ 32,48,99,595 രൂപയുടെ എസ്റ്റിമേറ്റ് മാത്രമെ എടുത്തിട്ടുള്ളൂ. 33,48,41,523 രൂപയ്ക്ക് ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് അനുവാദം നൽകി. മുംബൈ ആസ്ഥാനമായുള്ള RAY Construction എന്ന സ്ഥാപനമായിരുന്നു കോൺട്രാക്റ്റ് എടുത്തത്. എഗ്രിമെന്റ് പ്രകാരം 8-8-2020-ൽ തീർക്കേണ്ടിയിരുന്ന ഈ പ്രവൃത്തി ഇപ്പോൾ നാല് റോഡുകളുടെ നവീകരണവും ഫ്ലൈ ഓവറിന്റെ പണികളും ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന കാര്യം വളരെ സങ്കടത്തോടെ മാത്രമേ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ സാധിക്കുകയുള്ളൂ. റോഡ് 1, 2, 3, 4 എന്നിങ്ങനെ ആകെ 1.56 കിലോമീറ്റർ നീളമുള്ള റോഡാണ്. അത് പൂർത്തീകരിച്ചത് ഒച്ച് ഇഴയുന്ന വേഗതയിലാണ്. ഫ്ലൈ ഓവറിന്റെ കുറച്ച് ബീമുകൾ പൂർത്തിയായിട്ടുണ്ട്. 717.29 കോടി രൂപയുടെ പദ്ധതികളിൽ ഇത്രയും വർഷമായിട്ടും കേവലം 32 കോടി രൂപയുടെ പദ്ധതിപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നിലവിലെ അവസ്ഥ ഇങ്ങനെ തുടരുകയാണെങ്കിൽ പൂർത്തീകരണത്തിന് എത്രകാലം വേണ്ടിവരുമെന്നുള്ള കാര്യത്തിൽ എനിക്ക് വലിയ സംശയമാണ്. ബാക്കിയുള്ള 658.92 കോടി രൂപയുടെ പ്രവൃത്തികൾ ഏത് കാലത്ത് പൂർത്തീകരിക്കാൻ സാധിക്കുമെന്നുപോലും പറയാൻ കഴിയാത്ത സാഹചര്യമാണ്. ഈ സന്ദർഭത്തിൽ അതേ ക്യാമ്പസിൽ നടക്കുന്ന മറ്റൊരു നിർമ്മാണ പ്രവർത്തനവും സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആർ.സി.സി.-ക്കായി 169 കോടി രൂപ ചെലവിൽ നടന്നുവരുന്ന 14 നിലകളും രണ്ടര ലക്ഷത്തിലധികം ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനവും ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ പ്രവൃത്തിക്ക് പ്രത്യേകം എസ്.പി.വി.

ഒന്നുമില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഈ പ്രവൃത്തി നിർവ്വഹിക്കുന്നത്. 2019-ലാണ് എഗ്രിമെന്റ് വച്ചത്. 2019 ഫെബ്രുവരി 22-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ആ പദ്ധതിയുടെ 60 ശതമാനത്തിലധികം പൂർത്തിയായിക്കഴിഞ്ഞു. 2022 ജൂൺ മാസത്തിൽ രണ്ട് ലക്ഷത്തിലധികം ചതുരശ്ര അടിയുള്ള ആ 14 നിലക്കെട്ടിടം ഉദ്ഘാടനം ചെയ്യാൻ സാധിക്കുന്നതരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കുമെന്ന് പറഞ്ഞ പ്രവൃത്തി ഈ കോവിഡ്-19 പ്രതിസന്ധിയും മറ്റ് പ്രശ്നങ്ങളൊക്കെ ഉള്ളപ്പോഴും കേവലം മൂന്നുനാല് മാസം മാത്രമേ ആ കമ്പനിക്ക് വേണ്ടിവന്നുള്ളൂ എന്ന കാര്യം നമ്മൾ കാണേണ്ടതുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ നമുക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. ഇൻകെൽ എന്നുപറയുന്നത് ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. ചില ഉന്നതരായിട്ടുള്ള റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥർ ഇതിനെ അവരുടെ താവളമാക്കി വച്ചിട്ടുണ്ട്. എന്നാൽ, അവരാരുംതന്നെ ആത്മാർത്ഥമായി ഇതിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുന്നില്ല; ഒന്നും ശ്രദ്ധിക്കുന്നില്ല; അതിനുവേണ്ട മാൻപവർ കൊടുക്കുന്നില്ല; കോൺട്രാക്ടർമാരെ ശ്രദ്ധിക്കുന്നില്ല; അങ്ങനെ ഒന്നും ചെയ്യുന്നില്ല. അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഒപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാട് മാത്രമാക്കി ഇതിനെ കൊണ്ടുപോകുകയാണ്. ഇവിടെ നമ്പർവൺ കുറ്റവാളി ഇൻകെൽ ആണ്.

11.00 a.m.]

ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം കഴിഞ്ഞ മൂന്നുനാല് വർഷത്തിനിടയിൽ തിരുവനന്തപുരം ജില്ലയിലെ മന്ത്രി എന്ന നിലയിലും ബന്ധപ്പെട്ട എം.എൽ.എ. എന്ന നിലയിലും ഇവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി നിരവധി തവണ പരിശോധന നടത്തിയെങ്കിലും എവിടെയും എത്താൻ സാധിച്ചില്ല. ഈ പദ്ധതിയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളെല്ലാം സമാന്തരമായി നമുക്ക് ചെയ്യാൻ സാധിക്കണം. രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ മുമ്പിലാണുള്ളത്. മൂന്നാം ഘട്ടത്തിന്റെ പ്രൊപ്പോസലിനെക്കുറിച്ച് ആലോചിക്കുന്നതേയുള്ളൂ. രണ്ടും മൂന്നും നാലും ഘട്ടത്തിന്റെ പ്രൊപ്പോസലുകൾ സമാന്തരമായി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം നേടിയെടുക്കണം. ഇൻകെലിനെ പോലുള്ള എസ്.പി.വി.കളെ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

റേ കൺസ്ട്രക്ഷൻ കമ്പനി ബോംബെ ബെയ്സ്ഡ് ആണെന്ന് പറയുന്നു. പക്ഷെ അവർക്ക് ഇതൊന്നും ചെയ്ത് തീർക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. നമ്മുടെ ഭരണകാലത്ത് ഈ അഞ്ച് വർഷക്കാലം ഇവരാണ് കൊണ്ടുപോകുന്നതെങ്കിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് 717 കോടി രൂപയുടെ ബൃഹത്തായ, സംസ്ഥാന ഗവൺമെന്റിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായ, ആദ്യമായി കിഫ്ബി അംഗീകാരം നൽകിയ ഈ പദ്ധതി പൂർത്തീകരിക്കണമെങ്കിൽ വളരെ ശ്രദ്ധയോടുകൂടിയിട്ടുള്ള തീരുമാനങ്ങളും തുടർനടപടികളും ആവശ്യമാണ്. ഇതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒന്നുരണ്ട് യോഗങ്ങൾ വിളിച്ചുചേർത്തത് ഞാൻ സന്തോഷത്തോടുകൂടി ഓർക്കുകയാണ്. പക്ഷെ ഇവരെ വച്ചുകൊണ്ട് ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ കർശനമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലെയും തെക്കെ ഇന്ത്യയിൽതന്നെയും ആദ്യത്തെ മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. അനേകം നിസ്വാർത്ഥരായവരുടെ സേവനത്തിന്റെയും സമർപ്പിതമായ പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ് ഇവിടെ നാൽപ്പതിൽപ്പരം വകുപ്പുകളും ഇതിനോടനുബന്ധിച്ച് വിവിധ ആശുപത്രികളും മറ്റിതര മെഡിക്കൽ-പാരാ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ആതുരസേവന രംഗത്ത് ആയിരക്കണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന നിലയിലേയ്ക്ക് ഇന്ന് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് മാറിയിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം എന്നതിലുപരി സമൂഹത്തിലെ പാവങ്ങളുടെ ആശ്രയമായി ഈ സ്ഥാപനം നിലകൊള്ളുന്നു. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും നിലവാരം ഉയർത്തുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 34.64 കോടി രൂപ ചെലവഴിച്ച് മികച്ച അത്യാഹിത വിഭാഗമാണ് പുതുതായി ഒരുക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 25.22 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ച മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പഠന നിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മിച്ച പുതിയ മൾട്ടി ഡിസിപ്ലിനറി റിസർച്ച്

യൂണിറ്റ്, വൈറൽ റിസർച്ച് ആൻഡ് ഡയഗ്നോസ്റ്റിക് ലബോറട്ടറി, ആനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും അത്യാധുനിക മോർച്ചറി സംവിധാനവും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യാർത്ഥം മെഡിക്കൽ കോളേജ് ആശുപത്രി ഒ.പി.യിൽ ടോക്കൺ സംവിധാനമടക്കമുള്ള വിപുലമായ സജ്ജീകരണം ഒരുക്കി പ്രവർത്തിച്ചുവരുന്നു. ക്യാൻസർ വിഭാഗത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ ലീനിയർ ആക്സിലറേറ്റർ, സി. ടി. സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ ഭാഗമായ എസ്.എ.ടി. ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന മദർ ആൻഡ് ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൂടാതെ എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് നെഫ്രോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി എന്നീ വിഭാഗങ്ങൾ പ്രവർത്തനം ആരംഭിക്കുകയും 6 കോടി രൂപ ചെലവഴിച്ച് പീഡിയാട്രിക് കാത്ത്‌ലാബ് സ്ഥാപിക്കുകയും ഇതിലേയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിയോ നാറ്റോളജി വിഭാഗത്തിൽ പി.ജി. കോഴ്സും ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിലെ ബഡ്ജറ്റുകളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിവിധ സ്കീമുകൾക്ക് തുക അനുവദിച്ചതിനുപുറമെ കിഫ്ബിയുടെ ധനസഹായത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 16-4-2018-ൽ ഇതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 717.29 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇൻകെൽ എന്ന സ്ഥാപനത്തെയാണ് അതിന്റെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. നാല് ഘട്ടങ്ങളിലായി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന രീതിയിലാണ് നിർവ്വഹണ ഏജൻസിയായി ഇൻകെൽ പദ്ധതി തയ്യാറാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റോഡുകളുടെ നവീകരണവും വീതി കൂട്ടലും, പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മേൽപ്പാല നിർമ്മാണം, ഇലക്ട്രിക്കൽ വർക്കുകൾ, മൾട്ടി ലെവൽ കാർ പാർക്കിംഗ് എന്നീ പ്രവർത്തനങ്ങളാണ്

നടപ്പിലാക്കുന്നത്. ഇവയ്ക്കായി 58.37 കോടി രൂപയുടെ സാമ്പത്തികാനുമതി ഒക്ടോബർ 2018-ൽ കിഫ്ബി നൽകിയിരുന്നു. ഇതിൽ റോഡ്, പാലം മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 33.88 കോടി രൂപയും മൾട്ടി ലെവൽ കാർ പാർക്കിംഗിന് 24.49 കോടി രൂപയുമാണ് അനുവദിച്ചിരുന്നത്. 2022 മാർച്ചിൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നാണ് ഏറ്റവും അവസാനം നടന്ന ചർച്ചകളിലും അറിയിച്ചിട്ടുള്ളത്. 18.6 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ റോഡിന്റെയും മേൽപ്പാലത്തിന്റെയും നിർമ്മാണം 2019 മേയ് മാസത്തിലാണ് അവസാനിച്ചത്. റേ കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണ് റോഡിന്റെയും മേൽപ്പാലത്തിന്റെയും കരാർ ഏറ്റെടുത്തിരിക്കുന്നത്. ഈ 8-8-2020-ൽ തീരേണ്ടതായിരുന്നു. വലിയ രീതിയിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നിലവിൽ റോഡ് വർക്കുകൾ 90 ശതമാനവും മേൽപ്പാല നിർമ്മാണത്തിന്റെ പണികൾ 60 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മൾട്ടി ലെവൽ കാർ പാർക്കിംഗ് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. ഈ പ്രോജക്ടിന്റെ ഡ്രായിംഗ്സ് തയ്യാറാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ ലഭ്യമായതിനെത്തുടർന്ന് ആറ് മാസത്തിനകം പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്. രണ്ടാം ഘട്ടമായി പുതിയ ഓപ്പറേഷൻ തിയേറ്റർ കം സർജിക്കൽ വാർഡ് ബ്ലോക്ക്, എസ്.എ.ടി. പീഡിയാട്രിക് ബ്ലോക്ക്, എം.എൽ.ടി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് 194.329 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. എസ്.എ.ടി. പീഡിയാട്രിക് ബ്ലോക്കിന്റെ നിർമ്മാണത്തിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ട്. എം.എൽ.ടി. ബ്ലോക്കിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ടെക്നിക്കൽ കമ്പനിയുടെ പരിഗണനയിലാണ്. ഓപ്പറേഷൻ തിയേറ്റർ കം സർജിക്കൽ വാർഡ് ബ്ലോക്കിന്റെ നിർമ്മാണത്തിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണങ്ങൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആയതിന്റെ മേൽനോട്ടത്തിനായി ഒരു നോഡൽ ഓഫീസറെയും ആരോഗ്യവകുപ്പിലെ കിഫ്ബി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഓഫീസറെയും നിയോഗിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ രീതിയിൽ കാലതാമസം ഉണ്ടാകുന്നത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ കർശനമായ നടപടികളിലേയ്ക്ക് പോകേണ്ടിവരുമെന്ന് എസ്.പി.വി.ക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നില്ലെങ്കിൽ നമുക്ക് തീരുമാനങ്ങൾ എടുക്കേണ്ടിവരും. ഏതായാലും ഇപ്പോൾ അവലോകനങ്ങളുടെ ഭാഗമായി തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ആവശ്യമായ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നമ്മൾ വിഭാവന ചെയ്തതുപോലെ, ഗവൺമെന്റിന്റെ നയം അനുസരിച്ച് മികവിന്റെ കേന്ദ്രമായി നമ്മുടെ മെഡിക്കൽ കോളേജിനെ മാറ്റുന്നതിനുള്ള ശ്രമമാണ് നടത്തിവരുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലമായി മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. നമ്മളെ എല്ലാവരെയും സംബന്ധിക്കുന്ന കാര്യമാണിത്. 717 കോടി രൂപയുടെ കിഫ്ബി പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്ന പ്രശ്നമാണ് ഞാൻ പറയുന്നത്. വർഷം മൂന്ന് കഴിയുകയാണ്. അതിൽ നമ്പർ വൺ കുറ്റവാളി ഇൻകെൽ തന്നെയാണ്. അക്കാര്യത്തിൽ സംശയം വേണ്ട. കർശന നിർദ്ദേശം നൽകാത്തതുകൊണ്ടോ വഴക്ക് ഉണ്ടാക്കാത്തതുകൊണ്ടോ അല്ല. അവരോട് വഴക്ക് ഉണ്ടാക്കുന്നുണ്ട്, നിർദ്ദേശം നൽകുന്നുണ്ട്. പക്ഷെ അതൊന്നും ചെവിക്കൊള്ളാൻ ആരുമില്ല. സീനിയറായ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ലാവണമായി അത് നിൽക്കുകയാണ്. അവരത് ശ്രദ്ധിക്കുന്നുപോലുമില്ല. ഇത്രയും വലിയൊരു പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ യാതൊരു ശ്രദ്ധയും പുലർത്തുന്നില്ല. ഇവരെ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ; 2,3,4 ഘട്ടങ്ങളെല്ലാം സമാന്തരമായി കൊണ്ടുപോയി രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ മെഡിക്കൽ കോളേജിലെ 717 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, 717 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് 2018 മാർച്ച് മാസത്തിലാണ്. ആ ഒക്ടോബറിൽ തന്നെ ഇതിന് സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കണമെന്ന് വളരെ കർശനമായി തന്നെ ഈ കാലയളവിൽ യോഗങ്ങൾ വിളിച്ചുചേർത്ത് പറഞ്ഞിട്ടുണ്ട്. അതിനൊരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ആ രീതിയിൽ തന്നെ മുന്നോട്ടുപോയില്ലെങ്കിൽ കൃത്യമായി പരിശോധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇക്കാര്യത്തിൽ ഇൻകെൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ലാവണമായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞത് ശരിയല്ല. ഡയറക്ടർ ബോർഡിൽ അല്ലാതെ റിട്ടയർ ചെയ്തതോ നിലവിലുള്ളതോ ആയ ഐ.എ.എസ്. ഉദ്യോഗസ്ഥരാരും ഇപ്പോൾ ഇൻകെലിന്റെ ഭാഗമായിട്ടില്ല. മറ്റു കാര്യങ്ങൾ കൃത്യമായി റിവൈവ് ചെയ്ത് പോകുന്നുണ്ട്.

(2) കായിക വിദ്യാഭ്യാസ പരിഷ്കരണം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നമ്മുടെ സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നതിനാൽ പല സ്ഥലങ്ങളിലും വലിയ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മണ്ണിടിഞ്ഞ് വീണ് രണ്ടു കുട്ടികൾ മരണപ്പെട്ട വിവരം വ്യസനസമേതം ഈ സഭയെ അറിയിക്കുകയാണ്. ഈ വിഷയം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ആ കുടുംബത്തിന് ആവശ്യമായിട്ടുള്ള സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഞാൻ ആമുഖമായി അപേക്ഷിക്കുകയാണ്. നമ്മുടെ സമൂഹത്തിലെ കുട്ടികളിലും ചെറുപ്പക്കാരിലും കായികസാക്ഷരതയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നിലവിലെ കായിക വിദ്യാഭ്യാസ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

നമ്മൾ ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും. ഓരോ വ്യക്തിയുടെയും കായികക്ഷമതയെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ട സാഹചര്യമാണ് കോവിഡ് കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇന്ന് കേരളത്തിൽ ജീവിതശൈലീരോഗികളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. കേരളം 'പ്രമേഹ രോഗികളുടെ കൂടാരം' എന്നാണറിയപ്പെടുന്നത്. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിട്ടും നാം ഉദ്ദേശിക്കുന്നതുപോലെയുള്ള ഒരു മുന്നേറ്റം കായിക വിദ്യാഭ്യാസത്തിൽ കൈവരിക്കാൻ നമുക്ക് സാധിക്കുന്നില്ല. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുള്ള ഭാവനാസമ്പന്നമായ പദ്ധതികളും പരിപാടികളുമാവിഷ്കരിച്ച് മുന്നോട്ടുപോകാൻ സർക്കാർ മുൻകയ്യെടുക്കണമെന്നാണ് ആമുഖമായി പറയാനുള്ളത്.

ആരോഗ്യ സംരക്ഷണത്തോടൊപ്പം നമ്മുടെ കായികക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കുന്ന സാഹചര്യവും സംവിധാനവും സൗകര്യങ്ങളുമുണ്ടാകണം. പ്രൈമറി സ്കൂൾ തലം മുതൽ കുട്ടികളിൽ ആരോഗ്യ സംരക്ഷണവും അതോടൊപ്പം കായികക്ഷമതയും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ സിലബസിലുൾപ്പെടുത്തണം. ചെറിയ പ്രായത്തിൽ തന്നെ കുട്ടികൾക്ക് കായികക്ഷമതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കണം. ഒരു കുട്ടി നടക്കുന്നതും ഇരിക്കുന്നതുമടക്കമുള്ള രീതിയെപ്പറ്റി അവർ അറിയണം. കുട്ടികൾ അക്ഷരമാല പഠിക്കുന്നതുപോലെ മൂവിംഗ് ആൽഫബെറ്റ്സ് കൂടി പഠിക്കണം; ആ സിസ്റ്റം നിലവിലില്ല. ചൈന പോലെയുള്ള രാജ്യങ്ങളിൽ വളരെ ചെറുപ്പത്തിൽ തന്നെ നീന്തൽ, സൈക്ലിംഗ് തുടങ്ങിയ കായിക വിനോദങ്ങൾ കുട്ടികൾ ചെയ്യണമെന്നുള്ളത് നിർബന്ധമാണ്. അവിടെ ഒരു കുട്ടി ജനിച്ച് സ്കൂൾ കാലഘട്ടം വരെ സ്കിൽ ഡെവലപ്മെന്റ് ചെയ്ത് അവന്റെ കഴിവ് കണ്ടെത്തുന്ന രീതിയുണ്ട്. എന്നാൽ എൽ. പി. തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ നമ്മുടെ സ്കൂളുകളിൽ അതിനുള്ള സംവിധാനമില്ല. നമ്മുടെ കുട്ടികൾ ഗണിതം, സയൻസ്, ഇംഗ്ലീഷ്, സാമൂഹ്യപാഠം തുടങ്ങിയ വിഷയങ്ങൾ പഠിക്കുന്നതോടൊപ്പം ആരോഗ്യകാര്യങ്ങളും പഠിക്കണം. മാത്രമല്ല, കുട്ടികളിൽ ആരോഗ്യപരമായ ഭക്ഷണരീതി, സമീകൃതാഹാരരീതി എന്നിവയെപ്പറ്റിയും അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

കഴിവുള്ള കായികാദ്ധ്യാപകരുടെ കുറവ്, വിവിധ കായിക വിനോദങ്ങൾ സംഘടിപ്പിക്കുവാൻ പര്യാപ്തമായ കളിസ്ഥലങ്ങളുടെ കുറവ്, കായികശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനകേന്ദ്രങ്ങളുടെ അഭാവം ഇതൊക്കെ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. അന്താരാഷ്ട്രതലത്തിൽ കേരളത്തിന് ഒരു കായിക മേൽവിലാസമുണ്ട്. ഒട്ടേറെ കേരളതാരങ്ങൾ ഈ രാജ്യത്തിനായി അഭിമാനമുഹൂർത്തങ്ങൾ സമ്മാനിച്ചിട്ടുണ്ട്. ശ്രീമതി പി. ടി. ഉഷ, ശ്രീമതി അഞ്ജു ബോബി ജോർജ്ജ്, ശ്രീമതി എം. ടി. വത്സമ്മ, ശ്രീമതി മേഴ്സി കുട്ടൻ, ശ്രീ. മുഹമ്മദ് അനസ്, ശ്രീ. ഇർഫാൻ തുടങ്ങിയ ഒട്ടനവധി കായികപ്രതിഭകൾ നമുക്കുണ്ട്. ആഗോളതലത്തിൽ കായികരംഗം സമാനതകളില്ലാതെ മുന്നോട്ടുപോകുമ്പോൾ, നമുക്ക് അതിനടുത്തേയ്ക്കുപോലും എത്താൻ സാധിക്കുന്നില്ല. ഇക്കഴിഞ്ഞ ഒളിമ്പിക്സിന് തിരശ്ശീല വീണപ്പോൾ ഒരു സ്വർണ്ണമടക്കം 7 മെഡലുകളാണ് നമുക്കുലഭിച്ചത്. ഹോക്കിയിൽ വെങ്കല മെഡൽ നേടിയ ശ്രീ. ശ്രീജേഷ്, 4 & 400 റിലേയിൽ അംഗങ്ങളായ ശ്രീ. മുഹമ്മദ് അനസ്, നോഹ നിർമ്മൽ ടോം, അമോജ് ജേക്കബ് എന്നിവർ നമ്മുടെ അഭിമാനതാരങ്ങളാണ്. അവരെ അനുമോദിക്കാൻ കൂടി ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നു.

അമേരിക്ക, ചൈന, ഓസ്ട്രേലിയ, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങൾ സ്വർണ്ണമെഡലുകൾ വാരിക്കൂട്ടിയപ്പോൾ ജനസംഖ്യയിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന നമ്മുടെ രാജ്യത്തിന് കിട്ടിയത് ഒരു സ്വർണ്ണമാണ്. ഇവിടെയാണ് നമ്മൾ കായിക സാക്ഷരതയെപ്പറ്റി ചിന്തിക്കേണ്ടത്. സാക്ഷരതയിൽ 100% കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ കായിക സാക്ഷരതയിൽ നമുക്ക് വെറും 8% മാത്രമാണുള്ളത്. ഒളിമ്പിക്സിൽ കൂടുതൽ സ്വർണ്ണം നേടിയ രാജ്യങ്ങൾ പരിശോധിച്ചാൽ അവിടെയൊക്കെ കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാണ്. കുട്ടികളിൽ വിദ്യാഭ്യാസകാലത്തുതന്നെ കായികക്ഷമതയെ ഉൾപ്പെടുത്തിയവരാണവർ. പ്രതിഭാശാലികളായ കായികക്ഷമതയുള്ള അത്‌ലറ്റിക്സിലും ഗെയിംസിലും താല്പര്യമുള്ള കുട്ടികളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി അവർക്ക് പ്രത്യേകമായി പരിശീലനം നൽകി രാജ്യത്തിന് സംഭാവന ചെയ്യുവാൻ തരത്തിൽ കായികമേഖല സജ്ജമാക്കണം.

നമ്മുടെ സമ്പത്തും സർക്കാരിന്റെ പണവും ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് ആരോഗ്യമേഖലയിലാണ്, പ്രത്യേകിച്ച് ചികിത്സാ സംവിധാനങ്ങൾക്ക്. മറിച്ച് ആരോഗ്യ സംരക്ഷണത്തിനായുള്ള കായിക സാക്ഷരതയ്ക്ക് നമ്മൾ മുൻതൂക്കം നൽകുന്നില്ല. എന്നാൽ കായിക സാക്ഷരതയ്ക്ക് മുൻതൂക്കം നൽകി ഒരു ജനതയൊന്നാകെ അവരുടെ കായികക്ഷമത വർദ്ധിപ്പിച്ച് ആരോഗ്യം വീണ്ടെടുത്താൽ ആരോഗ്യ സംരക്ഷണത്തിന് ചെലവഴിക്കുന്ന പണം വ്യക്തികൾക്കും സർക്കാരിനും മറ്റ് അവശ്യകാര്യങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കും.

കായികനയത്തിൽ കാര്യമായ മാറ്റം വരുത്തുമെന്നും സംസ്ഥാനത്ത് 3 ഫുട്ബോൾ അക്കാഡമികൾ സ്ഥാപിക്കുമെന്നും നമ്മുടെ സ്പോർട്സ് മന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ കഴിഞ്ഞ നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. കായികമേഖലയുടെ വികസനം ലക്ഷ്യമിട്ട് 1000 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതായും കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കായികമേഖലയുടെ ഗുണപരമായ മാറ്റത്തിന് പര്യാപ്തമായ രീതിയിൽ ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. അതിനു പ്രചോദനം നൽകുന്ന പരിപാടിയായിരുന്നു ഇന്നലെ ആർ. ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ നടത്തിയ 2019 ജി. വി. രാജ മെമ്മോറിയൽ അവാർഡ് സെറിമണി. നമ്മുടെ ഹോക്കി താരം ഒളിമ്പ്യൻ ശ്രീ. ശ്രീജേഷ് അടക്കമുള്ള കായിക പ്രതിഭകളെയും കായിക മേഖലകൾക്ക് വിലപ്പെട്ട സംഭാവനകൾ

അർപ്പിച്ച പ്രഗത്ഭരെയും ഇന്നലെ നമ്മൾ ആദരിക്കുകയുണ്ടായി. ആ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗം വളരുന്ന കായിക താരങ്ങൾക്ക് ആവേശം നൽകുന്നതായിരുന്നു. ആ പരിപാടി വളരെ ഭംഗിയായി സംഘടിപ്പിച്ച നമ്മുടെ സ്പോർട്സ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാനെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഒരു കായിക സർവ്വകലാശാല ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും കായികാദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. വിദ്യാഭ്യാസവകുപ്പുമായി ആലോചിച്ച് പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണം. 'എല്ലാവർക്കും ആരോഗ്യം എല്ലാവർക്കും വിദ്യാഭ്യാസം' എന്നതാവണം വരും തലമുറയ്ക്ക് നാം നൽകേണ്ട സന്ദേശം. 3 വർഷം കഴിഞ്ഞ് പാരീസിൽ നടക്കുന്ന ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി വിലപ്പെട്ട സംഭാവനകൾ നൽകാൻ നമ്മുടെ കായിക മേഖലയ്ക്കു കഴിയണം. അതിന് നേതൃത്വപരമായ പങ്കുവഹിക്കാൻ കായിക കേരളത്തിനു കഴിയണമെന്നാണെനിക്ക് പറയാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കായിക രംഗത്തെ വളരെ പ്രസക്തമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും അടിസ്ഥാന കായികശേഷി നേടിയെടുക്കുന്നതിനൊപ്പം തന്നെ കായികപ്രവർത്തനങ്ങൾ ആത്മവിശ്വാസത്തോടുകൂടി നിർവ്വഹിക്കാനുള്ള കഴിവും ആർജ്ജിക്കുന്നതിനെക്കുറിച്ചാണ് നമ്മളിപ്പോൾ ആലോചിച്ചുവരുന്നത്. ഇതിന്റെ ഭാഗമായാണ് കായിക സാക്ഷരതാ മിഷൻ ആരംഭിക്കാൻ പോകുന്നത്. ഓരോ കുട്ടിക്കും വളർച്ചയുടെ ഓരോ ഘട്ടത്തിലും കൈവരിക്കേണ്ട ശേഷികളും കഴിവുകളും കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പ്രീ പ്രൈമറിതലം മുതൽ ആരംഭിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി ഈ കഴിവുകൾ കുട്ടികളിൽ വളർത്തിയെടുക്കുകയും അവ നിലനിർത്താനുള്ള ശ്രമം ഉണ്ടാവുകയും വേണം. അടിസ്ഥാനശേഷികളായ നടത്തം, ഓട്ടം, ചാട്ടം, എറിയൽ, ക്യാച്ചിംഗ് തുടങ്ങിയ വിവിധ ശാരീരിക ഏകോപനശേഷികൾ ശാസ്ത്രീയമായി ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തമാക്കണം. അത്തരത്തിലുള്ള കായികക്ഷമത നേടിയെടുത്താൽ മാത്രമേ ജീവിതശൈലീ രോഗങ്ങളെയും പകർച്ചവ്യാധികളെയും പ്രതിരോധിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ, കുട്ടികളിലും ചെറുപ്പക്കാരിലും കായിക സാക്ഷരത സംബന്ധിച്ച അവബോധം സൃഷ്ടിക്കാനും നിലവിലെ കായിക വിദ്യാഭ്യാസ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കാനുമുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

എല്ലാ ജനങ്ങളിലും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിയെടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികസാക്ഷരതാ മിഷന്റെ പ്രവർത്തനം നടത്താനാണ് ആഗ്രഹിക്കുന്നത്. ഇതിനുള്ള നടപടികൾ ആവിഷ്കരിച്ച് വരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാകും. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടതുണ്ട്. അതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായകമാകും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്.

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവും ആയ കഴിവുകൾ വർദ്ധിപ്പിക്കാനും അവരെ കായികരംഗത്തേയ്ക്ക് ആകർഷിക്കാനും സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കാനും നിലവിൽ പ്ലേഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കായികക്ഷമതയും ആരോഗ്യവും ഉറപ്പുവരുത്താനായി കായിക കാര്യാലയത്തിന് കീഴിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതിനും ലളിതമായ ഉപകരണങ്ങളിലൂടെ ജനങ്ങളെ വ്യായാമത്തിന് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് മുനിസിപ്പൽതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. താഴേത്തട്ടിൽ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ കായികപ്രവർത്തനങ്ങൾ വ്യാപകമാക്കാൻ സാധിക്കും. എല്ലാ പഞ്ചായത്തുകളിലും കളിക്കളം എന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായി സർവ്വേനടപടികൾ പൂർത്തീകരിച്ചുവരികയാണ്. മെച്ചപ്പെട്ട കായികസംസ്കാരം വളർത്തിയെടുക്കുന്നതിൽ ഗ്രാമീണ കളിക്കളങ്ങൾ പ്രധാനമാണ്. കളരി ഉൾപ്പെടെയുള്ള ആയോധനകലകൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. യോഗ കൂടുതൽ ജനകീയമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. സ്പോർട്സ് സ്കൂളിലെ കരിക്കുലത്തിന്റെ ഭാഗമായി പുതിയ കരിക്കുലം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. അതിൽ പൊതുവിദ്യാലയങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത 'ഹെൽത്ത് കിഡ്സ് പദ്ധതി നടപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടുത്ത

യോഗം ചേരുന്നതോടുകൂടി ഈ നടപടികൾ പൂർത്തിയാകുമെന്നാണ് വിശ്വസിക്കുന്നത്. ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ പൊതുസിലബസ്സിനൊപ്പം തന്നെ കായികയിനം പ്രത്യേക സിലബസായി ഉൾപ്പെടുത്താൻ പുതിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് ക്വാട്ടയിൽ നിയമിക്കപ്പെടുന്ന കായിക താരങ്ങളുടെ മികവും അനുഭവസമ്പത്തും വിദ്യാലയങ്ങളിൽ പ്രയോജനപ്പെടുത്താനും സ്കൂളുകളിലെ പി.ടി. പിരിയഡ് കായിക കാര്യങ്ങൾക്കുമാത്രമായി നിജപ്പെടുത്താനും തീരുമാനമായിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ കായികനയം രൂപീകരിക്കാനുള്ള നടപടി പുരോഗമിച്ചു വരികയാണ്. മുഴുവൻ ജനങ്ങളെയും കായിക പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കാനും അതിലൂടെ ആരോഗ്യമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കാനും ശ്രമങ്ങൾ നടക്കുകയാണ്. കായികസാക്ഷരതയും കായികപ്രവർത്തനങ്ങളും പ്രചരിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് ഒരു ഉയർന്ന കായികസംസ്കാരം വളർത്തിയെടുക്കാനും അതിലൂടെ മുഴുവൻ ജനങ്ങളുടെയും ക്ഷേമവും സന്തോഷവും (വെൽനസ് ആൻഡ് ഹാപ്പിനസ്) എന്ന മഹത്തായ ലക്ഷ്യം സാധ്യമാക്കാനുമാണ് ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി കായിക പ്രവർത്തനങ്ങളുടെ കൂടുതൽ പ്രചരണത്തിനുവേണ്ടി മാരത്തോണുകൾ സംഘടിപ്പിക്കാനും എല്ലായിനങ്ങളിലും സംസ്ഥാനത്തൊട്ടാകെ പുതിയ ചാമ്പ്യൻഷിപ്പുകളും പ്രവർത്തനങ്ങളും നടത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയത്തെ ഒരു അന്തർദേശീയ സ്റ്റേഡിയമാക്കി മാറ്റുന്നതിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെയുണ്ട്. നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ വച്ചുകൊണ്ടുതന്നെ നിരവധി ദേശീയമത്സരങ്ങൾ അവിടെ സംഘടിപ്പിച്ചിട്ടുണ്ട്. ആ സ്റ്റേഡിയം അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സർവ്വകലാശാലയിൽ ഇപ്പോൾത്തന്നെ നല്ല സ്റ്റേഡിയങ്ങളുണ്ട്. കോഴിക്കോട് ജില്ലാസ്റ്റേഡിയം അന്തർദേശീയ തലത്തിൽത്തന്നെ നിർമ്മിക്കാൻ 50-ഓളം കോടി രൂപയുടെ ഒരു പദ്ധതി നിലവിൽ നടന്നുവരികയാണ്. അതിനാവശ്യമായ സ്ഥലം തരപ്പെടുത്താൻ ശ്രമിക്കുകയാണ്. കോഴിക്കോടുതന്നെ ഏറ്റവും നല്ല ഇൻഡോർ സ്റ്റേഡിയം മെഡിക്കൽ കോളേജിനടുത്ത് നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സർവ്വകലാശാലയുടെ സ്റ്റേഡിയങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പം ജില്ലാ സ്റ്റേഡിയം അവിടെ നിലവിൽവരുമ്പോൾ അങ്ങ് പറയുന്ന കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കാനും സാധിക്കും.

## IV സബ്മിഷൻ

### (1) ശബരിമല സ്ത്രീപ്രവേശനം, പൗരത്വ ഭേദഗതി പ്രക്ഷോഭങ്ങളിലെ കേസുകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശബരിമല സ്ത്രീ പ്രവേശനം, പൗരത്വ ഭേദഗതി നിയമം എന്നിവയോടനുബന്ധിച്ച് നടന്ന സമരങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ പിൻവലിക്കും എന്നൊരു നിലപാടാണ് സർക്കാർ സ്വീകരിച്ചിരുന്നത്. 'പൗരത്വ നിയമഭേദഗതിക്കെതിരെ കേരളത്തിൽ അഭൂതപൂർവ്വമായ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. ആ പ്രതിഷേധത്തിൽ പങ്കെടുത്തവർക്കെതിരെ കേസ്സെടുക്കുകയെന്നത് സർക്കാരിന്റെ നയമേയല്ല. ഇത്തരം പ്രക്ഷോഭത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഒരു ഏജൻസിയിൽനിന്നും ഉണ്ടായിട്ടില്ല' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ശബരിമല സ്ത്രീപ്രവേശനം, പൗരത്വഭേദഗതി നിയമം എന്നീ പ്രശ്നങ്ങളിൽ സംസ്ഥാനത്തുനടന്ന പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത എല്ലാ കേസ്സുകളും പിൻവലിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചുവെന്ന് മന്ത്രിസഭാ യോഗ തീരുമാനമായി പുറത്തുവന്നു. പക്ഷേ CAA -യുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 836 കേസ്സുകളിൽ 13 എണ്ണം മാത്രമാണ് പിൻവലിച്ചത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 2636 കേസ്സുകളുണ്ട്, അവ പിൻവലിച്ചിട്ടില്ല. സംസ്ഥാനത്ത് 2016 മുതൽ 2021 സെപ്റ്റംബർ 30-ാം തീയതിവരെ 5325 കേസ്സുകൾ സർക്കാർ വേറെ പിൻവലിച്ചിട്ടുണ്ട്. അത് ഇതുമായി ബന്ധപ്പെട്ടല്ല, സാധാരണ എല്ലാ സർക്കാരുകളും പിൻവലിക്കുന്നതുപോലെ സർക്കാർ താൽപ്പര്യമുള്ള 5325 കേസ്സുകൾ പിൻവലിക്കാൻവേണ്ടി എൻ.ഒ.സി. കൊടുത്തിട്ടും സി.എ.എ-ൽ രജിസ്റ്റർ ചെയ്ത 836 കേസ്സുകളിൽ 13 എണ്ണം മാത്രമാണ് പിൻവലിച്ചത്. അവയെല്ലാംതന്നെ സമാധാനപരമായി നടന്ന സമരങ്ങളാണ്. ശബരിമലയുമായി ബന്ധപ്പെട്ട 2636 കേസ്സുകളുണ്ട്. അതിൽ ചില അക്രമസമരങ്ങളുമുണ്ട്. അവ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നില്ല. പക്ഷേ ഈ രണ്ട് വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും നൽകിയ ഉറപ്പുപാലിച്ച് CAA-ൽ രജിസ്റ്റർ ചെയ്ത 836 കേസ്സുകളും ശബരിമല വിഷയവുമായി ബന്ധപ്പെട്ട അക്രമസ്വഭാവമില്ലാത്ത മറ്റെല്ലാ കേസ്സുകളും പിൻവലിക്കണം. ഇപ്പോൾ കേസ്സുകളെല്ലാം കോടതിയിൽ വിളിച്ചുതുടങ്ങി. സമൻസ് വന്നുതുടങ്ങി. കോടതിയിൽ ഹാജരായി തുടങ്ങി. പക്ഷേ ഗവൺമെന്റ് പിൻവലിക്കുമെന്ന് പറഞ്ഞിട്ടുള്ള ഒരു നടപടിയും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടില്ല. ഇത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 26-2-2021 -ലെ സ.ഉ.നമ്പർ 70/2021/ആഭ്യന്തരം അനുസരിച്ച് ശബരിമല സ്ത്രീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ടുണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്നും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെത്തുടർന്നും സംസ്ഥാനത്തുണ്ടായ വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസ്സുകൾ പിൻവലിക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ തൽസ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. കേസ്സുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി ക്രൈംബ്രാഞ്ച് ഐ.ജി.-യും സ്പെഷ്യൽ സെൽ എസ്.സി.ആർ.ബി. (State Crime Records Bureau) വിഭാഗങ്ങളുടെ പോലീസ് സൂപ്രണ്ടുമാരും ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് പോലീസ് മേധാവി രൂപം നൽകിയിട്ടുണ്ട്. കേസ്സുകൾ പിൻവലിക്കുന്നതിനാവശ്യമായ നടപടികൾക്കായി വിവരങ്ങൾ ക്രോഡീകരിച്ച് അവ പരിശോധിക്കുന്ന ചുമതലയും ഈ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. ഓരോ കേസ്സും പ്രത്യേകം പരിശോധിച്ചശേഷം ക്രിമിനൽ നിയമസംഹിതയിലെ 321-ാം വകുപ്പുപ്രകാരം കോടതിയുടെ അനുമതിയോടെയാണ് പിൻവലിക്കാൻ സാധിക്കുന്നത്. കേസ്സുകൾ പിൻവലിക്കുന്നതിന് അനുമതി നൽകേണ്ടത് ബഹുമാനപ്പെട്ട കോടതികളാണ്. കോടതിയുടെ പരിധിയിൽവരുന്ന വിഷയമായതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ പരിമിതിയുണ്ട്. എന്നിരുന്നാലും സർക്കാർതലത്തിലുള്ള നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് വീണ്ടും നിർദ്ദേശം നൽകുന്നതാണ്.

മി. ചെയർമാൻ: ഇന്ന് നാല് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടതുള്ളതിനാൽ സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും സമയക്ലിപ്തത പാലിച്ച് പരമാവധി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## (2) റാന്നിയിലെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, അർഹതപ്പെട്ട എല്ലാവർക്കും ഭൂമിയും ആ ഭൂമിക്ക് രേഖയും നൽകാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് നടത്തുന്ന ആത്മാർത്ഥമായ പരിശ്രമങ്ങളെയും ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റിന്റെ ആ നയത്തോട് നീതിപുലർത്തി കളക്ടറുടെ നേതൃത്വത്തിൽ ജില്ലയിൽ റവന്യൂ വകുപ്പ് നടത്തുന്ന പരിശ്രമങ്ങളെയും ഞാൻ ആദ്യംതന്നെ അഭിനന്ദിക്കുകയാണ്. എന്നാൽ കാലാകാലങ്ങളായി തുടരുന്ന സങ്കീർണ്ണമായ പട്ടയപ്രശ്നങ്ങളാണ് എന്റെ നിയോജകമണ്ഡലമായ റാന്നിയിൽ നിലനിൽക്കുന്നത്. അത് പരിഹരിക്കാൻ റവന്യൂ, വനം, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സംയുക്ത യോഗങ്ങളും സംയുക്ത പരിശോധനയും തുടർ ഇടപെടലുകളും സമയബന്ധിതമായി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ചില ഉദാഹരണങ്ങൾ മാത്രം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. പെരുംപെട്ടിയുമായി ബന്ധപ്പെട്ട വിഷയം ഈ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. എന്നാൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത മിനി സർവ്വേ ടീമിന്റെ സർവ്വേ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കൊല്ലമുള വില്ലേജിലെ പരുവയിലും മറ്റ് പല സ്ഥലത്തും 1977-ന് മുമ്പ് കയ്യേറിയിട്ടുള്ള വനഭൂമി, അനധികൃതമായ ആ കയ്യേറ്റം ക്രമപ്പെടുത്തുന്നതിനായി കേന്ദ്ര പരിസ്ഥിതി- വനം മന്ത്രാലയത്തിന്റെ പരിശോധന ഇപ്പോൾ നടന്നിട്ടുണ്ട്. എന്നാൽ ഉദാഹരണമായി പറഞ്ഞ ഈ സ്ഥലം നിയമാനുസൃതമായി കൈമാറിക്കിട്ടിയതിനാൽ ഈ പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടില്ല. അത് പരിഹരിക്കുന്നതിന് ഇടപെടലുണ്ടാകണം. മണ്ണടിശ്ശാലയിലെ കക്കുടുക്ക എന്ന സ്ഥലത്തെ പട്ടയവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം ആവശ്യമാണ്. 1951-ൽ തിരുവിതാംകൂർ-കൊച്ചി സർക്കാർ 1500 ഏക്കർ ഭൂമി നൽകിയിരുന്ന വെച്ചൂച്ചിറയിലെ എക്സ്സർവ്വീസ്മെൻ കോളനിയിലും പട്ടയം നൽകാനുള്ള നടപടി വേഗത്തിലാക്കണം. പത്തനംതിട്ട ജില്ലയിലെ ഏറ്റവും വലിയ പട്ടികവർഗ്ഗ കോളനിയായ അടിച്ചിപ്പുഴയിൽ വനാവകാശ രേഖ നൽകിയിട്ടുണ്ട്. എന്നാൽ ഭൂമി റവന്യൂ റിക്കോർഡിലുൾപ്പെട്ടിട്ടുള്ള പുറമ്പോക്കിലുണ്ട്. അവിടത്തെ വനാവകാശ രേഖയും കൈവശരേഖയും റദ്ദ് ചെയ്ത് പട്ടയം നൽകാൻ കഴിയണം. അരയാഞ്ഞിലിമൺ, ഒളികല്ല് പോലുള്ള പ്രദേശങ്ങൾ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ കേന്ദ്രാനുമതി ലഭ്യമാക്കാനാവശ്യമായ ഫോളോ അപ് നടത്താൻ കഴിയണം. നിർഭാഗ്യവശാൽ കുരുമ്പൻമുഴി, മണക്കയം പോലുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല. 1968-ൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മലവേട സമുദായത്തിന് അനുവദിച്ച വലിയപതാൽ പ്രദേശത്തും പട്ടയപ്രശ്നം നിലനിൽക്കുന്നു. വടശ്ശേരിക്കരയിലെ മുക്കുഴി പോലുള്ള സ്ഥലങ്ങളിൽ റീസർവ്വേ നടത്തിയെങ്കിൽമാത്രമെ പട്ടയപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. അത്തിക്കയത്തെ തെക്കേത്തൊട്ടി, കടുമീൻചിറ, കുടമുരുട്ടി തുടങ്ങിയ സ്ഥലങ്ങളിലും അട്ടത്തോട് പോലുള്ള പ്രദേശങ്ങളിലും വനംവകുപ്പുമായുള്ള തർക്കം നിലനിൽക്കുന്നു.

എയ്ഞ്ചൽവാലിയിൽ 76 കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കേണ്ടത്. പത്തനംതിട്ട ജില്ലയുടെ അതിർത്തി പമ്പാനദി ഒഴുകുന്ന പ്രദേശത്ത് റീഫിക്സ് ചെയ്ത് വ്യക്തത വരുത്തിയാൽ മാത്രമെ നമുക്ക് പട്ടയം നൽകാൻ സാധിക്കു. അതുപോലെ അമ്പലപ്പാറയിലും അരയൻപാറയിലും ഇപ്പോഴും പട്ടയപ്രശ്നം നിലനിൽക്കുകയാണ്. എല്ലാ പ്രദേശങ്ങളും ഞാൻ പരാമർശിക്കുന്നില്ല. സങ്കീർണ്ണമായ ഈ പ്രശ്നങ്ങളുടെ കുരുക്കഴിക്കാൻ നടത്തുന്ന ശ്രമങ്ങൾ സമയബന്ധിതമാക്കാൻ വനം, റവന്യൂ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സംയുക്തമായ യോഗങ്ങളും ഇടപെടലുകളും നടപടികളുമുണ്ടാകണമെന്നാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരാനാഗ്രഹിക്കുന്നത്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പത്തനംതിട്ട ജില്ലയിലെ റാന്നി, കോന്നി നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ദീർഘകാലമായി പട്ടയവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. അങ്ങ് അവതരിപ്പിച്ച കാര്യങ്ങളെല്ലാം ശരിയായ കാര്യവുമാണ്. അങ്ങേയ്ക്കറിയാവുന്നതുപോലെ റവന്യൂ വകുപ്പിന്റെ ഇപ്പോഴത്തെ നിലപാട് 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന മുദ്രാവാക്യത്തിലൂന്നിയുള്ളതാണ്. അക്കാര്യത്തിൽ പത്തനംതിട്ട ജില്ലയിൽ പ്രത്യേകിച്ച് റാന്നി, കോന്നി മണ്ഡലങ്ങളിൽ റവന്യൂ വകുപ്പ് നേതൃത്വപരമായ പങ്ക് വഹിച്ചുകൊണ്ട് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്ന കാര്യം അങ്ങേയ്ക്കറിയാമെന്ന് ഞാൻ വിചാരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ച പ്രശ്നങ്ങൾ വളരെ സുദീർഘമാണെങ്കിലും വിഷയത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ഈ കാര്യങ്ങളിൽ വ്യക്തത വരുത്താനാണ് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നത്.

വനം വകുപ്പിന്റെ റെക്കോർഡുകൾ പ്രകാരം പത്തനംതിട്ട ജില്ലയിലെ റാന്നി, കോന്നി ഫോറസ്റ്റ് ഡിവിഷനുകളിൽ 25 ട്രൈബൽ സെറ്റിൽമെന്റുകളാണുള്ളത്. ഇതിൽ അരയാഞ്ഞിമൺ, കുടമുരുട്ടി, ഒളിക്കല്ല്, എന്നീ ട്രൈബൽ സെറ്റിൽമെന്റുകളിൽ ഏകദേശം 1-1-1977-നു മുമ്പ് വന ഭൂമിയിൽ അനധികൃത കയ്യേറ്റം ക്രമവൽക്കരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി പട്ടയമനുവദിക്കുന്നതിനായി നടത്തിയ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടു വരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ കൊല്ലമുള വില്ലേജിൽ പരുവ, മണ്ണടിശ്ശാല, കൊല്ലമുള, കക്കുടുക്ക, വലിയപതാൽ,

ചേർത്തലയ്ക്കൽ വില്ലേജ്, വെച്ചൂച്ചിറ, അരയാഞ്ചിലിമൺ എന്നീ ഭാഗങ്ങളിലെ കൃഷിക്കാർക്കും ദശാബ്ദങ്ങളായി കൈവശം വച്ചനുഭവിച്ചുവരുന്ന താമസക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരികയാണ്. എന്നാൽ നിയമാനുസൃതം വനത്തിൽ അധിവസിച്ചിരുന്ന ഭൂരിഭാഗം പ്രദേശങ്ങളും ഈ സംയുക്ത പരിശോധനയിൽ ഉൾപ്പെടാത്തതും ഇവയ്ക്ക് 1993-ലെ ചട്ടപ്രകാരം പട്ടയമനുവദിക്കാൻ സാധിക്കുന്നതുമല്ല. ഈ പ്രദേശങ്ങളിൽ നിലവിൽ ആദിവാസികളെ കൂടാതെ ഇതര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും താമസിച്ചുവരുന്നുണ്ട്. ഇത്തരം വ്യക്തികൾക്ക് പട്ടയമനുവദിക്കുന്നതിന് വനം വകുപ്പിന്റെ 22-4-1974-ലെ ജി.ഒ. നമ്പർ 25074/എ.ഡി. ഉത്തരവും റവന്യൂ വകുപ്പിന്റെ കീഴിലെ 2-6-2020-ലെ ജി.ഒ. (ആർ.റ്റി.) 2020/2020/റവന്യൂ ഉത്തരവും സംയുക്തമായി പരിശോധിച്ച്, ഈ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കും പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിന് വനം/റവന്യൂ വകുപ്പുകളുടെ സംയുക്തമായൊരു യോഗം കൂടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഇവിടെ ഇതര വിഭാഗത്തിൽപ്പെട്ട 220 കൈവശക്കാരുണ്ട്. ഇവരുടെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, റാന്നി താലൂക്കിൽനിന്നും ഒരു സ്പെഷ്യൽ ടീമിനെ ഇപ്പോൾ നിയോഗിച്ചിട്ടുണ്ട്. വലിയപതാൽ ചേർത്തലയ്ക്കൽ വില്ലേജിൽ 1968-ൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മലവേട സമുദായക്കാരായ 38 ആദിവാസികൾക്ക് രണ്ട് ഏക്കർ വച്ച് 76 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. 1974-ൽ പട്ടയം നൽകിയ ആദ്യഘട്ടത്തിൽ ഇതിലെ പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുമുണ്ട്. ശേഷിച്ച 26 കുടുംബങ്ങൾക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഈ സ്ഥലങ്ങൾ മറ്റിതര സമുദായത്തിൽപ്പെട്ടവർക്ക് കൈമാറിയശേഷം സ്ഥലം വിട്ടുപോയിട്ടുള്ളതാണ്. ഇത് അരമ്പിൽ ഫോറസ്റ്റ് ലാൻഡിൽപ്പെട്ട സ്ഥലമാണ്. പത്തനംതിട്ട ജില്ലയിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന ഭൂമിക്ക്, പട്ടയമനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ, കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ഇപ്പോൾ സമർപ്പിച്ചിരിക്കുകയാണ്. മിനി സർവ്വേ ടീമിന്റെ സംയുക്ത സർവ്വേ പൂർത്തീകരിക്കുന്നമുറയ്ക്കും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നമുറയ്ക്കും പെരുമ്പട്ടി, പൊന്തൻമുഴ മേഖലകളിൽ പട്ടയം നൽകുന്ന തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അങ്ങയെ സന്തോഷപൂർവ്വം അറിയിക്കുകയാണ്.

## (3) WCS പട്ടയഭൂമിയിലെ പ്രശ്നങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ വിമുക്ത ഭടന്മാർക്ക് WCS പട്ടയം അനുവദിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 29-7-2020-ൽ പുറപ്പെടുവിച്ച വിധിന്യായമനുസരിച്ചുള്ള നിയന്ത്രണവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അസൈൻമെന്റ് ആക്റ്റ് സെക്ഷൻ 3 പ്രകാരം 1969-ലെ ചട്ടമനുസരിച്ചാണ് കോളനൈസേഷൻ സ്കീം കൊണ്ടുവന്നത്. അതനുസരിച്ച് വിമുക്ത ഭടന്മാർക്ക് അഞ്ചേക്കർ ഭൂമിയാണ് പതിച്ചുനൽകിയിട്ടുള്ളത്. എന്നാൽ ചട്ടം 6, 7 അനുസരിച്ച് പതിച്ചുനൽകിയ ഭൂമി, ഭൂപതിവ് ചട്ടം 4-ലെ നിബന്ധനകൾക്ക് ബാധകമല്ല. എന്നാൽ ഇന്ന് വയനാട് ജില്ലയിൽ കോടതി വിധിയനുസരിച്ച് വലിയ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. മാത്രമല്ല, കേരളത്തിൽ അനുവദിച്ചത് മൂന്ന് ജില്ലകളിലാണ്. വയനാട് ജില്ലയിൽതന്നെ ഏതാണ്ട് 45,000 ഏക്കർ ഭൂമി, രണ്ടായിരത്തോളം വിമുക്തഭടൻമാരുടെ കുടുംബങ്ങൾക്കാണ് പതിച്ചുനൽകിയത്. അതിൽ പന്ത്രണ്ടായിരം ഏക്കർ ഭൂമി റവന്യൂ ഭൂമിയും 33,000 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് വാങ്ങിയുമാണ് സർക്കാർ പതിച്ചുനൽകിയിട്ടുള്ളത്. ഇതുമൂലം വയനാട് ജില്ലയിലെ ആറ് പഞ്ചായത്തുകളിൽ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് ഇന്നലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവിന്റെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രിയുമായി അവർ ചർച്ച നടത്തി. ഇന്നലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയേയും കണ്ട് മന്ത്രിയുടെ ശ്രദ്ധയിലും ഈ വിഷയം പെടുത്തിയിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഈ ഭൂമി ഇവരുടെ മക്കൾക്കും സ്വന്തക്കാർക്കുമെല്ലാം പാർട്ടീഷൻ ചെയ്തുകൊടുത്തു. മാത്രമല്ല, ഭൂമി വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. അഞ്ചുസെന്റും പത്തുസെന്റുകളുമായി പ്രധാനപ്പെട്ട ടൗണുകളിലാണിതുള്ളത്. മാത്രമല്ല, ഈ ഭൂമിയിൽ ഒരു വീട് നിർമ്മിക്കുന്നതിനോ മറ്റ് കെട്ടിടങ്ങൾ പണിയുന്നതിനോ പഞ്ചായത്തുകളുടെ പെർമിഷനുവേണ്ടി പോകുമ്പോൾ വില്ലേജാഫീസുകളുടെ സാക്ഷ്യപത്രം വേണമെന്നാണ് അവർ പറയുന്നത്. വില്ലേജാഫീസർ സാക്ഷ്യപത്രം നൽകുന്നത് കൃഷിക്കുമാത്രം പതിച്ചുനൽകിയ ഭൂമിയെന്ന് പറഞ്ഞുകൊണ്ടാണ്. കോടതി ഉത്തരവനുസരിച്ച് വീട് വയ്ക്കുന്നതിനോ അല്ലെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ പെർമിഷൻ കൊടുക്കാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധിയാണ് വയനാട് ജില്ലയിലെ ഏതാണ്ട് പതിനായിരത്തോളം

കുടുംബങ്ങൾ ഇന്ന് നേരിടുന്നത്. ഏറ്റവും കൂടുതൽ കുടുംബങ്ങൾ എന്റെ നിയോജകമണ്ഡലത്തിലാണ്. സുൽത്താൻ ബത്തേരി, അമ്പലവയൽ, നൂൽപ്പുഴ മേഖലകളിൽവരുന്ന ഈ പഞ്ചായത്തുകളിൽ ഇത്തരം പ്രതിസന്ധികൾ നേരിടുന്നുണ്ട്. ലാൻഡ് അസൈൻമെന്റ് ആക്റ്റ് 1964-ന്റെ ഭാഗമായി 1969-ലെ ചട്ടമനുസരിച്ചാണ് കോളനൈസേഷൻ സംവിധാനങ്ങൾ വന്നിട്ടുള്ളത്. ഈ കുടുംബങ്ങളെ സംരക്ഷിക്കണം, അവർക്കൊരു വീട് വയ്ക്കാൻ കഴിയണം. പത്ത് സെന്റ് ഭൂമിയിൽ എങ്ങനെയാണ് കാർഷികോൽപ്പന്നങ്ങൾ കൃഷി ചെയ്യാൻ കിഴിയുന്നത്? ഇപ്പോൾ ആ ഭൂമി അഞ്ചും പത്തും ഇരുപതും സെന്റുകളായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ഈ ചട്ടം ഭേദഗതി ചെയ്തുകൊണ്ട് ഓരോ കുടുംബത്തെയും സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യങ്ങൾ വ്യക്തമായി അറിയാവുന്നതാണ്. ഇത് ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഉത്തരവിലാണ് പറഞ്ഞിരിക്കുന്നത്. ഈ ഉത്തരവിന്റെ ഭാഗമായി 29-7-2020-ൽ കോടതി ഒരു വിധിന്യായം പുറപ്പെടുവിച്ചിരുന്നു. 4-9-2020-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർമാർക്ക് കത്ത് നൽകിയിരുന്നു. 28-10-2020-ൽ ജില്ലാ കളക്ടർ, എല്ലാ തഹസീൽദാർമാർക്കും കത്തയച്ചിരുന്നു. അത് വില്ലേജുകളിലേയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണങ്ങളേർപ്പെടുത്തിയത്. ഇത് ഗവൺമെന്റ് കൃത്യമായി പരിശോധിച്ച് ഒരു ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് സഭയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതും അങ്ങ് ഉദ്ദേശിച്ച അർത്ഥത്തിലല്ലെങ്കിലും അതിന് വ്യത്യസ്തമായിട്ടുള്ള തലങ്ങളുള്ളതുമാണ്. വയനാട് കോളനൈസേഷൻ സ്കീം പ്രകാരം വിമുക്ത ഭടൻമാർക്ക് പതിച്ചുനൽകിയ ഭൂമിയിൽ താമസേതര ആവശ്യത്തിനുവേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-6-2020-ലെ WP(C)17983/2019, 29865/2019, 32098/2019 എന്നീ നമ്പർ കേസുകളിലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പൊസഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ, നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭൂമി, 1960-ലെ കേരളാ ലാൻഡ് അസൈൻമെന്റ് ആക്റ്റ് പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ/അല്ലയോ

എന്ന വിഷയംകൂടി ബന്ധപ്പെട്ട വില്ലേജാഫീസർമാർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവുചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമെ ബന്ധപ്പെട്ട റവന്യൂ അധികാരികൾ പൊസഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടുള്ളൂ എന്നും 2-12-2020-ലെ സ.ഉ.290/2020 ആർ.ഡി. നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 1-10-2021-ൽ അപേക്ഷകന്റെ സത്യവാങ്മൂലം നിർബന്ധമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. റവന്യൂ അധികാരികൾ അനുവദിക്കുന്ന പൊസഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പ്രകാരം എന്താവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന വിവരം പരിശോധിച്ചതിനുശേഷം അതനുസരിച്ച് മാത്രമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾ പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകി തദ്ദേശസ്വയംഭരണ വകുപ്പ് 22-2-2021-ലെ 61/2021 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വയനാട് colonisation scheme പ്രകാരമുള്ള ചട്ടങ്ങൾ കേരള ഭൂപതിവ് നിയമം 1960-ന്റെ സെക്ഷൻ 3 അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നകാര്യം അടിയന്തര പരിഗണനയിലാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം ഗൗരവമുള്ളതാണ്. വയനാട് colonisation scheme rule 1969-ൽ പറഞ്ഞിട്ടുള്ള ആറ് കണ്ടീഷനുകളിൽ യഥാർത്ഥത്തിൽ ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും വിധേയമായതിനെ സംബന്ധിച്ചോ പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് യാഥാർത്ഥ്യമാണ്. 1964-ലെ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പതിച്ചുകൊടുക്കാനാണ് 1969-ലെ വയനാട് colonisation scheme റൂളിൽ പറഞ്ഞതെന്നതാണ്. ഇതിന്റെ തടസ്സം 1964-ലെ ചട്ടം അനുസരിച്ച് വീടിനും കൃഷിക്കും കൃഷിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമെ ഭൂമി കൊടുക്കുവാൻ പാടുള്ളൂ. ഭൂമി മുറിച്ചുകൊടുക്കുവാൻ പാടുണ്ടോയെന്ന് നിയമപരമായി പരിശോധിക്കേണ്ട പ്രശ്നമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വയനാട്ടിലെ മഹാഭൂരിപക്ഷം സ്ഥലങ്ങളും ഇത്തരം ചില പ്രശ്നങ്ങളുടെ ഭാഗമാണെന്നുള്ളതുകൊണ്ട് നിയമ വകുപ്പുൾപ്പെടെ ആലോചിച്ച് ഇക്കാര്യങ്ങളിലുള്ള ആശങ്ക പരിഹരിക്കാനുള്ള നടപടികൾ പരിശോധിച്ചുവരികയാണെന്ന കാര്യം അങ്ങയെ അറിയിക്കുന്നു.

## (4) കേരള ഗ്രാമീൺ ബാങ്കിന്റെ ഓഹരി മൂലധനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ ഗ്രാമീണ ജനവിഭാഗങ്ങളുമായി ഏറെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനമാണ് കേരള ഗ്രാമീൺ ബാങ്ക്. ബാങ്കിന്റെ ഓഹരി നിക്ഷേപത്തിന്റെ 50 ശതമാനം കേന്ദ്രഗവൺമെന്റും 35 ശതമാനം കാനറാ ബാങ്കും 15 ശതമാനം സംസ്ഥാന ഗവൺമെന്റും എന്ന നിലയിലാണ്. മൂലധന പര്യാപ്തത അനുപാതം (capital adequacy ratio) കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച ഒൻപത് ശതമാനം എത്തണമെങ്കിൽ ഓഹരി ഉടമകൾ കൂടുതൽ മൂലധനം നൽകേണ്ടതുണ്ട്. ഈ പ്രശ്നത്തിൽ ഗ്രാമീൺ ബാങ്ക് സംസ്ഥാന ഗവൺമെന്റിന് കത്തയയ്ക്കുകയും പ്ലാനിംഗ് വിഭാഗത്തിൽനിന്ന് ഒരുദ്യോഗസ്ഥൻ ബാങ്കിന് മറുപടി അയയ്ക്കുകയുമുണ്ടായി. മറുപടികത്ത് പലതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു. ഗവൺമെന്റിനെതിരായ പ്രചാരണം ഇതിന്റെ മറവിൽ നടന്നുവരികയാണ്. അദ്ദേഹം അയച്ച കത്ത് ഗവൺമെന്റ് നയത്തിൽനിന്ന് വ്യതിചലിച്ചോയെന്ന് പരിശോധിക്കണം. പൊതുമേഖലാ സംരക്ഷണത്തിൽ രാജ്യത്തിന് മാതൃകയായി പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. ഗ്രാമീണ മേഖലയിലെ ഷെയർ വിഹിതം വർദ്ധിപ്പിച്ച് നൽകേണ്ടതുണ്ട്. ഷെയർ വിഹിതം നൽകുന്നതിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നിലവിൽ കേരള ഗ്രാമീണ ബാങ്കിന്റെ ഓഹരി മൂലധനം (paid up capital) 8.41 കോടി രൂപയാണ്. 2021 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് കേരള ഗ്രാമീൺ ബാങ്കിന്റെ മൂലധന പര്യാപ്തത അനുപാതം 6.7 ശതമാനമാണ്. ഈ പറഞ്ഞ മൂലധനവും paid up capital-ലും റിസർവ്വുമെല്ലാംകൂടി ചേർന്നതാണിത്. എന്നാൽ റിസർവ് ബാങ്കിന്റെ നിബന്ധനയനുസരിച്ച് ഇത് ഒൻപത് ശതമാനമായിരിക്കണം. മൂലധന പര്യാപ്തത അനുപാതം ഒൻപത് ശതമാനത്തിൽ കുറവായതിനാൽ കേരള ഗ്രാമീൺ ബാങ്കിന് വായ്പകൾ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഓഹരി മൂലധനം വർദ്ധിപ്പിക്കേണ്ടതുണ്ട്. മൂലധന പര്യാപ്തത അനുപാതം ഒൻപത് ശതമാനമായി നിലനിർത്തണമെങ്കിൽ കേന്ദ്രത്തിന്റെ വിഹിതം 310 കോടി രൂപയായും കാനറാ ബാങ്കിന്റെ വിഹിതം 214 കോടി രൂപയായും വർദ്ധിപ്പിക്കണമെന്നാണ് മനസ്സിലാകുന്നത്. ഇതിനാനുപാതികമായി കേരള സർക്കാരിന്റെ വിഹിതം നിലവിലെ 1.26 കോടി രൂപയിൽനിന്നും 93.01 കോടി രൂപയായി വർദ്ധിപ്പിക്കേണ്ടിവരും. ഗ്രാമീൺ ബാങ്കിന്റെ പ്രശ്നം പരിഹരിക്കേണ്ടതും ബാങ്കിംഗ് സേവനം മെച്ചപ്പെടുത്തേണ്ടതും കേരളത്തിന്റെ പൊതുവായ

ആവശ്യമാണ്. അത്തരത്തിലുള്ള സമീപനമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇവിടെ ഇന്നലെ ചർച്ചചെയ്ത Catholic Syrian Bank (CSB) പോലുള്ള ബാങ്കുകൾ കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാത്തതരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് വരുന്നുവെന്നത് ശ്രദ്ധക്ഷണിക്കലിൽ അവതരിപ്പിച്ചിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട ബാങ്കെന്ന നിലയിൽ ഗ്രാമീൺ ബാങ്കിനെ ശക്തിപ്പെടുത്തുകയെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം. അതിനാവശ്യമായ സഹായം ചെയ്യും. അതുകൊണ്ട് കേന്ദ്ര സർക്കാരും സ്പോൺസർ ബാങ്കും (കാനറാ ബാങ്ക് ആണ് സ്പോൺസർ ബാങ്ക്) ഓഹരിമൂലധനം വർദ്ധിപ്പിക്കാൻ തയ്യാറായാൽ കേരള സർക്കാരും ബാങ്കിന്റെ മൂലധനത്തിന് ആനുപാതികമായി നിക്ഷേപം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞത്. ബാങ്ക് ചെയർമാൻ ഇവിടെവന്ന് കണ്ടസമയത്തും ഇതേ അഭിപ്രായം പറഞ്ഞിരുന്നു. ആനുപാതികമായി സഹായിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമെന്നുള്ളതാണ് സർക്കാരിന്റെ സമീപനം.

### (5) എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ മണ്ഡലത്തിൽ നാഷണൽ ഹൈവേയോട് ചേർന്ന് ഏകദേശം 16 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ സ്ഥാപനമാണ് 1973-ൽ സ്ഥാപിച്ച എക്സൽ ഗ്ലാസ് ഫാക്ടറി. ഇടക്കാലത്ത് ഈ സ്ഥാപനം അടച്ചുപൂട്ടിയെങ്കിലും 2006-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുവാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) എന്നിവയുടെ സഹായത്തോടുകൂടി പതിനാലര കോടിരൂപ സംസ്ഥാന ഗവൺമെന്റ് വായ്പയായി നേടിക്കൊടുത്തു. പ്രത്യക്ഷത്തിൽ 625 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരികയായിരുന്നു. കഴിഞ്ഞ ഒൻപത് വർഷക്കാലമായി ഈ സ്ഥാപനം അടഞ്ഞുകിടക്കുകയാണ്. എൻ.സി.എൽ.റ്റി.-യുടെ നിയന്ത്രണത്തിലായ സ്ഥാപനം ലിക്വിഡേഷൻ നടപടികളിലുമാണ്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങളൊന്നും മാനേജ്മെന്റ് നൽകിയിട്ടുമില്ല. ഈ വ്യവസായത്തിന് വലിയ സാധ്യതയാണുള്ളത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഗ്ലാസ് ബോട്ടിലിന് വിപണന സാധ്യതയേറെയുണ്ട്. ഉൽപാദനത്തിനുവേണ്ട പ്രധാന അസംസ്കൃത

സാധനം സിലിക്ക മണലാണ്. ചേർത്തലയിൽ സിലിക്കയുടെ ലഭ്യത സുലഭവുമാണ്. ഈ വസ്തുതകൾ പരിശോധിച്ച് ഈ സ്ഥാപനം സർക്കാർ ഏറ്റെടുക്കുകയോ അല്ലെങ്കിൽ സംയുക്ത സംരംഭമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ടോയെന്നത് സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 1974-ൽ സ്ഥാപിതമായ ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളിയിൽ സ്ഥിതിചെയ്യുന്ന ബഹുമാനപ്പെട്ട ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.-യുടെ മണ്ഡലത്തിലുള്ള ഈ സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം പാരിജാതം ഗ്രൂപ്പിന്റെ പ്രസാദ് സോമൻ ഏറ്റെടുത്ത് നടത്തിവരികയായിരുന്നു. എന്നാൽ 2006-2007 സാമ്പത്തിക വർഷം മുതൽ കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2008 ജൂലൈ മാസത്തിൽ ഈ സ്ഥാപനം പൂട്ടേണ്ടതായിവന്നു. 2009-ൽ കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും ഏഴേകാൽ കോടിരൂപ വീതം പതിനാലര കോടിരൂപ വായ്പയായി ഈ സ്ഥാപനത്തിന് നൽകി. 85 ശതമാനം തുകയും കെ.എസ്.ഐ.ഡി.സി.-യുടെയും കെ.എഫ്.സി.-യുടെയും വായ്പാവിഹിതമായിരുന്നു. കമ്പനിയുടെ ഉൽപ്പന്നത്തെക്കാൾ വില കുറച്ച് മറ്റ് ഉൽപ്പന്നങ്ങൾ ലഭ്യമായതിനാലും ആവശ്യകതയുടെ കുറവു കാരണവും കമ്പനിക്ക് ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ഇതുമൂലം വായ്പ നൽകിയിട്ടുള്ള വ്യവസ്ഥ അനുസരിച്ച് കെ.എസ്.ഐ.ഡി.സി.-ക്ക് കമ്പനിയിൽനിന്നും ഇതുവരെ യാതൊരു തിരിച്ചടവും ലഭിച്ചിട്ടില്ല. കെ.എസ്.ഐ.ഡി.സി. വായ്പ അനുവദിക്കുമ്പോൾ വ്യവസ്ഥ ചെയ്തിരുന്ന നിബന്ധനകൾ ശരിയായ തോതിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കമ്പനിയുടെയും അതിന്റെ മാനേജ്മെന്റിന്റെയും വിശ്വാസ്യതയ്ക്ക് മങ്ങലേറ്റു. 2013-ൽ കെ.എസ്.ഐ.ഡി.സി. കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു സാധ്യതാപഠനം നടത്തി. അതിൽനിന്നും ലാഭകരമായ രീതിയിൽ കമ്പനിയുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ കഴിയില്ലെന്ന് വ്യക്തമാകുകയും ഇപ്പോൾ നിലനിൽക്കുന്ന ഉൽപ്പന്നങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും വിലയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം 18 മുതൽ 24 കോടി രൂപയുടെ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് കണ്ടെത്തുകയുമുണ്ടായി. തുടർന്ന് പ്രസ്തുത സ്ഥാപനം സിക്ക് യൂണിറ്റായി പ്രഖ്യാപിക്കുന്നതിനായി ബി.ഐ.എഫ്.ആർ.-നെ സമീപിച്ചു. എന്നിരുന്നാലും Sick Industrial Companies Act Insolvency and Bankruptcy code 2016-ലെ ഭേദഗതിയും പരിവർത്തനവും കണക്കിലെടുത്ത് സിക്ക് യൂണിറ്റായി പ്രസ്തുത കമ്പനിയെ പ്രഖ്യാപിച്ചിട്ടില്ല. തുടർന്ന് 2019

ജൂലൈയിൽ ബ്ലൂൺ ഇൻവെസ്റ്റ്മെന്റ് ആൻഡ് ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനം എൻ.സി.എൽ.റ്റി. ചെന്നൈ ബ്രാഞ്ചിനെ സമീപിക്കുകയും ഈ സ്ഥാപനത്തിന്റെ ആവശ്യപ്രകാരം corporate insolvency process ആരംഭിക്കുകയും ചെയ്തു. ശ്രീ. രവീന്ദ്ര ചതുർവേദിയെ interim resolution professional ആയി ബഹു. എൻ.സി.എൽ.റ്റി. നിയമിക്കുകയും ചെയ്തു. ഇവരുടെ ആവശ്യപ്രകാരം KSIDC-യും KFC-യും ക്ലെയിം ഫയൽ ചെയ്തിട്ടുണ്ട്. കമ്പനിയുടെ ജീവനക്കാരും അവരുടെ ക്ലെയിം ഫയൽ ചെയ്തു. റെസലൂഷൻ കാലഘട്ടത്തിൽ കമ്പനി നടത്താനുള്ള പദ്ധതി ആരും സമർപ്പിക്കാത്തതിനാൽ ലിക്വിഡേഷനിലേയ്ക്ക് പോയി. എൻ.സി.എൽ.റ്റി. കൊച്ചി ബഞ്ച് ലിക്വിഡേറ്ററെ നിശ്ചയിച്ചു. എന്നാൽ ചില ജീവനക്കാർ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേഷൻ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. 2020 ജൂലൈയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജീവനക്കാരുടെ അപ്പീൽ തീർക്കുന്നതുവരെ ലിക്വിഡേഷൻ വരുമാനം വിതരണം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയിൽ മേൽപ്പറഞ്ഞ സ്റ്റേ ഒഴിവാക്കി ഈ കണ്ടീഷനുകളെ അടിസ്ഥാനപ്പെടുത്തി ലിക്വിഡേഷൻ കമ്പനിയുടെ ആസ്തികൾ ഇ-ലേലത്തിലൂടെ വിൽക്കാൻ പരസ്യം ചെയ്തു. തുടർന്ന് ലിക്വിഡേറ്റർ ഈ കമ്പനികളുടെ ആസ്തികൾ വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ കമ്പനി ലിക്വിഡേഷൻ ആയതിനാൽ തുടർനടപടികളെ സംബന്ധിച്ചുള്ള തീരുമാനം എൻ.സി.എൽ.റ്റി. കൊച്ചി ബെഞ്ചിന്റെ പരിധിയിൽ വരുന്നതാണ്.

(6) <u>കോലഞ്ചേരി ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, അതിപുരാതനവും ആത്മീയ ചൈതന്യവും നിറഞ്ഞുനിൽക്കുന്ന കടമറ്റം, കോലഞ്ചേരി ദേവാലയങ്ങളുൾപ്പെടുന്ന എട്ടോളം ആരാധനാലയങ്ങൾ, മികച്ച ആതുരസേവന കേന്ദ്രമായ കോലഞ്ചേരി മെഡിക്കൽ കോളേജ്, സിവിൽ സ്റ്റേഷൻ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, കോടതി ഉൾപ്പെടെ നിരവധി സർക്കാർ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും സെന്റ് പീറ്റേഴ്സ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, ബി.എഡ് കോളേജ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ, കാർഷിക മാർക്കറ്റ്, എണ്ണൂറോളം വ്യാപാര സ്ഥാപനങ്ങൾ എന്നിവ സ്ഥിതിചെയ്യുന്നതുമായ കോലഞ്ചേരി പട്ടണം ഇന്ന് അതിരൂക്ഷമായ ഗതാഗത കുരുക്ക് നേരിടുന്ന പ്രദേശമായി മാറിയിരിക്കുകയാണ്. കോലഞ്ചേരി പട്ടണത്തിലൂടെ കടന്നുപോകുന്ന കൊച്ചിയേയും മധുരയേയും ബന്ധിപ്പിക്കുന്ന എൻ.എച്ച്. 85-ന് ഈ ഭാഗത്ത് എട്ട് മീറ്റർ വീതി മാത്രമാണുള്ളത്. ജില്ലയുടെ കിഴക്കൻ മേഖലയിൽനിന്നും ഇടുക്കി ജില്ലയിൽനിന്നും കൊച്ചിയിലേയ്ക്കുള്ള മുഴുവൻ

വാഹനങ്ങളും കടന്നുപോകുന്നത് കോലഞ്ചേരി പട്ടണത്തിലൂടെയാണ്. കൊച്ചിയിലെ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലേയ്ക്കുള്ള ആംബുലൻസുകൾ കോലഞ്ചേരി പട്ടണത്തിലെ ഗതാഗത കുരുക്കിൽപ്പെട്ട് രോഗികളുടെ ജീവൻതന്നെ അപകടത്തിലാകുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. പിറവം, പെരുമ്പാവൂർ, നെടുമ്പാശ്ശേരി റോഡും കോലഞ്ചേരി പട്ടണത്തിലൂടെയാണ് കടന്നുപോകുന്നത്. ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി എൻ.എച്ച്. 85-ൽ പത്താം മൈൽ മുതൽ കടമറ്റം നമ്പ്യാരുപടി വരെ ആറ് കിലോമീറ്റർ നീളത്തിൽ ബൈപ്പാസ് നിർമ്മിക്കണമെന്നത് ജനങ്ങളുടെ നിരന്തരമായ ആവശ്യമാണ്. ആയതിനാൽ സാധ്യതാപഠനം നടത്തി കോലഞ്ചേരി ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ ഇവിടെ ഉന്നയിച്ച വിഷയം വളരെ ന്യായമാണ്. ഇതുസംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തിയപ്പോൾ ഏകദേശം 30 കോടിയോളം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയുൾപ്പെടെ പരിശോധിച്ച് മറ്റ് കാര്യങ്ങൾ ആലോചിച്ച് മുന്നോട്ടുപോകാവുന്നതാണ്.

(7) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി നാഷണൽ ഹൈവേയുടെ സമീപത്താണ് കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ ബസ് സ്റ്റാൻഡും വർക്ക് ഷോപ്പും ഡിപ്പോ മുഴുവനായും വെള്ളത്തിനടിയിലാണ്. മലിനജലം റോഡിലേയ്ക്ക് ഒഴുകുകയാണ്. പി.ഡബ്ല്യു.ഡി. റോഡും ഗ്യാരേജും ഈ കാലമത്രയും വെള്ളത്തിലായിട്ടും യാതൊരു നടപടിയുമെടുക്കുന്നില്ല. മന്ത്രിമാരുൾപ്പെടെ മുഴുവൻ നേതാക്കന്മാരും എല്ലാവരും പോകുന്നത് ദേശീയപാത വഴിയാണ്. ഇപ്പോൾ കച്ചവട സ്ഥാപനങ്ങൾ തുറക്കാൻ സാധിക്കുന്നില്ല. വിദ്യാർത്ഥികൾക്ക് കോളേജുകളും സ്കൂളുകളും തുറക്കുകയാണ്. അവർക്ക് പോകാൻ കഴിയുന്നില്ല. ദുർഗന്ധം വമിക്കുകയാണ്. ആളുകൾക്ക് അസുഖം വരികയാണ്. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. നേരത്തെ അവിടെ ഒരു സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലേയ്ക്ക് ഈ മലിനജലം കയറിയപ്പോൾ അദ്ദേഹം കോടതിയിൽപ്പോയി ഒരുത്തരവ് വാങ്ങി. അദ്ദേഹത്തെ കുറ്റം പറയുന്നില്ല. പക്ഷേ ഇത്രയും കാലമായിട്ടും ഒരു പൊതുമേഖലാ സ്ഥാപനം വെള്ളത്തിനടിയിലായിട്ട് യാതൊരു ഇടപെടലും നടപടിയും ഉണ്ടാകുന്നില്ല എന്നത് ഖേദകരമാണ്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, കോവിഡിന്റെ പേര് പറഞ്ഞ് ബൈ റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന, ഗ്രാമീണ മേഖലകളിൽ ഓടിക്കൊണ്ടിരുന്ന മുഴുവൻ സർവ്വീസുകളും നിർത്തിവച്ചിരിക്കുകയാണ്. ചോദിക്കുമ്പോൾ പറയുന്നത്, ബസ് പിടിച്ചുകൊണ്ട് പോയി എന്നാണ്. ആര് പിടിച്ചുകൊണ്ട് പോയി എന്നാണ് പറയുന്നത്; പിടിച്ചുകൊണ്ട് പോയെങ്കിൽ തിരിച്ച് പിടിച്ചുകൊണ്ടുവരണം. ആളുകൾ ദുരിതത്തിലാണ്. പല ഗ്രാമീണ മേഖലകളിലും ആളുകൾക്ക് ടൗണിലേയ്ക്ക് വരാൻ കഴിയുന്നില്ല. സ്ത്രീ തൊഴിലാളികൾ 6000-7000 രൂപ ശമ്പളത്തിലാണ് തുണിക്കടകളിൽ ജോലി ചെയ്യുന്നത്. അവർ 100-150 രൂപ ഓട്ടോക്കൂലി കൊടുത്താണ് തിരിച്ച് വീടുകളിലേയ്ക്ക് പോകുന്നത്. ഈ ഗ്രാമീണ മേഖലകളിൽ ഓടിക്കൊണ്ടിരുന്ന സർവ്വീസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കണം. തീരദേശ മേഖലയായ വെള്ളനാതുരുത്ത്, അഴീക്കൽ, ചെറിയഴീക്കൽ, പറയകടവ്, അമൃതപുരി, ഗ്രാമീണ മേഖലയായ പാവുമ്പ, വവ്വക്കാവ്, മലനട, ചക്കുവള്ളി, ചിറയ്ക്കൽ, വള്ളിക്കാവ്, തുറയക്കടവ്, കാട്ടിക്കടവ്, ആലുങ്കടവ്, തെക്കുംഭാഗം, ശാസ്താംകോട്ട, മാലുമേക്കടവ്, കാരൂക്കടവ്, ഭരണിക്കാവ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്കും കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കും വണ്ടാനം മെഡിക്കൽ കോളേജിലേയ്ക്കും പാവപ്പെട്ട ആളുകളുടെ ആശ്രയമായിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് പുനരാരംഭിക്കണം എന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, കെ.എസ്.ആർ.ടി.സി. കരുനാഗപ്പള്ളി ഗ്യാരേജിന് പിൻഭാഗത്തായി കെ.എസ്.ആർ.ടി.സി. കോമ്പൗണ്ടിനകത്ത് ഏകദേശം 37 വർഷം പഴക്കമുള്ള പഞ്ചായത്ത് വക ഓടയുണ്ടായിരുന്നു. ടി ഓടയിൽനിന്നും വെള്ളം പുറത്തേയ്ക്ക് ഒഴുകിപ്പോകുന്ന ഈ ഭാഗം ബഹുമാനപ്പെട്ട കോടതി ഉത്തരവിനെത്തുടർന്ന് മുനിസിപ്പാലിറ്റിയും പൊതുമരാമത്ത് വകുപ്പും ചേർന്ന് അടയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് മഴ സമയത്ത് മാർക്കറ്റിൽനിന്നും ചുറ്റുപാടുള്ള സ്ഥലങ്ങളിൽനിന്നും ഒഴുകിയെത്തുന്ന വെള്ളം ഒഴുകിപ്പോകാൻ മറ്റ് മാർഗ്ഗമൊന്നുമില്ലാതെ താരതമ്യേന താഴ്ന്ന സ്ഥലമായ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലും ഗ്യാരേജിലും കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. വെള്ളം കെട്ടിക്കിടന്ന് ഡിപ്പോയുടെ 30 മീറ്റർ നീളത്തിനുള്ള കോമ്പൗണ്ട് വാൾ പൊളിഞ്ഞുവീഴുകയുണ്ടായി. ഡിപ്പോയിലെ യാർഡ് വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2 കോടി രൂപയുടെ പ്രൊപ്പോസൽ 2022-23 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ

പ്രൊപ്പോസൽ ബഡ്ജറ്റിൽ അംഗീകരിക്കുന്നപക്ഷം യാർഡ് വികസന പ്രവൃത്തികൾ ചെയ്യാൻ കഴിയും. ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിനെത്തുടർന്ന് അടച്ച ഓട തുറന്ന് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ മാത്രമേ ഡിപ്പോയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകുകയുള്ളൂ.

കരുനാഗപ്പള്ളി യൂണിറ്റിൽ നിലവിൽ പ്രതിദിനം 48 ബസുകളാണ് സർവ്വീസ് നടത്തിവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് കരുനാഗപ്പള്ളി-പാവുമ്പ, കരുനാഗപ്പള്ളി-അഴീക്കൽ, കരുനാഗപ്പള്ളി-വെള്ളാനത്തുരുത്ത്, കരുനാഗപ്പള്ളി- ശാസ്താംകോട്ട- പുത്തൂർ-കൊട്ടാരക്കര, കരുനാഗപ്പള്ളി-തെക്കുംഭാഗം-കൊല്ലം എന്നീ സ്ഥലങ്ങളിലേയ്ക്ക് പരമാവധി അധിക സർവ്വീസുകൾ നടത്തുന്നുണ്ട്. നിലവിൽ കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്ന ബസുകളിൽ 57 ശതമാനം ട്രിപ്പുകളും ഡീസൽത്തുകയും ജീവനക്കാരുടെ ശമ്പളവും ലഭിക്കാതെ നഷ്ടത്തിലാണ്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് അധികനാൾ സർവ്വീസ് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ചർച്ച നടത്തി ഇത്തരത്തിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകളും സർവ്വീസുകളും ജനോപകാരപ്രദമായി കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിന് പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതുപ്രകാരം എത്രയുംവേഗം കരുനാഗപ്പള്ളി യൂണിറ്റിലെ ഡീസൽച്ചെലവുപോലും ലഭിക്കാത്ത ട്രിപ്പുകളും സർവ്വീസുകളും പുനഃക്രമീകരിച്ചതിനു ശേഷം യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (8) വൈക്കം താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അടിയന്തര പരിഹാരം കണ്ടെത്തുന്നതിനും വേണ്ടിയാണ് ഈ സബ്മിഷൻ. മത്സ്യത്തൊഴിലാളികളും കയർ-കർഷക തൊഴിലാളികളുമടക്കം നിരവധി സാധാരണക്കാരും പാവങ്ങളും തിങ്ങിപ്പാർക്കുന്ന വൈക്കം മണ്ഡലത്തിലെ ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നത് വൈക്കം

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെയാണ്. ഇവിടെ ഹൃദ്രോഗ ചികിത്സാ വിഭാഗമില്ലാത്തതുമൂലം 42 കിലോമീറ്റർ ദൂരെയുള്ള കോട്ടയം മെഡിക്കൽ കോളേജിനെയാണ് അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കായി വരുന്ന ഹൃദ്രോഗികൾ ആശ്രയിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കുള്ള യാത്രാമധ്യേ നിരവധി രോഗികൾ ഇതിനകം മരണത്തിന് കീഴടങ്ങുകയുണ്ടായി. സ്വകാര്യ മേഖലയിൽപ്പോലും ഹൃദ്രോഗത്തിന് ആശ്രയിക്കാവുന്ന ആശുപത്രി വൈക്കത്തില്ല എന്നതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 100 കോടിയിൽപ്പരം രൂപ വിനിയോഗിച്ച് വലിയ വികസനമാണ് വൈക്കം താലൂക്കാശുപത്രിയിൽ ഇപ്പോൾ നടത്തിവരുന്നത്. എന്നാൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഹൃദ്രോഗം ഉൾപ്പെടെയുള്ള ചികിത്സാ വിഭാഗങ്ങൾ ഏർപ്പെടുത്തിയാലേ വൻതുക മുടക്കി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകുകയുള്ളൂവെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ മറികടന്ന് വൈക്കത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് വൈക്കം താലൂക്കാശുപത്രിയിൽ ഒരു ഹൃദ്രോഗ വിഭാഗം ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 1893-ൽ ആരോഗ്യ പരിപാലന കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച വൈക്കം താലൂക്കാശുപത്രി 1990-ലാണ് പ്രാഥമികാരോഗ്യ കേന്ദ്രമായും 2000-ൽ ഫസ്റ്റ് റഫറൽ യൂണിറ്റായും 2004-05 കാലഘട്ടത്തിൽ താലൂക്ക് ആശുപത്രിയായും ഉയർത്തപ്പെട്ടത്. ഇവിടെ 28 ഡോക്ടർമാർ ഉൾപ്പെടെ 167 സ്ഥിരം ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഇതിനുപുറമേ 10 ജീവനക്കാർ എൻ.എച്ച്.എം. മുഖാന്തരവും 20 ജീവനക്കാർ ആർ.എസ്.ബി.വൈ. പ്രകാരവും താൽക്കാലിക ജീവനക്കാരായി പ്രവർത്തിയെടുത്തുവരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ജൂനിയർ കൺസൾട്ടന്റ് (സർജറി) തസ്തികയും മൂന്ന് ലാബ് ടെക്നീഷ്യൻ തസ്തികകളും ഉൾപ്പെടെ മൊത്തം 4 തസ്തികകൾ ഈ ആശുപത്രിയിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് പുതുതായി രണ്ട് ക്ലാർക്ക് തസ്തികകൾകൂടി അനുവദിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഇ.എൻ.റ്റി., പീഡിയാട്രിക്സ്, ജനറൽ സർജറി, ഒഫ്താൽമോളജി,

സൈക്യാട്രി, ഓർത്തോപീഡിക്സ്, ഡെർമറ്റോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ഈ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സേവനവും ലാബ്, എക്സ്-റേ, ഇ.സി.ജി., ഫാർമസി സേവനങ്ങളും ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിനായുള്ള ചികിത്സാ സംവിധാനവുമുണ്ട്. കൂടാതെ പാലിയേറ്റീവ് സേവനവും ആംബുലൻസ് സേവനങ്ങളും ഈ ആശുപത്രിയിൽനിന്ന് നൽകിവരുന്നുണ്ട്. പുതുതായി സ്ഥാപിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം നിലവിൽ കോവിഡ് CFLTC ആയി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങൾക്ക് കോവിഡ് ടെസ്റ്റിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഈ ആശുപത്രിയിലുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാക്സിനേഷനും കോവിഡ് വാക്സിനേഷനും ഇവിടെ നൽകപ്പെടുന്നുണ്ട്. വൈക്കം താലൂക്കാശുപത്രിക്ക് 5.5 ഏക്കർ സ്ഥലം ലഭ്യമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 69.96 കോടി രൂപയ്ക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽനിന്ന് 67.96 കോടി രൂപയുള്ള സാമ്പത്തികാനുമതി ലഭിക്കുകയുമുണ്ടായി. ഈ കാലയളവിൽത്തന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് അതിന്റെ യോഗം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒരു ജില്ലയിൽ ഒരു ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആരോഗ്യ വകുപ്പിനുകീഴിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലാണ് നിലവിൽ കാത്ത് ലാബ് അനുവദിച്ചിട്ടുള്ളത്. അവിടെ കാത്ത് ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. എറണാകുളം, ആലപ്പുഴ ജില്ലകളുമായി അതിർത്തി പങ്കിടുന്നതും തീർത്തും സാധാരണക്കാരായ ജനങ്ങളും കർഷക തൊഴിലാളികളും ആശ്രയിക്കുന്നതുമായ സ്ഥാപനമാണെന്നതും കണക്കിലെടുത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 67.96 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ വൈക്കം താലൂക്കാശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ആരംഭിക്കാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

12.00 Noon.

(9) കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. എം. വിജിൻ: സർ, വടക്കേ മലബാറിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമായ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയെന്നത് യാഥാർത്ഥ്യമാക്കിയത് 2019-ൽ ഒന്നാം പിണറായി സർക്കാരാണ്. വടക്കേ മലബാറിലെ രോഗികൾക്ക് മികച്ച ചികിത്സ നൽകുന്ന കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് എന്ന നിലയിൽ ഏറ്റെടുക്കലിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ജീവനക്കാരെ നിലനിർത്തിക്കൊണ്ട് 1541 തസ്തികകൾ സൃഷ്ടിച്ചു. അതോടൊപ്പം മെഡിക്കൽ കോളേജിനോടനുബന്ധമായി പ്രവർത്തിച്ച മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിലെ ജീവനക്കാരെ നിലനിർത്തുന്നതിനും ശമ്പളം നൽകുന്നതിനും ഉൾപ്പെടെയുള്ള തീരുമാനം ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുക്കുകയുണ്ടായി. മികച്ച നിലയിൽ മാതൃകാപരമായി മെഡിക്കൽ കോളേജിനെ മുന്നോട്ടുകൊണ്ടുപോകുന്ന പദ്ധതികളുമായി തന്നെയാണ് പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. അതിന് പ്രത്യേകമായി അഭിനന്ദനം അറിയിക്കുകയാണ്.

മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 125 കോടി രൂപയുടെ ഭരണാനുമതി നേരത്തേ ലഭിച്ചിരുന്നു. ട്രോമാകെയർ ഫെയ്സ് 1-ന് കിഫ്ബിയിൽനിന്നും 52 കോടി രൂപയുടെ ധനകാര്യ അനുമതിയാണ് ലഭിച്ചത്. അതുപോലെ മെഡിക്കൽ കോളേജിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 30 കോടി രൂപയുടേയും ധനകാര്യ അനുമതി ലഭിച്ചിരുന്നു. പ്രവൃത്തികളുടെ കൺസൾട്ടന്റ് വാപ്കോസാണ്. എന്നാൽ ഇതുവരെ മെഡിക്കൽ കോളേജിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി തയ്യാറായിട്ടില്ല. കണ്ണൂർ മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ പരിഗണിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ഈ പ്രവൃത്തി ആരംഭിക്കാനും അതിന്റെ തുടർനടപടികൾ മുന്നോട്ടുകൊണ്ടുപോകാനുമാവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കണ്ണൂർ സഹകരണ മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്ന റെഗുലർ ജീവനക്കാരെ (നോൺ മെഡിക്കൽ വിഭാഗം ഒഴികെ) ഏറ്റെടുക്കുന്നതിനും

മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനുമായി 1551 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമെ നോൺ മെഡിക്കൽ വിഭാഗം ജീവനക്കാരെ ഉൾക്കൊള്ളുന്നതിനും ആവശ്യമായ തസ്തികൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സൃഷ്ടിച്ച തസ്തികകളിൽ ഏറ്റെടുത്ത ജീവനക്കാരെ ആഗിരണം ചെയ്യുന്നതിന്റെ ആദ്യപടിയായി 7-10-2021-ൽ ഇതുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ജീവനക്കാരുടെ ഏറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ വർഷത്തെ ബഡ്ജറ്റിൽ ഈ മെഡിക്കൽ കോളേജിന് റവന്യൂ ഹെഡ്ഡിൽ 1870 ലക്ഷം രൂപയും ക്യാപിറ്റൽ ഹെഡ്ഡിൽ 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 16.63 കോടി രൂപയുടെ ഭരണാനുമതി 13-9-2021-ൽ നൽകിയിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്യാപിറ്റൽ ഹെഡ്ഡിൽ തുക വകയിരുത്തിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ നടന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 24-1-2020-ലാണ് 124.94 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. ട്രോമാകെയർ ഒന്നാം ഘട്ടം-57.69 കോടി രൂപ, ട്രോമാകെയർ രണ്ടാം ഘട്ടം 37.47 കോടി രൂപ, നിലവിലെ ആശുപത്രികളുടെ അറ്റകുറ്റപ്പണികൾ -29.78 കോടി രൂപ. മേൽസൂചിപ്പിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയിരുന്നു. സാമ്പത്തികാനുമതി നൽകിയിട്ടുള്ള പ്രവൃത്തി ഇപ്രകാരമാണ്. ട്രോമാ കെയർ യൂണിറ്റിന്റെ ഒന്നാംഘട്ട പദ്ധതിക്കായി 51.29 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 30-10-2020-ൽ ലഭിച്ചതിനെത്തുടർന്ന് ടെണ്ടർ നടപടികൾ പുരോഗമിക്കവേ, പ്രസ്തുത പദ്ധതി International Finance Corporation-ൽ ഉൾപ്പെടുത്തി

നടപ്പിലാക്കുന്നതിനുവേണ്ടി, കിഫ്ബി ആവശ്യപ്പെട്ടതുപ്രകാരം മാറ്റങ്ങൾ വരുത്തി അംഗീകാരത്തിനായി വാപ്കോസ് വീണ്ടും സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നിലവിലെ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 29.78 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും 4-3-2021-ൽ ലഭിച്ചിരുന്നു. പദ്ധതിക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസിന്റെ ടെക്നിക്കൽ കമ്മിറ്റി 12-7-2021-ൽ സാങ്കേതികാനുമതി നൽകി. 13-8-2021-ലെ ജി.ഒ. പ്രകാരം പ്രവൃത്തികളുടെ ഷെഡ്യൂൾ ഓഫ് റേറ്റ് 2018 ഡി.എസ്.ആർ.-ലേയ്ക്ക് മാറ്റിയിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പ്രവൃത്തികളുടെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് നിലവിലെ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി മികച്ച സമ്പൂർണ്ണ ട്രോമാകെയർ യൂണിറ്റ് സംവിധാനം കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ ഒരുക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(10) പെരിന്തൽമണ്ണ താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. നജീബ് കാന്തപുരം: സർ, കേരള രാഷ്ട്രീയത്തിലെ പ്രതിഭാധനനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മുഖ്യമന്ത്രിയായി അധികാരമേറ്റതിന്റെ വാർഷിക ദിനമാണിന്ന്. ഈ നിയമസഭയ്ക്കകത്ത് അദ്ദേഹം അവതരിപ്പിച്ച വിഷയങ്ങളുടെ വൈപുല്യം നമ്മെ വിസ്മയിപ്പിക്കുന്നതാണ്. എന്നും സാധാരണക്കാരുടേയും പാവങ്ങളുടേയും ഹൃദയവികാരങ്ങളെ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന മഹാനായ നേതാവിന്റെ ഓർമ്മകൾക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ അവസരമുണ്ടായ പല മുതിർന്ന നേതാക്കളും ഈ സഭയിലുണ്ട്. 1979 ഒക്ടോബർ 12-നാണ് കേരളത്തിന്റെ എട്ടാമത്തെ മുഖ്യമന്ത്രിയായി സി. എച്ച്. മുഹമ്മദ് കോയ സാഹിബ് അധികാരമേൽക്കുന്നത്. ആ ഓർമ്മകളുടെ 42-ാം വാർഷിക ദിനത്തിൽ ഈ സഭയിൽ എന്റെ നിയോജകമണ്ഡലത്തിലെ സാധാരണക്കാരുടെ ഒരു വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്കേറെ അഭിമാനമുണ്ട്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ സിറ്റിയാണ് എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ പെരിന്തൽമണ്ണ. നിരവധി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ തലയുയർത്തി നിൽക്കുന്ന നഗരം.

കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമായി ആയിരക്കണക്കിന് രോഗികൾ വിവിധ ചികിത്സയ്ക്കുവേണ്ടി ഈ നഗരത്തിലേയ്ക്ക് ഒഴുകിയെത്തുന്നുണ്ട്. വിദേശത്തുനിന്നുപോലും രോഗികൾ വിദഗ്ദ്ധ ചികിത്സതേടി പെരിന്തൽമണ്ണയിൽ എത്തുന്നുണ്ട്. പക്ഷേ, പെരിന്തൽമണ്ണയിലെ പാവങ്ങളായ സാധാരണ മനുഷ്യർക്ക് ആശ്രയമാകേണ്ട സർക്കാർ ആശുപത്രി വെറും നോക്കുകുത്തിയായി നിൽക്കുകയാണ്. 1952-ൽ ആരംഭിച്ച ഈ ആശുപത്രി 2014-ൽ ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും കടലാസ്സിൽ മാത്രമാണ് ഉയർച്ച ഉണ്ടായത്. താലൂക്കാശുപത്രിയിലെ സ്റ്റാഫ് സ്ട്രക്ചർ പോലും ഇവിടെയില്ല. കെട്ടിടങ്ങൾക്ക് കുറവുണ്ടായിട്ടല്ല. കെട്ടിടങ്ങൾക്കകത്തുണ്ടാകേണ്ട ഹ്യൂമൻ റിസോഴ്സിന്റെ അപര്യാപ്തതയാണ് ഇതിനുകാരണം. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു ഡോക്ടർ പോലുമില്ലാത്ത കേരളത്തിലെ ഏക ജില്ലാ ആശുപത്രിയായിരിക്കും പെരിന്തൽമണ്ണയിലേത് എന്ന് ദുഃഖത്തോടെ ഞാനിവിടെ പറയുകയാണ്. എട്ട് ജൂനിയർ ഡോക്ടർമാരെങ്കിലും വേണ്ടതാണ്. എല്ല് മുറിയെ പണിയെടുക്കുന്ന ഡോക്ടർമാരും നഴ്സുമാരും ആശുപത്രി ജീവനക്കാരും ഇവിടെയുണ്ട്. എന്നാൽ ഇവർ ജോലി ചെയ്യുന്നത് ഒരു പരിധിയുമില്ലാതെയാണ്. അവർക്കൊരു വിശ്രമം പോലുമില്ലാത്ത സാഹചര്യമാണിവിടെയുള്ളത്. അവിടെ മോർച്ചറിയുണ്ട്. പക്ഷേ, ഫോറൻസിക് സർജനില്ല. അതുകൊണ്ട് മൂവായിരത്തോളം ആളുകൾ വരുന്നൊരു ഒ.പി.-യിലെ ഒ.പി. ഡോക്ടമാർ പോസ്റ്റുമോർട്ടത്തിന് പോകേണ്ട സാഹചര്യമാണുള്ളത്. ഇവിടെയൊരു ഡയാലിസിസ് യൂണിറ്റ് നമ്മൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് ഒൻപത് മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടും ഒരു ഷിഫ്റ്റ് മാത്രമേ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുള്ളൂ. മൂന്ന് ഷിഫ്റ്റ് വരെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന ഡയാലിസിസ് യൂണിറ്റാണിത്. ജീവനക്കാരില്ലാത്തതുകൊണ്ട് മാത്രമാണ് വെറുമൊരു ഷിഫ്റ്റിലേയ്ക്ക് ഒതുക്കേണ്ടി വന്നത്. ഇവിടൊരു നെഫ്രോളജിസ്റ്റോ ആവശ്യത്തിനുള്ള നഴ്സുമാരോ ഇല്ല. നമുക്കെല്ലാവർക്കുമറിയാം, കഴിഞ്ഞദിവസം കേന്ദ്ര സർക്കാർ ഒരു പുതിയ തീരുമാനത്തിലൂടെ കോവിഡ് പ്രതിരോധത്തിനുവേണ്ടി താല്ക്കാലികമായി എൻ.എച്ച്.എം. മുഖാന്തിരം നഴ്സുമാരെ നിയമിച്ചിരുന്നു. അവരുടെ സഹായം കൂടി നമുക്ക് ലഭ്യമായിരുന്നു. പക്ഷേ, അവരുംകൂടി പിരിച്ചുവിടപ്പെടുകയാണ്. അവരുംകൂടി ഒഴിഞ്ഞുപോയാൽ ഈ ആശുപത്രിയുടെ സ്ഥിതി എന്താകും. എമർജൻസി ഒ.റ്റി.-യുണ്ട്. പക്ഷേ, ഓപ്പറേഷൻ നടത്തുന്നതിന് മുമ്പായി അനസ്തറ്റിക് അവിടെയില്ല. നഴ്സുമാരില്ല. ക്ലീനിംഗ് തൊഴിലാളികളില്ല. ആരുമില്ല.

മി. സ്പീക്കർ: ഇപ്പോൾ തന്നെ അങ്ങ് ഒരുപാട് സമയമെടുത്തു.

ശ്രീ. നജീബ് കാന്തപുരം: സർ, ആറ് കോടിരൂപ ചെലവഴിച്ച് നമ്മുടെ സർക്കാർ അവിടെയൊരു മനോഹരമായ കെട്ടിടമുണ്ടാക്കിയിട്ടുണ്ട്. അവിടെയും സ്റ്റാഫില്ലാത്ത പ്രശ്നമാണ്. ബഹുമാന്യയായ മന്ത്രി ഇക്കാര്യത്തിൽ വളരെ താല്പര്യമെടുക്കുന്ന ആളാണ്. നിർബന്ധമായും അടിയന്തരമായി സംവിധാനമുണ്ടാക്കാൻ കഴിയണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2014-ലാണ് പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തപ്പെട്ടത്. പക്ഷെ പേര് മാത്രമേ മാറ്റിയുള്ളൂ, ബോർഡ് മാത്രമേ മാറ്റിയുള്ളൂ. നിലവിൽ 177 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ, പ്രതിദിന ഒ.പി. 900-ഉം, പ്രതിദിന ഐ.പി. 43-ഉം ആണ്. കോവിഡ് മഹാമാരിക്ക് മുൻപുള്ള പ്രതിദിന ഒ.പി. 1800-ഉം പ്രതിദിന ഐ.പി. 140-ഉം ആയിരുന്നു. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ, എല്ലുരോഗ വിഭാഗം, നേത്രവിഭാഗം, ജനറൽ സർജറി, ഇ.എൻ.ടി., ത്വക്ക് രോഗവിഭാഗം, ശ്വാസകോശ രോഗവിഭാഗം, പി.എം.ആർ., ശിശുരോഗ വിഭാഗം, റേഡിയോതെറാപ്പി യൂണിറ്റ്, പല്ലുരോഗ വിഭാഗം, അത്യാഹിത വിഭാഗം, ലബോറട്ടറി, ഫാർമസി, ഐ.സി.റ്റി.സി. കൗൺസിലിംഗ്, ജ്യോതിസ്, പി.പി.യൂണിറ്റ്, കോവിഡ് ആശുപത്രി വിഭാഗം എന്നീ സേവനങ്ങൾ നൽകിവരുന്നുണ്ട്. 9 മെഷീനുകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ ഈ ആശുപത്രിയിൽ കോവിഡ് ചികിത്സയും, കോവിഡാനന്തര ചികിത്സയും നൽകിവരുന്നു. പുതിയതായി പണി കഴിപ്പിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് കോവിഡ് ആശുപത്രിയായി പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 11.89 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കാഷ്വാലിറ്റി, ഒ.പി., ഡയഗ്നോസ്റ്റിക് സെന്റർ എന്നിവ ഉൾപ്പെടുന്ന കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനായുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ടുപയോഗിച്ച് NHM വഴി 1,24,45,268 രൂപ ചെലവിൽ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പി.എം. കെയർ പദ്ധതി പ്രകാരം ലിക്വിഡ് ഓക്സിജൻ പ്ലാന്റ്, ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കൽ, ഇൻസ്റ്റലേഷൻ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും ബ്ലോക്കും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു.

ആർദ്രം പദ്ധതി പ്രകാരം ജില്ലയിലെ ഒരു ജില്ലാതല ആശുപത്രി, താലൂക്കിൽ ഒരു താലൂക്കാശുപത്രി, റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്ക് തല സാമൂഹികാരോഗ്യകേന്ദ്രം എന്നിവയെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുക എന്നതാണ് സർക്കാർ സ്വീകരിച്ചു വരുന്ന നയം. സർക്കാരിന്റെ 22-4-2017-ലെ സ.ഉ.(എം.എസ്)58/2017/ആ.കു.വ. എന്ന ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിൽ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത് തിരൂർ ജില്ലാ ആശുപത്രിയെയാണ് ആർദ്രം കർമ്മ പദ്ധതിപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ കൺസൾട്ടന്റ് (PMR), ദന്തൽ മെക്കാനിക്ക്, ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റെക്കാർഡ് ലൈബ്രേറിയൻ, സ്റ്റാഫ് നഴ്സ് എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തിക വീതവും കൂടാതെ ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട് (7 സ്ഥിരം ജീവനക്കാരുടെ അധിക തസ്തികകൾ). ഈ സർക്കാർ അധികാരമേറ്റശേഷം 22-9-2021-ലെ സ.ഉ.(കൈ)168/2021/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്റ്റാഫ് നഴ്സിന്റെ തസ്തികയും കൂടി സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ഈ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ച കോവിഡ് ബ്രിഗേഡ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാത്രം എടുത്തിട്ടുള്ളവരാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# V ക്രമപ്രശ്നം

## വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

ശ്രീ. ടി. സിദ്ദിഖ്: സർ, ഇന്നത്തെ ദിവസത്തിന് ഒരു വലിയ പ്രത്യേകതയുണ്ട്. ജനാധിപത്യ ഇന്ത്യാ രാജ്യത്ത് ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനുള്ള പല നിയമനിർമ്മാണങ്ങളും കടന്നുവന്നിട്ടുണ്ട്. ജനങ്ങൾക്ക് അധികാരവും അവകാശവും നൽകുന്ന പരമപ്രധാനമായിട്ടുള്ള ഒരു നിയമ നിർമ്മാണമാണ് വിവരാവകാശ നിയമം. 1923-ലെ THE OFFICIAL SECRETS ACT-ലെ പല വകുപ്പുകളും റിപ്പീൽ ചെയ്തുകൊണ്ടാണ് ആ നിയമ നിർമ്മാണത്തിന് നാം നേതൃത്വംകൊടുത്തത്. 2005 ഒക്ടോബർ മാസം 12-ാം തീയതിയാണ് അത് പ്രാബല്യത്തിൽ വന്നത്. ഇന്ന് അതിന് 16 വർഷം തികയുകയാണ്. ഈ നിയമം സ്വതന്ത്ര ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടതായ ഏറ്റവും ജനപക്ഷമായിട്ടുള്ള നിയമനിർമ്മാണമാണ്. പൊതുസമൂഹത്തിന് പ്രാപ്യമല്ലാതായിട്ടുള്ള വിവരങ്ങൾ, അതുപോലെതന്നെ പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാ സാമാജികർക്കും ഉൾപ്പെടെ മാത്രം പ്രാപ്യമായിരുന്നതും അവർക്കുപോലും ലഭ്യമല്ലാതായിരുന്ന വിവരങ്ങൾ ജനങ്ങൾക്ക് കൈമാറാൻവേണ്ടി നിയമം നിർമ്മിക്കപ്പെട്ട് അത് പ്രാബല്യത്തിൽ വന്ന അതിപ്രധാനമായ ഒരു സന്ദർഭം. ഇന്ന് ഈ സാഹചര്യത്തിൽ പറയാനുള്ള പ്രധാന കാരണമുണ്ട്. ഈ നിയമത്തിന്റെ മുന ഒടിക്കുന്നതിനായി ഒളിഞ്ഞും തെളിഞ്ഞുമുള്ള സംഘടിത ശ്രമം നടക്കുകയാണ്. വിശാലമായ ജനാധിപത്യ കാഴ്ചപ്പാടിൽ നിർമ്മിക്കപ്പെട്ട നിയമത്തിന്റെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യുന്ന അതിപ്രധാനമായ സാഹചര്യങ്ങൾ ഉടലെടുക്കുകയാണ്. The Right To Information Act, 2005 (RTI) -ആക്ടിന്റെ Section 25(1) ഇവിടെ വായിക്കുകയാണ്.

'(1) The Central Information Commission or State Information Commission, as the case may be, shall, as soon as practicable after the end of each year, prepare a report on the implementation of the provisions of this Act during that year and forward a copy thereof to the appropriate Government."

ഓരോ വർഷം കഴിയുമ്പോഴും ഗവൺമെന്റിന് ഇൻഫർമേഷൻ കമ്മീഷൻ ഒരു റിപ്പോർട്ട് തയ്യാറാക്കി തരണം എന്നുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനമായ ഭാഗം. ഞാൻ രണ്ടാമത്തെ ക്ലോസ്സിലേയ്ക്ക് പോകുന്നില്ല, ബഹുമാനപ്പെട്ട ചെയർ ഇത് അനുവദിച്ചുതന്നതിന് പ്രത്യേകം നന്ദി പറയുകയാണ്. ഇതിൽ സെക്ഷൻ ക്ലോസ്സ് ഉണ്ട്,

'" The State Government, as the case may be, may, as soon as practicable after the end of each year, cause a copy of the report of the State Information Commission, before each House of the State Legislature, where there are two Houses, and where there is one House of the State Legislature before that House."

എന്നുള്ളത് കൃത്യമായി എഴുതി വച്ചിരിക്കുകയാണ്. നമ്മുടെ ഏറ്റവും ദുരന്തകരമായിട്ടുള്ള ഈ അവസ്ഥകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. നിലവിൽ നമ്മുടെ ഹൗസിന്റെ മുമ്പിൽ 2014-15-ലെയും 2015-16-ലെയും റിപ്പോർട്ടുകൾ മാത്രമാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനുശേഷമുള്ള ഒരു റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മുഴുവൻ അപകടകരമായ അവസ്ഥയിലാണ്. ഡിജിറ്റൈസേഷൻ നടന്നിട്ടില്ല, കംപ്യൂട്ടറൈസേഷൻ നടന്നിട്ടില്ല. സ്റ്റാഫ് ഷോർട്ടേജ് അവിടെ നിലനിൽക്കുന്നു. ഈ റിപ്പോർട്ടുകൾ 4 കൊല്ലമായി നിയമസഭയിൽ കൊണ്ടുവന്നിട്ടില്ല. 2014 മുതലുള്ള അപ്പീലുകൾ പെന്റിംഗിലാണ്. ഇത്രയും ഗുരുതരമായ സാഹചര്യത്തിലൂടെ നമ്മുടെ ഇൻഫർമേഷൻ കമ്മീഷൻ പോകുകയാണ്. ഈ ഗൗരവതരമായ സാഹചര്യത്തിൽ നിയമസഭയുടെ അവകാശം, ജനങ്ങളുടെ അവകാശം ഹനിക്കുന്നതായ ഈ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ചെയറിന്റെ ഭാഗത്തുനിന്നും അതിശക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ക്രമപ്രശ്നത്തിന്മേലുള്ള മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗും ഒക്ടോബർ 20 -ന് നൽകുന്നതാണ്.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഈ നാല് ബില്ലുകളിന്മേലും വളരെ വിശദമായ ചർച്ച ഇവിടെ നടന്നുകഴിഞ്ഞിട്ടുള്ളതാണ്. വിശദമായ പ്രസംഗത്തിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരള നിയമസഭ ഇന്ന് മറ്റൊരു ചരിത്രം കൂടി രചിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ്. എന്നാൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷനും അവർക്ക് സംരക്ഷണവും ഉറപ്പുവരുത്തുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ഇന്ന് നമ്മുടെ നിയമസഭ എല്ലാവരുടേയും പിന്തുണയോടുകൂടി പാസ്സാക്കുന്നതോടെ രാജ്യത്ത് നമ്മുടെ കേരളം തല ഉയർത്തി നിൽക്കുകയാണ്. ബിൽ അവതരിപ്പിച്ച ദിവസം വിശദമായ ചർച്ച നമ്മൾ 4 ബില്ലുകളുടെയും ഭാഗമായി നടത്തിക്കഴിഞ്ഞിട്ടുള്ളതാണ്. സബ്ജക്ട് കമ്മിറ്റിയിലും ഗൗരവമായ പരിശോധന ഈ ബില്ലുകളുടെ ഭാഗമായി നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്ന് നിരവധി ഭേദഗതി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് ചിലത് നമുക്ക് അംഗീകരിക്കാവുന്നതാണെന്ന് കണ്ടിട്ടുണ്ട്. ചർച്ചയിലും മറ്റും ബഹുമാനപ്പെട്ട അംഗങ്ങൾ കൊണ്ടുവന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് 4 ഔദ്യോഗിക ഭേദഗതികൾ ഇവിടെ നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാം വകുപ്പിലെ 3, 4 (d) യിൽ അവശതാ പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്താനുള്ള ഭേദഗതി സമർപ്പിക്കുന്നതാണ്. ചർച്ചയിലും സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിലും പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച, കേരളം മാതൃകയാകാൻപോകുന്ന ഈ മഹത്തായ ബില്ലിന്റെ ജനോപകാരപ്രദമായ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ഭേദഗതികളുമെല്ലാം ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ ഉൾക്കൊള്ളാവുന്നതെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള നിർദ്ദേശം ഇവിടെ വയ്ക്കുകയാണ്.

ഇതാണ് തൊഴിലുറപ്പ് ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് പറയാനുള്ള ഹ്രസ്വമായ കാര്യങ്ങൾ. രണ്ടാമത്തെ ബില്ലായ 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്, നമ്മൾ ഇവിടെ ചർച്ച ചെയ്യുതുമാണ്, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മുമ്പ് നിലവിലുണ്ടായിരുന്ന ആക്ടിൽനിന്നും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്, പ്രസ്തുത ബിൽ ആസൂത്രണത്തിനും വികസന പ്ലാനുകൾക്കും പുതിയ ദിശാബോധം നൽകുന്ന രീതിയിലുള്ളതാണെന്നാണ്. മുമ്പ് നിലവിലുണ്ടായിരുന്ന ആക്ടുകളിൽ മാസ്റ്റർ പ്ലാനും നഗരാസൂത്രണ പദ്ധതിയും മാത്രമെ പ്ലാനുകൾ എന്ന നിലയിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ. എന്നാൽ ഇന്നത്തെ കാലത്തിനും ആവശ്യങ്ങൾക്കും അനുയോജ്യമായ വിവിധ തലങ്ങളിലെ പ്ലാനുകളും ആസൂത്രണ പദ്ധതികളും ബാധകമാക്കുന്നതാണ് ഭേദഗതി ബില്ലിന്റെ ഉള്ളടക്കം. കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ നാട് അനുഭവിച്ച മഹാപ്രളയത്തിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ ആ അനുഭവങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് ചില ഭേദഗതി നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ടായത്. ദുരന്തങ്ങൾ സൃഷ്ടിക്കുന്ന ആഘാതം അതിജീവിക്കാനുള്ള സാഹചര്യമൊരുക്കാനാണ് ഈ തരത്തിലുള്ള ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഇവിടെ ചർച്ചചെയ്ത വളരെ പ്രധാനപ്പെട്ട ഒരു കാര്യം എക്സിക്യൂഷൻ പ്ലാനിനെ സംബന്ധിച്ചാണ്. മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയശേഷം എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ ദൈർഘ്യമേറിയതാണ്. ഒരു ഗ്രാമപഞ്ചായത്തിനോ, മുൻസിപ്പാലിറ്റിക്കോ, കോർപ്പറേഷനോ ഇത്രയുംകാലമായിട്ടും അങ്ങനെയുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യാൻതന്നെ സാധിച്ചിട്ടില്ല. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ ആവശ്യമുള്ളപക്ഷം അനായാസേന പദ്ധതികൾക്ക് മാറ്റംവരുത്തി നടപ്പാക്കുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ടാണ്, ടൗൺപ്ലാനിംഗ് ആക്ടിലെ ഈ നടപടിക്രമങ്ങളിൽനിന്നും മാറി മുൻഗണനാ പ്രവർത്തന പ്ലാൻ (Priority Action Plan) ആയി ഭേദഗതി ബില്ലിൽ ഇത് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി Priority Action Plan തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥ കൂടുതൽ വേഗത്തിലും, നിർവ്വഹണംകൊണ്ട് വളരെ വേഗംതന്നെ സാധിക്കുകയുംചെയ്യുന്ന രീതിയാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. എല്ലാവരുടെയും പൂർണ്ണമായ പിന്തുണ ലഭിക്കാനുതകുന്ന ഒന്നാണിതെന്ന് കരുതുന്നു.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച് പറയുകയാണെങ്കിൽ അതിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ തെരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം Ease of doing business വളരെ ഫലപ്രദമായി നടത്തുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ എല്ലാ വകുപ്പുകളിലും സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പഞ്ചായത്ത് രാജ് ആക്ടിലും മുൻസിപ്പാലിറ്റി ആക്ടിലും വരുത്തേണ്ട അത്തരത്തിലുള്ള ഭേദഗതികളാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കഴിയാവുന്നത്ര ലഘൂകരിക്കുകയാണ്. അഞ്ച് ദിവസംകൊണ്ട് കൈപ്പറ്റ് സാക്ഷ്യപത്രം കിട്ടിക്കഴിഞ്ഞാൽ വ്യക്തികൾക്ക് പണി ആരംഭിക്കാൻ സാധിക്കുന്ന രീതിയിലാണ് ഭേദഗതിയുള്ളത്. അതുപോലെതന്നെ വലിയ കെട്ടിടങ്ങൾക്ക് പതിനഞ്ച് ദിവസംകൊണ്ട് പെർമിറ്റ് ലഭ്യമാക്കാനാവശ്യമായ നിലപാട് സ്വീകരിക്കത്തക്ക രീതിയിലുമാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അനായാസം ഇക്കാര്യങ്ങൾ നിർവ്വഹിക്കപ്പെടാനും പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കുമെല്ലാം ദിവസവും ഓഫീസുകൾ കയറിയിറങ്ങി നടക്കേണ്ടിവരുന്ന അവസ്ഥമാറ്റി ഫലപ്രദമായി ഒരു സംരംഭം ആരംഭിക്കാനുള്ള സാധ്യതയാണ് ഈ നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. നിയമ ഭേദഗതിയുടെ ലക്ഷ്യം ഇതാണെന്ന് പറയുമ്പോൾത്തന്നെ പഞ്ചായത്തുകളിലും നഗരസഭകളിലും ഓൺലൈൻ സേവനം ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനുള്ള സൗകര്യങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. മേൽസൂചിപ്പിച്ച നിയമഭേദഗതികൾകൂടി വരുന്നതോടെ സേവനം വിരൽത്തുമ്പിൽ എന്ന പ്രഖ്യാപിത നയം കൂടുതൽ വേഗത്തിൽ നടപ്പിലാക്കുന്ന സ്ഥിതിയുണ്ടാകും. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് സംവിധാനത്തെ വളരെ ലളിതമായി ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രധാന ഭേദഗതികളാണ് ഈ നാല് ബില്ലുകളിലും വരുത്തിയിട്ടുള്ളത്. അതിനായി എല്ലാവരുടെയും പരിപൂർണ്ണ പിന്തുണയുണ്ടാകണം. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതും അതുപോലെതന്നെ ഞാൻ ആദ്യം പറഞ്ഞതുമായ കാര്യം, നിയമനിർമ്മാണ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഓർമ്മ നൽകുന്ന ദിവസംതന്നെയായിരിക്കും ഇതെന്നാണ്. പാവപ്പെട്ട തൊഴിലുറപ്പ് തൊഴിലാളികൾക്കായി വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സാധിക്കുന്നതാണ് ഈ നിയമനിർമ്മാണം എന്നതുകൊണ്ടും നമ്മുടെ നിയമസഭാ ചരിത്രത്തിൽ ഒരു പുതിയ ഏട് എഴുതിച്ചേർക്കാൻ പോകുന്നതുകൊണ്ടും ഈ നിയമം പൂർത്തിയാക്കാൻ സാധിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. എല്ലാവരുടെയും പൂർണ്ണ പിന്തുണയോടെ നമുക്കിത് അംഗീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021 -ലെ കേരള നഗര-

ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021 -ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള സർവ്വശ്രീ റോജി. എം. ജോൺ, പി. ഉബൈദുള്ള, ടി. ജെ. വിനോദ് എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ഇന്നലെ ബില്ലിൽ ആയിരത്തിഒരുന്നൂറിലധികം ഭേദഗതികളാണുണ്ടായിരുന്നത്, ഇന്ന് നാല് ബില്ലുകൾക്കുമായി അതിലുംകൂടുതൽ ഭേദഗതികൾ പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ട് ചട്ടം 77 പ്രകാരം ബില്ലിന്റെ തത്വത്തിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിച്ച് ചെയറിനോട് സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബില്ലുകൾ ഓരോന്നായി എടുത്ത് ഡിസ്പോസ് ചെയ്തുപോകുന്നതല്ലേ നല്ലത്?

<u>മി. സ്പീക്കർ</u>: നാല് ബില്ലുകളെക്കുറിച്ചുമുള്ള ചർച്ച പൊതുവായി ഒരുമിച്ച് ചെയ്യാം. ഓരോ ബില്ലിലെയും വകുപ്പുകളുടെ പരിഗണന പ്രത്യേകമായിത്തന്നെയെടുത്ത് അവ ഡിസ്പോസ് ചെയ്യാം. ഇവിടെ വിയോജനക്കുറിപ്പ് നൽകിയത് മൂന്നുപേരാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2004 -ൽ കേന്ദ്രത്തിൽ അധികാരത്തിൽവന്ന ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള ഒന്നാം യു.പി.എ. സർക്കാർ പാസാക്കിയ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ചുള്ള തൊഴിലാളികൾക്കും, അതുപോലെതന്നെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലുള്ള തൊഴിലാളികൾക്കും ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിയമനിർമ്മാണം തീർച്ചയായും സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതിയെന്നത് യു.പി.എ.യുടെ, കോൺഗ്രസിന്റെ ഒരു കുഞ്ഞാണ്. കഴിഞ്ഞ കുറേവർഷങ്ങളായി പ്രസ്തുത നിയമം വളരെ ഫലപ്രദമായി ഈ രാജ്യത്ത് നടപ്പിലാക്കിവരികയാണ്. ആ കുഞ്ഞിന്റെ മറ്റൊരു കുഞ്ഞാണ് ഇപ്പോൾ കൊണ്ടുവരുന്ന ക്ഷേമനിധി ബിൽ. ആ അർത്ഥത്തിൽ യു.പി.എ.-യുടെയും കോൺഗ്രസിന്റെയും ഗ്രാൻഡ്ചൈൽഡായ ഈ ക്ഷേമനിധി ബില്ലിനെ ഞങ്ങൾ പൂർണ്ണമായും സ്വാഗതം ചെയ്യുകതന്നെയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പൂർണ്ണമായും അട്ടിമറിക്കുന്ന സമീപനങ്ങളുമായാണ് ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ രണ്ട് എൻ.ഡി.എ. ഗവൺമെന്റുകളും പോയ്ക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതിയെത്തന്നെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പലതവണ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഏറ്റവുമൊടുവിൽ പുറത്തുവന്നിരിക്കുന്ന റൂറൽ

ഡെവലപ്മെന്റ് മിനിസ്ട്രിയുടെ കീഴിലുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ മാത്രം 935 കോടി രൂപയുടെ ദുരുപയോഗമാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ വന്നിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇല്ലാത്തയാളുകൾക്ക് തുക നൽകിയും അതുപോലെതന്നെ സംഭരണവില അനിയന്ത്രിതമായി കൂട്ടിക്കാണിച്ചുമൊക്കെ കോടിക്കണക്കിന് രൂപയാണ് ഇത്തരത്തിൽ ദുരുപയോഗം ചെയ്തിരിക്കുന്നത്, രാജ്യത്തെമ്പാടും അങ്ങനെ നടക്കുന്നുമുണ്ട്. കേന്ദ്രസർക്കാർ ഓരോ ഘട്ടത്തിലും വരുത്തുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയുടെ അന്തസ്സത്തയെത്തന്നെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. മെറ്റീരിയൽ കംപോണന്റിൽ കൂടുതൽ തുക ചെലവുചെയ്യുകയും തൊഴിൽ ഘടകത്തിൽ പണം ആവശ്യത്തിന് അനുവദിക്കാതെയും സാധാരണക്കാരും പാവപ്പെട്ടവരുമായ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാതെപോകുന്നത് നമ്മൾ കാണുകയാണ്. 2015-ൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി തൊഴിലുറപ്പ് പദ്ധതിയെ പരിഹസിച്ചു. അദ്ദേഹം പറഞ്ഞത്, 'It is a living monument of U.P.A.'s failures,' എന്നാണ്. പക്ഷേ കോവിഡ് മഹാമാരിയുടെ കാലത്ത് നമ്മളെല്ലാവരും കണ്ടതാണ്, രാജ്യത്ത് താഴേത്തട്ടിലുള്ള ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാരന്റെ ആശ്രയമെന്ന് പറയുന്നത് തൊഴിലുറപ്പ് പദ്ധതിയായിരുന്നു. കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ നാല്പതിനായിരം കോടി രൂപ അധിക അലോക്കേഷൻ ഈ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നല്കാൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതരാകുകയായിരുന്നു. ഒരു സംശയവും വേണ്ട, പരാജയത്തിന്റെ ലിവിംഗ് മോണുമെന്റ് എന്നുപറഞ്ഞ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിതന്നെ ഈ മഹാമാരിക്കാലത്ത് ഒരു അതിജീവനത്തിന്റെ ലിവിംഗ് മോണുമെന്റായി മാറിയെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 2021-ൽ കേന്ദ്രഗവൺമെന്റ് ഇതിന് വേജ് റിവിഷൻ പ്രഖ്യാപിച്ചു. ഓരോ വർഷവും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് വേജ് റിവിഷൻ വരികയാണ് ചെയ്യുന്നത്. മറ്റെല്ലാ സംസ്ഥാനങ്ങളിലും ഒരു രൂപ മുതൽ 23 രൂപ വരെ വേജ് റിവിഷനുണ്ടായപ്പോൾ കേരളത്തെമാത്രം അവഗണിച്ചു. കേരളത്തിൽ 291 രൂപയെന്നുള്ളത് അതേ നിലയിൽത്തന്നെ തുടരുകയാണ്. ഹരിയാനയിൽ 315 രൂപവരെ വേജ് റിവിഷന്റെ ഭാഗമായി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. കേരളത്തിൽമാത്രം വേജ് റിവിഷൻ അവഗണിച്ച കേന്ദ്രസർക്കാരിന്റെ ആ സമീപനത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തേണ്ടതാണ്. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

ഇത്രയധികം ഉയർന്നുനിൽക്കുന്ന സംസ്ഥാനത്ത് വേജ് റിവിഷൻ നൽകാത്തതിലുള്ള പ്രതിഷേധം നമ്മൾ അറിയിക്കേണ്ടതാണ്. വരുംവർഷങ്ങളിൽ അത് കൃത്യമായി പുതുക്കുന്നതിനുള്ള സമീപന നടപടികൾ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ക്ഷേമനിധിത്തൊഴിലാളി ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ചില ഭേദഗതികൾ എഴുതി നൽകിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ടതുമാത്രം ഞാനിവിടെ പറയുകയാണ്. 5-ാം വകുപ്പിൽ ക്ഷേമനിധിയിലേയ്ക്കുള്ള അംഗത്വം 18 വയസ്സുമുതൽ 55 വയസ്സുവരെയായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഈ പ്രായപരിധിക്ക് മുകളിലുള്ളവരാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകേണ്ട വലിയ വിഭാഗത്തിന് ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. അതുകൊണ്ട് 5-ാം വകുപ്പ് പ്രകാരമുള്ള ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി ഉയർത്തേണ്ടത് അനിവാര്യമാണ്. എങ്കിൽമാത്രമെ ഈ പദ്ധതിയുടെ ആനുകൂല്യം കഴിഞ്ഞ നിരവധി വർഷങ്ങളായി തൊഴിലുറപ്പ് മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂവെന്നത് നമ്മൾ കാണാതെ പോകരുത്. അതുപോലെ പ്രായപരിധി ഉയർത്തിയശേഷവും ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാത്തവരും വർഷങ്ങളായി തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം ഒറ്റത്തവണയായി അടച്ചുകൊണ്ട് പദ്ധതിയിൽ അംഗമാകുന്നതിന് അവസരമൊരുക്കണം. അപ്രകാരം അംശദായം അടയ്ക്കുമ്പോൾ തൊഴിലാളികൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്ന രീതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം. അല്ലാത്തപക്ഷം ആയിരക്കണക്കിന് തൊഴിലാളികൾ ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടാതെ പുറത്തുനിൽക്കുന്ന സാഹചര്യം നമ്മൾ കാണേണ്ടി വരും. അത് നിലവിൽ തൊഴിലുറപ്പ് മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ രണ്ട് തട്ടിൽ നിർത്തുന്ന ഒരു സമീപനമായിരിക്കും. അതുകൊണ്ട് അത് ഒഴിവാക്കുന്നതിനുവേണ്ടി പരമാവധി ആളുകൾക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിനുള്ള പ്രൊവിഷൻസ് ഈ ബില്ലിന്റെ ഭാഗമായി ഭേദഗതിയിലൂടെ അങ്ങ് കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഖണ്ഡം 3 (4) (ബി)-ൽ പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പത്ത് വർഷത്തിലധികമായി ജോലിചെയ്യുന്ന 60 വയസ്സിനുമുകളിലുള്ള തൊഴിലാളികൾ മരണപ്പെട്ടാൽ അവരുടെ കുടുംബാംഗങ്ങൾക്ക് കുടുംബ പെൻഷൻ ലഭിക്കില്ല. അതുകൊണ്ട് ഈ വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് അത്തരം ആളുകൾക്കുകൂടി

കുടുംബ പെൻഷൻ ലഭിക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് ഭേദഗതികൾ എഴുതി നൽകിയിരിക്കുന്നതുകൊണ്ട് മുഴുവനും വായിക്കാൻ ഉദ്ദേശിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പ്രകൃതി ദുരന്തങ്ങളുടെയും മഹാമാരിയുടെയും പശ്ചാത്തലത്തിലാണ് നഗര-ഗ്രാമാസൂത്രണ ഭേദഗതി ബില്ലും പഞ്ചായത്ത് രാജ് ഭേദഗതി ബില്ലും സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ എന്താണ്; അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ച് മുന്നോട്ടുപോകുന്നത്. കോവിഡ് മഹാമാരിയും പ്രളയവുമുണ്ടായപ്പോഴെല്ലാം ഏറ്റവുംകൂടുതൽ ഉത്തരവാദിത്വം വഹിച്ച വകുപ്പുകളാണ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയുമൊക്കെ. ഇന്ന് ഒരു കോവിഡ് രോഗി വാർഡിലുണ്ടായിക്കഴിഞ്ഞാൽ ഏറ്റവും ആദ്യം ബന്ധപ്പെടുന്നത് അവരുടെ ജനപ്രതിനിധികളെയോ ആശാവർക്കറെയോ ആയിരിക്കും. അവർക്കാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിക്കൊടുക്കേണ്ട ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഒരു പ്രതിസന്ധിയുടെ കാലത്ത് ഏറ്റവുംകൂടുതൽ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന ഒരു സ്ഥാപനമായി തദ്ദേശ/പ്രാദേശിക ഗവൺമെന്റുകൾ മാറുകയാണ്. ആ ഗവൺമെന്റിന്റെ അധികാരങ്ങൾ ഇല്ലാതാക്കുന്ന നടപടികൾ യാതൊരു കാരണവശാലും സ്വീകരിക്കാൻ പാടില്ലായെന്നുമാത്രമല്ല ഇപ്പോഴത്തെ സാഹചര്യത്തിൽ അവരുടെ പ്രവർത്തനമേഖല കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി ആവശ്യമായ പിന്തുണയും സാമ്പത്തിക സഹായവും നൽകുക എന്നുള്ളതാണ് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്; ഓരോ ദിവസവും മീറ്റിംഗുകളാണ്. ഒരുദിവസം രണ്ടും മൂന്നും മീറ്റിംഗുകളാണ് വിളിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നത്. വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ടും സ്കൂൾ റീ-ഓപ്പണിംഗുമായി ബന്ധപ്പെട്ടും ഇന്നലെ രണ്ട് മീറ്റിംഗുകളുണ്ടായി. അതിൽ ഒരു മീറ്റിംഗിന്റെ അറിയിപ്പ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലഭിക്കുന്നത് ഇന്നലെ രാവിലെ പത്ത് മണിക്കാണ്. മറ്റൊന്ന് ലഭിച്ചത് അതിന്റെ തലേദിവസമാണ്. നാളെ വേറൊരു മീറ്റിംഗ് വച്ചിരിക്കുകയാണ്. ഇത്തരത്തിൽ എല്ലാ ദിവസവും മീറ്റിംഗുകൾ കൂടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിലോ അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ യോഗങ്ങൾ വിളിച്ചുചേർക്കുന്നു. ചിലപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ യോഗം വിളിച്ചുചേർത്ത് കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തുകൊണ്ട് കാര്യങ്ങൾ വിശദീകരിക്കുന്നു. വകുപ്പുമന്ത്രിയും വകുപ്പ് സെക്രട്ടറിയും

മുഖ്യമന്ത്രിയുമൊക്കെ പ്രസംഗിച്ച് കാര്യങ്ങൾ പറഞ്ഞശേഷം പോയിക്കഴിഞ്ഞാൽ ഈ കാര്യങ്ങൾ മുഴുവൻ ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ അതത് ലോക്കൽ ബോഡികൾക്കാണ്. ഇവരുമായി യാതൊരു തരത്തിലുള്ള ആലോചനകളും നടക്കുന്നില്ല. ഇത് റേഡിയോയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി 'മൻ കി ബാത്ത്' പറയുന്നതുപോലെ നമ്മൾ ഇവിടെ സൂം മീറ്റിംഗ് വിളിച്ച് ഓരോകാര്യങ്ങൾക്കും നിർദ്ദേശം നൽകി ഇതുമുഴുവൻ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ചെയ്യണമെന്ന് പറയും. എന്നാൽ അതിന് ആവശ്യമായുള്ള ഫണ്ട് നമ്മുടെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുന്നില്ലെന്നുള്ളത് അതീവ ഗുരുതരമായ ഒരു പ്രശ്നമാണ്. ഇന്ന് പഞ്ചായത്തുകൾക്ക് എന്താണ് സംഭവിക്കുന്നത്. അവർക്ക് കൃത്യമായി പ്ലാൻ ഫണ്ട് ലഭിക്കുന്നില്ല, ധനകാര്യ കമ്മീഷന്റെ അലോക്കേഷൻ പൂർണ്ണമായും ലഭിച്ചിട്ടില്ല. പഞ്ചായത്തിൽനിന്നോ ലോക്കൽ ബോഡിയിൽനിന്നോ റിട്ടയർ ചെയ്യുന്ന ഒരു സ്റ്റാഫിന് അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടത് സർക്കാരാണ്. അത് സംസ്ഥാനത്തുള്ള മുഴുവൻ പഞ്ചായത്തുകളിലും കുടിശ്ശികയായി കിടക്കുകയാണ്. സ്കൂൾ വാഹനങ്ങളെല്ലാം നിരത്തിലിറക്കണമെന്ന് ഇന്നലെ യോഗം ചേർന്ന് പറയുകയുണ്ടായി. അത് എല്ലാവരുടെയും ഉത്തരവാദിത്വവും നമ്മുടെ നാടിന്റെ ആവശ്യവുമാണ്. സർക്കാർ സ്കൂളുകളിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി വാഹനങ്ങൾ ഓടാതെ കിടക്കുന്നതുകൊണ്ട് അവ നിരത്തിലിറങ്ങണമെങ്കിൽ 50,000,75,000 രൂപയോളം ചെലവ് വരും. രണ്ട് വാഹനങ്ങളുള്ള ഒരു സ്കൂളിൽ ആ വാഹനം നിരത്തിലിറങ്ങണമെങ്കിൽ എന്ത് ചെയ്യണം; അതിന്റെ ഇൻഷ്വറൻസ് അടയ്ക്കണം, മെയിന്റനൻസ് നടത്തണം, ടയർ മാറ്റണം. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്ന് ചെലവ് ചെയ്യാനുള്ള അനുമതിയും നൽകുന്നില്ല. സർക്കാരിന്റെ ഫണ്ടിൽനിന്ന് നൽകുന്നുമില്ല. മീറ്റിംഗ് വിളിച്ചുചേർത്ത് പ്രാദേശികമായി കണ്ടെത്തി ജനകീയമായി ഇത് നടത്താൻ അവരോട് പറയും. ഇത് പറയാൻ എന്തിനാണ് മീറ്റിംഗ്. അവർക്ക് നടത്താൻ അറിയില്ലേ; വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന കാര്യം, സർക്കാർ മീറ്റിംഗ് വിളിച്ചിട്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും ഒരു പ്രസംഗം, സെക്രട്ടറിയുടെ സ്വാഗത പ്രസംഗവും വേറെ ഏതെങ്കിലും ഒരു മന്ത്രിയുടെ ആശംസാ പ്രസംഗവും. എന്നിട്ട് ഇതെല്ലാം നിങ്ങൾ ചെയ്യണമെന്നും പറയും. ഒരു മഹാമാരിയുടെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ, അവരുടെ പ്രവർത്തനങ്ങൾക്ക് അഡീഷണലായി തുക കൊടുത്തതിനുശേഷം ഈ ഉപദേശവും പ്രസംഗവും നടത്തണമെന്നുള്ളതാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്.

അതുപോലെ റേറ്റ് റിവിഷൻ വന്നിരിക്കുന്നു. നമുക്കറിയാം പ്രവൃത്തികൾക്കുള്ള, പി.ഡബ്ല്യൂ.ഡി. ആയാലും ഡി.എസ്.ആർ റേറ്റുകളിലായാലും മാറ്റം വന്നിരിക്കുന്നു. ആ റിവിഷൻ വന്നപ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് 10 ശതമാനം വരെ above ക്വാട്ട് ചെയ്യാനുള്ള അനുമതി നൽകിയിരിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ ഒരു കോടി രൂപയുടെ ഒരു പദ്ധതി അത് DPC അംഗീകരിച്ചിട്ടുള്ള ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് അത് നടപ്പിലാക്കണമെങ്കിൽ ഒരുകോടി പത്ത് ലക്ഷം രൂപ വേണം. ആ പത്ത് ലക്ഷം രൂപ അധികമായി ആരാണ് നൽകുന്നത്; അതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരാണ് ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്നവർ. മഹാമാരിയായാലും പ്രകൃതി ദുരന്തമായാലും ആ പ്രവർത്തനങ്ങളിലൊക്കെ ബന്ധപ്പെട്ടുകൊണ്ട് അവരുടെ തൊഴിൽഭാരം വർദ്ധിക്കുകയാണ്.

2012-ൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തി ഒരു ദ്വയാംഗ കമ്മീഷൻ റിപ്പോർട്ട് നൽകിയിരുന്നു. പുതിയതായി അയ്യായിരം തസ്തികകൾ അനുവദിക്കേണ്ട കാര്യം ഇതിൽ പ്രത്യേകമായി പറഞ്ഞിരുന്നു. എന്നാൽ ഇതുവരെ രണ്ടായിരത്തിൽ താഴെ മാത്രം പുതിയ തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ പൂർണ്ണമായിട്ടും ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ടുതന്നെ ഒരു പ്രതിസന്ധിയുടെ, ഒരു മഹാമാരിയുടെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ആ ആഗ്രഹത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, അധികാരവികേന്ദ്രീകരണം ഫലപ്രദമാകണമെന്ന് നമ്മൾ കരുതുന്നുണ്ടെങ്കിൽ, അതിനനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് കൃത്യമായി നൽകാൻ സർക്കാർ തയ്യാറാകണം. രണ്ട്, അവർക്കാവശ്യമായ ജീവനക്കാരെ ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകേണ്ടതായിട്ടുണ്ട്. അത് നൽകുന്നില്ല എന്നുമാത്രമല്ല ഇപ്പോൾ അവരുടെ കയ്യിലുള്ള ഫണ്ടുംകൂടി എങ്ങനെ കയ്യിലാക്കാമെന്നുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഏറ്റവും ഒടുവിലായി പുറത്തുവന്നിരിക്കുന്നത്, 2022 മുതൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്നാണ് ധനകാര്യവകുപ്പ് ഉത്തരവ് നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഒരു അവശ്യഘട്ടം വന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവുചെയ്യാൻ സാധിക്കുന്നത് അവരുടെ ഓൺ ഫണ്ടിൽനിന്നുമാണ്. ആ ഓൺ ഫണ്ട് അവർ സാധാരണയായി ഏതെങ്കിലും ദേശസാസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ആണ് നിക്ഷേപിക്കുന്നത്.

അതിപ്പോൾ ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന് പറഞ്ഞാൽ പിന്നീട് പതിനായിരം രൂപയുടെ ബില്ല് മാറണമെങ്കിൽപോലും പഞ്ചായത്തുകളിലെ സെക്രട്ടറിയും ക്ലർക്കുമൊക്കെ ട്രഷറിയുടെ മുമ്പിൽ പോയി ക്യൂ നിൽക്കേണ്ട സാഹചര്യമുണ്ടാകുകയാണ്. നമുക്കറിയാം ട്രഷറി ഓഫീസ് എന്നുപറയുന്നത് ഒരു നിയോജകമണ്ഡലത്തിൽ ഒരെണ്ണമായിരിക്കും പ്രവർത്തിക്കുന്നത്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അവർ അക്കൗണ്ട് തുടങ്ങുന്നത്, അവരുടെ ഓൺ ഫണ്ട് നിക്ഷേപിക്കുന്നത്, ആ പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസിനോടുചേർന്ന് ഏറ്റവും അനുയോജ്യമായിട്ടുള്ള ഒരു ബാങ്കിലായിരിക്കും. അത് ചിലപ്പോൾ സഹകരണ ബാങ്കായിരിക്കാം. അവിടെ നിക്ഷേപിക്കുന്ന ഫണ്ട് അടിയന്തരഘട്ടങ്ങളിലെടുത്ത് വിനിയോഗിക്കാൻ എളുപ്പം സാധിക്കും. അവർ വണ്ടി പിടിച്ച് ട്രഷറിയിൽ പോയെടുത്തുകൊണ്ട് വരണമെന്ന് പറയുന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പൂർണ്ണമായിട്ടും ബാധിക്കുന്നതാണ്. വിവിധ ബാങ്കുകളിൽ കിടക്കുന്ന നൂറ് കണക്കിന് കോടി രൂപ കൈക്കലാക്കാം, അതെടുത്ത് വിനിയോഗിക്കാമെന്ന ഉദ്ദേശത്തോടുകൂടി മാത്രമാണ് സംസ്ഥാന സർക്കാർ പ്രത്യേകിച്ച് ധനകാര്യ വകുപ്പ് ഇത്തരത്തിലൊരു ഉത്തരവിറക്കിയിരിക്കുന്നത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പൂർണ്ണമായും നിയന്ത്രണത്തിലാക്കുന്നതും അവരുടെ പ്രവർത്തനങ്ങളെ ഞെക്കിക്കൊല്ലുന്നതുമായിട്ടുള്ള സമീപനമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇതുസംബന്ധിച്ചൊരു ചോദ്യം നിയമസഭയിൽ ഞങ്ങൾ ചോദിക്കുകയുണ്ടായി. ബഹുമാന്യനായ സണ്ണി ജോസഫ്, ശ്രീ. പി. ടി. തോമസ്, ശ്രീ. റോജി എം. ജോൺ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവർ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരം വളരെ വിചിത്രമാണ്. ഞങ്ങൾ ചോദിച്ച മൂന്നുനാല് ചോദ്യങ്ങൾക്കെല്ലാം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത് ഒരേ ഉത്തരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റുന്നത് അധികാരവികേന്ദ്രീകരണത്തെ ഇല്ലാതാക്കാനുള്ള നടപടികളുടെ ഭാഗമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ? അങ്ങയുടെ മറുപടി ഉണ്ട്; 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 212 ഒന്നാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും ആറാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനതായ വരുമാനമുൾപ്പെടെ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരവുവച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതുനിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഞാൻ അത് പൂർണ്ണമായി വായിക്കുന്നില്ല. ഒടുവിൽ അദ്ദേഹം പറയുന്ന ഇതിൻപ്രകാരം ധനകാര്യവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ നിയമപരമായ സാധുത പരിശോധിച്ചുവരികയാണ്. പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന

പണം പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ അനുശാസിക്കുംപ്രകാരം വിനിയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ് എന്നാണ്. ഇതിൻപ്രകാരം ധനകാര്യവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന് നിയമപരമായ സാധുതയില്ല. നിയമപരമായ സാധുത വേണമെങ്കിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നാണ് അതിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. ഈ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് പറയുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയെ ഇല്ലാതാക്കുന്ന നടപടിയാണ്. ജി.എസ്.ടി.-യുടെ സംസ്ഥാന വിഹിതം ലഭിക്കാനായി നമ്മൾ പലപ്പോഴും കേന്ദ്രസർക്കാരിന്റെ മുമ്പിൽ പോയി കാത്തുനിൽക്കേണ്ട സാഹചര്യമുണ്ടാകുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഒരു സംശയവും വേണ്ട ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതം ലഭിക്കാനായി കേന്ദ്രസർക്കാരിന്റെ മുമ്പിൽപോയി ക്യൂ നിൽക്കേണ്ട സാഹചര്യമുണ്ടാകുന്നുണ്ടെങ്കിൽ സമാനമായ സാഹചര്യം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഓൺ ഫണ്ട് ട്രഷറിയിൽനിന്ന് ലഭിക്കുന്നതിനുവേണ്ടി ട്രഷറിയുടെ മുമ്പിൽപോയി കാത്തുകെട്ടി നിൽക്കേണ്ട സാഹചര്യമുണ്ടാകും. അതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പൂർണ്ണമായും സ്തംഭനാവസ്ഥയിലാക്കുന്ന സാഹചര്യം സംസ്ഥാനത്ത് സംജാതമാകാൻ പോകുകയാണ്. അതുകൊണ്ട് ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അധികാരവികേന്ദ്രീകരണത്തെയും കൂടുതൽ ഫലപ്രദമാക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന ഈയൊരു ഉത്തരവില്ലാതാക്കാനുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് അങ്ങ് മുൻകയ്യെടുക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. എന്റെ വിയോജനക്കുറിപ്പ് ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: പരിചയസമ്പന്നനായിട്ടുള്ള ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് ചട്ടം 77 അല്ല 80 ആണ് ഈ ഘട്ടത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനുശേഷം ചർച്ച ചെയ്യുമ്പോൾ പ്രസക്തമായിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ശരിയാണ്. രണ്ടിന്റേയും സത്ത ഒന്നാണ്. ബില്ലിന്റെ തത്വത്തിലൊതുങ്ങിനിന്ന് കാര്യമാത്രപ്രസക്തമായി മാത്രം സംസാരിക്കണമെന്നാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 42 വർഷം മുമ്പ് മഹാനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ദിനമാണ് ഇന്ന്. മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന മലപ്പുറം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ഈ

സഭയിൽ അംഗമാകാനും അദ്ദേഹം ഉൾപ്പെടെയുള്ളവർ ആഗ്രഹിച്ചിരുന്ന അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കാനും അവസരം ലഭിച്ചതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. ഈ ബില്ലിൽ എനിക്കുള്ള വിയോജനക്കുറിപ്പ് ആദ്യമായി രേഖപ്പെടുത്തുകയാണ്. ഗ്രാമീണ ജനതയുടെ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി 2005-ൽ തുടക്കം കുറിച്ച മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മൻമോഹൻ സിംഗ് സർക്കാരിന്റെ വിപ്ലവകരമായ ചുവടുവയ്പ്പായിരുന്നു. എല്ലാ വിഭാഗം തൊഴിലാളികൾക്കും വിവിധങ്ങളായ ക്ഷേമനിധികൾ നടപ്പാക്കിയിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് 15 വർഷങ്ങൾക്കുശേഷമാണ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പുപദ്ധതിയിലും തൊഴിലെടുക്കുന്നവർക്കുവേണ്ടി നാം ഒരു ക്ഷേമനിധി കൊണ്ടുവരുന്നത്. ഈ ബില്ലിന് ആധാരമായിട്ടുള്ളത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും അയ്യൻകാളി നഗര തൊഴിലുറപ്പുപദ്ധതിയുമാണ്. മഹാത്മാഗാന്ധിയെ വെടിവച്ച് കൊന്നവരുടെ പിൻഗാമികൾ രാജ്യം ഭരിക്കുമ്പോൾ രാഷ്ട്രപിതാവിനെ ഇകഴ്ത്താനും നിന്ദിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽ പ്രിയപ്പെട്ട രാഷ്ട്രപിതാവിന്റെയും കേരളത്തിന്റെ നവോത്ഥാന നായകരിൽ പ്രമുഖനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന മഹാത്മാ അയ്യൻകാളിയുടെയും നാമങ്ങൾ ഈ ക്ഷേമനിധിയിൽനിന്ന് ഉപേക്ഷിക്കുന്നത് ശരിയാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതിൽ ചില വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. വകുപ്പ് അഞ്ചിൽ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള പ്രായപരിധി 55 വയസ്സുവരെയായി നിജപ്പെടുത്തിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ മഹാഭൂരിപക്ഷവും 55 വയസ്സിന് മുകളിലുള്ളവരാണ്. ഈ പ്രായപരിധി നിശ്ചയിക്കുന്നതോടെ ഇതിന്റെ ഗുണഭോക്താക്കളാകേണ്ട വലിയ വിഭാഗത്തിന് ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ വകുപ്പ് 5 പ്രകാരമുള്ള ക്ഷേമനിധി അംഗത്വത്തിന്റെ പ്രായപരിധി ഉയർത്തേണ്ടത് അനിവാര്യമാണ്. പ്രായപരിധി ഉയർത്തിയശേഷവും ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാത്തവരും വർഷങ്ങളായി തൊഴിലെടുക്കുന്നുമായ തൊഴിലാളികൾക്ക് ക്ഷേമനിധി അംശാദായം ഒറ്റത്തവണയായി അടച്ച് പദ്ധതിയിൽ അംഗമാകാൻ അവസരമൊരുക്കണം. ഖണ്ഡം 3 (4) ബി-യിൽ പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശാദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പത്തുവർഷത്തിലധികമായി ജോലി ചെയ്യുന്ന 60 വയസ്സിന് മുകളിലുള്ള തൊഴിലാളികൾ മരണപ്പെട്ടാൽ അവരുടെ കുടുംബാംഗങ്ങൾക്ക് ഈ വ്യവസ്ഥപ്രകാരം കുടുംബപെൻഷൻ ലഭിക്കില്ല. അതുകൊണ്ട് ഈ വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ക്ഷേമനിധി

ബോർഡുകളൊക്കെ രൂപീകരിക്കുന്നത് അതിലെ അംഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി ആയിരിക്കണം. രാഷ്ട്രീയതാൽപ്പര്യം വച്ച് മാത്രം ഏതെങ്കിലും വ്യക്തികളെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിനുവേണ്ടി ബോർഡുകൾ രൂപീകരിക്കുന്ന നിലപാട് ശരിയല്ല. ഞങ്ങൾ ഏതെങ്കിലും വ്യക്തികളെ കണ്ട് ബോർഡ് രൂപീകരിക്കാറില്ലെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്. എന്നാൽ നമ്മുടെ മുൻകാല അനുഭവം അതല്ല. സഖാവ് വി.എസ്. അച്യുതാനന്ദനെ പ്രതിഷ്ഠിക്കുന്നതിനുവേണ്ടി ഭരണപരിഷ്കാര കമ്മീഷനുണ്ടാക്കിയ ആളുകളാണ്. നമ്മുടെ മുൻ എം.പി.യെ കേന്ദ്രത്തിലെ പദ്ധതിയുടെ കോ-ഓഡിനേറ്ററെന്നുപറഞ്ഞ് ഡൽഹിയിൽ ലക്ഷക്കണക്കിന് രൂപ ശമ്പളത്തിൽ നിയോഗിച്ചവരാണ്. അതുകൊണ്ട് ഇങ്ങനെ രാഷ്ട്രീയ താൽപ്പര്യംവച്ച് നിയമസഭയിലേയ്ക്കും പാർലമെന്റിലേയ്ക്കും സീറ്റ് കിട്ടാത്തവരെ അക്കോമഡേറ്റ് ചെയ്യാനുള്ള വേദിയായി ക്ഷേമനിധി ബോർഡുകൾ മാറാൻ പാടില്ല എന്നൊരുകാര്യംകൂടി ഞാൻ ഇവിടെ പറയുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞ കൂലി കൊടുക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രാജ്യമാകെ കൂലികൂട്ടിയപ്പോൾ കേരളത്തിലും ലക്ഷദ്വീപിലും മാത്രം കൂട്ടിയില്ല. കേരളത്തിൽ നിലവിലുള്ള 291 രൂപ ഏപ്രിൽ മുതലുള്ള പുതിയ സാമ്പത്തിക വർഷത്തിലും തുടരുകയാണ്. 291 രൂപയാണ് ഒരു തൊഴിലുറപ്പ് തൊഴിലാളിക്ക് കൂലി കിട്ടുന്നത്. ഇപ്പോൾ സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിലുമൊക്കെ ഡെയ്‌ലി വേജസിന് ജോലി ചെയ്യുന്നവർക്ക് ഞാൻ മനസ്സിലാക്കിയിടത്തോളം 675 രൂപയാണുള്ളത്. യഥാർത്ഥത്തിൽ മൂന്നിലൊന്നിനടുത്താണ് ഇവർക്ക് ഇപ്പോൾ കൂലി കൊടുത്തുകൊണ്ടിരിക്കുന്നത്. തൊഴിലെടുക്കുന്നവരിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ്. എന്താണ് പുരുഷന്മാർ തൊഴിലുറപ്പുപദ്ധതിയിൽ തൊഴിലെടുക്കുന്നതിനുവേണ്ടി വരാത്തതെന്ന കാര്യംകൂടി നമ്മൾ അന്വേഷിക്കണം. അതിൽ പ്രധാനമായ കാരണം കുറഞ്ഞ കൂലിക്ക് തൊഴിലെടുക്കാൻ അവർക്ക് കഴിയാത്തതുകൊണ്ടാണ്. അതുകൊണ്ട് കൂടുതൽ പുരുഷത്തൊഴിലാളികളെക്കൂടി തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് ആകർഷിക്കാനും അവരുടെ വേതനം വർദ്ധിപ്പിക്കാനും പദ്ധതിയുടെ പേരിൽ പറഞ്ഞതുപോലെ അവർക്ക് തൊഴിലുറപ്പാക്കാനുമുള്ള നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഇന്ന് ചർച്ച ചെയ്യുന്ന മറ്റൊരു പ്രധാനപ്പെട്ട വിഷയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മൾ അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുകയാണ്. ഇവിടെ ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികമല്ല. അധികാരവികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികമാണ്.

അധികാരവികേന്ദ്രീകരണം വന്നപ്പോൾ ആ പദ്ധതി രൂപീകരണത്തിനുവേണ്ടി നടത്തിയ ക്യാമ്പയിന് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് 'ജനകീയാസൂത്രണം' എന്ന് പേരിട്ടെന്നേയുള്ളൂ. പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് 'കേരള വികസന പദ്ധതി' എന്ന പേരിലാണ് ആ പദ്ധതി നടപ്പിലാക്കിയത്. അതുകൊണ്ട് ഇവിടെ നമ്മൾ ആഘോഷിക്കേണ്ടത് ജനകീയാസൂത്രണത്തിന്റെയല്ല അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും വാർഷികമാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പഞ്ചായത്ത് രാജ് ആക്ടും ജനകീയാസൂത്രണവും തമ്മിലുള്ള ബന്ധം യഥാർത്ഥത്തിൽ ഈ സഭയ്ക്കകത്ത് തെറ്റിദ്ധരിപ്പിക്കുകയാണ്. 1995-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കേരളത്തിൽ നടത്തി. അന്ന് ആദ്യമായി ബ്ലോക്ക് പഞ്ചായത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ് ഞാൻ. 1996-ൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് വകുപ്പുകളും ചട്ടങ്ങളും സമ്പത്തുമുണ്ടാക്കി ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തിയത്. ആ ഗവൺമെന്റാണ് അധികാരം താഴേത്തട്ടിലേയ്ക്ക് എത്തിക്കുക എന്ന ഗാന്ധിജിയുടെ സ്വപ്നം, 'ഗ്രാമസ്വരാജ് സങ്കൽപം' ഈ കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി, വികസന പ്രവർത്തനങ്ങളെല്ലാം തിരുവനന്തപുരത്ത് മാത്രം കേന്ദ്രീകരിച്ചാൽ മതിയാകില്ല, സാധാരണക്കാരുംകൂടി അതിൽ പങ്കാളികളാകണമെന്ന ഏറ്റവും വലിയ ഉദ്ദേശത്തിന്റെ ഭാഗമായി ഈ ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കംകുറിച്ചത്. ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്നതോ മറ്റേതെങ്കിലും രാഷ്ട്രീയപ്പാർട്ടികൾ നേതൃത്വം നൽകുന്നതോ ആയ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഇത്തരത്തിൽ പീപ്പിൾസ് ക്യാമ്പയിൻ എന്ന നിലയിൽ ജനകീയാസൂത്രണ പദ്ധതിപോലെ നടപ്പിലാക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ അങ്ങേയ്ക്ക് കഴിയുമോ എന്നൊരു സംശയമാണ് എനിക്കുള്ളത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പഞ്ചായത്ത് രാജിനെക്കുറിച്ചൊക്കെ ഇവിടെ വാതോരാതെ പ്രസംഗിക്കുമ്പോൾ പോണ്ടിച്ചേരിയിലെ ലോക്കൽ ബോഡി തെരഞ്ഞെടുപ്പ് അട്ടിമറിക്കാനായി ആൾ ഇന്ത്യാ എൻ.ആർ. കോൺഗ്രസിനോടൊപ്പം (AINRC) കൂടിക്കൊണ്ടാണ് കോൺഗ്രസ് അവിടെ സമരം നടത്തുന്നത് എന്നത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

<u>മി. സ്പീക്കർ</u>: വഴങ്ങിയ സമയമെല്ലാം അങ്ങയുടെ സമയത്തിൽനിന്ന് കുറയുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകുമല്ലോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ: എങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇവിടെ ജനകീയാസൂത്രണത്തെക്കുറിച്ച് പറഞ്ഞു. 1991-96 കാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്ന് നൽകിയ അധികാരമല്ലാതെ പുതിയതായി ഒരു അധികാരവും മാറിമാറിവന്ന എൽ.ഡി.എഫ്. സർക്കാരുകൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 1994-ലാണ് പഞ്ചായത്ത് രാജിലെ ഈ അധികാരങ്ങളൊക്കെ ഗ്രാമ-ബ്ലോക്ക്-ജില്ലാ തലങ്ങളിലേയ്ക്ക് വിട്ടുകൊടുത്തു കൊണ്ടുള്ള നിയമനിർമ്മാണം നടന്നത്. എന്നാൽ പഞ്ചായത്തുകൾക്ക് അന്നുള്ളതിൽനിന്ന് അഞ്ചിലേറെ അധികാരങ്ങൾ എടുത്തുമാറ്റി ഇന്ന് സംസ്ഥാന തലത്തിലേയ്ക്ക് കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. അതിനെക്കുറിച്ച് താങ്കൾക്ക് അറിയാമോ?

മി. സ്പീക്കർ: ശ്രദ്ധയിൽ വന്നശേഷവും അങ്ങ് ഉദാരമായി വഴങ്ങിയാൽ ചെയറിന് ഒട്ടും സഹായിക്കാൻ സാധിക്കില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രധാനപ്പെട്ട കാര്യമായതിനാൽ വഴങ്ങാതിരിക്കാൻ സാധിക്കില്ലല്ലോ; പഞ്ചായത്ത് രാജ് ബിൽ വന്നതിനുശേഷം ആദ്യം നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം 1995-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട നെന്മാറ നിയോജകമണ്ഡലം അംഗം ശ്രീ. കെ. ബാബു പറഞ്ഞത്. ആ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആദ്യം നടന്ന 1991-ലെ ജില്ലാ കൗൺസിലിലും 1995-ലെ ജില്ലാ പഞ്ചായത്തിലും ഞാനും അംഗമായിട്ടുള്ള ആളാണ്. അതുകൊണ്ട് ഇതിനെക്കുറിച്ച് എനിക്കൊരു ധാരണയുണ്ട്. ജില്ലാ പഞ്ചായത്തംഗമായിരിക്കുമ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒരു KRP (Key Resource Person) ആയി പ്രവർത്തിച്ച് കിലയിൽ ധാരാളം ട്രെയിനിംഗിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. 1988-89-ൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കാനായാണ് 64, 65 ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ വക്താക്കളാണെന്ന് ഞങ്ങളാണ് പറയേണ്ടത്. അന്ന് 64, 65 ഭരണഘടനാ ഭേദഗതി രാജീവ്ഗാന്ധി കൊണ്ടുവരുമ്പോൾ അതിനെ രാജ്യസഭയിൽ എതിർത്ത് തോൽപ്പിച്ചത് സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള കക്ഷികളായിരുന്നു. അത് നിഷേധിക്കാൻ സാധിക്കുമോ? പിന്നീട് 1993-ലാണ് 73, 74 ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന് ഇരുസഭകളും പാസ്സാക്കിയത്. 1993-ലെ ഭരണഘടനാ ഭേദഗതിക്കനുസൃതമായി

1994-ൽ ഈ കേരള നിയമസഭയിൽ കെ. കരുണാകരൻ മന്ത്രിസഭയിൽ പഞ്ചായത്ത് രാജ്/നഗരപാലികാ ബിൽ അവതരിപ്പിച്ചത് കാസർഗോഡിനെ പ്രതിനിധീകരിച്ചിരുന്ന മുസ്ലിം ലീഗിന്റെ പ്രതിനിധി സി. ടി. അഹമ്മദ് അലി സാഹിബായിരുന്നു എന്ന കാര്യംകൂടി ഞാൻ ഇവിടെ ഓർക്കുകയാണ്. അതുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ യഥാർത്ഥ അവകാശികൾ ഇന്ത്യൻ നാഷണൽ കോൺഗ്രസും ഐക്യ ജനാധിപത്യ മുന്നണിയുമാണ് എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതിന്റെ വക്താക്കൾ ഞങ്ങളാണ് എന്ന് പറഞ്ഞ് ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം നിങ്ങൾ ആഘോഷിക്കുകയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, രാജ്യത്ത് ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ്/നഗരപാലികാ ബില്ലുകളൊക്കെ വരുന്നതിനുമുമ്പേ കേരളത്തിൽ ജില്ലാ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് വികേന്ദ്രീകൃതാസൂത്രണത്തിനും അധികാര വികേന്ദ്രീകരണത്തിനും ഇടതുപക്ഷ മുന്നണി തുടക്കമിട്ടിരുന്നു എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇവിടെ ഇപ്പോൾ പറഞ്ഞ അംഗം അന്ന് ഈ നിയമത്തെ എതിർത്ത വിഭാഗത്തിലാണുണ്ടായിരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, മഹാനായ സി. എച്ച്. മുഹമ്മദ് കോയ മുഖ്യമന്ത്രിയായ ഒരു ദിനംകൂടിയാണിന്ന്. അദ്ദേഹത്തിന്റെ മന്ത്രിസഭാ കാലത്താണ് ജില്ലാതല ഭരണ സംവിധാനത്തിന് ബിൽ ഈ സഭ അംഗീകരിച്ചത്. അത് മാറ്റിക്കൊണ്ടാണ് പിന്നീട് ഇ. കെ. നായനാർ ഗവൺമെന്റ് വേറൊരു ബിൽ കൊണ്ടുവന്നത് എന്നത് അങ്ങേയ്ക്കറിയാമോ?

<u>മി. സ്പീക്കർ</u>: ആകെ പതിനഞ്ച് മിനിട്ടേ ഉള്ളൂ. എല്ലാംകൂടി ഇപ്പോൾത്തന്നെ ശ്രദ്ധയിൽപ്പെടുത്തേണ്ടതില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അത് തുടക്കത്തിൽ ഞാൻ പറഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആദ്യമായി നിലവിൽ വന്ന 1991-ലെ ജില്ലാ കൗൺസിലിൽ അംഗമായിരുന്ന ആളാണ് ഞാൻ. എനിക്ക് അതിന്റെ എല്ലാ കാര്യങ്ങളുമറിയാം. ഞങ്ങളുടെ നേതാവ് മുൻ മന്ത്രി എം. പി. എം. അഹമ്മദ് കുരിക്കളാണ് ജില്ലാ വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി എന്തെങ്കിലും പദ്ധതി

ആവിഷ്കരിക്കാൻ ഇപ്പോൾ അധികാരമുണ്ടോ? നമ്മളൊക്കെ ജനപ്രതിനിധികളാണല്ലോ. വീടില്ല, വീട് നന്നാക്കാൻ പണമില്ല, ചോർന്നൊലിക്കുന്ന കൂരയിലാണ് കഴിയുന്നത് എന്നൊക്കെ പറഞ്ഞ് എല്ലാവരെയും ആളുകൾ വിളിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള പാവപ്പെട്ട ആളുകൾക്ക് ഏതെങ്കിലുമൊരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഭവനനിർമ്മാണ പദ്ധതി ഏർപ്പെടുത്തണമെന്ന് ആലോചിച്ചാൽ അതിന് അവർക്ക് സാധ്യമല്ല. ലൈഫ് മിഷൻ എന്ന് പ്രഖ്യാപിച്ച് കൊട്ടിഘോഷിച്ച് ആ പദ്ധതിയിൽ അപേക്ഷ നൽകിയ ആളുകൾ വീട് കിട്ടാതെ പ്രയാസപ്പെടുകയാണ്. ലൈഫ് മിഷൻ പദ്ധതിയിൽ ഒരു വീടിന് അപേക്ഷിക്കണമെങ്കിൽ സ്വന്തമായി റേഷൻ കാർഡ് വേണം. ഒരു കുടുംബത്തിൽ താമസിക്കുന്ന ഒരാൾക്ക് വേറൊരു വീടിന് അപേക്ഷിക്കാൻ സ്വന്തമായി റേഷൻ കാർഡ് ലഭിക്കുമോ? സ്വന്തം റേഷൻ കാർഡ് ഉണ്ടാകണമെങ്കിൽ വേറെ വീട്ടിൽ മാറി താമസിക്കണം. ഇങ്ങനെയുള്ള നടക്കാത്ത നിബന്ധനകളിലൂടെ പാവപ്പെട്ട ആളുകളെ യഥാർത്ഥത്തിൽ വഞ്ചിക്കുന്ന സമീപനമാണ് ഈ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്നത്. പഞ്ചായത്തുകൾക്ക് സ്വന്തമായി പദ്ധതി ആവിഷ്കരിക്കാനുള്ള അധികാരം നൽകണം. നമ്മളിപ്പോൾ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഗ്രാമസഭകളായിരുന്നു ലൈഫ് മിഷൻ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. ഇപ്പോൾ അത് മാറ്റി. ഇടയ്ക്ക് ഇതിനായി കുടുംബശ്രീ വോളണ്ടിയർമാരെ ചുമതലപ്പെടുത്തി. അതുംകഴിഞ്ഞ് ഇപ്പോൾ ഓൺലൈൻ അപേക്ഷ സ്വീകരിച്ച് ആളുകൾ വീട് ഇന്ന് കിട്ടും നാളെ കിട്ടുമെന്നുപറഞ്ഞ് കാത്തിരിക്കുകയാണ്. ഒരാൾക്കും വീട് ലഭിക്കുന്നില്ല. പഞ്ചായത്തുകളുടെ അധികാരം ഒന്നൊന്നായി കവർന്നെടുക്കുകയാണ്. ഇപ്പോൾ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുമ്പോഴെങ്കിലും ആ കവർന്നെടുത്ത അധികാരം തിരിച്ചുനൽകണം. പഞ്ചായത്തുകളുടെ ഫണ്ട് വെട്ടിക്കുറയ്ക്കുകയാണെന്ന് ഇവിടെ നേരത്തെ ശ്രീ. റോജി എം. ജോൺ പറഞ്ഞല്ലോ. അക്കാര്യത്തിൽ സി.&എ.ജി. റിപ്പോർട്ടിലടക്കം ഗവൺമെന്റിന് വിമർശനമുണ്ടായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം 2018-19-ൽ വെട്ടിക്കുറച്ചതായി സി.&എ.ജി. റിപ്പോർട്ടിലുണ്ട്. കോവിഡിന്റെ രണ്ടാം തരംഗം സാധാരണക്കാരായ ജനങ്ങളെ മാത്രമല്ല ബാധിച്ചത്. കോവിഡ് മഹാമാരിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നടുവൊടിഞ്ഞിരിക്കുകയാണ്. കോവിഡ് തുടങ്ങിയപ്പോൾ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കണമെന്ന് പറഞ്ഞു. ആരാണ് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത്? അതിന് നേതൃത്വം നൽകിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരംഭിക്കണമെന്ന്

പറഞ്ഞപ്പോഴും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് അത് ആരംഭിച്ചത്. സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ആരംഭിച്ചു. ഇങ്ങനെ കോവിഡുമായി ബന്ധപ്പെട്ട എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും നേതൃപരമായ പങ്ക് വഹിച്ചതും എല്ലാ കാര്യങ്ങളും ചെയ്തുതീർത്തതും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അവയുടെ നട്ടെല്ലൊടിഞ്ഞ് നിൽക്കുന്ന ഘട്ടത്തിലാണ് അവർക്ക് നൽകിയിരുന്ന ഫണ്ടുപോലും വെട്ടിക്കുറയ്ക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചത്.

1.00 p.m.]

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. എന്താണ് ഇതിന്റെ മാനദണ്ഡം? ഇവിടെ രാവിലെ സഹകരണ സ്ഥാപനങ്ങളുടെ സാധ്യതകളെക്കുറിച്ചൊക്കെ സംസാരിക്കുകയുണ്ടായി. സഹകരണ ബാങ്കുകളിലുൾപ്പെടെ പഞ്ചായത്തുകൾക്ക് ഈ ഫണ്ട് നിക്ഷേപിക്കാനുള്ള അധികാരം നൽകിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ആ അധികാരം പഞ്ചായത്തുകളിൽനിന്നും കവർന്നെടുത്ത് ട്രഷറികളിൽ മാത്രമേ തനതുഫണ്ട് നിക്ഷേപിക്കാൻ പാടുള്ളൂ എന്നുപറഞ്ഞാൽ അത് പഞ്ചായത്തിന്റെ അധികാരത്തിന്മേലുള്ള കൈകടത്തലാണ്.

ഇപ്പോൾ കേരളത്തിൽ വലിയ തോതിൽ മഴ പെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ മണ്ഡലങ്ങളിലൊക്കെ മഴ പെയ്ത് നിരത്തുകളൊക്കെ വെള്ളം മൂടി റോഡ് ഗതാഗതം സ്തംഭിച്ച് നിൽക്കുകയാണ്. അങ്ങനെയുള്ള വലിയ കാലവർഷം വന്നുകഴിഞ്ഞാൽ നമ്മുടെ റോഡുകളൊക്കെ തകർന്നുപോകും. അത്തരത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കണമെന്ന് പഞ്ചായത്ത് വിചാരിച്ചാൽ അവർക്ക് തനതുഫണ്ട് ഉണ്ടെങ്കിൽപ്പോലും നടക്കുമോ? അവർക്ക് സ്വന്തമായി തീരുമാനിക്കാനുള്ള അധികാരമില്ല, അതിന് ഡി.പി.സി. (ഡിസ്ട്രിക് പ്ലാനിംഗ് കമ്മിറ്റി)-യുടെ അംഗീകാരം കിട്ടണം, വർഷങ്ങൾ കാത്തിരിക്കണം, അല്ലെങ്കിൽ പദ്ധതിയിൽ ഭേദഗതി വരുത്താൻ ഒരു വർഷം കാത്തിരിക്കണം. അപ്പോഴേയ്ക്കും റോഡിന്റെ കാര്യം എന്താകുമെന്ന് പറയണോ? ഇത്തരത്തിൽ സ്വന്തമായി ഒരു പദ്ധതി ആവിഷ്കരിക്കാൻ സാധ്യമാക്കാതെ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന അടിസ്ഥാന തത്വത്തെ ബലികഴിക്കുന്ന സമീപനമാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നത്, ഇതിന് മാറ്റമുണ്ടാകണം. മറ്റ് ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതി മാത്രമേ ഉൾപ്പെടുത്തുന്നുള്ളൂ. എന്നാൽ മറ്റ് പല സംസ്ഥാനങ്ങളിലും ജൽജീവൻ പദ്ധതിയിൽ മുനിസിപ്പാലിറ്റികളെക്കൂടി

ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ നമ്മുടെ സംസ്ഥാനത്തും ജൽജീവൻ മിഷൻ പദ്ധതിയിൽ മുനിസിപ്പാലിറ്റികളെക്കൂടി ഉൾപ്പെടുത്തണം. അതിനുള്ള മുൻകൈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. വികേന്ദ്രീകൃതാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ അത് ഫലപ്രദമായി നടപ്പാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഒരു വിഭാഗമാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾ. ഇവിടെ എല്ലാവർക്കും വിവിധ തരത്തിലുള്ള ക്ഷേമനിധികളും ഇൻഷ്വറൻസ് ആനുകൂല്യങ്ങളും പെൻഷനുമൊക്കെയുണ്ട്. എന്നാൽ വർഷങ്ങളായി കാര്യമായ അലവൻസൊന്നും കിട്ടാത്ത, നാടിനുവേണ്ടി സേവനം ചെയ്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്നത് പല ഭാഗത്തുനിന്നും നിരന്തരമായി ഉയർന്നുവരുന്ന ഒരാവശ്യമാണ്. ഞാൻ ഈ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അപ്പോൾ അദ്ദേഹം പരിശോധിക്കാമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രികൂടി മുൻകയ്യെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണം എന്ന കാര്യംകൂടി ഞാനിവിടെ ഉന്നയിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കർമ്മനിരതരായി സേവനമർപ്പിച്ചുകൊണ്ടിരിക്കുന്ന RRT (Rapid Response Team) വോളന്റിയർമാർക്ക് പ്രോത്സാഹനം എന്നുള്ള നിലയിൽ എന്തെങ്കിലുമൊരു അലവൻസ് കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്താൻ കാരണം, കേന്ദ്ര സർക്കാരിന്റെ ടൗൺ പ്ലാനിംഗ് ആക്ടിന് വിരുദ്ധമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്നതുകൊണ്ടാണ്. 2016-ലെ Kerala Town and Country Planning Act-നനുസൃതമായിട്ടാണ് ഇവിടെ ടൗൺ പ്ലാനിംഗ് നിയമം നിലനിന്നിരുന്നത്. 2016-ൽ ഈ നിയമം പാസ്സായതിനുശേഷം ഡൽഹിയിൽനിന്നും ഇറക്കുന്ന Socio-economic Records എന്ന നഗരാസൂത്രണ പ്രസിദ്ധീകരണത്തിൽ രാജ്യത്തുതന്നെ ഏറ്റവും നല്ല നഗരാസൂത്രണ നിയമമാണ് കേരളം പാസ്സാക്കിയതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ആ നിയമത്തെ അട്ടിമറിച്ചുകൊണ്ടാണ് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ

(ഭേദഗതി) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 2016-ന് മുൻപുള്ള നമ്മുടെ ടൗൺ പ്ലാനിംഗ് നിയമങ്ങളെല്ലാം ബ്രിട്ടീഷ് നിയമത്തിനനുസൃതമായ, ഒരു നൂറ്റാണ്ട് പഴക്കമുള്ള നിയമങ്ങളായിരുന്നു. കേരളത്തിൽ മൂന്ന് ടൗൺ പ്ലാനിംഗ് നിയമങ്ങളായിരുന്നു നിലനിന്നിരുന്നത്. മലബാർ മേഖലയിൽ 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, തിരുവിതാംകൂറിൽ കൊല്ല വർഷം 1108-ലെ തിരുവിതാംകൂർ ടൗൺ പ്ലാനിംഗ് ആക്ട്, കൊല്ല വർഷം 1120-ലെ ട്രാവൻകൂർ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് എന്നീ നിയമങ്ങളെ ആസ്പദമാക്കിയാണ് നമ്മുടെ സംസ്ഥാനത്ത് ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടത്തിക്കൊണ്ടിരുന്നത്. അതിൽ 1920-ലെയും 1108-ലെയും ആക്ടുകളായിരുന്നു പ്രധാനമായും ഉപയോഗിച്ചിരുന്നത്. 2016-ൽ ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേന്ദ്ര നിയമത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് പ്രസ്തുത നിയമങ്ങളുടെ ന്യൂനതകൾ പരിഹരിച്ച് കേരള ടൗൺ പ്ലാനിംഗ് ആക്ട്, 2016 എന്ന നിയമം പാസ്സാക്കിയത്. ഈ നിയമപ്രകാരം ഇപ്പോഴത്തെയും ഭാവിയിലെയും വികസന കാഴ്ചപ്പാടിനെ രണ്ടായി കണ്ടുകൊണ്ടുള്ള പ്ലാനിംഗാണ് വിഭാവന ചെയ്തിരുന്നത്. ഹ്രസ്വകാലത്തേയ്ക്ക് അതായത് അഞ്ച് വർഷത്തേയ്ക്ക് mid-term planning-ഉം 20 വർഷത്തേയ്ക്ക് long term planning-ഉം ആയിരുന്നു ആ നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്. ഇതിലൂടെ കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾക്ക് അഞ്ച് വർഷത്തേയ്ക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കാനും ദീർഘകാല പദ്ധതികളുടെ ആവിഷ്കരണത്തിനും സാധ്യമാകുമായിരുന്നു. ഇങ്ങനെയൊരു നിയമം നിലനിൽക്കുമ്പോഴാണ് 2018-ലെ പ്രളയത്തെത്തുടർന്ന് 13-4-2020-ൽ സർക്കാർ G.O.(Ms)No.63/2020/LSGD ഉത്തരവ് പുറപ്പെടുവിച്ചത്. അത് നിലവിലുള്ള നിയമ സംവിധാനങ്ങളെ അട്ടിമറിക്കുന്നതും പ്രാദേശിക സർക്കാരുകളുടെ അധികാരത്തിൽ കടന്നു കയറുന്നതുമായിരുന്നു. കൂടാതെ ഈ ബിൽ റീബിൽഡ് കേരള പ്രോജക്ട് ഡെവലപ്മെന്റ് റിപ്പോർട്ടിന് വിരുദ്ധമാണ്. പ്രസ്തുത റിപ്പോർട്ടിൽപ്പോലും 20 വർഷത്തേയ്ക്കുള്ള long term project-കളും അഞ്ച് വർഷത്തേയ്ക്കുള്ള mid term project-കളും വേണമെന്ന് പറയുമ്പോൾ അതിന് വിരുദ്ധമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യനായ മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ ബില്ലിന്റെ അവതരണവേളയിൽതന്നെ നമ്മുടെ സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നതെന്നാണ് പറഞ്ഞത്. അതുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകളിലാണ് mid term, long term പ്ലാനുകൾ വേണമെന്ന് വ്യക്തമായി പറയുന്നത്. 2016-ലെ നിയമത്തിലെ സെക്ഷൻ 35, 37 എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള നിയമ നടപടിയാണ് നടപ്പാക്കുന്നത്. ഇതിലൂടെ

പഞ്ചവത്സര കാലത്തേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാൻ ഒഴിവാക്കുകയും 20 വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാനിലേയ്ക്ക് ഒരു മുൻഗണനാ പ്രവർത്തന പദ്ധതി എന്ന പേരിൽ ലയിപ്പിക്കുകയുമാണ് ഭേദഗതിയുടെ നിർദ്ദേശം. ഇതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുമായി എന്താണ് ബന്ധം എന്നതുസംബന്ധിച്ച് മന്ത്രി വിശദമാക്കിയാൽ നന്നായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. അതിനേക്കാൾ വിചിത്രമാണ് ഈ പ്ലാൻ ഒഴിവാക്കാനായി പ്രസ്തുത സർക്കാർ ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നത്. നിലവിലെ കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിൽ എക്സിക്യൂഷൻ പ്ലാനിൽ ജനകീയാസൂത്രണ പദ്ധതിയുടെ അംഗീകാരം വാങ്ങുന്ന നടപടിക്രമം മാത്രമാണുള്ളത്. കേവലം ജില്ലാസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതേയുള്ളൂ. ഇത് മറച്ചുവച്ച് 'എക്സിക്യൂഷൻ പ്ലാൻ നിയമനടപടി വളരെ നീണ്ടതാണ് എന്ന കാരണത്താൽ ഒഴിവാക്കുന്നു' എന്നാണ് ഉത്തരവിൽ പറയുന്നത്. ഒരു മാസ്റ്റർ പ്ലാനിന്റെ നിയമനടപടി വളരെ സങ്കീർണ്ണമാണോ? ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ തുടങ്ങി, ജില്ലാ ടൗൺ പ്ലാനിംഗ്, ജില്ലാ ആസൂത്രണ കമ്മിറ്റി, ചീഫ് ടൗൺ പ്ലാനിംഗ്, സർക്കാർ സെക്രട്ടേറിയറ്റ്, ഗസറ്റ്, രണ്ട് പത്രങ്ങളിൽ പ്രസിദ്ധീകരിക്കൽ എന്നീ എല്ലാ നിയമനടപടികളും പൂർത്തീകരിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് നാല് വർഷമെങ്കിലുമെടുക്കും. അഞ്ച് വർഷത്തെ പ്ലാൻ ഇല്ലാതാകുന്നതോടുകൂടി രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് കേരളത്തിന് നഷ്ടമാകുന്നത്. 20 വർഷത്തേയ്ക്കുള്ള ഒരു long term plan ഉണ്ടാക്കുമ്പോൾ കാലാകാലങ്ങളായി വരുന്ന സർക്കാരുകൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഉള്ള അവകാശം നിഷേധിക്കുകയാണ്. രാജ്യത്ത് മഹാമാരിയും പ്രകൃതി ദുരന്തങ്ങളുമുണ്ടാകുമ്പോൾ അതിനനുസൃതമായി മുൻഗണനകൾ തീരുമാനിക്കേണ്ടിവരും. 2021-ലെ ഈ നിയമം നടപ്പാക്കാൻ തീരുമാനിക്കുമ്പോൾ ഇതിലൂടെ കാലാനുസൃതമായി ഉണ്ടാകുന്ന മുൻഗണനാ ക്രമങ്ങൾ തീരുമാനിക്കാൻ കഴിയാതെ വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഈ നിയമം ചലനാത്മകമായിരിക്കില്ല എന്നതുകൊണ്ടാണ് അതുമായി ബന്ധപ്പെട്ട് വിയോജനക്കുറിപ്പ് കൊടുക്കാനിടയായത്.

മറ്റൊരുവിഷയം, ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചു. അക്കാര്യം ഞാൻ ആവർത്തിക്കുന്നില്ല. ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ് ഭരണഘടനയുടെ 41, 42, 43 എന്നീ അനുച്ഛേദങ്ങൾ അനുശാസിക്കുംവിധം എല്ലാ പൗരൻമാർക്കും ന്യായവും മനുഷ്യത്വപരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഈ ഭാവനാത്മകമായ

നിയമനിർമ്മാണം ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസ് അവതരിപ്പിച്ചത്. അതിലൂടെയാണ് നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇടയായത്. നമ്മുടെ സംസ്ഥാനത്ത് മാത്രം ജോബ് കാർഡിന് രജിസ്റ്റർ ചെയ്തത് 40.18 ലക്ഷം കുടുംബങ്ങളാണ്. രജിസ്റ്റർ ചെയ്യാത്തത് 62.18 ലക്ഷം കുടുംബങ്ങളാണ്. ആക്ടീവ് ജോബ് കാർഡിൽ വർക്ക് ചെയ്യുന്ന കുടുംബങ്ങൾ 20 ലക്ഷത്തിലധികമാണ്. ആക്ടീവ് വർക്കേഴ്സ് 25 ലക്ഷമാണ്. ഈ മേഖലയിൽ വിപ്ലവാത്മകമായ നിലപാടാണ് ആ നിയമത്തിലൂടെ നമുക്ക് നടപ്പാക്കാൻ കഴിഞ്ഞത്. അതിനെത്തുടർന്നാണ് നഗരപ്രദേശങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത്. ശ്രീ. റോജി എം. ജോൺ പറഞ്ഞതുപോലെ, ഈ ഭാവനാത്മകമായ പദ്ധതിക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. അത് സ്വാഗതാർഹമാണ്. പക്ഷേ ഞങ്ങൾ അതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. ആ ഭേദഗതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. വകുപ്പ് 5-ൽ ക്ഷേമനിധിയിലേയ്ക്ക് അംഗത്വമെടുക്കാനുള്ള പ്രായപരിധി 18 മുതൽ 55 വയസ്സുവരെയായിട്ടാണ് തീരുമാനിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ 60-ഉം 70-ഉം വയസ്സുള്ള തൊഴിലാളികളാണ് പണിയെടുക്കുന്നതെന്ന് നമുക്കറിയാം. സ്വാഭാവികമായും പ്രായപരിധി 55 എന്ന് നിജപ്പെടുത്തുന്നതിനോട് വിയോജിപ്പുണ്ട്. ഇത്തരത്തിൽ പ്രായപരിധി തീരുമാനിക്കുമ്പോൾ ഒട്ടനവധി തൊഴിലാളികൾ അതിലുൾപ്പെടാതെ പോകുന്ന ഒരു സാഹചര്യമുണ്ടാകും എന്നതുകൊണ്ടാണ് പ്രായപരിധി 55 എന്നുള്ളത് മാറ്റി തീരുമാനിക്കണമെന്നൊരു ഭേദഗതി നിർദ്ദേശിച്ചത്. ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാത്തവർക്കും വർഷങ്ങളായി തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും ക്ഷേമനിധി അംശാദായം ഒറ്റത്തവണയായി അടച്ചുകൊണ്ട് പദ്ധതിയിൽ അംഗമാകാൻ അവസരമൊരുക്കണം; ഇപ്രകാരം അംശാദായം അടയ്ക്കുമ്പോൾ തൊഴിലാളികൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്ന രീതിയിൽ വ്യവസ്ഥയുൾപ്പെടുത്തണം എന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം. അതുപോലെതന്നെ, നമ്മുടെ സംസ്ഥാനത്ത് മറ്റ് പെൻഷനുകൾ ലഭിക്കുന്ന ആളുകൾക്ക് ക്ഷേമ പെൻഷൻ അനുവദിക്കാത്തതുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, അവർ ക്ഷേമനിധിയിൽ അംഗമായി അംശദായം അടച്ച്, 60 വയസ്സ് കഴിഞ്ഞ് പെൻഷൻ ലഭിക്കുന്ന സാഹചര്യം എത്തുമ്പോൾ സ്വാഭാവികമായും അവർക്ക് ക്ഷേമ പെൻഷൻ നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടാകാൻ പാടില്ല. അവർ വളരെ പാവപ്പെട്ട തൊഴിലാളികളാണ്. അവർ നമ്മുടെ സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്.

അങ്ങനെയുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രത്യേക കാഴ്ചപ്പാടുണ്ടാകണം. ക്ഷേമ പെൻഷനുകളും ഇതിനോടൊപ്പം കൊടുക്കും എന്നതുസംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകണമെന്ന നിർദ്ദേശം എനിക്ക് മുമ്പോട്ട് വയ്ക്കാനുണ്ട്. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ അംഗത്വത്തെ സംബന്ധിച്ച് നേരത്തെപറഞ്ഞു. അക്കാര്യത്തിൽ വ്യക്തതയുണ്ടാക്കി മുമ്പോട്ടുപോകുന്നതിനുള്ള സമീപനമുണ്ടാകണം. മറ്റൊന്ന്, അംശദായമായി തൊഴിലാളി ഒരു മാസം 50 രൂപ അടയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകണം. കാരണം ഈ പാവപ്പെട്ട തൊഴിലാളി അടയ്ക്കുന്ന 50 രൂപയെന്നത് കുറയ്ക്കാൻ കഴിയുമോയെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. അത് 10 രൂപയാക്കി കുറച്ച്, ബാക്കി 40 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഗവൺമെന്റോ അടയ്ക്കുമെന്നത് സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകണം. മറ്റൊന്ന്, ക്ഷേമനിധി ബോർഡിൽ സർക്കാർ തത്തുല്യമായ തുക നീക്കിവയ്ക്കും എന്നുപറഞ്ഞിട്ടുണ്ട്. പക്ഷേ തുക എത്രയാണെന്നത് സംബന്ധിച്ച് വ്യക്തതയില്ല. അതിൽ ഒരു വ്യക്തതയുണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല.

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന സമയമാണിത്. സ്വാഭാവികമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നത്. പ്രളയവും മഹാമാരിയുമുണ്ടായപ്പോഴും ഗവൺമെന്റിന് കൈത്താങ്ങായി നിന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈകുന്നേരം വാർത്താസമ്മേളനത്തിൽ പറയുമ്പോൾ ഒരു അച്ചിലിട്ടയന്ത്രംപോലെ നാട്ടിൽ കാര്യങ്ങൾ നടപ്പാക്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അവർക്ക് നൽകാനുണ്ടായിരുന്ന പണം ഇപ്പോഴും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പാവപ്പെട്ട പഞ്ചായത്തുകൾ FLTC (First Line Treatment Centre)-കളും DCC (Domiciliary Care Centre)-കളുമെല്ലാം നടത്തിയതിന് ചെലവായ പണം ഇന്നും കൊടുക്കാൻകഴിയാത്ത സാഹചര്യമാണ്. അത് കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്നൊരു അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ ഇറക്കിയതായി പത്രങ്ങളിൽ കാണുകയുണ്ടായി. അതുസംബന്ധിച്ച് ഗവൺമെന്റ് ഒരു വ്യക്തതയുണ്ടാക്കണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഇടപെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൂടി തീരുമാനിക്കുന്ന ഒരു നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട്

തുടങ്ങാനുള്ള തീരുമാനം എടുത്തുകൊടുത്തത് 2011 മേയ് മാസം 26-ാം തീയതി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. അതിലൂടെയാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ യഥാവിധി വിനിയോഗിക്കാനുള്ള അവകാശമുണ്ടായത്. ട്രഷറിയുടെ സ്ഥിതി നമുക്ക് അറിയാമല്ലോ? ട്രഷറിയിൽ പലപ്പോഴും പണമില്ലാത്ത സാഹചര്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനതുഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ച് ഒരു അത്യാവശ്യം വരുമ്പോൾ അവർക്ക് പണം പിൻവലിക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകാൻ പാടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുമ്പോൾ അവരെ ശക്തിപ്പെടുത്തുന്നതിനാണോ ദുർബലപ്പെടുത്തുന്നതിനാണോ ഈ തീരുമാനമെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ 2-ാം വകുപ്പിലും 6 മുതൽ 11 വരെയുള്ള വകുപ്പുകളിലും എംപാനൽഡ് ലൈസൻസിക്കും കെട്ടിട ഉടമയ്ക്കും കുറഞ്ഞ അപകടസാധ്യതയുള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തി 3000 സ്ക്വയർ ഫീറ്റ് വരെയും രണ്ട് നിലവരെയുള്ള വാസഗൃഹങ്ങളും 2000 സ്ക്വയർ ഫീറ്റ് വരെയുള്ള ഹോസ്റ്റലുകൾ, ഡോർമിറ്ററികൾ, വിദ്യാലയങ്ങൾ, മതപരമായ കെട്ടിടങ്ങൾ, 1000 സ്ക്വയർ ഫീറ്റ് വരെയുള്ള വാണിജ്യകെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനുമായി സെക്രട്ടറിയുടെ അനുമതിക്ക് കാത്തുനിൽക്കാതെ കെട്ടിട ഉടമയും എംപാനൽഡ് ലൈസൻസിയും ചേർന്ന് സ്വയം സാക്ഷ്യപത്രം നൽകിയാൽ അതനുസരിച്ച് നഗരസഭയിൽനിന്നും ലഭിക്കുന്ന കൈപ്പറ്റുരസീതുവച്ച് കെട്ടിടനിർമ്മാണമോ പുനർനിർമ്മാണമോ നടത്താൻ അംഗീകാരം നൽകുന്നുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം, 'കുടിലുകൾ', 'കുടിലുകളല്ലാത്തവ' എന്നിങ്ങനെ രണ്ട് വിഭാഗം മാത്രമായിരുന്നു കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നത്. അതിൽ കുടിലുകൾക്ക് സെക്ഷൻ 398 പ്രകാരവും കുടിലല്ലാത്തവയ്ക്ക് സെക്ഷൻ 387 പ്രകാരവും അപേക്ഷ നൽകി അനുമതി വാങ്ങിയാണ് നിർമ്മിക്കേണ്ടത്. ഇപ്പോൾ ഈ ബിൽ നടപ്പാക്കുന്നതിലൂടെ അപകടസാധ്യതയില്ലാത്ത 3000 സ്ക്വയർ ഫീറ്റിൽ താഴെയെന്ന വിഭാഗംകൂടി വരികയാണ്. അങ്ങനെ വരുമ്പോൾ സെക്ഷൻ 387-ഉം 398-ഉം റദ്ദ് ചെയ്യാത്തതുമൂലം ഉദ്യോഗസ്ഥതലത്തിൽ വലിയ ആശയക്കുഴപ്പമുണ്ടാകും. അത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിലവിലുള്ള പഞ്ചായത്ത്-നഗരപാലികാ നിയമമനുസരിച്ച് രണ്ട് കാറ്റഗറിയാണുള്ളത്. മൂന്നാമത് ഒരു വിഭാഗംകൂടി വരുന്ന സാഹചര്യത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണ താഴെത്തട്ടിൽ കൊടുത്തില്ലെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ ഇതുമായി ബന്ധപ്പെട്ട് ആശയക്കുഴപ്പം ഉണ്ടാകുമെന്നുള്ള

കാര്യത്തിൽ യാതൊരു സംശയവുമില്ല. '3000 സ്ക്വയർ ഫീറ്റിനുമേൽ അപകടസാധ്യതയില്ലാത്ത കെട്ടിടങ്ങൾ' എന്നതിന് വ്യക്തത വരുത്തണം. അതുമായി ബന്ധപ്പെട്ട് ഒരു ധാരണയുണ്ടാക്കി മുമ്പോട്ട് പോകണമെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 390-ാം വകുപ്പ് പ്രകാരം പെർമിറ്റിനുള്ള അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സെക്രട്ടറിക്ക് അംഗീകാരം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാം. എന്നാൽ 30 ദിവസമെന്നത് 15 ദിവസമാക്കിക്കൊണ്ടാണ് ഭേദഗതി വരുത്തുന്നത്. അതേസമയം അപേക്ഷ നൽകി അഞ്ച് ദിവസത്തിനുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും അത് പെർമിറ്റായി കണക്കാക്കി നിർമ്മാണം തുടങ്ങാമെന്നും ഭേദഗതി ബില്ലിൽ പറയുന്നുണ്ട്. എന്നാൽ അങ്ങനെ ഒരു തീരുമാനമെടുക്കുമ്പോൾ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 387, 388, 389, 390, 391 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യാതെ അതിലെ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ടാണ് പെർമിറ്റ് അനുവദിക്കുന്നത്. 30 ദിവസമെന്നത് 15 ദിവസമാക്കിയാണ് ഭേദഗതി ചെയ്യുന്നത്. മാത്രമല്ല സെക്രട്ടറിയുടെ അനുമതിക്ക് കാത്തുനിൽക്കാതെ ഉടമ നൽകുന്ന അപേക്ഷയ്ക്ക് അഞ്ച് ദിവസത്തിനുള്ളിൽ നൽകുന്ന കൈപ്പറ്റ് രസീതിനനുസൃതമായി കെട്ടിട ഉടമയ്ക്ക് പുനർനിർമ്മാണം നടത്താനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 388, 389 എന്നീ വകുപ്പുകൾക്ക് വിരുദ്ധമാണ്. അതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ചുകൂടി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുള്ള വിയോജനക്കുറിപ്പ് പ്രസ്സ് ചെയ്തുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്]

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ പേരുതന്നെ ഇവിടെ മാറ്റിയിരിക്കുകയാണ്. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ എന്നാണ് ഈ ബില്ലിന്റെ പേര്. അത് ശരിയായ നടപടിയല്ല. ഇത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയാണ്. നമ്മുടെ രാഷ്ട്രപിതാവിന്റെ പേര് നമ്മൾ തന്നെ

മാറ്റിവയ്ക്കുന്നതിനോടുള്ള അനൗചിത്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇവിടെ വിയോജിപ്പ് രേഖപ്പെടുത്തി സംസാരിച്ച ശ്രീ. ടി. ജെ. വിനോദ്, കൊച്ചി കോർപ്പറേഷനിലെ മുൻ ഡെപ്യൂട്ടി മേയറായതുകൊണ്ടാണ് അദ്ദേഹം വളരെ വിശദമായിതന്നെ നാല് ബില്ലുകളെ സംബന്ധിച്ചും ഇവിടെ പ്രതിപാദിച്ചത്. നമ്മുടെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്താനും സ്ത്രീകളുടെ വരുമാനം ഉയർത്താനും വേണ്ടിയാണ് ഒന്നാം യു.പി.എ. ഗവൺമെന്റ് ഡോ. മൻമോഹൻ സിങിന്റെ നേതൃത്വത്തിൽ ഇന്ത്യയിലൊട്ടാകെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത്. 2005 വരെ നമ്മുടെ രാജ്യത്ത് National Rural Employment Guarantee Programme (NREGP), Rural-Landless Employment Guarantee Programme (RLEGP) പോലെയുള്ള തൊഴിൽദാന പദ്ധതികളായിരുന്നു ഉണ്ടായിരുന്നത്. 2005-ലാണ് ലോകത്തിനുതന്നെ മാതൃകാപരമായ നിലയിൽ ഏറ്റവും സുപ്രധാനമായ തൊഴിലുറപ്പ് പദ്ധതി ഡോ. മൻമോഹൻ സിങ് ഗവൺമെന്റ് നടപ്പാക്കിയത്. That means, employment is guaranteed. സ്വതന്ത്ര ഭാരതത്തിലുണ്ടായ എല്ലാ പദ്ധതികളും എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുന്ന പദ്ധതികളായിരുന്നുവെങ്കിൽ ഇത് നിയമംമൂലം എംപ്ലോയ്മെന്റ് ഗ്യാരന്റി ചെയ്യുന്ന ഒരു പദ്ധതിയാണ്. അതിലൂടെ ഇന്ത്യയിലുണ്ടായ മാറ്റം ചെറുതല്ല. മാന്വൽ ജോലി ചെയ്യാൻ താൽപര്യമുള്ള ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങളിലെയും മുതിർന്ന അംഗങ്ങൾക്ക് നൂറ് ദിവസം ജോലി നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നത്. 14 ദിവസം തുടർച്ചയായി തൊഴിൽ നൽകുകയാണ്. ഗ്രാമീണ ഇന്ത്യയുടെ മുഖച്ഛായയ്ക്ക് മാറ്റം വരുത്തുക മാത്രമല്ല സ്ത്രീകൾക്ക് വരുമാനമുണ്ടാകാനുള്ള മാർഗ്ഗംകൂടിയായി ഇത് മാറുകയുണ്ടായി. പണ്ട് തമിഴ്നാട്ടിൽനിന്ന് ധാരാളം തൊഴിലാളികൾ റോഡ്, തോട്ടം പണികൾക്കായി കേരളത്തിലേയ്ക്ക് വരുമായിരുന്നു. ഇന്നിപ്പോൾ ആരും വരുന്നില്ല. തമിഴ്നാട് ഗവൺമെന്റിലെ മുൻ ഉപമുഖ്യമന്ത്രിയായ ശ്രീ. ഒ. പനീർശെൽവം എന്റെ അടുത്ത സുഹൃത്താണ്. കേരളത്തിന്റെ അതിർത്തിയിലാണ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലം. തമിഴ്നാടിൽനിന്ന് ആരും തൊഴിലിനുവേണ്ടി ഇപ്പോൾ കേരളത്തിലേയ്ക്ക് വരാറില്ലെന്ന് ഒരിക്കൽ അദ്ദേഹം എന്നെ കണ്ടപ്പോൾ പറഞ്ഞു. കാരണം, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വന്നതോടുകൂടി അവർക്കുള്ള സൗകര്യങ്ങളും വരുമാനവും അവിടെതന്നെ ലഭ്യമാകുന്നുവെന്നതുകൊണ്ടാണ് മാന്വൽ ലേബറിന് ഇങ്ങോട്ട് തൊഴിലാളികൾ വരാത്തത്. ഇത് നമ്മുടെ രാജ്യത്തുണ്ടായ ഒരു വലിയ മാറ്റത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ മാറ്റം ഇന്ത്യയിലുടനീളം കാണാൻ കഴിയുന്ന ഒരു കാര്യമാണ്. പ്രാദേശിക

സർക്കാരുകളുടെ വികസന പ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കാനും വ്യത്യസ്ത ഘടകങ്ങളുമായി യോജിപ്പിച്ചുകൊണ്ട് ജനോപകാരപ്രദമായ നിരവധി പദ്ധതികൾ രൂപീകരിക്കാനും കഴിയുന്നു. സമൂഹത്തിൽ ജനങ്ങൾക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയുന്നു. അത് മാത്രമല്ല, ഗ്രാമതലങ്ങളിൽ കൂടുതൽ സാമൂഹിക സ്വത്തുണ്ടാക്കാൻ കഴിയുന്നു. പഞ്ചായത്തീരാജ് സംവിധാനങ്ങളെ പ്രാദേശിക ജനതയ്ക്ക് തൊഴിലും വികസനവും നൽകാൻ സാധിക്കുന്ന തരത്തിൽ യഥാർത്ഥ പ്രാദേശിക ഭരണകൂടങ്ങളാക്കി രൂപാന്തരപ്പെടുത്താൻ ഈ പദ്ധതിയിലൂടെ നമുക്ക് സാധിക്കുകയാണ്. കാർഷിക മേഖലയുടെ പ്രവർത്തനങ്ങളെ ശാക്തീകരിക്കാനെന്ന വിധത്തിൽ വികേന്ദ്രീകൃതമായ തരത്തിൽ കൂടുതൽ സൂക്ഷ്മമായ ഇടപെടൽ നടത്താനും ഈ പദ്ധതികൊണ്ട് കഴിയുന്നുവെന്നത് വാസ്തവമാണ്. മഴവെള്ള സംരക്ഷണം, വാട്ടർ ഷെഡ് പ്രോഗ്രാം, വരൾച്ചാ ദുരിതാശ്വാസം, ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണം, റൂറൽ സാനിറ്റേഷൻ, കുളങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും കുടിവെള്ള സ്രോതസ്സുകളുടേയും പരമ്പരാഗത ജല സ്രോതസ്സുകളുടേയും സംരക്ഷണം, പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിനുള്ള പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം തുടങ്ങിയവ ലക്ഷ്യമിട്ടിട്ടുള്ള ഒട്ടേറെ നല്ല മാതൃകകൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലൂടെ വിഭാവന ചെയ്യാനും നടപ്പാക്കാനും നമുക്ക് സാധിക്കുന്നുണ്ട്. കോൺഗ്രസ് സർക്കാരിന്റെ ഭരണ പരാജയത്തിന്റെ സാക്ഷ്യപത്രമായി തൊഴിലുറപ്പ് പദ്ധതിയെ തുടരാൻ അനുവദിക്കണമോയെന്ന് ശ്രീ. നരേന്ദ്ര മോദി കളിയാക്കിക്കൊണ്ട് ചോദിക്കുകയുണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രിക്ക് ഈ പദ്ധതി തുടരാൻ ഒരു താൽപര്യവുമില്ലായിരുന്നു. കോവിഡ് ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ കുടിയേറ്റ തൊഴിലാളികളും പാവപ്പെട്ടവരുമായ ജനങ്ങളുടെ കൈകളിലേയ്ക്ക് പണമെത്തിക്കാനും അവരുടെ പർച്ചേസിംഗ് പവർ വർദ്ധിപ്പിക്കാനും കഴിഞ്ഞത് ഈ തൊഴിലുറപ്പ് പദ്ധതിയുണ്ടായതുകൊണ്ടാണ് എന്നത് യാഥാർത്ഥ്യമാണ്. ഗ്രാമീണ ഇന്ത്യയുടെ പ്രാദേശിക വികസന പ്രക്രിയയെ ചലനാത്മകമാക്കാൻ തൊഴിലുറപ്പ് പദ്ധതിയെ അഭയം പ്രാപിക്കേണ്ട അവസ്ഥയാണ് ശ്രീ. നരേന്ദ്ര മോദിക്കുണ്ടായത്. Mahatma Gandhi National Rural Employment Guarantee Scheme (MGNREGS)-നെ കളിയാക്കി പറഞ്ഞെങ്കിലും അവസാനം അദ്ദേഹത്തിന് ഇതിനെ ആശ്രയിക്കേണ്ട സ്ഥിതി വന്നു. മോദി സർക്കാരിന് ഈ പദ്ധതിയുടെ ലക്ഷ്യവും പ്രാധാന്യവും ബോധ്യപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. ഇപ്പോൾ പദ്ധതി വിപുലപ്പെട്ടതോടെ പല ക്രമക്കേടുകളും നടക്കുന്നുണ്ട്. ഇല്ലാത്ത പദ്ധതികൾ, വ്യാജ തൊഴിൽ കാർഡുകൾ, ചെലവുകൾ പെരുപ്പിച്ച് കാണിക്കൽ തുടങ്ങിയ ക്രമക്കേടുകളെ

സംബന്ധിച്ച് നിരവധി വാർത്തകൾ ഇപ്പോൾ പുറത്തുവരുന്നുണ്ട്. മികച്ച സോഷ്യൽ ആഡിറ്റിംഗും ജനകീയ നിരീക്ഷണവുമുണ്ടെങ്കിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന അനുഭവപാഠം നമ്മുടെ മുമ്പിലുണ്ട്. കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ കാര്യമായ ചില മാറ്റങ്ങൾ വരുത്തേണ്ടതും അനിവാര്യമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള തരത്തിൽ തൊഴിലാളികളുടെ വേതനം സമയബന്ധിതമായി വിതരണം ചെയ്യാൻ പലപ്പോഴും കാലതാമസം നേരിടുന്നുണ്ട്. ഇതിന് പല കാരണങ്ങളുണ്ടെങ്കിലും ഇക്കാര്യത്തിൽ സർക്കാരിന് പ്രധാന ഉത്തരവാദിത്വമുണ്ട്. കേന്ദ്ര ഗവൺമെന്റ് സമയത്തിന് പണം തരുന്നില്ല. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രി വന്ന സന്ദർഭത്തിൽ ഞാനും ആ വേദിയിലുണ്ടായിരുന്നു. തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നുള്ള ഒരു നിവേദനം ഞാൻ അദ്ദേഹത്തിന് സമർപ്പിച്ചു. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം കുറച്ച് പ്രവർത്തനങ്ങളെ തകർക്കാൻ ശ്രമിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. കോവിഡ്മൂലം തൊഴിൽ നഷ്ടമായത് അസംഘടിത മേഖലയിലാണ്. ആയതിനാൽ തൊഴിൽ ദിനങ്ങളുടെ എണ്ണം നൂറ് ദിവസത്തിൽനിന്ന് ഇരുന്നൂറ് ദിവസമായി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ സർക്കാരിനുണ്ടായിരിക്കും. കാർഷിക മേഖലയിൽ കൂടുതൽ വിപുലമായി ഇടപെടുന്നതിനും സംസ്ഥാനത്ത് കൂടുതൽ സ്വാതന്ത്ര്യവും അവകാശവും ലഭിക്കുന്നതിനുമായി സർക്കാർ കേന്ദ്രത്തിൽ ഇനിയും സമ്മർദം ചെലുത്തേണ്ടിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലും തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണമായ സാധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കാലിത്തൊഴുത്തുകളുടെ നിർമ്മാണം മാത്രമാണ് ഇപ്പോൾ ഇതിന്റെ ഭാഗമായി നടക്കുന്നത്. സാങ്കേതിക കാരണങ്ങളാൽ മറ്റ് സാധ്യതകൾ ആരായുന്നതിൽനിന്ന് സംസ്ഥാനം പിന്തിരിഞ്ഞ് നിൽക്കുകയാണ്. ഈ രംഗത്തെ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് മൃഗസംരക്ഷണ രംഗത്ത് എങ്ങനെ തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താമെന്നുള്ളത് ആലോചിക്കേണ്ടതാണ്.

തീരദേശത്തും മത്സ്യബന്ധനമേഖലയിലും തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സംസ്ഥാന സർക്കാർ മുന്നോട്ടുവരേണ്ടതാണ്. അതിനുള്ള ഇടപെടലുണ്ടാകണം. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി തീരദേശത്തെ പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കുവേണ്ടി പ്രത്യേകം കർമ്മ

പദ്ധതികൾ ആവിഷ്കരിക്കേണ്ടതനിവാര്യമാണ്. നിലവിലുള്ള വർക്ക് മെഷർമെന്റ് ഒട്ടുംതന്നെ കാര്യക്ഷമമല്ലെന്ന പരാതി ഉയർന്നുവരുന്നുണ്ട്. ഇതിന് മാറ്റം വരുത്തണം. നിർമ്മാണ മേഖലയിൽ ധാരാളം സാധ്യതകളുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇവ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ശ്രമിക്കുന്നില്ല. വർക്കുകളുടെ സംയോജന സാധ്യതകൾ ഇപ്പോഴും ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്നുള്ള ആക്ഷേപം നിലനിൽക്കുന്നുണ്ട്. കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ഗൗരവം നൽകണം. സാമൂഹ്യ സ്വത്തുക്കളുണ്ടാക്കുകയെന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. വർക്കുകളുടെ സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ബോർഡ് സ്ഥാപിക്കേണ്ടത് മേറ്റിന്റെ ഉത്തരവാദിത്തമാണ്. സ്വന്തം കയ്യിൽനിന്ന് പണം ചെലവഴിച്ചാണ് പലപ്പോഴും മേറ്റുകൾ ബോർഡ് സ്ഥാപിക്കുന്നത്. എന്നാൽ ഗവൺമെന്റ് തുക അനുവദിക്കുമ്പോൾ മിക്കവാറും ഏജൻസിയുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. ആ തുക ഏജൻസിയിൽനിന്നും മേറ്റുകൾക്ക് ലഭിക്കുന്നതിന് കാലതാമസമുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് മേറ്റുമാർ ധാരാളം പരാതികൾ പറയുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ നൽകണമെന്ന നയംതന്നെയാണ് യു.ഡി.എഫ്.-നുള്ളത്. ഞങ്ങൾ അതിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എന്നാൽ പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കണമോയെന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. അഥവാ രൂപീകരിക്കുന്നുണ്ടെങ്കിൽ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഓഫീസ് സംവിധാനമായി മാറേണ്ടിയിരിക്കുന്നു. പ്രൊഫഷണലായി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിലുള്ള പേപ്പർലെസ്സ് ഓഫീസുകളായി ഇതിനെ ക്രമീകരിക്കാൻ ശ്രദ്ധിക്കണമെന്നാണ് എന്റെ നിർദ്ദേശം. സംസ്ഥാനത്തെ ഒട്ടുമിക്കവാറും ക്ഷേമനിധി ബോർഡുകളിൽ അവർക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കാൾ കൂടുതൽ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവുകളാണ് വർദ്ധിക്കുന്നത്. ജീവനക്കാരുടെ ബാഹുല്യം- അനാവശ്യമായ ആളുകളെ ക്ഷേമനിധി ബോർഡുകളിൽ നിയമിക്കുന്നു. ചുരുക്കത്തിൽ പല ബോർഡുകളും ഇന്ന് സംസ്ഥാനത്ത് വെള്ളാനകളായി മാറുന്ന കാഴ്ച കാണാൻ സാധിക്കുന്നുണ്ട്. അതുകൂടി കണക്കിലെടുത്തുകൊണ്ട് കുറച്ച് ജീവനക്കാരെ നിയമിച്ചുകൊണ്ട് പ്രൊഫഷണലായി ബോർഡിനെ മാറ്റിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്ത് തലത്തിലുള്ള മസ്റ്റർ റോൾ വിവരങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണത്തിൽ നിലവിലുള്ള വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുമായി ബന്ധിപ്പിച്ച് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ ക്രമീകരിച്ചാൽ ഓഫീസിന്റെ ചെലവ് കുറയുകയും ഡെലിവറി വർദ്ധിക്കുകയും

അങ്ങനെ ഗുണപരമായ മാറ്റം ഈ രംഗത്തുണ്ടാക്കാൻ കഴിയുകയും ചെയ്യും. കമ്പ്യൂട്ടറുകളും സ്മാർട്ട് ഫോണുകളും സർവ്വസാധാരണമായ ഈ സാഹചര്യത്തിൽ ഇത്തരമൊരു പുതിയ രീതി അവലംബിക്കാൻ കഴിയുന്നത് അഭികാമ്യമായിരിക്കുമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. അതോടൊപ്പം, ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ എല്ലാ ദിവസവും തൊഴിൽ ലഭിക്കുന്നില്ലെന്നുള്ളത് ഇതിന്റെ പോരായ്മയാണ്. അത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും വ്യത്യസ്ത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ഹെഡ്ലോഡ് വർക്കിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, മൺപാത്ര തൊഴിലാളികൾ എന്നിങ്ങനെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരെല്ലാം അവരുടേതായ തൊഴിൽ മേഖലയിലും ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിലും അംഗങ്ങളായി പ്രവർത്തിച്ചുവരികയാണ്. ഈ തൊഴിലാളികൾക്ക് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ ഹനിക്കാത്ത തരത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ക്ഷേമനിധി പെൻഷൻകൂടി അനുവദിക്കുകയാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും ക്ഷേമ പെൻഷനുകളോ ആനുകൂല്യങ്ങളോ ലഭിക്കുന്നുണ്ട് എന്നതിന്റെ പേരിൽ ഇവർക്ക് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പെൻഷനോ ആനുകൂല്യങ്ങളോ നിഷേധിക്കപ്പെടാത്ത സാഹചര്യമുണ്ടാക്കാൻ കഴിയുമോയെന്ന് ഗവൺമെന്റ് ആലോചിക്കണം. ബില്ലിലെ 27-ാം വകുപ്പുപ്രകാരം നിലവിൽ മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പ്രസ്തുത ക്ഷേമനിധി ബോർഡിൽനിന്നുള്ള സഞ്ചിത തുക തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ ഒഴിവാക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷ സാഹചര്യംകൂടി കണക്കിലെടുത്ത് ഒരു പ്രത്യേക ആനുകൂല്യം അവർക്ക് നൽകണമെന്നാണ് എന്റെ അഭിപ്രായം. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലിയും വേതനവും ഒരു അവകാശമെന്ന നിലയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള തുകയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നതിനുള്ള വ്യവസ്ഥാ ക്രമീകരണങ്ങളും സമയനിഷ്കർഷതയും ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടത് ഈ ബില്ലിലൂടെ ആനുകൂല്യം ലഭ്യമാകുന്ന ആളുകൾക്ക് ഗുണകരമായിരിക്കുമെന്ന അഭിപ്രായം എനിക്കുണ്ട്. ക്ഷേമനിധി ബോർഡിലേയ്ക്ക് ഗവൺമെന്റ് നൽകേണ്ട ഗ്രാന്റ് കൃത്യമായി ലഭ്യമാക്കാനുള്ള നിർദ്ദേശങ്ങളും മാർഗ്ഗരീതിയും നിർണ്ണയിച്ച് അതുകൂടി

ബില്ലിന്റെ ഭാഗമാക്കണം. പലപ്പോഴും ഏതു സർക്കാരാണെങ്കിലും സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്ന കാലഘട്ടങ്ങളിൽ സർക്കാരിന് ഗ്രാന്റ് ലഭിക്കാത്തത് കാരണം പല ക്ഷേമനിധികളുടെയും ആനുകൂല്യങ്ങൾ ലഭിക്കേണ്ട തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനും സാമ്പത്തിക വിനിയോഗപ്രവർത്തനങ്ങൾക്കും ഒരു സുപ്രധാന ഘടകമായി സോഷ്യൽ ഓഡിറ്റ് ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിലെ ആനുകൂല്യ വിതരണം അടക്കമുള്ള കാര്യങ്ങളിലും അർഹരായ എല്ലാ തൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നുണ്ടോയെന്നുള്ളതുംകൂടി ഉറപ്പുവരുത്തുന്നതിന് സോഷ്യൽ ഓഡിറ്റ് കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. ഇത് ഈ ബില്ലിന്റെ ഭാഗമാക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. അംഗഭംഗം വന്നവർ, disabled ആയിട്ടുള്ള ആളുകൾ എന്നിവർക്ക് അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ക്ഷേമനിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടി വന്നാൽ ഒരംഗം അടച്ച അംശദായ തുക നിർദ്ദേശിക്കപ്പെട്ട പലിശ സഹിതം തിരികെ നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അംഗത്തിന് സംഭവിച്ചിട്ടുള്ള ശാരീരിക അവശതയുടെ തോതും ശതമാനവുംകൂടി കണക്കിലെടുത്ത് പ്രത്യേകിച്ച് എക്സ്ഗ്രേഷ്യാ തുകകൂടി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണമെന്നതാണ് മറ്റൊരു നിർദ്ദേശം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ വിവിധ അസോസിയേഷനുണ്ട്. ഉദാഹരണമായി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളെക്കൂടി ഈ ബോർഡിന്റെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഞാൻ ആവർത്തിക്കുന്നു, മഹാത്മാഗാന്ധിയെന്ന രാഷ്ട്രപിതാവിന്റെ പേരിൽ ആരംഭിച്ച പദ്ധതിയാണിത്. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന് ആ പേരുകൂടി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. രാജഗോപാലൻ):സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രസക്തവും അനിവാര്യവുമായ ബില്ലിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അതിന്റെ അനിവാര്യതയെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മന്ത്രിതന്നെ സൂചിപ്പിക്കുകയുണ്ടായി. അനിവാര്യത ബോധ്യപ്പെടുന്ന രൂപത്തിലായിരുന്നു പ്രതിപക്ഷാംഗങ്ങളും

ചർച്ചയിൽ പങ്കെടുത്ത് കാര്യങ്ങൾ പറഞ്ഞത്. വിയോജനക്കുറിപ്പ് കൊടുത്തിട്ടുണ്ടെങ്കിൽപോലും തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിയമനിർമ്മാണം സ്വാഗതാർഹമാണെന്നാണ് തത്വത്തിൽ അവർ അംഗീകരിച്ചിട്ടുള്ളത്. ഇതുതന്നെ ഈ ബില്ലിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. കേരളത്തെ സംബന്ധിച്ച് ദാരിദ്ര്യം ഇല്ലാതാക്കുന്നതുമുതൽ അന്തസ്സുറ്റ ജീവിതം നയിക്കാനുള്ള മനുഷ്യരുടെ അവകാശം സ്ഥാപിക്കുന്നതുവരെയുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പലതും പൂർണ്ണതയിലെത്തിക്കാനുള്ള കേരളത്തിന്റെ ചുവടുവയ്പുകൾ വിജയത്തിലേയ്ക്കടുക്കുന്ന സാഹചര്യത്തിലാണ് ഈ ബിൽ പരിഗണനയ്ക്കെടുക്കുന്നത്. 2005 സെപ്റ്റംബറിൽ പാർലമെന്റ് പാസ്സാക്കി വിജ്ഞാപനം ചെയ്ത നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, പാർലമെന്റ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത തൊഴിലുറപ്പ് ബിൽ സംബന്ധിച്ച സമിതിയിൽ ശ്രീമതി ബൃന്ദാ കാരാട്ടും സി. കെ. ചന്ദ്രപ്പനും ഉൾപ്പെടെയുള്ള അംഗങ്ങൾ സജീവമായി പങ്കെടുത്തകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, 2005 സെപ്തംബറിൽ പാർലമെന്റ് പാസ്സാക്കി വിജ്ഞാപനം ചെയ്ത നിയമമാണ്. തൊഴിൽ അവകാശാധിഷ്ഠിതമാക്കി ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയായിരുന്നു ഈ നിയമനിർമ്മാണം. ഉൽപ്പാദനക്ഷമമായതും ഗുണമേന്മയുള്ളതുമായ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്ന കാര്യത്തിൽ പിന്നീട് സംസ്ഥാനങ്ങൾക്ക് മുന്നേറാൻ കഴിഞ്ഞില്ല. അങ്ങനെയൊരു സാഹചര്യത്തിൽ തൊഴിൽ നൽകുന്നതോടൊപ്പം ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുകവഴി ഗ്രാമീണ ജനതയുടെ ഉപജീവനത്തിനുള്ള ഉപാധികൾ വിപുലീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപന പ്രകാരം തൊഴിലുറപ്പ് നിയമത്തിലെ പട്ടിക ഒന്നും രണ്ടും ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ പട്ടിക ഒന്നിലും രണ്ടിലും കാതലായിട്ടുള്ള പല മാറ്റങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്കിണങ്ങുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് പൊതുആസ്തികൾ നിർമ്മിക്കുന്നതിനും ദുർബ്ബല ജനവിഭാഗങ്ങളുടെ വിഭവ അടിത്തറ ശക്തിപ്പെടുത്തുന്നതിനുമുതകുന്ന വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിനും ഇതര വകുപ്പുകളുമായി സമന്വയം സാദ്ധ്യമാക്കിക്കൊണ്ടുള്ള ഗ്രാമീണ ആസ്തികളുടെ നിർമ്മാണത്തിനും പുതിയ ഭേദഗതികൾ സഹായകമായി. എന്നാൽ ഇത് ആ

അർത്ഥത്തിൽ പിന്നീട് വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ പിറവിയെക്കുറിച്ചുള്ള സൂചനകൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഏവർക്കും അറിയാവുന്നതുപോലെ യു.പി.എ. ഗവൺമെന്റ് ഇന്ത്യയിൽ അധികാരത്തിൽ വന്ന സന്ദർഭത്തിലാണ് ഇത്തരമൊരു നിയമം നടപ്പിലാക്കിയത്. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നുവെന്നല്ല പയുന്നത്. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വരാനിടയാക്കിയ സാഹചര്യം, അന്ന് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്തുണയില്ലെങ്കിൽ അങ്ങനെയൊരു ഗവൺമെന്റ് സംവിധാനം ഇന്ത്യയിലില്ല. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെ അല്ലെങ്കിൽ സംഘപരിവാറിന്റെ കടന്നുവരവിനെ പ്രതിരോധിക്കുന്നതിനുവേണ്ടി ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതര മൂല്യങ്ങളും ജനാധിപത്യമൂല്യങ്ങളും സംരക്ഷിച്ച് പൊരുതുന്ന ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യയുടെ രക്ഷയ്ക്കായിട്ടായിരുന്നു അന്ന് കോൺഗ്രസിന് പിന്തുണ നൽകാൻ തയ്യാറായത്. പക്ഷേ, ആ പിന്തുണ ഉറപ്പിക്കുന്നതിനുമുമ്പുതന്നെ കൃത്യമായി കോൺഗ്രസ് പാർട്ടിയായാലും, സി.പി.ഐ.(എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ പാർട്ടികളായാലും ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ചർച്ച ചെയ്യണം. നമുക്ക് യോജിക്കാം, ഞങ്ങൾ നിരുപാധിക പിന്തുണ നൽകാം. പക്ഷേ, നമുക്കൊരു കോമൺ മിനിമം പ്രോഗ്രാം വേണം. അതാണ് സി.എം.പി., കോമൺ മിനിമം പ്രോഗ്രാമിനെക്കുറിച്ച് ആലോചിച്ചത്. ആ പൊതുമിനിമം പരിപാടിയിൽ ചില കാര്യങ്ങൾക്ക് ഊന്നൽ നൽകി. (1) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2) വനാവകാശ നിയമം (3) ഭക്ഷ്യാവകാശ നിയമം (4) ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയൊരു നിയമം (5) വിവരാവകാശ നിയമം (6) വിദ്യാഭ്യാസ അവകാശ നിയമം. ഇവയാണ് ദേശീയ പൊതുമിനിമം പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട ആറ് കാര്യങ്ങൾ. അങ്ങനെയൊരു തീരുമാനമോ ചർച്ചയോ സംവിധാനമോ ഇല്ലാതിരുന്നെങ്കിൽ ഇത്തരം നടപടികളൊന്നും തന്നെ ഇതുവരെ ഇന്ത്യയിൽ വെളിച്ചം കാണുമായിരുന്നില്ല. കാരണം എത്രയോ കാലം കോൺഗ്രസ് ഭരിച്ച ഭാരതം എന്നുപറഞ്ഞാൽ, ഇന്ത്യാരാജ്യത്തെ ശവപറമ്പിലെ അസ്ഥിശകലങ്ങൾ പോലെ വിറങ്ങലിച്ചു കിടക്കുന്ന നാടായിട്ട് ഇന്ത്യയെ മാറ്റിയവരാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളെ സംബന്ധിച്ചാണ്. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെയാണ് ആ ഗവൺമെന്റ് കണ്ടതെന്ന് രണ്ടാം യു.പി.എ. ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി മാറ്റിവച്ച ബഡ്ജറ്ററി സപ്പോർട്ട് കാണുമ്പോൾ മനസ്സിലാകും. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഒന്നരലക്ഷം കോടി രൂപ

മാറ്റിവച്ചിരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് വിഹിതം വെട്ടിക്കുറയ്ക്കുന്ന രീതിയിലേയ്ക്ക് മാറുകയും ഇന്ന് ആ നയം പിന്തുടർന്നുകൊണ്ട് ബി.ജെ.പി. ഗവൺമെന്റ് അത് 61,000 കോടി രൂപയായി കുറച്ചത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, തീർച്ചയായും ശ്രദ്ധയിലുണ്ട്. രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് ഈ തൊഴിലുറപ്പ് പദ്ധതിയുടെ അട്ടിമറി തുടങ്ങി വച്ചത്. പദ്ധതിക്കുള്ള യഥാർത്ഥ ധനവിഹിതം അന്നത്തെ ധനമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പി. ചിദംബരം വെട്ടിക്കുറിച്ചതോടെയാണ് ഫലപ്രദമായിരുന്ന ഈ പദ്ധതിയുടെ അട്ടിമറി നടപടികൾക്ക് തുടക്കം കുറിച്ചത്. പദ്ധതി ഡിമാന്റ് കേന്ദ്രീകൃതമായതിനാൽ അത്യാവശ്യമെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കാമെന്നും എന്നാൽ ബഡ്ജറ്റിൽ നേരത്തെ നൽകിയതിനേക്കാൾ കൂടുതൽ പ്രതീക്ഷിക്കേണ്ടതില്ല എന്ന മറുപടിയുമാണ് അന്ന് ധനമന്ത്രിയിൽ നിന്നുമുണ്ടായത്. അപ്പോൾ ബഡ്ജറ്റ് വിഹിതം വർദ്ധിക്കാതിരുന്നത് കൂലി കുടിശ്ശിക കൂടാൻ കാരണമായി. കൂലി ലഭിക്കാനാവശ്യമായ പരമാവധി സമയപരിധി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത് പദ്ധതിക്ക് കീഴിലുള്ള തൊഴിലിലുള്ള ഡിമാന്റിനെ ബാധിച്ചു തുടങ്ങി. സമയത്തിന് കൂലി നൽകാത്തതിനെത്തുടർന്ന് തൊഴിലാളികളുടെ ഉത്സാഹം നശിക്കുകയും അവർ ഈ തൊഴിൽ മുഖത്തുനിന്ന് പിൻമാറുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. അപേക്ഷകരെ രജിസ്റ്റർ ചെയ്യാതിരിക്കുന്നതിലൂടെയും രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് നിശ്ചിത കാലയളവിൽ തൊഴിൽ നൽകാതിരിക്കുകയും ചെയ്തതിലൂടെ ഡിമാൻഡ് കുറയ്ക്കുന്നതിനുള്ള പ്രവണതയുണ്ടായിട്ടുണ്ട്. എന്നാൽ നിയമം നിഷ്കർഷിക്കുന്ന തൊഴിലില്ലായ്മ വേതനം നൽകുന്നുമില്ല. അങ്ങനെയെല്ലാമുള്ള സമീപനമായിരുന്നു രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടായത്. ഇങ്ങനെയൊരു നിയമത്തിന് ഇടതുപക്ഷം പിന്തുണയേകാൻ കാരണം വളരെ കൃത്യമായിട്ടുള്ള ഒരു ധാരണയുടെ, കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. ഭരണഘടന എല്ലാ പൗരന്മാർക്കും ചില മൗലികാവകാശങ്ങളും ഉറപ്പുകളും നൽകുന്നുണ്ട്. ഇന്ത്യ വികസിക്കുന്നതിനനുസരിച്ച് ഈ അവകാശങ്ങളും ഉറപ്പുകളും വികസിച്ചുകൊണ്ടിരിക്കുമെന്ന് ഇടതുപക്ഷം ഉറച്ച് വിശ്വസിക്കുകയാണ്. തൊഴിലവകാശം ഭരണഘടനയിൽ മൗലികാവകാശമല്ല. എന്നാൽ ചുരുങ്ങിയത് ഗ്രാമപ്രദേശങ്ങളിലെങ്കിലും ഗ്രാമീണ തൊഴിലുറപ്പു നിയമം ഈ അവകാശം ഉറപ്പുനൽകി. അതിന് പരിമിതികളുണ്ടെങ്കിൽപ്പോലും ഭരണവർഗ്ഗങ്ങൾ അത് നടപ്പിലാക്കാതിരിക്കാൻ ബോധപൂർവ്വം ശ്രമിക്കുമെന്നിരിക്കിലും ഗ്രാമീണ തൊഴിലവകാശത്തിന്റെ വിപുലീകരണമായിട്ടാണ് ഇടതുപക്ഷം ഇതിനെ

കാണുന്നത്. ശരാശരി 30 ശതമാനമോ അതിൽ കുറവോ തൊഴിൽ ദിനങ്ങളായിരുന്നു യു.ഡി.എഫ്. -ന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിരുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം അതിശക്തമായിട്ടുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. അങ്ങനെ വന്നപ്പോൾ ശരാശരി 50 ശതമാനം മുതൽ 55 ശതമാനം വരെ തൊഴിൽ ദിനങ്ങൾ കേരളത്തിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 75 ദിവസം തൊഴിൽ പൂർത്തിയാക്കിയവർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിക്കൊണ്ട് തൊഴിലാളിയെ നെഞ്ചോട് ചേർത്ത് പിടിക്കാനും കൂടെ നിർത്താനും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞു. കോവിഡ് മഹാമാരിക്കാലത്ത് ഏഴരലക്ഷം തൊഴിലുറപ്പ് തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷയൊരുക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്നു മാത്രമല്ല, എല്ലാ അർത്ഥത്തിലും ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ നിലപാടുകളായിരുന്നു ഈ ഘട്ടത്തിലും സ്വീകരിച്ചുവന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം നമുക്കറിയാം. ഇന്ത്യയെ സംബന്ധിച്ച് ഈ അടുത്ത കാലത്തൊന്നും സാധാരണക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലേയ്ക്കുള്ള സമീപനം ഈ ഗവൺമെന്റിൽനിന്ന് നമ്മൾ പ്രതീക്ഷിക്കേണ്ടതില്ല. മഹാമാരിക്കാലത്ത് ഇന്ത്യയിലെ ഏറ്റവും മുകളിലുള്ള 11 ശതകോടീശ്വരരുടെ സമ്പത്തിലുണ്ടായ വർദ്ധനവ്, നീണ്ട 10 വർഷം നമ്മുടെ തൊഴിലുറപ്പ് പദ്ധതിയെ അതുമല്ലെങ്കിൽ നമ്മുടെ ആരോഗ്യ മന്ത്രാലയത്തിന്റെ ബഡ്ജറ്റിനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നു. അത്രമാത്രം നിരുത്തരവാദപരമായ തൊഴിലാളി ദ്രോഹ നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ഇന്ത്യയിലെ 100 ശതകോടീശ്വരന്മാരുടെ സമ്പത്തിൽ 12,97,822 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിരിക്കുന്നു. അതായത് ഇന്ത്യയിലെ 13.8 കോടി ദരിദ്രജനങ്ങളിൽ എല്ലാവർക്കും ആളൊന്നിന് 94,045 രൂപയുടെ ചെക്ക് നൽകാനുള്ളത്രയും തുകയാണിത്. Oxfam റിപ്പോർട്ടിന്റെ ഇന്ത്യയിലെ സപ്ലിമെന്റായ The Inequality Virus-ന്റെ കണ്ടെത്തൽ പ്രകാരം മഹാമാരിക്കാലത്ത് ശ്രീ. മുകേഷ് അംബാനി ഒരു മണിക്കൂറുകൊണ്ട് സമ്പാദിക്കുന്നത് സമ്പാദിക്കുവാൻ ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് 10000 വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുപോലെ ശ്രീ. മുകേഷ് അംബാനി ഒരു സെക്കന്റിലുണ്ടാക്കുന്ന സമ്പത്തുണ്ടാക്കുവാൻ ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് 3 വർഷം വേണ്ടിവരും. ഇക്കഴിഞ്ഞ 2020 ഏപ്രിൽ മാസത്തിൽ ഓരോ മണിക്കൂറിലും ഒരു ലക്ഷത്തി എഴുപതിനായിരം ആളുകൾക്കാണ് അവരുടെ തൊഴിൽ നഷ്ടപ്പെട്ടത്. അതേസമയം ഇന്ത്യൻ ശതകോടീശ്വരന്മാരുടെ ആസ്തി ലോക്ക്ഡൗൺ കാലത്ത് 35 ശതമാനംകണ്ടും 2009-നെത്തുടർന്ന് 90 ശതമാനംകണ്ടും വർദ്ധിച്ചു. 42,290

കോടി ഡോളറിൽ എത്തിയിരിക്കുന്നു. സമ്പന്ന വർഗ്ഗത്തിന്റെ താൽപ്പര്യം മാത്രം സംരക്ഷിക്കാൻ ഭരണനിർവ്വഹണം നടത്തുന്ന വലതുപക്ഷ വർഗ്ഗീയ പിൻതിരിപ്പൻ ഭരണ സംവിധാനത്തിലൂടെ മുന്നോട്ടുപോകുന്ന ഇന്ത്യൻ ഭരണാധികാരി വർഗ്ഗത്തിന് എങ്ങനെയാണ് ഈ തൊഴിലുറപ്പ് പദ്ധതി സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുക.

ശ്രീ. മുരളി പെരുനെല്ലി: സർ, യു.പി.എ.-യുടെ grand child എന്ന് കോൺഗ്രസും അതുപോലെ പരാജയത്തിന്റെ living monument എന്ന് ബി.ജെ.പി.-യും പറയുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയെന്ന ഈ കുഞ്ഞിന് പാലുകൊടുക്കാതെ അതിനെ കൊലപ്പെടുത്താനുള്ള ശ്രമമുണ്ടായ കാലഘട്ടം രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിലാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അതുപോലെത്തന്നെ ആ കുഞ്ഞിനെ ബി.ജെ.പി. ഏറ്റെടുത്തപ്പോൾ തന്റേതല്ല കുഞ്ഞെന്ന് കണ്ടുകൊണ്ട് അതിനെ ദ്രോഹിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ പ്രവണതയാണ് ഇന്ന് ഈ പദ്ധതിയുടെ നിശ്ചലാവസ്ഥയ്ക്കും ഈ അവസ്ഥയിലെത്തിച്ചതിനും കാരണമായിട്ടുള്ളത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, തീർച്ചയായും അതുതന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇടതുപക്ഷമായാലും വലതുപക്ഷമായാലും അതിന്റെ യാഥാർത്ഥ്യങ്ങളും വസ്തുതകളും കണ്ട് പ്രതികരിക്കുന്നതായിരിക്കും ഏറ്റവും കൂടുതൽ അഭികാമ്യം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ക്രിയാത്മകമായ ഒരു വിമർശനവും അഭിപ്രായ പ്രകടനവുമാണ്. ആ രീതിയിൽ ഞാൻ അതിനെ മാനിക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഒന്ന്, തൊഴിലാളികൾക്ക് കൂലി യഥാസമയം ലഭ്യമാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ നയസമീപനംമൂലം പലപ്പോഴും കൃത്യമായി ലഭിക്കുന്നില്ലെന്നും അതിനെത്തുടർന്നുണ്ടായ പ്രത്യാഘാതമനുഭവിച്ചവരുമാണ് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ. കാരണം അന്നന്ന് അധ്വാനിച്ച്, കിട്ടുന്ന കൂലികൊണ്ട് ജീവിതം നയിക്കേണ്ടിവരുന്ന വളരെ പാവപ്പെട്ട കുടുംബാംഗങ്ങളാണ് ഈ തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് മുന്നോട്ടുപോകുന്നത്. യഥാസമയം തൊഴിലാളികൾക്ക് കൂലി ലഭ്യമാകാതെവരുമ്പോൾ തൊഴിലാളി തൊഴിലുറപ്പ് പദ്ധതി ഉപേക്ഷിച്ച് മറ്റിടങ്ങളിലേയ്ക്ക് അഭയം കണ്ടെത്തേണ്ട സ്ഥിതിവിശേഷവും പല ഘട്ടങ്ങളിലുമുണ്ടാകുകയാണ്. അതുപോലെ കേന്ദ്ര തൊഴിലുറപ്പ് നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള പണിയായുധം സൗജന്യമായി നൽകുകയോ വാടകയ്ക്ക് ലഭ്യമാക്കുകയോ ചെയ്യുകയെന്ന കാര്യം നടപ്പിലാക്കാൻ കഴിയുന്നില്ല. അതിനെക്കുറിച്ച് ചർച്ച ചെയ്യണം. തൊഴിലിടങ്ങളിൽ

വച്ച് അപകടം സംഭവിച്ചാൽ തൊഴിലാളികൾക്ക് സമയബന്ധിതമായി ചികിത്സാ സഹായം ലഭിക്കുന്നില്ല. ആരോഗ്യ സുരക്ഷയ്ക്ക് സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി വേണം. തൊഴിലാളിക്ക് അസുഖം വന്നാൽ സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ കഴിയണം. സ്ത്രീ തൊഴിലാളികൾ ഏറിയ തോതിൽ ജോലി ചെയ്യുന്ന മേഖലയാണിത്. സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഗുണകരമായിട്ടുള്ള പദ്ധതി ആവിഷ്കരിക്കണം. പ്രസവാനുകൂല്യം ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രസവരക്ഷയ്ക്കാവശ്യമായ മുഴുവൻ തുകയും പ്രസവാനുകൂല്യമെന്ന നിലയിൽ റീസണബിളായി നൽകാൻ കഴിയണം. പ്രസവാവധി വേണമെന്നില്ല, കാരണം 100 ദിവസം ജോലിചെയ്താൽ മതിയെന്ന നിലപാടാണ് തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനാവശ്യമായ സ്കോളർഷിപ്പ് രൂപപ്പെടുത്തിയെടുക്കാൻ കഴിയണം. പരമദരിദ്രരായവർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും സർക്കാർ പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ ബാധകമാക്കാൻ കഴിയണം. അപകടമരണം സംഭവിച്ചാൽ ആശ്രിതർക്ക് 25,000 രൂപയും മുനിസിപ്പാലിറ്റി തലത്തിൽ 50,000 രൂപയുമാണ് നൽകുന്നത്. ക്ഷേമനിധിയിൽനിന്നും രണ്ടുലക്ഷം രൂപയെങ്കിലും നിരാശ്രയ കുടുംബങ്ങൾക്ക് നൽകാൻ കഴിയുമോയെന്നുള്ള കാര്യം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ക്ഷേമനിധി ബോർഡിൽ മിനിമം പത്തുവർഷം അംഗങ്ങളാകുന്നവർക്ക് പെൻഷൻ അനുവദിക്കാൻ സാധിക്കണം. ഈ തൊഴിൽ മേഖലയിൽനിന്ന് പിരിഞ്ഞുപോകുകയാണെങ്കിൽ അടച്ച തുക തിരിച്ചുനൽകാൻ കഴിയണം. പ്രതിമാസം 50 രൂപയും പ്രതിവർഷം 600 രൂപയുമാണ് തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നത്. കൂടുതൽ തൊഴിൽദിനങ്ങൾ, കൂലിവർദ്ധനവ്, ക്ഷേമനിധിയുടെ പ്രവർത്തനം ഭദ്രമാക്കാനും കിട്ടുന്ന കൂലി അക്കൗണ്ടിൽനിന്ന് ക്ഷേമനിധിയിലേയ്ക്ക് നേരിട്ട് അടയ്ക്കുന്ന എം.ഐ.എ. സംവിധാനം ഉറപ്പുവരുത്താനും കഴിയണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും പുരുഷൻമാർ താരതമ്യേന വളരെ കുറവാണ്. അതിന് പ്രധാനപ്പെട്ട കാരണം വേതനത്തിലെ കുറവാണ്. സ്വാഭാവികമായും ഇതിന് മാറ്റം വരുത്തി അവർ ചെയ്യുന്ന പണിയുടെ അളവുനോക്കി വേതനം കൊടുക്കാൻ കഴിഞ്ഞാൽ പുരുഷൻമാരുടെ എണ്ണം വർദ്ധിക്കാനുള്ള സാഹചര്യമുണ്ടാകും. അതനുസരിച്ച് എന്തെങ്കിലും മാറ്റം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, തീർച്ചയായും അത്തരം കാര്യങ്ങൾകൂടി പരിഗണിക്കപ്പെടേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. അതുപോലെ അംഗങ്ങളെ സംബന്ധിച്ച് സുരക്ഷാകാർഡ്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പുവരുത്താൻ കഴിയണം. മറ്റൊന്ന് ആസ്തികൾ സൃഷ്ടിക്കുന്നതിനായി തൊഴിലാളികൾ സൃഷ്ടിക്കുന്ന ആസ്തികൾക്കായുള്ള നിർമ്മാണ സാമഗ്രികൾക്കുള്ള വില മുൻകൂറായോ സമയബന്ധിതമായോ കിട്ടാത്തതുമൂലം ഈ മേഖല പ്രയാസത്തിലാണ്. പാവപ്പെട്ടവർക്ക് ഈ തുക മുൻകൂട്ടി കണ്ടെത്താൻ കഴിയുന്നില്ല. അങ്ങനെവരുമ്പോൾ കേരള ബാങ്ക് പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് അത്തരമൊരു സംവിധാനത്തിലേയ്ക്ക് പോകാൻ കഴിയുമോയെന്ന് ആലോചിക്കണം. കാരണം, തൊഴിൽദാന പദ്ധതികൾക്കായി കേരളബാങ്ക് ഇതുവരെ 842.54 കോടി രൂപ അനുവദിച്ച സന്തോഷകരമായ വാർത്തയാണ് ഇന്നത്തെ പത്രങ്ങളിൽ കണ്ടത്. തൊഴിലുറപ്പ് പദ്ധതികളെ സംബന്ധിച്ച് വളരെ ശ്രദ്ധേയമായ രീതിയിൽ ഇവിടെ ചർച്ച നടത്തിയതാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. മഹാത്മാഗാന്ധിയെ മറന്നവർ ഞങ്ങളാണോ നിങ്ങളാണോയെന്നാണ് നമ്മൾ പരിശോധിക്കേണ്ടത്. ഇന്ത്യയിലെ സംഘ്പരിവാർ വർഗ്ഗീയ ഫാസിസ്റ്റുകൾ മഹാത്മജിയെയും നെഹ്റുവിനെയുമൊക്കെ അപമാനശരങ്ങളാൽ എയ്ത് വീഴ്ത്തുമ്പോൾ പ്രതിരോധിക്കാൻ വഴിയോരങ്ങളിലെവിടെയും പിൻമുറക്കാരായിട്ടുള്ള ഇന്ത്യയിലെ കോൺഗ്രസ്സുകാരെ കണ്ടിരുന്നില്ല. ഇവിടെ കഴിഞ്ഞ കാലങ്ങളിലെല്ലാം ബി.ജെ.പി.-യോടും സംഘ്പരിവാറിനോടും കോൺഗ്രസ്സ് എടുക്കുന്ന സമീപനം പകൽ വെളിച്ചംപോലെ വളരെ വ്യക്തമാണ്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ജനകീയാസൂത്രണത്തെ ദുർബ്ബലപ്പെടുത്താനിറങ്ങിയവരാണ് നിങ്ങൾ. കുമാരനാശാന്റെ 'കരുണ'യിലെ കൈകാലുകൾ ഛേദിക്കപ്പെട്ട വാസവദത്തയെപ്പോലൊരു മാംസപിണ്ഡമായി ജനകീയാസൂത്രണത്തെ ഒരുകാലത്ത് നിങ്ങൾ മാറ്റിയില്ലേ; ജനകീയാസൂത്രണമെന്ന പേരുപോലും നിങ്ങൾ അംഗീകരിച്ചോ; ആ പേരുമാറ്റികൊണ്ട് കേരള വികസന പദ്ധതിയെന്ന് നിങ്ങൾ സ്വന്തമായി ഈ കുഞ്ഞിന് പേരുവിളിച്ചു. എന്തുകൊണ്ടാണ്? ജനകീയാസൂത്രണം നടപ്പിലാക്കിയത് ഇടതുപക്ഷമാണെന്ന ഒറ്റ കാരണത്താൽ, എല്ലാ അധികാരങ്ങളും ഇല്ലാതാക്കി, പണം കുറച്ചുനൽകാൻ തയ്യാറായി. ഈയൊരു പുതിയ ഘട്ടത്തിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ യു.ഡി.എഫ്./എൽ.ഡി.എഫ്. ആയാലും സഹകരണാത്മകമായ മനോഭാവം പ്രകടിപ്പിച്ച് നാടിന്റെ വികസന പ്രക്രിയയുമായി മുമ്പോട്ടുപോകണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിനാൽ വരും നാളുകളിൽ കഴിഞ്ഞ കാലത്തെ ദുർബ്ബലതകളും ഇത്തരം പ്രതികരണങ്ങളും മാറ്റിവച്ച് ഒന്നിച്ച്

ഒറ്റക്കെട്ടായി കേരളം, ഇന്ത്യൻ സംസ്ഥാനങ്ങൾക്കും ലോകരാജ്യങ്ങൾക്കും മാതൃകയാകത്തക്ക വിധത്തിൽ ഉജ്ജ്വലമായ നേട്ടം കൈവരിച്ച് മുന്നോട്ടുപോകാൻ കഴിയണം. തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി, അവരുടെ ദൈനംദിന ഭൗതിക ജീവിത നിലവാരം നല്ലരീതിയിൽ മെച്ചപ്പെടുത്താൻ സഹായകരമാകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്ന ബില്ലാണ് ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ളത്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇപ്പോൾ റദ്ദ് ചെയ്യാൻ പോകുന്ന 2020-ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ആറാം വകുപ്പ് കേന്ദ്ര നിയമത്തിന് വിരുദ്ധമായതാണ്. അതിലെ അനൗചിത്യവും നിയമപ്രശ്നവും അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചിട്ടും ഭൂരിപക്ഷത്തിന്റെ ബലത്തിൽ കഴിഞ്ഞ സർക്കാർ നിയമവിരുദ്ധമായി പാസ്സാക്കുകയാണ് ചെയ്തത്. സെൻസസ് ആക്ടിന് കടകവിരുദ്ധമായി പഞ്ചായത്ത് രാജ് നിയമം പോലുള്ള അതിപ്രധാനമായ ഒരു നിയമം നിയമവിരുദ്ധമായി ഭേദഗതി ചെയ്യാൻ ശ്രമിച്ചത് കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് ഭൂഷണമല്ലാത്ത നടപടിയാണ്. അവസാനം സർക്കാർ അത് പിൻവലിക്കേണ്ട സാഹചര്യമുണ്ടായി. സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി ഉത്തരവാദിത്വ ബോധത്തോടെ ഇത്തരം വിഷയങ്ങൾ പ്രതിപക്ഷം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുമ്പോൾ, ഒരു ജനാധിപത്യ ഭരണകൂടം പുലർത്തേണ്ട സഹിഷ്ണുതയും സമീപനവുമാണ് ഈ സംഭവത്തിലൂടെ ഇവിടെ പാഠമാകുന്നത്. ആറാം വകുപ്പിന്റെ 6(i)(എ), 6(ii)(ബി), 6(iii)(സി) എന്നീ ഭേദഗതികൾമൂലം ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളിൽ വാർഡുകളുടെ എണ്ണം കൂടുന്നു. 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിലുള്ള വാർഡ് വിഭജനമാണ് നടക്കുന്നത്. 2011-ലെ സെൻസസിനുശേഷം രണ്ടുതവണ വാർഡ് വിഭജനം നടത്തുന്നത് ശരിയാണോയെന്ന് സർക്കാർ പരിശോധിക്കണം. 2021-ലെ സെൻസസ് നടക്കുന്നതിന് തൊട്ടുമുമ്പേ ഇത്തരത്തിലുള്ള വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ആറാം വകുപ്പിന്റെ ഭേദഗതി നീക്കം ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടെടുപ്പിൽ മാറ്റം വരുത്തേണ്ട കാര്യമാണ് ഈ ബില്ലിലെ മറ്റൊരു പ്രധാനപ്പെട്ട ഭേദഗതി. സാംക്രമികരോഗമുള്ള സമയത്ത് ക്വാറന്റീൻ നിലവിലുള്ളവർക്ക് തപാൽവോട്ട് അനുവദിക്കുകയാണ്.

അതിനുപുറമെ രോഗം ബാധിച്ചവർക്ക് വോട്ട് ചെയ്യാൻ ഒരു മണിക്കൂർ സമയം നീട്ടികൊടുക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വലിയ ക്രമക്കേടുകളും ആശയക്കുഴപ്പവും സംസ്ഥാനത്തുണ്ടാക്കി. ഇത്തരം സാഹചര്യത്തിൽ ഒരു മണിക്കൂർ അധികസമയം അനുവദിക്കുന്നത് മനസ്സിലാക്കാം. അത് ആവശ്യവുമാണ്. ഇങ്ങനെ പ്രത്യേക അവസരമുള്ളപ്പോൾ തപാൽ വോട്ടിന്റെ ആവശ്യമില്ല. കഴിഞ്ഞ തവണ നടന്ന തപാൽ വോട്ടിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യാപകമായി പരാതികളുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച്, വോട്ടിംഗിന്റെ കാതലെന്ന് നാം വിശേഷിപ്പിക്കുന്ന രഹസ്യ സ്വഭാവം നഷ്ടപ്പെടുന്നതാണ്. ഇത്തരം പോളിംഗ് ഒട്ടും സുതാര്യമല്ല. സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞില്ല. ഈ വിധത്തിൽ രേഖപ്പെടുത്തുന്ന വോട്ടുകൾ സ്വന്തം അഭിപ്രായം പ്രതിഫലിപ്പിക്കാതെ മറ്റുള്ളവരുടെ സ്വാധീനത്തിൽ അകപ്പെടുന്ന സംഭവങ്ങൾ നിരവധിയുണ്ടായിട്ടുണ്ട്. പാർട്ടി ഗ്രാമങ്ങളിലെ അവസ്ഥ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതിനാൽ ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തപാൽ വോട്ട് കൂടുതലായി നടക്കുമ്പോൾ അതിൽ കൂടുതൽ സ്വാധീനങ്ങൾ കടന്നുവരുന്നതായാണ് തെരഞ്ഞെടുപ്പ് ചരിത്രത്തിലും ഇക്കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിലും തെളിയിക്കുന്നതെന്നാണ് ശ്രീ. സജീവ് ജോസഫ് പറയുന്നത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽപോലും കോവിഡ് വന്നവർക്കും കോവിഡ് വരാൻ സാധ്യതയുള്ളവർക്കും സമ്പർക്കത്തിലുള്ളവർക്കും പ്രായമായവർക്കും വോട്ട് ചെയ്യാൻ ബാലറ്റ് അയച്ചുകൊടുക്കുകയും ഉദ്യോഗസ്ഥന്മാർ പോയി അവരെക്കൊണ്ട് വോട്ട് രേഖപ്പെടുത്തുകയും ചെയ്തു. രഹസ്യസ്വഭാവത്തിൽ ചെയ്യിക്കേണ്ടത് പലപ്പോഴും രോഗിയുടേയോ പ്രായമായ ആളുകളുടെയോ മുമ്പിൽ നിന്നാണ് ചെയ്യിപ്പിച്ചത്. മാത്രമല്ല, അതിന്റെ പേരിൽ ആ വോട്ട് എണ്ണാതെ പോകുകയും ചെയ്തു. ആ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടിടത്ത് സാക്ഷ്യപ്പെടുത്താത്തതിന്റെ പേരിലോ സീൽ ചെയ്യാത്തതിന്റെ പേരിലോ ധാരാളം വോട്ടുകൾ എണ്ണാതെ പോയിട്ടുണ്ട്. ശ്രീ. സജീവ് ജോസഫ് പറഞ്ഞ കാര്യം പ്രസക്തമാണ്. അതുതന്നെയാണോ അങ്ങും ഉദ്ദേശിക്കുന്നത്?

2.00 p.m.]

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, തീരെ പരിചിതമല്ലാത്ത ഈ നടപടിക്രമങ്ങളെക്കുറിച്ച് വലിയ ആശങ്കയും നിരവധി പരാതികളും ഉണ്ടായിട്ടുണ്ട്. അതെല്ലാം

കണക്കിലെടുത്തുവേണം ഇത്തരത്തിൽ നിയമഭേദഗതി വരുമ്പോൾ നടപടി സ്വീകരിക്കേണ്ടത്. പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തി കെട്ടിടനിർമ്മാണ വ്യവസ്ഥകളിൽ ഇളവനുവദിക്കാനുള്ള നീക്കം പൊതുവെ ആകർഷകമായി തോന്നുമെങ്കിലും ഇത് അഴിമതിക്കും അനധികൃത കെട്ടിടനിർമ്മാണങ്ങൾക്കും പലപ്പോഴും വഴിവയ്ക്കും. അംഗീകൃത ലൈസൻസികളായ ആർക്കിടെക്ട്, ബിൽഡിംഗ് ഡിസൈനർ, സൂപ്പർവൈസർ, ടൗൺ പ്ലാനർ എന്നിവരിലാരെങ്കിലും കൂടാതെ ഉടമസ്ഥനും ചേർന്ന് നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥതലത്തിൽ ഒരു പരിശോധനയുംകൂടാതെ നിർമ്മാണം അനുവദിക്കാമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. അംഗീകൃത ലൈസൻസികൾ കെട്ടിട പ്ലാനും സാക്ഷ്യപത്രവും തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിച്ച് അഞ്ച് ദിവസത്തിനുള്ളിൽ പാസ്സാക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ അഴിമതിക്കുള്ള സാഹചര്യമാണ് പലപ്പോഴും ഒരുങ്ങുക. കെട്ടിടങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം എന്നിവ സംബന്ധിച്ച് ബില്ലിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങളുടെ വിപുലീകരണം സംബന്ധിച്ച് ബില്ലിൽ പരാമർശിക്കുന്നില്ല. വിപുലീകരണംകൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അനധികൃത കെട്ടിടം നിർമ്മിച്ചുകഴിഞ്ഞാൽ രണ്ട് ലക്ഷം രൂപ മുതൽ ആറ് ലക്ഷം രൂപവരെ പിഴ ചുമത്തുമെന്ന് പറയുന്നത് ഉടമസ്ഥനിൽനിന്നാണോ, എംപാനൽഡ് ലൈസൻസിയിൽനിന്നാണോ, അതോ തുല്യമായിട്ടാണോ, അല്ലെങ്കിൽ ഓരോരുത്തർക്കും ഇത്ര രൂപവീതമാണോ എന്നൊന്നും ബില്ലിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. പിഴ അടച്ചാൽ അനധികൃത നിർമ്മാണം ആകാമെന്നത് നിയമലംഘനം നടത്തുന്ന സാമ്പത്തികശേഷിയുള്ളവർക്ക് പ്രോത്സാഹനമാകും. ആയതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തണമെന്നഭ്യർത്ഥിക്കുകയാണ്.

വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ ഒടുക്കിയാൽ അത് സാധൂകരിക്കാമെന്ന് പറയുന്നതിലൂടെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 (b), തീരദേശ പരിപാലന നിയമം, കേരള നെൽവയൽ -തണ്ണീർത്തട നിയമം തുടങ്ങിയവ ലംഘിച്ചുകൊണ്ട് നിയമനിർമ്മാണ പ്രവൃത്തികൾ നടത്താനും പിഴ അടച്ചുകൊണ്ട് നിയമ ലംഘനം സാധൂകരിക്കാനും പ്രചോദനമുണ്ടാകും. പിഴ അടച്ചതിനാൽ നിയമലംഘനം സാധൂകരിക്കാൻ പാടുള്ളതല്ല. പിഴ ഈടാക്കുന്നതുകൂടാതെ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ബാദ്ധ്യതയും ഉടമസ്ഥനിൽനിന്നും എംപാനൽഡ് ലൈസൻസിയിൽനിന്നും ഈടാക്കണം. കെട്ടിടത്തിന്റെ ഉടമസ്ഥനോ ലൈസൻസിയോ സംയുക്തമായി രേഖാമൂലമോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയോ നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലുള്ള

അപേക്ഷ/ സാക്ഷ്യപത്രം എന്ന് ബില്ലിൽ നിഷ്കർഷിക്കേണ്ടതാണ്. ഈ ബില്ലിൽ അപേക്ഷ ഫോറം നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള അപേക്ഷ ഫോറം ഭേദഗതി നിയമത്തിന്റെ പശ്ചാത്തലത്തിൽ പര്യാപ്തമല്ല. ആയതിനാൽ നിർദ്ദിഷ്ട അപേക്ഷ ഫോറം എന്ന് നിഷ്കർഷിക്കണം. അങ്ങനെയുള്ള അപേക്ഷ ഫോറത്തിൽ നിയമലംഘനമുള്ളതായി കണ്ടെത്തിയാൽ വകുപ്പ് 235(4)-ൽ പരാമർശിക്കുന്ന പിഴ നൽകാനും സ്വന്തം ചെലവിൽ നിർമ്മിതി പൊളിച്ചുമാറ്റി പൂർവ്വസ്ഥിതിയിലാക്കാനും ഞാൻ ബാധ്യസ്ഥനാണെന്നുകൂടി ഉൾപ്പെടുത്തണം. അനധികൃത കെട്ടിടം നിർമ്മിച്ചുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോട്ടീസ് നൽകി 15 ദിവസത്തിനകം കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇതിനുള്ള ചെലവ് ഉടമയിൽനിന്നും ലൈസൻസിയിൽനിന്നും തുല്യമായി ഈടാക്കേണ്ടതുമാണ്.

പഞ്ചായത്ത് രാജ് നിയമപ്രകാരം അപ്പീൽ അധികാരി അപ്പലേറ്റ് ട്രിബ്യൂണൽ ആയിരിക്കെ അപ്പീൽ അധികാരം സർക്കാരിന് നൽകുന്നത് നീതീകരിക്കാനാവുന്നതല്ല. അതിനാൽ അപ്പീൽ അധികാരം നിലവിലുള്ള സ്ഥിതിയിൽത്തന്നെ തുടരണം. അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നയമാണ് പലപ്പോഴും ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന പുതിയ തീരുമാനം. രാജ്യത്തൊരിടത്തും നിലവിലില്ലാത്ത നിയന്ത്രണമാണിത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നത് തനത് ഫണ്ടിൽനിന്നാണ്. അടിയന്തര സാഹചര്യങ്ങളിൽ ക്രിയാത്മകമായി പ്രവർത്തിക്കാനുള്ള അവസരമാണ് ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇല്ലാതാകുന്നത്. തനത് വരുമാനം തടസ്സങ്ങളില്ലാതെ ചെലവഴിക്കാൻ അവസരമുള്ളപ്പോൾപ്പോലും വളരെയധികം ബുദ്ധിമുട്ടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് ട്രഷറികളിൽ നിക്ഷേപിക്കുന്ന സാഹചര്യത്തെ ഏറെ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. തനത് ഫണ്ടിലെ വരുമാനക്കുറവുകൊണ്ട് ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും തടസ്സപ്പെടുത്തുന്ന പഞ്ചായത്തുകൾപോലും നിലവിലുള്ളപ്പോൾ ഫണ്ട് സമയത്ത് മാറാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുന്നതെന്നതും ആശങ്ക ജനിപ്പിക്കുന്നു. സംസ്ഥാന സർക്കാർ നേരിട്ട് നടത്തേണ്ട മിക്ക പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് നടത്തിപ്പിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളുമാണ് സർക്കാർ പലപ്പോഴും പുറപ്പെടുവിക്കുന്നത്. ഇത്തരത്തിലിറക്കുന്ന സർക്കാർ ഉത്തരവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വതന്ത്രമായ

പ്രവർത്തനം ഇല്ലാതാക്കി അവയെ വെറുമൊരു ഏജൻസിയാക്കി ചുരുക്കുന്ന പ്രവണത അപലപനീയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടുന്നത് നീതീകരിക്കാൻ കഴിയുന്ന കാര്യമല്ല. പ്രളയകാലത്തും ഇപ്പോൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും ഫണ്ട് വിനിയോഗം ഏതാണ്ട് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ചെലവഴിക്കുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വികസന ഫണ്ടിൽനിന്നും മെയിന്റനൻസ് ഫണ്ടിൽനിന്നും എല്ലാ വർഷവും നിർബന്ധിത പ്രോജക്ടുകൾക്ക് സർക്കാർ ഉത്തരവുകൾപ്രകാരം ചെലവാക്കേണ്ടിവരുന്നത് അധികാര വികേന്ദ്രീകരണത്തിൽ നേരത്തെതന്നെ സർക്കാർ ഇടപെട്ടതിന്റെ തെളിവാണ്. തനത് ഫണ്ടിന്റെ വിനിയോഗം തടസ്സപ്പെടുന്ന ഏത് നീക്കത്തെയും കൂട്ടായി ചെറുത്ത് തോല്പിച്ചില്ലെങ്കിൽ ഇന്ന് പ്രാദേശിക സർക്കാരുകളായി നാം നേടിയെടുത്ത വികസന പുരോഗതിയും പഞ്ചായത്ത് രാജ് സംവിധാനവും തകർക്കപ്പെടും. ഏറ്റവും ദുരന്തപൂർണ്ണമായ ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പംനിന്ന അവരെ ചേർത്തുപിടിച്ച തദ്ദേശസ്ഥാപനങ്ങളെ വരിഞ്ഞുമുറുക്കുന്ന എല്ലാ നടപടികളിൽനിന്നും സർക്കാർ പിന്തിരിയണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ലഭിക്കുമ്പോൾ അതിനാനുപാതികമായി സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചില്ലെന്ന അവസ്ഥയും ഇപ്പോൾ നിലനിൽക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിറവേറ്റുന്ന വലിയ ഉത്തരവാദിത്വത്തിനനുസൃതമായി അവയ്ക്ക് ഫണ്ട് കൈമാറുന്നില്ല. സ്പിൽ ഓവർ പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകാത്തതുമൂലം പ്രാദേശിക വികസനം അട്ടിമറിക്കപ്പെടുകയാണ്. കേന്ദ്രീകൃത രീതി വർദ്ധിച്ചുവരുന്നത് ജനകീയാസൂത്രണത്തിന്റെ അന്ത:സത്തതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. കൂടുതൽ ചുമതലകൾ നൽകുന്നതിനനുസൃതമായി ജീവനക്കാരെ നൽകുന്നില്ലെന്നുള്ള പരാതിയും വ്യാപകമാണ്. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ക്ഷാമംമൂലം പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനും സ്റ്റാഫ് പാറ്റേൺ പരിഷ്കരണം നടപ്പിലാക്കി പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ലൈഫ് ഭവന പദ്ധതിയിൽ 2020 സെപ്റ്റംബർ 30 വരെ 7 ലക്ഷത്തോളം ആളുകൾ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയിൽ നാളിതുവരെ പരിശോധന

നടത്താൻപോലും സർക്കാർ തയ്യാറായിട്ടില്ലെന്നുള്ളത് ഗൗരവപൂർവ്വം കാണേണ്ടതായിട്ടുണ്ട്. ഇതുമൂലം ഭവനരഹിതർ ഏറെ പ്രയാസത്തിലാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുപോലും വീട് നൽകാൻ കഴിയാത്തത് സംസ്ഥാനത്ത് അസാധാരണമായ സാഹചര്യമാണുണ്ടാക്കിയിട്ടുള്ളത്. അപേക്ഷിക്കുന്ന അർഹരായ എല്ലാവർക്കും ഭവനം നിർമ്മിക്കുന്നതിനുള്ള സഹായം നൽകാൻ സർക്കാർ തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതുപോലെ, പഞ്ചായത്തുകൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കണം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കേണ്ടതുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തുകൾ ഇതിനകം ചെലവഴിച്ച തുക മടക്കി നൽകാനും സർക്കാർ തയ്യാറാകണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സ്ഥാപിക്കാനുള്ള ബുദ്ധിമുട്ടുകൾ സർക്കാർ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. പ്രകൃതിദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ടനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

കഴിഞ്ഞ മൂന്നുനാല് ദിവസമായി തുടർച്ചയായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുംമൂലം ഗ്രാമീണ മേഖലകളിൽ കനത്ത നാശനഷ്ടങ്ങളുണ്ടായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ഇരിക്കൂറിലെ കാഞ്ഞിരക്കൊല്ലി, ചന്ദനക്കാമ്പാറ എന്നീ പ്രദേശങ്ങളിലും കണ്ണൂർ ജില്ലയിലും തിരുവനന്തപുരം ജില്ലയിലും ഉൾപ്പെടെ പല സ്ഥലങ്ങളിലും വലിയ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. റോഡുകളും കലുങ്കുകളും തകർന്നിരിക്കുന്നു. കൃഷിയിടങ്ങൾ നശിച്ചിരിക്കുന്നു. ഇവരെ സഹായിക്കാൻ സർക്കാർ പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിക്കണമെന്ന് സാന്ദർഭികമായി ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243(E) പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുകയെന്നത്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53(1)-ലും ഇത് പ്രതിപാദിക്കുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഡിസ്ട്രിക്ട് പ്ലാൻ തയ്യാറാക്കുന്നതിനായി പ്ലാനിംഗ് കമ്മീഷൻ 2008-ൽ പുറപ്പെടുവിച്ച മാന്വലിൽ ജില്ലാ പദ്ധതി തയ്യാറാക്കാനുള്ള രീതി വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം 2018-ൽ തയ്യാറാക്കിയത് ജില്ലാ പരിഭാഷരേഖ മാത്രമാണ്. പരിഭാഷരേഖയും നിർവ്വഹണ പദ്ധതിയും ഉൾപ്പെടുന്നതാകണം ജില്ലാ വികസന പദ്ധതി. ആയതിനാൽ 2018-ലെ

മാന്വൽ പ്രകാരമുള്ള നീതിശാസ്ത്രം അനുവർത്തിച്ചുകൊണ്ട് സമഗ്രമായ ജില്ലാ വികസന പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 175 (1) പ്രകാരം ഓരോ തലത്തിലുമുള്ള പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട മാതൃകയിൽ തൊട്ടടുത്ത വർഷത്തേയ്ക്ക് അതത് പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്. ആയതിനാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കാൻ നിയമസഭയ്ക്ക് ബാദ്ധ്യതയും ഉത്തരവാദിത്വവുമുണ്ട്. ജനകീയാസൂത്രണം ആരംഭിച്ച് 25 വർഷം കഴിഞ്ഞിട്ടും ചട്ടങ്ങളുടെ അഭാവത്തിൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് പ്രാദേശികാസൂത്രണം നടക്കുന്നത്. ഇത് ആസൂത്രണ പ്രക്രിയ സുസ്ഥാപിതമാക്കാൻ വിഘാതമാണ്. ആയതിനാൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കണം. അധികാര വികേന്ദ്രീകരണം ഇപ്പോൾ ഒരു കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് പോകുന്നത് ആശങ്കയോടെ നോക്കിക്കാണുകയാണ്. ഇത് തിരുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ വിശദമായ ചർച്ച വിവിധങ്ങളായ ഘട്ടത്തിൽ സഭയിൽ നടക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രം നന്നായി പഠിച്ചുമാത്രമേ ഈ കാര്യങ്ങൾ അവതരിപ്പിക്കുവാൻ പാടുള്ളൂ. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ രാജ്യത്ത് രണ്ട് തലത്തിലുള്ള ഭരണകൂടങ്ങളാണ് വ്യവസ്ഥ ചെയ്യപ്പെട്ടത്. ഒന്ന്, കേന്ദ്രസർക്കാരും രണ്ട്, സംസ്ഥാന സർക്കാരുകളുമായിരുന്നു. മൂന്നാംതല ഭരണ സംവിധാനമായി പ്രാദേശിക സർക്കാരുകൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായിത്തീർന്നത് 73, 74 ഭരണഘടന ഭേദഗതിയോടുകൂടിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും വ്യത്യസ്തമായി ഭരണത്തിലും വികസനത്തിലും പൊതുജനത്തിന് നേരിട്ട് പങ്കാളികളാകാൻ കഴിയുമെന്നതാണ് പ്രാദേശിക സർക്കാരിന്റെ മുഖമുദ്ര.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണഘടന രൂപകല്പന ചെയ്യുമ്പോൾ ഓരോ ഗ്രാമവും പൂർണ്ണ അധികാരമുള്ള ഒരു പഞ്ചായത്ത് റിപ്പബ്ലിക് ആകണമെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട് ഭരണഘടനയിൽ സ്ഥാനം പിടിച്ചില്ല. 1992-ൽ അവതരിപ്പിച്ച 73, 74 ഭരണഘടനാ ഭേദഗതികൾ ലോകസഭയും രാജ്യസഭയും പാസാക്കുകയും 1993 ഏപ്രിൽ 20-ന് രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്തു. അതോടുകൂടിയാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഭരണഘടനാ പിൻബലം ലഭിച്ചത്. 20 ലക്ഷത്തിലധികം ജനസംഖ്യയുള്ള സംസ്ഥാനങ്ങൾ, ത്രിതല പഞ്ചായത്തുകൾ, ഗ്രാമത്തിലെ വോട്ടർമാരുൾപ്പെടുന്ന ഗ്രാമസഭകൾ, ഓരോ അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നിർബന്ധം, അംഗത്വത്തിലും അദ്ധ്യക്ഷപദവിയിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം, കേരളത്തിൽ ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിലാണ് 2009-ൽ അത് 50 ശതമാനം എന്ന നിലയിലേയ്ക്ക് ഉയർത്തിയത്. അംഗത്വത്തിലും അദ്ധ്യക്ഷപദവിയിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം, സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് നടത്താൻ മാത്രമായി ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ ഇങ്ങനെ ഒരുപാട് പ്രത്യേകതകൾ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയെന്നുള്ളത് വസ്തുതതന്നെയാണ്. എന്നാൽ ഐക്യകേരളത്തിന്റെ രൂപീകരണത്തോടുകൂടി പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പൊതുതെരഞ്ഞെടുപ്പിലൂടെ, ഇന്ത്യയിൽ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 1957-ൽ പ്രിയപ്പെട്ട സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്നു. ആ മന്ത്രിസഭ നിയോഗിച്ച മുഖ്യമന്ത്രി ചെയർമാനായ ഭരണപരിഷ്കാര കമ്മിറ്റി പൊതുഭരണത്തെയും വികസനത്തെയും അടിസ്ഥാനമാക്കി ശിപാർശ ചെയ്തത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സംവിധാനത്തെയായിരുന്നു. എന്നാൽ ഇതിന്റെയടിസ്ഥാനത്തിൽ നിയമസഭയിൽ കൊണ്ടുവന്ന ബില്ലുകൾ മന്ത്രിസഭ പിരിച്ചുവിട്ടുമൂലം നിയമമാകാതെപോയി. ഇവിടെ ഒരു പ്രത്യേകത ഉണ്ട്. വിമോചന സമരത്തിന്റെ ഭാഗമായി അന്ന് ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചു വിട്ടില്ലായിരുന്നുവെങ്കിൽ അന്നത് നിയമമായി കേരളത്തിൽ പ്രാബല്യത്തിൽ വരുമായിരുന്നുവെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇവിടെയാണ് യു.ഡി.എഫ്.-ന്റെ കപടതയെ നാം തിരിച്ചറിയേണ്ടത്. കഴിഞ്ഞ ദിവസം നിയമസഭയിൽ കമ്പ്യൂട്ടറിനെ എതിർത്ത കമ്മ്യൂണിസ്റ്റുകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ 1998-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതിനെതിരെ നടത്തിയിട്ടുള്ള സമരം ഉദ്ഘാടനം ചെയ്തത് യു.ഡി.എഫ്. -ന്റെ മുൻ മുഖ്യമന്ത്രി

ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്ന എന്നുള്ളതും ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തുന്നു. നിങ്ങളിട്ടാൽ അത് ട്രൗസർ ആവുകയും ഞങ്ങളിട്ടാൽ ബർമുഡയാവുകയും ചെയ്യുമെന്നുള്ള നിങ്ങളുടെ ഇരട്ടത്താപ്പ് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകയാണ്. 1960-ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1961-ലെ കേരള മുനിസിപ്പാലിറ്റി നിയമവുമായിരുന്ന 73, 74 ഭരണഘടനാ ഭേദഗതികൾക്കുമുമ്പ് കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്നത്. 1994 ഏപ്രിൽ 24-നാണ് കേരളത്തിലെ പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും കേരള നിയമസഭ പാസ്സാക്കിയത്. ഈ നിയമങ്ങളുടെ പിൻബലത്തോടെ 1995 ഒക്ടോബർ 2-ന് കേരളത്തിൽ പുതിയ പ്രാദേശിക സർക്കാരുകൾ നിലവിൽവന്നു. 1995 ഒക്ടോബർ 2-ന് പഞ്ചായത്ത് മുനിസിപ്പൽ സമിതികൾ അധികാരത്തിൽ വന്നെങ്കിലും പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കാനാവശ്യമായ അധികാരങ്ങളും ജീവനക്കാരും ലഭ്യമായിരുന്നില്ല. ഇവിടെയാണ് നേരത്തെ സൂചിപ്പിച്ചിട്ടുള്ള ജനകീയാസൂത്രണത്തിന്റെ പ്രസക്തി കടന്നുവരുന്നത്. കേരളം അഭിമുഖീകരിച്ചുകൊണ്ടിരുന്ന വികസന പ്രശ്നങ്ങൾ തരണം ചെയ്യണമെങ്കിൽ അധികാരവികേന്ദ്രീകരണത്തോടൊപ്പം വികേന്ദ്രീകരണ ആസൂത്രണവും അതുവഴി പൊതുജനപങ്കാളിത്തവും അനിവാര്യമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് 1996-ൽ അധികാരത്തിൽ വന്ന കേരളത്തിന്റെ പ്രിയപ്പെട്ട നായനാർ സർക്കാർ അധികാര വികേന്ദ്രീകരണത്തിനൊപ്പം ജനകീയാസൂത്രണം എന്ന വിശാലമായ കാഴ്ചപ്പാട് അവതരിപ്പിച്ചത്. 1996 ആഗസ്റ്റ് 17-ന് ജനകീയാസൂത്രണ പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചു. പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തോളം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തീരുമാനം സർക്കാർ പ്രഖ്യാപിച്ചു. അധികാര വികേന്ദ്രീകരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിൽ വരുത്താൻ സാധിച്ചത് ജനകീയാസൂത്രണമായിരുന്ന എന്നുള്ളത് തർക്കമില്ലാതെ ഈ സഭയിൽ ഉന്നയിക്കാൻ കഴിയുമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഭരണഘടന വിഭാവന ചെയ്തതുപോലെ അധികാര വികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം. അതിന് കേരളത്തിന് കരുത്തായി മാറിയത് ജനകീയാസൂത്രണമായിരുന്നുവെന്നുള്ളത് ഈ അവസരത്തിൽ ഒരിക്കൽക്കൂടി തറപ്പിച്ചുപറയുകയാണ്. അധികാരം ജനങ്ങളിലേയ്ക്കെത്തിക്കാൻ, അധികാര വികേന്ദ്രീകരണത്തിന് ശക്തിപകർന്നത് നായനാർ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണമായിരുന്നു. ജനകീയാസൂത്രണം നടപ്പിലാക്കിയതിന്റെ 25-ാം വാർഷികത്തിലാണ് കേരളത്തിലെ പ്രിയപ്പെട്ട ഇടതുപക്ഷ ഗവൺമെന്റ്, പിണറായി സർക്കാർ സുപ്രധാനമായിട്ടുള്ള ഭേദഗതികൾ നമ്മുടെ ഈ പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തുന്നത്. സാധാരണക്കാരായിട്ടുള്ള

ആളുകളുടെ നിരവധി വിഷയങ്ങളിൽ സമയബന്ധിതമായി ഇടപെട്ടുകൊണ്ട് പരിഹരിക്കുകയെന്നുള്ള ഇടതുപക്ഷ സർക്കാരിന്റെ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ പ്രസക്തി ഇവിടെയാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുക. സാംക്രമിക രോഗങ്ങൾ കടന്നുവരുന്ന ഒരു പശ്ചാത്തലം, മുമ്പെങ്ങും നമുക്ക് നിശ്ചയമില്ലാതിരുന്ന രൂപത്തിൽ സാംക്രമിക രോഗങ്ങൾമൂലം ഈ കേരളം വലിയ പ്രതിസന്ധിയിലേയ്ക്ക് പോയപ്പോൾ ആ പ്രതിസന്ധിയിൽനിന്നുകൊണ്ട് തെരഞ്ഞെടുപ്പിനെ നേരിടേണ്ട ഘട്ടത്തിൽ ഒരു ഗവൺമെന്റെന്ന നിലയിൽ ഇടപെടുന്നതിന്റെ ഭാഗമായിട്ടാണ് അന്ന് ഓർഡിനൻസ് ഇറക്കി പിന്നീട് അത് ബില്ലാക്കി മാറ്റാൻ ആവശ്യമായിട്ടുള്ള പരിശ്രമം ഇവിടെ നടത്തിയതെന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയാണ്. സാധാരണക്കാരൻ നേരിടുന്ന നിരവധി പ്രശ്നങ്ങളിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭേദഗതികൾ അതിന്റെ ഭാഗമായിട്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നുള്ള കാര്യംകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എന്നൊക്കെയാണോ ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ളത് അന്നെല്ലാം ത്രിതലപഞ്ചായത്ത് സംവിധാനത്തെ കാര്യക്ഷമമാക്കാനുള്ള ഏറ്റവും ഉജ്ജ്വലമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. നേരത്തെ ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിച്ചതുപോലെ കേരളത്തിലെ പഞ്ചായത്തുകളെ തകർക്കുന്ന നിലപാടായിരുന്നു ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ 2020-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭകളും ഭരിക്കുന്ന പ്രസ്ഥാനമായി കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം മാറില്ലായിരുന്നു എന്നുള്ള കാര്യംകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ കേരളം നവകേരള നിർമ്മാണത്തിന്റെ പാതയിലാണ്. ആ നവകേരളത്തിന്റെ ആണിക്കല്ലാണ് ത്രിതലപഞ്ചായത്ത് സംവിധാനമെന്നുള്ള കാര്യത്തിൽ ഒരുസംശയവും ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ല. അതുകൊണ്ടാണ് കൂടുതൽ കരുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഞങ്ങൾ നീക്കിവയ്ക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷംക്കൊണ്ട് 30,610 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവച്ചതെങ്കിൽ എൽ.ഡി.എഫ്. സർക്കാർ നീക്കിവച്ചത് 52,903 കോടി രൂപയാണ്. വികസനഫണ്ട് 25.92 ശതമാനമായി ഉയർത്തി. 2020-21 ബഡ്ജറ്റിൽ 27,413 കോടി രൂപയുടെ പദ്ധതികളാണ് പഞ്ചായത്തുകൾക്കുവേണ്ടി സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. നവകേരളം സൃഷ്ടിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ്

തുടങ്ങിവച്ചിട്ടുള്ള പദ്ധതികളത്രയും പൂർത്തീകരിക്കാൻ ലൈഫും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ഹരിതകേരളവും ആർദ്രംമിഷനുമെല്ലാം ഏറ്റവും ശക്തിയുക്തം മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് ഈ ഇടതുപക്ഷ സർക്കാരും ശ്രമിക്കുന്നതെന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയാണ്. കോവിഡ്-19-നെ ചെറുക്കാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാവശ്യമായിട്ടുള്ള ശ്രമകരമായ പ്രവർത്തനമാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടത്തിയത്. അതിന്റെ തുടർക്കഥയെന്ന നിലയിലാണ് ഇപ്പോഴും കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതെന്നുള്ളത് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. 2016-ൽ ഹരിത കേരളമിഷൻ കേരളത്തിൽ അവതരിപ്പിക്കപ്പെട്ടു. എല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കാനാണ് ഈ ഗവൺമെന്റ് തയ്യാറായത്. കേരളത്തെ മാലിന്യവിമുക്തമാക്കുകയെന്നുള്ള വലിയ കാഴ്ചപ്പാടാണ് ഗവൺമെന്റ് അവതരിപ്പിച്ചത്. 1141 ശേഖരണ കേന്ദ്രങ്ങൾ, വീടുകളിൽപ്പോയി വേസ്റ്റ് കളക്ട് ചെയ്ത് കേരളത്തെ മാലിന്യമുക്തമാക്കാൻ ശ്രമിക്കുന്ന പ്രിയപ്പെട്ട ഹരിത കർമ്മ സേനാംഗങ്ങൾ, അവർക്കുവേണ്ടി നിരവധി പദ്ധതികൾ, ഇവയെല്ലാം ഈ ഗവൺമെന്റ് ത്രിതലപഞ്ചായത്ത് സംവിധാനത്തെ കാര്യക്ഷമപ്പെടുത്തിക്കൊണ്ട് ഇവിടെ നടത്തുകയാണ്. റീസൈക്കിൾകേരള പോലെയുള്ള വ്യത്യസ്തങ്ങളായ പദ്ധതികൾ നമ്മുടെ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം ചുക്കാൻ പിടിച്ചു കൊണ്ടിരിക്കുന്നത് കുടുംബശ്രീയാണ്. കുടുംബശ്രീ രൂപീകരിച്ചത് 1998-ൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി നായനാർ ഭരിക്കുന്ന സമയത്താണ്. 50 ലക്ഷത്തിലധികം അംഗങ്ങളുള്ള കുടുംബശ്രീയെ തകർക്കാനാണ് ഇന്ന് യു.ഡി.എഫ്. ശ്രമിക്കുന്നത്. ഇന്ന് കുടുംബശ്രീ പടർന്നു പന്തലിച്ച് ലോകത്തിന് മാതൃകയാകുന്ന നിലയിലേയ്ക്ക് വളർന്നിരിക്കുകയാണ്. കേരളത്തെ വിശപ്പുരഹിത കേരളമാക്കി മാറ്റുന്നതിനുവേണ്ടി 20 രൂപയ്ക്ക് ഉച്ചയൂണ് ലഭിക്കുന്ന 1,000 ഹോട്ടലുകൾ ആരംഭിക്കുമെന്നുള്ളത് 2020-ലെ ബഡ്ജറ്റ് പ്രഖ്യാപനം ആയിരുന്നു. ഇന്ന് 1,000 കടന്ന് 1,050-ഉം കടന്ന് കുതിക്കുകയാണ് സർക്കാരിന്റെ ആ പ്രഖ്യാപനം. എന്നാൽ കുടുംബശ്രീ ഹോട്ടലിനെ തകർക്കാൻ ചില മാധ്യമങ്ങൾ ശ്രമിക്കുമ്പോൾ അതിനു ചൂട്ടുപിടിക്കുന്ന പണിയാണ് യു.ഡി.എഫ്. ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ദൃശ്യമാധ്യമങ്ങളോടും ഇതിന് ചൂട്ട് പിടിക്കുന്ന യു.ഡി.എഫ്.-കാരോടും സൂചിപ്പിക്കാനുള്ളത് കുടുംബശ്രീയുടെ ജനകീയ ഹോട്ടൽ കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്ത് പൂർവ്വാധികം ശക്തിയോടുകൂടി മുന്നോട്ടുപോകുമെന്നാണ്. കഴിഞ്ഞദിവസം നിങ്ങൾ കണ്ടില്ലേ; കൊച്ചി

കോർപ്പറേഷന്റെ നേതൃത്വത്തിൽ 10 രൂപയ്ക്ക് ഊണ് കൊടുക്കുന്ന പദ്ധതി ഇടതുപക്ഷം ഭരിക്കുന്ന കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കി മാതൃക സൃഷ്ടിക്കുകയാണ്. വിശപ്പുരഹിത കേരളം എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിച്ചിരിക്കുന്ന കാലഘട്ടമാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സാമ്പാറിനകത്ത് പരിപ്പില്ല, തക്കാളിയില്ല നേരത്തെ നിങ്ങൾ കേട്ടില്ലേ; ദൃശ്യമാധ്യമങ്ങൾ ഏറ്റുപാടുന്നത് എന്താണ്? പണ്ട് സൗജന്യമായി ഭക്ഷ്യകിറ്റുകൾ കൊടുത്തപ്പോൾ പഞ്ചസാരയുടെ അളവിൽ 50 ഗ്രാം കുറഞ്ഞുപോയി എന്ന് വിലപിച്ചിരുന്ന യു.ഡി.എഫ്.-ന്റെ അതേ മുദ്രാവാക്യം ഇത്തരം ജനകീയ പ്രസ്ഥാനങ്ങളെ തകർക്കാൻ ദൃശ്യമാധ്യമങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്നു കൂടി ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

നമ്മുടെ രാജ്യം ദാരിദ്ര്യരേഖയിൽനിന്ന് വളരെ പിറകോട്ടുപോകുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, 1993-ൽ നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള ആളുകളുടെ എണ്ണം ഗ്രാമപ്രദേശങ്ങളിൽ 26 ശതമാനവും നഗരപ്രദേശങ്ങളിൽ 25 ശതമാനവുമായിരുന്നു. എന്നാൽ 2010-11-ൽ അത് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ 7 ആയും നഗരപ്രദേശങ്ങളിൽ അത് 5 ആയും കുറയ്ക്കാൻ കഴിഞ്ഞ ഇടപെടലിന് സഹായകരമായത് കുടുംബശ്രീയുടെ വളർച്ചയാണെന്നുള്ള കാര്യം മറന്നുപോകാൻ കഴിയില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയാണ് അന്നത്തെ നായനാർ സർക്കാർ കുടുംബശ്രീക്ക് രൂപം നൽകിയതെങ്കിൽ ആ കുടുംബശ്രീയെ തകർക്കാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങളെല്ലാം കേരളത്തെ വീണ്ടും ദാരിദ്ര്യത്തിലേയ്ക്ക് പറഞ്ഞയയ്ക്കാനുള്ള ശ്രമങ്ങളാണെന്നുള്ളത് യു.ഡി.എഫ്.-നെ ഒരിക്കൽക്കൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിൽ ഗ്രാമപഞ്ചായത്തിന്റെ സേവനങ്ങളെല്ലാം വിപുലമായ, സുഗമമായ രൂപത്തിലേയ്ക്ക് വളർത്തിക്കൊണ്ടുവരാൻ നടത്തുന്ന ശ്രമമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽനിന്ന് വിഭിന്നമായി 15 ലക്ഷം വരുന്ന ആളുകൾക്ക് ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് ഇറങ്ങിപ്പോകുന്ന സമയത്ത് 80.6 കോടി രൂപ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ പെൻഷൻ കൊടുക്കാതെ പിടിച്ചുവച്ചിരിക്കുകയായിരുന്നു. 18 മാസത്തെ കുടിശ്ശികയാണുണ്ടായിരുന്നത്. ഇന്ന് ആ ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശിക തീർത്ത് 1600 രൂപയാക്കി വർദ്ധിപ്പിച്ച് ജനങ്ങളുടെ കൈകളിലേയ്ക്ക് കൊടുക്കുന്ന ഗവൺമെന്റായി ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റ് മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഓൺലൈൻ സംവിധാനങ്ങളിലൂടെ അത്യാധുനിക സൗകര്യങ്ങളോടുകൂടി ത്രിതലപഞ്ചായത്തിന്റെ സേവനങ്ങൾ വളരെ എളുപ്പത്തിൽ ജനങ്ങളുടെ കൈകളിലേയ്ക്ക് എത്തിക്കാനാവശ്യമായിട്ടുള്ള ശ്രമകരമായ ഇടപെടൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. അതിനൊക്കെ കൂടുതൽ കരുത്തുകൊടുക്കാൻ കഴിയുന്ന നിലയിലാണ് ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്ന രൂപത്തിൽ ത്രിതലപഞ്ചായത്ത് സംവിധാനത്തിന്റെ കാര്യക്ഷമതയെ കൂടുതൽ ഉയർത്തിപ്പിടിക്കാൻ കഴിയുന്ന നിലയിലേയ്ക്കുള്ള നിരവധി പ്രഖ്യാപനങ്ങളാണ് നമുക്ക് നടത്താൻ കഴിയുന്നത്. തപാൽ വോട്ടിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇവിടെ ഇരിക്കൂർ അംഗം സൂചിപ്പിക്കുകയുണ്ടായി.

ലൈഫ് പദ്ധതിയെക്കുറിച്ച് അദ്ദേഹം ആകുലപ്പെടുന്നത് കേട്ടു. ലൈഫ് എന്ന മഹനീയ പദ്ധതിക്ക് പാരവച്ചവരാണ് യു.ഡി.എഫ് എന്നകാര്യം പ്രിയപ്പെട്ട അംഗം ഓർക്കണമെന്നുകൂടി ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. മറ്റ് ദീർഘമായ വിശദീകരണങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ കരുത്ത് നൽകുന്ന നിരവധി ഭേദഗതികളാണ് ഈ ബില്ലിൽ വരുത്തിയിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

ശ്രീമതി ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതനുസരിച്ചുപ്രകാരം<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന അവസരത്തിൽ മുൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ഇപ്പോഴുള്ള തദ്ദേശഭരണവകുപ്പുമന്ത്രിയും പുതിയ നിയമം പ്രാദേശികവികസനത്തിൽ ഉണ്ടാക്കുന്ന സമൂലമായ മാറ്റം സംബന്ധിച്ച് പ്രതിപാദിച്ചുകഴിഞ്ഞതാണ്. നഗരാസൂത്രണം സംബന്ധിച്ച് സമഗ്രവും കാലോചിതവുമായ ചട്ടങ്ങളില്ലാത്തതിനാൽ വാർഷിക പദ്ധതികൾപോലും സ്ഥലലഭ്യതയ്ക്കനുസരിച്ച് തയ്യാറാക്കാൻ കഴിഞ്ഞിരുന്നില്ല. അത് പരിഹരിക്കാൻ പുതിയ ഭേദഗതിവഴി കഴിയുന്നതാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകരണം പ്രാദേശികാസൂത്രണത്തിലും വികസന പ്രക്രിയയിലും വലിയമാറ്റങ്ങൾക്ക് നാന്ദി കുറിക്കുകയാണ്. അതിനുതകുന്ന തരത്തിൽ നഗര-ഗ്രാമാസൂത്രണം ചിട്ടപ്പെടുത്താൻ ഈ നിയമംവഴി കഴിയുന്നതാണ്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ടൗൺ പ്ലാനിംഗ് ആക്ട് 1108 ME, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് 1920, ട്രാവൻകൂർ ടൗൺ ആൻഡ് കൺട്രി പ്ലാൻ ആക്ട് എന്നിവയ്ക്ക് ഏകീകൃതമായ ആക്ട് കൊണ്ടുവരുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട്, 2016 സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിക്കൊണ്ട് 17-3-2016-ന് നിലവിൽ വന്നു. തുടർന്ന് 24-2-2021-ന് പ്രസ്തുത ആക്ട് ഭേദഗതി ചെയ്ത് കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ്, 2021 നിലവിൽവരികയുണ്ടായി. മുൻപ് നിലനിന്നിരുന്ന ആക്ടുകളിൽ നഗരാസൂത്രണ-തദ്ദേശാസൂത്രണ പ്രദേശങ്ങൾക്കുവേണ്ടിയുള്ള പ്ലാനുകളുമായി മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും മാത്രമേ പ്ലാനുകൾ എന്ന നിലയ്ക്ക് ഉൾപ്പെടുത്തിയിരുന്നുള്ളൂ. എന്നാൽ പുതിയ ആക്ടിൽ സംസ്ഥാനതലം, ജില്ലാതലം, തദ്ദേശ ആസൂത്രണ പ്രദേശം എന്നിങ്ങനെ വിവിധതലങ്ങളിലെ പ്ലാനുകളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പുതിയ ആക്ടിൽ സംസ്ഥാനത്തിനുവേണ്ടിയുള്ള Spatial Perceptive Plan, ജില്ലയ്ക്കുവേണ്ടിയുള്ള Spatial Perceptive Plan, മെട്രോപൊളിറ്റൻ പ്രദേശത്തിനുവേണ്ടിയുള്ള Spatial Perceptive Plan, തദ്ദേശ ആസൂത്രണ പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ, വികസന അതോറിറ്റികൾ തുടങ്ങിയവയെക്കൂടി പ്രതിബാധിച്ചിട്ടുണ്ട്.

2018-ലെ മഹാപ്രളയത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും ആഘാതം അതിജീവിക്കുന്നതിനും അതിജീവന ക്ഷമതയേറിയ പശ്ചാത്തല സൗകര്യങ്ങളും നഗരവത്കരണവും സാദ്ധ്യമാകുന്നതിനുവേണ്ടി ദുരന്താഘാത സാദ്ധ്യതാപഠനം സംബന്ധിച്ച വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (8-ാം ആക്ട്) ഭേദഗതി ചെയ്യേണ്ട ആവശ്യം വന്നു. നവകേരള സൃഷ്ടിക്കായുള്ള സംരംഭത്തിന്റെ ഭാഗമായി ലോകബാങ്ക് പ്രതിനിധികൾ നഗര-ഗ്രാമാസൂത്രണ വകുപ്പുമായി ചേർന്ന് Risk Informed Development, ഫലപ്രദമായ ടൗൺ പ്ലാനിംഗ് തുടങ്ങിയ ആശയങ്ങൾ സംബന്ധിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ വർക്ക്ഷോപ്പുകൾ നടത്തുകയും കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട്, 2016 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. ദീർഘകാലം കൊച്ചി കോർപ്പറേഷന്റെ ഡെപ്യൂട്ടി മേയറും കൗൺസിലറുമായിട്ടുള്ള ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദ് ഈ 2016-ലെ ആക്ട് എല്ലാം ഉൾക്കൊള്ളുന്നതാണ് പിന്നെ എന്തിനാണ് അത് മാറ്റുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. കാലോചിതമായ മാറ്റം അനിവാര്യമാണ്. ആ കാര്യത്തിൽ ഒരു സംശയവുമില്ല; അതല്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല.

നമുക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇതിൽ വന്നിട്ടുള്ള ഏറ്റവും വലിയ പ്രശ്നം പഴയ ഡി.റ്റി.പി.യാണ്. ഡി.റ്റി.പി സ്കീമുകളിൽ കോഴിക്കോട് കോർപ്പറേഷനായിരുന്നു ആദ്യത്തെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. 2018-ൽ അത് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഡി.റ്റി.പി സ്കീമിൽ ഉൾപ്പെടുന്ന പലതും മാറ്റം വരുത്താൻ നമുക്ക് അധികാരമുണ്ടായിരുന്നില്ല. ഈ ആക്ട് പ്രകാരം നമുക്കതിനുള്ള അധികാരം ലഭിക്കുകയാണ്. ഇതൊക്കെ അപ്രായോഗികമായിട്ട് വളരെ വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയിട്ടുള്ളതാണ്. ഇന്ന് അതൊന്നും അനുയോജ്യമല്ല. പ്രളയം വരുമെന്ന് നമ്മളാരും പ്രതീക്ഷിച്ചിട്ടില്ല. രണ്ട് പ്രളയവും തീർത്തും അവിചാരിതമായിട്ടുണ്ടായതാണ്. പലസ്ഥലങ്ങളിലും ഇപ്പോഴും മഴ തുടർന്നുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. മലബാറിൽ വെള്ളപ്പൊക്കം ഉണ്ടായിരിക്കുകയാണ്. അതിനനുസരിച്ച് എന്തൊക്കെ വേണം എങ്ങനെ വേണം എന്ന് തീരുമാനിക്കണ്ടേ; അല്ലാതെ നമുക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? നവകേരള സൃഷ്ടിക്കായുള്ള റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് സംരംഭത്തിന്റെ ഭാഗമായി പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കി അവയെ ഫലപ്രദമായി നേരിടാനുതകുന്ന തരത്തിൽ സംസ്ഥാനത്തെ നഗര പ്രദേശങ്ങളുടെ ആസൂത്രണം മെച്ചപ്പെടുത്താൻവേണ്ടി 2016-ലെ കേരള നഗരാസൂത്രണ ആക്ടിൽ ഭേദഗതികൾ വരുത്തുന്നതിനും മറ്റുമായി വികസന കൗൺസിൽ, സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിവയ്ക്ക് നിർവ്വചനങ്ങൾ കൊണ്ടുവരികയും ചില നിർവ്വചനങ്ങൾ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിന്റെ 36-ാം വകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുന്നതു മുതൽ സർക്കാരിലേയ്ക്ക് അനുമതിക്കായി സമർപ്പിക്കുന്നതുവരെയുള്ള നടപടികൾ പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായിട്ടാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിരിക്കുന്ന വികസന നിർദ്ദേശങ്ങൾക്ക് കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് മനസ്സിലാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന തീരുമാനംപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കാതെയിരുന്ന അവസരങ്ങളുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് തീരുമാനിച്ചാൽത്തന്നെ തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്താതിരുന്നതുമൂലം പ്ലാനുകൾക്ക് അംഗീകാരം ലഭിക്കാതെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര വികസനമെന്ന കാഴ്ചപ്പാട് നടപ്പിലാക്കാതെ വരികയും ചെയ്യുന്നു. ഇത്തരത്തിൽ സർക്കാരിൽ ഫലപ്രദമായി ഇടപെടാനുള്ള അവസരം ആക്ടിൽ വിഭാവന ചെയ്തിരുന്നില്ല. പകരം പ്രസ്തുത നടപടികൾ ചെയ്യാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടാൻ മാത്രമേ ആക്ടിലെ 38-ാം വകുപ്പ് പ്രകാരം സർക്കാരിന് സാധ്യമാകുകയുള്ളൂ. ആയതിനാൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ ഉത്തരവ് വഴി ജില്ലാ ആസൂത്രണ കമ്മിറ്റിയോട് ആവശ്യപ്പെടുന്നതിനുള്ള വ്യവസ്ഥകൾ പുതിയതായി കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിർണ്ണയിക്കപ്പെട്ട സമയത്തിനകം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ സർക്കാരിന് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തുന്ന വ്യവസ്ഥകൾ ക്യാബിനറ്റ് തീരുമാനപ്രകാരം പുതിയതായി കൊണ്ടുവന്നിട്ടുണ്ട്. പുതിയ നിയമ ഭേദഗതി പ്രകാരം പ്രാദേശിക ഭരണ സമിതികൾ നിയമത്തിലെ സുപ്രധാന ഭാഗം നഗര-ഗ്രാമാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾക്ക് അധികാരവും ചുമതലയും നൽകുന്നുവെന്നതാണ്. അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഈ ഭേദഗതിയിലൂടെ സാധിക്കുന്നതാണ്.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ രാജീവ് ഗാന്ധി കൊണ്ടുവന്നതാണെന്ന് അപ്പുറത്തുനിന്ന് സംസാരിച്ചവർ പറഞ്ഞു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഭേദഗതിയിലൂടെ അധികാരം നൽകിയത്. 1996-ലാണ് ജനകീയാസൂത്രണം നടപ്പിലാക്കിയത്. 1995 സെപ്റ്റംബറിലാണ് പുതിയ ഭരണസമിതികൾ എല്ലാ അധികാരങ്ങളോടുംകൂടി വന്നത്. പിന്നീട് വന്നിട്ടുള്ള ഗവൺമെന്റുകൾ നിരവധി അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. അധികാരം മാത്രമല്ല, പണവും നൽകിയെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. അന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 35, 43 ശതമാനം തുക കൃത്യമായി നൽകിയിരുന്നുവെന്ന കാര്യം മറക്കരുത്. പലപ്പോഴും യു.ഡി.എഫ്. ഗവൺമെന്റ് കൃത്യമായി തുക കൈമാറിയിരുന്നില്ല. ഞാൻ ഈ കാലഘട്ടം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇരുന്നിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി തുക നൽകാത്തതുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ലിന്റോ ജോസഫും ഇക്കാര്യം സൂചിപ്പിച്ചു. കേരളത്തിന്റെ വികസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. അതിന് കാരണമായത് ഭരണഘടനാ ഭേദഗതി മാത്രമല്ല അതിനോടനുബന്ധിച്ച് പണവും നൽകിയതിന്റെ ഭാഗമായിട്ടാണ്. കൃത്യമായി തുക വിതരണം ചെയ്തിട്ടുണ്ട്. സാമ്പത്തികമായി വിഷമം അനുഭവിക്കുന്ന ഈ ഘട്ടത്തിലും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പദ്ധതി വിഹിതമായ 1100 കോടി രൂപ കൈമാറുകയുണ്ടായി. കോവിഡ് വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്

ഒരുവിധം ചുമതലകൾ മുഴുവൻ വഹിച്ചത്. അതിന് കാരണം, വ്യവസ്ഥകൾ മുഴുവൻ ഒഴിവാക്കിക്കൊണ്ട് നമുക്ക് ചെലവഴിക്കാവുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു. അതുകൊണ്ട് ഒരു പ്രയാസവുമില്ലാതെ നമുക്കത് കൃത്യമായി നിർവ്വഹിക്കാൻ സാധിച്ചുവെന്നത് വസ്തുതയാണ്. അതിലൂടെ എല്ലാവരുടെയും അംഗീകാരം പിടിച്ചുപറ്റാൻ സാധിച്ചു. ഇടതുപക്ഷ സർക്കാരുകളുടെ ബദൽ നയത്തിന്റെ ഭാഗമായിട്ടാണ് ലോകത്തിനുതന്നെ മാതൃകയായ കേരളത്തിലെ അധികാര വികേന്ദ്രീകരണവും പ്രാദേശികാസൂത്രണവും മാറിയത്. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്താനും പ്രാദേശികാസൂത്രണത്തിന് ശാസ്ത്രീയവും പ്രായോഗികവുമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്ന നിയമനിർമ്മാണങ്ങൾ നടത്തുവാനും ഇടതുപക്ഷ സർക്കാരുകൾ നടത്തിയ ഇടപെടലുകൾ മാതൃകാപരമാണ്. അതുകൊണ്ടുതന്നെയാണ് ദുരന്തങ്ങളെയും മഹാമാരികളെയുമെല്ലാം ജനകീയ ഇടപെടലുകളിലൂടെ നമുക്ക് ചെറുക്കാൻ സാധിച്ചത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാനുകൾ ലഭിക്കുന്നതിൽ വലിയ അഴിമതി നടന്നിട്ടുണ്ട്. മേയറെയോ പഞ്ചായത്ത് പ്രസിഡന്റിനെയോ എം.എൽ.എ.-യോ സമീപിച്ചാൽ മതി പെട്ടെന്ന് അംഗീകാരം കിട്ടുമെന്ന് പറഞ്ഞ് Licensed Building Surveyor-ഉം Architects-ഉം ഒരിക്കലും അനുമതി കിട്ടാത്ത പ്ലാനുകൾ വരച്ച് കൊടുക്കുകയാണ്. ഇപ്പോൾ അതിന് പുതിയ സംവിധാനമുണ്ടാക്കി. കോഴിക്കോട് കോർപ്പറേഷനിൽ ഇന്റലിജൻസ് സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ട് അത് നടപ്പിലാക്കി. പ്ലാനിന് ആർക്കും അനുമതി കൊടുക്കാൻ കഴിയില്ല. പ്ലാനിൽ എന്തെങ്കിലും വ്യതിചലനമുണ്ടെങ്കിൽ സ്വാഭാവികമായും അത് റിജക്ട് ചെയ്യും. ഇപ്പോൾ കേരളത്തിലുടനീളം ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ നടപ്പിലാക്കി. അഞ്ച് ദിവസം കഴിഞ്ഞാൽ അപകട സാധ്യതകളൊന്നുമില്ലെങ്കിൽ തുടങ്ങാൻ കഴിയും. ഏറ്റവുമധികം പൊതുജനങ്ങൾ സമീപിക്കുന്ന ഒന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. എല്ലാം ഓൺലൈനിലാക്കാൻ കഴിയണം. എല്ലാവർക്കും പരിശോധിക്കാൻ കഴിയണം. തന്റെ ഫയൽ എവിടെയുണ്ടെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കണം.

മാലിന്യ സംസ്കരണത്തിൽ കോഴിക്കോട് കോർപ്പറേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന waste-to-energy project ഏകദേശം ഒരു വർഷത്തിനകം പ്രാവർത്തികമാകും. അതിന്റെ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അത് നടപ്പിലായാൽ കേരളത്തിന്റെ മാതൃകാപരമായ പ്രോജക്ടായി മാറും. ഒരു ദിവസം 300 ടൺ മാലിന്യം സംസ്കരിക്കുന്ന അവസ്ഥയുണ്ട്. അത് 500 ടൺ വരെയാക്കാൻ സാധ്യതയുള്ള പ്ലാന്റാണ് അവിടെ

സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. സോളിഡ് വേയ്സ്റ്റ് കാണാൻ സാധിക്കും എന്നാൽ ലിക്വിഡ് വേയ്സ്റ്റ് കാണാൻ സാധിക്കുകയില്ല. മലിന ജലവും കക്കൂസ് മാലിന്യവും സംസ്ഥാനത്തുടനീളം വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിന് സ്വീവറേജ് സംവിധാനം നടപ്പിലാക്കണമെന്ന നിർദ്ദേശമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ വയ്ക്കാനുള്ളത്. വളർന്നുവരുന്ന നഗരങ്ങളിൽ ഇപ്പോഴെങ്കിലും ഇതിന് തുടക്കം കുറിച്ചില്ലെങ്കിൽ വലിയ പ്രയാസമായിത്തീരും. കോഴിക്കോട് കോർപ്പറേഷനിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ടി എ.ഡി.ബി. 93 കോടി രൂപ നൽകിയിട്ട് ഇന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഒരു വ്യക്തി കേസ് കൊടുത്ത് ഗ്രീൻ ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്. അക്കാര്യം കൂടി പരിഗണിച്ച് അതിനാവശ്യമായ സഹായം കോർപ്പറേഷന് നൽകണമെന്നാണ് ഈ അവസരത്തിൽ എനിക്കഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ നഗരങ്ങളെ മാലിന്യമുക്ത നഗരങ്ങളാക്കി മാറ്റാൻ ഗവൺമെന്റ് അങ്ങേയറ്റം പരിശ്രമിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ നല്ല അന്തരീക്ഷം സൃഷ്ടിച്ച് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു ബിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയണമെങ്കിൽ അതിലുള്ള അപാകതകൾ പരിഹരിക്കുന്നതിൽ വിജയം കണ്ടെത്താൻ സാധിച്ചില്ല എന്നുള്ളതുകൊണ്ടാണ്. യഥാർത്ഥത്തിൽ അതേ സബ്ജക്ട് കമ്മിറ്റിക്ക് തന്നെ പോകണം. ഞങ്ങൾ അധികാരം കവരുകയല്ല, സബ്ജക്ട് കമ്മിറ്റി ആ അധികാരം വിനിയോഗിക്കണം. അത് വിനിയോഗിക്കണമെങ്കിൽ അതേ സബ്ജക്ട് കമ്മിറ്റി തന്നെ ഇത് പരിശോധിക്കണമെന്നതാണ് എന്റെ അഭിപ്രായം. 2016 ജൂൺ 24-ന് അന്നത്തെ ഗവർണറായ ശ്രീ. പി. സദാശിവത്തിന്റെ ഡിക്ലറേഷനിൽ ഇതുപോലൊരു നിയമത്തെക്കുറിച്ച് പറഞ്ഞിരുന്നു. എന്നാൽ നിലവിലെ ഭേദഗതി ബില്ലിൽ decentralisation spirit-ന് വിരുദ്ധമായ വ്യവസ്ഥകളാണ് ഇപ്പോൾ നിലനിൽക്കുന്നത്. നഗര-ഗ്രാമാസൂത്രണ ഭേദഗതി ബിൽ ആദ്യം ശ്രീ. മഞ്ഞളാംകുഴി അലിയാണ് ഈ സഭയിൽ കൊണ്ടുവന്നത്. ചർച്ചയിൽ എങ്ങനെയോ അത് വന്നപ്പോൾ എല്ലാവരും വിട്ടുകളഞ്ഞു. ശ്രീ. മഞ്ഞളാംകുഴി അലിയോടുള്ള വിരോധമാണോ യു.ഡി.എഫ്-നോടുള്ള ഇഷ്ടമില്ലായ്മയാണോ

രണ്ടുംകൂടി ഒരുമിച്ചാണോ എന്തായാലും ശരി അദ്ദേഹം ചെയ്ത സേവനം അന്ന് ഇന്ത്യയൊട്ടാകെ ചർച്ച ചെയ്യപ്പെട്ടതാണ്. പക്ഷെ അത് നമ്മുടെ ചർച്ചയിൽപ്പോലും വന്നില്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഭരണഘടന ആർട്ടിക്കിൾ 243 - ZD (1) (3) ഈ വകുപ്പുകൾക്ക് ഇത് വിരുദ്ധമാണ്. അതാണ് പ്രധാനപ്പെട്ട കാര്യം. നമുക്കൊരു സിസ്റ്റമുണ്ട്. ആ സിസ്റ്റമനുസരിച്ച് decentralisation എന്ന പേര് പറഞ്ഞ് പ്രാദേശികമായി ഇതിനെയെല്ലാം delimit ചെയ്യാൻ പോകുന്നത് ഗുണം ചെയ്യുമോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഞാൻ ഒരുദാഹരണം ചോദിക്കാം. അങ്ങേയ്ക്കും എനിക്കും കുട്ടനാട്ടിലെ കാര്യം നന്നായിട്ടറിയാം. കുട്ടനാട്ടിൽ പ്രളയം വന്നിട്ടെന്തായി? അവിടത്തെ പാവപ്പെട്ടയാളുകൾ രക്ഷപ്പെടുന്നതിനായി പൊക്കിക്കെട്ടിയ പാലത്തിന്റെ മുകളിൽ കയറിയിരിക്കേണ്ടി വന്നു. എത്ര ദിവസം അങ്ങനെ ഇരിക്കേണ്ടി വന്നു എന്നുള്ളത് അങ്ങയുടെ നിയോജകമണ്ഡലത്തിനോട് തൊട്ടുചേർന്നുള്ള പ്രദേശമായതിനാൽ എന്നേക്കാൾ കൂടുതൽ അങ്ങേയ്ക്കറിയാം. ജനങ്ങൾക്ക് പോകാൻ നിവൃത്തിയില്ല. അപ്പോൾ വ്യത്യസ്തമായ ഒരു പ്ലാനല്ലേ നമുക്ക് വേണ്ടത്. ഒരു ജില്ല മാത്രമല്ല, ആ ജില്ലയ്ക്കകത്ത് നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒട്ടനവധി പ്രദേശങ്ങളുണ്ട്. ഡീ-സെൻട്രലൈസേഷന്റെ പേരു പറഞ്ഞ് ഇത് ഫ്രാഗ്മെന്റ് ചെയ്യുന്നതിനു വേണ്ടിയുള്ള നടപടിയാണെടുക്കുന്നത്. വില്ലേജിനും വാർഡിനുംവേണ്ടി പ്ലാൻ കൊണ്ടുവരുമ്പോൾ, രാജ്യം, സംസ്ഥാനം, താല്പര്യസംരക്ഷണം, ജനങ്ങൾ ഇതെല്ലാംകൂടി ചേർന്നു പോകണമെങ്കിൽ നമുക്ക് ആ നിലയിലുള്ള ഒരു കാഴ്ചപ്പാടല്ലേ വേണ്ടത്. അതിനെ ഫ്രാഗ്മെന്റ് ചെയ്തുപോകുന്ന രൂപത്തിലേയ്ക്ക് പോയാൽ സ്വാഭാവികമായും നമ്മുടെ കാഴ്ചപ്പാട് വികലമായിപ്പോകുമെന്നുള്ളതാണ് എന്റെ അഭിപ്രായം. There shall be constituted in every State at the district level a District Planning Committee to consolidate the plans prepared by the Panchayats and the Municipalities in the district and to prepare a draft development plan for the district as a whole. ഇതു നമ്മുടെ ഭരണഘടനയിൽ പറയുന്നതാണ്. ഭരണഘടനയിൽ പറയുന്നത് മിനിമം ഒരു ജില്ലയെങ്കിലും ഒരു യൂണിറ്റാക്കിയെടുക്കണമെന്നാണ്. ഇവിടെപ്പറയുന്നതനുസരിച്ചാണെങ്കിൽ ജില്ലാ പഞ്ചായത്തിൽ ഒരു പദ്ധതിയിടാൻ കഴിയില്ല; ജില്ലാ പഞ്ചായത്ത് എന്നു പറയുന്നത് ജില്ലാ അഡ്മിനിസ്ട്രേഷനാണ്. ഇവിടെ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചതിനെ ഞാൻ ക്വാട്ട് ചെയ്യുകയാണ്; ജില്ലാ പഞ്ചായത്ത് ജില്ലാ ഗവൺമെന്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയാണെങ്കിൽ ആ രൂപത്തിലുള്ള ആസൂത്രണം നമുക്കുവേണ്ടേ? എക്സിക്യൂഷനും ആസൂത്രണവും രണ്ടും രണ്ടാണ്. എക്സിക്യൂട്ട് ചെയ്യുന്നതിനുവേണ്ടി നടപടിയെടുത്താൽ അത് ചിലപ്പോൾ

തൊട്ട് ഇപ്പുറത്തോ അല്ലെങ്കിൽ വേറെ എവിടെയെങ്കിലുമായിരിക്കും. പ്ലാനെന്ന് പറയുന്നതെന്താണ്? ഒരു ജില്ലയെ ഒരുമിച്ച് ഒരു യൂണിറ്റാക്കിയെടുത്ത് സ്റ്റേറ്റിനെ ഒരുമിച്ച കാണണം. അല്ലെങ്കിൽ disparity ആയിരിക്കും ഉണ്ടാകുന്നത്. അത് സ്വാഭാവികമായും അവഗണനയിലേയ്ക്ക് വരും; അങ്ങനെ അവഗണനയിൽ വരാതിരിക്കത്തക്കവിധത്തിൽ ഭരണഘടനാപരമായ നമ്മുടെ അവകാശം വിനിയോഗിക്കാൻ കഴിയണം.

" Expert Committee on Leveraging Panchayats for Efficient Delivery of Public Goods and Services" എന്ന മണിശങ്കർ അയ്യർ എഴുതിയ റിപ്പോർട്ടിൽ പറയുന്നത് ആർട്ടിക്കിൾ 243 പ്രകാരമുള്ള District Planning Methodology താഴെപ്പറയും പ്രകാരം ആവിഷ്കരിക്കണമെന്നാണ്. അതൊരു മെത്തഡോളജിയാണ്. ആ രൂപത്തിൽ അവർ പറയുന്നത് നമ്മുടെ കാഴ്ചപ്പാട് ഈ നിലയിലേയ്ക്ക് വരണമെന്നാണ്. Development needs of a rural and urban areas should be dealt with in an integrated manner. ആ രൂപത്തിൽ ഒരു പുതിയ കാഴ്ചപ്പാടോടുകൂടി ഇതുവരെയുണ്ടായിരുന്ന പ്രശ്നങ്ങൾക്കകത്തുനിന്ന് പുറത്തേയ്ക്ക് പോകാൻ കഴിയത്തക്കവിധത്തിൽ ഇതു കൊണ്ടുപോകാൻ കഴിയണം. എന്റെ ഒരു സ്നേഹിതൻ ലോകത്താദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന് പറഞ്ഞു. അങ്ങനെ പറഞ്ഞാൽ ബാക്കിയുള്ളിടത്ത് അധികാരത്തിൽ വന്നത് ബാലറ്റ് പേപ്പറിലൂടെ അല്ല അട്ടിമറിച്ചാണെന്ന് സമ്മതിക്കുകയല്ലേ? പുതിയതായി വന്നയാളായതുകൊണ്ട് അദ്ദേഹത്തെ ഞാൻ വിമർശിക്കുന്നുവെന്ന് തെറ്റിദ്ധരിക്കരുത്. ഇനി ദയവായി അത് പറയരുത്. ഞങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ബഹുമാനിക്കുന്നവരും അതിനോട് മതിപ്പുള്ളവരുമാണ്. അത്തരം വാചകങ്ങൾ ഇനി ദയവായി ഉപയോഗിക്കരുതെന്നു ഞാൻ സ്നേഹപൂർവ്വം ഉപദേശിക്കുകയാണ്.

ജില്ലകൾക്ക് ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായി ദീർഘകാല പെർസ്പെക്ടീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും തയ്യാറാക്കി ആ രൂപത്തിൽ മുന്നോട്ടുപോകാൻ കഴിയണം. നിങ്ങൾ പറയുന്ന ഭേദഗതിയനുസരിച്ചാണെങ്കിൽ അതിലൊരു ഭാഗം മാത്രമേ ഉൾക്കൊള്ളുന്നുള്ളൂ. അതും ഫ്രാഗ്മെന്റഡായി പോവുകയാണ്. അങ്ങനെ വന്നാൽ അത് ചില്ലു കൊട്ടാരം പോലെയിരിക്കും. ഒരിക്കലും ഒരു രാജ്യത്തെയോ പ്രദേശത്തെയോ ഒരുമിച്ച് കണ്ടുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. പെർസ്പെക്ടീവ് പ്ലാൻ സ്ഥലപര സാധ്യതകൾ കൂടി പരിഗണിച്ച് തയ്യാറാക്കുന്നതാണെന്നിരിക്കെ, ഭേദഗതിയിലൂടെ സ്ഥലപരം എന്നതിലേയ്ക്ക് മാത്രം ചുരുങ്ങിയാൽ അതിനപ്പുറത്തുള്ളത് വികസന പദ്ധതിക്കകത്ത് ഉൾക്കൊള്ളാതെ

വരികയും നമ്മൾ മുടക്കുന്ന പണമൊക്കെ നിഷ്പ്രയോജനമാകുന്നതോടൊപ്പം ഒരുപറ്റമാളുകൾ ഒരു തലമുറ കഴിയുമ്പോൾ അവഗണിക്കപ്പെടുന്നവരായി മാറുകയും ചെയ്യും. അങ്ങനെ വിദൂര സാധ്യതാ ദുരന്തങ്ങളുണ്ടാകുന്ന പ്രശ്നത്തിലേയ്ക്ക് ഒരു നിയമം പോകരുതെന്നും ഈ സഭ അതിന് കൂട്ടു നിൽക്കരുതെന്നുമാണ് എന്റെ അഭിപ്രായം. ഇപ്രകാരം വ്യവസ്ഥ ചെയ്യുമ്പോൾ ജില്ലാതല പ്ലാൻ പലതരം സെക്ടറൽ പ്ലാനുകളിൽ ഒന്നു മാത്രമായി മാറുകയാണ്. സ്ഥലപരം എന്നു പറയുമ്പോൾ സെക്ടറൽ പ്ലാനിംഗായി. സെക്ടറൽ പ്ലാനിംഗ് എന്നത് നമ്മുടെ കാഴ്ചപ്പാടിനുതന്നെ വിരുദ്ധമാണ്. ആഗോള കാഴ്ചപ്പാടെന്ന് പറഞ്ഞുനടക്കുന്ന ആളുകൾ അവസാനം വന്നുനിൽക്കുന്നത് ചെറിയ ഗോളത്തിലാണ്. അത് വരരുത്; അത് വരാതിരിക്കത്തക്കവിധത്തിൽ ഒരു സെക്ടറൽ പ്ലാനായി പോകരുത്. രാജ്യത്തിന്റെ മൊത്തം വികസനത്തിനുവേണ്ടി മുന്നോട്ടുപോകാൻ കഴിയണം; അതിനു വിരുദ്ധമായ ഒരു നടപടിയിലേയ്ക്ക് പോകരുത്.

ഭരണഘടന കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാനിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അത് പ്രയോഗത്തിൽ എത്തിക്കുന്നതിനുവേണ്ടി Town & Country പ്ലാനിംഗ് നിയമത്തിൽ പ്രസ്തുത പ്ലാനിംഗിന് 'സ്ഥലപരിമിതം' എന്നു പറഞ്ഞ് പരിമിതപ്പെടുത്തുന്നത് ശരിയല്ല; അത് വളരെ ലിമിറ്റഡായിപ്പോകും. നമ്മുടെ മനസ്സിന്റെ കാഴ്ചപ്പാട് ലഘുവാണെന്ന് ജനങ്ങൾക്കുകൂടി അറിയാവുന്ന രൂപത്തിലേയ്ക്ക് താഴേയ്ക്കുപോകും എന്നുതന്നെയാണ് എന്റെ വിശ്വാസം. അതുകൊണ്ട് കേരള ഡെവലപ്മെന്റ് പ്രോഗ്രാം പട്ടികയിൽ, വാർഷിക ദീർഘകാല പദ്ധതികൾ തമ്മിൽ പരസ്പരപൂരകമായ ബന്ധമുണ്ടാകേണ്ട ആവശ്യകതയെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ രൂപത്തിൽ നമ്മുടെ കാഴ്ചപ്പാട് ഉയർന്നതലത്തിൽ നിൽക്കണം. മഹാപ്രളയത്തിന്റെയും പ്രകൃതി ക്ഷോഭത്തിന്റെയും ആഘാതം അതിജീവിക്കുന്നതിനുവേണ്ടി അടിയന്തര ആസൂത്രണ ഇടപെടലുകൾ ആവശ്യമായ പ്രദേശങ്ങളുടെ സ്ഥലപര ആസൂത്രണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് നിയമഭേദഗതി തയ്യാറാക്കിയിരിക്കുന്നതെന്ന് ഉദ്ദേശ്യകാര്യങ്ങളിൽ പറയുന്നു. എന്നാൽ ഇപ്രകാരം തയ്യാറാക്കിയിരിക്കുന്ന ഭേദഗതി ബില്ലിന്റെ വകുപ്പ് 34 പ്രകാരം എക്സിക്യൂഷൻ പ്ലാൻ പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയാണ് ഇതിൽ വച്ചിരിക്കുന്നത്. എക്സിക്യൂഷൻ പ്ലാൻ മുഴുവനായും റിജക്ടഡാവുകയാണ്. ഈ രൂപത്തിൽ അത് വരാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. എക്സിക്യൂഷൻ പ്ലാനുകൾ ഒഴിവാക്കുമ്പോൾ വികസന പ്രക്രിയയിൽ വലിയ രീതിയിലുള്ള പ്രതിസന്ധിയുണ്ടാകാൻ കാരണമാകും. ദീർഘകാല പെർസ്പെക്ടീവ് പ്ലാൻ റെഗുലേറ്ററി സ്വഭാവത്തോടുകൂടിയായതിനാൽ അവയുടെ മാനദണ്ഡങ്ങളിൽ നിന്നുള്ള ചെറിയ വ്യതിയാനങ്ങൾ പോലും വലിയ രീതിയിലുള്ള നിയമപ്രശ്നങ്ങളിലേയ്ക്ക് വഴിതെളിക്കും. അത് പ്രാദേശിക തലത്തിലുള്ള

വികസനത്തെ വളരെയധികം ദോഷകരമായി ബാധിക്കുമെന്ന തന്നെയാണ് എന്റെ അഭിപ്രായം. അഞ്ചുവർഷക്കാലയളവിലേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാനുകൾ പൂർണ്ണമായി ഒഴിവാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മുൻഗണനകൾക്കനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാരത്തിൽ വന്നതോടെ കുറേ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചു. ആ മാറ്റങ്ങൾക്ക് contributive ആകണം നമ്മുടെ നിയമനടപടികൾ. അതിനുപകരം ആ സ്ഥാപനങ്ങൾ കൊണ്ടുവന്ന മാറ്റങ്ങളെ fragment ചെയ്യുന്ന രൂപത്തിലേയ്ക്ക് ഇത് പോകരുത്. അതിന് ജില്ല ഒരു യൂണിറ്റാകണം. സ്വാഭാവികമായും റവന്യൂ ഡിവിഷനുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കണം. 2018-ലെ മഹാപ്രളയത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിരവധിപേർക്ക് കിട്ടേണ്ട തുക കിട്ടാതെയും നഷ്ടപ്പെട്ട വീടുകൾ ലഭിക്കാതെയുമുണ്ട്. അക്കാര്യം പരിശോധിച്ചാൽ മതി. ഇവിടെ എല്ലാം ശരിയായിയെന്ന് സ്വയം ആശ്വസിച്ച് തൃപ്തിയടയുകയാണ്. അതിനെക്കാളുമപ്പുറത്ത് പാവങ്ങളായവർക്ക് അതിന്റെ പ്രയോജനം ഇപ്പോഴും ലഭിച്ചിട്ടില്ലെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. പുതിയ പദ്ധതികൾ പലതും വരുന്നുവെന്ന് പറഞ്ഞു. ആ പുതിയ പദ്ധതിയിൽ റീ-ബിൽഡ് കേരള വന്നു. പക്ഷേ പദ്ധതിയുടെ പണിയൊക്കെ തൈഫൈവയാണ്. വേണ്ടവിധം അത് നടക്കുന്നില്ല. അതിൽ എല്ലാം ഡിലേയാണ്. 2018-ൽ വന്ന പ്രളയത്തിന് 2021 ആയിട്ടും റീ ബിൽഡില്ല. പദ്ധതികൾ ആ വിധത്തിലേയ്ക്ക് പോകാൻ ഇടയാകരുത്. നിലവിൽ അനുവദിച്ച റോഡുകൾതന്നെ റദ്ദാക്കുന്ന സാഹചര്യമുണ്ട്. അത് നടപ്പാകണമെങ്കിൽ അടുത്ത പ്രളയം വരണം. ആ നിലയിലേയ്ക്ക് പോകുന്നത് ശരിയാണോ? ഇതിൽ രാഷ്ട്രീയ തരംതിരിവ് കാണിക്കുന്നത് സുഖകരമല്ല. പ്രളയം വരുന്നത് രാഷ്ട്രീയം നോക്കിയാണോ? ഇപ്പോൾ അനുവദിച്ച 1000 കോടി രൂപ സംബന്ധിച്ച് പരിശോധിച്ചാൽ ഇടതുപക്ഷ മണ്ഡലങ്ങളിലൂടെയാണ് വെള്ളം കയറിപ്പോയതെന്ന് തോന്നും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 2018-ലെ വെള്ളപ്പൊക്കത്തിന്റെ ഏറ്റവും അധികം കെടുതി അനുഭവിച്ചത് കണ്ണൂർ ജില്ലയിലെ പേരാവൂർ നിയോജകമണ്ഡലത്തിലാണ്. കൊട്ടിയൂരിലെ അമ്പായത്തോട്ടിലുണ്ടായ ഉരുൾപൊട്ടലാണ് ലോകം ദർശിക്കുന്ന രൂപത്തിൽ മാധ്യമങ്ങൾ അന്ന് കാണിച്ചത്. ആ പ്രദേശത്തൊന്നും പ്രളയാനന്തര പരിഹാര നടപടികളായ ആവശ്യമായ റോഡുകൾ, പാലങ്ങൾ, വീടുകൾ എന്നിവ പുനർനിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് ഞാൻ ശ്രദ്ധിച്ചെന്നുമാത്രമല്ല, പ്രളയം ബാധിച്ചിട്ടില്ലാത്ത, ഇതുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങളൊന്നും

സംഭവിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലൊക്കെ ഈ പണം ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിക്കുന്ന ആളാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ. അങ്ങ് ഇത് പരിശോധിക്കണം. ഏത് രാഷ്ട്രീയ വിശ്വാസത്തിലുള്ളവരായാലും അവർക്കും ഈ മണ്ണിൽ ജീവിക്കാൻ അവകാശമില്ലേ; ആ അവകാശം നമ്മൾ സ്ഥാപിച്ചുകൊടുക്കണ്ടേ? അതിനുപകരം ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ ബഹിർസ്ഫുരണമാണ് ശ്രീ. സണ്ണി ജോസഫും ശ്രീ. രമേശ് ചെന്നിത്തലയും ഇവിടെ സൂചിപ്പിച്ചത്, അതുതന്നെയാണ് ഞാനും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതൊന്നും ഒരു ഗുണകരമായ രൂപത്തിലുള്ളതല്ല.

മി. ചെയർമാൻ: യെസ്.......യെസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ബഹുമാനപ്പെട്ട ചെയറിനെ നോക്കുമ്പോൾ യെസ്....യെസ്.... എന്നുപറഞ്ഞുകൊണ്ടിരിക്കുന്നു. അതിന്റെ അർത്ഥം ഞാൻ പറയുന്നതിനോട് അങ്ങും യോജിക്കുന്നു എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും യോജിച്ച് ഒരു തീരുമാനമുണ്ടാക്കാമെന്നു പറഞ്ഞുകൊണ്ട് വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. കെ. അക്ബ ർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ബഹുമാന്യരായ എന്റെ സുഹൃത്തുക്കൾ സി.എച്ച്. മുഹമ്മദ്കോയ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിന്റെ വാർഷികദിനമാണിന്ന് എന്ന് ഓർമ്മപ്പെടുത്തുകയുണ്ടായി. വളരെ സന്തോഷം. പക്ഷേ അന്നുതന്നെ ആ പാർട്ടിയിലെ വനിതകൾക്ക് നീതി നിഷേധിച്ചതിന്റെ പേരിൽ വനിത കമ്മീഷനെ സമീപിച്ചെന്ന വാർത്ത വായിക്കേണ്ടിവന്ന ഒരു ഗതികേടുകൂടി ഞാൻ ഈ സന്ദർഭത്തിൽ സഭയെ ഓർമ്മപ്പെടുത്തുകയാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ഭേദഗതിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളുണ്ട്. ഈ ഓർഡിനൻസ് എന്തിനാണ് കൊണ്ടുവന്നതെന്ന് ഇവിടെ പ്രത്യേകം പറയേണ്ടതില്ല. ഒക്ടോബർ മഹാത്മാഗാന്ധിജിയുടെ ജന്മദിനം വരുന്ന മാസമാണ്.

ഗ്രാമസ്വരാജ് സങ്കൽപ്പത്തെയും അധികാര വികേന്ദ്രീകരണത്തെയും സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ എന്ത് സംഭവങ്ങളുണ്ടായാലും, എന്ത് മഹാ ദുരന്തങ്ങളുണ്ടായാലും അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കപ്പെടണമെന്നുള്ള ഇച്ഛാശക്തിയുടെ ഭാഗമാണ് ഗവൺമെന്റ് ഇറക്കിയ ഓർഡിനൻസ് എന്ന് നാം കാണുന്നു. ഇവിടെ ശ്രീ. എ. എൻ. ഷംസീർ ഒരു കാര്യം

സാന്ദർഭികമായി സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ അടുത്ത പ്രദേശമായ പോണ്ടിച്ചേരിയിൽ 38 വർഷത്തെ കാത്തിരിപ്പിനുശേഷമാണ് 2006-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. അതിന്റെ കാലാവധി 2011-ൽ പൂർത്തിയായപ്പോൾ അവിടെ തെരഞ്ഞെടുപ്പ് നടത്തിയില്ല. രാജീവ് ഗാന്ധിയുടെ സ്വപ്നം, അധികാര വികേന്ദ്രീകരണം, മഹാത്മാഗാന്ധി, എന്തൊക്കെ വിഷയങ്ങളുണ്ടോ അതെല്ലാമെടുത്ത് ഞങ്ങളെ ആക്രമിക്കുന്ന ആളുകൾ, കോൺഗ്രസ്സും എൻ.ആർ. കോൺഗ്രസ്സും സംയുക്തമായി ഭരണം നടത്തുന്ന പോണ്ടിച്ചേരിയിൽ തെരഞ്ഞെടുപ്പ് നടത്തിയില്ല. ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി സി.പി.ഐ.(എം)-ന്റെ പ്രവർത്തകനായ അശോക് കുമാർ ഹർജി നൽകിയതിനെത്തുടർന്ന് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചപ്പോൾ വീണ്ടും അതിനെതിരായ മഹാസഖ്യം കോടതി കയറി തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നിശ്ചലമാക്കിയ സന്ദർഭത്തിലാണ്, എന്ത് മഹാദുരന്തങ്ങളുണ്ടായാലും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ഒരു ഓർഡിനൻസ് അന്നത്തെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഇറക്കിയത്. യഥാർത്ഥത്തിൽ സെൻസസിന്റെ അടിസ്ഥാനത്തിലാണ് വാർഡ് വിഭജനങ്ങൾ നടക്കേണ്ടത്. അങ്ങനെയാണെങ്കിൽ 2011-ലെ സെൻസസിന്റെ ഭാഗമായി 2015-ൽ വാർഡ് വിഭജനം നടക്കേണ്ടതായിരുന്നു. അന്നിവിടെ ഭരണം നടത്തിയത് കോൺഗ്രസാണ്, അവർ അന്നത് നടത്തിയിരുന്നെങ്കിൽ 2020-ൽ വാർഡ് വിഭജനത്തിലേയ്ക്കും മറ്റ് കാര്യങ്ങളിലേയ്ക്കും പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല. യു.ഡി.എഫ്.-ന്റെ തദ്ദേശഭരണ സംവിധാനങ്ങളോടുള്ള സമീപനത്തിന്റെ ലക്ഷണമാണ് അതിൽ കാണുന്നത്. അതിന്റെ ഭാഗമായി നാം വാർഡ് വിഭജനത്തിലേയ്ക്ക് പോയി, അതിനുവേണ്ടി ഓർഡിനൻസ് ഇറക്കി. പക്ഷേ കോവിഡിന്റെ പ്രശ്നങ്ങളെത്തുടർന്ന് നമുക്ക് അതിലേയ്ക്ക് പോകാൻ കഴിഞ്ഞില്ല. അതിനെത്തുടർന്ന് പഴയ സംവിധാനം വച്ചുകൊണ്ട് തെരഞ്ഞെടുപ്പിലേയ്ക്ക് നമ്മൾ പോയി. ആ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇപ്പോൾ പുതിയതായി കൊണ്ടുവന്ന ഭേദഗതി എന്താണ്? വേണമെങ്കിൽ മഹാദുരന്തങ്ങളുടെയും മഹാമാരിയുടെയും പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നിർത്തിവയ്ക്കാമായിരുന്നു. എൽ.ഡി.എഫ്.-ന്റെയും ഗവൺമെന്റിന്റെയും സമീപനം അതല്ല എന്നതുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തിയെന്നുമാത്രമല്ല, ഇപ്പോൾ ഇതിൽ വന്നിരിക്കുന്നത്, ഏത് തരത്തിലുള്ള സാംക്രമിക രോഗങ്ങളുണ്ടായാലും തത്സമയം ആളുകൾക്ക് വോട്ടുചെയ്യാനുള്ള ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വാതിൽപ്പടി സേവനംപോലെതന്നെ ഇടതുപക്ഷ ജനാധിപത്യ

മുന്നണി വാതിൽപ്പടി വോട്ടും ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. തപാൽവോട്ട് ഏർപ്പെടുത്തുന്നതിനെതിരായി വോട്ടവകാശത്തിനുവേണ്ടി നീണ്ടപോരാട്ടം നടന്നിട്ടുള്ള ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധിതന്നെ വോട്ടവകാശത്തിന്റെ സുതാര്യമായ ഒരു സംവിധാനത്തിനെതിരായി സംസാരിക്കുന്നത് കേൾക്കാനുള്ള ഗതികേടുകൂടി ഒരു ദുരന്തമായി നമ്മൾ കാണുകയാണ്. എന്ത് സംഭവിച്ചാലും തപാൽ വോട്ട് ഏർപ്പെടുത്തി വോട്ടവകാശം സംരക്ഷിക്കുന്നതിനുള്ള ഒരു ഭേദഗതിയാണ് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഇനിയും ഇത്തരത്തിലുള്ള സാംക്രമികരോഗങ്ങൾ വന്നാൽ ഈ സംവിധാനം വേണമെന്നാണ് നമ്മൾ ഇതിലൂടെ കാണുന്നത്. അതുപോലെ ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഒരു കാര്യം, ഏത് തരത്തിലുള്ള ദുരന്തങ്ങളുണ്ടായാലും ഇവിടെ തെരഞ്ഞെടുപ്പ് നടത്താനും തെരഞ്ഞെടുപ്പ് സംവിധാനം ഏറ്റവും സുതാര്യമായി, ഏത് തരത്തിലുള്ള രോഗങ്ങൾ പിടിപെടുന്നവരുടെയും വോട്ടവകാശം സംരക്ഷിക്കും എന്നതാണ് ഇതിൽ പറയുന്ന പ്രധാനപ്പെട്ട കാര്യം. രണ്ടാമത്തെ ഭേദഗതി കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ നടത്തുന്ന പ്രധാനപ്പെട്ട ഒരു ഭേദഗതി, നമ്മളിലധികം പേരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരായിരുന്നിട്ടുള്ളവരാ ണ്. ഞാൻ വരുന്നത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നിന്നാണ്. ഒരു പ്ലാൻ പാസ്സാക്കി വീടിന്റെ തറക്കല്ലിട്ടതിനുശേഷം ഗൾഫിലേയ്ക്ക് തിരിച്ചുപോകുന്നതിനു വേണ്ടി നമ്മളെ സമീപിച്ചിട്ടുള്ള എത്രയോ പ്രവാസികളുണ്ട്. കാരണം ഒരു പ്ലാൻ പാസ്സാക്കിയെടുക്കുന്നതിന് നിരവധി നൂലാമാലകളാണ്. ഈ ഗവൺമെന്റ് ഏറ്റവും പ്രയാസമുള്ള ആളുകളൊടൊപ്പം പക്ഷം ചേരുക എന്നതിന്റെ ഭാഗമായി, രണ്ട് നിലവരെ ഏഴ് മീറ്ററിൽ കുറവ് ഉയരമുള്ളതും 300 ചതുരശ്രമീറ്റർ വരെ വലിപ്പമുള്ള വീടുകൾ നിർമ്മിക്കുന്നതിന്, ഏറ്റവും എളുപ്പത്തിൽ വീടുകൾ നിർമ്മിക്കുന്നതിന്, അഞ്ചുദിവസംകൊണ്ട് അവർക്ക് കൈപ്പറ്റ് രസീത് കൊടുത്ത് വീട് നിർമ്മാണത്തിനുവേണ്ട ഉത്തരവ് നൽകുകയാണ്. ഈ ഗവൺമെന്റ് ആരോടൊപ്പമാണ്? വീടുകൾ മാത്രമല്ല, അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, ആരാധനാലയങ്ങൾ ഇവയ്ക്കെല്ലാം എതിരാണ്, അതിനെല്ലാം തടസ്സം നിൽക്കുന്നവരാണ്, ന്യൂനപക്ഷ വിരുദ്ധരാണ് അങ്ങനെയാണല്ലോ നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുന്നത്. ജനങ്ങൾ ഞങ്ങൾക്കൊപ്പമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പെട്ടെന്നുതന്നെ അത്തരം സംവിധാനങ്ങൾ പണിയുന്നതിനുവേണ്ട കാര്യങ്ങൾക്ക് ബില്ലിൽ ഉറപ്പുകൊടുക്കുകയാണ്.

3.00 p.m.]

ഇവിടെ ഉന്നയിക്കപ്പെടുന്ന ആക്ഷേപമെന്താണ്, ഇത്തരത്തിലുള്ള കാര്യങ്ങൾ അഴിമതിക്കിടവരില്ലേയെന്നതാണ്. തെറ്റായ രീതിയിൽ പ്ലാൻ വരയ്ക്കാൻ ആളുകൾ മുന്നോട്ടുവന്നാൽ അയാളുടെ ലൈസൻസ് 5 വർഷത്തേയ്ക്ക് സസ്പെൻഡ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല, ബില്ലിൽ അവർക്കുള്ള പെനാൽറ്റിയെക്കുറിച്ച് പറയുന്നുണ്ട്. ചെറിയ പെനാൽറ്റിയല്ല, രണ്ട് ലക്ഷം, നാല് ലക്ഷം, ആറ് ലക്ഷം രൂപ വരെ പെനാൽറ്റി ഈടാക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കള്ളന്മാരെ കണ്ടിട്ടല്ല, സത്യസന്ധരും നിഷ്കളങ്കരും പ്രയാസമനുഭവിക്കുന്നതുമായ ജനങ്ങൾക്കുവേണ്ടിയാണ് ഈ ബിൽ. നിയമം ദുരുപയോഗം ചെയ്യുന്നവർക്കെതിരെയുള്ള കർക്കശമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ഉൾപ്പെടെയുള്ളവർ Ease of doing business-നെ സംബന്ധിച്ച് പറഞ്ഞു. ഇവിടെ സ്റ്റാർട്ടപ്പുകളെയും വ്യവസായ സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന, ഏറ്റവും ഉപകാരപ്രദമാകുന്ന രീതിയിൽ ഏകജാലക സംവിധാനം പോലെയുള്ള എല്ലാ സംവിധാനങ്ങളും സുതാര്യതയോടും വേഗതയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നത് ഉറപ്പുനൽകുന്ന വളരെ ജനോപകാരപ്രദമായിട്ടുള്ള ഒരു ബില്ലാണിത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതുപോലെതന്നെ ഏറ്റവും ചരിത്രപ്രാധാന്യമുള്ള ഒരു ബില്ലാണ് ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ വർദ്ധിച്ചിരിക്കുന്നുവെന്ന വിലാപകാവ്യങ്ങൾ യു.ഡി.എഫ്.-ന്റെ ചില മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. ഈ ബില്ലിൽ അധികാരങ്ങൾ കൂടുതലായി അനുവദിക്കുകയാണ്. കോവിഡിന്റേയും പ്രളയത്തിന്റേയും കാലത്ത് ഇതിനെയെല്ലാം അതിജീവിക്കാൻ കേരളത്തിന് എങ്ങനെ കഴിഞ്ഞുവെന്ന് പലരും അത്ഭുതപ്പെടുന്നുണ്ട്. ഒരു സംശയവുമില്ല, കേരളത്തിലെ അതിശക്തമായ അധികാര വികേന്ദ്രീകരണംതന്നെയാണ് അതിനുള്ള മറുപടിയെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അത്യധികം അധികാരങ്ങളും അവകാശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയാണ്. ആ തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എല്ലാ തലത്തിലും ശക്തിപ്പെടുത്തുകയാണ്. അതിന്റെ മറ്റ് വിശദാംശങ്ങളൊന്നും ഞാൻ പറയേണ്ട കാര്യമില്ല. കോവിഡിനെതിരായ പ്രവർത്തനങ്ങൾ, ഡി.ഡി.സി., സമൂഹ അടുക്കള തുടങ്ങിയ എല്ലാ കാര്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടം ഫണ്ട് ചെലവഴിക്കുന്നതിനുള്ള അധികാരങ്ങളും അവകാശങ്ങളും നൽകുന്ന ഉത്തരവുകളും ഗവൺമെന്റ് നൽകുകയുണ്ടായി.

ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ആ മേഖലയിൽ എത്രയോ ഗൗരവപ്പെട്ട ഇടപെടലുകൾ നടത്തിയിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അവസ്ഥയെന്തായിരുന്നു? ഒരു പ്രത്യേക വെള്ളാനകളുടെ കേന്ദ്രമായിരുന്നു. പഞ്ചായത്തും നഗരസഭയും വെവ്വേറെ തലങ്ങളായിരുന്നു. തദ്ദേശസ്വയംഭരണ മേഖലയിൽ ഒരു ഏകീകൃത സംവിധാനം കൊണ്ടുവന്നു. എഞ്ചിനീയർമാർ ബ്രാഹ്മണരല്ലെന്നും മുനിസിപ്പൽ സെക്രട്ടറിമാർ അതിന് താഴെയുള്ളവരല്ലെന്നും എല്ലാവരും സമന്മാരാണെന്നുമുള്ള നിലയിൽ ഒരു കോമൺ സർവ്വീസ് ആ മേഖലയിൽ കൊണ്ടുവന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടമായിരുന്നു. ഇവിടെ ആ മേഖലയിലെ പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നു നടന്നിരുന്നത്? അതിൽ വലിയ മാറ്റം വരികയാണ്. തദ്ദേശസ്വയംഭരണ മേഖലയിൽതന്നെ ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, അതിദരിദ്രരെ കണ്ടെത്തുകയെന്നതായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ അതിദരിദ്രരെ കണ്ടെത്തി, എന്ത് ചെയ്താലാണ് ദാരിദ്ര്യത്തിൽനിന്നും ആ കുടുംബം രക്ഷപ്പെടുക എന്നതിന് പ്രാധാന്യം കൊടുക്കുന്ന രീതിയിൽ ശ്രദ്ധേയമായ ഇടപെടൽ ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്താൻ തീരുമാനിച്ചു.

ഐ.എ.എസ്.-ന് തുല്യമായ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ എന്തെല്ലാം കോലാഹലങ്ങളാണ് ഇവിടെ നടന്നത്? ഇപ്പോൾ കെ.എ.എസ്.-ന്റെ പരീക്ഷയും കഴിഞ്ഞ് ഫലവും പ്രസിദ്ധീകരിച്ചു. ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയാകാവുന്ന രീതിയിലുള്ള ഒരു സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞു. കഴിഞ്ഞ കാബിനറ്റ് യോഗത്തിലെടുത്ത തീരുമാനമാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള സംവിധാനങ്ങൾവഴി സൗജന്യമായി സേവനങ്ങൾ കിട്ടുന്നതിനായി, ആ മേഖലയിൽ ഏർപ്പെടുത്തിയിരുന്ന ഫീസുകളെല്ലാം ഒഴിവാക്കി, എല്ലാ സേവനങ്ങളും സൗജന്യമായി ജനങ്ങൾക്ക് ലഭിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കി. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലുള്ള നേറ്റിവിറ്റിയും മതവുമുൾപ്പെടെയുള്ള കാര്യങ്ങൾ മുൻനിർത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിന് നിലപാടുകൾ സ്വീകരിച്ചു. ചില സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു. ഈ നിലയിലെല്ലാം വളരെ സുതാര്യമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിന്റെ അധികാര വികേന്ദ്രീകരണ മേഖലയിൽ ഒരു വലിയ കാൽവയ്പ്പായി മാറുന്ന ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരുപാട് രാഷ്ട്രീയമെല്ലാം ചർച്ച ചെയ്തെങ്കിലും, രാഷ്ട്രീയം പറയുന്നതിന് കർശനമായ വിലക്ക് പ്രതിപക്ഷനേതാവ് ഏർപ്പെടുത്തിയ സാഹചര്യത്തിൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പ്രത്യേകിച്ച് ഈ വിഷയത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ പാടില്ലെന്നുതന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്നാലും ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ട് ആ ഭാഗം ഞാൻ വിട്ടുകൊള്ളാം. ബിൽ അവതരിപ്പിച്ച അവസരത്തിൽ ചർച്ചാമദ്ധ്യേ ശ്രീ. പി. ടി. തോമസ് ബഹുമാനപ്പെട്ട ഗോവിന്ദൻ മാഷിനോട്, ലോകത്ത് ഏറ്റവും കൂടുതൽ കോടീശ്വരന്മാരുള്ള രാജ്യമേതാണെന്ന് ചോദിച്ചു. അതിനുള്ള മറുപടി നമുക്കെല്ലാമറിയാവുന്നതുപോലെ അമേരിക്കയാണെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം അദ്ദേഹത്തിന്റെ വാദം ഇന്ത്യ ഒരുപാട് കോടീശ്വരൻമാരെ സൃഷ്ടിച്ചില്ലേയെന്നതാണ്. പക്ഷേ, ലോകത്ത് ഏറ്റവും കൂടുതൽ കോടീശ്വരന്മാരുള്ള രണ്ടാമത്തെ രാജ്യം ചൈനയാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ അത് കള്ളമാണെന്ന് പറഞ്ഞുകൊണ്ട് വളരെ ഫ്ലാറ്റായി അങ്ങ് അതിനെ നിഷേധിച്ചു. ബഹുമാന്യനായ പി. ടി. തോമസിന് ആ സമയത്ത് അത് ക്ലാരിഫൈ ചെയ്യാൻ സാധിച്ചില്ല. അതുകൊണ്ടാണ് ആ കാര്യം ഈ സന്ദർഭത്തിൽ പറയണമെന്ന് ഞാൻ ആഗ്രഹിച്ചത്. കാരണം ഇതിന് മറുപടി പറയാനുള്ള മറ്റൊരവസരം ലഭിച്ചിരുന്നില്ല. രണ്ടാമത്, ഞാൻ അങ്ങയോട് ചോദിക്കാൻ ആഗ്രഹിച്ചൊരു കാര്യം, അദ്ദേഹം പറഞ്ഞതിന് മറുപടി പറയാനുള്ള അവസരം തരണമെന്ന് അന്ന് ഞാൻ അദ്ദേഹത്തിനോട് പറഞ്ഞിരുന്നു, നൽകാമെന്നും പറഞ്ഞിരുന്നു. അങ്ങ് സംസാരിച്ചപ്പോൾ ചൈനയുടെ ഭരണാധികാരിയെപ്പറ്റി വളരെ ആവേശത്തോടെയും ഊർജ്ജത്തോടെയും പറഞ്ഞു. അന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിച്ച കാര്യം, ഡെങ് സിയാവോപിങ്ങിനെ മാവോസേതുങ്തന്നെ മുതലാളിത്തത്തിന്റെ ചാരനാണെന്ന് പറഞ്ഞ് പാർട്ടിയിൽനിന്നും പുറത്താക്കിയിരുന്നു. അദ്ദേഹം തിരിച്ചുവന്നപ്പോൾ അദ്ദേഹമാണ് ആ നയങ്ങളെല്ലാം നടപ്പാക്കിയതെന്നത് അങ്ങ് നിഷേധിക്കുമോയെന്ന് ചോദിക്കാൻ ആഗ്രഹമുണ്ടായിരുന്നു. അന്ന് അങ്ങ് വഴങ്ങാത്തതിനാൽ ചോദിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ വിഷയമിവിടെ അവസാനിപ്പിക്കുകയാണ്. കാരണം നിയമസഭയുടെ സമയം കവരരുതെന്ന പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് ഞാൻ ആ ഭാഗം വിടുന്നു.

ഈ ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയാനുള്ള കാരണം അന്ന് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം, ഈ ബില്ലിലെ "സാംക്രമിക രോഗം ബാധിച്ച ഏതൊരാളും" എന്നുള്ള blanket statement ഒരുപാട് misinterpretations-ന് സാധ്യതയുള്ളതാണെന്നാണ്. അങ്ങനെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ടുവന്നപ്പോൾ അവിടെ 'തത്സമയം സാംക്രമിക രോഗം ബാധിച്ച ഏതൊരാളും' എന്ന് മാറ്റിയിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം എന്നാൽമാത്രമെ ആ സമയത്ത് രോഗത്തിന് അടിപ്പെട്ടിരിക്കുന്നയാൾക്ക് മാത്രമായി ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എനിക്കൊരു സംശയമുള്ളത്, കോവിഡ് പോലൊരു മഹാമാരി വളരെയധികം വ്യാപകമാകുകയും ധാരാളംപേരെ ബാധിക്കുകയും, അവർക്ക് മുന്നോട്ടുപോകാൻ പറ്റാത്തതുമായ ഒരു സാഹചര്യത്തിലാണ് ഈയൊരു ഓപ്ഷൻ കൊണ്ടുവന്നത്. ഈ ബില്ലിൽ ഒരു വാചകമുണ്ട്, അതിനെ ഞാൻ കണ്ടില്ലെന്ന് നടിക്കുന്നില്ല. അത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയാൻവേണ്ടിയാണ് പറഞ്ഞത്. ഉദാഹരണത്തിന് അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോവിഡ് മാറി, സ്ഥിതിഗതികൾ വളരെ ശാന്തമായിരിക്കുന്ന അവസരത്തിൽ ഏതെങ്കിലുമൊരാൾക്ക് മലേറിയയോ സാംക്രമിക രോഗങ്ങളുടെ പട്ടികയിൽവരുന്ന മറ്റേതെങ്കിലും ഒരു രോഗമോ സ്ഥിരീകരിച്ചാൽ ആ സന്ദർഭത്തിൽ ഇപ്പോഴത്തെ നിയമപ്രകാരം അയാൾക്ക് പോസ്റ്റൽ വോട്ടിനുള്ള അവകാശമുണ്ട്. ആ അവകാശം അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോ? അത് അനുവദിക്കാനുദ്ദേശിച്ചല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആ സമയത്ത് സർക്കാർ നോട്ടിഫൈ ചെയ്ത സാംക്രമിക രോഗങ്ങൾക്ക് മാത്രമെ അതിന്റെ ആനുകൂല്യം ലഭിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ ആ സമയത്ത് മലേറിയ ബാധിച്ചുവെന്ന ഒരു സർട്ടിഫിക്കറ്റുമായി ഒരാൾക്ക് കോടതിയെ സമീപിക്കാം. പോസ്റ്റൽ വോട്ട് ചെയ്യണമെന്ന് അയാൾ ആവശ്യപ്പെട്ടാൽ, നിയമപ്രകാരം ഈ ഗവൺമെന്റ് ആ സൗകര്യമനുവദിക്കാൻ ബാധ്യസ്ഥമാണ്. പക്ഷേ നമ്മളത് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ ഇല്ലയോ? "നിർണ്ണയിക്കപ്പെടാവുന്ന" എന്നൊരു വാക്കുള്ളതുകൊണ്ട് subsequent ആയി റൂൾ നിർമ്മിച്ച് വേണമെങ്കിൽ ഇതിനെ പ്രൊട്ടക്ട് ചെയ്യാം. പക്ഷേ ഇതുസംബന്ധിച്ച് ആക്ടിൽ ക്ലാരിറ്റി/പ്രൊട്ടക്ഷൻ ഇല്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ബില്ലിലെ ഖണ്ഡം 130 എ-ൽ "ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ" എന്നതിൽ 'ഈ വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്:- അതായത്, തൽസമയം സാംക്രമിക രോഗം

ബാധിച്ച ഏതൊരാളും,' എന്നാണ് പറഞ്ഞിരിക്കുന്നത്. ഏതെങ്കിലുമൊരു പകർച്ചവ്യാധി ബാധിച്ചയാൾക്കും അടുത്ത തെരഞ്ഞെടുപ്പിൽ ഈ വകുപ്പ് പ്രകാരം വോട്ട് ചെയ്യാം. അതേസമയം ഗവൺമെന്റ് ഏതെങ്കിലുമൊരു രോഗത്തെ നോട്ടിഫൈ ചെയ്താൽ ആ രോഗം പിടിപെട്ടിരിക്കുന്നയാൾക്ക് തപാൽവഴി വോട്ട് ചെയ്യാം. അല്ലാതൊരു സാഹചര്യത്തിൽ പോസ്റ്റൽ വോട്ട് ചെയ്യാനും പ്രിന്റ് ഔട്ട് എടുക്കാനുമുള്ള സംവിധാനം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. അക്കാര്യം ബിൽ നിർമ്മിക്കുന്ന വേളയിൽ ശ്രദ്ധയിൽവന്നോ, ഇല്ലയോയെന്ന് എനിക്കറിയില്ല. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഒന്നാം ഉപവകുപ്പിൽ 'കുടിൽ' എന്ന വാക്കിനുശേഷം, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിലും അതിന് മാറ്റം വന്നില്ല. ഞാൻ അത് ഭേദഗതിയായി എഴുതിക്കൊടുത്തിരുന്നു. ഇന്നലെ കവർ വന്നപ്പോഴാണ് മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി അതിൽ വരുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ വരുമെങ്കിൽ ആ ഭാഗം കവർ ചെയ്യപ്പെടും. സബ്ജക്ട് കമ്മിറ്റിയിൽനിന്നും തിരിച്ചുവന്ന ഡ്രാഫ്റ്റിലും ആ പിഴവ് അതേപടി നിലനിൽക്കുകയാണ്. മന്ത്രിക്ക് മനസ്സിലായതുകൊണ്ടാണ് അല്ലെങ്കിൽ മന്ത്രി അംഗീകരിച്ചതുകൊണ്ടാണ് ഇതുസംബന്ധിച്ച് ഔദ്യോഗിക ഭേദഗതി വന്നിട്ടുള്ളത്. അതാണ് ആ രണ്ടുഭാഗങ്ങളെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അപകടസാധ്യത കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച വ്യവസ്ഥ സാധാരണക്കാർക്ക്/പാവപ്പെട്ടവർക്ക് വളരെ ഗുണകരമായ കാര്യമാണ്. ഒരു ബിൽഡിംഗ് പെർമിറ്റിനുവേണ്ടിയോ സാങ്ഷനുവേണ്ടിയോ ഉദ്യോഗസ്ഥരുടെ പുറകെനടന്ന് ജീവിതം മെനക്കെടുത്തേണ്ട കാര്യമില്ല. ഒരു അക്നോളജ്മെന്റ്വാങ്ങി കയ്യിൽ വച്ചാൽ അവർക്ക് കാര്യങ്ങളുമായി മുന്നോട്ടു പോകാം. ഒരു നിയമം നിർമ്മിക്കുമ്പോൾ അത് മിസ്യൂസ് ചെയ്യപ്പെടാനുള്ള സാധ്യത എത്രത്തോളമുണ്ട്; ലൂപ്ഹോൾസ് എത്രമാത്രമുണ്ട്, അതിലെ മറ്റ് സാധ്യതകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടോ ഇക്കാര്യങ്ങളുംകൂടി നോക്കേണ്ടതുണ്ട്. സാധാരണക്കാർക്കും മാന്യമായി ജീവിക്കുന്നവരെ സംബന്ധിച്ചും ഈ വകുപ്പ് ഗുണകരമായിരിക്കും, സ്വാഗതാർഹമായിരിക്കും. കേരളത്തിൽ പല സ്ഥലത്തും കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണമുണ്ട്. പ്രതിപക്ഷനേതാവ് രാവിലെ വളരെ വിശദമായി സി.ആർ.ഇസഡ്. സോണിന്റെ കാര്യം സൂചിപ്പിച്ചു. അവിടെ ബിൽഡിംഗ് നിർമ്മിച്ചാലും നമ്പർ കൊടുക്കില്ല. കാരണം അത് നിയമപരമല്ല. പെർമിറ്റെടുക്കാതെ നിർമ്മാണങ്ങൾ നടത്തുമ്പോഴാണ് നിയമപരമല്ലാതാകുന്നത്. പക്ഷേ ഈ നിയമപ്രകാരം ഒരു അപേക്ഷകൊടുത്ത് അക്നോളജ്മെന്റ് കയ്യിൽ കിട്ടിയതിനുശേഷം കെട്ടിടം നിർമ്മിച്ചുകഴിഞ്ഞാൽ

അവരിൽനിന്നും രണ്ടുലക്ഷം രൂപയോ നാലുലക്ഷം രൂപയോ ഫൈനായി ഈടാക്കാം. പക്ഷേ അതുകൊണ്ട് കാര്യമില്ല. ഒരു കാരണവശാലും ആ കെട്ടിടം അവിടെ വരാനുള്ള മറ്റ് യോഗ്യതകളുള്ള സ്ഥലമായിരിക്കില്ല. പക്ഷേ ഭാവിയിൽ, ഈ ലൂപ്ഹോൾ മുതലെടുത്ത് നിയമപ്രകാരം അക്നോളജ്മെന്റ് വാങ്ങിയിരുന്നുവെന്നും അത് ബിൽഡിംഗ് പെർമിറ്റിന് തുല്യമാണെന്നും അതുകൊണ്ട് കെട്ടിടം നിർമ്മിച്ചുവെന്നും പറയുന്ന സ്ഥിതിയുണ്ടാകും. മറ്റ് നിയന്ത്രണങ്ങളില്ലാത്ത സ്ഥലങ്ങളിൽ ഒരു പരിധിവരെ സേവ് ചെയ്യും. മറ്റ് നിയന്ത്രണങ്ങളുള്ള സ്ഥലങ്ങളിൽ 'മറ്റ് നിയന്ത്രണങ്ങൾക്ക് വിധേയമായി' എന്നൊരു വാക്ക് വന്നിരുന്നെങ്കിൽ മിസ്‌യൂസ് ചെയ്യപ്പെടാനുള്ള സാധ്യത വളരെ കുറയുമായിരുന്നു. ആയിരം പേരിൽ ഒരാളോ രണ്ടാളോ പോലും ചിലപ്പോൾ മിസ്‌യൂസ് ചെയ്യണമെന്നില്ല. എന്നാൽ മിസ്‌യൂസ് ചെയ്യുന്ന ആളുകളും ഉണ്ടാകാം. ഇങ്ങനെ നിരന്തരം കോടതിയിൽവരുന്ന കേസുകൾക്കുവേണ്ടി വാദിക്കുന്നതു കൊണ്ട് പറയുന്നതാണ്, അവർക്ക് കിട്ടാവുന്ന ആനുകൂല്യം നൽകും. നിയമമുണ്ടാക്കുമ്പോൾ ശ്രദ്ധിക്കണമെന്നതാണ് എപ്പോഴും കോടതി പറയുന്നത്. കോടതിക്ക് വേറെ മാർഗ്ഗമില്ല. കോടതി അവർക്ക് അനുമതി കൊടുക്കും. കാരണം നിയമം ഇങ്ങനെയാണ്. അതായത്, In principle I got the permit. മറ്റേത് പെർമിറ്റിന്റെ അപേക്ഷ പാസാക്കിയിട്ടില്ലെന്നുള്ള ഡിലേ മാത്രമേ പറയാൻ പറ്റുകയുള്ളൂ. Deemed permission പോലെയല്ല അത്. Deemed permission-ന് വീണ്ടും കണ്ടീഷണാലിറ്റി കൊണ്ടുവരാൻ കഴിയും. പക്ഷേ ഇത് അങ്ങനെയല്ല. This is an actual original permit. ഉദാഹരണത്തിന് ടൂറിസത്തിന് സാധ്യത കണ്ടെത്തിയ ദ്വീപിൽ ബിൽഡിംഗ് നിർമ്മിക്കാനുള്ള പെർമിഷനില്ല എന്നിരിക്കെ ഒരാൾ ഒരു അപേക്ഷ നൽകിയാൽ പഞ്ചായത്ത് സെക്രട്ടറി സ്വാഭാവികമായും അത് സ്വീകരിക്കുകയും അക്നോളജ്മെന്റ് നൽകുകയും ചെയ്യും. അക്നോളജ്മെന്റ് ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി കഴിയുമ്പോഴാണ് പല കാരണങ്ങളാൽ ദ്വീപിൽ ബിൽഡിംഗ് നിർമ്മിക്കാൻ പാടില്ലെന്ന് പറയുന്നത്. പിന്നെ എന്തുകൊണ്ടാണ് ബിൽഡിംഗ് പെർമിറ്റ് കൊടുത്തത് എന്ന ചോദ്യം വരും. കാരണം അയാളുടെ കയ്യിൽ ബിൽഡിംഗ് പെർമിറ്റുണ്ട്. ഞാൻ ഒരു വക്കീൽ ആയതുകൊണ്ടായിരിക്കാം ഈ നിലയ്ക്ക് ചിന്തിച്ചത്. ഇങ്ങനെ മിസ്‌യൂസ് ചെയ്യപ്പെടാനുള്ള സാധ്യതകൂടി അങ്ങ് പരിശോധിക്കണം. ഈ രണ്ടുകാര്യങ്ങളാണ് എനിക്ക് പ്രധാനമായും ബില്ലിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഈ ബില്ലിന്റെ നല്ല വശങ്ങളെ ഞാൻ തീർച്ചയായും ഉൾക്കൊള്ളുന്നു. ഈ രണ്ട് defect clear ചെയ്തിട്ടില്ലെന്നുള്ളതാണ് എന്റെ ആർഗ്യുമെന്റ്. അതുകൊണ്ട് ഒരിക്കൽകൂടി സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായം രേഖപ്പെടുത്തികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ മുമ്പ് വിശദമായി ചർച്ച നടത്തിയ വിഷയത്തിൽത്തന്നെയാണ് ശ്രീ. റോജി എം. ജോൺ മുതൽ ഡോ. മാത്യു കുഴൽനാടൻ വരെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്നും പങ്കെടുത്തുകൊണ്ട് കാര്യങ്ങൾ വീണ്ടും അവതരിപ്പിച്ചിട്ടുള്ളത്. അവയ്ക്ക് ഓരോന്നിനും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അന്നും ഇന്നും എല്ലാവരും പൊതുവായി ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ നടന്ന ചർച്ചയും സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയും അതിന്റെ വെളിച്ചത്തിൽ ഇവിടെ നിർദ്ദേശിച്ചതുപോലുള്ള പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുമാണ് ഈ ബിൽ ഇന്നത്തെ ചർച്ചയ്ക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാന്യരായ അംഗങ്ങൾ പൊതുവെ ബില്ലിൽ കേന്ദ്രീകരിച്ചുകൊണ്ടുതന്നെയാണ് സംസാരിച്ചുവന്നത്. അവസാനം സംസാരിച്ച ഡോ. മാത്യു കുഴൽനാടൻ ആണ് രാഷ്ട്രീയത്തിന്റെ ചില പ്രശ്നങ്ങൾ സാന്ദർഭികമായിട്ടാണെങ്കിലും ഉന്നയിച്ചത്. പിന്നീട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോഴും ഒരുകാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ രണ്ട് കാര്യം മാത്രമേ രാഷ്ട്രീയ പ്രശ്നങ്ങൾ എന്നുള്ള രീതിയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളൂ. അതിൽ രസകരമായൊരു കാര്യം, ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ ഇനി എന്തെങ്കിലും രാഷ്ട്രീയം കടന്നുപറഞ്ഞാൽ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞുവെന്ന് ഇവിടെ ആവർത്തിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് വളരെ ക്ഷോഭത്തോടുകൂടി അംഗത്തോട് സഭയിൽത്തന്നെ പറയുന്നത് നമ്മളെല്ലാം കേട്ടതാണ്. രാഷ്ട്രീയം പരാമർശിക്കാനേ പാടില്ല; രാഷ്ട്രീയത്തിന്റെ തന്നെ ഉൽപ്പന്നമാണ് ഈ ബില്ലുകളെല്ലാം. ഏത് നിയമവും സൂക്ഷ്മമായ അർത്ഥത്തിൽ പരിശോധിച്ചാൽ അതിന്റെ പിന്നിൽ കൃത്യമായ രാഷ്ട്രീയമുണ്ട്. രാഷ്ട്രീയത്തിനപ്പുറമോ അല്ലെങ്കിൽ രാഷ്ട്രീയമില്ലാത്തതോ ആയ ഒന്നുംതന്നെ രാഷ്ട്രീയ സമൂഹത്തിലില്ല. രാഷ്ട്രത്തെ ബാധിക്കുന്ന, ജനങ്ങളെ ബാധിക്കുന്ന എല്ലാം രാഷ്ട്രീയത്തിലുള്ളതാണ്. രാഷ്ട്രീയത്തെ അടിസ്ഥാനപ്പെടുത്തിതന്നെയാണ് എല്ലാ ബില്ലുകളും നിയമനിർമ്മാണവും രൂപപ്പെടുന്നത്. സാമൂഹിക ജീവിതത്തിന്റെ ഭാഗമായിട്ടുള്ള സർവ്വതല സ്പർശിയായ മേഖലകളിൽ മുഴുവൻ രാഷ്ട്രീയം അടിസ്ഥാനപരമായി അതിന്റെ കൃത്യതയോടുകൂടി ഉൾച്ചേർന്നിരിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് നമ്മളതിനെ അങ്ങനെതന്നെ വർജ്ജിക്കേണ്ടൊരു കാര്യമാണ് എന്നുള്ളൊരു അഭിപ്രായം എനിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെ പറഞ്ഞു എന്നുള്ളതുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ "ഞാനിപ്പോൾ അതിൽനിന്ന് മാറുകയാണ്" എന്നുപറയുന്ന സ്ഥിതി വന്നപ്പോൾ ഞാൻ പറഞ്ഞതാണ്. ഏതായാലും പറഞ്ഞുവന്ന കാര്യം

ഞാൻ ഒന്നുകൂടി ആവർത്തിക്കാം. ലോകത്തിൽ ഏറ്റവും കൂടുതൽ ശതകോടീശ്വരൻമാരുള്ളത് അമേരിക്കയിൽ തന്നെയാണ്. അതിലൊരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല. എന്നാൽ ചൈനയിൽ ശതകോടീശ്വരൻമാർ ഇല്ലേ; ഞാൻ അത് നിഷേധിച്ചിട്ടൊന്നുമില്ല. ആരാണ് അത് നിഷേധിച്ച എന്നുപറഞ്ഞത്; ചൈനയിൽ ശതകോടീശ്വരൻമാരുണ്ട്. അവിടെ ശതകോടീശ്വരൻമാർ കൂടി വരുന്നുണ്ട് എന്നത് വിമർശനാത്മകമായി ഞങ്ങൾ കാണുന്നൊരു കാര്യം കൂടിയാണ്. ഞങ്ങൾ കാണുന്നത് ഞങ്ങൾ കണ്ടുകൊള്ളാം. മുസ്ലീം ലീഗുകാർ കാണുന്നതുപോലെയല്ലല്ലോ ഞങ്ങൾ കാണുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ചൈനയിൽ എന്തെങ്കിലും സംഭവിക്കുന്നതിന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെനിന്ന് ഒട്ടും വ്യാകുലപ്പെടേണ്ടതില്ല. അവിടെ കമ്മ്യൂണിസമില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ശ്രീ. മഞ്ഞളാംകുഴി അലി പഴയ കാലംമുതൽ എന്റെയൊരു സുഹൃത്താണ്. അദ്ദേഹം പറയുന്നത് അവിടെ കമ്മ്യൂണിസവും സോഷ്യലിസവുമൊന്നും ഇല്ലെന്നാണ്. അങ്ങനെയാണ് നിങ്ങൾക്കെല്ലാം പറയാനാഗ്രഹം. ഞാൻ അങ്ങനെയല്ല അതിനെ കാണുന്നത്. ഞാൻ കഴിഞ്ഞ പ്രാവശ്യം ബില്ലിന്റെ അവതരണവേളയിൽ മറുപടി പറയുമ്പോഴും ചൈന എന്താണ് എന്നുള്ളതിനെക്കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് ഞാനത് വീണ്ടും ആവർത്തിക്കണം എന്നുള്ളൊരു ധാരണയാണ്. എന്നാലും രേഖയിൽ വന്നുകൊണ്ട് പറയണമല്ലോ; അത് ഇത്രയേയുള്ളൂ. മാർക്സിസം, ലെനിനിസം അംഗീകരിക്കുന്ന മാവോ ചിന്തയെ അടിസ്ഥാനപ്പെടുത്തിയ ഡെങ് സിയാവോ പിങ്ങിന്റെ വികസന നിലപാടുമായി ചേർന്ന് ഷീ ജിൻപിങ്ങിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയാണ് ഞങ്ങൾ നടത്തുന്നത് എന്നാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും അവസാനത്തെ രേഖയിൽ പറയുന്നത്. ഇതാണ് ചൈനയുടെ ഇന്നുള്ള അവസ്ഥ. ഡെങ് സിയാവോ പിങ്ങിനെക്കുറിച്ചും മാവോ സേതുങ്ങിനെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ ഒറ്റ കാര്യം മാത്രമേ ഇതിന്റെ ഭാഗമായി പറയാനുദ്ദേശിക്കുന്നുള്ളൂ. ചെനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള യാത്രയിൽ, അങ്ങനെയാണ് ഞാൻ പറയുന്നത്. അവിടെ സോഷ്യലിസമാണെന്നും കമ്മ്യൂണിസമാണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. സോഷ്യലിസത്തിലേയ്ക്കുള്ള യാത്രയിൽ വളരെ ഫലപ്രദമായ ഒരു നാഴികക്കല്ലായി അവർ ചൂണ്ടിക്കാണിച്ച വർഷമാണ് 2020. എന്താണ് കാരണം; അങ്ങനെ വെറുതെ പറഞ്ഞതൊന്നുമല്ല. ഇപ്പോൾ പറഞ്ഞതുമല്ല. 1990-കളുടെ ആദ്യം സോവിയറ്റ്

റഷ്യയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുൾപ്പെടെ തകർന്നപ്പോൾ, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്ന് മുതലാളിത്തത്തിലേയ്ക്ക് തിരിച്ചുപോയപ്പോൾ, പ്രതിവിപ്ലവാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ചൈനയിലും രൂപപ്പെട്ട് വന്നപ്പോൾ അതിനെ അതിജീവിച്ചുകൊണ്ട് ഡെങ് സിയാവോ പിങ്ങിന്റെ നേതൃത്വത്തിൽ, അന്ന് ഞാൻ പറഞ്ഞതാണ്, ബ്രാക്കറ്റിൽ വലതുഭാഗത്ത് ഒരു സ്ഥാനപ്പേരും ഉണ്ടായിരുന്നില്ല. ഒരു നേതാവ് എന്നുപറയുന്നത്, ഒരു കാലഘട്ടം മുഴുവൻ നടത്തിയ പ്രവർത്തനം മറ്റുള്ളവരിൽ ഉൽപ്പാദിപ്പിക്കുന്ന അവബോധമാണ് നേതൃത്വം. അല്ലാതെ പേരിന്റെ പിന്നിലും അല്ലെങ്കിൽ വലതുഭാഗത്ത് എഴുതിവയ്ക്കുന്ന സ്ഥാനപ്പേരിലുമല്ല. സ്വാഭാവികമായും അങ്ങനെ യാതൊരു സ്ഥാനപ്പേരുമില്ലാതിരുന്ന ഒരു കമ്മ്യൂണിസ്റ്റ്, പ്രതിവിപ്ലവാത്മകമായ ഒരു സന്ദർഭത്തിൽ അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു വലിയ വിഭാഗം ആളുകൾ, പ്രത്യേകിച്ച് ജനറൽ സെക്രട്ടറി ഉൾപ്പെടെ അടിപതറി വീഴുന്ന പശ്ചാത്തലം വന്നപ്പോൾ അവിടത്തെ പാർട്ടിയേയും ഭരണ സംവിധാനത്തേയും ഉപയോഗപ്പെടുത്തിയിട്ട് അദ്ദേഹമാണ് നേതൃത്വപരമായ പങ്കുവഹിച്ചത് എന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ചൈനയെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ ശ്രീ. എം. വി. ഗോവിന്ദൻ മാഷിനെ പോലുള്ളൊരു കമ്മ്യൂണിസ്റ്റ് താത്വികാചാര്യൻ പറയേണ്ടൊരു കാര്യം, Tiananmen Square-ൽ സമരം ചെയ്ത കുട്ടികളെ ചോരയിൽ മുക്കിക്കൊന്ന നടപടിയെക്കുറിച്ച് അങ്ങയുടെ കാഴ്ചപ്പാട് എന്താണ്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, Tiananmen Square-ൽ ചോരയിൽ മുക്കിക്കൊന്നു എന്നുപറയുന്ന അഭിപ്രായത്തോടൊന്നും ഞങ്ങൾക്ക് യോജിപ്പില്ല. അവിടെ സംഘർഷാത്മകമായ ഒരു സാഹചര്യം ഉണ്ടായി എന്നത് ശരിയാണ്. സോവിയറ്റ് റഷ്യ തകർന്നപ്പോൾ സോവിയറ്റ് റഷ്യയെപ്പോലെത്തന്നെ ജനകീയ ചൈനയേയും തകർക്കാനാകുമെന്നുള്ള തെറ്റിദ്ധാരണയിൽ അവിടെ പ്രതിവിപ്ലവ ശക്തികൾ നടത്തിയ ശ്രമമാണ് Tiananmen Square-ന്റെ ഭാഗമായി ഉണ്ടായത്. അതിനെ ഫലപ്രദമായി അവർ നേരിട്ട് അവിടെ സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയിലൂടെത്തന്നെ മുന്നോട്ടുപോകാനുള്ള പാത ഒരുക്കി എന്നുമാത്രമേ Tiananmen Square-ന്റെ ഭാഗമായി പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഏതായാലും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചൈനയെ വാഴ്ത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഹോങ്കോങിൽ ചൈനക്കെതിരായി സമീപകാലത്ത് വലിയ പ്രക്ഷോഭങ്ങൾ നടന്നു. ഹോങ്കോങിനെ കയ്യടക്കി വച്ചിരിക്കുന്ന ചൈനയുടെ നിലപാടിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഹോങ്കോങ് എന്നത് ചൈനയുടെ ഒരു ഭാഗമാണ്. ഇത് ഞാൻ ബോധപൂർവ്വംതന്നെ പറയുന്നതാണ്. അത് എന്തുകൊണ്ടാണെന്ന് പറയാം. ചൈനയുടെ ഭാഗമാണ്. എന്നാൽ ജനകീയ ചൈന പോലെ ഒരു ജനാധിപത്യ വിപ്ലവത്തിലൂടെ രൂപപ്പെട്ട ഒരു ഭൂതലമല്ല ഹോങ്കോങ്. ഒരു കരാറിനെ അടിസ്ഥാനപ്പെടുത്തി ഹോങ്കോങ് ജനകീയ ചൈനയുടെ ഭാഗമായി വന്നുചേർന്നതാണ്. രണ്ട് രാജ്യം, രണ്ട് സമ്പദ് വ്യവസ്ഥ. മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ ഭാഗമായിട്ടാണ് ഹോങ്കോങ്. അതിനെ കമ്മ്യൂണിസ്റ്റാക്കാനൊന്നും ചൈന പുറപ്പെട്ടിട്ടില്ല. ജനകീയ ചൈന ഞാൻ നേരത്തെ പറഞ്ഞ രീതിയിലുള്ള ഭരണസംവിധാനം കൈകാര്യം ചെയ്യുകയാണ്. അപ്പോൾ ഒരു രാജ്യത്ത്, അതായത് ചൈന എന്നുപറയുന്ന ഇതെല്ലാം കൂടിച്ചേർന്ന രാജ്യത്ത് രണ്ട് വ്യവസ്ഥയാണ്. ഹോങ്കോങ് മേഖലയിൽ മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെതന്നെ ഭാഗമാണ്. മറ്റേത് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ ഭാഗമായി ഞാൻ ഈ പറഞ്ഞ പ്രത്യേകതകളോടുകൂടി മുന്നോട്ടുപോകുകയാണ്. ജനാധിപത്യപരമായ സമരങ്ങളും പ്രക്ഷോഭങ്ങളുമൊക്കെ ഉയർന്നുവരുന്നൊരു പ്രദേശം തന്നെയാണ് മുതലാളിത്ത സമൂഹത്തിന്റെ ഭാഗമായി ഇപ്പോഴും നിലനിൽക്കുന്ന ഹോങ്കോങ് പ്രദേശം. അത് ചൈനയുടെ ഭാഗമാണ് എന്നുമാത്രമേയുള്ളൂ. ചൈനയ്ക്ക് അതിൽ ഇടപെടാനുള്ള അവകാശമുണ്ട്. അവിടെ സമരവും പ്രക്ഷോഭങ്ങളുമൊക്കെ നടന്നുവരുന്നുമുണ്ട്. അതാണ് കാര്യം. ജനാധിപത്യപരമാണ് എന്നർത്ഥം. അവിടെ അധിനിവേശത്തിന്റെ പ്രശ്നമില്ല. ചൈനയുടെതന്നെ ഭാഗമാണ് ഹോങ്കോങ്. ഹോങ്കോങ് എന്നുപറയുന്ന രാജ്യത്ത് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയല്ല നിലനിൽക്കുന്നത്. അവിടെ മുതലാളിത്ത സമൂഹത്തിന്റെ ഭാഗമായി എത്രയോ നൂറ്റാണ്ടുകളായി നിലനിൽക്കുന്നൊരു സമൂഹത്തെ ഒരു സംവിധാനത്തിന്റെ ഭാഗമായി, ചൈനയുടെ ഭാഗമായിട്ട് വന്നതാണ്. രാജ്യം ഒന്നാണ്. രണ്ട് വ്യവസ്ഥയാണ്. ഒന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥയും മറ്റേത് മുതലാളിത്ത വ്യവസ്ഥയുടെ ഭാഗവുമാണ്. അതുകൊണ്ട് ചൈനയെ സംബന്ധിച്ചും ഹോങ്കോങിനെ സംബന്ധിച്ചും ഒരുപോലെയാണ് എന്നുള്ള തെറ്റിദ്ധാരണ ഉണ്ടാകേണ്ട. അങ്ങനെയല്ല എന്നതാണ് അതുസംബന്ധിച്ച് പറയാനുള്ള പ്രധാനപ്പെട്ട കാര്യം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച, ഇവിടെനിന്ന് സംസാരിച്ച ഒരു പ്രതിനിധിയെ തിരുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞൊരു കാര്യമുണ്ട്. അതായത്, ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന ആദ്യത്തെ ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ് എന്ന്. അത് ശരിയാണ്. അതിൽ തിരുത്തേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഉന്നയിച്ച ചോദ്യം അതല്ല. ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നതെന്ന് പറയുമ്പോൾ ബാക്കി പലയിടത്തും അധികാരത്തിൽ വന്നിട്ടുണ്ടല്ലോ, ആ വന്നതൊക്കെ അട്ടിമറിയിലൂടെയാണെന്ന് നിങ്ങൾതന്നെ സമ്മതിക്കുന്നു എന്നതാണ് എന്റെ വാദഗതി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, അതിന് അട്ടിമറി എന്നുള്ള പ്രയോഗം നടത്തേണ്ട കാര്യമില്ല. അത് നിങ്ങളുടെ ഭാഷയാണ്. 1957-ന് മുമ്പ് PEPSU (Patiala and East Punjab States Union)-ലാണ്, ആദ്യമായി പാർലമെന്ററി വ്യവസ്ഥ നിലനിൽക്കുന്ന മുതലാളിത്ത സമൂഹത്തിൽ കമ്മ്യൂണിസ്റ്റുകാർ ഹ്രസ്വമായ ദിവസങ്ങളിലേയ്ക്ക് അധികാരത്തിൽ വന്നത്. ഇ.എം.എസ്. തന്നെ അത് പറഞ്ഞിട്ടുണ്ട്. എന്നാൽ പാർലമെന്ററി ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന കേരളത്തിൽ, അല്ലെങ്കിൽ ഇന്ത്യയിൽ ആദ്യമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്നത് കേരളത്തിലാണ് എന്നാണ് പറഞ്ഞത്. അതാണ് അതിന്റെ അർത്ഥം. ആ പറഞ്ഞത് ശരിയുമാണ്. അപ്പോൾപ്പിന്നെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിക്കുന്നത് അതിനുമുമ്പ് അധികാരത്തിൽവന്ന രാജ്യങ്ങളുടെ സ്ഥിതിയെന്താണ് എന്നാണ്; അത് നമുക്കെല്ലാം ചരിത്രപരമായി അറിയാവുന്നതാണ്.

1917-ൽ ആദ്യവും രണ്ടാമതുമായി നടന്ന രണ്ട് വിപ്ലവത്തിലൂടെ ജനകീയ സംവിധാനത്തിന്റെ ഭാഗമായും സോഷ്യലിസ്റ്റ് രീതിയിലും നടന്നൊരു സംവിധാനമുണ്ടല്ലോ; നിലവിലുള്ള ഭരണകൂടത്തെ മാറ്റി ഒരു പുതിയ ഭരണകൂടത്തെ പകരം വയ്ക്കുന്ന പ്രക്രിയയെയാണ് വിപ്ലവം അല്ലെങ്കിൽ സാമൂഹ്യ വിപ്ലവം എന്നുപറയുന്നത്. നിലവിലുണ്ടായിരുന്ന കൊസാക്കുകളുടേയും ഏറ്റവും വലിയ ഭൂപ്രഭുക്കന്മാരുടേയും ഭരണസംവിധാനത്തിന് നേതൃത്വം കൊടുത്തുകൊണ്ടിരുന്ന അന്നത്തെ സാഡിസ്റ്റ് ഭരണകൂട സംവിധാനത്തെ മാറ്റി ലെനിന്റെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും ഉജ്ജ്വലമായൊരു പോരാട്ടത്തിലൂടെയാണ് 'സോവിയറ്റ് റഷ്യ' എന്ന പുതിയ രാജ്യം സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ പറയുന്നതുപോലെ ബാലറ്റ് പേപ്പർ കൊണ്ടൊന്നുമല്ല; അതുകൊണ്ട് ബാലറ്റ് പേപ്പറിലൂടെ എന്നുപറഞ്ഞ് മുതലാളിത്ത സമൂഹത്തിന്റെ ഭാഗമായി ഒരു സമൂഹത്തിൽ നടന്ന തെരഞ്ഞെടുപ്പിനെയാണ് അങ്ങനെ സൂചിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ഉജ്ജ്വലമായ പോരാട്ടങ്ങളിലൂടെയും സമരങ്ങളിലൂടെയും നിലവിലുള്ള ഭരണകൂടത്തെതന്നെ മാറ്റി ഒരു പുതിയ ഭരണകൂടത്തെ സ്ഥാപിച്ചാണ് 'സോവിയറ്റ് റഷ്യ' രൂപപ്പെട്ടത്, അതാണ് ലെനിന്റെ

നേതൃത്വത്തിൽ ചെയ്തിട്ടുള്ളത്. ഭരണകൂട സംവിധാനത്തിന്റെ ഭാഗമായി അവിടെ വന്ന മാറ്റമാണ്; ഭരണകൂട സംവിധാനത്തിൽ തന്നെ വന്ന മൗലികമായ മാറ്റമാണ്. അതാണ് സാമൂഹിക വിപ്ലവമെന്ന് പറയുന്നത്. കേരളത്തിലെ ഗവൺമെന്റിന്റെ ഭാഗമായി വന്ന മാറ്റം യഥാർത്ഥത്തിൽ ഭരണകൂട ഘടനയിൽ വന്ന മാറ്റമല്ല; സാമൂഹിക വിപ്ലവമല്ല; വിപ്ലവകരമായൊരു പ്രവർത്തനവുമല്ല. അധികാരത്തിൽ ഒരു ഗവൺമെന്റ് മാറിയിരിക്കുന്നു. ഗവൺമെന്റ് മാറിയതുകൊണ്ട് മാത്രം ഈ ഭരണകൂട സംവിധാനത്തിന്റേതല്ലാത്ത ഒന്നാണ് ഈ ഗവൺമെന്റ് സംവിധാനമെന്ന് പറയാൻ സാധിക്കില്ല. അതിന്റെ ഭാഗമായി നിൽക്കുകയാണ്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി തുടരുകയാണ്. അന്നും ഇന്നും അതുതന്നെയാണ്. അതാണ് അത് സംബന്ധിച്ചുള്ള കാഴ്ചപ്പാട്. ബില്ലിനോടെല്ലാവരും പൊതുവായി സ്വീകരിച്ച സമീപനം തീർച്ചയായും ക്രിയാത്മകമാണ്. ആ നിലപാടിനെ തീർച്ചയായും സ്വാഗതം ചെയ്യുകയാണ്. അവരോടെല്ലാം ഈ ബില്ല് പാസാക്കിത്തരണമെന്ന അഭ്യർത്ഥനതന്നെയാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

ബില്ലിന്റെ പേര് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിലും ചർച്ച ചെയ്തു. ഇവിടെ ചർച്ച ചെയ്തപ്പോൾ മറുപടിയായി ഞാൻ പറഞ്ഞത് സബ്ജക്ട് കമ്മിറ്റിയിൽ ഒന്നുകൂടി പരിശോധിക്കാമെന്നാണ്. ഇവിടെ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന് മഹാത്മാഗാന്ധിയുടെ പേര് എന്തുകൊണ്ട് ഒഴിവാക്കപ്പെടുന്നു എന്നുള്ള കാര്യം സംബന്ധിച്ച് വീണ്ടും മുൻപ്രതിപക്ഷ നേതാവ് സംസാരിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. നഗരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അയ്യൻകാളി പദ്ധതി കൂടി ചേർത്തുകൊണ്ടാണ് നമ്മുടെ ക്ഷേമനിധി. അതുകൊണ്ട് രണ്ടും കൂടി ചേർക്കണമെന്ന അഭിപ്രായവും വന്നിരുന്നു. പൊതുവേ ചർച്ച ചെയ്തപ്പോൾ പൊതുവായി അംഗീകാരം കിട്ടിയത് ഇന്നത്തെ പേര് തന്നെ മതി എന്നുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മഹാനായ അയ്യൻകാളി എന്നുപറയുന്നത് കേരള സമൂഹത്തിന് ഒരിക്കലും മറക്കാൻ പറ്റാത്ത ആളാണ്. 'വില്ലുവണ്ടി സമരം' നടത്തി നമ്മുടെ സാമൂഹ്യ വിപ്ലവത്തിന് ആദ്യമായി കൊടി ഉയർത്തിയത് മഹാനായ അയ്യൻകാളിയാണ്. ഒരു രാഷ്ട്രത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ചത് മഹാത്മാഗാന്ധിയാണ്. അങ്ങനെയാണെങ്കിൽ മഹാത്മാഗാന്ധിയുടെയും അയ്യൻകാളിയുടെയും പേര് ഇതിൽ ചേർക്കുന്നതിൽ എന്താണ് തെറ്റ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, രണ്ടും പരിശോധിച്ചപ്പോൾ അയ്യൻകാളിയെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഞാൻ അന്നുതന്നെ പറഞ്ഞല്ലോ; ഗാന്ധിയെ മഹാനായ ഗാന്ധിയെന്ന് നമ്മൾ

തന്നെയല്ലേ പറഞ്ഞിരിക്കുന്നത്. കോൺഗ്രസ്സുകാർ ഉൾപ്പെടെ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവല്ലെന്ന് പറഞ്ഞപ്പോൾ നിങ്ങളാരും മിണ്ടിയില്ലല്ലോ; അത് കഴിഞ്ഞ പ്രാവശ്യം തന്നെ ഞാൻ വിശദീകരിച്ചതാണ്. മഹാത്മാഗാന്ധിയെ ഇന്ത്യയുടെ മഹാത്മാവായിട്ടും രാഷ്ട്രപിതാവായിട്ടും തന്നെയാണ് ഞങ്ങളൊക്കെ അംഗീകരിക്കുന്നത്. അതിലൊന്നും ഞങ്ങൾക്കാർക്കും തർക്കമില്ല. മഹാത്മാഗാന്ധിയുടെ പേരിൽ വരുന്നതുകൊണ്ടാണിങ്ങനെയുണ്ടാകുന്നത്. എന്തെങ്കിലും പ്രശ്നമുണ്ടാകുകയെന്ന ഒരു തെറ്റിദ്ധാരണയും ഞങ്ങൾക്കില്ല. കേരളത്തിന്റെ ചരിത്രത്തിൽ, അതിന്റെ രാഷ്ട്രീയ ഭൂപടത്തിൽ ഏറ്റവും വലിയ അധഃസ്ഥിത ജനവിഭാഗങ്ങളെ സംഘടിപ്പിച്ച് ആദ്യമായി പണിമുടക്കിയ, ഒരു പണിമുടക്ക് സമരം നടത്തിയ, അതിനുവേണ്ടി കർഷകത്തൊഴിലാളികളായ പട്ടികജാതി വിഭാഗങ്ങളെ അണി നിരത്തിയ ഈ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മഹാൻ ആരാണ് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരം മാത്രമേയുള്ളൂ. അത് അയ്യൻകാളി തന്നെയാണ്. അതിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഗാന്ധിജിയെ അങ്ങ് അംഗീകരിച്ചതിൽ സന്തോഷമുണ്ട്. പഴയകാല കമ്മ്യൂണിസ്റ്റുകാർ ഗാന്ധിജിയെ അംഗീകരിച്ചിട്ടില്ല. വാർധയിലെ കള്ളനാണെന്നാണ് അന്നത്തെ കമ്മ്യൂണിസ്റ്റുകാർ ഗാന്ധിജിയെപ്പറ്റി പറഞ്ഞത്. പക്ഷേ, പത്തുവർഷം കഴിയുമ്പോഴും നിങ്ങൾ പറഞ്ഞ കാര്യങ്ങൾ തിരുത്തുമെന്നുള്ളതുകൊണ്ട് ഇപ്പോൾ നിങ്ങളിങ്ങനെ പറയുന്നതിൽ സന്തോഷമുണ്ട്. 1947-ൽ സ്വാതന്ത്ര്യം കിട്ടിയെന്ന് പറഞ്ഞപ്പോൾ അന്ന് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞതെന്താണ്, വെളുത്ത സായിപ്പിന്റെ കയ്യിൽ നിന്നും കറുത്ത സായിപ്പിന്റെ കയ്യിൽ അധികാരം വന്നു. അതുകൊണ്ട് വഞ്ചനാദിനമായി ആചരിക്കണമെന്ന് പറഞ്ഞു. ഇപ്പോൾ ഞങ്ങളേക്കാൾ ആവേശത്തോടുകൂടി നിങ്ങളാണ് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്. തെറ്റിയാൽ തിരുത്തുന്നത് സന്തോഷമുള്ള കാര്യമാണ്. പക്ഷേ, ഇവിടെ മഹാത്മാഗാന്ധിയുടെ പേരിലുള്ളത് തൊഴിലുറപ്പ് പദ്ധതിയാണ്. അയ്യൻകാളി പദ്ധതി നഗരങ്ങളിൽ നടപ്പാക്കുന്നു. ഇതു രണ്ടുംകൂടി കൂട്ടിച്ചേർത്താൽ എന്ത് അപാകതയാണ് ഉണ്ടാകുന്നതെന്ന് മനസ്സിലാകുന്നില്ല. മന്ത്രി അത് സംബന്ധിച്ച് വിശദീകരിക്കണം.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, അതാണ് ഞാൻ പറഞ്ഞത്, ഈ രണ്ടും ചേർത്ത് കേരള എന്ന് പ്രയോഗിച്ചാൽ മതിയെന്നുള്ളതാണ് പറഞ്ഞുവച്ചിട്ടുള്ളത്. അതുകൊണ്ട് പേരിൽ മാറ്റം വരുത്തേണ്ടതില്ല എന്നാണ് കാണേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് പറഞ്ഞത് ഇപ്പോൾ സ്വാതന്ത്ര്യത്തെ അംഗീകരിച്ചുവെന്നാണ്. ഞങ്ങൾ ഇപ്പോഴൊന്നുമല്ല അംഗീകരിച്ചത്. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടുന്ന സന്ദർഭത്തിൽ

ആ സ്വാതന്ത്ര്യത്തിന്റെ ഭാഗമായിട്ടുള്ള ദേശീയ പതാക ഉയർത്തുന്നത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അന്നത്തെ ഏറ്റവും പ്രമുഖ നേതാവായിരുന്ന സഖാവ് എ.കെ.ജി. ആയിരുന്നു. അന്ന് അദ്ദേഹം കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു. കണ്ണൂർ സെൻട്രൽ ജയിലിൽ സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി പതാക ഉയർത്തിയത് സഖാവ് എ.കെ.ജി. ആയിരുന്നു എന്നുള്ള കാര്യം മറക്കണ്ട; ഒരു സംശയവും നിങ്ങൾക്ക് വേണ്ട. ഇൻഡ്യയിൽ അങ്ങോളമിങ്ങോളമുള്ള കമ്മ്യൂണിസ്റ്റുകാർ 1947 ആഗ്സ്റ്റ് 15-ന് സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി പതാക ഉയർത്തിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞുവന്നതിന്റെ അർത്ഥം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 1947 ആഗസ്റ്റ് 15-ലെ കാര്യം പറഞ്ഞു. അതിനുശേഷം കൽക്കത്ത തീസിസ്-ന്റെ (രണദിവെ തീസിസ്) അടിസ്ഥാനത്തിൽ സ്വാതന്ത്ര്യം കിട്ടിയില്ലെന്ന് പറഞ്ഞ് ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ഉൾപ്പെടെ ആക്രമിച്ചതിന്റെ കാരണമെന്താണ്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, സ്വാതന്ത്ര്യമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇന്ന് കിട്ടിയ സ്വാതന്ത്ര്യമാണെന്ന് അന്നും ഇന്നും ഞങ്ങൾ ധരിക്കുന്നില്ല. പറഞ്ഞുപോകുമ്പോൾ ഓരോന്നിലേയ്ക്ക് കടക്കുകയാണ്. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് രാജ്യം പ്രതീക്ഷിച്ചത് ഈ സ്വാതന്ത്യം മാത്രമല്ല. ദേശീയ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ബ്രിട്ടീഷ് സാമ്രാജ്യത്വം ഇൻഡ്യവിട്ട് പോകുമ്പോൾ ഇൻഡ്യയിൽ കോൺഗ്രസുകാർ തന്നെ മുന്നോട്ടുവച്ചിരുന്ന ജനാധിപത്യ വിപ്ലവത്തിന്റെ മുദ്രാവാക്യം ഉണ്ടായിരുന്നു. ആ ജനാധിപത്യ വിപ്ലവത്തിന്റെ മുദ്രാവാക്യമെന്ന് പറയുന്നത് ഭൂപ്രഭുത്വം അവസാനിപ്പിക്കുമെന്നുള്ളതാണ്. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം, ജവഹർലാൽ നെഹ്റു അധികാരത്തിൽ വന്നതിനുശേഷം, ഭൂപ്രഭുത്വം ഇന്നേവരെ അവസാനിപ്പിച്ചോ; ജനാധിപത്യവിപ്ലവത്തിന്റെ കടമ നിങ്ങൾ പൂർത്തീകരിച്ചോ? ഇതേവരെ പൂർത്തീകരിച്ചിട്ടില്ല. അങ്ങനെയുള്ളൊരു സാഹചര്യത്തിൽ 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ് മുന്നോട്ടേയ്ക്ക് പോകുമ്പോൾ ഇതൊന്നും കിട്ടുന്നില്ലെന്നൊരു അവസ്ഥ വന്നപ്പോഴാണ് സി.പി.ഐ. (അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി) കൽക്കത്ത സമ്മേളനത്തിൽ, ഈ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ നമ്മൾ ഉദ്ദേശിച്ചതുപോലെ പൂർണ്ണമായിട്ടില്ലെന്ന അർത്ഥത്തിൽ നിലവിലുള്ള ഭരണകൂടത്തിനെതിരായി വമ്പിച്ച പോരാട്ടവും സമരവും നടത്തണമെന്ന് പാർട്ടി കോൺഗ്രസ് തീരുമാനിച്ചത്. അതിൽ രണ്ട് പിശക് പറ്റിയിട്ടുണ്ടെന്ന് ഞങ്ങൾ അന്നും ഇന്നും സമ്മതിച്ചിട്ടുണ്ട്. കൽക്കത്ത തീസിസ് നിങ്ങൾ പറയുന്നതാണ്, കൽക്കത്ത തീസിസ് നിങ്ങൾ പറയുന്നതിന്റെ

അടിസ്ഥാനത്തിൽ മാത്രമേയുള്ളൂ. ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റിനുള്ള സ്വാധീനത്തെ അന്ന് വിലകുറച്ചു കണ്ടു, ഞങ്ങൾക്കുണ്ടായിരുന്ന സ്വാധീനത്തെ ഞങ്ങൾ പെരുപ്പിച്ചു കണ്ടു. ഈ രണ്ട് കാര്യമാണുണ്ടായത്, ഇതു രണ്ടും ഞങ്ങൾക്ക് വേഗം മനസ്സിലായി. അത് രണ്ടും മനസ്സിലായപ്പോൾ വേഗംതന്നെ തിരുത്തി ശരിയായ രീതിയിലേയ്ക്ക് മുന്നോട്ടുപോയി. അപ്പോഴും ഞങ്ങൾ ദേശീയ സ്വാതന്ത്ര്യത്തെ അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഒന്നാംഘട്ടം സ്വാതന്ത്ര്യത്തിന്റേതാണ്. അപ്പോൾ ഒന്നാമത്തെ ദേശീയ സ്വാതന്ത്ര്യത്തിന്റെ ഘട്ടം കഴിഞ്ഞിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യത്തിന്റെ ഘട്ടം പൂർത്തിയായിട്ടുണ്ട്, രണ്ടാമത്തെ ഘട്ടം ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടമാണ്; അത് നിങ്ങൾ പൂർത്തിയാക്കേണ്ടതായിരുന്നു, നിങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ആ ചുമതല ഞങ്ങൾ നിർവ്വഹിക്കുന്നുവെന്ന് മാത്രമെ പറയുന്നുള്ളൂ. ഇത് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടമാണെന്ന് നിങ്ങളാരും തെറ്റിദ്ധരിക്കേണ്ട.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, (...മൈക്ക് ഓഫ്....) ഐഡിയോളജിക്കൽ ക്ലാരിറ്റി വേണ്ടതല്ലേ?

<u>മി. സ്പീക്കർ</u>: എല്ലാ ക്ലാരിറ്റിയും ഇന്നുതന്നെ വേണമെന്ന് നിർബന്ധിക്കേണ്ട, നമുക്ക് സമയത്തിന്റെ പരിമിതിയുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: ഞാൻ പറഞ്ഞത് ഒന്നാമത്തെ ഘട്ടം ദേശീയ സ്വാതന്ത്ര്യമാണ്; അത് കിട്ടി. രണ്ടാമത്തെ ഘട്ടമെന്ന് പറയുന്നത് ജനാധിപത്യ വിപ്ലവത്തിന്റെ ഭാഗമായ ഭ്രപ്രഭുത്വം അവസാനിപ്പിക്കലാണ്, അത് നടന്നിട്ടില്ല. ആ കടമ ഞങ്ങൾക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് കൃത്യമായി ഞങ്ങൾ കണ്ടു, അതാണ് ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടം. മൂന്നാമത്തെ ഘട്ടമാണ് സോഷ്യലിസത്തിലേയ്ക്കുള്ള യാത്ര. അതായത് ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ ഇന്ത്യയിൽ ഉന്നയിച്ച ഞങ്ങളുടെ ലക്ഷ്യമായി കാണുന്നത് സോഷ്യലിസ്റ്റ് വിപ്ലവമല്ലായെന്ന പച്ച മലയാളമാണ് ഞാൻ പറഞ്ഞുവന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങയിൽനിന്ന് പ്രത്യയശാസ്ത്ര വ്യക്തത തേടാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ താൽപ്പര്യപ്പെടുന്നുണ്ട്. അതിൽ സന്തോഷമുണ്ടെങ്കിലും എനിക്ക് അത്രയും സമയം അനുവദിക്കാൻ നിർവ്വാഹമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സമയംകിട്ടുമ്പോൾ ഇക്കാര്യത്തെപ്പറ്റി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നമുക്ക് ഒരു സ്റ്റഡി ക്ലാസെടുത്ത് നൽകുന്നത് നന്നായിരിക്കും.

മി. സ്പീക്കർ: അത് പ്രായോഗികമായ ഒരു നിർദ്ദേശമാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടതെന്ന് ഞങ്ങൾ കാണുന്ന ആ ദൗത്യം നിർവ്വഹിക്കാനാണ് ഞങ്ങൾ പുറപ്പെടുന്നതെന്ന് മാത്രമെ ഞാൻ പറഞ്ഞുവന്നിട്ടുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങനെയൊരു സാഹചര്യത്തെക്കുറിച്ച് ആലോചിക്കുന്ന നിങ്ങൾ, അവസാനം വേൾഡ് ബാങ്കിനെ ആശ്രയിക്കാൻ ശ്രമിച്ചുവോ? നിങ്ങൾ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിനെ ആശ്രയിക്കാൻ ശ്രമിച്ചുവോ? ലോകത്തെ ഏറ്റവും വലിയ പ്രഭുക്കന്മാരെ വിളിച്ചു വരുത്തുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചോ? കോടീശ്വരന്മാർ അവരാണ് നമ്മുടെ സഹായികൾ എന്നൊരു മട്ടിൽ, വാക്കാൽ പറഞ്ഞില്ല; പ്രവർത്തനംകൊണ്ട് അത് തെളിയിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൽ ഏത് അംശം വച്ചാണ് അങ്ങ് പറയുന്ന ലക്ഷ്യത്തിലേയ്ക്ക് പോകുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഞാൻ ഇപ്പോൾ ഇത് വിശദീകരിക്കാൻ പുറപ്പെട്ടാൽ ഒരുപാട് സമയം വിശദീകരിക്കാൻ വേണ്ടിവരും.

മി. സ്പീക്കർ: 1500 -ലധികം ഭേദഗതികളുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഇതിൽ ഒരു കാര്യം ഞാൻ പറയാം, എ.ഡി.ബി., എ.ഡി.ബി. എന്ന് അവിടെ നിന്നും ഇവിടെ നിന്നും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായിട്ട് വ്യക്തത വരുത്തിയ ഒരു കാര്യമാണ്. രാഷ്ട്രവിരുദ്ധമായ കെട്ടുപാടുകളുള്ള, ജനവിരുദ്ധമായ മൂലധനമല്ലാത്ത, എത് തരത്തിലുള്ള സഹായവും രാജ്യത്തിന് അനുകൂലമാണെങ്കിൽ ഉപയോഗിക്കാമെന്നാണ് ഞങ്ങൾ തീരുമാനിച്ചത്, ഇനി അതിൽ ക്ലാരിറ്റിക്ക് കുറവൊന്നുമില്ലല്ലോ; അത് ഉപയോഗിച്ചുകൊണ്ടാണ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നത്. ഇന്നലെ ശ്രീ. പി. രാജീവ് ഉൾപ്പെടെ പറഞ്ഞതിനകത്തൊക്കെ ഇത് കാണുന്നുണ്ട്. ഇപ്പോൾ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2500 കോടി രൂപയുടെ സഹായം ലഭിക്കാൻ പോകുന്നത് ലോക ബാങ്കിന്റെ ഭാഗമായിട്ടാണ്. അതിന് ചരടുകളൊന്നുമില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ഫലപ്രദമായി ഖരമാലിന്യ സംസ്കരണത്തിന് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. അത് വാങ്ങാമെന്നാണ് കണ്ടിട്ടുള്ളത്, അതിന് ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകളൊന്നും എതിരായിട്ടുള്ളതല്ല. ശരിയായ നിലപാടിന് അനുകൂലമായിട്ടുള്ളതാണ്.

ശ്രീ. എം. വിൻസെന്റ്: മഹാത്മാ ഗാന്ധിയുടേയും, മഹാത്മാ അയ്യങ്കാളിയുടേയും പേര് ഉൾപ്പെടുത്താൻ പറ്റുമോ ഇല്ലയോ എന്നതാണ് ചോദ്യം. അത് ഉൾപ്പെടുത്തിയാൽ എന്ത് പോരായ്മയാണ് ഈ ക്ഷേമനിധി ബില്ലിനുള്ളത്?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഇവിടെ വന്ന ചർച്ചയുടെ ഭാഗമായി പറഞ്ഞതിനെല്ലാം ഞാൻ കൃത്യമായി മറുപടി പറഞ്ഞു. ഇതിൽ മാറ്റം വരുത്താതെ തുടരാമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കന്മാരെല്ലാം ചൂണ്ടിക്കാണിച്ച കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൊതുവായി അംഗീകരിച്ചുകൊണ്ടുള്ളതാണ്. അത് വളരെ സന്തോഷകരമാണ്. ഗവൺമെന്റ് ഒരുപാട് പ്രവൃത്തികൾ അവരെ ഏൽപ്പിച്ചുകൊടുത്തുവെന്നാണ്, അത് അങ്ങനെയല്ല കാണേണ്ടത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് കേരളത്തിൽ നല്ല നിലയിലുള്ള ജനകീയ അംഗീകാരം വാങ്ങിയിട്ടുള്ള സംസ്ഥാനത്തെ പ്രാദേശിക ഗവൺമെന്റുകളായി മാറിയിട്ടുണ്ട്. ആ പ്രാദേശിക ഗവൺമെന്റുകൾ ഫലപ്രദമായി ജനങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് എല്ലാ മഹാമാരിയിലും, അതിനുമുൻപുള്ള പ്രളയഘട്ടത്തിലുമൊക്കെ സജീവമായി ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിച്ചിട്ടുണ്ട്. അതിന്റെ അംഗീകാരം ചെറുതല്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ വളരെ ആവേശത്തോടുകൂടിയാണ് ഞാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിട്ടുണ്ട്, ഞാൻ ജില്ലാ പഞ്ചായത്ത് അംഗമായിട്ടുണ്ട്, കൗൺസിലിൽ അംഗമായിട്ടുണ്ട് എന്നെല്ലാം പറയുന്നത്. സത്യം പറഞ്ഞാൽ കുറച്ച് ആവേശത്തോടുകൂടിയാണ് അവരത് അനുസ്മരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ആർജ്ജിക്കാൻ കഴിഞ്ഞ ജനകീയ അംഗീകാരത്തിന്റെ പ്രതിഫലനമെന്ന രീതിയിൽ താഴെ നടപ്പിലാക്കേണ്ടുന്ന ഏത് പദ്ധതി വന്നാലും ദിവസവും യോഗം ചേരേണ്ടിവരുന്നു, പരിപാടി ആസൂത്രണം ചെയ്യേണ്ടിയും വരുന്നു. കുറെയൊക്കെ ശരിയായിരിക്കും, എന്ത് പരിപാടി ആസൂത്രണം ചെയ്യേണ്ടി വരുമ്പോഴും അതെല്ലാം നടപ്പിലാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തന്നെയാണ്. ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മുഖാന്തരമല്ലേ എല്ലാ പ്രായോഗിക പ്രവർത്തനങ്ങളും താഴെ നടപ്പിലാക്കുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും അതിനോടൊപ്പം ചേർന്നുകൊണ്ട്, വെള്ളം കടക്കാത്ത അറ എന്ന രീതിയിലല്ല, പരസ്പരം എല്ലാപേരും ചേർന്നുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് കേരളത്തിൽ രൂപപ്പെടാനുദ്ദേശിക്കുന്നത്, രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വം നിർവ്വഹിക്കാനുണ്ട്. ആ ഉത്തരവാദിത്വം നിർവ്വഹിച്ച് മുന്നോട്ടേയ്ക്ക് പോകുന്നുവെന്നുള്ളത് തന്നെയാണ് പ്രധാനപ്പെട്ട കാര്യം. ഗവൺമെന്റിന് ഏത് ദുർഘടം പിടിച്ച പ്രശ്നങ്ങളും, അല്ലെങ്കിൽ അതുപോലുള്ള സംഭവങ്ങൾ ഏൽപ്പിക്കാൻ

കഴിയുന്ന, വിശ്വസ്തതയോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുമെന്ന് ഉറപ്പുള്ള ഒരു പാരമ്പര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപപ്പെട്ടു വന്നുവെന്നാണ് അതിന്റെ അർത്ഥം. അവരെ ഏതെങ്കിലും രീതിയിൽ മോശമാക്കേണ്ട കാര്യമില്ല. ഫണ്ട് നൽകുന്നില്ലെന്നത് തികച്ചും തെറ്റായ വിശദീകരണമാണ്. കഴിഞ്ഞ പ്രാവശ്യം അത് വ്യക്തമാക്കിയതാണ്. അതിലെ കണക്കുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതുവരെ കൊടുത്തതിൽ ഏറ്റവും കൂടുതൽ ഫണ്ട് കൊടുത്തത് ഈ വർഷമാണ്. എല്ലാ സാമ്പത്തിക പ്രതിസന്ധിയും പ്രശ്നങ്ങളും ഉള്ളപ്പോഴും കൃത്യമായി പ്ലാൻ ഫണ്ട് കൂടുതൽ കൊടുക്കാൻ ഇപ്രാവശ്യവും സാധിച്ചിട്ടുണ്ട്. അതിൽ ഒരു സംശയവും ആർക്കും ഉണ്ടാകേണ്ടതില്ല. നല്ലതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട ഫണ്ട് കൊടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. ഇതിനൊക്കെ ഓരോന്നിനും പ്രത്യേകം പ്രത്യേകം ഉത്തരവാദിത്വം നിർവ്വഹിക്കാൻ വേണ്ടി ചുമതലപ്പെടുത്തുന്നുവെന്നുള്ളതാണ്. ഇവിടെ വീടിന്റെ കാര്യം പറഞ്ഞപ്പോൾ ഒരു ചാൻസും കിട്ടുന്നില്ലെന്ന് പറഞ്ഞു. അത് ശരിയായ നിലപാടല്ല. ലൈഫ് പദ്ധതിയുടെ ഭാഗമായി വീടില്ലാത്തവർക്ക് വീട് നൽകണമെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ, നിങ്ങൾക്ക് എത്രയാണോ ആളുണ്ടാകുക അവർക്ക് വീടുവയ്ക്കണമെന്നുള്ളത് ഒരു നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് നടപ്പിലാക്കേണ്ടത്. അതാത് പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും ഭവനരഹിതരായ ആളുകൾക്ക് വീട് കൊടുക്കാൻ വേണ്ടിയല്ലേ? പിന്നെ വീടില്ലെന്ന് പറഞ്ഞാൽ എന്താണ് കാര്യം, അങ്ങനെ വീട് കൊടുക്കുകയില്ലെന്നല്ല പറഞ്ഞത്. ഇനിയും ഈ ഗവൺമെന്റിന്റെ 5 വർഷത്തിനിടയിൽ 5 ലക്ഷം ആളുകൾക്ക് വീട് കൊടുക്കുമെന്നുള്ളതാണ്. രണ്ടേമുക്കാൽ ലക്ഷം ആളുകൾക്ക് കഴിഞ്ഞ പ്രാവശ്യം വീട് കൊടുത്തിട്ടുണ്ട്. ഇപ്രാവശ്യം അതിന്റെ ഇരട്ടിയാണ് ലക്ഷ്യം വയ്ക്കുന്നത്. ഏതാണ്ട് 5 ലക്ഷം ആളുകൾക്ക് വീടുകൊടുക്കുമെന്നാണ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നമ്മൾ തീരുമാനിച്ചിരുന്നത്. 10000 ആളുകൾക്ക് വീട് കൊടുക്കുമെന്ന് പറഞ്ഞു. 12067 പേർക്ക് വീട് കൊടുത്തു. അപ്പോൾ ചെറുതല്ല, നമ്മൾ എവിടെയാണ് വീട് കൊടുത്തതെന്ന് ചോദിക്കുന്നുണ്ട്, അതിനാണ് ഞാൻ ഉത്തരം പറയുന്നത്. പ്രസ്തുത പരിപാടി സംസ്ഥാനാടിസ്ഥാനത്തിൽ ഉദ്ഘാടനം ചെയ്യുമ്പോൾ 12067 വീടുകളുടെയും താക്കോൽദാനം നിർവ്വഹിക്കുകയും അതാത് വീടുകൾ ലഭ്യമായ ആളുകളുടെ സന്തോഷം പങ്കുവയ്ക്കുന്ന നിലയുമുണ്ടായി. ഇത് ചെറിയ കാര്യമല്ല. അതുകൊണ്ട് വീട് കൊടുക്കാൻ സാധിക്കില്ല എന്നുപറയരുത്. ഇക്കൊല്ലംതന്നെ എൺപതിനായിരത്തിലധികം വീടുകൾ ഇനിയും കൊടുക്കേണ്ടതുണ്ട്, കൊടുക്കുകതന്നെ ചെയ്യും. അടുത്ത കൊല്ലം വീണ്ടും ഒരു ലക്ഷം വീടുകൾ നൽകും. അപ്പോൾ അഞ്ച് ലക്ഷം ആളുകൾക്ക് വീട് കൊടുക്കുകയെന്ന ലൈഫ് പദ്ധതിയുടെ

പ്രധാനപ്പെട്ട ലക്ഷ്യം പൂർത്തിയാക്കാൻ സാധിക്കത്തക്ക രീതിയിൽ മുമ്പോട്ടേയ്ക്കുവന്നാൽ ഒരു ഗ്രാമപഞ്ചായത്തിലും ഒരു മണ്ഡലത്തിലും വീടില്ലാത്ത ഒരാളും അവശേഷിക്കാത്ത രീതിയിൽ കാര്യം നിർവ്വഹിക്കാൻ സാധിക്കും എന്നതന്നെയാണ് ലൈഫ് പദ്ധതിയെ സംബന്ധിച്ച് വിമർശനാത്മകമായി സംസാരിച്ച ആളുകളോട് പറയാനുള്ളത്. തൊഴിലുറപ്പ് കൂലിയെ സംബന്ധിച്ച് ചർച്ചയിൽ പറയുകയുണ്ടായി, തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലാണ് ഏറ്റവും കുറഞ്ഞ കൂലി വ്യവസ്ഥയുള്ളതെന്ന തെറ്റിദ്ധാരണ വരാൻ സാദ്ധ്യതയുള്ള ഒരു കാര്യം ഇവിടെ പറയുകയുണ്ടായി. അതിൽ ഒരു കാര്യം ശരിയാണ്. കഴിഞ്ഞ പ്രാവശ്യം തൊഴിലുറപ്പ് പദ്ധതിയിലെ കൂലി പുതുക്കിയ സന്ദർഭത്തിൽ കേരളത്തിലെ കൂലി കേന്ദ്രഗവൺമെന്റ് പുതുക്കിയില്ല. വമ്പിച്ച രീതിയിലുള്ള ആക്ഷേപത്തിന് ഇത് ഇടവരുത്തി. ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിന്റെ കൂലിമാത്രം അന്ന് പുതുക്കാതിരുന്നു. നമ്മുടെ അന്നത്തെ കൂലി 291 രൂപയായിത്തന്നെ തുടർന്നു. ഈ കൂലി പുതുക്കണമെന്ന് വളരെ ശക്തിയായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. എന്നാൽ 291 രൂപയാണ് ഏറ്റവും കുറഞ്ഞ കൂലിയെന്ന തെറ്റിദ്ധാരണ വേണ്ട. കേരളത്തിലേത് ഇപ്പോഴും 291 രൂപതന്നെയാണ്. ഇത് ലക്ഷദ്വീപിൽ 266 രൂപയും കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിൽ 269 രൂപയും രാജസ്ഥാനിൽ 221 രൂപയും മഹാരാഷ്ട്രയിൽ 248 രൂപയും പ്രധാനമന്ത്രിയുടെ ഗുജറാത്തിൽ 229 രൂപയും കർണ്ണാടകത്തിൽ 289 രൂപയും തമിഴ്നാട്ടിൽ 273 രൂപയുമാണ്. കേരളത്തിൽ യഥാർത്ഥത്തിൽ കഴിഞ്ഞ പ്രാവശ്യത്തെ കൂലിയായ 291 രൂപതന്നെയാണുള്ളത്. കേന്ദ്രം ഇതുവരെയും അത് വർദ്ധിപ്പിക്കാൻ സമ്മതിച്ചിട്ടില്ല, അത് ഇനിയും വർദ്ധിപ്പിക്കേണ്ടതാണെന്നാണ് നമ്മുടെ അഭിപ്രായം. അക്കാര്യത്തിൽ നമുക്കൊരുമിച്ച് മുമ്പോട്ടുപോകുന്നതിൽ പ്രതിപക്ഷത്തിനോ ഭരണപക്ഷത്തിനോ യാതൊരു തർക്കവുമുണ്ടാകേണ്ടതില്ല. കൂലി കൂടുതലുള്ളത് രണ്ട് സ്ഥലത്തുമാത്രമാണ്, ഹരിയാനയിൽ 315 രൂപയും ഗോവയിൽ 294 രൂപയുമാണ്. ഈ രണ്ട് സ്ഥലങ്ങളിലൊഴികെ ബാക്കിയെല്ലായിടത്തുള്ളതിനെക്കാളും മുമ്പിൽ നമ്മൾ തന്നെയാണുള്ളത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: കേരളത്തിൽ ഒരു സാധാരണ തൊഴിലാളിയുടെ ഒരു ദിവസത്തെ കൂലി 800 രൂപയാണ്. ബംഗാളിലും മഹാരാഷ്ട്രയിലുമൊക്കെ തൊഴിലാളികളുടെ പ്രതിദിന കൂലി ഇപ്പോഴും 300 രൂപയാണ്. അതുകൊണ്ട് തൊഴിലുറപ്പിൽ അവർക്ക് സാധാരണ വരുമാനത്തിന്റെ പകുതിയോളം തുക ലഭ്യമാകുന്നുണ്ട്, എന്നാൽ കേരളത്തിൽ പ്രതിദിന കൂലിയുടെ നാലിലൊന്ന് മാത്രമാണ് ലഭിക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. തൊഴിലുറപ്പുകൂലി മിനിമംകൂലിയായി മാറ്റിക്കൊടുക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. കേരളത്തിലെ കർഷകത്തൊഴിലാളിക്ക് 700 മുതൽ 900 രൂപവരെ ഇന്ന് കൂലിയുണ്ട്. ആ കൂലി വെറുതെ വന്നതല്ല, കൂലി വർദ്ധനവ് വെറുതെയുണ്ടായതാണെന്ന തെറ്റിദ്ധാരണ കേരളത്തിൽ വേണ്ട. കേരളത്തിലൊഴിച്ച് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നും കൂലി വർദ്ധനവില്ലാത്തത് എന്തുകൊണ്ടാണ്? കേരളത്തിൽ ഇത്രയുംവലിയ കൂലി ലഭ്യമായതിന്റെ പശ്ചാത്തലമാണ് ഞാൻ പറഞ്ഞുവരുന്നത്. 1957-ൽ അന്നത്തെ ഗവൺമെന്റിന്റെ പോലീസ് നയത്തിൽ ഒരു കാര്യം വ്യക്തമായി ചൂണ്ടിക്കാണിച്ചിരുന്നു. ഇതുവരെ ഇടപെട്ടതുപോലെ ജന്മിമാരുടെയോ, മുതലാളിമാരുടെയോ ആവശ്യങ്ങൾക്കുവേണ്ടി തൊഴിലാളികളെയോ കൃഷിക്കാരെയോ കടന്നാക്രമിക്കുന്ന നിലപാട് സ്വീകരിക്കുന്ന പ്രശ്നമില്ല, കൂലികൂട്ടുതലിനുവേണ്ടി കർഷകത്തൊഴിലാളി സമരം നടത്തിയാൽ അവനെ അടിച്ചുകൊല്ലാനും മറ്റെന്തെങ്കിലും ചെയ്യാനുമൊക്കെയുള്ള അവകാശമൊക്കെ മുമ്പുണ്ടെന്ന് ധരിച്ചിരുന്നത് നിർത്തിക്കഴിഞ്ഞുവെന്ന് അതിൽ പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി അവൻ കൂലിക്കൂട്ടുതലിനായി സമരം ചെയ്യുകയും പ്രക്ഷോഭം നടത്തുകയും ചെയ്തിട്ടുണ്ട്, അതിന്റെ ഫലമായി കൂലി വർദ്ധിച്ചിട്ടുണ്ട്. ആ അഞ്ചുകൊല്ലം മാത്രമല്ല, അങ്ങനെ തുടർച്ചയായി വന്ന ഒരു വർദ്ധനവാണ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ കർഷകത്തൊഴിലാളികൾക്കും അധഃസ്ഥിത ജനവിഭാഗങ്ങൾക്കും കിട്ടിക്കൊണ്ടിരുന്ന കൂലിയിൽ വമ്പിച്ച വർദ്ധനവുണ്ടാക്കാൻ സാധിച്ചത്. ഈയൊരു പശ്ചാത്തലം ഞാൻ നേരത്തെ സൂചിപ്പിച്ച സംസ്ഥാനങ്ങളിലൊന്നുമില്ല. അവിടെയുള്ള കൂലിവ്യവസ്ഥ ഏതാണ്ട് 280 -300 രൂപയാണ്. എന്നാൽ ഇവിടെയാണെങ്കിൽ, 800-900-1000 എന്നീ രൂപത്തിലാണ്. കൂലി വ്യവസ്ഥയിൽ നമ്മളും അവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ബംഗാളും കൂലിവ്യവസ്ഥയിൽ വളരെ പിന്നിലാണ്. അതൊക്കെ ഞാൻ വിശദീകരിക്കണോ, വേണമെങ്കിൽ വിശദീകരിക്കാം, എനിക്കതിൽ പ്രയാസമില്ല. എന്തുകൊണ്ടാണ് ബംഗാളിൽ കൂലി കുറവായതെന്ന കാര്യം ആവശ്യമാണെങ്കിൽ ഞാൻ വിശദീകരിച്ചുകൊള്ളാം.

ശ്രീ. പി. ഉബൈദുള്ള: സർ, ബംഗാളിൽ എന്തുതന്നെയായാലും കേരളത്തിൽ കൂലി കൂട്ടിക്കൊടുക്കണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, അതായത്, കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ ആളുകൾക്ക് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ചൂണ്ടിക്കാണിച്ചതുപോലെ, 100

ദിവസത്തെ തൊഴിലുറപ്പ് ജോലിയെന്നത് 200 ദിവസമാക്കണമെന്നും, 200 ദിവസം പണി ലഭ്യമാകുമ്പോൾ അവർക്കതിന് കേരളത്തിലെ മിനിമം കൂലിയെങ്കിലും കൃത്യമായി ലഭ്യമാക്കണമെന്നുമുള്ള ആവശ്യം ഉന്നയിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ അല്ലെങ്കിൽ നിങ്ങൾക്കുതന്നെയോ അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ലല്ലോ. ഇത് നടപ്പിലാക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. കേന്ദ്രഗവൺമെന്റ് ഈ പദ്ധതിതന്നെ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അവർ ഈ പദ്ധതി എങ്ങനെ അവസാനിപ്പിക്കാമെന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുതന്നെയാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത്. ഈ പദ്ധതി എങ്ങനെ പൊളിക്കാമെന്നാണ് അവർ ആലോചിക്കുന്നത്. അപ്പോഴത് നിലനിർത്താനാവശ്യമായ പോരാട്ടംതന്നെ ആവശ്യമായി വരും. അതിൽ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോവുള്ള വ്യത്യാസമില്ലാതെ എല്ലാവരും ചേർന്ന് ഈ തൊഴിലുറപ്പ് പദ്ധതി തുടരാനും നൂറുദിവസമെന്നത് ഇരുനൂറ് ദിവസമാക്കിമാറ്റാനും കൂലികൂടുതൽ ലഭ്യമാക്കാനും അത് മിനിമം കൂലിതന്നെയാക്കി മാറ്റുന്നതിനും ഞങ്ങൾക്കാർക്കുംതന്നെ തർക്കമില്ലെന്നുമാത്രമല്ല, അത് ഞങ്ങളുടെയും കൂടി ആവശ്യവുമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 200 ദിവസമാക്കി വർദ്ധിപ്പിക്കുകയെന്നത് 2013-14 വർഷങ്ങളിൽ അട്ടപ്പാടിയിലുണ്ടായ പ്രത്യേക സാഹചര്യത്തിൽ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ച് ആ മേഖലയിൽ പ്രതിവർഷം തൊഴിലുറപ്പ് 200 പ്രവൃത്തിയും നിലവിലുണ്ടായിരുന്നതിനേക്കാൾ 50 രൂപ കൂലി കൂട്ടിയും ആണ് ആദിവാസി മേഖല എന്ന നിലയിൽ ആ ഒരു ബ്ലോക്കിൽമാത്രം 2013, 2014, 2015 എന്നീ മൂന്ന് വർഷങ്ങളിൽ കൊടുത്തത്. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിലൂടെയാണ് അങ്ങനെ ചെയ്തത്. നടത്താൻ കഴിയുന്ന കാര്യമാണ്, അതിന് തെളിവുമുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൂറ് ദിവസം എന്നതിൽ അധികം നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ അവർക്ക് ആ രീതിയിൽ കേരളത്തിലുടനീളം തൊഴിൽ കൊടുക്കുന്നുമുണ്ട്. ഈയിനത്തിൽ 14 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നത് ഇപ്പോൾ കൊടുത്തുതീർക്കുകയും ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് അലോക്കേഷനിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന വാർത്ത ഞാൻ എവിടെയോ വായിക്കുകയുണ്ടായി. അതുകൊണ്ടാണോ കുടിശ്ശിക വരുന്നത്. തൊഴിലുറപ്പ്

തൊഴിലാളികളുടെ വേതനം കൃത്യമായി കൊടുക്കാൻ കഴിയാതെ കുടിശ്ശിക വരുന്നത് ബഡ്ജറ്റ് അലോക്കേഷനിൽ വരുന്ന കുറവുകൊണ്ടാണോ, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പ്രസ്തുത തുക കേന്ദ്രഗവൺമെന്റ് നൽകേണ്ട സമയത്ത് കൃത്യമായി നൽകുന്നില്ല. അതുകൊണ്ടാണ് കുടിശ്ശിക വരുന്നത്. എന്നാലിപ്പോൾ ഏതാണ്ട് കൊടുക്കാൻ സാധിക്കുന്ന രീതിയിൽ കിട്ടിവരുന്നുണ്ട്. കുറച്ചധികം കുടിശ്ശികയുണ്ടായിരുന്നത് പട്ടികവർഗ്ഗ വിഭാഗത്തിനായിരുന്നു, അത് മുഴുവനായും കൊടുത്തുതീർത്തു. ഇപ്പോൾ കാര്യമായ കുടിശ്ശികയില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇതുസംബന്ധിച്ച കേന്ദ്രനിയമം പാസാകുന്ന സമയത്ത് ഇതിന്റെ ഏറ്റവും നല്ല ആകർഷണീയതയെന്നത് ജോലി ലഭ്യമാകാത്ത സമയത്ത് Unemployment Allowance നൽകുമെന്നാണ്. എന്നാലിത് ഇതുവരെയും കൊടുത്തുതുടങ്ങിയിട്ടില്ല. അതുസംബന്ധിച്ച റൂൾ ഫ്രെയിം ചെയ്യുന്നതിൽ കാലതാമസമുണ്ടായെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പ്രസ്തുത നടപടി എവിടെവരെയായി; Unemployment Allowance കൊടുക്കാവുന്ന ഘട്ടത്തിലേയ്ക്കെത്തിയിട്ടുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, Unemployment Allowance ഇന്ത്യയിലെവിടെയും കൊടുത്തുതുടങ്ങിയിട്ടില്ല, കേരളത്തിലും കൊടുത്തിട്ടില്ല. സംസ്ഥാന ഗവൺമെന്റെന്ന നിലയിൽ പ്രത്യേകമായി ഉത്സവ സീസണുകളിൽ 100 ദിവസം തുടർച്ചയായി പണിയെടുത്തിട്ടുള്ളവർക്ക് 1000 രൂപ ബോണസായി നൽകിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ മൊത്തം തൊഴിൽ ദിനങ്ങൾ നൂറിൽ നിന്നും എഴുപത്തിയഞ്ച് ദിവസമായി ചുരുക്കി. കോവിഡ് പശ്ചാത്തലത്തിലുള്ള ജോലിയുടെ കുറവുകൂടി കണക്കിലെടുത്താണ് 75 ദിവസത്തിന് ആയിരം രൂപയെന്ന നിലപാട് സ്വീകരിച്ചത്. അത് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നൽകുന്നതല്ല, ഗവൺമെന്റിന്റെതന്നെ ഭാഗമായി കൊടുക്കുന്ന പുതിയ ആനുകൂല്യമായി മാത്രമേ അതിനെ കാണേണ്ടതുള്ളൂ.

4.00 p.m.]

അധികാര വികേന്ദ്രീകരണം കേന്ദ്രീകരണത്തിലേയ്ക്ക് എത്തിക്കുന്നതു സംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം വിശദമായി സംസാരിച്ചതാണ്. ഒരു കേന്ദ്രീകരണശ്രമവും ഞങ്ങൾ നടത്തുന്നില്ല. വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കണമെന്നാണ് ഞങ്ങളുദ്ദേശിക്കുന്നത്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട്, ആദ്യംതന്നെ ഈ ബിൽ അവതരിപ്പിച്ചപ്പോൾ കോൺഗ്രസ്സിന്റെ ഒരു

ഉല്പന്നമാണ്, കുട്ടിയാണ്, ആ കുട്ടിയുടെ കുട്ടിയാണ് ഈ ബില്ലെന്നൊക്ക ഇവിടെ പറഞ്ഞു. അങ്ങനെ പറയുന്നതിൽ കാര്യമില്ലല്ലോ; കഴിഞ്ഞ പ്രാവശ്യം ഇതുസംബന്ധിച്ച് വളരെ കൂടുതൽ ചർച്ച ചെയ്തതുകൊണ്ടാണ് ഞാനതിലേയ്ക്ക് കടക്കാതിരുന്നത്. വെറുതെ വിവാദമുണ്ടാകരുതല്ലോ; ഒന്നാം യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെകൂടി പിന്തുണയുണ്ടായ സന്ദർഭത്തിലാണ് ആ നിയമനിർമ്മാണം നടന്നിട്ടുള്ളതെന്നും ആ നിയമനിർമ്മാണം ആഗ്രഹിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനമെന്നും നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. അതിന്റെതന്നെ കുട്ടിയാണെന്ന് വേണമെങ്കിൽ പറയാൻ സാധിക്കും. കുട്ടിയുടെ കുട്ടിയെന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ ഈ ബിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കുട്ടിയാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള ഈ ബിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിതന്നെ മുൻകയ്യെടുത്ത് കൊണ്ടുവന്നതാണ്. ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്നതുൾപ്പെടെയുള്ള ഒരു സംസ്ഥാനത്തും ഇതുപോലെയുള്ള ഒരുകാര്യവും ചെയ്തിട്ടില്ലെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ജനകീയാസൂത്രണത്തെക്കുറിച്ചുള്ള കാര്യങ്ങൾ കഴിഞ്ഞ പ്രാവശ്യവും ചർച്ചചെയ്തതാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി അധികാരവികേന്ദ്രീകരണത്തെ കുറച്ചുകൂടി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിച്ചത്. ഓരോ സർക്കാരിന്റെയും പേര് മാറ്റി പറയുന്നതിൽ കാര്യമില്ല. വലിയ രീതിയിലേയ്ക്കൊന്നും പിന്നോട്ടുപോകാൻ ആർക്കും സാധിക്കുകയില്ലല്ലോ; ഇവിടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി, ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി അധികാരവികേന്ദ്രീകരണം ജനങ്ങളുടെ കയ്യിൽ പണവും അതുപോലെ അധികാരവും നൽകി മുന്നോട്ടുപോയിട്ടുണ്ട്. ഞാനിപ്പോൾ ഒരുകാര്യം സാന്ദർഭികമായി പറയുകയാണ്. കേന്ദ്രം പുതിയ പദ്ധതി ആസൂത്രണം ചെയ്തെന്നുപറഞ്ഞ് കഴിഞ്ഞ ഒക്ടോബർ 2-ന് സംസ്ഥാനങ്ങളിലെ മുഴുവൻ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിമാരും കേന്ദ്ര തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഒരു യോഗം വിളിച്ചുചേർത്തതിൽ ഞങ്ങളെല്ലാവരും പങ്കെടുത്തിരുന്നു. 'People's Plan' എന്നുപറഞ്ഞാണ് തുടങ്ങിയത്. അതായത് 25 കൊല്ലംമുമ്പ് നമ്മൾ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷം ഒക്ടോബർ 2-ന് കേന്ദ്രഗവൺമെന്റ് ഇന്ത്യയിലുടനീളം ജനകീയാസൂത്രണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നാണ് ഇപ്പോൾ പ്രഖ്യാപിച്ചത്. പക്ഷേ അവർക്ക് കേരളത്തിന്റെ ഒപ്പമെത്താൻ 25 കൊല്ലംവേണ്ടിവന്നുവെന്നുള്ളതാണ് വളരെ പ്രധാനപ്പെട്ടൊരു കാര്യം. കേരളത്തിന്റെ അനുഭവംവച്ചുകൊണ്ടാണെന്ന് ബി.ജെ.പി. ഗവൺമെന്റ് ആ

യോഗത്തിൽ പരസ്യമായി പറഞ്ഞു. അവർ അവസാനം ക്രോഡീകരിച്ച് പറഞ്ഞത് കേരളത്തിനാണ് പുതിയ നിർദ്ദേശങ്ങളുണ്ടായതെന്നാണ്. ഞങ്ങളിവിടെ പശ്ചാത്തല വികസന സൗകര്യം മാത്രമല്ല ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ അംഗം പറഞ്ഞതുപോലെ, ഞങ്ങൾ തൊഴിൽ മേഖലയിലേയ്ക്കും കടക്കുകയാണ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തൊഴിൽദാതാവായി മാറുകയാണ്. ആ രീതിയിലേയ്ക്ക് മാറാൻ നമുക്ക് സാധിക്കണമെന്നുൾപ്പെടെയുള്ള കാര്യങ്ങളും അതുപോലെ, കുടുംബശ്രീയുടെ പുതിയ സംവിധാനത്തെക്കുറിച്ചും പറഞ്ഞപ്പോൾ അവർ വലിയ ആവേശത്തിലാണ് അതിനെ സ്വീകരിച്ചത്. രാഷ്ട്രീയമായി വലിയ എതിർപ്പുകളുണ്ടായിരുന്നു. ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ പ്രത്യേകത പറഞ്ഞപ്പോൾ സാന്ദർഭികമായി ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. ഇവിടെ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഞങ്ങൾ നഗരാസൂത്രണത്തിന്റെ ഭാഗമായുള്ള ഭേദഗതി ബില്ലിൽ കേന്ദ്രീകരണത്തിനുവേണ്ടി എന്തോ ചെയ്തെന്ന് ശ്രീ. ടി. ജെ. വിനോദ് ഉൾപ്പെടെയുള്ള നിരവധി നേതാക്കന്മാർ പറഞ്ഞു. അതിൽ ഞങ്ങൾ ശരിയായ നിലപാടുകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. ഒരു തെറ്റായ നിലപാടും കേന്ദ്രീകരണത്തിന്റെ സ്വഭാവവും ഇതിന്റെ ഭാഗമായി ഞങ്ങൾ കൈകാര്യം ചെയ്തിട്ടില്ല. കാരണം ആസൂത്രണം സംബന്ധിച്ചുള്ള കാഴ്ചപ്പാട് താഴേതലത്തിൽ അധികാരങ്ങൾ പരമാവധി നൽകുകയെന്നതാണ്. അതിന്റെ ഭാഗമായി നഗരാസൂത്രണ പ്രവർത്തനത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ ഞങ്ങൾ പറഞ്ഞത്, ആസൂത്രണങ്ങളെല്ലാം താഴേത്തലത്തിൽ തന്നെയാണെന്നാണ്. 2018-ൽ 14 ജില്ലകളിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അവിടെ എന്തോ അട്ടിമറിക്കുന്നുവെന്ന രീതിയിലാണ് ഇവിടെ പറഞ്ഞത്. ഞങ്ങൾ എന്താണ് പറഞ്ഞത്; നടപ്പാക്കലിന്റെ ഭാഗമായുള്ള പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്തത്. അതൊരു പ്രശ്നമാണോ; 2018-ൽ തന്നെ കേരളത്തിൽ ജില്ലാടിസ്ഥാനത്തിൽ ഡി.പി.സി. ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ എക്സിക്യൂഷന്റെ ഭാഗമായിട്ട് ഇതുവരെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. തയ്യാറാക്കണമെന്ന് പറയുമ്പോൾ മിക്കവാറും ഇതിന്റെ ബാദ്ധ്യതകൊണ്ട് ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. അത്തരം സന്ദർഭത്തിൽ സ്വാഭാവികമായും ഇതിൽ ഇടപെടണം. ഡി.പി.സി.-ക്ക് ആ ബാദ്ധ്യത നൽകാൻ ഭരണഘടനാപരമായ ചുമതലയുണ്ട്. അതുവച്ചുകൊണ്ടാണ് സംസാരിച്ചത്. അതുതന്നെയാണ് ഭേദഗതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-ലും 2019-ലും സംഭവിച്ചതുപോലെയുള്ള പ്രകൃതിക്ഷോഭങ്ങളുണ്ടാകുമ്പോൾ വളരെപ്പെട്ടെന്ന് ആസൂത്രണത്തിന് പ്രാദേശിക തലത്തിലൂൾപ്പെടെ ഇടപെടേണ്ടിവരും. പെട്ടെന്ന് ഇടപെടുന്നതിന്റെ ഭാഗമായി എക്സിക്യൂഷൻ പ്ലാനിനെ സംബന്ധിച്ചിടത്തോളം സാധിക്കുന്നില്ലെന്നതാണ് നമ്മുടെ മുന്നിൽ വരുന്ന പ്രശ്നം. അതുകൊണ്ട് പരമാവധി

അവരെക്കൊണ്ടുതന്നെ ഇത് ചെയ്യിപ്പിക്കാൻ ഡി.പി.സി.-യോട് നിർദ്ദേശിക്കണം. ഇത്തരം പ്രകൃതിക്ഷോഭങ്ങളുണ്ടാകുമ്പോൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവിടെ സർക്കാരിനുതന്നെ ഇടപെടാനുള്ള സൗകര്യമുണ്ടാകുകയാണ്. ആ സൗകര്യം ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി ഇവരെ ഉപയോഗിച്ചുകൊണ്ട് ചെയ്യാനാണ്. അതിന്റെ ഭാഗമായുള്ള ഒരു പദ്ധതിയാണ് പ്രയോരിറ്റി ആക്ഷൻ പ്ലാൻ എന്ന രീതിയിൽ ഞങ്ങൾ കണ്ടിട്ടുള്ളത്. എന്തെങ്കിലും ചെയ്യുന്നതിനുവേണ്ടി അവരെ സഹായിക്കത്തക്ക രീതിയിലുള്ള ഒന്നുതന്നെയാണ്. അതുകൊണ്ടാണ് ഭേദഗതി ബില്ലിൽ ഈ രീതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രയോരിറ്റി ആക്ഷൻപ്ലാൻ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥ കൂടുതൽ വേഗത്തിൽ നഗരങ്ങളിൽ നിർവ്വഹിക്കാനാകുമെന്നാണ് ഈ ഭേദഗതികൊണ്ട് ഞങ്ങളുദ്ദേശിക്കുന്നത്. അതാണ് ഇതുസംബന്ധിച്ച് വിശദീകരിക്കാനുള്ളത്. കേരളത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കുകയാണ്. അതിന്റെ സംവിധാനം ഇവിടെയുണ്ട്. കൃത്യമായി ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കുറ്റമറ്റ രീതിയിലാണ് യഥാർത്ഥത്തിൽ ഇവിടെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. നല്ല രീതിയിലുള്ള മോണിറ്ററിംഗ് അതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇന്ത്യയുടെ പല ഭാഗത്തും ഒരു നയാപൈസപോലും ഉപയോഗിക്കാതെ മുഴുവൻ പണവും തട്ടിക്കൊണ്ടുപോകുന്ന ഒരുപാട് പ്രശ്നങ്ങളുണ്ടെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ഫലപ്രദമായ ഇടപെടൽ നടത്തി സോഷ്യൽ ഓഡിറ്റ് നടത്തുകയാണ്. അതിന്റെ പണം സെൻട്രൽ ഗവൺമെന്റിൽനിന്ന് ലഭ്യമാകേണ്ടത് ഇപ്പോഴും നൽകാൻ തയ്യാറല്ല എന്നതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം. പിന്നെ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അതുപോലെ, ജനകീയാസൂത്രണം ശക്തിപ്പെടുത്താൻ സാധിക്കണം. പിന്നെ, ഗ്രാമസഭകളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. എല്ലാം കേന്ദ്രീകരിക്കുകയാണെന്നുള്ള ഒരുകാര്യം പറഞ്ഞു. ഗ്രാമസഭകളെക്കുറിച്ച് എല്ലാവർക്കും അറിയുന്നതുപോലെ കോവിഡ് പശ്ചാത്തലം വന്നപ്പോഴാണ് അതിലൊരു മാറ്റംവരുത്തിയത്. നമുക്കെല്ലാം ഇനി ചെയ്യാൻ സാധിക്കുന്നത് ഗ്രാമസഭകളെ ശക്തിപ്പെടുത്തുകയെന്നതു തന്നെയാണ്. കോവിഡ് പശ്ചാത്തലം മാറിയാൽ, അപകടകരമായ സാഹചര്യത്തിൽനിന്ന് മുക്തിനേടിയാൽ ഗ്രാമ സഭകളെ ശക്തിപ്പെടുത്തുകയെന്നതു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴേത്തലത്തെ ഏറ്റവും ശക്തിമത്തായ ഒരു ഭാഗമാക്കിമാറ്റാനും ഗുണഭോക്താക്കളെ തീരുമാനിക്കാനുമുള്ള അവകാശം അവർക്ക് നൽകിക്കൊണ്ടുള്ള തീരുമാനമാണ് ഞങ്ങൾ ചെയ്യാനുദ്ദേശിക്കുന്നത്. പെൻഷൻ സംബന്ധിച്ചുള്ള കാര്യങ്ങൾ നേരത്തെ ചർച്ചയിൽ പങ്കെടുത്തപ്പോൾത്തന്നെ പറഞ്ഞതാണ്.

ചില മാറ്റങ്ങൾ വരുത്തേണ്ടതാണ്. മെമ്പർഷിപ് പോലുള്ള കാര്യങ്ങൾ വകുപ്പ് തിരിച്ചുള്ള പരിഗണനയിൽ ഓരോന്നായി പറയാം. ഇവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതുപോലെയുള്ള ചില ഭേദഗതികളുണ്ട്. ആ ഭേദഗതികളെല്ലാം നമുക്ക് ഔദ്യോഗിക ഭേദഗതികളായിത്തന്നെ കൊണ്ടുവരാൻ സാധിക്കും. വകുപ്പ് തിരിച്ചുള്ള പരിശോധനയിൽ അതിന്റെ ഭാഗമായി പറയാമെന്നതാണ് അതിനെ സംബന്ധിച്ചും പറയാനുള്ളത്. പൊതുവായി ഇത്രയും കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പിന്നെ, ഇവിടെ പറഞ്ഞിട്ടുള്ള മുൻപഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നകാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ നമുക്ക് പരിശോധിക്കാമെന്ന് പറഞ്ഞു. അതിനപ്പുറത്തേയ്ക്ക് എനിക്കും ഒന്നും പറയാനില്ല. പഞ്ചായത്തിലെയും അതുപോലെതന്നെ എല്ലാ മേഖലയിലുമുള്ളവർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ നമുക്കാർക്കും വിയോജിപ്പില്ല. പക്ഷേ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് നമുക്ക് എന്താണോ ചെയ്യാൻ സാധിക്കുന്നത് അതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിനർത്ഥം. ഓൺ ഫണ്ടിൽ ഒരുതരത്തിലുമുള്ള മാറ്റങ്ങൾ വരുത്തിയിട്ടില്ല. ഓൺ ഫണ്ട് ഇപ്പോഴും അതത് ബാങ്ക്തന്നെ സൂക്ഷിച്ചിട്ടുണ്ട്. ട്രഷറിയിൽ സൂക്ഷിക്കുന്നത് എന്തോ അപാരമായ അപകടമാണെന്ന രീതിയിൽ ഇവിടെ കാണുന്നത് ശരിയല്ല. ഇതിനുമുമ്പും നമ്മൾ ട്രഷറിയിൽ ഫണ്ട് മാറ്റിയിട്ടുണ്ട്. ഇത് ആദ്യമായി ട്രഷറിയിലേയ്ക്ക് മാറ്റാൻപോകുന്നുവെന്നുള്ള തെറ്റിദ്ധാരണവേണ്ട. സാമ്പത്തികമായ കാര്യങ്ങൾക്ക് യാതൊരു തരത്തിലുമുള്ള പ്രശ്നമില്ലാതെ അതായത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം വേണ്ടിവരുന്ന സന്ദർഭത്തിൽ മറ്റെല്ലാ മേഖലയിലും വിലക്കുണ്ടെങ്കിലും ആ വിലക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കില്ലെന്ന ഉറപ്പോടുകൂടിയാണ് വ്യവസ്ഥ ചെയ്തത്. ഒരു തരത്തിലുമുള്ള ബാൻ അവർക്ക് ബാധകമല്ല. പിന്നെ അതിന്റെ ഭാഗമായി ലഭിക്കുന്ന പലിശ ഉൾപ്പെടെയുള്ള കാര്യങ്ങളൊക്കെ എന്താണെന്ന് നോക്കി ആവശ്യമായ നിലപാട് സ്വീകരിക്കാം. ട്രഷറിയിലേയ്ക്ക് പണം മാറ്റിയാൽ മറ്റേതെങ്കിലും ബാങ്കിൽ പണം നിക്ഷേപിക്കുന്നതിനേക്കാൾ അപകടകരമായ എന്തോ ഉണ്ടെന്നുള്ള തെറ്റിദ്ധാരണ ഉണ്ടാകേണ്ടതില്ല. അത് പരിശോധിച്ച് ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാൻ കഴിയുമെന്നുള്ളതാണ് അതിന്റെ ഭാഗമായി പറയാനുള്ളത്.

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ...

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. ലിന്റോ ജോസഫ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ സംബന്ധിച്ച്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച്

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

രണ്ടാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

679. ഖണ്ഡം 2(ഇ)-ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക."വിശദീകരണം:- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നാൽ 2010 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ.(കൈ)നമ്പർ210/2010/ത.സ്വ.ഭ.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2 (ബി)-ൽ "ആഫീസർ" എന്നതിനു പകരം "ഓഫീസർ" എന്ന് ചേർക്കുക.

150. ഖണ്ഡം 2 (ബി)-ൽ "ആഫീസർ" എന്ന് വരുന്നിടത്തെല്ലാം "ഓഫീസർ" എന്ന് ചേർക്കുക.

169. ഖണ്ഡം 2(എഫ്)-ൽ"പെൺമക്കൾ" എന്നതിനുശേഷം, "ദത്തെടുത്ത കുട്ടികൾ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

171. ഖണ്ഡം 2(എഫ്)-ൽ "ഉൾപ്പെടുന്നതുമാകുന്നു" എന്നതിനുശേഷം "അങ്ങനെയുള്ള കുടുംബാംഗങ്ങളുടെ അഭാവത്തിൽ പ്രായപൂർത്തിയായ മകനും വിവാഹിതയായ മകളും ഉൾപ്പെടുന്നതാകുന്നു" എന്ന് ചേർക്കുക.

173. ഖണ്ഡം 2(ഒ)-ൽ "ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ തുടങ്ങുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

176. ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ഉപഖണ്ഡം (പി) ചേർക്കുക.

"(പി) "തൊഴിലുറപ്പ് കാർഡ്" എന്നാൽ 2005-ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്റ്റിലെ (2005-ലെ 42-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിയ കാർഡും, സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുനിസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത കാർഡും എന്നർത്ഥമാകുന്നു."

177. ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർത്തിരിക്കുന്ന ഉപഖണ്ഡം (ക്യൂ) ചേർക്കുക. "(ക്യൂ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു."

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 (സി)-ൽ, "നൽകേണ്ട" എന്നതിനുപകരം "നൽകേണ്ടതായ" എന്ന് ചേർക്കുക.

161.ഖണ്ഡം 2(എഫ്)-ൽ " പ്രായപൂർത്തിയാകാത്ത മക്കൾ," എന്നതിന് ശേഷം "ദത്തെടുത്ത കുട്ടികൾ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

162. ഖണ്ഡം 2(എഫ്)-ൽ "അവിവാഹിതരായ," എന്നതിന് പകരം "അവിവാഹിതരോ, വിവാഹമോചിതരോ ആയ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

163. ഖണ്ഡം 2(എഫ്)-ൽ "അവശതയുള്ള" എന്നതിന് ശേഷം "സഹോദരങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2 (ഇ)-ൽ "തൊഴിലുറപ്പ് ആക്റ്റിലെ" എന്നതിനുപകരം "തൊഴിലുറപ്പ് നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 (ഇ)-ൽ "തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ള തൊഴിലാളി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (ഇ)-ൽ "അവിദഗ്ധ" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168.ഖണ്ഡം 2(എഫ്)-ൽ "വിധവകളായ" എന്നതിന് പകരം "വിധവകളോ വിവാഹമോചിതരോ ആയ" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 2(ഒ)-ൽ "തുടങ്ങുന്ന സാമ്പത്തിക വർഷം" എന്നതിന് പകരം "അടുത്ത വർഷം മാർച്ച് മാസം 31 വരെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 154, 155 എന്നീ നമ്പർ ഭേദഗതികൾ 153-ാം നമ്പർ ഭേദഗതിക്കും 158, 159 എന്നീ നമ്പർ ഭേദഗതികൾ 157-ാം നമ്പർ ഭേദഗതിക്കും 164, 165, 166, 167 എന്നീ നമ്പർ ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 174-ാം നമ്പർ ഭേദഗതി 173-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 177-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

177. ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർത്തിരിക്കുന്ന ഉപഖണ്ഡം(എൻ) ചേർക്കുക. " (എൻ) "പട്ടിക" എന്നാൽ ഈ ആക്ടിലെ പട്ടിക എന്നർത്ഥമാകുന്നു."

679-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 679-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിച്ചിരിക്കുന്നു. ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 149, 150, 169, 171, 173, 176, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 152, 161, 162, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

680. ഖണ്ഡം 3(4) (ഡി)-ൽ " തിരികെ നൽകുന്നതിന്" എന്ന വാക്കുകൾക്ക് പകരം" തിരികെ നൽകുന്നതിനും അവശതാപെൻഷൻ അനുവദിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക;

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിൽ "ക്ഷേമനിധി" എന്നതിനുശേഷം "പദ്ധതി" എന്ന് ചേർക്കുക.

180.ഖണ്ഡം 3(1)-ൽ "സർക്കാർ" എന്നതിനുമുൻപ് "തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി" എന്ന് ചേർക്കുക.

181. ഖണ്ഡം 3(1)-ൽ "സർക്കാർ" എന്നതിനുശേഷം "ഗസറ്റ്" എന്ന് ചേർക്കുക.

189. ഖണ്ഡം 3(1)-ൽ "വ്യവസ്ഥകളനുസരിച്ച്" എന്നതിനുശേഷം "വിജ്ഞാപനം വഴി" എന്ന് ചേർക്കുക.

190. ഖണ്ഡം 3(2)-ൽ "വരവ് കൊള്ളിക്കേണ്ടതാണ് " എന്നതിന് പകരം "വരവുവയ്ക്കേണ്ടതാണ് " എന്ന് ചേർക്കുക.

192. ഖണ്ഡം 3(2)(എ)-ൽ "അംശദായങ്ങൾ" എന്നതിനുപകരം "അംശദായം" എന്ന് ചേർക്കുക.

196. ഖണ്ഡം 3(2)(സി)-ൽ "പിഴ" എന്നതിനുശേഷം, 'കുടിശ്ശിക' എന്ന് ചേർക്കുക.

198.ഖണ്ഡം 3(2)(ഡി)-ൽ "ഗ്രാന്റുകളോ വായ്പകളോ അഡ്വാൻസുകളോ" എന്നതിനു പകരം "ഗ്രാന്റ്, വായ്പ, അഡ്വാൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

204. ഖണ്ഡം 3(2)(ഇ)-ൽ "ഏതൊരു" എന്നത് ഒഴിവാക്കുക.

208. ഖണ്ഡം 3(2)(എഫ്)-ൽ "വർദ്ധിപ്പിക്കാനായി" എന്നതിനുപകരം "വർദ്ധിപ്പിക്കുന്നതിനായി" എന്ന് ചേർക്കുക.

215. ഖണ്ഡം 3 (2) (എഫ്)-ൽ "ആർജ്ജിക്കുന്ന" എന്നതിന് പകരം "സമാഹരിക്കുന്ന" എന്ന് ചേർക്കുക.

216. ഖണ്ഡം 3 (2) (എഫ്)-ൽ "ഏതെങ്കിലും" എന്നതിനുശേഷം "നിയമാനുസൃത ഇനത്തിലുള്ള" എന്ന് ചേർക്കുക.

221. ഖണ്ഡം 3 (2) (ജി)-ൽ "കൊള്ളിക്കേണ്ടതായ" എന്നതിനുപകരം " കൊള്ളിക്കേണ്ടതുമായ" എന്ന് ചേർക്കുക.

224. ഖണ്ഡം 3 (3)-ൽ "നിക്ഷിപ്തമാകുന്നതും" എന്നതിനുപകരം " നിക്ഷിപ്തമായിരിക്കുന്നതും" എന്ന് ചേർക്കുക.

228. ഖണ്ഡം 3(4)-ൽ "എല്ലാമോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

231.ഖണ്ഡം 3(4)(എ) താഴെപ്പറയും പ്രകാരം മാറ്റുക: " (എ) 65 വയസ്സ് പൂർത്തിയായിട്ടുള്ള അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന്"

265. ഖണ്ഡം 3(4) (ഡി)-ൽ ചുവടെ ചേർത്തിരിക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക."എന്നാൽ പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള അംഗമാണെങ്കിൽ, അടച്ച അംശദായതുകയും, ബോർഡ് തത്തുല്യമായ തുകയും അംഗത്തിന് നൽകേണ്ടതാണ്."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക"മഹാത്മാ ഗാന്ധി, അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി".

260. ഖണ്ഡം 3(4) (ഡി)-ൽ "നൽകുന്നതിന്" എന്നതിനുപകരം "നൽകുന്നതിനും അങ്ങനെയുള്ള അംഗത്തിന് അവശതാ പെൻഷൻ നൽകുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

182. ഖണ്ഡം 3(1)-ൽ "തൊഴിലാളികൾക്ക് വേണ്ടി" എന്നതിന് പകരം "തൊഴിലാളികളുടെ ക്ഷേമത്തിനായി" എന്ന് ചേർക്കുക.

209. ഖണ്ഡം 3(2)(എഫ്)-ൽ

i) "വർദ്ധിപ്പിക്കാനായി" എന്നതിനു ശേഷം "ബോർഡ് തീരുമാനപ്രകാരം" എന്ന് ചേർക്കുക.

ii) "ഏതെങ്കിലും" എന്നതിനുശേഷം "നിയമാനുസൃത ഇനത്തിലുള്ള" എന്ന് ചേർക്കുക.

225. ഖണ്ഡം 3 (3)-ൽ "നിക്ഷിപ്തമാകുന്നതും" എന്നതിനുശേഷം " ഈ ആക്റ്റിലും പദ്ധതിയിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം അത്" എന്ന് ചേർക്കുക.

227.ഖണ്ഡം 3(4)-ൽ "നിധി" എന്നതിന് മുൻപിലായി "ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി" എന്ന് ചേർക്കുക.

271. ഖണ്ഡം 3(4) (എച്ച്)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനഃരക്ഷരം ചെയ്യുക.

"(ഐ) അംഗങ്ങൾക്ക് പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന മരണവും പലവിധത്തിലുള്ള വിഷബാധകളും ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക്, അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, നഷ്ടപരിഹാരം നൽകുന്നതിന്;"

<u>ശ്രീമതി കെ. കെ. രമ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 3(1)-ൽ "കേരള" എന്നതിനുശേഷം "മഹാത്മാ ഗാന്ധി അയ്യങ്കാളി" എന്ന് ചേർക്കുക.

203. ഖണ്ഡം 3(2)(ഇ)-ൽ "നിന്നുള്ള" എന്നതിനുശേഷം "സർക്കാരിന്റെ മുൻകൂർ അനുമതിയോടെയുള്ള" എന്ന് ചേർക്കുക.

211. ഖണ്ഡം 3 (2) (എഫ്)-ൽ "വർദ്ധിപ്പിക്കാനായി" എന്നതിന്ശേഷം "നിർണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

244. ഖണ്ഡം 3(4)-ൽ ഇനം (ബി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(ബി) ക്ഷേമനിധിയിൽ ചേരുന്ന വേളയിൽ അറുപതു വയസ്സിൽ കൂടുതലുള്ള നൂറു ദിവസത്തിലധികം തൊഴിലുറപ്പ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളിക്ക് അഞ്ചു വർഷത്തെ അംശദായം അടയ്ക്കുന്ന പക്ഷം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന്"

258. ഖണ്ഡം 3(4) (ഡി)-ൽ "പലിശ സഹിതം തിരികെ നൽകുന്നതിന്" എന്നതിനുപകരം "പി. എഫ്. ഫണ്ടിന്റെ പലിശയിൽ കുറയാത്ത പലിശസഹിതം തിരികെ നൽകുന്നതിനും അംഗത്തിന് അവശത ഉണ്ടായ മാസം മുതൽ അവശത പെൻഷൻ നൽകുന്നതിനും" എന്ന് ചേർക്കുക.

274. ഖണ്ഡം 3(5)-ൽ "ചെയ്യാവുന്നതാണ്" എന്നതിനുപകരം "ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

276. ഖണ്ഡം 3(6)-ൽ "അതുണ്ടാക്കിയതിനുശേഷം" എന്നതിനുശേഷം "പദ്ധതിയുടെ വ്യവസ്ഥകൾ" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3(1)-ൽ "കേരള" എന്നതിനുശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

245. ഖണ്ഡം 3(4)(സി)-ൽ "അസുഖം" എന്നതിനുപകരം "രോഗം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 3(1)-ൽ "കഴിയുന്നത്ര" എന്നതിനുപകരം "എത്രയും" എന്ന് ചേർക്കുക.

197. ഖണ്ഡം 3(2)(ഡി)-ൽ "മറ്റേതെങ്കിലും" എന്നതിന് ശേഷം "സർക്കാർ' എന്ന് ചേർക്കുക.

267. ഖണ്ഡം 3(4) (ഇ)-ൽ "ഗുരുതരമായ" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

187. ഖണ്ഡം3(1)-ൽ "കഴിയുന്നത്ര" എന്നതിനുപകരം"കഴിയുന്നത്രയും" എന്ന് ചേർക്കുക.

214. ഖണ്ഡം 3 (2) (എഫ്)-ൽ "മറ്റ് മാർഗ്ഗങ്ങളിൽ കൂടി" എന്നതിന് ശേഷം "അല്ലെങ്കിൽ വൈവിധ്യവൽക്കരണത്തിലൂടെ" എന്ന് ചേർക്കുക.

242.ഖണ്ഡം 3(4)(ബി)-ൽ "നൽകുന്നതിന്" എന്നതിനുശേഷം "കൂടാതെ പത്ത് വർഷത്തിന് മുകളിൽ അംശദായം അടച്ച അംഗം മരണപ്പെട്ടാലും കുടുംബ പെൻഷൻ ലഭിക്കുന്നതാണ്" എന്ന് ചേർക്കുക.

247. ഖണ്ഡം 3(4)(സി)-ൽ "സഹായം നൽകുന്നതിന്" എന്നതിനുപകരം "സഹായം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും" എന്ന് ചേർക്കുക.

269.ഖണ്ഡം 3(4) (എച്ച്)-ൽ "സാമ്പത്തികസഹായം" എന്നതിനുപകരം "സാമ്പത്തികസഹായവും വായ്പാസൗകര്യവും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

199. ഖണ്ഡം 3(2)(ഡി)-ൽ "അഡ്വാൻസുകളോ" എന്നതിനുപകരം "മുൻകൂറുകളോ" എന്ന് ചേർക്കുക.

206.ഖണ്ഡം 3(2)(ഇ) ചുവടെ ചേർക്കും പ്രകാരം മാറ്റുക" ഏതെങ്കിലും സംഘടനയോ, സ്ഥാപനമോ വ്യക്തിയോ നിധിയിലേയ്ക്ക് സ്വമേധയാ കൊടുത്തിട്ടുള്ള ഏതെങ്കിലും സംഭാവന".

222. ഖണ്ഡം 3 (2) (ജി)-യ്ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം (എച്ച്) ചേർക്കുക.

" (എച്ച്) നിധിയുടെ ഏതെങ്കിലും ഭാഗം നിക്ഷേപിച്ചതിൻമേലുള്ള ഏതെങ്കിലും ലാഭം, പലിശ, ലാഭവിഹിതം അല്ലെങ്കിൽ മറ്റ് ആദായം"

226. ഖണ്ഡം 3(3)-ൽ "കൈകാര്യം ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "അതിന്റെ ഭരണനിർവ്വഹണം നടത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

236. ഖണ്ഡം 3(4)(ബി)-ൽ "പത്ത്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

272. ഖണ്ഡം 3(4) (ഐ)-യ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(ജെ) അംഗങ്ങളുടെ കുട്ടികൾക്ക് ചികിത്സാ സഹായം നൽകുന്നതിന്;

(കെ) അംഗങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിനും സ്വന്തമായി വീടുള്ള അംഗത്തിന് വീട് പുതുക്കി പണിയുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വായ്പ നൽകുന്നതിന് "

275. ഖണ്ഡം 3(5)-ന് ശേഷം ചുവടെ ചേർക്കുന്ന വിശദീകരണങ്ങൾ ഉൾപ്പെടുത്തുക.

"വിശദീകരണം 1:- അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്ത ഒരംഗത്തിന്റെ പെൻഷൻ ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് തീരുമാനമെടുക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം 2:- പത്തുവർഷത്തിൽ കുറഞ്ഞ കാലയളവ് മാത്രം ക്ഷേമനിധിയിൽ അംശദായം അടച്ച ഒരംഗത്തിന് ജോലിയിൽ തുടരാനാകാതെ വരുന്ന സംഗതിയിൽ ആ അംഗം ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്."

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

200. ഖണ്ഡം 3(2)(ഡി)-ൽ "അഡ്വാൻസുകളോ" എന്നതിനുപകരം "മുൻകൂറുകളോ" എന്ന് ചേർക്കുക.

212. ഖണ്ഡം 3(2) (എഫ്)-ൽ "മറ്റ് മാർഗ്ഗങ്ങളിൽ കൂടി" എന്നത് ഒഴിവാക്കുക.

253. ഖണ്ഡം 3(4)(സി) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(സി) അസുഖം ബാധിച്ചാൽ അല്ലെങ്കിൽ അപകടത്തിലൂടെ ഒരംഗം മരണപ്പെട്ടാൽ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിന്".

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210.ഖണ്ഡം 3(2)(എഫ്)-ൽ "വർദ്ധിപ്പിക്കാനായി" എന്നതിന് ശേഷം"സർക്കാർ അംഗീകരിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

217. ഖണ്ഡം 3 (2) (എഫ്) താഴെ പറയും പ്രകാരം മാറ്റുക.“ (എഫ്) ബോർഡ് ആർജ്ജിക്കുന്ന മറ്റുള്ള.”

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 3 (2) (ജി)-ൽ "പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ചുമത്തുന്ന ഫീസും" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 3(4)(എ)-ൽ "വരെ തുടർച്ചയായി" എന്നതിന് പകരം "വരെയുള്ള" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 3(4)(ബി) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(ബി) അംശദായം അടച്ച ഒരംഗം മരണപ്പെട്ടാൽ കാലപരിധി കണക്കാക്കാതെ കുടുംബ പെൻഷൻ അനുവദിക്കേണ്ടതാണ്".

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 3(4)(സി)-ൽ "മരണപ്പെട്ടാൽ" എന്നതിനുശേഷം "അംഗത്തിന്റെ കുടുംബത്തിന്" എന്ന് ചേർക്കുക.

251. ഖണ്ഡം 3(4)(സി)-ൽ "നൽകുന്നതിന് " എന്നതിനുപകരം "നൽകുന്നതിനും കുടുംബ പെൻഷൻ നൽകുന്നതിനും" എന്ന് ചേർക്കുക.

256. ഖണ്ഡം 3(4) (ഡി)-ൽ "ഒരംഗം അടച്ച" എന്നതിനുപകരം "ഒരംഗം അതുവരെ അടച്ച" എന്ന് ചേർക്കുക.

270. ഖണ്ഡം 3(4) (ജി)-യ്ക്ക് ശേഷം (എച്ച്) ആയി താഴെപ്പറയുന്നത് ചേർത്ത് ബാക്കിയുള്ളവ പുനഃരക്ഷരം ചെയ്യുക.

"(എച്ച്) ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ പ്രായപൂർത്തിയാകാത്ത മക്കളുടെ ചികിത്സയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിന്;"

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255 .ഖണ്ഡം 3(4)(ഡി)-ൽ "അവസാനിപ്പിക്കേണ്ടി വന്നാൽ" എന്നതിനുശേഷം"അവശതാ പെൻഷനും അതോടൊപ്പം അടച്ച അംശദായത്തുകയും പലിശ സഹിതം തിരികെ നൽകുന്നതിന് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 3(4) (ഡി)-ൽ "ഒരംഗം അടച്ച അംശദായത്തുക വിനിർദ്ദേശിക്കപ്പെട്ട പലിശ സഹിതം തിരികെ നൽകുന്നതിന്" എന്നതിനുപകരം "അവശത പെൻഷൻ നൽകുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 3(4) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഡി) അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന്,"

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 3(5)-ൽ "എല്ലാമോ അഥവാ ഏതെങ്കിലുമോ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 191-ാം നമ്പർ ഭേദഗതി 190-ാം നമ്പർ ഭേദഗതിക്കും 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 219, 220 എന്നീ നമ്പർ ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 237, 238, 239, 240, 241 എന്നീ നമ്പർ ഭേദഗതികൾ 236-ാം നമ്പർ ഭേദഗതിക്കും 248, 249, 250, 252 എന്നീ നമ്പർ ഭേദഗതികൾ 251-ാം നമ്പർ ഭേദഗതിക്കും 261, 262, 263 എന്നീ നമ്പർ ഭേദഗതികൾ 260-ാം നമ്പർ ഭേദഗതിക്കും 266-ാം നമ്പർ ഭേദഗതി 267-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 680-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 178, 180, 181, 189, 190, 192,196, 198, 204, 208, 215, 216, 221, 224, 228, 231, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 179, 260 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 182, 209, 225, 227, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 183, 203, 211, 244, 258, 274, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 184, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 186, 197, 267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 187, 214, 242, 247, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 199, 206, 222, 226, 236, 272, 275 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 200, 212, 253 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 246, 251, 256, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 4(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടുസമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ

വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്."

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 4(1)-ൽ "അൻപത്" എന്നതിനു പകരം "10" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 4(1)-ൽ "അൻപത്" എന്നതിനുപകരം "20" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 681-ാം നമ്പർ ഭേദഗതി എന്താണെന്ന് സഭ അറിയണം. ഞങ്ങൾ അറിഞ്ഞിട്ടില്ല.

മി. സ്പീക്കർ: ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 4(1)-ൽ "അൻപത്" എന്നതിനു പകരം "30" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 4(1)-ൽ "അൻപത്" എന്നതിനു പകരം "നാൽപത്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

291. ഖണ്ഡം 4(1)-ൽ "അൻപത്" എന്നതിനു പകരം "നൂറ്" എന്ന് ചേർക്കുക.

300. ഖണ്ഡം 4(2)-ൽ "വാർഷികമായോ" എന്നതിനു ശേഷം "മൂന്നുമാസം കൂടുമ്പോഴൊ" എന്ന് ചേർക്കുക.

316. ഖണ്ഡം 4(5)-ൽ "മൂന്നു" എന്നതിനു പകരം "അഞ്ചു" എന്നു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 4(1)നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. അപ്രകാരം ഉയർന്ന നിരക്കിൽ അടച്ച തുകയിൽ അതേ സാമ്പത്തിക വർഷത്തിൽ രണ്ട് തവണയിൽ കൂടുതൽ കുറവ് വരുത്താൻ പാടുള്ളതല്ല."

301. ഖണ്ഡം 4(2)-ൽ "അടയ്ക്കാവുന്നതാണ് " എന്നതിനു മുൻപ് "ഒരുമിച്ച്" എന്ന് ചേർക്കുക.

309. ഖണ്ഡം 4(4)-ൽ "ഒരു നിശ്ചിത" എന്നതിനു പകരം "ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ തുല്യമായ" എന്ന് ചേർക്കുക."

ഈ ഭേദഗതിയെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. ഈ ക്ലോസിൽ, തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിനോടൊപ്പം ഒരു നിശ്ചിത തുക സർക്കാർകൂടി നൽകേണ്ടതാണെന്നാണ് പറയുന്നത്. സർക്കാർ നൽകേണ്ട തുക എത്രയാണെന്ന് പറയുന്നില്ല. ആ തുക എത്രയാണെന്ന് വ്യക്തമായി ആക്ടിൽത്തന്നെ പറയണം. അതുകൊണ്ട് അംശദായത്തിന് തുല്യമായ തുക സർക്കാർ നൽകണമെന്ന എന്റെ ഈ ഭേദഗതികൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

313. ഖണ്ഡം 4(5)-ൽ "നടത്തിപ്പിനുവേണ്ടി" എന്നതിനു ശേഷം "ഏറ്റവും കുറഞ്ഞത്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 4(2) -ൽ

i) "സഹകരണ ബാങ്കിലോ" എന്നതിനു പകരം "സഹകരണബാങ്കുകളിലോ" എന്ന് ചേർക്കുക. "

ii) "സ്ഥാപനങ്ങളിലോ" എന്നതിനു പകരം "ധനകാര്യ സ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക. "

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

297.ഖണ്ഡം 4(2)-ൽ "സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ" എന്നത് ഒഴിവാക്കുക.

306. ഖണ്ഡം 4 (3)-ൽ

i) "നിർണ്ണയിക്കപ്പെട്ട" എന്നതിനു ശേഷം "തൊഴിലാളി അടക്കുന്ന അംശദായ തുകയിൽ കുറയാത്ത" എന്ന് ചേർക്കുക

ii) "ആയി" എന്നതിന് ശേഷം "അതത് വർഷം തന്നെ" എന്ന് ചേർക്കുക.

312.ഖണ്ഡം 4(4)-ൽ "പ്രതിവർഷമോ" എന്നതിനു ശേഷം "മുടക്കം കൂടാതെ" എന്ന് ചേർക്കുക.

318. ഖണ്ഡം 4-ന്റെ ഉപഖണ്ഡം (6) ആയി താഴെപ്പറയുന്നത് ചേർക്കുക

" (6) എന്നാൽ തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഈ വർദ്ധനവ് തൊഴിലാളി അടച്ചു കൊണ്ടിരിക്കുന്ന അംശദായതുകയുടെ 50 ശതമാനത്തിലധികമാകാൻ പാടുള്ളതല്ല".

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298. ഖണ്ഡം 4(2)-ൽ "സ്ഥാപനങ്ങളിലോ" എന്നതിനും പകരം "മറ്റുധനകാര്യ സ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

299. ഖണ്ഡം 4(2)-ൽ "പ്രതിമാസമോ" എന്നതിനു പകരം "പ്രതിമാസമായോ" എന്ന് ചേർക്കുക.

314. ഖണ്ഡം 4(5)-ൽ "മൂന്നു" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 4(2)-ന് ശേഷം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, വാർഷികമായി അംശദായം അടയ്ക്കുന്നവർക്ക് നിർണ്ണയിക്കപ്പെടുന്ന ഇളവ് അനുവദിയ്ക്കുന്നതാണ്. "

303. ഖണ്ഡം 4(3)-ൽ "അനുസരിച്ച് " എന്നതിനു പകരം "ആനുപാതികമായി" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 4(3)-ൽ "നിർണ്ണയിക്കപ്പെട്ട " എന്നതിനുമുൻപായി "ചട്ടങ്ങളാൽ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 4 (3)- ൽ "നിർണ്ണയിക്കപ്പെട്ട ഒരു" എന്നതിനുപകരം "അവർ നൽകുന്ന തുകയ്ക്ക് തുല്യമായ" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 4 (3)- ൽ "ഒരു" എന്നതിനുശേഷം "നിശ്ചിത" എന്ന് ചേർക്കുക.

308. ഖണ്ഡം 4(4)-ൽ "സർക്കാർ" എന്നതിനുശേഷം "," ചിഹ്നം എന്ന് ചേർക്കുക.

311. ഖണ്ഡം 4(4)-ൽ "ഒരു നിശ്ചിത തുക" എന്നതിനുപകരം "അംഗങ്ങൾ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ തത്തുല്യമായ തുക" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 4(5)-നു ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ ഇത്തരത്തിൽ വർദ്ധിപ്പിക്കുന്ന അംശദായത്തിന്റെ നിരക്ക് പരമാവധി ഇരുനൂറ്റി അൻപത് രൂപവരെ എന്ന പരിധിയിൽ നിലനിർത്തേണ്ടതാണ്".

മി. സ്പീക്കർ: 278, 279 എന്നീ നമ്പർ ഭേദഗതികൾ 277-ാം നമ്പർ ഭേദഗതിക്കും 281, 282 എന്നീ നമ്പർ ഭേദഗതികൾ 280-ാം നമ്പർ ഭേദഗതിക്കും 288, 289 എന്നീ നമ്പർ ഭേദഗതികൾ 287-ാം നമ്പർ ഭേദഗതിക്കും 292-ാം നമ്പർ ഭേദഗതി 291-ാം നമ്പർ ഭേദഗതിക്കും 315-ാം നമ്പർ ഭേദഗതി 316-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 309-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ഭേദഗതി നമ്പർ 309 ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ ശബ്ദവോട്ടോടെ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 291, 300, 316 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 293, 301, 309, 313 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 297, 306, 312, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 299, 314 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 302, 303 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 307, 308, 311 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 5(1)-ൽ "എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിട്ടില്ലാത്തവരും ആയ" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

322. ഖണ്ഡം 5(1)-ൽ "അൻപത്തിയഞ്ച്" എന്നതിന് പകരം "അറുപത്" എന്ന് ചേർക്കുക.

332. ഖണ്ഡം 5(1)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

328. ഖണ്ഡം 5(1)-ൽ "അൻപത്തിയഞ്ച്" എന്നതിന് പകരം "അറുപത്തിയഞ്ച്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 5(1)-ൽ "അതിന് തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് ഇരുപത്" എന്നതിന് പകരം "മുൻ വർഷങ്ങളിലോ കുറഞ്ഞത് അൻപത്" എന്ന് ചേർക്കുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 5(1)-ൽ "ഇരുപത്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 5(1)-ൽ "ഇരുപത്" എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336 ഖണ്ഡം 5 (1)-ൽ "അവിദഗ്ദ്ധ" എന്നത് ഒഴിവാക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം 5 (1)-ൽ "തൊഴിലുറപ്പുത്തൊഴിലാളിയ്ക്കും" എന്നതിനു പകരം "തൊഴിലുറപ്പ് തൊഴിലാളികൾക്കും" എന്ന് ചേർക്കുക.

345. ഖണ്ഡം 5 (2)-ൽ "ഒരു" എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

341. ഖണ്ഡം 5 (1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ, ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും തുടർച്ചയായ രണ്ട് വർഷം ഇരുപത് ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പു തൊഴിലാളിയ്ക്കും കൂടുതലുള്ള ഓരോ വർഷത്തിനും ആനുപാതികമായ തുക ഒരുമിച്ച് അടച്ച് അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ആക്ടിന്റെ പ്രാരംഭ തീയതി മുതൽ ഒരു വർഷക്കാലത്തിന് ശേഷം യാതൊരാളെയും ഇത്തരത്തിൽ അംഗമാക്കാൻ പാടില്ലാത്തതുമാണ്."

349. ഖണ്ഡം 5 (2)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (3) ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് ബോധ്യമാകുന്ന സംഗതിയിൽ അപേക്ഷകനെ ഉടൻ തന്നെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്ന പക്ഷം പ്രസ്തുത വിവരം ആയതിനുള്ള കാരണങ്ങൾ സഹിതം അപേക്ഷ കൈപ്പറ്റി മുപ്പതു ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്;

എന്നാൽ, അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകാതെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള യാതൊരു അപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല."

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 5 (1)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ 2005 മുതൽ തൊഴിലുറപ്പ് തൊഴിലാളിയായി രജിസ്ട്രേഷൻ നേടി നിലവിൽ തൊഴിൽ ചെയ്തുവരുന്ന അറുപത് വയസ്സിനു മേൽ പ്രായമുള്ള എന്നാൽ 70 വയസ്സിൽ അധികരിക്കാത്ത തൊഴിലാളിയെ കല്പിത അംഗമായി കണക്കാക്കി

നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രത്യേക ഇളവ് നൽകി അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗത്വം നൽകാവുന്നതും, പ്രസ്തുത കല്പിത അംഗങ്ങൾക്ക് അനുഗുണമായ രീതിയിൽ ക്ഷേമ പെൻഷൻ, പദ്ധതിയിൽ വിഭാവന ചെയ്യാൻ സർക്കാരിന്റെ അനുമതിയോടെ ബോർഡിന് ചെയ്യാവുന്നതുമാണ്."

350. ഖണ്ഡം 5 (2)-ന്റെ ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പുകൾ ഉൾപ്പെടുത്തുക.

" (3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിൻമേൽ ബോർഡിന് അതിനു യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

എന്നാൽ അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയിട്ടില്ലാത്ത പക്ഷം പാസ്സാക്കുവാൻ പാടുള്ളതല്ല.

എന്നു മാത്രവുമല്ല അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(4) നിധിയിൽ അംഗമായി ചേരുന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരുപാസ്സ് ബുക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകേണ്ടതും ഇത് സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്."

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 5 (2)-ൽ "രീതിയിലും അപ്രകാരമുള്ള ഫീസ് സഹിതവും" എന്നതിനുപകരം "രീതിയിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

344. ഖണ്ഡം 5 (2)-ൽ "പ്രകാരമുള്ള രീതിയിലും" എന്നതിനുശേഷം "നിർദ്ദിഷ്ട ഫാറത്തിലും" എന്ന് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

346. ഖണ്ഡം 5 (2)-ൽ "അപ്രകാരമുള്ള ഫീസ് സഹിതവും" എന്നത് ഒഴിവാക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 5(2) ആയി താഴെപ്പറയുന്നത് ചേർക്കുക.

" (2) നിലവിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലോ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലോ അംഗമായിട്ടുള്ളതും (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രായപരിധി കഴിഞ്ഞതുമായ ഏതൊരു തൊഴിലാളിക്കും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിനു തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിൽ ഏതെങ്കിലും ഒരു വർഷമോ കുറഞ്ഞത് 20 ദിവസം എങ്കിലും അവിദഗ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ 10 വർഷത്തെ അംശദായം ഒറ്റത്തവണയായോ 10 പ്രതിമാസ ഗഡുക്കളായോ അടച്ചുകൊണ്ട് ക്ഷേമനിധിയിൽ അംഗമാകാവുന്നതും അപ്രകാരം അംഗത്വം എടുക്കുന്ന ഏതൊരാൾക്കും ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

മി. സ്പീക്കർ: 320, 321 എന്നീ നമ്പർ ഭേദഗതികൾ 319-ാം നമ്പർ ഭേദഗതിക്കും 323 മുതൽ 327 വരെയുള്ള ഭേദഗതികൾ 322-ാം നമ്പർ ഭേദഗതിക്കും 329, 330 എന്നീ നമ്പർ ഭേദഗതികൾ 328-ാം നമ്പർ ഭേദഗതിക്കും 338, 339, 340 എന്നീ നമ്പർ ഭേദഗതികൾ 337-ാം നമ്പർ ഭേദഗതിക്കും 347, 348 എന്നീ നമ്പർ ഭേദഗതികൾ 346-ാം നമ്പർ ഭേദഗതിക്കും 352, 354 എന്നീ നമ്പർ ഭേദഗതികൾ 351-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 322, 332 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 337, 345 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 341, 349 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 342, 350 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 6(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, അംശദായം അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുന്നപക്ഷം, അപ്രകാരം വീഴ്ച വരുത്തിയ ആൾ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായ കുടിശ്ശിക അടയ്ക്കുമ്പോൾ, അയാളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്."

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 6-ന്റെ ശീർഷകത്തിൽ, "അവസാനിക്കൽ" എന്നതിനു പകരം "റദ്ദാക്കൽ" എന്നാക്കുക.

364.ഖണ്ഡം 6(1)-ൽ "അവസാനിക്കുന്നതാണ്" എന്നതിന് പകരം "റദ്ദാക്കേണ്ടതാണ്" എന്ന് ചേർക്കുക.

375. ഖണ്ഡം 6(2)-ൽ "അവസാനിക്കുന്നതാണ" എന്നതിനു പകരം "റദ്ദാക്കുന്നതാണ് " എന്ന് ചേർക്കുക.

378. ഖണ്ഡം 6(2)-ൽ ക്ലിപ്തനിബന്ധയിൽ "ലംഘനംമൂലം" എന്നതിനു പകരം "ലംഘനം മൂലം" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

357. ഖണ്ഡം 6(1)-ൽ "അംഗം" എന്നതിന് ശേഷം "മതിയായ കാരണമില്ലാതെ" എന്ന് ചേർക്കുക.

372. ഖണ്ഡം 6(1)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള അധികാര കേന്ദ്രത്തിന് വീഴ്ച വരുത്തുന്ന അംഗത്തിൽ നിന്നും കാരണം എഴുതി വാങ്ങി മുടക്കം വന്ന തുകയുടെ പത്ത് ശതമാനം പിഴയായി ഈടാക്കി അംഗത്വം പുന:സ്ഥാപിച്ചു നൽകാവുന്നതാണ്."

381. ഖണ്ഡം 6-ൽ ഉപഖണ്ഡം (3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(3) ഒരംഗം തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും അംഗത്വം അവസാനിപ്പിച്ച് മറ്റു തൊഴിലുകളിലേക്ക് പോകുകയോ തൊഴിൽ ചെയ്യാതിരിക്കുവാൻ തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ഈ വിവരം എഴുതി നൽകി അംഗത്വം അവസാനിപ്പിക്കാവുന്നതാണ്.

എന്നാൽ ഉപവകുപ്പ് (3) പ്രകാരം അംഗത്വം അവസാനിപ്പിക്കുന്ന ഒരാൾ പത്തുവർഷത്തിലേറെ അംശദായം അടച്ചിട്ടുള്ള കാര്യത്തിൽ ആ അംഗത്തിന് പെൻഷനും മറ്റാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ പത്തുവർഷത്തിൽ താഴെ അംശദായം അടച്ചിട്ടുള്ള കാര്യത്തിൽ അംഗം അടച്ച മുഴുവൻ തുകയും പലിശ സഹിതം തിരികെ നൽകേണ്ടതാണ്."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

358. ഖണ്ഡം 6(1)-ൽ "ഒരു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 6(1)-ൽ "തുടർച്ചയായി" എന്ന വാക്ക് ഒഴിവാക്കുക.

363.ഖണ്ഡം 6(1)-ൽ "അയാളുടെ" എന്നതിന് ശേഷം "നിധിയിലെ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 6(1)-ൽ "അവസാനിക്കുന്നതാണ്" എന്നതിന് പകരം "ബോർഡിനോ അതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കാവുന്നതാണ് " എന്ന് ചേർക്കുക.

379. ഖണ്ഡം 6(2)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

"എന്നാൽ, അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറ് മാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടു കൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനഃസ്ഥാപിച്ച് നൽകാവുന്നതാണ്."

382. ഖണ്ഡം 6(2)-ന ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പുകൾ ചേർക്കുക.

"(3) അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല."

"(4)(1)-ാം ഉപവകുപ്പ് പ്രകാരമുള്ള അംഗത്വം റദ്ദാക്കൽ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ, പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാർ മുൻപാകെ ഫയൽ ചെയ്യേണ്ടതാണ്."

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 6(1) ചുവടെ പറയും പ്രകാരം മാറ്റുക:

" ഒരു അംഗം രണ്ട് വർഷക്കാലം അംശദായം അടയ്ക്കാൻ തുടർച്ചയായി വീഴ്ച വരുത്തുന്ന സംഗതിയിൽ അങ്ങനെയുള്ള അംഗത്തിന് ക്രമപ്രകാരം ഒരു നോട്ടീസ് നൽകുകയും നോട്ടീസിന്റെ മറുപടി തൃപ്തികരമല്ലെങ്കിൽ മാത്രം അംഗത്വം റദ്ദാക്കേണ്ടതാണ്."

ഒരു അംഗത്തെ പുറത്താക്കുമ്പോൾ അയാൾക്ക് ഒരു നോട്ടീസ് നൽകുകയും നോട്ടീസിന്റെ മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പുറത്താക്കുകയും ചെയ്യാം എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

367. ഖണ്ഡം 6(1)-ന് ശേഷം 1(എ) ആയി താഴെപ്പറയും പ്രകാരം കൂട്ടിച്ചേർക്കുക.

"1(എ) എന്നാൽ മുടങ്ങിയ അംശദായം ഒറ്റത്തവണയായി അടയ്ക്കുന്ന പക്ഷം അയാളുടെ അംഗത്വം പുതുക്കി നൽകുന്നതാണ്"

373. ഖണ്ഡം 6(2)-ൽ "വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ" എന്നതിനു പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

374. ഖണ്ഡം 6(2)-ൽ "വ്യവസ്ഥ" എന്നതിനുശേഷം "മനപ്പൂർവ്വം" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 6(2) ചുവടെപ്പറയും പ്രകാരം മാറ്റുക.

"ഒരു അംഗം അംശദായം നൽകുന്നതിനായി പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുകയാണെങ്കിൽ ഉടൻ തന്നെ അവരുടെ അംഗത്വം അവസാനിക്കുകയാണ് " .

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

380. ഖണ്ഡം 6(2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയായി താഴെപ്പറയും പ്രകാരം ചേർക്കുക.

i) "എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല ";

ii) നിലവിലുള്ള ക്ലിപ്തനിബന്ധന രണ്ടാമതാക്കുകയും അതിൽ"എന്നാൽ" എന്നതിനു പകരം "എന്നു മാത്രമല്ല" എന്ന് ചേർക്കുക.

മി. സ്പീക്കർ: 359, 360 എന്നീ നമ്പർ ഭേദഗതികൾ 358-ാം നമ്പർ ഭേദഗതിക്കും 362-ാം നമ്പർ ഭേദഗതി 361-ാം നമ്പർ ഭേദഗതിക്കും 377-ാം നമ്പർ ഭേദഗതി 376-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 355, 364, 375, 378 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 357, 372, 381 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 361, 363 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 365, 379, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 367, 373 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 7 (1) ൽ

i) "വിജ്ഞാപനം " എന്നതിനുമുൻപായി " ഗസറ്റ് " എന്ന് ചേർക്കുക.

ii) "പിൽക്കാല പ്രാബല്യത്തോട് കൂടിയോ " എന്നതിന് ശേഷം" ആവശ്യമെങ്കിൽ " എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. ഖണ്ഡം 7 (1) ൽ " ഉണ്ടാക്കപ്പെട്ട" എന്നതിന് പകരം " നിലവിൽ വന്ന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

386. ഖണ്ഡം 7 (1) ൽ " പദ്ധതി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി ചെയ്യാവുന്നതാണ്" എന്നതിന് പകരം " പദ്ധതിക്കായി വിജ്ഞാപനത്തിലൂടെ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 7 (1) ൽ " ഭേദഗതി" എന്നതിന് മുൻപിലായി " ഉടൻപ്രാബല്യത്തോടുകൂടിയോ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 7 (1) ൽ " ഭേദഗതി ചെയ്യാവുന്നതാണ്" എന്നതിനു പകരം " മാറ്റം വരുത്താവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

389. ഖണ്ഡം 8(1)-ൽ "വിജ്ഞാപനം" എന്നതിനു പകരം "ഗസറ്റ് വിജ്ഞാപനം" എന്ന് ചേർക്കുക.

406. ഖണ്ഡം 8(3)(സി)-ൽ "പഞ്ചായത്തു" എന്നതിനു പകരം "പഞ്ചായത്ത്" എന്ന് ചേർക്കുക.

409. ഖണ്ഡം 8(3)(സി) ആയി താഴെപ്പറയുന്നവ ചേർക്കുകയും ബാക്കിയുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

(സി) "നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി;"

419. ഖണ്ഡം 8(4) താഴെപ്പറയും പ്രകാരം മാറ്റുക.

" (4)സർക്കാർ, ഡയറക്ടർമാരിൽ ഒരാളെ ബോർഡിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ് "

420. ഖണ്ഡം 8(5)-ൽ "ഗസറ്റിൽ" എന്നതിനു മുൻപ് "ഔദ്യോഗിക " എന്ന് ചേർക്കുക.

421.ഖണ്ഡം 8(7)-ൽ "ബോർഡിലെ മറ്റ് ഏതെങ്കിലും ആഫീസർക്കോ" എന്നത് ഒഴിവാക്കുക.

426. ഖണ്ഡം 8(8)-ൽ "അഞ്ച് ശതമാനം വരെയുള്ള" എന്നതിനു പകരം "മൂന്ന് ശതമാനത്തിൽ അധികരിക്കാത്ത" എന്ന് ചേർക്കുക.

435. ഖണ്ഡം 8(9)-ൽ

i)"സംസ്ഥാന സർക്കാരിന്റേയും" എന്നതിന് പകരം "സംസ്ഥാനസർക്കാരിന്റേയും" എന്ന് ചേർക്കുക.

ii)"സർക്കാരിന്റേയും" എന്നതിന് ശേഷം "കാലാകാലങ്ങളിലുള്ള" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390.ഖണ്ഡം 8(1)-ൽ "വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന" എന്നതിനു പകരം "വിജ്ഞാപനത്തിന്റെ" എന്ന് ചേർക്കുക.

397. ഖണ്ഡം 8(1)-ൽ "കേരള" എന്നതിനു ശേഷം "മഹാത്മാഗാന്ധി അയ്യങ്കാളി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

411. ഖണ്ഡം 8(3)(എഫ്)-ൽ

(i) "ഗുണഭോക്താക്കളും" എന്നതിനു പകരം "നടത്തിപ്പിൽ മൂന്ന് വർഷത്തെ മുൻപരിചയവും" എന്ന് ചേർക്കുക.

(ii) "എട്ട്" എന്നതിനു പകരം "നാല്" എന്നും ചേർക്കുക.

417. ഖണ്ഡം 8(3)-ൽ ഇനം (ജി) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ജി) ഗ്രാമപഞ്ചായത്ത് അംഗമായി 5 വർഷത്തെ പ്രവൃത്തി പരിചയമുള്ളതും നിലവിൽ അംഗമല്ലാത്തതുമായ ആളുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് അനൗദ്യോഗികാംഗങ്ങൾ".

429.ഖണ്ഡം 8(8)-ൽ "തുകയോ, അതത് സമയം, സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തുകയോ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "തുക" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

391.ഖണ്ഡം 8(1)-ൽ "നിർവ്വഹണത്തിനും" എന്നതിനു ശേഷം "നടത്തിപ്പിനും" എന്ന് ചേർക്കുക.

407. ഖണ്ഡം 8(3)(സി)-ൽ "പഞ്ചായത്തു" എന്നതിനു പകരം "പഞ്ചായത്ത്" എന്ന് ചേർക്കുക.

410. ഖണ്ഡം 8(3)(ഡി)-ൽ "വകുപ്പ്" എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

392.ഖണ്ഡം 8(1)-ൽ "കേരള" എന്നതിനു പകരം "മഹാത്മാഗാന്ധി, അയ്യങ്കാളി ദേശീയ" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 8(1)-ൽ "കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

398. ഖണ്ഡം 8(2)-ൽ "ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും" എന്നതിനു പകരം "ഒരു സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായിരിക്കുന്നതും" എന്ന് ചേർക്കുക.

401. ഖണ്ഡം 8(3)(എ)-ൽ "തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി" എന്നതിന് പകരം "തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി" എന്ന് ചേർക്കുക.

404.ഖണ്ഡം 8(3)(ബി)-ൽ "താഴെയല്ലാത്ത" എന്നതിന് പകരം "കുറയാത്ത" എന്ന് ചേർക്കുക.

408. ഖണ്ഡം 8(3)(സി)-ൽ "പഞ്ചായത്തു ഡയറക്ടർ" എന്നതിന് പകരം "പഞ്ചായത്ത് വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

423. ഖണ്ഡം 8(7)-ൽ "ആഫീസർക്കോ" എന്നതിനു പകരം "ഓഫീസർക്കോ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

399. ഖണ്ഡം 8(3)-ൽ "അഞ്ച്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

400. ഖണ്ഡം 8(3)-ൽ "എട്ട്" എന്നതിനു പകരം "ഏഴ്" എന്ന് ചേർക്കുക.

416. ഖണ്ഡം 8(3)(എഫ്)-ൽ "എട്ട്" എന്നതിനു പകരം "ഏഴ്" എന്ന് ചേർക്കുക.

425.ഖണ്ഡം 8(8)-ൽ "അഞ്ച് " എന്നതിനു പകരം "ഏഴ് " എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

402. ഖണ്ഡം 8(3)(ബി)-ൽ "ജോയിന്റ്" എന്നതിനു പകരം "ഡെപ്യൂട്ടി" എന്ന് ചേർക്കുക.

422. ഖണ്ഡം 8(7)-ൽ "ആഫീസർക്കോ" എന്നതിനു പകരം "ഓഫീസർക്കോ" എന്ന് ചേർക്കുക.

434. ഖണ്ഡം 8(8)-ന് ശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ (8)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തുക ബോർഡിലേക്ക് ഓരോ വർഷവും അംശദായമായി ലഭിക്കുന്ന തുകയുടെ എട്ട് ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല".

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 8(3)(ബി) താഴെപ്പറയും പ്രകാരം മാറ്റുക

" (ബി) ധനകാര്യ വകുപ്പു സെക്രട്ടറി;" .

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

415. ഖണ്ഡം 8(3)(എഫ്)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ട് അനൗദ്യോഗിക അംഗങ്ങൾ" എന്നതിനു പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതും 5 ൽ കുറയാത്ത വനിതാ അംഗങ്ങൾ ഉൾപ്പെടുന്നതുമായ എട്ട് അനൗദ്യോഗിക അംഗങ്ങൾ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

424. ഖണ്ഡം 8(8)-ൽ "അഞ്ച് " എന്നതിനു പകരം "മൂന്ന് " എന്ന് ചേർക്കുക.

മി. സ്പീക്കർ : 393 മുതൽ 395 വരെയുള്ള ഭേദഗതികൾ 392-ാം നമ്പർ ഭേദഗതിക്കും 403-ാം നമ്പർ ഭേദഗതി 404-ാം നമ്പർ ഭേദഗതിക്കും 427, 428 എന്നീ നമ്പർ ഭേദഗതികൾ 426-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 389, 406, 409, 419, 420, 421, 426, 435 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 390, 397, 411, 417, 429 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 391, 407, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 398, 401, 404, 408, 423 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 399, 400, 416, 425 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 402, 422, 434 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒൻപതാം വകുപ്പ്</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 9(1)-ൽ

(i) "നിയമിക്കപ്പെട്ട" എന്നതിനു പകരം "നാമനിർദേശം ചെയ്യപ്പെട്ട" എന്ന് ചേർക്കുക.

(ii) "എക്സ്-ഒഫീഷ്യോ ഡയറക്ടർമാർ" എന്നതിനു പകരം "അനൗദ്യോഗിക ഡയറക്ടർമാർ" എന്ന് ചേർക്കുക.

452. ഖണ്ഡം 9(3)-ൽ

(i) "ലിഖിതമായ നോട്ടീസ്" എന്നതിനു പകരം "രേഖാമൂലമുള്ള അറിയിപ്പ്" എന്ന് ചേർക്കുക.

(ii)"അദ്ദേഹം ഔദ്യോഗികസ്ഥാനത്ത്" എന്നതിനു പകരം "അദ്ദേഹം തൽസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 9(1)-ൽ "മൂന്നു" എന്നതിനു പകരം "രണ്ട്" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. ഖണ്ഡം 9(1)-ൽ "മൂന്നു" എന്നതിനു പകരം "നാല്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

443. ഖണ്ഡം 9(1)-ൽ "മൂന്നു" എന്നതിനു പകരം "അഞ്ചു" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

450. ഖണ്ഡം 9(2)-ലെ ക്ലിപ്ത നിബന്ധനയിൽ, "ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു" എന്നതിനു പകരം "ചെയ്യേണ്ടതില്ല" എന്ന് ചേർക്കുക.

451. ഖണ്ഡം 9(3)-ൽ "ലിഖിതമായ നോട്ടീസ്" എന്നതിനു പകരം "രേഖാമൂലം കത്ത്" എന്ന് ചേർക്കുക.

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 436, 452 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 450, 451 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

453. ഖണ്ഡം 10(1) (എ)-യുടെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

454.ഖണ്ഡം 10(1) (എ)-യുടെ ക്ലിപ്തനിബന്ധനയിൽ "ബോർഡിന്" എന്നതിനു ശേഷം "ഡയറക്ടർ എഴുതി നൽകുന്ന" എന്ന് ചേർക്കുക.

461. ഖണ്ഡം 10(1) (ബി)-ൽ "സർക്കാരിന് അഭിപ്രായമുള്ള പക്ഷം" എന്നതിനു പകരം "സർക്കാർ ചുമതലപ്പെടുത്തുന്ന സമിതിയുടെ അന്വേഷണത്തിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

455. ഖണ്ഡം 10(1) (എ)-യുടെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

"എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പ് നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരു അവസരം നൽകേണ്ടതും ബോർഡിന് മതിയായ കാരണങ്ങളാൽ അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മാപ്പാക്കാവുന്നതുമാണ്."

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 10(1) (ബി)-ൽ "സർക്കാരിന് അഭിപ്രായമുള്ള പക്ഷം" എന്നീ വാക്കുകൾക്കു മുൻപ് "എന്ന് സർക്കാരിന് ഒരു പരാതി ലഭിക്കുകയും ആ പരാതിയിന്മേൽ യഥാവിധി അന്വേഷണം നടത്തി പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്ന്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 10(2)-ൽ "മൂന്നു" എന്നതിനു പകരം "മൂന്ന് " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

463. ഖണ്ഡം 10(2)-ൽ "മൂന്നു" എന്നതിനു പകരം "അഞ്ചു" എന്ന് ചേർക്കുക.

മി. സ്പീക്കർ: 456 മുതൽ 458 വരെയുള്ള ഭേദഗതികൾ 455-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 454, 461 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 463-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 11 (1)-ൽ "കുറഞ്ഞത്" എന്നതിനു മുൻപായി "വർഷത്തിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465. ഖണ്ഡം 11 (1)-ൽ " മൂന്നു" എന്നതിന് പകരം " മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

466. ഖണ്ഡം 11 (1)-ൽ " മൂന്നു" എന്നതിന് പകരം " രണ്ട്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

467. ഖണ്ഡം 11 (2)-ൽ " രണ്ട്" എന്നതിന് പകരം " നാല്" എന്നും "ഏഴ്" എന്നതിനു പകരം "എട്ട് " എന്നും ചേർക്കുക.

468. ഖണ്ഡം 11 (4)-ൽ "സംഗതിയിലും" എന്നതിന് ശേഷം " തർക്കമുണ്ടാക്കുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

469. ഖണ്ഡം 11 (4)-ൽ "അദ്ധ്യക്ഷത" എന്നതിനു പകരം " ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 466-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 467, 468 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

470. ഖണ്ഡം 12-ൽ "അംഗങ്ങൾക്കും" എന്നതിന് ശേഷം "പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള" എന്നത് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 12-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ ഈ ബത്തകൾ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അനുവദനീയമായതിലും കൂടിയ നിരക്കുകളിൽ ആകാൻ പാടുള്ളതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

472.ഖണ്ഡം 13(1)-ൽ "ഓഫീസറായും" എന്നതിനു പകരം "ആഫീസറായും" എന്ന് ചേർക്കുക.

475.ഖണ്ഡം 13(2)-ൽ "സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്" എന്നതിന് പകരം "സർക്കാരിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 13(1)-ൽ "ജീവനക്കാരെയും" എന്നതിനു ശേഷം "തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 473-ാം നമ്പർ ഭേദഗതി 472-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 475-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനാലാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 14-ൽ "വ്യവസ്ഥകൾക്കും വിധേയമായും" എന്നതിനു ശേഷം "ബോർഡിന്റെ തിരിച്ചടവ് പരിധിക്കുള്ളിൽ നിന്നുകൊണ്ട് സാമ്പത്തിക അച്ചടക്കം പാലിച്ച് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

480. ഖണ്ഡം 14-ൽ "പദ്ധതിയുടെ" എന്നതിന് പകരം "നിധിയുടെ"എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 14-ൽ "അതത് സമയം" എന്നത് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 14-ൽ "അതത് സമയം" എന്നതിനു ശേഷം"സർക്കാർനിശ്ചയിക്കുന്ന തുക" എന്ന് ചേർക്കുക.

മി. സ്പീക്കർ: 477, 478, 479 എന്നീ നമ്പർ ഭേദഗതികൾ 476-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 480-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

483.ഖണ്ഡം 15(1)-ൽ "ബാധ്യസ്ഥനായ" എന്നതിനു ശേഷം "ഒരാൾ അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ശേഷം ക്ഷേമനിധി അംഗത്വം തുടരാൻ ആഗ്രഹിക്കുന്ന കാര്യത്തിൽ" എന്ന് ചേർക്കുക.

495. ഖണ്ഡം 15 (4) നീക്കം ചെയ്യുക.

503. ഖണ്ഡം 15 (6)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "മുപ്പത് " എന്നതിന് പകരം "നൂറ്റിയെൺപത്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

484. ഖണ്ഡം 15(1)-ൽ "പറയാനുള്ളത് പറയുവാൻ" എന്നതിനു പകരം "ബോധിപ്പിക്കാനുള്ളതിന് ന്യായമായ" എന്ന് ചേർക്കുക.

487. ഖണ്ഡം 15(2)-ൽ "ചെയ്യുമ്പോൾ" എന്നതിനു ശേഷം വരുന്ന "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

496. ഖണ്ഡം 15 (5)-ൽ, "പ്രകാരമുള്ള " എന്ന വാക്കിനുശേഷം വരുന്ന "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

497. ഖണ്ഡം 15 (5)-ൽ, "നടത്തിയതിനുശേഷം അപ്പീൽവാദിക്ക്" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

485.ഖണ്ഡം 15(1)-ൽ

i)"ഒരു അവസരം" എന്നതിനു പകരം "ന്യായമായ ഒരു അവസരം" എന്ന് ചേർക്കുക.

ii)"കിട്ടേണ്ട അംശദായം" എന്നതിനു ശേഷം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

488. ഖണ്ഡം 15(2)(ഡി)-ൽ "കമ്മീഷൻ" എന്നതിനു പകരം "കമ്മീഷനെ" എന്ന് ചേർക്കുക.

498. ഖണ്ഡം 15 (5)-ൽ,

1) "പറയുവാനുള്ളത് പറയുവാൻ " എന്നതിന് പകരം "ഒരു"എന്ന് ചേർക്കുക.

2)"യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള " എന്നത് നീക്കംചെയ്യുക.

504. ഖണ്ഡം 15 (6)- ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ

1) "പറയുവാൻ ഒരവസരം" എന്നത് "പറയുവാൻ ഒരു അവസരം" എന്നാക്കുക.

2) "ഈ ഉപവകുപ്പുപ്രകാരം" എന്നതിന് പകരം "ഈ ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

486. ഖണ്ഡം 15(2)-ൽ "വ്യവഹാരം" എന്നതിനു പകരം "സിവിൽ കേസ്" എന്ന് ചേർക്കുക.

490. ഖണ്ഡം 15(2)(ഡി)-ൽ "കമ്മീഷൻ അയയ്ക്കുന്നതിന്" എന്നതിനു പകരം "കമ്മീഷനെ നിയോഗിക്കുന്നതിന് " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

499. ഖണ്ഡം 15 (5)-ൽ, "നാൽപത്തിയഞ്ച്" എന്നതിനു പകരം "മുപ്പത്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

500. ഖണ്ഡം 15 (5)-ൽ, "പാസ്സാക്കാവുന്നതുമാണ്" എന്നതിന് പകരം "പുറപ്പെടുവിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

501. ഖണ്ഡം 15 (6)-ൽ, "സ്വമേധയായോ" എന്നതിന് പകരം "സ്വമേധയാലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 489-ാം നമ്പർ ഭേദഗതി 488-ാം നമ്പർ ഭേദഗതിക്കും 491 മുതൽ 494 വരെയുള്ള ഭേദഗതികൾ 495-ാം നമ്പർ ഭേദഗതിക്കും 502-ാം നമ്പർ ഭേദഗതി 500-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 483, 495, 503 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 484, 487, 496, 497 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 485, 488, 498, 504 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 486, 490 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 500, 501 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

505. ഖണ്ഡം 16-ന്റെ ശീർഷകത്തിൽ, "പബ്ലിക് സെർവന്റുമാർ" എന്നതിനു പകരം "പൊതുസേവകർ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

506.ഖണ്ഡം 16-ൽ "പബ്ലിക് സെർവന്റുമാരായി" എന്നതിന് പകരം "ഒരു പബ്ലിക് സെർവ്വന്റായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനേഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

507. ഖണ്ഡം 17(1)-ൽ "ഉണ്ടാക്കപ്പെട്ട" എന്നതിന് ശേഷം "റെഗുലേഷനുകളോ" എന്ന് ചേർക്കുക.

512.ഖണ്ഡം 17(1)-ൽ "മൂന്നുമാസക്കാലം" എന്നതിന് പകരം "അഞ്ചു മാസക്കാലം" എന്ന് ചേർക്കുക.

530. ഖണ്ഡം 17(1)-ൽ "രണ്ടുംകൂടിയോ നൽകിശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് ശേഷം "എന്നാൽ നടപടി സ്വീകരിക്കുന്നതിന് മുൻപ് പ്രസ്തുത വ്യക്തിക്ക് കാരണം കാണിക്കുന്നതിന് ന്യായമായ ഒരു അവസരം സർക്കാർ നൽകേണ്ടതാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

508. ഖണ്ഡം 17(1)-ൽ "അറിഞ്ഞുകൊണ്ട്" എന്നതിന് പകരം "ബോധപൂർവ്വം" എന്ന് ചേർക്കുക.

510.ഖണ്ഡം 17(1)-ൽ "മൂന്നുമാസക്കാലം" എന്നതിന് പകരം "മൂന്ന് മാസക്കാലം" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

509. ഖണ്ഡം 17(1)-ൽ "നടത്തുവാൻ ഇടയാക്കുകയോ ചെയ്യുന്ന" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

511.ഖണ്ഡം 17(1)-ൽ "മൂന്നുമാസക്കാലം" എന്നതിന് പകരം"രണ്ടു മാസക്കാലം" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

514.ഖണ്ഡം 17(1)-ൽ "മൂന്നുമാസക്കാലം" എന്നതിന് പകരം "ആറു മാസക്കാലം" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

520.ഖണ്ഡം 17(1)-ൽ, " മൂന്നുമാസക്കാലം" എന്നതിന് പകരം "എട്ടുമാസക്കാലം" എന്ന് ചേർക്കുക.

527. ഖണ്ഡം 17(1)-ൽ " അയ്യായിരം" എന്നതിനു പകരം "പതിനായിരം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 17(1)-ൽ " അയ്യായിരം" എന്നതിനു പകരം "ആയിരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 17(3)-ൽ "മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സമർപ്പിക്കുന്ന" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 513-ാം നമ്പർ ഭേദഗതി 512-ാം നമ്പർ ഭേദഗതിക്കും 515 മുതൽ 519 വരെയുള്ള ഭേദഗതികൾ 514-ാം നമ്പർ ഭേദഗതിക്കും 521, 522 എന്നീ നമ്പർ ഭേദഗതികൾ 520-ാം നമ്പർ ഭേദഗതിക്കും 524, 525, 526, 528, 529 എന്നീ നമ്പർ ഭേദഗതികൾ 527-ാം നമ്പർ ഭേദഗതിക്കും 531 മുതൽ 534 വരെയുള്ള ഭേദഗതികൾ 530-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 507, 512, 530 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 508, 510 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 520, 527 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 18 ഒഴിവാക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

542.ഖണ്ഡം 18(1)-ൽ "പ്രകാരമുള്ള" എന്നതിനു ശേഷമുള്ള "ഒരു" എന്നത് ഒഴിവാക്കുക.

557. ഖണ്ഡം 18 (2)ന്റെ വിശദീകരണം (എ) താഴെ പറയുന്ന പ്രകാരം മാറ്റുക.

(എ) ' കമ്പനി' എന്നാൽ കമ്പനി നിയമം 1956 ലെയോ കമ്പനി നിയമം 2013 ലെയോ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാക്കുന്നതും അതിൽ ഒരു ഫെർമോ ഒരു സഹകരണ സംഘമോ അല്ലെങ്കിൽ ആളുകളുടെ മറ്റു സമാജമോ ഉൾപെടുന്നതുമാകുന്നു."

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

543. ഖണ്ഡം 18(1)-ൽ " കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതുമായ ഓരോ ആളും" എന്നതിനു പകരം "കമ്പനിയുടെ എം. ഓ.എ. (Memorandum of Association), എ. ഓ. എ. (Articles of Association) എന്നിവ പ്രകാരം കമ്പനിയുടെകാര്യനിർവഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്ന ഓരോ ആളും" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

550. ഖണ്ഡം 18(1)-ൽ "അവർക്കെതിരായുള്ള" എന്നതിന്ന പകരം "അവരെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 18(2)-ൽ

(i) "ഉദ്യോഗസ്ഥന്റെ" എന്നതിന്ന പകരം "ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടെയോ" എന്ന് ചേർക്കുക.

(ii)"ഉദ്യോഗസ്ഥൻ" എന്നതിന്ന പകരം "ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥരോ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

554. ഖണ്ഡം 18(2)-ന്റെ വിശദീകരണം (എ)-ൽ " ' കമ്പനി' എന്നാൽ" എന്നതിന്ന ശേഷം "1956 ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ : 544 മുതൽ 549 വരെയുള്ള ഭേദഗതികൾ 543-ാം നമ്പർ ഭേദഗതിക്കും 555, 556, 558 മുതൽ 564 വരെയുള്ള ഭേദഗതികൾ 557-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി. കെ. കെ. രമ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 542, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

569. ഖണ്ഡം 19-ൽ "നൽകുന്നതിൽ" എന്നതിനു ശേഷം "നൂറ് ദിവസമോ അതിലധികമോ തൊഴിൽ ദിനങ്ങളിൽ ഹാജരായിട്ടുള്ളതും ക്ഷേമനിധിയിൽ തുടരാൻ ആഗ്രഹിക്കുകയും ചെയ്യുന്നതുമായ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570. ഖണ്ഡം 19-ൽ "ഏതെങ്കിലും ആൾ" എന്നതിനു പകരം "ഒരാൾ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

571. ഖണ്ഡം 19-ൽ "ആൾ" എന്നതിനു പകരം "അംഗം" എന്ന് ചേർക്കുക.

578. ഖണ്ഡം 19-ൽ "അയാളിൽ" എന്നതിനു പകരം "അംഗത്തിൽ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 19-ൽ "ആൾ" എന്നതിനു പകരം"അംഗം" എന്നും "അയാളിൽ" എന്നതിനു പകരം "അംഗത്തിൽ" എന്നും ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 19-ൽ "ബോർഡിന്" എന്നതിനു ശേഷം "കുടിശ്ശികയും," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

575. ഖണ്ഡം 19-ൽ "ഇരുപത്തഞ്ചു" എന്നതിനു പകരം "അമ്പതു" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

576. ഖണ്ഡം 19-ൽ "ഇരുപത്തഞ്ചു" എന്നതിനു പകരം "പത്ത് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം 19-ൽ "വസൂലാക്കാവുന്നതാണ്" എന്നതിനു പകരം "ഈടാക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

595. ഖണ്ഡം 19-ലെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ, പ്രസ്തുത കുടിശ്ശിക തുക ഒടുക്കുന്നതിന് പരമാവധി മൂന്നിൽ കൂടാത്ത തവണകൾ അനുവദിയ്ക്കാവുന്നതുമാണ്."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 571, 578 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 575-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപതാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

596. ഖണ്ഡം 20-ൽ "ഡയറക്ടർക്കോ" എന്നതിന്ന ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 596-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

597. ഖണ്ഡം 21(1)-ൽ "സംബന്ധിച്ച" എന്നതിന്ന ശേഷം "പൊതു" എന്ന് ചേർക്കുക.

601. ഖണ്ഡം 21(2)-ൽ

(i) "ഏതെങ്കിലും" എന്നതിന്ന ശേഷം "പൊതു" എന്ന് ചേർക്കുക.

(ii) "നിന്നും" എന്നതിന്ന ശേഷം "സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയല്ലാതെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

598.ഖണ്ഡം 21(1)-ൽ "സംബന്ധിച്ച" എന്നതിന്ന ശേഷം "ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത അത്തരം" എന്ന് ചേർക്കുക.

599.ഖണ്ഡം 21(2) നീക്കം ചെയ്യുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

600. ഖണ്ഡം 21(2)-ൽ "ഏതെങ്കിലും" എന്നതിനു ശേഷം "നിയമത്തിൽ നിന്നോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 597, 601 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 598, 599 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

602.ഖണ്ഡം 22(1)-ൽ "സർക്കാരിന്റെ ജോയിന്റ്" എന്നതിനു പകരം "ഗവൺമെന്റ്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

603. ഖണ്ഡം 22(1)-ൽ "സർക്കാരിന്റെ" എന്നതിനു ശേഷം "പൊതുഭരണവകുപ്പിലെ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 22(1)-ൽ "ജോയിന്റ്" എന്നതിനു പകരം "അഡീഷണൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

612. ഖണ്ഡം 22(1)-ൽ "താഴെയല്ലാത്ത" എന്നതിനു പകരം"കുറയാത്ത" എന്ന് ചേർക്കുക.

614. ഖണ്ഡം 22(2)-ൽ "ആവശ്യപ്പെടുന്ന" എന്നതിനു ശേഷം "പക്ഷം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 22(2)-ൽ "ഏർപ്പെടുത്തിക്കൊടുക്കുകയും" എന്നതിനു പകരം "ഏർപ്പെടുത്തി കൊടുക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

616. ഖണ്ഡം 22(2)-ൽ "രേഖകളും" എന്നതിനു ശേഷം "പ്രമാണങ്ങളും" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

617. ഖണ്ഡം 22(2)-ൽ "നൽകുകയും ചെയ്യേണ്ടതാണ് " എന്നതിനു പകരം "ലഭ്യമാക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 609 മുതൽ 611 വരെയുള്ള ഭേദഗതികൾ 608-ാം നമ്പർ ഭേദഗതിക്കു തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 612, 614 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 616-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 617-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

619. ഖണ്ഡം 23(1)-ൽ "അഭിപ്രായമുള്ള പക്ഷം" എന്നതിനു പകരം "ബോദ്ധ്യപ്പെടുന്ന പക്ഷം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

620.ഖണ്ഡം 23(1)-ൽ "ആറുമാസത്തിൽ" എന്നതിനു പകരം "ആറ് മാസത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 23(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

622. ഖണ്ഡം 23(1)-നു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക;

"(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ അതിലംഘിക്കുന്ന സംഗതിയിൽ സർക്കാരിന് ബോർഡിന്റെ ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 23(2)(എ)-ൽ "പ്രസിദ്ധീകരണ" എന്നതിനു പകരം "വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രാബല്യ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 619-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

628. ഖണ്ഡം 24(2)-ൽ, "നിർദ്ദേശിക്കാവുന്ന" എന്നതിനു പകരം "നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

629. ഖണ്ഡം 24(2)-ൽ, "വേതനം" എന്നതിനു പകരം "ഓണറേറിയം" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 24(3) നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക;
"(4) ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചോ, തുടർനടപടി സംബന്ധിച്ചോ സർക്കാരിന് യുക്തമെന്ന് തോന്നുന്ന പക്ഷം അക്കൗണ്ടന്റ് ജനറൽ മുഖേന തുടർപരിശോധന നടത്താവുന്നതാണ്.'"

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

631. ഖണ്ഡം 25 (1)-ൽ "ഓരോ വർഷവും ഡിസംബർ അവസാനത്തിനുമുമ്പായി "എന്നതിനു പകരം" ഓരോ സാമ്പത്തികവർഷവും അവസാനിച്ച് ആറ് മാസങ്ങൾക്കകം" എന്ന് ചേർക്കുക.

636. ഖണ്ഡം 25 (2)-ൽ "മുമ്പാകെ" എന്നതിനു ശേഷം "തൊട്ടടുത്ത സമ്മേളനത്തിൽ തന്നെ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

632. ഖണ്ഡം 25 (1)-ൽ " ഡിസംബർ അവസാനത്തിനു" എന്നതിനു പകരം " ജൂലൈ 31-ാം തീയതിക്കു" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

633. ഖണ്ഡം 25 (1)-ൽ "അവസാനത്തിനു" എന്നതിനു പകരം "മാസാവസാനത്തിന്" എന്ന് ചേർക്കുക.

635. ഖണ്ഡം 25 (2)-ൽ "ചെയ്ത്" എന്നതിന് പകരം "ചെയ്ത" എന്ന് ചേർക്കുക.

638. ഖണ്ഡം 25 (2)-ൽ "വയ്ക്കേണ്ടതാണ്" എന്നതിനു പകരം" വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

634. ഖണ്ഡം 25 (2)-ൽ "കണക്കുകളുടെ ആഡിറ്റ് ചെയ്ത് സ്റ്റേറ്റ്മെന്റ് സഹിതം എന്നത് ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 25 (2)-ൽ "വയ്ക്കേണ്ടതാണ്" എന്നതിനു പകരം" സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 639-ാം നമ്പർ ഭേദഗതി 638-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 631, 636 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 633, 635, 638 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 634-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

642. ഖണ്ഡം 26-ൽ

ii) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ" എന്നതിനു പകരം "ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

643.ഖണ്ഡം 26-ൽ "തീരുമാനിക്കേണ്ടതായ" എന്നത് ഒഴിവാക്കുക.

645. ഖണ്ഡം 26-ൽ "കൈകാര്യം ചെയ്യുവാനോ" എന്നതിനു ശേഷം"നിശ്ചയിക്കുവാനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 641-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാലും 646-ാം നമ്പർ ഭേദഗതി 645-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 642-ാം നമ്പർ ഔദ്യോഗിക ഭേദഗതിയിലെ ii-ാം ഖണ്ഡം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 643, 645 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

652. ഖണ്ഡം 27-ൽ "കണക്കിലുള്ള തുക" എന്നതിനു ശേഷം "കുടിശ്ശിക ഏതെങ്കിലും ഒടുക്കാനുണ്ടെങ്കിൽ ഒടുക്കിയതിനുശേഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 652-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

663. ഖണ്ഡം 28(1)-ൽ " ആവശ്യപ്പെടുന്നതുപോലെ" എന്നതിന് പകരം "അനുസരിച്ച്" എന്നത് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

664. ഖണ്ഡം 28(1)-ൽ " ഉത്തരവുമുഖേന" എന്നത് "ഉത്തരവ് മുഖേന" എന്നാക്കുക.

665. ഖണ്ഡം 28(2)-ൽ " ഉത്തരവുകളും" എന്നതിനു പകരം "ഉത്തരവും" എന്നാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 28(2)-ൽ "ശേഷം" എന്ന വാക്കിനു ശേഷം "വരുന്ന ആദ്യത്തെ സമ്മേളനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

667. ഖണ്ഡം 28(2)-ൽ "മുമ്പാകെ" എന്നതിനു ശേഷം "തൊട്ടടുത്തസമ്മേളനത്തിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 663-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 664, 665 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 667-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

668. ഖണ്ഡം 29(1)-ൽ "മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടു കൂടിയോ" എന്നത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

669.ഖണ്ഡം 29(1)-ൽ "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്നതിന് പകരം "പിൽക്കാല പ്രാബല്യത്തോടു കൂടിയോ ഉടൻ പ്രാബല്യത്തോടുകൂടിയോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 29(1)-ൽ "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്നതിന് ശേഷം "അനുയോജ്യമായ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

671. ഖണ്ഡം 29(1)-ൽ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "നിയമം നിലവിൽ വന്ന ശേഷം ആറുമാസത്തിനുള്ളിൽ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

672. ഖണ്ഡം 29(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "നിർമ്മിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 668-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 672-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

673. ഖണ്ഡം 30(2)-ൽ "കാര്യമോ " എന്നതിനു ശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്നതിനു ശേഷം "നടപടികളോ"എന്നും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

676. പട്ടികയിലെ ഇനം 3-ൽ "എന്നിവ" എന്നത് ഒഴിവാക്കുക.

677.പട്ടികയിലെ ഇനം 10-ൽ "കൂടുതൽ" എന്നതും "ഏതെങ്കിലുമുണ്ടെങ്കിൽ അവ" എന്നതും ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. പട്ടികയിലെ ഇനം 13-നു ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക. "14. 14-ാം വകുപ്പ് പ്രകാരം കടം വാങ്ങുന്നതിനുള്ള നടപടിക്രമം."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 676, 677 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "സംസ്ഥാനത്തെ" എന്നതിനു പകരം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

120. ദീർഘശീർഷകത്തിൽ "ആയ" എന്നതിന് ശേഷം "മറ്റ്" എന്ന് ചേർക്കുക.

122. പീഠികയിൽ "സംസ്ഥാനത്തെ" എന്നതിനു പകരം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

133. പീഠികയിൽ "ആയ" എന്നതിന് ശേഷം "മറ്റ്" എന്ന് ചേർക്കുക.

141.ഖണ്ഡം 1(2)-ൽ "സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ" എന്നതിനു പകരം "ഉടൻ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "തൊഴിലാളികൾക്ക്" എന്നതിനു പകരം "മുഴുവൻ തൊഴിലാളികൾക്കും" എന്ന് ചേർക്കുക.

115. ദീർഘശീർഷകത്തിൽ "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്നതിനു പകരം "ഉറപ്പുവരുത്തുന്നതിനും" എന്ന് ചേർക്കുക.

127. പീഠികയിൽ "തൊഴിലാളികൾക്ക്" എന്നതിന് പകരം "എല്ലാ തൊഴിലാളികൾക്കും" എന്ന് ചേർക്കുക.

130. പീഠികയിൽ "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്നതിന് പകരം "ഉറപ്പുവരുത്തുന്നതിനും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "ആശ്വാസം" എന്നതിന് പകരം "ജീവിതസുരക്ഷ" എന്ന് ചേർക്കുക.

128. പീഠികയിൽ "ആശ്വാസം" എന്നതിന് പകരം "ജീവിതസുരക്ഷ" എന്ന് ചേർക്കുക.

136. ഖണ്ഡം 1(1) "കേരള" എന്നതിനു ശേഷം "മഹാത്മാഗാന്ധി - അയ്യങ്കാളി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

142. ഖണ്ഡം 1(2)-ൽ "വഴി" എന്നതിനു പകരം "പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "നൽകുന്നതിനും വേണ്ടി" എന്ന വാക്കുകൾക്കുശേഷം "ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

134. പീഠികയിൽ "വേണ്ടി" എന്നതിന് ശേഷം "ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന്" എന്ന് ചേർക്കുക.

146. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. "(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകം താഴെപറയും പ്രകാരം മാറ്റുക.

" കേരള സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ."

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "സംസ്ഥാനത്തെ" എന്നതിന് പകരം "സംസ്ഥാനത്ത് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം നടപ്പാക്കിയ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. പീഠികയിൽ "ക്ഷേമം" എന്നതിന് ശേഷം "ഉറപ്പാക്കി ജീവിത നിലവാരം" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. പീഠികയിൽ "അവർക്ക് പെൻഷനും മറ്റ്" എന്നതിന് പകരം "ചികിൽസാ ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. പീഠികയിൽ "യുക്തമായിരിക്കുകയാൽ;" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137.ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ ആക്റ്റിന് 2021-ലെ കേരള തൊഴിലുറപ്പ് പദ്ധതി തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്ട് എന്ന് നാമകരണം ചെയ്യേണ്ടതാണ് ."

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. "

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 1(2)-നു ശേഷം ചുവടെ ചേർക്കുന്ന ഉപവകുപ്പ് ചേർക്കുക.

"(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്. "

മി. സ്പീക്കർ: 109, 110, 111 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിൽ ഉള്ളവയായതിനാൽ ക്രമപ്രകാരമല്ല. 116-ാം നമ്പർ ഭേദഗതി 115-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നു. 124, 125, 126 എന്നീ നമ്പർ ഭേദഗതികൾ 123-ാം നമ്പർ ഭേദഗതിക്കും 144, 145 എന്നീ നമ്പർ ഭേദഗതികൾ 146-ാം നമ്പർ ഭേദഗതിക്കും തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ ശബ്ദവോട്ടോടെ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 112, 120, 122, 133, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 113, 115, 127, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 114, 128, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 118, 134, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് സ്വാഗതാർഹമായ ഒരു നിയമം തന്നെയാണ്. ഒരുപക്ഷേ ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും ഒരു നിയമസഭ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന ഒരു നിയമം കൊണ്ടുവരുന്നത്. ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ചാണ് ഞങ്ങൾ പ്രധാനമായും പോൾ ചോദിച്ചത്. അതിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. 'മഹാത്മാഗാന്ധി - അയ്യങ്കാളി' എന്ന പേരിൽ ഈ ബിൽ അവതരിപ്പിക്കേണ്ടതായിരുന്നു. നിയമം അങ്ങനെയായിരുന്നു വരേണ്ടിയിരുന്നത്. ബഹുമാനപ്പെട്ട അംഗം, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച ഭേദഗതി

ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. വാസ്തവത്തിൽ മൂലനിയമത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണ് ഇവിടെ വന്നിരിക്കുന്നത്. സാധാരണഗതിയിൽ മൂലനിയമത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് സംസ്ഥാനങ്ങൾക്ക് നിയമം പാസ്സാക്കാൻ കഴിയാത്ത അവസ്ഥ പല കാരണങ്ങൾ കൊണ്ടുമുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയാണ് പാവപ്പെട്ട ആളുകൾക്ക് ഏറ്റവും കൂടുതൽ സഹായകമായത്. ആളുകളുടെ കയ്യിൽ പണം കിട്ടിയത് തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് എന്നത് ഒരു വസ്തുതയാണ്. സംസ്ഥാന ഗവൺമെന്റ്പോലും നേരിട്ട് ജനങ്ങൾക്ക് പണം കൊടുക്കാൻ മടിച്ച സാഹര്യത്തിലാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ ജനങ്ങളുടെ കയ്യിലേയ്ക്ക് പണം ലഭിച്ചത്. അത് അവരുടെ പർച്ചേസിംഗ് പവർ വർദ്ധിപ്പിക്കുകയും അവരുടെ കുടുംബങ്ങളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടാത്ത ഒരു സാഹചര്യത്തിലേയ്ക്കെത്തിക്കുകയും ചെയ്തത്. തൊഴിലുറപ്പ് പദ്ധതികൊണ്ടാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം വേതനം കൃത്യമാക്കുക എന്നുള്ളതാണ്. കൃത്യമായി വേതനം കിട്ടുന്നില്ല, കുടിശ്ശികയായിക്കിടക്കുന്നു എന്നുള്ളത് ഒരു പ്രശ്നമാണ്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്ഥായിയായ സാമൂഹിക സ്വത്തുക്കൾ ഉണ്ടാക്കുക എന്നുള്ളത്. തൊഴിലുറപ്പ് പദ്ധതിയിലൂടെ വിഭാവന ചെയ്യുന്ന പല പദ്ധതികളും സമൂഹത്തിന് പലപ്പോഴും ഗുണകരമല്ലാതായി മാറുന്നു എന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. അത് പരിഹരിച്ച് സ്ഥായിയായ സാമൂഹിക സ്വത്തുക്കൾക്ക്/അസറ്റ് ക്രിയേഷന് പ്രധാന്യം കൊടുക്കത്തക്കനിലയിലേയ്ക്ക് ആ പദ്ധതി വിഭാവന ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുപോലെ സർക്കാർ നൽകുന്ന ഗ്രാന്റിന് ഒരു കാരണവശാലും കാലതാമസം ഉണ്ടാകാൻ പാടില്ല. എങ്കിൽ മാത്രമെ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതിന് ഗവൺമെന്റ് നേതൃത്വം കൊടുക്കുമെന്ന് കരുതുന്നു. ഈ ബില്ലിനെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഈ ബില്ലിനെ മുൻപ്രതിപക്ഷ നേതാവ് സ്വാഗതം ചെയ്തുകഴിഞ്ഞു. ഞങ്ങളെല്ലാവരും ഇതിനെ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഈ ക്ഷേമനിധി ഇപ്പോൾ നിയമം ആകുകയാണ്. ഇപ്പോൾ സാമൂഹിക പെൻഷൻ കിട്ടുന്നവർക്ക് ഇതിലേയ്ക്ക് വരുമ്പോൾ കൊല്ലത്തിൽ അറുന്നൂറ് രൂപ അടയ്ക്കണം. സാമൂഹിക പെൻഷൻ നിലനിൽക്കുമോ എന്നതിനെക്കുറിച്ച് വ്യക്തതയില്ല. അതുകൊണ്ട് ഈ നിയമം നടപ്പാക്കുമ്പോൾ അക്കാര്യം കൂടി ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇതുസംബന്ധിച്ച് നമ്മളിവിടെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് കൊടുത്ത ഭേദഗതി " (1) ഈ ആക്ടിന് 2021-ലെ കേരള തൊഴിലുറപ്പ് പദ്ധതി തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്ട് എന്ന് നാമകരണം ചെയ്യേണ്ടതാണ്." എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ 'മഹാത്മഗാന്ധി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി' എന്നൊക്കെ പേര് പറഞ്ഞിട്ടുണ്ടെങ്കിലും പൊതുവെ രണ്ടും ചേർന്നുകൊണ്ട് കേരള എന്ന രീതിയിൽതന്നെ ആ പേര് നിലനിൽക്കണം എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. ആ പേര് ഇപ്പോൾ മാറ്റേണ്ടതില്ല; നേരത്തെ പറഞ്ഞ കാര്യത്തിൽ തന്നെ ഉറച്ചുനിൽക്കുകയാണ്. പെൻഷൻ ലഭിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പെൻഷൻ പ്രധാനമായി ലഭിക്കുന്നത് അറുപത് വയസ്സ് കഴിഞ്ഞതിനുശേഷമാണ്. അംഗങ്ങളായി ചേരുന്നവരിൽ അറുപത് വയസ്സ് കഴിഞ്ഞവരില്ല. അൻപത്തിയഞ്ച് വയസ്സുള്ളവർക്ക് മാത്രമേ മെമ്പർമാരായി ചേരാൻ സാധിക്കുകയുള്ളൂ. ചേരുന്നതിന്റെ ഭാഗമായി പെൻഷന്റെ പ്രശ്നം നമ്മുടെ മുമ്പിൽ വരുന്നില്ല. അറുപത് വയസ്സ് കഴിഞ്ഞവർക്ക് മാത്രമല്ല അംഗവൈകല്യം സംഭവിച്ചവരെയും അസുഖം ബാധിച്ചവരെയും ഈ ഭേദഗതിയോടുകൂടി ചേർത്തിട്ടുണ്ട്. ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "റീജിയണൽ ജോയിന്റ് ഡയറക്ടറിനു" എന്നതിന് പകരം "റീജിയണൽ ജോയിന്റ് ഡയറകടേറ്റിനു" എന്ന് ചേർക്കുക.

140. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "സൂപ്പർവൈസർ" എന്നതിന് മുൻപ് "ബിൽഡിംഗ്" എന്ന് ചേർക്കുക.

141. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "ടൗൺ പ്ലാനർ" എന്നതിന് പകരം "ടൗൺ പ്ലാനർ/റീജിയണൽ ടൗൺ പ്ലാനർ" എന്ന് ചേർക്കുക.

142. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xxii എ)-ൽ "രണ്ടു നില" എന്നതിന് പകരം "രണ്ട് നില" എന്ന് ചേർക്കുക.

168. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

131.ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ

i) " രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും" എന്നതിന് പകരം " രജിസ്റ്റർ ചെയ്തിട്ടുള്ളതും" എന്ന് ചേർക്കുക.

ii) " സ്ഥാപനം" എന്നതിന് മുൻപ് " അംഗീകൃത" എന്ന് ചേർക്കുക.

150. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ (i) "ഓർഫനേജ്" എന്നതിനു പകരം "അനാഥാലയം" എന്ന് ചേർക്കുക.

(ii) "ഡോർമിറ്ററി" എന്നതിനു പകരം "പൊതുശയന മുറി" എന്ന് ചേർക്കുക

(iii) "ഓൾഡ് ഏജ് ഹോം" എന്നതിനു പകരം "വൃദ്ധസദനം" എന്ന് ചേർക്കുക.

163. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "മതപരവും" എന്നതിന് ശേഷം "സാംസ്കാരിപരവും" എന്ന് ചേർക്കുക.

182. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപത്രം" എന്നതിന് പകരം "ഉടമസ്ഥൻ നൽകുന്ന സ്വയം സാക്ഷ്യപത്രം എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132.ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും" എന്നതിന് പകരം "ചെയ്തിട്ടുള്ളതും" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "അതതു സംഗതി പോലെ" എന്നത് ഒഴിവാക്കുക.

147. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "വാസഗൃഹങ്ങളും" എന്നതിനു പകരം "വീടുകളും" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139.ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-ൽ "എഞ്ചിനീയർ" എന്നതിന് മുൻപ് "സിവിൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148.ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ഓർഫനേജ്" എന്നതിനു പകരം "അനാഥ മന്ദിരം" എന്ന് ചേർക്കുക.

151.ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ഡോർമിറ്ററി" എന്നതിനു പകരം "പൊതുശയന മുറി" എന്ന് ചേർക്കുക.

152. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ഓൾഡ് ഏജ് ഹോം" എന്നതിനു പകരം "വൃദ്ധസദനം" എന്ന് ചേർക്കുക.

166. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "സമ്മേളിക്കുന്ന കെട്ടിടങ്ങളും" എന്നതിനുശേഷം "ഹാളുകളും" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149.ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ഓർഫനേജ്" എന്നതിനു പകരം "അനാഥാലയം" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ഓൾഡ് ഏജ് ഹോം" എന്നതിനു പകരം "വൃദ്ധസദനം" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "സെമിനാരി" എന്നതിനു ശേഷം ",ഭജനമഠം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

167. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "സമ്മേളിക്കുന്ന കെട്ടിടങ്ങളും" എന്നതിനു ശേഷം "സാംസ്കാരിക സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

169. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനുശേഷം "ക്രമവൽക്കരണത്തിനും" എന്ന് ചേർക്കുക.

183.ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "ലൈസൻസിയും സംയുക്തമായി" എന്നതിന് ശേഷം "ഉത്തമ ബോദ്ധ്യത്താൽ " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "സെമിനാരി" എന്നതിനു ശേഷം ", ആശ്രമം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

181. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "കെട്ടിടത്തിന്റെ ഉടമസ്ഥനും" എന്നതിന് പകരം "കെട്ടിട ഉടമയും അല്ലെങ്കിൽ ഉടമസ്ഥാവകാശം നിർവ്വഹിക്കുന്നയാളും" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxii എ)-ൽ "ദേശസ്നേഹപരവുമായ്" എന്നതിന് പകരം "പൊതു" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184.ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "സംയുക്തമായി" എന്നതിന് പകരം "ചേർന്ന്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185.ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xxvi എ)-ൽ "സ്വയം" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 124, 140, 141, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 131, 150, 163, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 138, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 148, 151, 152, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 154, 167, 169, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 155, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) ന്റെ (എ) ഖണ്ഡത്തിൽ " കവിയാനോ" എന്നതിനു പകരം "കൂടാനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 70(1)ന്റെ ക്ലിപ്ത നിബന്ധനയിൽ "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്നതിനു പകരം "രാവിലെ 6.30 മണിക്കും വൈകുന്നേരം 6.30 മണിക്കും" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 70(1)-ൽ "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്നതിനു പകരം "രാവിലെ 8 മണിക്കും വൈകുന്നേരം 6 മണിക്കും" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 70(1)-ൽ "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്നതിനു പകരം "രാവിലെ 7 മണിക്കും വൈകുന്നേരം 7 മണിക്കും" എന്ന് ചേർക്കുക.

190. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 70(2)-ൽ "നിശ്ചയിച്ച പ്രകാരമുള്ള" എന്നതിനു പകരം "നിശ്ചയിച്ചിട്ടുള്ള" എന്ന് ചേർക്കുക.

191. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 70(2)-ൽ "നിശ്ചയിച്ച പ്രകാരമുള്ള" എന്നതിനു പകരം "പ്രസ്താവിച്ചിട്ടുള്ള" എന്ന് ചേർക്കുക.

193. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 70(2)-ൽ "വ്യക്തമാക്കിയിരിക്കുന്ന" എന്നതിനു പകരം "പറയപ്പെട്ടിരിക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 70(2)-ൽ "അവസാനത്തെ ഒരു മണിക്കൂർ" എന്നതിനു പകരം "വൈകുന്നേരം 5 മണി മുതൽ 6 മണി വരെയുള്ള ഒരു മണിക്കൂർ" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 70(2)-ൽ "വിഭാഗങ്ങളിലുള്ള ആളുകൾക്ക്" എന്നതിനു പകരം "വിഭാഗത്തിൽപ്പെട്ടവർക്ക്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 189, 190, 191, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്ക് പകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)-ൽ "വ്യവസ്ഥകളുടെ സാമാന്യതയ്ക്ക്" എന്നതിന് പകരം "വ്യവസ്ഥകൾക്ക്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(എ)-ൽ " തത്സമയം" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(എ)-ൽ " ബാധിച്ച" എന്നതിനു പകരം " ബാധിച്ച് ചികിത്സയിൽ കഴിയുന്ന" എന്ന് ചേർക്കുക.

216. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(ബി)-ൽ " ആയിരിക്കുന്ന" എന്നതിനു പകരം " കഴിയുന്ന" എന്ന് ചേർക്കുക.

222. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)-ന്റെ വിശദീകരണം (ii)-ൽ "സംസ്ഥാനത്ത്" എന്നതിനു പകരം "രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത്" എന്ന് ചേർക്കുക.

233. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "നേരിട്ട്" എന്നതിനു ശേഷം "ഹാജരായി" എന്ന് ചേർക്കുക.

234. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "വോട്ട് ചെയ്യാവുന്നതുമാണ്" എന്നതിനു പകരം "വോട്ട് രേഖപ്പെടുത്താവുന്നതുമാണ് " എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(എ)-ൽ " ബാധിച്ച" എന്നതിനു പകരം " ബാധിച്ച് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന" എന്ന് ചേർക്കുക.

214.ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(ബി) ഒഴിവാക്കുക.

225. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "ഒരു സമ്മതിദായകന്" എന്നതിനു ശേഷം "തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്കു വിധേയമായി" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(എ)-ൽ " ഏതൊരാളും" എന്നതിനു പകരം " ഏതൊരു വോട്ടറും" എന്ന് ചേർക്കുക.

217. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)(ബി)-ൽ " ഏതൊരാളും" എന്നതിനു പകരം " ഏതൊരു വോട്ടറും" എന്ന് ചേർക്കുക.

223. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)-ന്റെ വിശദീകരണം (ii)-ൽ "സംസ്ഥാനത്ത്" എന്നതിനു ശേഷം "സ്വയം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 74 എ (1)-ൽ (എ) ഇനത്തിന് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

" (ബി) കിടപ്പ് രോഗിയായ ഏതൊരാളും;"

" (സി) എൺപത് വയസ്സിൽ കുറയാത്ത ഏതൊരാളും;"

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(1) (ബി)-ൽ " ക്വാറന്റീനിൽ" എന്നതിനു പകരം " സമ്പർക്കവിലക്കിൽ" എന്ന് ചേർക്കുക.

221. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(1)-ന്റെ വിശദീകരണം (ii)-ൽ "ക്വാറന്റീനിൽ"എന്നതിനു പകരം "സമ്പർക്കവിലക്കിൽ" എന്ന് ചേർക്കുക.

236. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "ചെയ്യാവുന്നതുമാണ് " എന്നതിനു "രേഖപ്പെടുത്താവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

219. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ (1)-ന്റെ വിശദീകരണം (i)-ൽ " അതതു സമയം" എന്നതിനു പകരം " കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "ഒരു സമ്മതിദായകന്" എന്നതിനു പകരം "സമ്മതിദായകർക്ക്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ൽ "വ്യക്തമാക്കിയ സമയത്ത്" എന്നതിനു ശേഷം "സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 74 എ(2)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ഇപ്രകാരമുള്ള ഏതൊരു സമ്മതിദായകനും സാംക്രമിക രോഗം ബാധിച്ചതിന്റെയോ ക്വാറന്റീനിൽ ആയിരിക്കുന്നതിന്റെയോ രേഖ പ്രിസൈഡിംഗ് ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കേണ്ടതാണ്."

മി. സ്പീക്കർ: 195-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല അതിനാൽ അവതരിപ്പിക്കേണ്ടതില്ല. 226 മുതൽ 229-ാം നമ്പർ ഭേദഗതി വരെ 225-ാം നമ്പർ ഭേദഗതിക്ക് തുല്യവും 232-ാം നമ്പർ ഭേദഗതി 233-ാം നമ്പർ ഭേദഗതിക്ക് തുല്യവും 235-ാം നമ്പർ ഭേദഗതി 234-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ അവതരിപ്പിച്ച 357-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 357-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 210, 216, 222, 233, 234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 211, 214, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 212, 217, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 215, 221, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240.ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എഫ് (1)-ൽ "അല്ലെങ്കിൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247.ഖണ്ഡം 6(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എഫ് (1)(എ)-ൽ "രേഖാമൂലമുള്ള അപേക്ഷയോ" എന്നതിന് ശേഷം "ഇ-മെയിൽ സന്ദേശമോ" എന്നത് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 6(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എഫ് (1)(എ)-ൽ "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്നതിന് പകരം "രേഖാമൂലമോ, ഓൺലൈനായോ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

250.ഖണ്ഡം 6(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എഫ് (1)(എ)-ൽ "രേഖാമൂലമുള്ള" എന്നതിന് ശേഷം "നിശ്ചിത ഫോറത്തിലെ" എന്നു ചേർക്കുക.

251. ഖണ്ഡം 6(iii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എഫ് (1)(ബി)-ൽ "രേഖാമൂലമായ ഒരു" എന്നതിന് ശേഷം "നിശ്ചിത ഫോറത്തിലെ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 249-ാം നമ്പർ ഭേദഗതി 248-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 250, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 എച്ച്-ൽ "അപകടസാധ്യതയുള്ള" എന്നതിനു ശേഷം "ചെലവ് കുറഞ്ഞ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

254.ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 <u>ഐ</u>-ൽ "പതിനഞ്ച് ദിവസത്തിനകം" എന്നതിനു പകരം "പത്ത് പ്രവർത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

അതിൽ പതിനഞ്ച് ദിവസത്തിന്റെ ആവശ്യമില്ല, സാധാരണഗതിയിൽ പത്ത് ദിവസമാണ് കൊടുക്കാറുള്ളത്. ഇത് പരിഗണിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 ജെ-ൽ "പതിനഞ്ച്" എന്ന വാക്ക് വരുന്നിടത്തെല്ലാം "പത്ത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 9(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 ജെ-ൽ (i) "പതിനഞ്ച് ദിവസത്തിനകം" എന്നതിന് പകരം "പത്ത് പ്രവർത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

ക്ലിപ്ത നിബന്ധനയിൽ "പതിനഞ്ച് ദിവസക്കാലം" എന്നതിന് പകരം "പത്ത് പ്രവർത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257.ഖണ്ഡം 9(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 235 ജെ-ൽ "പതിനഞ്ച്" എന്നതിനു പകരം "പത്ത്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

259. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "പണി" എന്നതിന് പകരം "നിർമ്മാണം" എന്ന് ചേർക്കുക.

273. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ. (1)ൽ "സ്വയം" എന്നത് ഒഴിവാക്കുക.

292. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിന് പകരം "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന് ചേർക്കുക.

293.ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "അംഗീകാരമായും" എന്നതിന് പകരം "അംഗീകാരത്തിനുള്ള അനുമതിപത്രമായും" എന്ന് ചേർക്കുക.

296. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "പണിനടത്തുന്നതിനുള്ള" എന്നതിന് പകരം "നിർമ്മാണം ആരംഭിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262.ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "അനുവാദത്തിനായും" എന്നതിന് പകരം "അനുമതിക്കായും" എന്ന് ചേർക്കുക.

271. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "അപേക്ഷ" എന്നതിനു മുമ്പ്" നിർദ്ദിഷ്ട ഫോറത്തിലുള്ള" എന്നു ചേർക്കുക.

272. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ. (1)ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള" എന്നത് "നിശ്ചിത മാതൃകയിലുള്ള ഫാറത്തിൽ" എന്നാക്കുക.

278. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "സെക്രട്ടറിയ്ക്ക്" എന്നതിനു മുമ്പ് "പഞ്ചായത്ത്" എന്നു ചേർക്കുക.

284. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ " സെക്രട്ടറി" എന്നത് " പഞ്ചായത്ത് സെക്രട്ടറി" എന്ന് മാറ്റുക.

298.ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "അനുവാദമായും" എന്നതിന് പകരം "അനുമതിയായും" എന്ന് ചേർക്കുക.

300.ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെ എ.(3) താഴെപ്പറയും പ്രകാരം മാറ്റുക.

"2-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന ഒരു കൈപ്പറ്റ് സാക്ഷ്യപത്രം അപ്രകാരമുള്ള കെട്ടിടത്തിന്റെ, കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരമായും പണി നടത്തുന്നതിനുള്ള അനുമതിയായും കരുതപ്പെടേണ്ടതാണ് ".

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264.ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "അനുവാദത്തിനായും ഒരു" എന്നതിന് ശേഷം "നിശ്ചിതഫോമിലുള്ള അപേക്ഷ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

270. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "ഒരു അപേക്ഷ" എന്നതിനു പകരം "നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ" എന്ന് ചേർക്കുക.

276. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "സെക്രട്ടറിയ്ക്ക്" എന്നതിന് മുമ്പ് " രേഖാമൂലമോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയോ" എന്നത് ചേർക്കുക.

295. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "പണിനടത്തുന്നതിനുള്ള" എന്നതിന് പകരം "കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "രേഖകളും സഹിതം" എന്നതിനു ശേഷം "നേരിട്ടോ ഓൺലൈനായോ" എന്നത് ചേർക്കുക.

288. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ "അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം" എന്നത് ഒഴിവാക്കുക.

291. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "ലഭിക്കുന്നതിന്മേൽ" എന്നതിനു ശേഷം "ക്രമപ്രകാരമുള്ളവയല്ലാത്തതൊന്നും ചൂണ്ടിക്കാണിക്കാത്ത പക്ഷം" എന്നത് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

277. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(1)ൽ "സെക്രട്ടറിയ്ക്ക്" എന്നതിന് മുമ്പ് "ഗ്രാമപഞ്ചായത്ത്" എന്ന് ചേർക്കുക.

286. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ "അഞ്ച് " എന്നതിന് പകരം "ഏഴ്" എന്ന് ചേർക്കുക.

294. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(3)-ൽ "പണി" എന്നതിന് പകരം "നിർമ്മാണം" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

279. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 കെഎ (1)-ൽ ഇനി പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ഏതെങ്കിലും സന്ദർഭത്തിൽ നിർദ്ദിഷ്ട അപേക്ഷയിൽ പരാമർശിച്ച വിവരങ്ങളിൽ പിഴവ് ഉണ്ടെന്നോ കെട്ടിട നിർമ്മാണത്തിൽ ബന്ധപ്പെട്ട നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനം നടന്നിട്ടുള്ളതായോ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം പഞ്ചായത്തീരാജ് നിയമപ്രകാരമുള്ള പിഴ നൽകുന്നതിനും സ്വന്തം ചെലവിൽ നിർണ്ണയിക്കപ്പെടുന്ന സമയപരിധിക്കുള്ളിൽ കെട്ടിടം പൊളിച്ചുമാറ്റുന്നതിനും കെട്ടിട ഉടമയും എംപാനൽഡ് ഏജൻസിയും ബാധ്യസ്ഥരായിരിക്കുമെന്ന സത്യപ്രസ്താവന അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്."

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ " അഞ്ച് " എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ " അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം" എന്നത് ഒഴിവാക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ.(2)-ൽ "കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിന് പകരം "കൈപ്പറ്റ് റസീറ്റ്" എന്ന് ചേർക്കുക.

290. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 കെഎ(2) താഴെപ്പറയും പ്രകാരം മാറ്റുക.

"എല്ലാ രീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ, സെക്രട്ടറി, അഞ്ച് പ്രവർത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ഒരു കൈപ്പറ്റുസാക്ഷ്യപത്രം, പഞ്ചായത്തിന്റെ മുദ്രയോടു കൂടിയുള്ള കെട്ടിടത്തിന്റെ പ്ലാനിന്റെ കോപ്പിയും സഹിതം അപേക്ഷകന് നൽകേണ്ടതാണ്."

മി. സ്പീക്കർ: 260, 261 എന്നീ നമ്പർ ഭേദഗതികൾ 259-ാം നമ്പർ ഭേദഗതിക്ക് തുല്യവും 280 മുതൽ 283 വരെയുള്ള ഭേദഗതികൾ 279-ാം നമ്പർ ഭേദഗതിക്ക് തുല്യവും 297-ാം നമ്പർ ഭേദഗതി 298-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 259, 273, 292, 293, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 262, 271, 272, 278, 284, 298, 300 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 270, 276, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 275, 288, 291 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 277, 286, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 289, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

301. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "കെട്ടിടങ്ങളുടെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ "എന്നതിനുശേഷം "ക്രമവൽക്കരണത്തിനോ" എന്ന് ചേർക്കുക

311. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " അഞ്ച് വർഷത്തിൽ കുറയാത്ത" എന്നതിനു പകരം " മൂന്നു വർഷത്തിൽ കുറയാത്ത" എന്ന് ചേർക്കുക.

313. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " (4)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള" എന്നതിന് ശേഷം "നിശ്ചിത " എന്ന് ചേർക്കുക.

324. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (4)-ൽ "രണ്ട് ലക്ഷം രൂപ" എന്നതിനു പകരം "ഒരു ലക്ഷം രൂപ" എന്ന് ചേർക്കുക.

328. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ്(4) - ൽ " നാല് ലക്ഷം രൂപ" എന്നതിനുപകരം "രണ്ടു ലക്ഷം രൂപ" എന്ന് ചേർക്കുക.

329. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ്(4) - ൽ " ആറ് ലക്ഷം രൂപ" എന്നതിനുപകരം "മൂന്നു ലക്ഷം രൂപ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനു ശേഷം "വിപുലീകരണത്തിനോ" എന്ന് ചേർക്കുക.

332.ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ്(4) - ൽ " പിഴ ഈടാക്കാവുന്നതാണ് " എന്നതിനു മുൻപിൽ "തുല്യമായി " എന്ന് ചേർക്കുക.

346. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " എടുത്ത" എന്നതിനു പകരം " കൈക്കൊണ്ട" എന്ന് ചേർക്കുക.

348. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം " പരാതിയുള്ള" എന്ന് ചേർക്കുക.

350. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " സർക്കാരിൽ" എന്നതിനു പകരം " അപ്പീൽ അധികാരിക്ക് അഥവാ അപ്പലേറ്റ് ട്രൈബ്യൂണലിന് " എന്ന് ചേർക്കുക.

351. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " മുപ്പത്" എന്നതിനു പകരം " ഇരുപത്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "സ്വയം"എന്നത് ഒഴിവാക്കുക.

309. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " അധികാരി, കാണുന്നപക്ഷം" എന്നതിനു പകരം " അധികാരിക്ക് ബോധ്യമാകുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

315. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ ഇപ്രകാരം നോട്ടീസ് ലഭിച്ച് ലൈസൻസിക്ക് വിലക്ക് ഏർപ്പെടുത്തുന്നതിനു മുമ്പായി ലൈസൻസിക്ക് പറയുവാനുള്ള ന്യായമായ ഒരവസരം നൽകേണ്ടതുമാണ്.

എന്നുമാത്രമല്ല ലൈസൻസിക്ക് ഇതുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്."

339 ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (4)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ 4-ാം ഉപവകുപ്പ് പ്രകാരം പിഴ ഈടാക്കുന്ന സംഗതിയിൽ പിഴത്തുകയുടെ 25 ശതമാനം എംപാനൽ ലൈസൻസിയും ബാക്കി വരുന്ന 75 ശതമാനം കെട്ടിട ഉടമയും ഒടുക്കേണ്ടതാണ്."

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "ചട്ടങ്ങളിലെയോ"എന്നതിനു പകരം "ചട്ടങ്ങളിലോ" എന്ന് ചേർക്കുക.

323.ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (4)-ൽ "ഏതെങ്കിലും ഉണ്ടെങ്കിൽ, അത് " എന്നത് ഒഴിവാക്കുക.

352. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ "മുപ്പത്" എന്നതിനു പകരം "തൊണ്ണൂറ് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "തൽസമയം" എന്നത് ഒഴിവാക്കുക.

സാംക്രമിക രോഗത്തിന്റെ പകർച്ചയുമായി ബന്ധപ്പെട്ടതാണ്. "തൽസമയം" എന്നത് ഒഴിവാക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ

(i) "വസ്തുതകൾ മറച്ചുവച്ചോ" എന്നതിനു പകരം "വസ്തുതകൾ ബോധപൂർവ്വം മറച്ചുവച്ചോ" എന്ന് ചേർക്കുക.

(ii) "രജിസ്റ്ററിംഗ് അധികാരി, കാണുന്നപക്ഷം" എന്നതിനു പകരം "രജിസ്റ്ററിൽ അധികാരി കണ്ടെത്തുന്ന പക്ഷം" എന്ന് ചേർക്കുക.

(iii) "അഞ്ച് വർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക്" എന്നതിനു പകരം "ആറുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് " എന്ന് ചേർക്കുക.

316.ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)ന് ശേഷം താഴെപ്പറയുന്ന 3 എ ഉപവകുപ്പ് ചേർക്കുക.

" (3 എ) അപ്രകാരം സ്വയംസാക്ഷ്യപത്ര പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തി പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം യഥാസമയം നിരീക്ഷിക്കേണ്ടതും സാക്ഷ്യപത്രത്തിനോടൊപ്പം നൽകിയ അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിടം നിർമ്മിക്കുന്നതെന്നോ തൽസമയം പ്രാബല്യത്തിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കോ, നെൽവയൽ തണ്ണീർത്തട നിയമങ്ങളോ ലംഘിച്ചുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നോ ബോധ്യപ്പെടുന്ന പക്ഷം അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ തൽസമയം നിറുത്തിവയ്ക്കുന്നതിന് കെട്ടിടനിർമ്മാണ ഉടമയ്ക്ക് പഞ്ചായത്ത് സെക്രട്ടറി സ്റ്റോപ്പ്മെമ്മോ നൽകേണ്ടതാണ്."

325.ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (4)-ൽ

(i) " രണ്ട് ലക്ഷം രൂപ വീതവും" എന്നതിന് പകരം "ഇരുപത്തയ്യായിരം രൂപ വീതം" എന്ന് ചേർക്കുക.

(ii) " നാല് ലക്ഷം രൂപ വീതവും" എന്നതിന് പകരം "അൻപതിനായിരം രൂപ വീതം" എന്ന് ചേർക്കുക.

(iii) " ആറ് ലക്ഷം രൂപ വീതവും" എന്നതിന് പകരം "ഒരു ലക്ഷം രൂപ വീതം" എന്നും ചേർക്കുക.

354. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ന് ശേഷം താഴെപ്പറയുന്ന 5 എ ഉപവകുപ്പ് ചേർക്കുക.

"(5 എ) 5-ാം വകുപ്പ് പ്രകാരം ലഭിക്കുന്ന അപ്പീൽ പ്രസ്തുത അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അപ്പീൽ തീർപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് നേരിൽ കേട്ടശേഷം മാത്രമേ അപ്പീൽ സർക്കാർ തീർപ്പുകൽപ്പിക്കാവൂ."

316-ാം നമ്പർ ഭേദഗതി ആവശ്യമില്ലാത്ത കോംപ്ലിക്കേഷനുകൾ ഒഴിവാക്കാൻവേണ്ടിയുള്ള ഒരു ഭേദഗതിയാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ "മറച്ചുവച്ചോ" എന്നതിനു പകരം "മറച്ചുവച്ചുകൊണ്ടോ" എന്ന് ചേർക്കുക.

349. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " സർക്കാരിൽ" എന്നതിനു പകരം" അപ്പലേറ്റ്ട്രൈബ്യൂണലിൽ" എന്ന് ചേർക്കുക.

353. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ "ദിവസങ്ങൾക്കകം" എന്നതിനു പകരം "ദിവസത്തിനകം" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

310. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " കാണുന്നപക്ഷം" എന്നതിനു പകരം " കണ്ടെത്തുന്ന പക്ഷം" എന്ന് ചേർക്കുക.

314.ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " പിഴ ഈടാക്കാവുന്നതുമാണ് " എന്നതിന് പകരം "പിഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ഈടാക്കാവുന്നതാണ് " എന്ന് ചേർക്കുക.

347. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (5)-ൽ " സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം" ബുദ്ധിമുട്ടനുഭവിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

312. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 235 ഇസഡ് (3)-ൽ " പ്രാക്ടീസ് ചെയ്യുന്നതിന്" എന്നതിനു പകരം " പ്രവർത്തിക്കുന്നതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 304-ാം നമ്പർ ഭേദഗതി 303-ാം നമ്പർ ഭേദഗതിക്ക് തുല്യവും 327-ാം നമ്പർ ഭേദഗതി 328-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 301, 311, 313, 324, 328, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 302, 332, 346, 348, 350, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 303, 309, 315, 339 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 305, 323, 352 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ.രമേശ് ചെന്നിത്തല അവതരിപ്പിച്ച 307, 316, 325, 354 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 308, 349, 353 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 310, 314, 347 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 12(2)-ൽ "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്ന് ചേർക്കുക.

356. ഖണ്ഡം 12(2)-ൽ "നടപടിയോ" എന്നതിനു ശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 355, 356 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. പീഠികയിൽ "ഇതിനുശേഷം" എന്നതിനുപകരം "താഴെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു ശേഷം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. പീഠികയിൽ "ചെയ്യുന്നത്" എന്നതിനു പകരം "വരുത്തുന്നത്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. പീഠികയിൽ "യുക്തമായിരിക്കുകയാൽ;" എന്നതിനു പകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

119. ഖണ്ഡം 1(2)(ബി)-ൽ "5-ാം വകുപ്പും" എന്നതിനു പകരം "5-ാം വകുപ്പ് 1-ാം ഉപവകുപ്പും" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. “ (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ".

121. ഖണ്ഡം 1(2)(സി)-ൽ "ഉപവകുപ്പ്" എന്നതിനു ശേഷം "4-ാം വകുപ്പ് (2)-ാം ഉപവകുപ്പ്" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118.ഖണ്ഡം 1(2)(എ)-ൽ " തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 1(2)(ബി)-ൽ " തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. ഖണ്ഡം 1(2)(സി)-ൽ " തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 1(2)(ഡി)-ൽ " തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ):സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 116, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 117, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

5.00 p.m.]

(iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2(i) ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

120. ഖണ്ഡം 2(i)-ൽ "വരുന്നുവോ" എന്നതിനുശേഷം "അവിടെയെല്ലാം" എന്ന് ചേർക്കുക.

129. ഖണ്ഡം 2 (ii)-ൽ "എന്ന" എന്ന് വരുന്നിടത്തെല്ലാം "എന്നീ" എന്ന് ചേർക്കുക.

130. ഖണ്ഡം 2 (ii)-ൽ "വരുന്നുവോ" എന്നതിനുശേഷം " അവിടെയെല്ലാം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ഖണ്ഡം 2(i)-ൽ "പ്ലാനിംഗ്" എന്നതിനുപകരം "ടൗൺ പ്ലാനിംഗ്" എന്ന് ചേർക്കുക.

133. ഖണ്ഡം 2 (iii)-ൽ "സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മിറ്റി" എന്നതിനുപകരം "സംസ്ഥാന തദ്ദേശസ്വയംഭരണ നഗര-ഗ്രാമാസൂത്രണകമ്മിറ്റി" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 2 (iii) ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2 (iii)-നുശേഷം താഴെപ്പറയുന്ന പ്രകാരം ചേർക്കുക.

" (iv) " അർബൻ ആർട്ട് " എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിനുപകരം "കലാ പൈതൃക" എന്നീ വാക്കുകൾ ചേർക്കുക."

മി. സ്പീക്കർ: 119-ാം നമ്പർ ഭേദഗതി 118-ാം നമ്പർ ഭേദഗതിക്കും 132-ാം നമ്പർ ഭേദഗതി 131-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 120, 129, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 126, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

615. ഖണ്ഡം 3(ix) താഴെപ്പറയും പ്രകാരം മാറ്റുക.

"(ix) (ഇസഡ്) ഖണ്ഡത്തിൽ,-

(എ) "ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനുവേണ്ടി" എന്നീ വാക്കുകൾക്ക് പകരം, "ഒരു നിശ്ചിത പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനുവേണ്ടി എന്ന വാക്കുകളും" ഏതെങ്കിലും പ്രത്യേക പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും നിശ്ചിത പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(ബി) "ഒരു ജോയിന്റ് ആസൂത്രണപ്രദേശത്തിനു വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപരപ്ലാനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ബിഎ) വകുപ്പിൽ "വികസന മുൻഗണനകൾക്ക്" എന്നതിനുപകരം "വികസനത്തിനും സാമൂഹികനീതി ലക്ഷ്യങ്ങൾക്കും " എന്ന് ചേർക്കുക.

147. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 2(എച്ച്)-ൽ "സാമ്പത്തിക" എന്നതിനുശേഷം "ഭൗതിക, പാരിസ്ഥിതിക" എന്ന് ചേർക്കുക.

157. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജെ)-ൽ "സർക്കാർ തീരുമാനിക്കുന്ന പ്രകാരമുള്ള ഒരു കാലയളവിലേക്കോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

192. ഖണ്ഡം 3(xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസിഎ)-ൽ " പൈതൃക സംരക്ഷണം, സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തര വികസനം" എന്നിവ ഒഴിവാക്കുക.

202. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിഡി)-ൽ "നടപ്പിലാക്കുവാനും" എന്നതിനുശേഷം "ശിപാർശ നൽകുവാനും" എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

141. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ബിഎ)-ൽ " നിശ്ചിത " എന്നത് ഒഴിവാക്കുക.

204. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിഡി)-ൽ "സർക്കാരിനു കീഴിൽ" എന്നതിനുപകരം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ബിഎ)-ൽ " സാമൂഹിക - സാമ്പത്തിക" എന്നതിനുപകരം " വികസനം" എന്നത് ചേർക്കുക.

155. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജെ)-ൽ "കാലാകാലങ്ങളിൽ" എന്നതിനുശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

166.ഖണ്ഡം 3(vi)-ൽ "പതിനഞ്ച്" എന്നതിനുപകരം "പത്ത്" എന്നാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ബിഎ)-ൽ "സാമൂഹിക - സാമ്പത്തിക" എന്നതിനുശേഷം " വികസന" എന്ന് ചേർക്കുക.

167. ഖണ്ഡം 3(vi)-ൽ "പതിനഞ്ച്" എന്നതിനുപകരം "ഇരുപത്" എന്ന് ചേർക്കുക.

170. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "മെട്രോപോളിറ്റൻ പ്രദേശത്തിന്റെയോ" എന്നതിനുശേഷം "ഒരു നഗരസ്വഭാവമുള്ള പഞ്ചായത്തിന്റെയോ" എന്ന് ചേർക്കുക.

174. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "ഇരുപത്" എന്നതിനുപകരം ഇരുപത്തിയഞ്ച്" എന്ന് ചേർക്കുക.

181. ഖണ്ഡം 3(x) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎഎ)-ൽ "ഒരു പ്രവർത്തന പ്ലാൻ" എന്നതിനുപകരം "ആക്ഷൻ പ്ലാൻ" എന്ന് ചേർക്കുക.

188. ഖണ്ഡം 3(xi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബിഎ)-ൽ " പരിഷ്ക്കരണങ്ങൾ" എന്നതിനുപകരം "ഭേദഗതി" എന്ന് ചേർക്കുക. "

191. ഖണ്ഡം 3(xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസിഎ)-ൽ " പാരിസ്ഥിതിക ദുർബ്ബലത" എന്നതിനുപകരം "പാരിസ്ഥിത ആഘാതം" എന്ന് ചേർക്കുക.

198. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിബി)-ൽ "നയങ്ങളും, പരിപാടികളും" എന്നതിനുശേഷം "രൂപരേഖയും" എന്ന് ചേർക്കുക.

203. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിഡി)-ൽ "നടപ്പിലാക്കുവാനും" എന്നതിനുശേഷം "വിലയിരുത്തുന്നതിനും" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

146. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽപകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എച്ച്)-ൽ "മൊത്തത്തിലുള്ള" എന്നതിനുപകരം " പൂർണ്ണമായ" എന്ന് ചേർക്കുക.

190. ഖണ്ഡം 3(xi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബിഎ)-ൽ " അനുമതി ലഭിച്ചതുമായ" എന്നതിനുപകരം "അംഗീകരിച്ച" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എച്ച്)-ൽ "അതിൻമേലോ"എന്നത് ഒഴിവാക്കുക.

177.ഖണ്ഡം 3(x) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎഎ)-ൽ "തദ്ദേശാസൂത്രണ" എന്നതിനുപകരം "തദ്ദേശസ്വയംഭരണ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എച്ച്)-ൽ "കെട്ടിടത്തിലോ" എന്നതിനുപകരം "കെട്ടിടങ്ങളിലോ" എന്ന് ചേർക്കുക.

159. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജെ)-ൽ "തദ്ദേശ സർക്കാരുകളോ" എന്നതിനുപകരം "തദ്ദേശ സ്ഥാപനങ്ങളോ" എന്ന് ചേർക്കുക.

165. ഖണ്ഡം 3(vi)-ൽ "പ്ലാനിന് പതിനഞ്ച് വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്" എന്നതിനുപകരം "പ്ലാൻ അംഗീകരിച്ച തീയതി മുതൽ പതിനഞ്ച് വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

187. ഖണ്ഡം 3(x) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎബി)-ൽ " ആക്ഷേപങ്ങളും അഭിപ്രായങ്ങളും" എന്നതിനുശേഷം "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്" എന്നത് ചേർക്കുക.

189. ഖണ്ഡം 3(xi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എബിഎ)-ൽ " അനുമതി ലഭിച്ചതുമായ" എന്നതിനുമുമ്പ് "സർക്കാർ" എന്നത് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3(iv) ഒഴിവാക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജെ)-ൽ" പഞ്ചവത്സര പദ്ധതി" എന്നതിനുപകരം "ദീർഘകാല പദ്ധതി" എന്ന് ചേർക്കുക.

168. ഖണ്ഡം 3(vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(റ്റിഎ)-ൽ "ലഘൂകരണം" എന്ന വാക്കിന് പകരം "ദുരന്ത ലഘൂകരണം" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജെ)-ൽ "തൊഴിൽ" എന്നതിനുശേഷം "വിദ്യാഭ്യാസം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

169. ഖണ്ഡം 3(vii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(റ്റിഎ)-ൽ "നിർവ്വചിച്ച" എന്ന വാക്കിന് പകരം "നിർവ്വചിച്ചിട്ടുള്ള" എന്നത് ചേർക്കുക.

178.ഖണ്ഡം 3(x) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎഎ)-ൽ "ആക്ടിനനുസൃതമായി" എന്നതിനുപകരം "ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

164.ഖണ്ഡം 3(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൻഎ) ചുവടെപ്പറയും പ്രകാരം മാറ്റുക.

“ (എൻ.എ) "ഭൂമി" എന്നതിൽ, മണ്ണും വിളകളും ധാതുക്കളും, ഭൂമിയോട് ചേർന്നിരിക്കുന്നതോ അതിൽ ഉറപ്പിച്ചിരിക്കുന്നതോ ആയ വസ്തുക്കളും, ഉപരിതലത്തിനടിയിലുള്ളവയും ആകാശവും അതിൽ ജലാശയങ്ങൾ, വനങ്ങൾ, കണ്ടൽകാടുകൾ, ചതുപ്പ് പ്രദേശങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;"

197. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിബി)-ൽ "പ്രദേശത്തിന് വേണ്ടി തയ്യാറാക്കിയിട്ടുള്ളതും അങ്ങനെയുള്ള" എന്നിവ ഒഴിവാക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

171. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "സാമ്പത്തികവും" എന്ന വാക്കിന് മുൻപ് "സാമൂഹികവും" എന്ന് ചേർക്കുക.

179.ഖണ്ഡം 3(x) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഎഎ)-ൽ "പ്ലാനിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കുന്നതും" എന്നതിനുപകരം "പെഴ്സ്പെക്റ്റീവ് പ്ലാൻ പരിഗണിച്ചുകൊണ്ട് തയ്യാറാക്കുന്നതും " എന്ന് ചേർക്കുക.

200. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിബി)-ൽ "ഭൂമിയുടെ ഉപയോഗവും" എന്നതിനുപകരം "ഭൂമിയുടെ സുസ്ഥിര ഉപയോഗം" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

172.ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "സാമ്പത്തികവും സ്ഥലപരവുമായ" എന്നീ വാക്കുകൾക്ക് പകരം "പാരിസ്ഥിതിക, സാമ്പത്തിക, സുസ്ഥിര വികസന ലക്ഷ്യം കണക്കിലെടുത്ത് സ്ഥലപര" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

173. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "ഏകദേശം" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്എ)-ൽ "ഇരുപത്" എന്നതിനുപകരം "പത്ത്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എസിബി)-ൽ "പ്രത്യേക പ്രദേശത്തിനു വേണ്ടിയുള്ള സ്ഥലപര പ്ലാൻ" എന്നതിനുപകരം "പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള ഇന്ററിം മാസ്റ്റർപ്ലാൻ" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

199. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിബി)-ൽ "പ്രസ്തുത" എന്നതിന് മുമ്പായി "അവയുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

201. ഖണ്ഡം 3 (xii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എസിഡി)-ൽ "പ്രാപ്തരാക്കുന്നതിനും" എന്നതിനുപകരം"പ്രാപ്തമാക്കുന്നതിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 142-ാം നമ്പർ ഭേദഗതി 141-ാം നമ്പർ ഭേദഗതിക്കും 145-ാം നമ്പർ ഭേദഗതി 144-ാം നമ്പർ ഭേദഗതിക്കും 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്കും 156-ാം നമ്പർ ഭേദഗതി 155-ാം നമ്പർ ഭേദഗതിക്കും 183, 184, 185, 186 എന്നീ നമ്പർ ഭേദഗതികൾ 182-ാം നമ്പർ ഭേദഗതിക്കും 193, 194, 195 എന്നീ നമ്പർ ഭേദഗതികൾ 192-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 140, 147, 157, 192, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 141, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 143, 155, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 144, 167, 170, 174, 181, 188, 191, 198, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 146, 190 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 148, 177 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 149, 159, 165, 187, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 153, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 158, 169, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 164, 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 171, 179, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 172, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 199, 201 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

208. ഖണ്ഡം 4-ൽ "സംസ്ഥാനത്തിനു വേണ്ടിയുള്ള" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 4-ൽ "കമ്മിറ്റിയും" എന്നതിനുപകരം "സമിതിയും" എന്ന് ചേർക്കുകയും "സ്ഥലപര" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

<u>മി. സ്പീക്കർ</u>: 207-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 209-ാം നമ്പർ ഭേദഗതി 208-ാം നമ്പർ ഭേദഗതിക്കും 211, 212 എന്നീ നമ്പർ ഭേദഗതികൾ 210-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

216. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ൽ "കഴിയുന്നത്ര" എന്നതിനുപകരം "എത്രയും" എന്ന് ചേർക്കുക.

220. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ" എന്നതിനുപകരം "ചീഫ് സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ൽ "അതിനു നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

219. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)-ൽ "പതിനെട്ട്" എന്നതിനുപകരം "പതിനഞ്ച്" എന്ന് ചേർക്കുക.

236. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ "മൂന്ന്" എന്നതിനുപകരം "അഞ്ച് " എന്ന് ചേർക്കുക.

238. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ "സാമ്പത്തിക ശാസ്ത്രം" എന്നതിനുശേഷം "സാമൂഹികശാസ്ത്രം" എന്ന് ചേർക്കുക.

247. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6)(എ)-ൽ "ഗ്രാമവികസനം" എന്നതിനുശേഷം "കൃഷി" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "കമ്മിറ്റി" എന്ന് വരുന്നിടത്തെല്ലാം പകരം "സമിതി" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി സംസ്ഥാന നഗര-ഗ്രാമാസൂത്രണ സമിതിയുടെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സമിതിയുടെ വൈസ് ചെയർപേഴ്സൺ ആയിരിക്കേണ്ടതുമാണ്."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(എ)- ൽ "ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി" എന്നതിനുപകരം "ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ബി)-ൽ "ജലവിഭവം" എന്നതിനുശേഷം "ഫിഷറീസ്" എന്ന് ചേർക്കുക.

237. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ "സാമ്പത്തിക ശാസ്ത്രം" എന്നത് ഒഴിവാക്കിയ ശേഷം "പരിസ്ഥിതി അല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനം, സമുദ്രശാസ്ത്രം" എന്നത് ചേർക്കുക.

248. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6)(എ)-ൽ "പ്രതിനിധികൾ" എന്നതിനുശേഷം "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി, സെന്റർ ഫോർ സയൻസ് സ്റ്റഡീസ്, ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ എന്നിവരുടെ പ്രതിനിധികൾ" എന്നത് ചേർക്കുക.

പ്രതിനിധികൾ എന്നതിനുശേഷം "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി, സെന്റർ ഫോർ സയൻസ് സ്റ്റഡീസ്, ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ എന്നിവരുടെ പ്രതിനിധികൾ" എന്ന് ചേർക്കണം എന്ന 248-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്. എന്നാൽ മാത്രമേ അതിന് ക്ലാരിറ്റി വരികയുള്ളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

239. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ജി)-ൽ "അല്ലെങ്കിൽ" എന്നതിനുമുൻപിലായി "സുസ്ഥിര വികസനം" എന്നത് ചേർക്കുക.

246. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6)(എ)-ൽ "വനവും" എന്നതിനുശേഷം "പൊതുമരാമത്ത്" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ജി)-ൽ "സംബന്ധിച്ച കാര്യങ്ങളിൽ" എന്നതിനുപകരം "എന്നിവയിലേതെങ്കിലും സംബന്ധിച്ച് " എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

242. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ജി)-ക്കുശേഷം അടുത്ത ഇനമായി താഴെപറയും പ്രകാരം ചേർക്കുക.

"(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമസഭയിലെ 5 അംഗങ്ങൾ".

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "സെക്രട്ടറിയും, ചീഫ് ടൗൺ പ്ലാനർ ജോയിന്റ് സെക്രട്ടറിയും" എന്നതിനുപകരം "സെക്രട്ടറി " എന്ന് ചേർക്കുക.

249.ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6)(സി) നീക്കം ചെയ്യുകയും ശേഷം വരുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245.ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ "ചീഫ് ടൗൺ പ്ലാനർ" എന്നതിനുശേഷം "എക്സ്-ഒഫീഷ്യോ" എന്നു ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(6)(ഇ)-ൽ "എന്നിവരും അതുപോലുള്ളവരും" എന്നത് ഒഴിവാക്കുക.

<u>മി. സ്പീക്കർ</u>: 217-ാം നമ്പർ ഭേദഗതി 216-ാം നമ്പർ ഭേദഗതിക്കും 223, 224 എന്നീ നമ്പർ ഭേദഗതികൾ 222-ാം നമ്പർ ഭേദഗതിക്കും 226, 227, 228 എന്നീ നമ്പർ ഭേദഗതികൾ 225-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 216, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 219, 236, 238, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 235, 237, 248 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 239, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 244, 249 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251.ഖണ്ഡം 6-ൽ " വികസന" എന്നതിന് മുമ്പ് "സുസ്ഥിര" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, 252-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ട ശ്രീ. സനീഷ്കുമാർ ജോസഫ് absent ആകുമ്പോൾ അതേ ഭേദഗതിക്ക് തുല്യമായ 253-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ കഴിയില്ലേ?

മി. സ്പീക്കർ: 252-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ് 253-ാം നമ്പർ ഭേദഗതി. 252-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്ത സാഹചര്യത്തിൽ 253-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 7-ൽ " സബ്കമ്മിറ്റികൾ" എന്നതിനുപകരം "ഉപ സമിതികൾ" എന്നും " സബ്കമ്മിറ്റി" എന്നതിനുപകരം "ഉപ സമിതി" എന്നും ചേർക്കുക.

മി. സ്പീക്കർ: 254, 255 എന്നീ നമ്പർ ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

(ഭേദഗതിയില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "സംസ്ഥാനത്തിനുവേണ്ടിയുള്ള" എന്നതിനുശേഷം വരുന്ന "സ്ഥലപര" എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) (ബി)-ൽ "ഏകദേശം" എന്നത് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) (ബി)-ൽ "ഏകദേശം ഇരുപത് വർഷ" എന്നതിനുപകരം "ദീർഘ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "ഏകദേശം ഇരുപത് വർഷ" എന്നതിനുപകരം "ഇരുപത്തിയഞ്ച് വർഷ" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269.ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "സംസ്ഥാനത്തിനു വേണ്ടിയുള്ള"എന്നതിനുശേഷം വരുന്ന "സ്ഥലപര" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ബി)-ൽ "പ്രവർത്തന സ്വഭാവത്തോടുംകൂടിയ" എന്നതിനുപകരം "പ്രത്യേക വികസസാദ്ധ്യത പരിഗണിച്ചു കൊണ്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(എച്ച്)-ൽ "പൈതൃക സമ്പത്ത് പ്രദേശങ്ങളുടെ" എന്നതിനുപകരം "പൈതൃകസ്വത്ത്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ജെ)-ൽ "കരുതാവുന്നതും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ളതുമായ" എന്നതിനുപകരം "കരുതാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 259, 260, 261 എന്നീ നമ്പർ ഭേദഗതികൾ 258-ാം നമ്പർ ഭേദഗതിക്ക് തുല്യവും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്ക് തുല്യവും 270, 271 എന്നീ നമ്പർ ഭേദഗതികൾ 269-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 11(i)-ൽ "തൊണ്ണൂറ്" എന്നതിനുപകരം "അറുപത്" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

279.ഖണ്ഡം 11(2)-ൽ "പ്രസ്തുത വിവരം" എന്നതിനുശേഷം "എത്രയും വേഗം" എന്ന് ചേർക്കുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

284. ഖണ്ഡം 11 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(4 എ)-ൽ "അറുപത്" എന്നതിനുപകരം "തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 11 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(4 എ)-ൽ "അറുപത്" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 11 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(4 എ)-ൽ "അറുപത്" എന്നതിനുപകരം"നാൽപത്തിയഞ്ച്" എന്ന്ചേർക്കുക.

290. ഖണ്ഡം 11(4)-ൽ "ഒരു വർത്തമാനപത്രത്തിലെങ്കിലും" എന്നതിനുപകരം "രണ്ട് വർത്തമാനപത്രത്തിലെങ്കിലും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

287. ഖണ്ഡം 11 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(4 എ)-ൽ "ദിവസത്തിനുള്ളിൽ" എന്നതിനുപകരം "ദിവസങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.

298. ഖണ്ഡം 11 (6)-ൽ "4 എ," എന്നതിലെ "," ചിഹ്നം ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 11 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(4 എ)-ൽ "അവയോടൊപ്പം" എന്നതിനുപകരം "അവയോടൊപ്പമോ അല്ലെങ്കിൽ കരട് സ്ഥലപര പെർസ്പെക്റ്റീവ് പ്ലാനോ" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 11(4)-ൽ

(i) "ഒരു" എന്നതിനുപകരം "രണ്ട്" എന്ന് ചേർക്കുക.

(ii) "ചെയ്യേണ്ടതുമാണ് "എന്നതിനുപകരം "ചെയ്യേണ്ടതും പ്ലാനിംഗ്ബോർഡിന്റെ വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ് എന്ന് ചേർക്കുക.

297. ഖണ്ഡം 11 (5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(5 എ)-ൽ "സർക്കാർ" എന്നതിനുശേഷം "നിശ്ചിത സമയത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

291. ഖണ്ഡം 11(4)-ൽ "രണ്ടു" എന്നതിനുപകരം "കുറഞ്ഞത് രണ്ട്" എന്ന് ചേർക്കുക.

296. ഖണ്ഡം 11 (5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(5 എ)-ൽ "ഉചിതമായി ഉൾക്കൊള്ളിക്കുന്നതിനായി" എന്നതിനുശേഷമുള്ള " , " ചിഹ്നം ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം 11(4)-ൽ "രണ്ടു" എന്നതിനുശേഷം "മുൻനിര" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

293. ഖണ്ഡം 11 (4)-ൽ "സാങ്കേതിക" എന്ന വാക്ക് ഒഴിവാക്കുക.

പ്രൊഫ. ആബിദ്ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 11 (5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(5 എ)-ൽ "അനുമതി ലഭിച്ച" എന്നതിനുമുന്നിലായി "സർക്കാരിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 280-ാം നമ്പർ ഭേദഗതി 279-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 286, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 287, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 289, 297 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 291, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 12(iii)-ൽ "സ്ഥലപര" എന്നതിനുപകരം "ഇടക്കാല മാസ്റ്റർ" എന്നത് ചേർക്കുക.

ഒരു പ്രത്യേക പ്രദേശത്തിനുവേണ്ടി സ്ഥലപര പ്ലാനുണ്ടാക്കണമെന്നാണ് 302-ൽ പറയുന്നത്. പ്രത്യേക പ്രദേശത്തിനുവേണ്ടിയുണ്ടാക്കുന്നത് ഇടക്കാല മാസ്റ്റർ പ്ലാൻ ആയിരിക്കണമെന്നാണ് എന്റെ ഭേദഗതി.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 12(iv) ഒഴിവാക്കി 12 (v)-നെ 12 (iv) ആയി പുനരക്കം ചെയ്യുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 12(iv)-ൽ "കലാപൈതൃക" എന്നതിനു പകരം "കലാപൈതൃകം" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാലാം വകുപ്പ്</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 14(1)-ൽ "ജില്ലയ്ക്കുവേണ്ടിയുള്ള" എന്നതിനുപകരം "ജില്ലയ്ക്ക് വേണ്ടി" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

317. ഖണ്ഡം 15 (1)-ൽ "സ്ഥലപര ആസൂത്രണം സംബന്ധിച്ച്" എന്നത് ഒഴിവാക്കുക.

327.ഖണ്ഡം15(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്നവകുപ്പ് 14(2) (എ)-ൽ "ഒരു സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്;" എന്നതിനുപകരം "ഒരു പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 15 (1)-ൽ "സ്ഥലപര ആസൂത്രണം സംബന്ധിച്ച ജില്ലാആസൂത്രണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും" എന്നതിനുപകരം "ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സ്ഥലപര ആസൂത്രണം സംബന്ധിച്ച അധികാരങ്ങളും ചുമതലകളും" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 15 (2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2) (എ)-ൽ "ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) ന്റെ ജില്ലാതല ഉദ്യോഗസ്ഥരും മറ്റ് സർക്കാർ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരുമായും ഏജൻസികളുമായും കൂടിയാലോചിച്ച്" എന്നതിനുപകരം "ജില്ലാ ആസൂത്രണ സമിതിയുമായി കൂടിയാലോചിച്ച് " എന്ന് ചേർക്കുക.

ജില്ലാ ആസൂത്രണ സമിതിയുമായി ആലോചിച്ചാൽ മതിയാകും. ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥന്മാരെയും വിളിച്ചുകൂട്ടേണ്ട ആവശ്യമില്ല. അനാവശ്യമായ ഒരു ഡിലേയായിരിക്കും അതിലൂടെ ഉണ്ടാകുന്നത്. "ജില്ലാ ആസൂത്രണ സമിതിയുമായി കൂടിയാലോചിച്ച് " എന്ന് ചേർത്താൽ മതിയാകും.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 15 (2) (i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2) (എ)-ൽ "തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)" എന്നതിനുപകരം "തദ്ദേശസ്വയം ഭരണ പ്ലാനിംഗ് വകുപ്പ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 15 (2) (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എ)-ൽ "പ്രസക്തമായ" എന്നതിനുപകരം "അനുയോജ്യമായ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

325. ഖണ്ഡം 15 (2) (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2) (എ)-ൽ "വേണ്ടി ഒരു" എന്നതിനുശേഷം "ഏകീകൃത" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം15(2)(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2) (എ)-ൽ "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്" എന്നതിനുപകരം "തയ്യാറാക്കുവാൻ വിശദമായ പഠനം നടത്തിയ ശേഷം പ്ലാൻ സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം15(2)(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2) (എ)-ൽ "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതാണ്" എന്നതിനുപകരം "തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം15(3)(ii)-ൽ "സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ" എന്നീ വാക്കുകൾക്ക് പകരം "പെർസ്പെക്റ്റീവ് പ്ലാൻ, എക്സിക്യൂഷൻ പ്ലാൻ എന്നിവ" എന്നത് ചേർക്കുക.

മി. സ്പീക്കർ: 318, 319 എന്നീ നമ്പർ ഭേദഗതികൾ 317-ാം നമ്പർ ഭേദഗതിക്കും 326, 328 എന്നീ നമ്പർ ഭേദഗതികൾ 327-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 317, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ജില്ലയ്ക്കുവേണ്ടിയുള്ള സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ജില്ലയ്ക്കുവേണ്ടിയുള്ള സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "ജില്ലയ്ക്ക് വേണ്ടിയുള്ള വികസന പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥലവര പെർസ്പെക്റ്റീവ് പ്ലാൻ" എന്ന് ചേർക്കുക.

361. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എഫ്)-ൽ "മേഖലകൾ" എന്നതിനുശേഷം "കണ്ടൽ പ്രദേശങ്ങൾ, നീർത്തടങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ജില്ലയ്ക്കുവേണ്ടിയുള്ള" എന്ന വാക്കിന് ശേഷം "വികസന പ്ലാനുകളെ ഏകോപിപ്പിച്ച് തദ്ദേശസർക്കാരുകളുടെ പൊതുതാത്പര്യത്തെ മുൻനിർത്തി ജില്ലാതല വികസനത്തിനുള്ള സംയോജിത വീക്ഷണവും നയങ്ങളും തന്ത്രങ്ങളും അടങ്ങിയിരിക്കേണ്ടതുമാണ്." എന്നീ വാക്കുകൾ ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "ഏകദേശം" എന്ന വാക്കുമുതൽ "തന്ത്രങ്ങളും" എന്ന വാക്കുവരെയുള്ള മുഴുവൻ വാക്കുകളും ചിഹ്നവും നീക്കം ചെയ്യുകയും പകരം "ഇരുപത് വർഷ കാലയളവിലേക്കുള്ള, സ്ഥലപര വികസനത്തിന് വേണ്ടി സംയോജിത വീക്ഷണത്തോടെയുള്ള നയങ്ങളുടെയും തന്ത്രങ്ങളുടെയും അടിസ്ഥാനത്തിലുള്ള ആസൂത്രണ പരിപാടി" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

346. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ഏകദേശം" എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "ഇരുപത് വർഷ" എന്നതിനുശേഷം വരുന്ന "പ്ലാൻ" എന്നത് നീക്കം ചെയ്യുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ഏകദേശം ഇരുപതുവർഷ പ്ലാൻ" എന്നതിനുപകരം "ദീർഘ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

349. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ഇരുപത് വർഷ പ്ലാൻ" എന്നതിനുപകരം "ഇരുപത്തിയഞ്ച് വർഷ പ്ലാൻ" എന്ന് ചേർക്കുക.

350. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "വികസനത്തിന് വേണ്ടിയുള്ള സംയോജിത" എന്നതിനുശേഷം "സാമൂഹിക സാമ്പത്തിക വീക്ഷണവും" എന്ന് ചേർക്കുക.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എ)-ൽ "ഭൗതികവും" എന്നതിനുമുമ്പായി "പാരിസ്ഥിതിക സംരക്ഷണവും വികസനത്തിന്റെ സുസ്ഥിരതയും കണക്കിലെടുത്തുകൊണ്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ബി)-യിൽ "അധിവാസ" എന്നതിന് മുമ്പായി "പ്രദേശങ്ങളിലെ" എന്ന് ചേർക്കുക.

356. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ബി)-യിൽ "മാതൃകയും" എന്നതിനുപകരം "ക്രമവും" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ബി)-യിൽ "പ്രവർത്തന വൈദഗ്ദ്ധ്യവും" എന്നതിനുപകരം "സവിശേഷ വികസന സാദ്ധ്യതകളും" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

358. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ബി) താഴെ പറയും വിധം മാറ്റുക.

" (ബി) ജനസംഖ്യാപഗ്രഥനവും നഗര-ഗ്രാമ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ അധിവാസക്രമവും അവയുടെ ക്രമനിഷ്ഠയും സവിശേഷ വികസന സാധ്യതകളും."

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

359. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എഫ്)-ൽ "പരിസ്ഥിതി" എന്നതിന് മുമ്പായി "ഭൗമഘടന" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എഫ്)-ൽ "പരിസ്ഥിതിലോല" എന്നതിനു പകരം"പാരിസ്ഥിതിക ദുർബല" എന്ന് ചേർക്കുക.

366. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ഐ)-ൽ "പ്രാപിക്കുന്നതിനുമുള്ള" എന്നതിനുപകരം "കൈവരിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എച്ച്)-ൽ "ഗോത്രവർഗ്ഗപ്രദേശങ്ങൾ" എന്നതിനുമുൻപായി "ചേരിപ്രദേശങ്ങൾ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (എച്ച്)-ൽ "തീരദേശപ്രദേശങ്ങൾ" എന്നതിന് മുമ്പായി "പട്ടികജാതികളിൽപ്പെട്ടവർ ഉൾപ്പെടെ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ (കോളനികൾ)," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

368. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2) (ജെ)-യിലെ ഇനം (v)-ൽ "മേഖലകൾ;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന വാക്ക് ചേർക്കുകയും, (കെ)-നീക്കം ചെയ്ത് ബാക്കിയുള്ളത് പുനരക്കം ചെയ്യുക.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(2)(എൽ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എൽ) സ്ഥലപര ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വിവരങ്ങളും വിശദാംശങ്ങളും;".

370. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "മുൻഗണനാ പ്രവർത്തന പ്ലാൻ, അതിൽ" എന്നീ വാക്കുകളും ചിഹ്നവും നീക്കം ചെയ്യുക

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "ജില്ലയ്ക്കു വേണ്ടിയുള്ള സ്ഥലപര പെർസ്പെക്റ്റീവ് പ്ലാനിൽ" എന്നതിനുപകരം "ജില്ലയ്ക്ക് വേണ്ടിയുള്ള പെർസ്പെക്റ്റീവ് പ്ലാൻ" എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

374. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "കരുതാവുന്ന" എന്നതിനുപകരം "കരുതുന്ന" എന്ന് ചേർക്കുക.

376. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "ഇടത്തര," എന്ന വാക്കിനും ചിഹ്നത്തിനും പകരം "അനതിദീർഘ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "കരുതാവുന്ന" എന്നതിനുശേഷം "അത്തരത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ "സൂചിപ്പിച്ചുകൊണ്ടുള്ളത്." എന്ന വാക്കിനും ചിഹ്നത്തിനും പകരം "സൂചിപ്പിച്ചു കൊണ്ടുള്ള കർമ്മ പരിപാടി തയ്യാറാക്കേണ്ടതാണ്." എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: 339, 340, 341 എന്നീ നമ്പർ ഭേദഗതികൾ 338-ാം നമ്പർ ഭേദഗതിക്കും 372, 373 എന്നീ നമ്പർ ഭേദഗതികൾ 371-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 342, 361 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 349, 350 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 355, 356 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 360, 366 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 369, 370 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 371 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 374, 376 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 375 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

മി. സ്പീക്കർ: 378, 379, 380, 381, 382, 383 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

388.ഖണ്ഡം 18(2) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 17(3)-ൽ ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയിൽ "ആളും" എന്നതിനുപകരം "ഒരാളും" എന്ന് ചേർക്കുക.

392. ഖണ്ഡം 18 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ടുപേരും" എന്നതിനുപകരം "രണ്ട് പേരും" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

389.ഖണ്ഡം 18(2) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 17(3)-ൽ ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയിൽ " സാമ്പത്തികശാസ്ത്രം" എന്ന വാക്കിനുപകരം "കാലാവസ്ഥാവ്യതിയാനം" എന്ന് ചേർക്കുക.

399. ഖണ്ഡം 18(4)-ൽ "കമ്മിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്." എന്നതിനു പകരം "സമിതിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ 7 ദിവസത്തിനകം പ്രസിദ്ധീകരിക്കേണ്ടതാണ്." എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390. ഖണ്ഡം 18(2) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 17(3)-ൽ ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയിൽ " എന്നിവയിലേതെങ്കിലും സംബന്ധിച്ച്" എന്നതിനുശേഷം "സാമൂഹിക സാമ്പത്തിക ശാസ്ത്രത്തിൽ"എന്നത് ചേർക്കുക.

398. ഖണ്ഡം 18 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4 എ)-ൽ "ഉചിതമായി" എന്നതിനുശേഷം "ആവശ്യമെന്നു തോന്നുന്ന" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

391. ഖണ്ഡം 18(2) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 17(3)-ൽ ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയിൽ "സംബന്ധിച്ച്" എന്നതിനുപകരം "ബിരുദവും വിഷയത്തിൽ" എന്നത് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

393. ഖണ്ഡം 18 (2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധന ചുവടെ പറയും പ്രകാരം മാറ്റുക.

"എന്നാൽ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അതിനു മുമ്പാകെ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 14-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളുൾപ്പെടെ ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ നാലിൽ കവിയാത്ത അംഗങ്ങളും ഗതാഗതം, കൃഷി, സാമ്പത്തികശാസ്ത്രം അല്ലെങ്കിൽ പരിസ്ഥിതി എന്നിവയിലേതെങ്കിലും സംബന്ധിച്ച് പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേരും തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന്റെ ജില്ലാതല ഉദ്യോഗസ്ഥനും അടങ്ങുന്ന ഒരു ഉപസമിതിയെ നിയമിക്കാവുന്നതാണ്."

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

397. ഖണ്ഡം 18 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4 എ)-ൽ "ഉചിതമായി" എന്നത് ഒഴിവാക്കുക.

<u>മി. സ്പീക്കർ</u>: 384-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 388, 392 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 389, 399 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 390, 398 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

മി. സ്പീക്കർ: 400, 401, 402 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളവയാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

404. ഖണ്ഡം 20-ൽ "സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 403-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. 405, 406 എന്നീ നമ്പർ ഭേദഗതികൾ 404-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

( ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

414. ഖണ്ഡം 22 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 21-ൽ "ഈ ആക്റ്റ് " എന്നതിനുപകരം "ഈ ആക്റ്റിലെ വ്യവസ്ഥകൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

419. ഖണ്ഡം 23 (1) (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22(2)(എ)- ൽ "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോചെയ്യേണ്ടതാണ്" എന്നതിനുപകരം "തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 23 (2) (ii) ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

424. ഖണ്ഡം 23(2) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22(3)-ൽ "സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നതിൽ" എന്നതിനുപകരം "പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും" എന്നത് ചേർക്കുക.

മി. സ്പീക്കർ: 423-ാം നമ്പർ ഭേദഗതി 422-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിനാലാം വകുപ്പ്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ " സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നതിനുപകരം "സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ " ഏകദേശം ഇരുപത് വർഷ പ്ലാൻ കാലയളവിലേക്കുള്ള സ്ഥലപര വികസനത്തിനു വേണ്ടിയുള്ള" എന്നത് ഒഴിവാക്കുക.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

430. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ " ഏകദേശം" എന്ന വാക്കു മുതൽ "തന്ത്രങ്ങളും" എന്ന വാക്കു വരെയുള്ള മുഴുവൻ വാക്കുകളും ചിഹ്നവും നീക്കം ചെയ്ത് "ഇരുപത് വർഷ

കാലയളവിലേയ്ക്കുള്ള, സ്ഥലപര വികസനത്തിനുവേണ്ടി സംയോജിത വീക്ഷണത്തോടെയുള്ള നയങ്ങളുടെയും തന്ത്രങ്ങളുടെയും അടിസ്ഥാനത്തിലുള്ള ആസൂത്രണ പരിപാടി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

431. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ " വികസനത്തിനു വേണ്ടിയുള്ള" എന്നതിനുശേഷം " മുൻഗണനാരീതി" എന്ന് ചേർക്കുക.

436. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(എച്ച്)-ൽ "എന്നിങ്ങനെയുള്ള" എന്നതിനുശേഷം "നഗരസ്വഭാവ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ " തന്ത്രങ്ങളും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

435. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(എഫ്)-ൽ "പരിസ്ഥിതിലോലപരവുമായ;" എന്നതിനുപകരം "പാരിസ്ഥിതിക ദുർബ്ബല" എന്ന് ചേർക്കുക.

438. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(ജെ)(iii)-ൽ "ടൂറിസം" എന്നതിനുപകരം "വിനോദസഞ്ചാരം" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

437. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(ഐ) ചുവടെ പറയും പ്രകാരം മാറ്റുക.

"(ഐ) പ്രകൃതി ദുരന്ത സാദ്ധ്യത, പാരിസ്ഥിതിക ദുർബ്ബലത മറ്റ് അപായ സാധ്യത എന്നിവ സംബന്ധിച്ച വിശകലനവും അവയുടെ ആഘാത ലഘൂകരണത്തിനും അതിജീവനത്തിനുമുള്ള നിർദ്ദേശങ്ങളും കൂടാതെ;"

440. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(കെ) ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(കെ)-ൽ "സാദ്ധ്യതയുള്ള" എന്നതിനുപകരം "സാധ്യത" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(എൽ)-ൽ "ഉറപ്പാക്കുന്നതിന്" എന്നതിനുശേഷം "വേണ്ട സ്ഥലപര ആസൂത്രണത്തിന് " എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

443. ഖണ്ഡം 24 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(2)(എൽ) ചുവടെ പറയും പ്രകാരം മാറ്റുക.

"(എൽ) സംസ്ഥാന ആസൂത്രണ ബോർഡോ, ജില്ലാ ആസൂത്രണ സമിതിയോ വിഭാവനം ചെയ്യുന്ന ആസൂത്രിതമായ വികസനം" .

മി. സ്പീക്കർ: 426, 427, 428 എന്നീ നമ്പർ ഭേദഗതികൾ 425-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 431, 436 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 435, 438 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 437, 440 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 26(1)-ൽ "തയ്യാറാക്കുന്നതിനോ, തയ്യാറാക്കിക്കുന്നതിനോ ഉള്ള" എന്നതിനുപകരം "തയ്യാറാക്കുന്നതിനുള്ള" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445.ഖണ്ഡം 26(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 25 (4 എ)-ൽ "ഉചിതമായി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 26(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 25 (4 എ)-ൽ "ഉചിതമായി" എന്നതിനുശേഷം "പ്രദേശങ്ങൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

<u>മി. സ്പീക്കർ</u>: 447, 448, 449 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളവയാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊമ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

450. ഖണ്ഡം 32 (1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 (1) (v)-ൽ "താഴെയല്ലാത്ത" എന്നതിനുപകരം "കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 32 (1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 (1) (v)-ൽ "ജോയിന്റ് കൺവീനർ" എന്നതിനുപകരം "അംഗം" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

455. ഖണ്ഡം 32 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32(4)-ൽ "വികസന സംബന്ധമായ" എന്നതിനുപകരം "സ്ഥലപര ആസൂത്രണവും വികസന സംബന്ധവുമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

456. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(എഫ്)-ൽ "ദുർബ്ബലത" എന്നതിനുമുൻപിലായി "പാരിസ്ഥിതിക" എന്ന് ചേർക്കുക.

460. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(ജി)-ൽ "സ്ഥലപര വികസനം" എന്നതിനുപകരം "ജില്ലാതല വികസനം" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(എഫ്)-ൽ "ലഘൂകരണത്തിനും" എന്നതിനുശേഷം "പുനരധിവാസം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(എഫ്)-ൽ "പ്രാപിക്കുന്നതിനുമുള്ള" എന്നതിനുപകരം "കൈവരിക്കുന്നതിനുമുള്ള" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(എഫ്) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(എഫ്) പ്രകൃതി ദുരന്ത സാദ്ധ്യത, പാരിസ്ഥിതിക ദുർബ്ബലത മറ്റ് അപായ സാദ്ധ്യത എന്നിവ സംബന്ധിച്ച വിശകലനവും അവയുടെ ആഘാത ലഘൂകരണത്തിനും അതിജീവനത്തിനുമുള്ള നിർദ്ദേശങ്ങളും; കൂടാതെ".

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

461. ഖണ്ഡം 33(1)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34(2)(ജി)-ൽ "ഇടത്തര," എന്നതിനുപകരം "അനതിദീർഘ," എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 456, 460 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിനാലാം വകുപ്പ്</u>

<u>മി. സ്പീക്കർ</u>: 463, 464, 465 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

467. ഖണ്ഡം 35(1)-ൽ "പ്രചുര പ്രചാരമുള്ള" എന്നതിനുപകരം "പ്രചാരമുള്ള" എന്ന് ചേർക്കുക.

468. ഖണ്ഡം 35(1)-ൽ "ഏറ്റവും കുറഞ്ഞത് ഒരു വർത്തമാന പത്രത്തിലും" എന്നതിനുപകരം "ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രത്തിലും" എന്ന് ചേർക്കുക.

487. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധനയിൽ " കഴിവതും" എന്നത് ഒഴിവാക്കുക.

488. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധനയിൽ " കഴിവതും നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നതിനുപകരം "മുപ്പത് പ്രവൃത്തി ദിനത്തിനകം" എന്ന് ചേർക്കുക.

489. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധനയിൽ "നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നതിനുപകരം "മുപ്പത് പ്രവൃത്തി ദിനത്തിനകം" എന്ന് ചേർക്കുക.

494. ഖണ്ഡം 35 (7) (i)-ൽ "ഗ്രാമപഞ്ചായത്തിന്റെയോ ശിപാർശകളും" എന്നതിനുപകരം "തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ ശിപാർശകൾ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

469. ഖണ്ഡം 35(1)-ൽ "ഒരു" എന്നതിനുപകരം "രണ്ട്" എന്നും "പത്രത്തിലും" എന്നതിനുപകരം "പത്രങ്ങളിലും" എന്നും ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

471. ഖണ്ഡം 35(1)-ൽ "ഒരു വർത്തമാന പത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാന പത്രത്തിലും" എന്ന് ചേർക്കുക.

472.ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36(2)-ൽ "വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ട് വർഷത്തിനകം" എന്നതിനുപകരം "ഒരു വർഷത്തിനകം" എന്ന് ചേർക്കുക.

490. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധനയിൽ "നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നതിനുപകരം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

474. ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36(2)-ൽ "ചീഫ് ടൗൺ പ്ലാനർ മുഖേന" എന്നത് ഒഴിവാക്കുക.

481.ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (2)ന്റെ ക്ലിപ്തനിബന്ധനയിൽ "ചീഫ് ടൗൺ പ്ലാനർ"എന്നതിനുപകരം "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

478. ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (2)ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482.ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (2)ന്റെ ക്ലിപ്തനിബന്ധനയിൽ "നാൽപത്തിയഞ്ച്" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483.ഖണ്ഡം 35(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (2)ന്റെ ക്ലിപ്തനിബന്ധനയിൽ "നാൽപത്തിയഞ്ച്" എന്നതിനുശേഷം "പ്രവൃത്തി" എന്ന് ചേർക്കുക.

<u>ശ്രീ. എ. രാജ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

486. ഖണ്ഡം 35(6) (i) ഒഴിവാക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

491. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്" എന്നതിനുപകരം "സംസ്ഥാന വികസന കൗൺസലിന് അയച്ചുകൊടുക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

492. ഖണ്ഡം 35 (6) (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (7)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക.

" എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം അങ്ങനെയുള്ള പ്ലാനുകൾ സ്വീകരിക്കുന്നത് ഈ ആക്റ്റ് പ്രകാരമുള്ള മറ്റ് പ്ലാനുകൾക്ക് അനുസൃതമാണോയെന്നതിനെക്കുറിച്ചും മാസ്റ്റർ പ്ലാനിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കാര്യങ്ങളെക്കുറിച്ചുമുള്ള ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം തേടേണ്ടതാണ്."

493. ഖണ്ഡം 35(7) (i) ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 35 (8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36 (12)-ൽ "അനുമതി ലഭിച്ച" എന്നതിന് മുന്നിലായി "സർക്കാരിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 470-ാം നമ്പർ ഭേദഗതി 469-ാം നമ്പർ ഭേദഗതിക്കും 475, 476, 477 എന്നീ നമ്പർ ഭേദഗതികൾ 474-ാം നമ്പർ ഭേദഗതിക്കും 479, 480 എന്നീ നമ്പർ ഭേദഗതികൾ 478-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 467, 468, 487, 488, 489, 494 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 469-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 471, 472, 490 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 474, 481 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 492, 493 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മുപ്പത്തിയാറാം വകുപ്പ്

മി. സ്പീക്കർ: 496, 497, 498 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

502. ഖണ്ഡം 37 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(3)-ൽ "അറുപത് " എന്നതിനുപകരം "നാൽപത്തിയഞ്ച് " എന്ന് ചേർക്കുക.

504. ഖണ്ഡം 37 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(4)-ൽ "സബ് കമ്മിറ്റിയുടെ റിപ്പോർട്ട്" എന്നതിനുശേഷം "നടപടിക്രമങ്ങളും" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 37 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(3)-ൽ "അറുപത് " എന്നതിനുപകരം "മുപ്പത് " എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

505. ഖണ്ഡം 37 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(4)-ൽ "ഔദ്യോഗിക ഗസറ്റിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതും" എന്നതിനുപകരം "ഒരു ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

506. ഖണ്ഡം 37 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(4)-ൽ "ഗസറ്റിൽ" എന്നതിനുപകരം "ഗസറ്റിലും രണ്ട് വർത്തമാന പത്രങ്ങളിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 499, 500, 501 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 502, 504 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

507. ഖണ്ഡം 38 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 39-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ആക്ഷേപങ്ങളിൻമേലും അഭിപ്രായങ്ങളിൻമേലും" എന്നതിനുപകരം "ഹിയറിംഗിന് അവസരം നൽകുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

508. ഖണ്ഡം 38 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 39-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധകൾക്ക് ശേഷം താഴെപ്പറയും പ്രകാരം ഉപവകുപ്പ് ചേർക്കുക;

"39 (എ) ഇടക്കാല മാസ്റ്റർ പ്ലാൻ: ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ദുരന്തം, പാരിസ്ഥിതിക ദുർബലത എന്നിവയുടെ പശ്ചാത്തലത്തിൽ അടിയന്തര ആസൂത്രണം ആവശ്യമായിട്ടുള്ള ഒരു പ്രത്യേക പ്രദേശത്തിന് വേണ്ടി ഒരു ഇടക്കാല മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്."

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

509. ഖണ്ഡം 38 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യുന്ന വകുപ്പ് 39-ന്റെ ക്ലിപ്തനിബന്ധനകൾക്ക് ശേഷം 39(എ) ആയി താഴെപ്പറയുന്ന വകുപ്പ് ചേർക്കുക.

"39(എ) പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള ഇടക്കാല മാസ്റ്റർ പ്ലാൻ- ഈ അധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അടിയന്തരആസൂത്രണഇടപെടൽ ആവശ്യമുള്ള ഒരു പ്രദേശത്തിനെ, പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ചുമതലപ്പെട്ട അധികാരസ്ഥാനങ്ങൾക്ക് ഒരു പ്രത്യേക പ്രദേശമായി തരം തിരിച്ച് ഇടക്കാല മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതും ബന്ധപ്പെട്ട തദ്ദേശ കൗൺസിലുകളുടെ അംഗീകാരത്തോടെ അപ്രകാരമുള്ള ഒരു പ്ലാൻ അത് തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും തയ്യാറാക്കിയിട്ടുള്ള പ്രദേശത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കിക്കൊണ്ട് പ്രാദേശിക ദിനപത്രത്തിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്."

513. ഖണ്ഡം 38 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 39-ന്റെ ക്ലിപ്തനിബന്ധനകൾക്കുശേഷം 39(എ) ആയി താഴെപ്പറയുന്ന വകുപ്പ് ചേർക്കുക.

"39(എ) പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള ഇടക്കാല മാസ്റ്റർ പ്ലാൻ-(1) ഈ അധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അടിയന്തര ആസൂത്രണ ഇടപെടൽ ആവശ്യമുള്ള ഒരു പ്രദേശത്തിനെ, പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ചുമതലപ്പെട്ട അധികാരസ്ഥാനങ്ങൾക്ക് ഒരു പ്രത്യേക പ്രദേശമായി തരം തിരിച്ച് പ്രത്യേക പ്രദേശത്തിന് വേണ്ടിയുള്ള ഇടക്കാല മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

(2) മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പൽ കൗൺസിൽ ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിനോ പ്രത്യേക പ്രദേശത്തിനായി തയ്യാറാക്കിയിട്ടുള്ള ഇടക്കാല മാസ്റ്റർ പ്ലാൻ ഭേദഗതികളോടുകൂടിയോ അല്ലാതെയോ കൗൺസിലിന്റെ ഒരു പ്രമേയത്തിലൂടെ അംഗീകരിക്കാവുന്നതും അപ്രകാരമുള്ള ഒരു പ്ലാൻ അത് തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും തയ്യാറാക്കിയിട്ടുള്ള പ്രദേശത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കിക്കൊണ്ട് പ്രാദേശിക ദിനപത്രത്തിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്."

<u>മി. സ്പീക്കർ</u>: 510, 511, 512 എന്നീ നമ്പർ ഭേദഗതികൾ 509-ാം നമ്പർ ഭേദഗതിക്കും 514 മുതൽ 523-ാം നമ്പർ വരെയുള്ള ഭേദഗതികൾ 513-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 509, 513 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

(ഭേദഗതിയില്ല)

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപതാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിരണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിനാലാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

526. ഖണ്ഡം 44 (3) (എ) ഒഴിവാക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

527. ഖണ്ഡം 44 (3) (എ)-ൽ "ചീഫ് ടൗൺ പ്ലാനർ മുഖേന" എന്നതിനുപകരം "സംസ്ഥാന വികസന കൗൺസിൽ മുഖേന" എന്ന് ചേർക്കുക.

ഇവിടെ എല്ലാം ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയാണ്. "ചീഫ് ടൗൺ പ്ലാനർ മുഖേന" എന്നതിനു പകരം "സംസ്ഥാന വികസന കൗൺസിൽ മുഖേന" എന്നാക്കണം. ഉദ്യോഗസ്ഥർക്ക് അമിതമായ അധികാരം ഈ ബില്ലിലുടനീളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

528. ഖണ്ഡം 44 (3) (ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 46(4) വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "സഹിതം" എന്നതിനു ശേഷം "അനുമതിക്കായി" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

529. ഖണ്ഡം 44 (3) (ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 46(4)-ലെ ക്ലിപ്തനിബന്ധനയിൽ "അറുപത്" എന്നതിനു പകരം "നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

530. ഖണ്ഡം 44 (3) (ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 46(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "അറുപത്" എന്നതിനു പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 44 (3) (ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 46(4)-ലെ ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക.

"എന്നാൽ, അങ്ങനെയുള്ള പ്ലാനുകൾക്ക് സർക്കാർ അനുമതി നൽകുന്നതിന് മുമ്പ് ഈ ആക്ടിനു കീഴിലുള്ള മറ്റു പ്ലാനുകൾക്ക് അനുസൃതമാണോ എന്നതിനെക്കുറിച്ചും പ്ലാനിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കാര്യങ്ങളെക്കുറിച്ചുമുള്ള ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം തേടേണ്ടതാണ്."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 526-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയഞ്ചാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

534.ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (എ) (1)-ൽ "പ്രമേയം വഴി" എന്നതിനുശേഷം "സർക്കാർ അനുമതി വാങ്ങിയശേഷം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

535. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (എ) (1)-ൽ "വഴി" എന്നതിനുശേഷം "ദുരന്തം, പാരിസ്ഥിതിക ദുർബ്ബലത എന്നിവയുടെ പാശ്ചാത്തലത്തിൽ" എന്ന് ചേർക്കുക.

539. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (സി) (2) (ബി)-ൽ "ദുർബ്ബലത" എന്നതിനുമുമ്പിലായി "പാരിസ്ഥിതിക" എന്ന് ചേർക്കുക.

552. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 49 (ഡി) (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "അഭിപ്രായം" എന്നതിനുപകരം "ശിപാർശ" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

537. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 എ (2)-ൽ "ചീഫ് ടൗൺപ്ലാനറുമായി കൂടിയാലോചിച്ച്" എന്നതിനുപകരം "സംസ്ഥാന വികസന കൗൺസിലുമായി കൂടിയാലോചിച്ച്" എന്ന് ചേർക്കുക.

547. ഖണ്ഡം 45 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 49 (ഡി) (2)-ൽ

(i) "മറ്റ് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും കൂടിയാലോചിച്ച്" എന്ന വാക്കുകൾക്ക് പകരം "ജില്ലാ ആസൂത്രണ സമിതിയുമായി കൂടിയാലോചിച്ച്" എന്ന് ചേർക്കുക.

(ii) "കരട് പ്ലാനിന്" എന്നതിനുശേഷം "ജില്ലാ പ്ലാനിംഗ് കമ്മിറ്റി" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 എ(2)-ൽ "ഒരു പ്രത്യേക പ്രദേശമായി തരംതിരിക്കാവുന്നതാണ്" എന്നതിനുപകരം "ഒരു പ്രത്യേക പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്" എന്ന് ചേർക്കുക.

543. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (1)-ൽ "ഉദ്ദേശ്യവും" എന്നതിനുപകരം "ഉദ്ദേശശുദ്ധി" എന്ന് ചേർക്കുക.

545. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (2)-ൽ "ആറുമാസത്തിനുള്ളിൽ" എന്നതിനുപകരം "നാല് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

557. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (5)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ആക്ഷേപങ്ങളും അഭിപ്രായങ്ങളും" എന്നതിനുശേഷം "നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

540. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (സി) (2) (ബി) ചുവടെ പറയും പ്രകാരം മാറ്റുക.

"(ബി) പ്രകൃതി ദുരന്ത സാദ്ധ്യത, പാരിസ്ഥിതിക ദുർബ്ബലത മറ്റ് ആപായ സാദ്ധ്യത എന്നിവ സംബന്ധിച്ച വിശകലനവും അവയുടെ ആഘാത ലഘൂകരണത്തിനും അതിജീവനത്തിനുമുള്ള നിർദ്ദേശങ്ങളും;"

551. ഖണ്ഡം 45 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (4) -ൽ "ചീഫ് ടൗൺ പ്ലാനർ മുഖേന," എന്നീ വാക്കുകളും ചിഹ്നവും നീക്കം ചെയ്യുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (2)-ൽ "നോട്ടീസ്" എന്നുവരുന്നിടത്തെല്ലാം "അറിയിപ്പ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

546. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (2)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പതിനാല്" എന്നതിനുപകരം "പത്ത്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

554. ഖണ്ഡം 45 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 49 (ഡി) (4)-ലെ ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക.

" എന്നാൽ, അങ്ങനെയുള്ള പ്ലാനുകൾക്ക് സർക്കാർ അനുമതി നൽകുന്നതിനുമുമ്പ് ഈ ആക്ടിനുകീഴിലുള്ള മറ്റ് പ്ലാനുകൾക്ക് അനുസൃതമാണോ എന്നതിനെക്കുറിച്ചും പ്ലാനിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കാര്യങ്ങളെക്കുറിച്ചുമുള്ള ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം തേടേണ്ടതാണ്. "

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

555. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (5)-ൽ "ഇരുപത്തിയൊന്ന്" എന്നതിനുപകരം "പതിനാല്" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

558. ഖണ്ഡം 45 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49 (ഡി) (5)ന്റെ മൂന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: 556-ാം നമ്പർ ഭേദഗതി 555-ാം നമ്പർ ഭേദഗതിക്കും 559, 560 എന്നീ നമ്പർ ഭേദഗതികൾ 558-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 546-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 546-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 535, 539, 552 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 537, 547 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 538, 543, 545, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 540, 551 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 558-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയാറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 46-ൽ "സ്ഥലപരപ്ലാൻ" എന്നതിനുപകരം " ഇടക്കാല മാസ്റ്റർ പ്ലാൻ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

564. ഖണ്ഡം 46-ൽ "പുനരവലോകനവും" എന്നതിനുപകരം " അവലോകനവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 565, 566 എന്നീ നമ്പർ ഭേദഗതികൾ 564-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയേഴാം വകുപ്പ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

567. ഖണ്ഡം 47 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 50(1) ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ" പ്രസ്താവിച്ചുകൊണ്ട്" എന്നതിനുപകരം ചൂണ്ടിക്കാട്ടി" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570.ഖണ്ഡം 47 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 50(1) ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പ്രസ്താവിച്ചുകൊണ്ട്" എന്നതിനുപകരം "സൂചിപ്പിച്ചുകൊണ്ട്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 568, 569 എന്നീ നമ്പർ ഭേദഗതികൾ 567-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 567-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

571. ഖണ്ഡം 48 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 51-ൽ "വികസനത്തിന്റെയും" എന്ന വാക്ക് മുതൽ "നടപ്പിലാക്കുന്നതിനായി" എന്നുവരെയുള്ള ഭാഗം ഒഴിവാക്കി "വികസനം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട

സ്ഥലപര ആസൂത്രണം പ്രാവർത്തികമാക്കുന്നതിന്" എന്നത് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 48 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 51-ൽ "ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്" എന്നതിനുപകരം "ജില്ലാ ആസൂത്രണ സമിതിയുമായി കൂടിയാലോചിച്ച്" എന്നത് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 48 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 51-ൽ "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 48 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 51-ൽ "പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി" എന്നതിനുപകരം "പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 571-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയൊമ്പതാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575. ഖണ്ഡം 49 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 54(1)(എഫ്)-ൽ "താഴെയല്ലാത്ത" എന്നതിനുപകരം "കുറയാത്ത" എന്നത് ചേർക്കുക.

576. ഖണ്ഡം 49 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 54(1)(എഫ്)-ൽ "പത്തു" എന്നതിനുപകരം "പത്ത്" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 49 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 54(1)(എഫ്)-ൽ "പത്തു" എന്നതിനുപകരം "ഏഴ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം 49 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 54(1)(എഫ്)-ൽ "പത്തുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള" എന്നതിനുപകരം "പ്രാഗൽഭ്യമുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 575, 576 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അമ്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

580. ഖണ്ഡം 50(i)-ൽ "സ്ഥലപര പ്ലാനുകൾക്കും" എന്നതിനുപകരം "ഇടക്കാല മാസ്റ്റർ പ്ലാനുകൾക്കും" എന്നും "സ്ഥലപര പ്ലാനോ" എന്നതിനുപകരം "ഇടക്കാല പ്ലാനോ" എന്നും ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 580-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയൊന്നാം വകുപ്പ്

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

584. ഖണ്ഡം 51 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 62-ൽ "പ്രവർത്തനത്തിൽ" എന്ന് വരുന്നിടത്തെല്ലാം "പ്രാബല്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

585. ഖണ്ഡം 51 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 62(6)-ൽ "സ്ഥലപര പ്ലാനിലെ" എന്നതിനുപകരം "ഇടക്കാല മാസ്റ്റർ പ്ലാനിലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 584-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അമ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിരണ്ടാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 52(2) നീക്കം ചെയ്യുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 52(3)-ൽ " വിജ്ഞാപനം ചെയ്യേണ്ടതാണ്;" എന്നതിനുപകരം "പ്രസിദ്ധീകരിക്കേണ്ടതാണ്;"എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 52(4)-ൽ " ആക്ഷേപങ്ങളും അഭിപ്രായങ്ങളും" എന്നതിനുശേഷം "നിർദ്ദേശങ്ങളും"എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 53(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 71(2)-ൽ "സ്വീകരിക്കുന്നതിനോ" എന്നതിനുശേഷം " ആ പ്രദേശത്ത് ആധികാരികതയുള്ള ജില്ലാ ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിനാലാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 592, 593, 594, 595 എന്നിവ വകുപ്പ് നീക്കം ചെയ്യാനുള്ളതാണ് അവ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയാറാം വകുപ്പ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

596. ഖണ്ഡം 56-ൽ "കരുതുന്നുവെങ്കിൽ" എന്നതിനുപകരം "കാണുന്ന പക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 596-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അമ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല)

അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയെട്ടാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 597 വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അത് അവതരിപ്പിക്കേണ്ടതില്ല.

അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അൻപത്തിയൊമ്പതാം വകുപ്പ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 59(ii)-ൽ "വിശേഷണങ്ങൾ/" എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

599. ഖണ്ഡം 59(ii)-ൽ "വിശേഷണങ്ങൾ" എന്നതിനുപകരം "ഘടന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 599-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അൻപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അൻപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അൻപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപതാം വകുപ്പ്

(ഭേദഗതിയില്ല)

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയൊന്നാം വകുപ്പ്

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

600. ഖണ്ഡം 61-ൽ "ഫീസുകളോ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിരണ്ടാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 601, 602, 603 എന്നിവ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിമൂന്നാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 604, 605, 606 എന്നിവ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല.

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിനാലാം വകുപ്പ്

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 64(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 100(2)-ൽ "സർക്കാരിലെ നിലവിലുള്ള എല്ലാ ആഡിറ്റ് നടപടിക്രമങ്ങൾക്കും" എന്നതിനുപകരം "ഓഡിറ്റിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല)

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയെട്ടാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 609-ാം വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അത് അവതരിപ്പിക്കേണ്ടതില്ല.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അറുപത്തിയൊമ്പതാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 69(i)-ൽ "പണം" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ഭേദഗതി നമ്പർ 610 വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എഴുപതാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതി നമ്പർ 612 മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അത് അവതരിപ്പിക്കേണ്ടതില്ല.

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എഴുപത്തിയൊന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 71(2) ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 72(2)-ൽ

(i) "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്ന് ചേർക്കുക.

(ii) "നടപടിയോ" എന്നതിനുശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. ഖണ്ഡം 1(2)-ൽ " തീയതി " എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ് "

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. "

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.

വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ബിൽ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഡി-സെൻട്രലൈസേഷൻ എന്നുള്ള ആശയത്തെ തന്നെ ഡിഫീറ്റ് ചെയ്യുന്നതാണിത്. ഓരോ വകുപ്പും പരിശോധിച്ചാൽ അധികാരങ്ങൾ മുഴുവൻ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്ന പദ്ധതിയാണ് ഈ ബില്ലിലുടനീളം കാണാൻ കഴിയുന്നത്. ബില്ലിലെ അധ്യായം 7 ആയി പുതിയതായി ചേർക്കുന്ന പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപര പ്ലാൻ എന്നത് അപ്രായോഗികമായ ആശയമാണ്. ഒരു പ്രദേശത്ത് ഒരേ സ്കെയിലിൽ ഒന്നിലധികം പ്ലാനുകൾ ഒരേസമയം നിലനിൽക്കുന്നത് ഡ്യൂപ്ലിക്കേഷനും കൺഫ്യൂഷനും സൃഷ്ടിക്കുന്നതാണ്. ഇത് വികസന പ്രവർത്തനത്തിന് വൻതോതിലുള്ള പ്രതിസന്ധി സൃഷ്ടിക്കും. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നത് പൊതുജന താല്പര്യത്തിന് വിരുദ്ധമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ .................

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പാർലമെന്റിലേതുപോലെ ശബ്ദവോട്ടോടെ പാസ്സാക്കുന്ന കീഴ്വഴക്കമല്ല ഇവിടെയുള്ളത്. ഓരോ അമെന്റ്മെന്റിനും പോൾ ആവശ്യപ്പെടുമ്പോൾ ബെൽ അടിച്ച് വോട്ട് രേഖപ്പെടുത്തുകയോ സെയിം സ്റ്റേറ്റ്ഡ് പറയുകയോ ആണ് ചെയ്യുക. ഇങ്ങനെയൊരു കീഴ്വഴക്കം നിയമസഭയിലില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട സ്പീക്കർ സെൻസ് എടുത്തിട്ട് പറഞ്ഞാൽ മതി.

മി. സ്പീക്കർ: ഡിവിഷൻ ചോദിച്ച സമയത്ത് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ഡിവിഷൻ ചോദിച്ചില്ലല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: ബിൽ പാസ്സാക്കുന്ന സമയത്ത് പോൾ ആവശ്യപ്പെട്ട് വോട്ട് രേഖപ്പെടുത്തിയാണ് പോകുന്നത്.

(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (17 എ)-ൽ "ഡയറക്ടറിനുകീഴിൽ" എന്നതിനുപകരം "ഡയറക്ടേറ്റിനുകീഴിൽ" എന്ന് ചേർക്കുക.

140. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(17 എ)-ൽ " സൂപ്പർവൈസർ" എന്നതിനു മുമ്പായി " ബിൽഡിംഗ്" എന്ന് ചേർക്കുക.

141. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(17 എ)-ൽ " 'ടൗൺ പ്ലാനർ" എന്നതിന് മുമ്പായി " റീജിയണൽ ടൗൺപ്ലാനർ/ " എന്ന വാക്കും ചിഹ്നവും ചേർക്കുക.

142. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ " രണ്ടു" എന്നതിനുപകരം " രണ്ട്" എന്ന് ചേർക്കുക.

162. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (17 എ)-ൽ "രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും" എന്നതിനുപകരം "രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (17 എ)-ൽ "രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും" എന്നതിനുപകരം "രജിസ്റ്റർ ചെയ്തിട്ടുള്ളതും" എന്ന് ചേർക്കുക.

138. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(17 എ)-ൽ " സ്ഥാപനം" എന്നതിന് മുമ്പ് " അംഗീകൃത" എന്ന് ചേർക്കുക.

151. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ

(i) "ഓർഫനേജ്" എന്നതിനു പകരം "അനാഥാലയം" എന്ന് ചേർക്കുക.

(ii) "ഡോർമിറ്ററി" എന്നതിനു പകരം "പൊതുശയന മുറി" എന്ന് ചേർക്കുക.

(iii) "ഓൾഡ് ഏജ് ഹോം" എന്നതിനു പകരം"വൃദ്ധസദനം" എന്ന് ചേർക്കുക.

174. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "കെട്ടിടത്തിന്റെ ഉടമസ്ഥനും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപത്രം" എന്നതിനുപകരം "കെട്ടിടത്തിന്റെ ഉടമസ്ഥൻ നൽകുന്ന സ്വയം സാക്ഷ്യപത്രം" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (17 എ)-ൽ "കരുതപ്പെടുന്നതും" എന്നതിനുശേഷം "വകുപ്പ് (43 എ) പ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ " എ 1 വിനിയോഗഗണത്തിൽ" എന്നതിനു മുൻപായി " 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "വാസഗൃഹങ്ങളും" എന്നതിനുപകരം "വീടുകളും' എന്ന് ചേർക്കുക.

164. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനുശേഷം "വിപുലീകരിക്കുന്നതിനോ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ഓർഫനേജ്" എന്നതിനുപകരം "അനാഥാലയം' എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ഓർഫനേജ്" എന്നതിനുപകരം "അഗതി-അനാഥ മന്ദിരം' എന്ന് ചേർക്കുക.

152. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ഡോർമിറ്ററി" എന്നതിനുപകരം "പൊതുശയന മുറി" എന്ന് ചേർക്കുക.

154. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ഓൾഡ് ഏജ് ഹോം" എന്നതിനുപകരം "വൃദ്ധ സദനം" എന്ന് ചേർക്കുക.

161. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "സമ്മേളിക്കുന്ന കെട്ടിടങ്ങളും" എന്നതിനുശേഷം "ഹാളുകളും" എന്ന് ചേർക്കുക.

ഇപ്പോൾ ഭരണഭാഷ മലയാളമാണ്. എങ്കിലും ചില വാക്കുകൾ ഇംഗ്ലീഷിൽ ഉപയോഗിക്കേണ്ടിവരും. മലയാളത്തിൽ ഉപയോഗിക്കാൻ കഴിയുന്ന വാക്കുകൾ പോലും ഇംഗ്ലീഷിലാണ് കൊടുത്തിരിക്കുന്നത്. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "ഓർഫനേജ്" എന്നതിനുപകരം "അഗതി-അനാഥ മന്ദിരം' എന്ന് ചേർക്കുക. ഇങ്ങനെ നിരവധി ഭേദഗതികളുണ്ട്. ഇത് പൊതുവായ ഒരു ഭേദഗതിയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "സെമിനാരി" എന്നതിനുശേഷം " , ഭജനമഠം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

160. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "സമ്മേളിക്കുന്ന കെട്ടിടങ്ങളും" എന്നതിനുശേഷം "സാംസ്കാരിക സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

165. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനുശേഷം "ക്രമവൽക്കരണത്തിനും" എന്ന് ചേർക്കുക.

168. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "സൈറ്റ് പ്ലാൻ" എന്നതിനുശേഷം " , ലൊക്കേഷൻ പ്ലാൻ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

175. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "ലൈസൻസിയും സംയുക്തമായി" എന്നതിനുശേഷം "ഉത്തമ ബോദ്ധ്യത്താൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157.ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "സെമിനാരി" എന്ന വാക്കിനുശേഷം " , ആശ്രമം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

173. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-യിൽ "കെട്ടിടത്തിന്റെ ഉടമസ്ഥനും" എന്നതിനുപകരം "കെട്ടിട ഉടമയും അല്ലെങ്കിൽ ഉടമസ്ഥ ചുമതല നിർവ്വഹിക്കുന്നയാളും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "സ്വയം" എന്ന വാക്ക് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(43 എ)-ൽ "സംയുക്തമായി" എന്നതിനുപകരം "ചേർന്ന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 132 മുതൽ 135 വരെയുള്ള ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 144 മുതൽ 147 വരെയുള്ള ഭേദഗതികൾ 143-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. 124, 140, 141, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 130, 138, 151, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 148, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 150, 152, 154, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 155, 160, 165, 168, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 157, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 4(1)-ൽ " രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം " രാവിലെ 7 മണിക്കും വൈകുന്നേരം 7 മണിക്കും" എന്ന് ചേർക്കുക.

179. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " നിശ്ചയിച്ച പ്രകാരമുള്ള" എന്നതിനുപകരം " നിശ്ചയിച്ചിട്ടുള്ള" എന്ന് ചേർക്കുക.

180. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " നിശ്ചയിച്ച പ്രകാരമുള്ള" എന്നതിനു പകരം " പ്രസ്താവിച്ചിട്ടുള്ള" എന്ന് ചേർക്കുക.

182. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " വ്യക്തമാക്കിയിരിക്കുന്ന" എന്നതിനുപകരം " പറയപ്പെട്ടിരിക്കുന്ന" എന്ന് ചേർക്കുക.

185. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " ആളുകൾക്ക് " എന്നതിനുശേഷം " നേരിട്ട്" എന്നത് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " അവസാനത്തെ ഒരു മണിക്കൂർ "എന്നതിനുപകരം " വൈകുന്നേരം 5 മണിമുതൽ 6 മണിവരെയുള്ള ഒരു മണിക്കൂർ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 126(2)-ൽ " വിഭാഗങ്ങളിലുള്ള ആളുകൾക്ക്" എന്നതിനു പകരം " വിഭാഗത്തിൽപെട്ടവർക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 184-ാം നമ്പർ ഭേദഗതി 185-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 178, 179, 180, 182, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്കുപകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ ഭേദഗതിക്ക് ഞങ്ങൾ എതിരല്ല. പക്ഷേ ക്രമപ്രകാരം 337-ാം നമ്പർ ആയില്ലല്ലോ.

മി. സ്പീക്കർ: ലിസ്റ്റ് III-ൽ അഞ്ചാം വകുപ്പിലെ 337-ാം നമ്പർ ഔദ്യോഗിക ഭേദഗതി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ യുടെ മാർജിനൽ ശീർഷകം ചുവടെ പറയും പ്രകാരം മാറ്റുക.

" 130 എ പ്രത്യേക വിഭാഗങ്ങൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ."

190. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ)-ൽ " ബാധിച്ച" എന്നതിനുപകരം "ബാധിച്ച് ചികിത്സയിൽ കഴിയുന്ന " എന്ന് ചേർക്കുക.

193. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(ബി)-ൽ " ആയിരിക്കുന്ന" എന്നതിനുപകരം "കഴിയുന്ന" എന്ന് ചേർക്കുക.

201. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)-ന്റെ വിശദീകരണം (ii)-ൽ " സംസ്ഥാനത്ത്" എന്നതിനുപകരം " രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത്" എന്ന് ചേർക്കുക.

208. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ "വോട്ട് ചെയ്യാവുന്നതും" എന്നതിനുപകരം "വോട്ട് രേഖപ്പെടുത്താവുന്നതും" എന്ന് ചേർക്കുക.

211. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ "നേരിട്ട്" എന്നതിനുശേഷം "ഹാജരായി" എന്ന് ചേർക്കുക.

212. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ "വോട്ട് ചെയ്യാവുന്നതുമാണ്" എന്നതിനുപകരം "വോട്ട് രേഖപ്പെടുത്താവുന്നതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

187. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130(എ)(1)-ൽ " വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് " എന്നതിനുപകരം "വ്യവസ്ഥകൾക്ക് " എന്നത് ചേർക്കുക.

214. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ന്റെ കുറിപ്പ് ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

188. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130(എ)(1)-ൽ " നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം " എന്നതിനുശേഷം "സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് "എന്ന് ചേർക്കുക.

209. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ "വ്യക്തമാക്കിയ സമയത്ത്" എന്നതിനുശേഷം "സർക്കാർ അതതു സമയം പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്" എന്ന് ചേർക്കുക.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ) " ഏതൊരാളും" എന്നതിനുമുമ്പ് " ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

192. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ)-ൽ " ഏതൊരാളും" എന്നതിനുപകരം "ഏതൊരു വോട്ടറും " എന്ന് ചേർക്കുക.

194. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(ബി)-ൽ " ഏതൊരാളും" എന്നതിനുപകരം "ഏതൊരു വോട്ടറും" എന്ന് ചേർക്കുക.

200. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)-ന്റെ വിശദീകരണം (ii)-ൽ " സംസ്ഥാനത്ത്" എന്നതിനുശേഷം " സ്വയം" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(ബി)-ൽ " ഏതൊരാളും" എന്നതിനുശേഷം " കിടപ്പ് രോഗികൾക്കും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ) ഇനത്തിനുശേഷം താഴെപ്പറയുന്ന (ബി), (സി) ഇനങ്ങൾ ചേർക്കുകയും (ബി) ഇനം (ഡി) ഇനമായി പുനരക്കം ചെയ്യുകയും ചെയ്യുക.

" (ബി) കിടപ്പ് രോഗിയായ ഏതൊരാളും;

(സി) എൺപത് വയസ്സിൽ കുറയാത്ത ഏതൊരാളും;"

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(ബി)-ക്കുശേഷം താഴെപ്പറയുന്ന ഇനം (സി) ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

" (സി) കിടപ്പ് രോഗികൾക്കും;"

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)-ന്റെ വിശദീകരണം (ii)-ൽ " ക്വാറന്റീനിൽ" എന്നതിനുപകരം " സമ്പർക്ക വിലക്കിൽ" എന്ന് ചേർക്കുക.

കോവിഡുമായി ബന്ധപ്പെട്ട പല വാക്കുകളും ആളുകൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന് ഗവൺമെന്റ് കണ്ടെത്തുകയും അതിനായി ഒരു മലയാള പദാവലി തയ്യാറാക്കുകയും ചെയ്തു. 'ക്വാറന്റീനിൽ' എന്നുള്ളത് 'സമ്പർക്ക വിലക്കിൽ' എന്നാണ്. ഗവൺമെന്റുതന്നെ മുന്നോട്ടുവച്ച വിഷയമാണിത്. അതിനാൽ 'സമ്പർക്ക വിലക്കിൽ' എന്ന വാക്ക് ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ " ഒരു സമ്മതിദായകന്" എന്നതിനുപകരം " സമ്മതിദായകർക്ക്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-ൽ " ഒരു സമ്മതിദായകന്" എന്നതിനുശേഷം " തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, ഇപ്രകാരമുള്ള ഏതൊരു സമ്മതിദായകനും സാംക്രമിക രോഗം ബാധിച്ചതിന്റെയോ ക്വാറന്റീനിൽ ആയിരിക്കുന്നതിന്റെയോ രേഖ പ്രിസൈഡിംഗ് ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കേണ്ടതാണ്."

<u>മി. സ്പീക്കർ</u>: 204 മുതൽ 207 വരെയുള്ള ഭേദഗതികൾ 203-ാം നമ്പർ ഭേദഗതിക്കും 210-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 186, 190, 193, 201, 208, 211, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 187, 214 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 188, 209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 192, 194, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

338.ഖണ്ഡം 6(i) താഴെപ്പറയും പ്രകാരം മാറ്റുക." (i)(1)-ാം ഉപവകുപ്പിൽ "കുടിലല്ലാത്ത" എന്ന വാക്കിന് പകരം "കുടിലോ കുറഞ്ഞ അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങളോ അല്ലാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

216. ഖണ്ഡം 6(i) പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 387(1)-ൽ "അപകടസാദ്ധ്യതയുള്ള" എന്നതിനു ശേഷം "ഉറപ്പുള്ള" എന്ന് ചേർക്കുക.

222. ഖണ്ഡം 6(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 387(1)-ൽ "രേഖാമൂലമുള്ള" എന്നതിനു ശേഷം "നിശ്ചിത ഫോറത്തിലെ " എന്നു ചേർക്കുക.

224. ഖണ്ഡം 6(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 387(1)-ൽ (ബി)-ൽ "രേഖാമൂലമായ ഒരു" എന്നതിനു ശേഷം "നിശ്ചിത ഫോറത്തിലെ " എന്നു ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 6(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 387(1)(എ)-ൽ "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമോ, ഓൺലൈനായോ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോ" എന്നു ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 6(iii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 387(1)-ൽ (ബി)-ൽ "രേഖാമൂലമുള്ള അപേക്ഷയോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷയോ" എന്ന വാക്കുകൾക്കു പകരം "രേഖാമൂലമോ, ഓൺലൈനായോ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോ" എന്നു ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 6(iii)പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 387(1)-ൽ (ബി)-ൽ "ഓൺലൈൻ" എന്ന വാക്കിന് മുൻപ് "ഇ-മെയിൽ/" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, 217-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

219.ഖണ്ഡം 6(i) താഴെപ്പറയും പ്രകാരം മാറ്റുക." (i)(1)-ാം ഉപവകുപ്പിൽ "കുടിലല്ലാത്ത ഒരു കെട്ടിടം" എന്നതിനുപകരം "കുടിലോ വകുപ്പ് 2(22 എ) പ്രകാരമുള്ള കുറഞ്ഞ അപകടസാദ്ധ്യതയുള്ള കെട്ടിടങ്ങളോ അല്ലാത്ത ഒരു കെട്ടിടം."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 338-ാം നമ്പർ ഔദ്യോഗിക ഭേദഗതിയായിട്ടാണ് മൂവ് ചെയ്തിട്ടുള്ളത്. അത് ശരിയല്ല. അദ്ദേഹത്തിന്റെ ഭേദഗതിയാണ് സ്വീകരിക്കേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതിയൊഴികെയുള്ള ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: ഇത് പാടില്ല. ഭേദഗതി നമ്പർ 338-ഉം 219-ഉം ഒരുപോലെയുള്ളതാണ്.

മി. സ്പീക്കർ: 338-ാം നമ്പർ ഭേദഗതി മന്ത്രി ആദ്യം മൂവ് ചെയ്തിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത് 338-ാം നമ്പർ ഭേദഗതിയാണ്. അതിനേക്കാൾ മുമ്പുള്ളതാണ് 219-ാം നമ്പർ ഭേദഗതി. സാധാരണഗതിയിൽ അംഗങ്ങൾ കൊടുത്ത ഭേദഗതിയാണ് ആദ്യം എടുക്കേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സാധാരണഗതിയിൽ മെമ്പറുടെ അമെന്റ്മെന്റുണ്ടെങ്കിൽ അത് മന്ത്രി പരിഗണിക്കും. പക്ഷെ, ഗവൺമെന്റിന്റെ അമെന്റ്മെന്റിനാണ് പ്രാധാന്യം. ഗവൺമെന്റിന് വേണമെങ്കിൽ മെമ്പറുടെ അമെന്റ്മെന്റ് അംഗീകരിക്കാവുന്നതേയുള്ളൂ. അതാണ് ഒരു നല്ല കീഴ്വഴക്കം.

മി. സ്പീക്കർ: രണ്ട് ഭേദഗതിയും തമ്മിൽ ഉള്ളടക്കത്തിലും വ്യത്യാസമുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 216, 222, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 7 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 389-ൽ "കുറഞ്ഞ അപകട സാധ്യതയുള്ള" എന്നതിന് ശേഷം "ചെലവ് കുറഞ്ഞ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 8 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 390-ൽ "പതിനഞ്ച് ദിവസത്തിനകം" എന്നത് "പത്ത് പ്രവർത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 8 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 390-ൽ "പതിനഞ്ച്" എന്നതിന് പകരം "നാല്പത്തിയഞ്ച് " എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഒൻപതാം വകുപ്പ്

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. (i) ഖണ്ഡം 9(i)പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 391-ൽ "പതിനഞ്ച് ദിവസത്തിനകം" എന്നതിനുപകരം "പത്ത് പ്രവർത്തി ദിവസത്തിനകം" എന്നത് ചേർക്കുക.

(ii) ഖണ്ഡം 9(ii)പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ

വകുപ്പ് 391-ന്റെ ക്ലിപ്തനിബന്ധനയിൽ "പതിനഞ്ച് ദിവസത്തിനകം" എന്നതിനുപകരം "പത്ത് പ്രവർത്തി ദിവസത്തിനകം" എന്നത് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234.ഖണ്ഡം 9(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 391 ന്റെ ക്ലിപ്തനിബന്ധനയിൽ "പതിനഞ്ച്" എന്നതിനുപകരം "പത്ത്" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "കെട്ടിടം നിർമ്മിക്കുകയോ പുനർനിർമിക്കുകയോ"എന്നതിനു ശേഷം "ക്രമവൽക്കരണത്തിനോ" എന്ന് ചേർക്കുക.

244. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "അനുവാദത്തിനായും ഒരു" എന്നതിനു ശേഷം "പ്രത്യേക ഫാറത്തിലുള്ള" എന്ന് ചേർക്കുക.

252. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ “ സെക്രട്ടറിക്ക് നൽകേണ്ടതാണ്" എന്നതിന് ശേഷം "വ്യക്തതയില്ലാത്തതും അപൂർണവുമായ അപേക്ഷ സെക്രട്ടറിയ്ക്ക് പരിശോധനയ്ക്കു ശേഷം നിരസിക്കാവുന്നതാണ്" എന്ന് ചേർക്കുക.

264. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "അപേക്ഷകന് നൽകേണ്ടതാണ്” എന്നതിനു ശേഷം "അപൂർണമായ അപേക്ഷയാണെങ്കിൽ നോട്ടീസ് നൽകി തെറ്റുതിരുത്തുവാൻ അപേക്ഷകന് സമയം നൽകാവുന്നതാണ്” എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "പുനർനിർമിക്കുകയോ" എന്നതിന് മുൻപ് "വിപുലീകരണം കൂടാതെ" എന്ന് ചേർക്കുക.

266. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ “ ഒരു കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിനു ശേഷം “ ഈ ആക്ടിലെ 515-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന് ചേർക്കുക.

268. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ “ അപ്രകാരമുള്ള കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിനു ശേഷം “ ഈ ആക്ടിലെ 235 ഇസഡ് വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന് ചേർക്കുക.

274. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക;

“ എന്നാൽ, പ്രസ്തുത നിർമ്മാണത്തെ സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും വകുപ്പിനോ ഏതെങ്കിലും വ്യക്തിയ്ക്കോ ആക്ഷേപമുള്ള പക്ഷം സെക്രട്ടറി ആയത് പരിശോധിച്ച് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോയെന്നത് സംബന്ധിച്ച് തീർപ്പു കൽപ്പിക്കേണ്ടതുമാണ്".

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

237. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "പണി" എന്നതിന് പകരം "നിർമ്മാണം" എന്ന് ചേർക്കുക.

246. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ " ഒരു അപേക്ഷ" എന്നതിന് പകരം "നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ" എന്ന് ചേർക്കുക.

250. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ " സെക്രട്ടറിയ്ക്ക്" എന്നതിന് മുൻപ് "രേഖാമൂലമോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയോ" എന്ന് ചേർക്കുക.

270. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ " പണിനടത്തുന്നതിനുള്ള" എന്നതിനു പകരം " നിർമ്മാണം നടത്തുന്നതിനുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "അനുവാദത്തിനായും ഒരു" എന്നതിനു ശേഷം "നിർദ്ദിഷ്ട" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 392 എ (1)-ൽ "അനുവാദത്തിനായും ഒരു" എന്നതിനു ശേഷം "നിർദ്ദിഷ്ട ഫാറത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ " നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള" എന്നതിന് പകരം "നിശ്ചിത മാതൃകയിലുള്ള ഫാറത്തിൽ" എന്ന് ചേർക്കുക.

251. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ " സെക്രട്ടറിയ്ക്ക്" എന്നതിന് പകരം "നഗരസഭാ സെക്രട്ടറിയ്ക്ക്" എന്ന് ചേർക്കുക.

259. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "സെക്രട്ടറി" എന്നതിനു പകരം "നഗരസഭാ സെക്രട്ടറി" എന്ന് ചേർക്കുക.

272. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ " അനുവാദമായും" എന്നതിനു പകരം " അനുമതിയായും" എന്ന് ചേർക്കുക.

273. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3) താഴെപ്പറയും പ്രകാരം മാറ്റുക.

" ഒരു കൈപ്പറ്റു സാക്ഷ്യപത്രം അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിട സ്ഥാനത്തിനുള്ള അംഗീകാരമായും പണി നടത്തുന്നതിനുള്ള അനുമതിയായും കരുതപ്പെടേണ്ടതാണ്".

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ൽ " രേഖകളും സഹിതം" എന്നതിന് ശേഷം "നേരിട്ടോ ഓൺലൈനായോ" എന്ന് ചേർക്കുക.

261. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം" എന്നത് ഒഴിവാക്കുക.

267. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ" ലഭിക്കുന്നതിന്മേൽ"എന്നതിനുശേഷം " ക്രമപ്രകാരമുള്ളവയല്ലാത്തതൊന്നും ചൂണ്ടിക്കാണിച്ചിട്ടില്ലാത്ത പക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253.ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക

" എന്നാൽ, ഏതെങ്കിലും സന്ദർഭത്തിൽ നിർദ്ദിഷ്ട അപേക്ഷയിൽ പരാമർശിച്ച വിവരങ്ങളിൽ പിഴവ് ഉണ്ടെന്നോ കെട്ടിട നിർമ്മാണത്തിൽ ബന്ധപ്പെട്ട നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനം നടന്നിട്ടുള്ളതായോ സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം പഞ്ചായത്തീരാജ് നിയമപ്രകാരമുള്ള പിഴ നൽകുന്നതിനും സ്വന്തം ചെലവിൽ നിർണ്ണയിക്കപ്പെടുന്ന സമയപരിധിക്കുള്ളിൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനും കേട്ടിട ഉടമയും എംപാനൽഡ് ഏജൻസിയും ബാധ്യസ്ഥരായിരിക്കുമെന്ന സത്യപ്രസ്താവന അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്."

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "സെക്രട്ടറി" എന്നതിന് പകരം "മുൻസിപ്പൽ സെക്രട്ടറി" എന്ന് ചേർക്കുക.

269. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(3)-ൽ " പണി" എന്നതിനു പകരം " നിർമ്മാണം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിനു പകരം"കൈപ്പറ്റു സാക്ഷ്യപത്രം" എന്ന് ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

263. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2)-ൽ "കൈപ്പറ്റുസാക്ഷ്യപത്രം" എന്നതിനു പകരം "കൈപ്പറ്റ് റസീറ്റ്" എന്ന് ചേർക്കുക.

265. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 392 എ(2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) എല്ലാ രീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ, സെക്രട്ടറി, അഞ്ച് പ്രവർത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ഒരു കൈപ്പറ്റുറസീറ്റ്, നഗരസഭയുടെ/കോർപ്പറേഷന്റെ മുദ്രയോടു കൂടിയുള്ള കെട്ടിടത്തിന്റെ പ്ലാനിന്റെ കോപ്പിയും സഹിതം അപേക്ഷകന് നൽകേണ്ടതാണ്".

മി. സ്പീക്കർ: 238-ാം നമ്പർ ഭേദഗതി 237-ാം നമ്പർ ഭേദഗതിക്കും 240, 241, 242, 243 എന്നീ നമ്പർ ഭേദഗതികൾ 239-ാം നമ്പർ ഭേദഗതിക്കും 247-ാം നമ്പർ ഭേദഗതി 245-ാം നമ്പർ ഭേദഗതിക്കും 254, 255, 256, 257, 258 എന്നീ നമ്പർ ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്കും 271-ാം നമ്പർ ഭേദഗതി 270-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 235, 244, 252, 264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 236, 266, 268, 274 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 237, 246, 250, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 248, 251, 259, 272, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 249, 261, 267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 260, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 263, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനു മുമ്പായി "വിപുലീകരണം കൂടാതെ" എന്ന് ചേർക്കുക.

296. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "ആളുകളിൽ നിന്നും" എന്നതിനു ശേഷം "രണ്ട് തുല്യ തുകയായി " എന്ന് ചേർക്കുക.

320. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (5) ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(5) ഇപ്രകാരം വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിയ്ക്കുകയോ വിപുലീകരണം കൂടാതെ പുനർനിർമ്മിയ്ക്കുകയോ ചെയ്യുന്ന കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്."

325. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "സർക്കാരിൽ" എന്നതിനു പകരം "അപ്പലേറ്റ് ട്രൈബ്യൂണലിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

277. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "പുനർനിർമ്മാണത്തിനോ" എന്നതിനു മുമ്പായി "വിപുലീകരണത്തിനോ" എന്ന് ചേർക്കുക.

308. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "പിഴ ഈടാക്കാവുന്നതാണ്" എന്നതിനു മുമ്പ് "തുല്യമായി" എന്ന് ചേർക്കുക.

322. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "എടുത്ത" എന്നതിന് പകരം "കൈക്കൊണ്ട" എന്നു ചേർക്കുക.

324. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം "പരാതിയുള്ള" എന്നു ചേർക്കുക.

328. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "സർക്കാരിൽ", എന്നതിന് പകരം"അപ്പീൽ അധികാരിക്ക് അഥവാ അപ്പലേറ്റ് ട്രൈബ്യൂണലിന്" എന്ന് ചേർക്കുക.

329. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "മുപ്പത്" എന്നതിനു പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

278. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "ചട്ടങ്ങളിലെയോ" എന്നതിനു പകരം "ചട്ടങ്ങളിലോ" എന്ന് ചേർക്കുക.

295. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ചതിനു ശേഷവും" എന്നതിനു പകരം "പരിഗണിച്ച് " എന്ന് ചേർക്കുക.

330. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "മുപ്പത്" എന്നതിന് പകരം "തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

279. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "തത്സമയം" എന്നത് ഒഴിവാക്കുക.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "വസ്തുതകൾ മറച്ചുവച്ചോ" എന്നതിന് പകരം "വസ്തുതകൾ ബോധപൂർവ്വം മറച്ചുവച്ചോ" എന്ന് ചേർക്കുക.

282. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "രജിസ്റ്ററിംഗ് അധികാരി, കാണുന്നപക്ഷം" എന്നതിനു പകരം"രജിസ്റ്ററിൽ അധികാരി കണ്ടെത്തുന്ന പക്ഷം" എന്ന് ചേർക്കുക.

285. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 515 (3)-ൽ "അഞ്ചുവർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക്" എന്നത് "ആറുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക്" എന്നാക്കുക.

299. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ

(i) "രണ്ടു ലക്ഷം " എന്നതിന് പകരം "ഇരുപത്തയ്യായിരം " എന്ന് ചേർക്കുക

(ii) "നാലുലക്ഷം " എന്നതിന് പകരം "അൻപതിനായിരം " എന്ന് ചേർക്കുക

(iii) "ആറ് ലക്ഷം " എന്നതിന് പകരം "ഒരു ലക്ഷം " എന്ന് ചേർക്കുക.

332. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക

(6)" 5-ാം ഉപവകുപ്പ് പ്രകാരം ലഭിക്കുന്ന അപ്പീൽ പ്രസ്തുത അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അപ്പീൽ തീർപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് നേരിൽ കേട്ടശേഷം മാത്രമേ അപ്പീൽ സർക്കാർ തീർപ്പുകൽപ്പിക്കാവൂ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "മറച്ചുവച്ചോ" എന്നതിന് ശേഷം "മറച്ചുവച്ചുകൊണ്ടോ" എന്ന് ചേർക്കുക.

331. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "ദിവസങ്ങൾക്കകം" എന്നതിനു പകരം "ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "അധികാരി, കാണുന്നപക്ഷം," എന്നതിനു പകരം"അധികാരിക്ക് ബോദ്ധ്യമാകുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

288. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 515 (3)-ന് ശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ ഇപ്രകാരം നോട്ടീസ് ലഭിച്ച എംപാനൽഡ് ലൈസൻസിക്ക് വിലക്ക് ഏർപ്പെടുത്തുന്നതിന മുൻപായി ലൈസൻസിക്ക് പറയുവാനുള്ള ന്യായമായ ഒരവസരം നൽകേണ്ടതുമാണ്.

എന്ന മാത്രമല്ല ലൈസൻസിക്ക് ഈ വിലക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്."

314. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4) ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ (4)-ാം ഉപവകുപ്പ് പ്രകാരം പിഴ ഈടാക്കുന്ന സംഗതിയിൽ പിഴത്തുകയുടെ 25 ശതമാനം എംപാനൽഡ് ലൈസൻസിയും 75 ശതമാനം തുക കെട്ടിട ഉടമയും ഒടുക്കേണ്ടതാണ് ".

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(3)-ൽ "അഞ്ച്" എന്നതിനു പകരം"മൂന്ന്" എന്ന് ചേർക്കുക.

287. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 515 (3)-ൽ "വ്യവസ്ഥ ചെയ്ത പ്രകാരമുള്ള" എന്നതിനു ശേഷം "നിശ്ചിത" എന്ന് ചേർക്കുക.

298. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "രണ്ടു ലക്ഷം " എന്നതിനു പകരം "ഒരു ലക്ഷം " എന്ന് ചേർക്കുക.

302. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "നാല് ലക്ഷം" എന്നതിനു പകരം "രണ്ട് ലക്ഷം" എന്ന് ചേർക്കുക.

304. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "ആറ് ലക്ഷം " എന്നതിനു പകരം "മൂന്നുലക്ഷം " എന്നു ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 515 (3)-ൽ "പ്രാക്ടീസ് ചെയ്യുന്നതിന്" എന്നതിനു പകരം "പ്രവർത്തിക്കുന്നതിന്" എന്ന് ചേർക്കുക.

305. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "ആറ് ലക്ഷം" എന്നതിനു പകരം "മൂന്ന് ലക്ഷം" എന്ന് ചേർക്കുക.

286-ൽ നമ്മൾ പരമാവധി മലയാളവാക്കുകൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി "പ്രാക്ടീസ് ചെയ്യുന്നതിന് " എന്നതിന് പകരം " പ്രവർത്തിക്കുന്നതിന്" എന്നാക്കിയാൽ മലയാളീകരണം പൂർത്തിയാകും.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "നാല് ലക്ഷം" എന്നതിനു പകരം "ഒരു ലക്ഷം" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)-ൽ "ആറ് ലക്ഷം" എന്നതിനു പകരം "അഞ്ച് ലക്ഷം" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(4)ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, അപ്രകാരമുള്ള കെട്ടിടങ്ങൾ സെക്രട്ടറി രേഖാമൂലം നോട്ടീസ് നൽകി 15 ദിവസത്തിനുള്ളിൽ കെട്ടിട ഉടമയും എംപാനൽഡ് ഏജൻസിയും ചേർന്ന് പൊളിച്ചുമാറ്റി സ്ഥലം പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതും അല്ലാത്തപക്ഷം സെക്രട്ടറി കെട്ടിടങ്ങൾ പൊളിച്ചു നീക്കി സ്ഥലം പൂർവ്വസ്ഥിതിയിൽ ആക്കി ആയതിലേക്ക് ഉള്ള ചെലവ് ഉൾപ്പെടെ കെട്ടിട ഉടമയിൽ നിന്നും എംപാനൽഡ് ഏജൻസിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ് ".

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 515(5)-ൽ "സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം "തർക്കമുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 276-ാം നമ്പർ ഭേദഗതി 275-ാം നമ്പർ ഭേദഗതിക്കും 297-ാം നമ്പർ ഭേദഗതി 296-ാം നമ്പർ ഭേദഗതിക്കും 301-ാം നമ്പർ ഭേദഗതി 302-ാം

നമ്പർ ഭേദഗതിക്കും 316, 317, 318, 319 എന്നീ നമ്പർ ഭേദഗതികൾ 315-ാം നമ്പർ ഭേദഗതിക്കും 321-ാം നമ്പർ ഭേദഗതി 320-ാം നമ്പർ ഭേദഗതിക്കും 326, 327 എന്നീ നമ്പർ ഭേദഗതികൾ 325-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 275, 296, 320, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 277, 308, 322, 324, 328, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 278, 295, 330 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 280, 282, 285, 299, 332 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 281, 331 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 283, 288, 314 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 284, 287, 298, 302, 304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 286, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

333.ഖണ്ഡം 12(2)-ൽ "കാര്യമോ" എന്നതിന് ശേഷം "കാര്യങ്ങളോ" എന്ന് ചേർക്കുക.

335. ഖണ്ഡം 12(2)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടികളോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 334-ാം നമ്പർ ഭേദഗതി 333-ാം നമ്പർ ഭേദഗതിക്കും 336-ാം നമ്പർ ഭേദഗതി 335-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി <u>(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ)</u>: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 333, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110.പീഠികയിൽ " ഇതിനുശേഷം" എന്നതിനുപകരം "താഴെ" എന്ന് ചേർക്കുക.

119. ഖണ്ഡം 1(2) (ബി)-ൽ 5-ാം "വകുപ്പും" എന്നതിന് പകരം "5-ാം വകുപ്പ് (1)-ാം ഉപവകുപ്പും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. പീഠികയിൽ "ചെയ്യുന്നത്" എന്നതിനു പകരം "വരുത്തുന്നത്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116 പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം " ആവശ്യമായിരിക്കുകയാൽ " എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118.ഖണ്ഡം 1(2) (എ)-ൽ "തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 1(2) (ബി)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ഖണ്ഡം 1(2) (സി)-ൽ "ഉപവകുപ്പ്" എന്നതിന് ശേഷം "5-ാം വകുപ്പ് (2)-ാം ഉപവകുപ്പ്" എന്നത് ചേർക്കുക.

122. ഖണ്ഡം 1(2) (സി)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 1(2) (ഡി)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 112, 113 എന്നീ നമ്പർ ഭേദഗതികൾ 111-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 110, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 121, 122 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഇന്ന് സഭയിൽ വകുപ്പ് തിരിച്ചുള്ള നാല് ബില്ലുകളാണ് പരിഗണനയ്ക്കെടുത്തത്. ഈ നാല് ബില്ലുകളുടെയും വകുപ്പ് തിരിച്ചുള്ള പരിഗണനയിൽ ഏതാണ്ട് 1500-ലേറെ ഭേദഗതികളാണ് ഉണ്ടായിരുന്നത്. ഇത് വളരെ ശ്രമകരമായ ദൗത്യമായിരുന്നു. ഇതിൽ സജീവമായി പങ്കുവഹിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും നന്ദി അറിയിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്രയും ശ്രമകരമായ ജോലി ചെയ്ത ബഹുമാനപ്പെട്ട സ്പീക്കറെയും ഞങ്ങൾ അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ: ഈ സഭയുടെ പൂർണ്ണ സഹകരണത്തോടുകൂടിയാണ് നമുക്ക് ഏറെക്കുറെ സമയം പാലിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും സമയക്ലിപ്തത പാലിക്കാൻ കഴിയാവുന്നത്ര ശ്രമിച്ചിട്ടുണ്ട്. ഈ രീതിതന്നെ സഭാ സമ്മേളനത്തിലുടനീളം തുടരാം.

ഓർഡർ...... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 .00 മണിക്ക് വീണ്ടും ചേരുന്നതുമാണ്.

(2021 ഒക്ടോബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.03-ന് പിരിഞ്ഞു.)

## അനുബന്ധം - I

നക്ഷത്രചിഹ്നമിട്ട 181-ാം നമ്പർ ചോദ്യത്തിന്റെ അനുബന്ധം

- സംരംഭക സഹായ പദ്ധതി(ESS)
- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
- ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
- Revival and rehabilitation scheme for defunct MSMEs and cashew processing units
- The Kerala stressed MSMEs Revival & Rehabilitation Scheme
- Scheme for interest subvention to term loan and working capital loan (വ്യവസായ ഭദ്രത)

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച COVID-19 സമാശ്വാസ പദ്ധതി ദുരിതാശ്വാസ പാക്കേജിൽ സംരംഭക സഹായ പദ്ധതി(ESS), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി എന്നിവയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട് . കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ 'സ്പെഷ്യൽ അസിസ്റ്റൻസ്' പദ്ധതി വഴി 2 കോടി രൂപ വരെയും, കോവിഡ് സമാശ്വാസ പദ്ധതി മുഖേന 2 കോടി രൂപ വരെയും, പ്രവാസി സംരംഭകരിൽനിന്നും നോർക്ക നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് 2 കോടി രൂപ വരെയും ലോണായും കെ.എസ്.ഐ.ഡി.സി. വഴി അനുവദിച്ചു വരുന്നു. കൂടാതെ DIC മുഖാന്തരം ബ്ലോക്ക് അടിസ്ഥാനത്തിൽ സംരംഭകത്വ ബോധവല്ക്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) -ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കിൻഫ്ര മുഖാന്തരം നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം
- ഐ.ടി/ഐ.ടി അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
- കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി
- പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- സ്പൈസസ് പാർക്ക്, ഇടുക്കി.
- മെഗാ ഫുഡ്പാർക്ക്, പാലക്കാട്
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്.

## അനുബന്ധം-II

നക്ഷത്രചിഹ്നമിട്ട 183-ാം നമ്പർ ചോദ്യത്തിന്റെ അനുബന്ധം

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പുവഴി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. വ്യവസായ വകുപ്പ് സംരംഭകർക്ക് ഭൂമി ലീസിൽ അനുവദിക്കൽ സംസ്ഥാന തലത്തിൽ ഏകീകൃത നയം.

2. കുട്ടനാട് ബ്രാൻഡ് അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനാരംഭം.

3. കാസർഗോഡ് ഇ.എം.എൽ. ഏറ്റെടുക്കൽ.

4. ഉയർന്ന ഉല്പാദന ശേഷിയുള്ള 10 ലക്ഷം കശുമാവിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്യലിന്റെ ഉദ്ഘാടനവും 100 ദിവസത്തിനുള്ളിൽ 8000 മെട്രിക് ടൺ കശുവണ്ടി ലഭ്യമാക്കി ഫാക്ടറികളിൽ 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കലും.

5. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിന് കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection system) പോർട്ടൽ ഉദ്ഘാടനം.

6. മട്ടന്നൂർ കിൻഫ്ര പാർക്കിൽ പുതുതായി നിർമ്മിക്കുന്ന അഡ്മിനിസ്ട്രേഷൻ കം ഫെസിലിറ്റേഷൻ ബ്ലോക്കിന്റെ ശിലാസ്ഥാപനം.

7. ദി കേരളാ സിറാമിക്സ് ലിമിറ്റഡിന്റെ വർദ്ധിത ഉൽപ്പാദനശേഷി കൈവരിക്കാനുള്ള പദ്ധതിയുടെ ഉദ്ഘാടനം.

8. കിൻഫ്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി, മുണ്ടയ്ക്കൽ, കൊല്ലം - ഉദ്ഘാടനം.

9. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ സ്മാർട്ട് എനർജി മീറ്റർ, സാർട്ട് വാട്ടർ മീറ്റർ എന്നീ യൂണിറ്റുകളുടെ ഉദ്ഘാടനം.

10 കേരള കരകൗശല വികസന കോർപ്പറേഷന്റെ വുഡ്ക്ലസ്റ്റർ യൂണിറ്റ്, ചേർപ്പ് തൃശ്ശൂർ - ഉദ്ഘാടനം .

11. കിൻഫ്രയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ഉദ്ഘാടനം.

12.കെ.സി.സി.പി. ലിമിറ്റഡ് കമ്പനിയുടെ പുതുക്കൈ യൂണിറ്റിൽ ഹൈടെക്ക് കയർ ഡിഫൈബറിംഗ് യൂണിറ്റ് ഉദ്ഘാടനം.

13. ട്രാക്കോ കേബിൾ കമ്പനി തിരുവല്ല യൂണിറ്റിലെ ആധുനിക മെഷീനറികളുടെ പ്രവർത്തന ഉദ്ഘാടനം.

14. ലോകത്തെ മുൻനിര ഐ.ടി.-ഡിസൈൻ സേവന ദാതാക്കളായ ടാറ്റ എൽക്സിയുമായി പുതിയ നിക്ഷേപ പദ്ധതിയ്ക്ക് ധാരണപത്രം ഒപ്പിട്ടു. 2500-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

15. പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.പി.ഒ.എൽ. കെൽട്രോണുമായി ധാരണാപത്രം/ സഹകരണത്തിനുള്ള നടപടികൾ

16.കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ കോതമംഗലത്ത് സ്ഥാപിക്കുന്ന ബാംബൂ തൊഴിൽ നൈപുണ്യ കേന്ദ്രത്തിന്റെ ശിലാസ്ഥാപനം.

17.കാർഷിക മൂല്യ വർദ്ധിത ഉത്പന്ന മേഖലയിൽ സംരംഭകത്വ പരിശീലനം 14 ജില്ലകളിലായി 500 പേർക്ക് അഗ്രോ ഇൻകുബേഷൻ ഫോർ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി പൂർത്തീകരിക്കുക.

18. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് ആരോഗ്യ മേഖലയ്ക്ക് വിതരണം ചെയ്യുന്ന ദ്രവീകൃത ഓക്സിജൻ ഉത്പാദനശേഷി വർദ്ധിപ്പിച്ച പദ്ധതിയും ഹോട്ട് ബാഗ് ഫിൽട്ടർ സംവിധാനവും ഉദ്ഘാടനവും.

19. കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ നാട്ടുകാണി ടെക്സ്റ്റൈൽ ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് സെന്റർ ഉദ്ഘാടനം.

20. കാക്കനാട്ടുള്ള കിൻഫ്ര മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ റ്റാറ്റാ കൺസൾട്ടൻസിയുടെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു. 10000-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിക്കും.